സ്റ്റാൻഡേർഡ് X

# സാമൂഹ്യശാസ്ത്രം - I



TB/X/2011/900 (M)

കേരള സർക്കാർ
വിദ്യാഭ്യാസവകുപ്പ്

# സാമൂഹ്യശാസ്ത്രം I

## സ്റ്റാൻഡേർഡ്

## X

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.


*Prepared by* :

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scert.kerala.gov.in
*e-mail* : scertkerala@asianetindia.com
Phone : 0471 - 2341883, Fax : 0471 - 2341869
First Edition : 2011
Typesetting : SCERT
Lay out : SCERT
Cover design : SCERT
Printed at : KBPS, Kakkanad, Kochi


© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സാമൂഹ്യശാസ്ത്ര പാഠപുസ്തകം വസ്തുതകളുടെ നീണ്ട വിവരണങ്ങളും ആഖ്യാനങ്ങളും നിറഞ്ഞതാണെന്ന ഒരു ധാരണ ഇപ്പോഴും ഉണ്ട്. ഒരുപാടു വിവരണങ്ങൾ കുത്തി നിറച്ച, ഒറ്റശ്വാസത്തിൽ വായിച്ചുപോകേണ്ട നെടുങ്കൻ വാക്യങ്ങളുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് ഭാരമാണ്. എന്നാൽ അവർക്ക് ഇടപെടാൻ അവസരം നൽകുന്നതും പുതിയ ചിന്തകളിലേക്ക് നയിക്കുന്നതുമായ ഒരു സാമൂഹ്യ ശാസ്ത്ര പാഠപുസ്തകം - അതാണ് നമ്മുടെ ലക്ഷ്യം.

നാം അധിവസിക്കുന്ന ഭൂമിയും അതിൽ പടർന്നു പന്ത ലിച്ചു നിൽക്കുന്ന മനുഷ്യസംസ്കാരവും ജീവിതവും ഭാവിസമൂഹത്തിന്റെ കരുത്തും ഊർജ്ജവുമാക്കി മാറ്റുമ്പോ ഴാണ് സാമൂഹ്യശാസ്ത്രപഠനം അർത്ഥവത്താകുന്നത്. അതിനു കഴിയുന്ന രീതിയിൽ പങ്കാളിത്തപഠനത്തിനും പുതിയ അന്വേഷണങ്ങൾക്കും ഈ പാഠപുസ്തകം വഴി കാട്ടിയാവട്ടെ.

സ്നേഹാശംസകളോടെ,

പ്രൊഫസർ എം. എ. ഖാദർ
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചനാസമിതി

## സാമൂഹ്യശാസ്ത്രം I

### അഡൈ്വസർ

**ഡോ. കേശവൻ വെളുത്താട്ട്**

പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, ഡൽഹി യൂണിവേഴ്സിറ്റി, ഡൽഹി

### ചെയർമാൻ

**കാർത്തികേയൻ നായർ വി**

ഡയറക്ടർ (റിട്ട.), ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, കേരള

### അംഗങ്ങൾ

**അജിത് ആർ. പിള്ള**
ഹയർ സെക്കണ്ടറി ടീച്ചർ (സോഷ്യോളജി),
ഡി.ബി.എച്ച്.എസ്.എസ്. പരുമല, പത്തനംതിട്ട

**ഡോ. അലക്സ് മാത്യു**
അസോസിയേറ്റ് പ്രൊഫസർ &
ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
മാർത്തോമ കോളേജ്, തിരുവല്ല

**ഗോപാലകൃഷ്ണൻ വി.എം**
ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഗണപത് യു.പി.എസ്,
പൊക്കുന്ന്, കോഴിക്കോട്

**ജയകൃഷ്ണൻ ഒ. കെ.**
ഹൈസ്കൂൾ ടീച്ചർ, സോഷ്യൽ സയൻസ്,
കെ.പി.സി. ഹയർ സെക്കണ്ടറി സ്കൂൾ, പട്ടാനൂർ, കണ്ണൂർ

**ഡോ. ഫ്രാൻസിസ് എൻ. ജെ**
അസോസിയേറ്റ് പ്രൊഫസർ, സെന്റ് തോമസ് കോളേജ്,
തൃശ്ശൂർ

**യൂസഫ് കുമാർ എസ്.എം**
ഹയർ സെക്കണ്ടറി ടീച്ചർ (ഹിസ്റ്ററി),
ഗവ. മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ,
ആറ്റിങ്ങൽ, തിരുവനന്തപുരം

**രത്നാകരൻ ടി**
ഹയർ സെക്കണ്ടറി ടീച്ചർ (ഹിസ്റ്ററി),
ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മലപ്പുറം

**പ്രൊഫ. വത്സരാജ് വി. കെ**
പ്രിൻസിപ്പാൾ, (റിട്ട.) ഗവൺമെന്റ് കോളേജ്,
തൃപ്പൂണിത്തുറ

**വിശ്വംഭരൻ എൻ**
ഹയർ സെക്കണ്ടറി ടീച്ചർ (പൊളിറ്റിക്കൽ സയൻസ്)
ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ,
കരുനാഗപ്പള്ളി

**ഡോ. വേണു ബി. മേനോൻ**
പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
കൊച്ചിൻ കോളേജ്, എറണാകുളം

**ഡോ. ശ്രീകുമാർ പി. ടി**
ഹയർ സെക്കണ്ടറി ടീച്ചർ (പൊളിറ്റിക്കൽ സയൻസ്),
കെ.കെ.എം.എച്ച്.എസ്.എസ്, വണ്ടിത്താവളം, പാലക്കാട്

**സുരേഷ് കുമാർ ആർ**
ലക്ചറർ (സോഷ്യൽ സയൻസ്),
ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ,
കോഴിക്കോട്

### വിദഗ്ദ്ധസമിതി

**രാഘവവാരിയർ എം. ആർ**, പ്രൊഫസർ (റിട്ട.) ഹിസ്റ്ററി, കോഴിക്കോട് സർവ്വകലാശാല, മലപ്പുറം
**ഡോ. നന്ദകുമാർ വി. കെ**, പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, കോടഞ്ചേരി, കോഴിക്കോട്

**ഡോ. ഭാസ്കരൻ നായർ എം**, പ്രൊഫസർ & ഹെഡ് (റിട്ട.) ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, കേരള സർവ്വകലാശാല, തിരുവനന്തപുരം
**ഹാഫിസ് മുഹമ്മദ്**, അസോസിയേറ്റ് പ്രൊഫസർ, സോഷ്യോളജി, ഫാറൂഖ് കോളേജ്, കോഴിക്കോട്
**പ്രൊഫ. വേണുഗോപാൽ**, പ്രിൻസിപ്പാൾ (റിട്ട.), ഗവൺമെന്റ് കോളേജ്, പട്ടാമ്പി

### അക്കാദമിക് കോഡിനേറ്റർ

**മധുസൂദനൻ സി**
റിസർച്ച് ഓഫീസർ (ഇവാല്യുവേഷൻ), എസ്.സി.ഇ.ആർ.ടി.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം

1. ആധുനിക ലോകത്തിന്റെ ഉദയം ..... 9

2. വിപ്ലവങ്ങളുടെ കാലം ..... 24

3. സാമ്രാജ്യത്വത്തിന്റെ വളർച്ച ..... 39

4. ലോകയുദ്ധവും തുടർച്ചയും ..... 53

5. രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും ..... 74

6. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണിക പ്രവണതകൾ ..... 91

7. ഇന്നത്തെ ഇന്ത്യ ..... 99

8. കേരളപ്പുതുമ ..... 115

9. ദേശീയോദ്ഗ്രഥനം ..... 133

10. ജനാധിപത്യം ..... 142

11. മനുഷ്യാവകാശങ്ങൾ ..... 154

12. സമാധാനവും സുരക്ഷിതത്വവും അന്തർദേശീയസംഘടനകളിലൂടെ ..... 166

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

**(ക)** ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

**(ഖ)** സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

**(ഗ)** ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

**(ഘ)** രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

**(ങ)** മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

**(ച)** നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

**(ഛ)** വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

**(ജ)** ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

**(ഝ)** പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

**(ഞ)** രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

**(ട)** ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തി

## അധ്യാപകരോട്...

മനുഷ്യസമൂഹത്തിന്റെ രൂപീകരണവും പരിണാമവുമാണല്ലോ, സാമൂഹ്യശാസ്ത്രങ്ങളുടെ പഠനവിഷയം. ചരിത്രവും സാമൂഹ്യശാസ്ത്രവും സാമ്പത്തികശാസ്ത്രവും രാഷ്ട്ര മീമാംസയും ഒക്കെ പഠിപ്പിക്കുന്നത് ഇതാണ്. ഭൂമിശാസ്ത്രപഠനത്തിന്റെയും ലക്ഷ്യം ഒടുക്കം ഇതുതന്നെ.

ഒമ്പതാം ക്ലാസിലെ പാഠപുസ്തകത്തിൽ ചരിത്രത്തെ നൂതനമായ രീതിയിൽ നോക്കിക്കാണാനാണ് നാം ശ്രമിച്ചത്. ഉല്പാദനോപാധികളിലും ബന്ധങ്ങളിലും വന്ന മാറ്റങ്ങളിലൂടെ സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായി മനുഷ്യർ കൈവരിച്ച വികാസങ്ങളെ നാം ഇവിടെ കണ്ടു. അങ്ങനെ ലോകം ആധുനിക യുഗത്തിന്റെ പടിവാതില്ക്കലെത്തി നിൽക്കുന്നതുവരെ ആ പുസ്തകം പഠന വിഷയമാക്കി.

മനുഷ്യചരിത്രം തുടർന്ന് എങ്ങനെ മുന്നോട്ടുപോയി എന്നതാണ് ഈ പുസ്തകത്തിലെ ചരിത്രാധ്യായങ്ങളിലെ ചർച്ചാവിഷയം. ആധുനിക യുഗത്തിന്റെ ഉദയം ചർച്ച ചെയ്തതിനു ശേഷം ആധുനിക ലോകത്തെ സൃഷ്ടിച്ച പ്രവണതകളെയും ആ ലോകം കണ്ട മഹാസംഭവങ്ങളേയും കാര്യകാരണ ബന്ധത്തോടെ ചർച്ച ചെയ്യാനാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. യൂറോപ്പിനെ കേന്ദ്രീകരിച്ച വീക്ഷണം വിട്ട് ഏഷ്യയ്ക്കും ആഫ്രിക്കയ്ക്കും വേണ്ട പ്രാധാന്യം കൊടുത്തിട്ടുണ്ട്. ധൈഷണിക പ്രവണതകൾക്ക് വിശേഷമായ ഊന്നൽ കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കണം. ഭാരതത്തിനും കേരളത്തിനും കൊടുത്ത പ്രാധാന്യവും കാണാതെ പോവരുത്.

രാഷ്ട്രതന്ത്രത്തിൽ ജനാധിപത്യം, മനുഷ്യാവകാശങ്ങൾ, സമാധാനവും സുരക്ഷിതത്വവും അന്തർദേശീയ സംഘടനകളിലൂടെ എന്നീ അധ്യായങ്ങളിൽ സാമൂഹ്യ ജീവിതത്തിന്റെ പൊതുനിയമങ്ങൾ, ലോകമര്യാദകൾ ഇവ പങ്കുവയ്ക്കുന്നു.

 ഇത്തരം സൂചകങ്ങൾ ഉള്ള ബോക്സുകളിൽ കൊടുത്ത പ്രവർത്തനങ്ങൾ ക്ലാസുമുറിയിൽ ആശയരൂപീകരണത്തിനുള്ള പ്രവർത്തനനിർദ്ദേശങ്ങളാണ്.

ഈ നിറത്തിലുള്ള കള്ളികളിൽ നൽകിയിട്ടുള്ളവ അധികവിവരങ്ങളാണ്.

# ആധുനികലോകത്തിന്റെ ഉദയം

1

## ഇന്ത്യാസമുദ്രലോകം

പ്രാചീനകാലത്തും മധ്യകാലത്തും വാണിജ്യവും സാംസ്കാരിക വിനിമയവും നടന്നിരുന്നത് ഇന്ത്യാസമുദ്രം കേന്ദ്രീകരിച്ചായിരുന്നു. ചൈനയിൽനിന്ന് മധ്യേഷ്യ വഴി പടിഞ്ഞാറോട്ടുപോയിരുന്ന 'പട്ടുതുണിപ്പാത'യും (Silk Route) തെക്കുകിഴക്കനേഷ്യയിൽനിന്നു തുടങ്ങി കടൽവഴി പടിഞ്ഞാറോട്ടുപോയ സമുദ്രപഥവും ആയിരുന്നു ഈ വാണിജ്യമാർഗ്ഗങ്ങൾ.

ഗ്രെക്കോ-റോമൻ സംസ്കാരങ്ങളുടെ കാലത്തും ഫ്യൂഡൽ കാലഘട്ടത്തിലും മദ്ധ്യധരണ്യാഴി (Mediterranean sea) പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ പൗരസ്ത്യ ഉത്പന്നങ്ങൾ എത്തിച്ചിരുന്നത് ഈ രണ്ട് മാർഗ്ഗങ്ങളിലൂടെയായിരുന്നു.

ഇസ്ലാംമതത്തിന്റെ വ്യാപനത്തിനുശേഷം ഇന്ത്യാസമുദ്രവാണിജ്യം ജൂതരും അറബികളും തുർക്കികളും നിയന്ത്രിച്ചു. ചെങ്കടൽവഴിയും പേർഷ്യൻ ഉൾക്കടൽവഴിയുമുള്ള വ്യാപാരത്തിന്റെ നിയന്ത്രണമായിരുന്നു ഇവർക്കുണ്ടായിരുന്നത്. മദ്ധ്യധരണ്യാഴിയെ കരിങ്കടലുമായി ബന്ധിപ്പിക്കുന്ന തുറമുഖനഗരമായ




ഭൂപടം 1 - വാണിജ്യപഥങ്ങൾ



ഭൂപടം 1-ൽ നിന്ന് പ്രധാനപ്പെട്ട വാണിജ്യപഥങ്ങളെയും അവ ബന്ധിപ്പിച്ചിരുന്ന രാജ്യങ്ങളെയും കണ്ടെത്തി പട്ടികപ്പെടുത്തുക.




ഭൂപടം 2 - ഇന്ത്യാസമുദ്രലോകം

**കോൺസ്റ്റാന്റിനോപ്പിൾ (ഇപ്പോഴത്തെ ഇസ്താംബൂൾ) വഴിയുള്ള മദ്ധ്യേഷ്യൻ വ്യാപാരത്തിന്റെ നിയന്ത്രണം അപ്പോഴും ഗ്രീക്ക്-റോമാകച്ചവടക്കാരുടെ കയ്യിലായിരുന്നു. റോമാസാമ്രാജ്യം തകർന്നതിനു ശേഷം യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥിതി നിലവിൽ വന്നപ്പോഴും കോൺസ്റ്റാന്റിനോപ്പിൾ തലസ്ഥാനമാക്കി ബൈസന്റൈൻ സാമ്രാജ്യം നിലനിൽക്കുന്നുണ്ടായിരുന്നു.**

**ഫ്യൂഡൽ കാലഘട്ടത്തിൽ യൂറോപ്പിൽ വിജ്ഞാനതൃഷ്ണയുടേയും യുക്തിചിന്തയുടേയും മേൽ കത്തോലിക്കാസഭ കർശനനിയന്ത്രണമേർപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാലത്ത് പൗരസ്ത്യദേശത്തെ ഇസ്ലാമികരാഷ്ട്രങ്ങളിലും ഇന്ത്യയിലും ചൈനയിലും സാഹിത്യം, ഭൗതികശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം തുടങ്ങിയ വിജ്ഞാനമേഖലകളിൽ ഗണ്യമായ പുരോഗതിയുണ്ടായി. വെടിമരുന്ന്, കടലാസ് മുതലായ വസ്തുക്കളും വടക്കുനോക്കിയന്ത്രം പോലുള്ള സാങ്കേതികവിദ്യയും ബീജഗണിതം പോലുള്ള വൈജ്ഞാനികവിഷയങ്ങളും അറബിക്കച്ചവടക്കാർ യൂറോപ്പിലെത്തിച്ചു. കുരിശുയുദ്ധകാലത്ത് ഈ സാംസ്കാരികബന്ധം കൂടുതൽ ശക്തിപ്പെട്ടു.**

### ബൈസന്റൈൻ സാമ്രാജ്യം

*മദ്ധ്യധരണ്യാഴിയും കരിങ്കടലും തമ്മിൽ സന്ധിക്കുന്ന ബോസ്ഫോറസ് (Bosphorus) കടലിടുക്കിലെ തന്ത്രപ്രധാനമായ സ്ഥാനത്ത് ഗ്രീക്കുകാർ സ്ഥാപിച്ച ഒരു ചെറുനഗരമായിരുന്നു ബൈസാന്റിയം (Byzantium). പ്രാചീനകാലത്ത് ഗ്രീക്ക്-പേർഷ്യൻ സംസ്കാരങ്ങളുടെ സംഗമസ്ഥാനമായിരുന്നു ഇവിടം. പിൽക്കാലത്ത് ഈ നഗരവും കിഴക്കുഭാഗത്തെ ഏഷ്യാമൈനറും റോമാസാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ മധ്യേഷ്യവഴി നടന്നിരുന്ന വ്യാപാരത്തിന്റെ കേന്ദ്രമായിരുന്നു ഈ പട്ടണം. ഇതിന്റെ വാണിജ്യപ്രാധാന്യം കണക്കിലെടുത്ത് ക്രിസ്തുവർഷം നാലാം നൂറ്റാണ്ടിൽ റോമാ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ഈ നഗരത്തെ തന്റെ സാമ്രാജ്യത്തിന്റെ രണ്ടാം തലസ്ഥാനമാക്കി. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി നഗരത്തിന്റെ പേര് കോൺസ്റ്റാന്റിനോപ്പിൾ എന്നാക്കി മാറ്റി. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ റോമാസാമ്രാജ്യം വിഭജിക്കപ്പെട്ടപ്പോൾ കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിൾ ആയി. ഈ സാമ്രാജ്യം ബൈസന്റൈൻ എന്ന പേരിലും അറിയപ്പെട്ടു.*



ഭൂപടം 2 ശ്രദ്ധിക്കൂ. കോൺസ്റ്റാന്റിനോപ്പിളിന്റെ സ്ഥാനം അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതെങ്ങനെ? ചർച്ച ചെയ്യൂ.

## മദ്ധ്യധരണ്യാഴി ലോകത്തിലേക്ക്

മദ്ധ്യധരണ്യാഴിയിലേക്ക് ഉന്തിനിൽക്കുന്ന മൂന്ന് ഉപദ്വീപുകളിൽ മദ്ധ്യത്തിലുള്ളതാണ് ഇറ്റാലിയൻ ഉപദ്വീപ്. വടക്ക് ആൽപ്സ് പർവ്വതവും അതിന് തൊട്ടുതെക്ക് വിശാലവും ഫലഭൂയിഷ്ഠവുമായ ലൊംബാർഡി സമതലവും ഇറ്റലിയെ മറ്റ് ഉപഭൂഖണ്ഡങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ഇറ്റലിയിലെ ഒരു പ്രധാനനഗരമായ റോം ആസ്ഥാനമായി ഒരു സാമ്രാജ്യം വളർന്നുവന്നതും പ്രാചീനകാലത്തെ സമ്പത്തിന്റേയും സംസ്കാരത്തിന്റേയും കേന്ദ്രമായി അത് വികസിച്ചതും മുൻക്ലാസിൽ നിങ്ങൾ മനസ്സിലാക്കിയതാണല്ലോ. ഈ സാമ്രാജ്യം തകരുകയും തൽസ്ഥാനത്ത് നിരവധി ഫ്യൂഡൽ നാടുവാഴികൾ അധികാരമേൽക്കുകയും ചെയ്തു. ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ഇറ്റാലിയൻ ഉപദ്വീപിൽ നിരവധി കച്ചവടനഗരങ്ങൾ ഉയർന്നുവന്നു.

അറബികളിൽനിന്ന് പൗരസ്ത്യദേശത്തെ ഉത്പന്നങ്ങൾ വാങ്ങി പശ്ചിമയൂറോപ്പിലെ ഭൂപ്രഭുക്കന്മാർക്കും നാടുവാഴികൾക്കും അവ കൈമാറ്റം ചെയ്ത കച്ചവടക്കാരായിരുന്നു ഈ നഗരങ്ങളിൽ വസിച്ചിരുന്നത്. കച്ചവടത്തിനുപുറമേ പണമിടപാടും ഇക്കൂട്ടർ നടത്തിയിരുന്നു. അങ്ങനെ അതിവേഗം ഇറ്റാലിയൻ നഗരങ്ങളിൽ ഒരു വ്യാപാരിവർഗ്ഗം വളർന്നുവന്നു. നിരവധി ചെറുദ്വീപുകളാൽ ചുറ്റപ്പെട്ട ഇറ്റാലിയൻ ഉപദ്വീപ് സമുദ്രയാത്രയ്ക്ക് അനുയോജ്യമായിരുന്നു. ഇവിടത്തെ ഓരോ നഗരത്തിലും നിരവധി വ്യാപാരികുടുംബങ്ങൾ പാർത്തുപോന്നു. കച്ചവടതാത്പര്യം മുൻനിർത്തി പല കുടുംബങ്ങളും കൂടിചേർന്ന് വലിയകുടുംബങ്ങളായി. ഇവ കൂടിയാലോചിച്ചാണ് നഗരങ്ങളിൽ ഭരണം നടത്തിയത്. പരമ്പരാഗതമായ ദായക്രമം വഴി ഭരണം നടത്തിയിരുന്ന യൂറോപ്പിലെ ഇതരരാജ്യങ്ങളിലെ നാടുവാഴി ഭരണത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു ഇത്. അങ്ങനെ മദ്ധ്യകാല രാജവാഴ്ചയിൽ നിന്ന് വ്യത്യസ്തമായ ഒരു ഭരണരീതി ഇറ്റാലിയൻ നഗരങ്ങളിൽ രൂപപ്പെട്ടു.

### ഇറ്റാലിയൻ നഗരങ്ങൾ

വെനീസ്, മിലാൻ, പിസ, ഫ്ളോറൻസ്, ജനോവ, ബൊളോണ, നേപ്പിൾസ് തുടങ്ങിയ കച്ചവടനഗരങ്ങളാണ് മദ്ധ്യധരണ്യാഴിവ്യാപാരത്തെ ആശ്രയിച്ച് വളർന്നുവന്നത്. മിലാനിലെ വിസ്കോന്തി, ഫ്ളോറൻസിലെ മെദീചി തുടങ്ങിയ സമ്പന്ന കുടുംബങ്ങൾ നഗരവാഴ്ച നടത്തി. അയ്യായിരം






ഇറ്റാലിയൻ നഗരങ്ങളുടെ വളർച്ച, ഭരണക്രമം എന്നിവ ഫ്യൂഡൽ രീതിയിൽ നിന്ന് വ്യത്യാസപ്പെടാൻ കാരണമെന്ത്? ചർച്ച ചെയ്യൂ.

മുതൽ ഒരു ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളായിരുന്നു അന്നുണ്ടായിരുന്നത്. നൂറ് മുതൽ ആയിരം വരെ ധനിക കുടുംബങ്ങൾ ഈ നഗരങ്ങളുടെ കച്ചവടവും ഭരണവും നിയന്ത്രിച്ചു. കോൺസ്റ്റാന്റിനോപ്പിൾ വഴിയുള്ള കരവാണിജ്യവും ഉത്തരാഫ്രിക്കയും പശ്ചിമേഷ്യയും നിയന്ത്രിച്ചിരുന്ന സമുദ്ര വാണിജ്യവും ഇറ്റാലിയൻ കച്ചവടക്കാരെ മദ്ധ്യധരണ്യാഴിയുടെ അധിപന്മാരാക്കി. അറ്റ്ലാന്റിക് സമുദ്രത്തിലേക്കുള്ള കവാടമായ ജിബ്രാൾട്ടറും ഇവരാണ് നിയന്ത്രിച്ചിരുന്നത്. അങ്ങനെ അതുവരെ ഇന്ത്യാസമുദ്രലോകം കേന്ദ്രമായി നിലനിന്നിരുന്ന വാണിജ്യ-സാംസ്കാരിക വിനിമയം ക്രമേണ മദ്ധ്യധരണ്യാഴിലോകം കയ്യടക്കി. ആധുനികയുഗത്തിന്റെ വെള്ളിനക്ഷത്രം പടിഞ്ഞാറുദിക്കാൻ ഇത് ഇടയാക്കി.

ഇറ്റാലിയൻനഗരങ്ങളിലെ സമ്പന്നകുടുംബങ്ങൾ ആർഭാടപൂർവമായ ജീവിതം നയിച്ചു. രമ്യഹർമ്യങ്ങൾ പണിതു. അതിനാവശ്യമായ ശില്പികളേയും കലാകാരന്മാരേയും ലോകത്തിന്റെ പലഭാഗത്തു നിന്നും വരുത്തി ഈ നഗരങ്ങളിൽ താമസിപ്പിച്ചു. വിദൂരദേശങ്ങളിൽനിന്നുപോലും ശില്പികളും കലാകാരന്മാരും സാഹിത്യകാരന്മാരും ഇറ്റാലിയൻ നഗരങ്ങളിലെത്തി. ക്ഷയോന്മുഖമായ ബൈസന്റൈൻ സാമ്രാജ്യത്തിൽ നിന്നുള്ളവരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. പാശ്ചാത്യലോകത്തും പൗരസ്ത്യലോകത്തും അന്നേവരെ ഉണ്ടായിട്ടുള്ള വിജ്ഞാനത്തിന്റേയും കലയുടേയും ശാസ്ത്രത്തിന്റേയും വക്താക്കൾ അങ്ങിനെ ഈ നഗരങ്ങളിൽ എത്തിപ്പെട്ടു. ഇത് വൈജ്ഞാനികരംഗത്ത് പുതിയ ഉണർവുണ്ടാക്കി.



ഇറ്റാലിയൻ നഗരങ്ങൾ പാശ്ചാത്യപൗരസ്ത്യ വിജ്ഞാനങ്ങളുടെ സംഗമഭൂമിയായി മാറിയതെങ്ങനെ?

## നവോത്ഥാനം (Renaissance)

'റിനൈസ്സാൻസ്' എന്ന പദത്തിനർത്ഥം 'പുനർജന്മം' 'നവോന്മേഷം' എന്നൊക്കെയാണ്. എന്നാൽ അതിലും കവിഞ്ഞ ഒരർത്ഥം ഈ പദത്തിനുണ്ട്. പതിന്നാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ ഇറ്റാലിയൻ നഗരങ്ങളിലും തുടർന്ന് ഇതരയൂറോപ്യൻ രാജ്യങ്ങളിലുമുണ്ടായ കലാവൈജ്ഞാനികരംഗങ്ങളിലെ പുത്തൻ ഉണർവിനെയാണ് നവോത്ഥാനം കുറിക്കുന്നത്. ഫ്യൂഡൽ പ്രഭുക്കന്മാരും കത്തോലിക്കാസഭയും വിലക്കേർപ്പെടുത്തിയിരുന്ന പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരങ്ങളുടെ പുനർജന്മമാണത്. കത്തോലിക്കാസഭ അടിച്ചേല്പിച്ച യുക്തിരഹിതമായ വിശ്വാസത്തെ നിരാകരിക്കാനുള്ള അന്വേഷണത്വരയുടേയും വിമർശനബുദ്ധിയുടേയും ഫലം. ഇത് പെട്ടെന്ന് ഒരു ദിവസം കൊണ്ടുണ്ടായതല്ല.

ഇറ്റാലിയൻ നഗരങ്ങളിലെ സമ്പന്നകുടുംബങ്ങൾ തങ്ങളുടെ ആഢ്യത്വത്തിന്റെ വേരുകൾ അന്വേഷിച്ചു ഭൂതകാലത്തിലേക്ക് പോയി. പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരകാലത്തിലേക്ക് തങ്ങളുടെ പൈതൃകത്തിന്റെ വേരുകൾ നീളുന്നുണ്ടോ എന്ന അന്വേഷണമായിരുന്നു അത്. ഇതിന്റെ ഫലമായി നിരവധി കയ്യെഴുത്തു പ്രതികൾ കണ്ടെത്താനായി. ഇവർ നിയോഗിച്ച പണ്ഡിതന്മാർക്ക് ചരിത്രത്തിൽ മുമ്പില്ലാത്തവണ്ണം താത്പര്യം ജനിച്ചു. ഈ കയ്യെഴുത്തുപ്രതികൾ വായിച്ചു മനസ്സിലാക്കുന്നതിന് പ്രാചീന ഗ്രീക്ക്-ലത്തീൻ ഭാഷകൾ പഠിക്കേണ്ടതായി വന്നു. മദ്ധ്യകാലഘട്ടത്തിൽ നിലനിന്നിരുന്ന ലത്തീൻ ഭാഷയിൽനിന്നു വ്യത്യസ്തമായിരുന്നു പ്രാചീന ലത്തീൻ. ഇത് ഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കാരണമായി. പ്രാചീനകാലത്ത് നിലനിന്നിരുന്ന ഗ്രീക്ക്-ലത്തീൻ ഭാഷകൾ അക്കാലത്ത് പ്രയോഗത്തിലില്ലായിരുന്നു. അതിനാൽ അന്നു വളർന്നുവരാൻ തുടങ്ങിയിരുന്ന പ്രാദേശിക ഭാഷയായ ഇറ്റാലിയനിലേക്ക് പ്രാചീനകൃതികൾ തർജ്ജമ ചെയ്യപ്പെട്ടു. പുതിയ കൃതികൾ ഉണ്ടായി. അങ്ങനെ നാട്ടുഭാഷയായ ഇറ്റാലിയൻ വളരെ വേഗത്തിൽ വളർന്നു.

മദ്ധ്യകാലജീവിതത്തിൽ നിന്ന് ആധുനികകാലജീവിതത്തെ വേർതിരിക്കുന്ന ചില പ്രതിഭാസങ്ങൾ നവോത്ഥാനകാലത്ത് രൂപപ്പെട്ടു വന്നു. എന്തൊക്കെയാണവ?

- അന്വേഷണകൗതുകം
- വിമർശനബുദ്ധി
- യുക്തിചിന്ത
- പ്രാദേശികഭാഷകളുടെ വളർച്ച
- മാനവികത (Humanism) മനുഷ്യനാണ് എല്ലാത്തിന്റെയും മാനദണ്ഡം എന്ന സങ്കല്പം



ഉത്പാദനവ്യവസ്ഥയിൽ വന്ന മാറ്റം ഏതെല്ലാം തരത്തിലാണ് നവോത്ഥാനകാലത്തെ മനുഷ്യ ജീവിതത്തിൽ പ്രതിഫലിച്ചത്?

## നവോത്ഥാനം ഇറ്റലിയിൽ

ഇറ്റാലിയൻ നവോത്ഥാനത്തിന്റെ തുടക്കം പതിന്നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പെട്രാർക്കിന്റെ (1304–1374) സാഹിത്യസംഭാവനയോടുകൂടിയാണെന്ന് പറയാം. പ്രാചീന ഗ്രീക്ക് സാഹിത്യകാരന്മാരുടെ ശൈലിയിൽ മനുഷ്യസ്നേഹസംബന്ധിയായ നിരവധി ഗീതകങ്ങൾ അദ്ദേഹം രചിച്ചു. സ്വർഗസ്ഥനായ ദൈവത്തിന്റേയും പുണ്യാളന്മാരുടേയും മാലാഖമാരുടെയും അപദാനങ്ങളെ വാഴ്ത്തുന്ന മദ്ധ്യകാലസാഹിത്യശൈലിയിൽ നിന്ന് വ്യത്യസ്തമായി വെറും മനുഷ്യരുടെ വിചാരവികാരങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരുന്നു പെട്രാർക്കിന്റെ ഗീതകങ്ങൾ. ഫ്യൂഡൽ പ്രഭുക്കന്മാരുടെ അസാന്മാർഗിക ജീവിതത്തെ നിശിതമായി പരിഹസിക്കുന്നതാണ് ബൊക്കാച്ചിയോ (1313–1371) യുടെ 'ദക്കാമറൺ.' നൂറു കഥകളുടെ സമാഹാരമായ ഈ കൃതിയിൽ



പെട്രാർക്ക്






ദാന്തെ

അറബിക്കഥകളുടെ (Arabian Nights) സ്വാധീനം കാണാം. മതവുമായി ബന്ധപ്പെട്ട ചില വിശ്വാസങ്ങളെ ഇക്കാലത്ത് പുറത്തിറങ്ങിയ 'ഡിവൈൻ കോമഡി'പോലുള്ള കൃതികൾ വിമർശന വിധേയമാക്കിയിട്ടുണ്ട്. പ്രാചീന റോമൻ കവിയായ വെർജിലിനെകൂട്ടി കവിയായ ദാന്തെ അകാലത്തിൽ പൊലിഞ്ഞുപോയ തന്റെ പ്രണയിനിയെത്തേടി സ്വർഗനരകങ്ങൾ സന്ദർശിക്കുന്നതാണ് ഈ കൃതിയുടെ ഇതിവൃത്തം. ഈ കൃതികളിലെല്ലാം നിറഞ്ഞുനിൽക്കുന്നത് നവോത്ഥാനമൂല്യങ്ങളായ വിമർശനബുദ്ധിയും മാനവികതയുമാണ്.

## നവോത്ഥാനകല

വാസ്തുതന്ത്രം, ശില്പവിദ്യ, ചിത്രമെഴുത്ത് എന്നീ രംഗങ്ങളിലും ഇറ്റാലിയൻ കലാകാരന്മാർ ഒരു നൂതനശൈലിക്ക് തുടക്കം കുറിച്ചു. ലിയനാർഡോ ഡാവിഞ്ചി, മൈക്കേൽ ആഞ്ചലോ, ടിഷ്യാൻ, ഡൊണാറ്റല്ലോ, ബ്രൂണലസ്കി തുടങ്ങിയ നിരവധി പേർ തങ്ങളുടെ സൃഷ്ടികൾ വഴി നവോത്ഥാനകലയെ സമ്പന്നമാക്കി. അവ്യാഖ്യേയമായ പുഞ്ചിരിപൊഴിക്കുന്ന സുന്ദരിയെ അവതരിപ്പിക്കുന്ന 'മൊണാലിസ' എന്ന ഒറ്റ ചിത്രത്തിലൂടെതന്നെ അനശ്വരനായിത്തീർന്നു ലിയനാർഡോ ഡാവിഞ്ചി. മാലാഖമാരുടെ ചിത്രങ്ങൾ വിരസമായി അവതരിപ്പിക്കുന്ന മദ്ധ്യകാലശൈലിയിൽനിന്ന് ഭിന്നമായി ഒരു മനുഷ്യസ്ത്രീയുടെ ഭാവദീപ്തമായ മുഖമാണ് 'മോണാലിസ'യിൽ ദർശിക്കാൻ കഴിയുക. ശാന്തഗംഭീരനായിരിക്കുന്ന യേശുവിനേയും സംശയദൃഷ്ടിയോടെ പരസ്പരം വീക്ഷിക്കുന്ന പന്ത്രണ്ടു ശിഷ്യന്മാരേയും അവതരിപ്പിക്കുന്ന 'അവസാനത്തെ

അത്താഴ'ത്തിലും (Last Supper), മകന്റെ വേർപാടുണ്ടാക്കിയ ദുഃഖം മുഴുവൻ മുഖത്തു പ്രതിഫലിപ്പിക്കുന്ന 'കന്യാമറിയ' (Virgin Mary) ത്തിലും ഡാവിഞ്ചി യുടെ മാനവികത പ്രകടമാണ്. കലാകാരനെന്നതിനുപുറമേ രക്തചംക്രമണത്തെക്കുറിച്ചും യന്ത്രപ്പറക്കലിനെക്കുറിച്ചും വിവരിക്കുന്ന ശാസ്ത്രജ്ഞനായിരുന്നു ഡാവിഞ്ചി എന്ന് അദ്ദേഹത്തിന്റെ കുറിപ്പുകൾ തെളിയിക്കുന്നു.


അവസാനത്തെ അത്താഴം


മൊണാലിസ

## നവോത്ഥാനം ഇതരയൂറോപ്യൻ രാജ്യങ്ങളിൽ

ഇറ്റലിയിൽ നാമ്പിട്ട നവോത്ഥാനപ്രസ്ഥാനം കച്ചവടക്കാരിലൂടെയും പണമിടപാടുകാരിലൂടെയും ഇതര യൂറോപ്യൻ രാജ്യങ്ങളിലും വ്യാപിച്ചു. സ്പാനിഷ്, ഫ്രഞ്ച്, ഇംഗ്ലീഷ്, ഡച്ച്, ജർമൻ തുടങ്ങിയ പ്രാദേശികഭാഷകൾ നവോത്ഥാന കാലഘട്ടത്തിൽ വളരാൻ തുടങ്ങി.

സ്പാനിഷ് ഭാഷയിൽ സെർവാന്തേ (Cervantes) രചിച്ച കൃതിയാണ് 'ഡോൺ കിഹോട്ടോ' (Don Quixote) യുദ്ധക്കൊതിയന്മാരായ മദ്ധ്യകാലപ്രഭുക്കന്മാരുടെ മനോവിഭ്രാന്തിയെ തന്മയത്വത്തോടെ അവതരിപ്പിക്കുന്ന കൃതിയാണിത്. പടച്ചട്ടയണിഞ്ഞ് കുതിരപ്പുറത്തുകയറി ഇടവഴികളിലൂടെ പാഞ്ഞുപോകുന്ന കിഹോട്ടോ പ്രഭു വഴിവക്കത്തു കണ്ട ചെടികളെയും മരങ്ങളെയും കാറ്റാടിയന്ത്രങ്ങളെയും മറ്റും ശത്രുഭടന്മാരാണെന്ന ഭാവത്തിൽ വാളുകൊണ്ട് അരിഞ്ഞു വീഴ്ത്തുന്ന ഭ്രമാത്മകതയെ ഈ കൃതി അവതരിപ്പിക്കുന്നു.

കത്തോലിക്കാസഭയുടെ കാലഹരണപ്പെട്ട വിശ്വാസപ്രമാണങ്ങളെ കളിയാക്കുന്നതാണ് ഡച്ചുഭാഷയിൽ ഇറാസ്മസ് രചിച്ച 'വിഡ്ഢിത്തത്തെ വാഴ്ത്തൽ' (In Praise of Folly) എന്ന കൃതി.

ഇംഗ്ലീഷ് നവോത്ഥാനസാഹിത്യത്തിന് തുടക്കം കുറിക്കുന്നത് ജെഫ്രി ചോസറുടെ 'കാന്റർബറി കഥ' (Canterbury Tales) കളോടെയാണ്. എങ്കിലും പതിനാറാം നൂറ്റാണ്ടിലാണ് ഇംഗ്ലീഷ് സാഹിത്യം തനിമ കൈവരിക്കുന്നത്. ലോകപ്രസിദ്ധനായ നാടകകൃത്ത് വില്യം ഷേക്സ്പിയറും അന്ധകവി ജോൺ മിൽട്ടണും ഈ കാലഘട്ടത്തിലെ ഇംഗ്ലീഷ് സാഹിത്യകാരന്മാരിൽ പ്രമുഖരാണ്.


വില്യം ഷേക്സ്പിയർ

## രാഷ്ട്രീയചിന്ത

നവോത്ഥാനകാലത്തെ രാഷ്ട്രീയചിന്തകരിൽ പ്രമുഖനായിരുന്നു ഇറ്റലിക്കാരനായ നിക്കോളോ മാക്ക്യവെല്ലി. അദ്ദേഹത്തിന്റെ 'രാജാവ്' (The Prince) എന്ന കൃതി ആധുനികരാഷ്ട്രീയ ചിന്തയ്ക്ക് തുടക്കം കുറിക്കുന്നു. അരാജകത്വം നിറഞ്ഞ ഫ്യൂഡൽ നാടുവാഴിഭരണത്തിൽ നിന്ന് വേറിട്ട് പ്രജാവത്സലനും ജനഹിതപാലകനുമായ ഒരു ഭരണാധികാരിയെയാണ് 'രാജാവി'ലൂടെ മാക്ക്യവെല്ലി അവതരിപ്പിക്കുന്നത്.

ദാരിദ്ര്യം, ദുരിതം, അക്രമം എന്നിവകളൊന്നുമില്ലാത്തതും സ്ഥിതിസമത്വവും സന്തോഷവും നിലനിൽക്കുന്നതുമായ ഒരു സാങ്കല്പികലോകത്തെ വിഭാവനം ചെയ്യുന്നതാണ് ഇംഗ്ലീഷ് മതപണ്ഡിതനായ സർ തോമസ് മൂറിന്റെ 'ഉട്ടോപ്യ' (Utopia) എന്ന കൃതി. 'ഉട്ടോപ്യ' എന്ന വാക്കിനർഥം 'എങ്ങുമില്ലാത്ത ഇടം' എന്നാണ്. പിൽക്കാലത്ത് സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് ഈ കൃതി പ്രചോദനമേകി.



നവോത്ഥാനകാലത്തെ കലയിലും സാഹിത്യത്തിലും പ്രതിഫലിച്ച മാനവികത, യുക്തിചിന്ത, വിമർശനബുദ്ധി ഇവ അക്കാലത്തെ രാഷ്ട്രീയ ചിന്തയിൽ പ്രതിഫലിച്ചോ? ചർച്ച ചെയ്യു.

## മതനവീകരണം (Reformation)

യൂറോപ്പിൽ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ മതജീവിതത്തിലും പ്രതിഫലിച്ചു. പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിലെ കത്തോലിക്കാസഭയിലുണ്ടായ നവീകരണശ്രമങ്ങൾ മതനവീകരണം അഥവാ പ്രൊട്ടസ്റ്റന്റ് നവീകരണം എന്ന് അറിയപ്പെട്ടു. ഇതിനുമുമ്പ് തന്നെ സഭയ്ക്കുനേരെ എതിർപ്പുകൾ ഉയർന്നുവന്നിരുന്നു. ഉദാഹരണത്തിന് ഓക്സ്ഫഡിലെ ജോൺ വൈക്ലിഫ് (1324-1384) പ്രാഹയിലെ ജോൺ ഹസ്സ് (1369-1415) എന്നിവർ സഭയിൽ നിലനിന്നിരുന്ന അഴിമതിയേയും ഐഹികതയെയും ചോദ്യം ചെയ്തു. അവരെല്ലാം ശിക്ഷിക്കപ്പെട്ടു. അവരുടെ ഉദ്യമങ്ങൾക്കൊന്നുംതന്നെ കാര്യമായ ചലനങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചില്ല.



റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയം

ധർമ്മനിഷ്ഠരായ അനേകം വിശ്വാസികൾ, പ്രത്യേകിച്ച് നഗരവാസികൾ, പൗരോഹിത്യമേഖലയിലെ അഴിമതികൾ കാരണം വൈദികവൃത്തിയിൽ പ്രവേശിക്കുവാൻ കൂട്ടാക്കാതായി. യൂറോപ്പിന്റെ പലഭാഗത്തും മതനിന്ദയിൽ ഏർപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു. വാണിജ്യത്തിലുണ്ടായ വളർച്ചയാണ് മറ്റൊരു ഘടകം. പുതുതായി വളർന്നുവന്ന വ്യാപാരിവർഗ്ഗം സഭാസ്ഥാപനങ്ങളെക്കാൾ രാജാക്കന്മാരെ പിന്താങ്ങി.

പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാസഭ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടു. സെന്റ് പീറ്റേഴ്സ് ദേവാലയത്തിന്റെ പുനർനിർമ്മാണം പോലുള്ള നിരവധി പദ്ധതികൾ വൻ സാമ്പത്തിക ബാധ്യത ഉള്ളതായിരുന്നു. ഇതു മറികടക്കാൻ കത്തോലിക്കാ സഭയിൽ മാർപ്പാപ്പ ധാരാളം പദവികൾ സൃഷ്ടിച്ച് വിറ്റു. ഏറെ അപകീർത്തികരമായ മറ്റൊരു നടപടിയായിരുന്നു 'പാപപരിഹാര വില്പന' പാപപരിഹാരത്തിനുള്ള ഉപാധിയായി സാധാരണക്കാർക്ക് 'പാപമുക്തിപത്രം' (Indulgences) വിറ്റു സഭ പണമുണ്ടാക്കി. അധികാരദുർവിനിയോഗം വളരെയധികം വർദ്ധിച്ചു.

### മാർട്ടിൻ ലൂഥർ

റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയം പുതുക്കിപ്പണിയാനുള്ള ധനസമാഹരണത്തിനായി 'പാപമുക്തിപത്രം' വില്ക്കുന്നതിലെ അധാർമ്മികതയെ ചോദ്യം ചെയ്ത മതപണ്ഡിതനായിരുന്നു മാർട്ടിൻ ലൂഥർ. ജർമ്മനിയിലെ വിറ്റൻബർഗ് സർവ്വകലാശാലയിൽ ജൈവശാസ്ത്ര പ്രൊഫസറായിരുന്നു അദ്ദേഹം. തന്റെ വാദഗതികൾ വിശദമാക്കുന്ന '95 സിദ്ധാന്തങ്ങൾ' (Ninety -five Theses) അദ്ദേഹം തയ്യാറാക്കി. അദ്ദേഹം ഇതു വിറ്റൻബർഗ്

മാർട്ടിൻ ലൂഥർ




വിറ്റൻബർഗ് ദേവാലയത്തിന്റെ വാതിൽ

ദേവാലയത്തിന്റെ വാതിലിൽ ആണി അടിച്ചു തൂക്കി. കത്തോലിക്കാസഭയിൽ നിന്ന് പോപ്പ് മാർട്ടിൻ ലൂഥറെ പുറത്താക്കി. ഇതിനെതിരെ പ്രതിഷേധിച്ച വരാണ് പ്രൊട്ടസ്റ്റന്റുകൾ.

അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തോടുകൂടി വേദ പുസ്തകം സാധാരണക്കാരുടെ കൈകളിൽ എത്തി ച്ചേർന്നു. ഇങ്ങനെ വേദപുസ്തകം നേരിട്ടു വായിക്കാ നായത് സഭയിൽ നിലനിന്നിരുന്ന അഴിമതിയെയും മൂല്യച്യുതിയെയും തുറന്നു കാട്ടുന്നതിന് ജനങ്ങളെ സഹായിച്ചു. ഇതോടെ ലൂഥറുടെ ആശയങ്ങൾക്ക് ജർമ്മനിയിലും പുറത്തും വ്യാപകമായ സ്വീകാര്യത ഉണ്ടായി.

സ്വിറ്റ്സർലാന്റിൽ ഉൾറിക്ക് സ്വിംഗ്ളിയും ഫ്രാൻസിൽ ജോൺ കാൽവിനുമായിരുന്നു മതനവീ കരണത്തിന് നേതൃത്വം നൽകിയത്. ജോൺ കാൽവിന്റെ അനുയായികൾ ഹ്യൂഗ്നോട്ടുകൾ എന്ന പേരിൽ അറിയപ്പെട്ടു. ഇംഗ്ലണ്ടിലെ മതനവീകരണ ത്തിന് രാഷ്ട്രീയസ്വഭാവം ഉണ്ടായിരുന്നു. അവിടത്തെ രാജാവ് ഹെൻറി എട്ടാമനാണ് അതിനു നേതൃത്വം നൽകിയത്. എലിസബത്ത് രാജ്ഞിയുടെ ഭരണകാലത്ത് ഇംഗ്ലണ്ടിനുമാത്രം ബാധകമായ ആംഗ്ലിക്കൻ സഭ നിലവിൽ വന്നു.


നവോത്ഥാനം മുന്നോട്ടുവച്ച ആശയങ്ങളാണ് കത്തോലിക്കാസഭയിൽ മാറ്റങ്ങൾക്ക് കാരണമായത്-ഈ അഭിപ്രായം പരിശോധിക്കുക

## പ്രതിനവീകരണം (Counter Reformation)

പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ ഫലമായി കത്തോ ലിക്കാസഭയ്ക്കുള്ളിലും പരിഷ്കരണശ്രമങ്ങൾ ഉണ്ടായി. പ്രതിനവീകരണപ്രസ്ഥാനം, കത്തോ ലിക്കാ നവീകരണം, കത്തോലിക്കാ പുനരുദ്ധാരണം എന്നൊക്കെ ഇത് അറിയപ്പെടുന്നു. 1534-ൽ പോൾ രണ്ടാമൻ മാർപ്പാപ്പയായി സ്ഥാനമേറ്റ ശേഷമാണ് സഭയിൽ പരിഷ്ക്കരണം ആരംഭിച്ചത്. കത്തോ ലിക്കാസഭയ്ക്കെതിരെ ഉയർന്നുവന്ന വിമർശന ങ്ങളെ പ്രതിരോധിച്ചത് 1545 മുതൽ 1563 വരെ ജർമ്മനിയിലെ ട്രെന്റിൽ നടന്ന മതമേധാവികളുടെ സമിതിയാണ്. ഇതോടെ സഭയുടെ ഭരണത്തിൽ പരി ഷ്കരണങ്ങൾക്ക് തുടക്കമായി.

ഇതനുസരിച്ച് പുത്തൻചിന്തകൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളെ സഭാവിരുദ്ധവും സദാചാരവിരുദ്ധ വുമെന്ന് ആരോപിച്ച് കത്തോലിക്കസഭ നിരോധിച്ചു. ഇവയുടെ പട്ടിക “സൂചിക” (Index) എന്നറിയപ്പെടു ന്നു. ദൈവനിന്ദയെന്ന കുറ്റം വിചാരണ ചെയ്യാൻ സഭ “ഇൻക്വിസിഷൻ” (Inquisition) എന്ന കോടതി സ്ഥാപിച്ചു. കുറ്റക്കാരെന്ന് തെളിഞ്ഞവരെ കർശനമായി ശിക്ഷിച്ചു; മിക്കവരെയും ചുട്ടുകൊന്നു.

ഇഗ്നേഷ്യസ് ലയോള (1491-1550) എന്ന സ്പാനിഷ് വിമുക്തഭടൻ സ്ഥാപിച്ച ഈശോസഭ (Society of


ഇഗ്നേഷ്യസ് ലയോള

Jesus) ആയിരുന്നു പ്രതിനവീകരണത്തിനുള്ള മറ്റൊരു ഘടകം. തീർത്തും പട്ടാളമാതൃകയിൽ ചിട്ട പ്പെടുത്തിയതായിരുന്നു ഈ സഭ. ലയോളയുടെ നേതൃത്വത്തിൽ മതപ്രചാരണത്തിനായി രൂപീകരിച്ച താണ് ജസ്യൂട്ട് പാതിരി സംഘം (Jesuit Order).

## മതത്തിന്റെ പേരിലുള്ള യുദ്ധങ്ങൾ

മതനവീകരണം നിരന്തരയുദ്ധങ്ങൾക്ക് ഇടയാക്കി. ഇവയിലെ പ്രധാനപ്പെട്ട യുദ്ധം മുപ്പതു കൊല്ലം നീണ്ടുനിന്നു. കത്തോലിക്കനായ ഹാബ്സ്ബർഗ് രാജാവും ജർമ്മനിയിലെ പ്രൊട്ടസ്റ്റൻസ് രാജകുമാരനും തമ്മിലായിരുന്നു ഇത്. മതപരമായ കാരണങ്ങൾക്കുപുറമേ പ്രാദേശികമായ തർക്കങ്ങളും ഇതിലുണ്ടായിരുന്നു. ആഭ്യന്തരരാഷ്ട്രീയവും അധികാര തർക്കങ്ങളും ഇതിൽ കടന്നുകൂടി. ക്രമേണ മിക്ക യൂറോപ്യൻ ശക്തികളും ഈ യുദ്ധത്തിൽ ചേർന്നു. യുദ്ധം യൂറോപ്പിൽ വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കി. ധാരാളം ആളുകൾ യുദ്ധംമൂലവും അതിലധികം പേർ യുദ്ധാനന്തര ക്ഷാമത്തിലും മരിച്ചു. വെസ്റ്റ്ഫാലിയ (Westphalia) ഉടമ്പടിയിലൂടെ (1648) യുദ്ധം അവസാനിച്ചു. ഈ ഉടമ്പടി വിശുദ്ധറോമൻസാമ്രാജ്യം ആസ്ട്രിയ, സ്പെയിൻ, ഫ്രാൻസ്, സ്വീഡൻ തുടങ്ങിയ രാജ്യങ്ങൾ തമ്മിലുണ്ടാക്കിയ സമാധാന ഉടമ്പടികളുടെ സമാഹാരമായിരുന്നു. രാഷ്ട്രനേതാക്കന്മാർ പരസ്പരം ബന്ധപ്പെട്ട് അതിർത്തികൾ അംഗീകരിക്കാൻ തീരുമാനിച്ചതാണ് ഈ ഉടമ്പടിയുടെ ഒരു നേട്ടം. യൂറോപ്പിൽ മാർപാപ്പയുടെ രാഷ്ട്രീയാധികാരം ഇല്ലാതായി. യൂറോപ്പിൽ ദേശരാഷ്ട്രങ്ങളുടെ ഉദയത്തിന് ഇത് വഴിവെച്ചു.



പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെയും പ്രതിനവീകരണത്തിന്റെയും പ്രധാനവശങ്ങൾ കണ്ടെത്തുക.

## ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ (Geographical Discoveries)

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ യൂറോപ്യൻ രാജ്യങ്ങൾ നടത്തിയ ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങളും പുതിയ ഭൂപ്രദേശങ്ങളുടെ കണ്ടെത്തലും സമുദ്രസഞ്ചാരപാതകളുടെ കണ്ടുപിടുത്തവും ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ചു. ഈ കണ്ടുപിടിത്തങ്ങൾക്ക് നിരവധി ഘടകങ്ങൾ കാരണമായിട്ടുണ്ട്. വ്യാപാരാവശ്യത്തിനായി പൗരസ്ത്യ ദേശത്തേക്ക് യാത്രചെയ്ത മാർക്കോ പോളോയുടെ സഞ്ചാരകഥകൾക്ക് യൂറോപ്പിൽ വളരെയേറെ പ്രചാരം കിട്ടി. സഞ്ചാരകഥകൾ ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുടെ സമ്പന്നതയേയും ജനജീവിതത്തെയും കുറിച്ച് അറിയാനുള്ള ജിജ്ഞാസ ഉണ്ടാക്കി.

കിഴക്കുനിന്നുള്ള സുഗന്ധദ്രവ്യങ്ങളും മറ്റു വിലപിടിപ്പുള്ള സാധനങ്ങളും അന്വേഷിക്കുന്നതിനാണ് ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ ആരംഭിച്ചത്. ഇറ്റാലിയൻ നഗരങ്ങൾ നിലനിർത്തിപ്പോന്ന മദ്ധ്യധരണ്യാഴി വ്യാപാരത്തിന്റെ കുത്തക അവസാനിപ്പിക്കാനായി സ്പെയിൻ, പോർച്ചുഗൽ എന്നീ അറ്റ്ലാന്റിക് ശക്തികൾ ശ്രമിച്ചു. ഏഷ്യയിൽ നിന്നുള്ള ചരക്കുകൾ ചെങ്കടൽവഴിയും പേർഷ്യൻ ഉൾക്കടൽ വഴിയുമാണ് യൂറോപ്പിലേക്ക് എത്തിയിരുന്നത്. എന്നാൽ ഈ മാർഗ്ഗങ്ങൾ അറബികളുടെ നിയന്ത്രണത്തിലായിരുന്നതുകൊണ്ട് സുരക്ഷിതമായിരുന്നില്ല. യൂറോപ്യന്മാർക്ക് ചെലവേറിയ കരമാർഗ്ഗം ഉപയോഗിച്ച് കിഴക്കോട്ട് യാത്രചെയ്യേണ്ടി വന്നു. തുർക്കികൾ 1453-ൽ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതോടെ ആ കരമാർഗ്ഗവും വിച്ഛേദിക്കപ്പെട്ടു. അതോടെ യൂറോപ്യന്മാർക്ക് ഇന്ത്യയിലേക്കും മറ്റ് ഏഷ്യൻ രാജ്യങ്ങളിലേക്കും യാത്ര ചെയ്യുവാൻ സമുദ്രത്തിലൂടെ മാത്രമുള്ള പുതിയ ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടത് അത്യന്താപേക്ഷിതമായി.

പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ വലിപ്പം കൂടിയ കപ്പലുകൾ നിർമ്മിക്കപ്പെട്ടു. വടക്കുനോക്കി യന്ത്രത്തിന്റെ മെച്ചപ്പെട്ട രൂപം, ആസ്ട്രോലാബ്



മാർക്കോ പോളോ




ക്രിസ്റ്റഫർ കൊളംബസിന്റെ ആദ്യ സഞ്ചാരപഥം (ഇൻസെറ്റിൽ ക്രിസ്റ്റഫർ കൊളംബസ്)

എന്ന പുതിയ ഉപകരണത്തിന്റെ ഉപയോഗം എന്നിവ യൂറോപ്പിൽ വ്യാപകമായി. നീണ്ട കപ്പൽ യാത്രകൾ നടത്തുന്നതിന് പാശ്ചാത്യനാവികരെ ഇത് പ്രാപ്തരാക്കി. പോർച്ചുഗീസുകാരും സ്പെയിൻകാരുമായിരുന്നു ഈ രംഗത്ത് മുൻ നടന്നവർ. നാവികനായ ഹെൻറി രാജകുമാരൻ യുവജനങ്ങളെ നാവികവിദ്യ പരിശീലിപ്പിക്കുവാനും സമുദ്രപര്യവേഷണം നടത്തുവാനുമായി പോർച്ചുഗലിൽ ഒരു പഠനകേന്ദ്രം ആരംഭിച്ചു. 1488-ൽ ഈ പഠനകേന്ദ്രത്തിൽപ്പെട്ടവർ ബർത്തലോമിയോ ഡയസ് എന്ന പോർച്ചുഗീസ് നാവികന്റെ നേതൃത്വത്തിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ തെക്കെ അറ്റത്തുള്ള മുനമ്പിലെത്തി. അറബിക്കടൽ മുറിച്ച്കടന്ന് ഇന്ത്യയിലെത്താമെന്ന് പോർച്ചുഗീസുകാർ പ്രത്യാശിച്ചു. ഇതേത്തുടർന്ന് മറ്റ് രാജ്യങ്ങളും സമുദ്രപര്യവേഷണങ്ങളിൽ ഏർപ്പെട്ടു. ഭൂമി ഉരുണ്ടതാക കൊണ്ട് പടിഞ്ഞാട്ടു പോയാൽ കിഴക്കൻ രാജ്യങ്ങളിലെത്താം എന്ന യുക്തി ഉപയോഗിച്ചു പുറപ്പെട്ട സ്പാനിഷ് നാവികനായ ക്രിസ്റ്റഫർ കൊളംബസ് 1492-ൽ അമേരിക്കയുടെ കിഴക്കേ തീരത്തെത്തി. പാശ്ചാത്യലോകത്തിന് ഇത് "പുതിയ ലോകം" (New World) ആയിരുന്നു. 1498-ൽ വാസ്കോ ഡ ഗാമയുടെ നേതൃത്വത്തിലുള്ള ഒരു സംഘം ഗുഡ് ഹോപ്പ് മുനമ്പ് ചുറ്റി ഇന്ത്യയിലെത്തി.

### ഗുഡ് ഹോപ്പ് മുനമ്പ്

*ഇന്ത്യയിലേക്ക് ഒരു സമുദ്രമാർഗ്ഗം കണ്ടെത്തുന്നതിനായി പോർച്ചുഗലിലെ രാജാവായ ജോൺ രണ്ടാമൻ ബർത്തലോമിയോ ഡയസ്സിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ അയച്ചു. ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ തെക്കേ മുനമ്പിലെത്തിയ അദ്ദേഹത്തിന് ശക്തമായ കൊടുങ്കാറ്റ് മൂലം മുന്നോട്ട് യാത്ര ചെയ്യാൻ കഴിഞ്ഞില്ല. ആ മുനമ്പിന് കേപ്പ് ഓഫ് സ്റ്റോംസ് (Cape of Storms) എന്ന പേര് നൽകി ഡയസ് പോർച്ചുഗലിലേക്ക് മടങ്ങി. എന്നാൽ ഈ മുനമ്പിന്റെ കണ്ടുപിടുത്തം ഇന്ത്യയിലേക്ക് ഒരു സമുദ്രമാർഗ്ഗം കണ്ടെത്താമെന്ന പ്രതീക്ഷ നൽകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ജോൺ രണ്ടാമൻ അതിന് സുപ്രതീക്ഷാ മുനമ്പ് (Cape of Good Hope) എന്ന പേര് നൽകി.*





വാസ്കോ ഡ ഗാമ

1519-ൽ ഫേഡിനാൻഡ് മഗല്ലന്റെ നേതൃത്വത്തിൽ ഒരു പര്യവേഷണ സംഘം ലോകം ചുറ്റാനുള്ള ആഗ്രഹത്തിൽ പടിഞ്ഞാറോട്ട് പുറപ്പെട്ടു. ഫിലിപ്പിൻസിൽ വച്ച് പ്രാദേശികജനങ്ങളുമായുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം കൊല്ലപ്പെട്ടു. സഹനാവികർ 1522-ൽ സ്പെയിനിൽ മടങ്ങിയെത്തി. ലോകം ചുറ്റി സഞ്ചരിക്കുക എന്ന ദൗത്യം അങ്ങനെ പൂർത്തിയായി. ഇതേത്തുടർന്ന് യൂറോപ്പിലെ ഒട്ടേറെ രാജ്യങ്ങൾ സമുദ്രാന്തരയാത്രകളിൽ ഏർപ്പെട്ടു. വടക്കൻ അമേരിക്കയുടെ തീരപ്രദേശങ്ങളിൽ പര്യവേഷണം ചെയ്യുവാനായി പുറപ്പെട്ട ഇംഗ്ലീഷ്-ഫ്രഞ്ച് സംരംഭങ്ങളിൽ ആദ്യത്തേത് 1497-ൽ ജോൺ കാബട്ട് നേതൃത്വം നൽകിയതാണ്. ഇങ്ങനെ ന്യൂഫൌണ്ട്ലാൻഡ്, ലാബ്രഡോർ, ഹഡ്സൺ ബേ മുതലായ സ്ഥലങ്ങൾ ഇംഗ്ലീഷുകാർക്കും ഫ്രഞ്ചുകാർക്കും എത്തിച്ചേരാവുന്ന സ്ഥലങ്ങളായി.

**പട്ടിക പൂർത്തിയാക്കുക**

| നാവികൻ | രാജ്യം | കണ്ടെത്തിയ രാജ്യം |
|---|---|---|
| ജോൺ കാബട്ട് | ഇംഗ്ലണ്ട് | ന്യൂഫൗണ്ട്ലാന്റ് |
| ബാൽബോവ | സ്പെയിൻ | പനാമ |
| കബ്രാൾ | പോർത്തുഗൽ | ബ്രസീൽ |
| .......... | .......... | .......... |
| .......... | .......... | .......... |



## ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളുടെ ഫലങ്ങൾ

ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾക്കും പര്യവേഷണങ്ങൾക്കും ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടായി. ഏഷ്യൻ രാജ്യങ്ങളുമായുള്ള സമൃദ്ധമായ വ്യാപാരം യൂറോപ്പുകാരുടെ ധനസ്ഥിതി മെച്ചപ്പെടുത്തി. ഇത് കൊളോണിയൽ സാമ്രാജ്യങ്ങളുടെ ഉദയത്തിന് വഴിതെളിയിച്ചു. പപ്പായ, നേന്ത്രക്കായ, കടച്ചക്ക, ചായ, പുകയില മുതലായ കാർഷിക വിഭവങ്ങൾ പല നാടുകളിലും പ്രചരിച്ചു. അതോടൊപ്പം വൻതോതിൽ വെട്ടിപ്പിടുത്തവും കുടിയേറ്റവും നടന്നു. അടിമക്കച്ചവടവും അപ്രധാനമല്ലാത്ത തരത്തിൽ മനുഷ്യ വിനിമയത്തിന് വഴി വച്ചു. ഇവയെല്ലാം തന്നെ പരിസ്ഥിതി, സംസ്കാരം, കൃഷി ഇത്യാദി മേഖലകളിൽ സമൂലമായ പരിവർത്തനങ്ങൾക്ക് കാരണമായി.

തെക്കെ അമേരിക്കയിലെ ഇൻകാ, മയാ, ടോൾറ്റെക്, അസ്റ്റെക് എന്നീ സംസ്കാരങ്ങൾ കോളനീകരണത്തെത്തുടർന്ന് നാമാവശേഷമായി. യൂറോപ്യൻമാർ കൊണ്ടുവന്ന പകർച്ചവ്യാധികളായ വസൂരി, പൊങ്ങൻപനി മുതലായ രോഗങ്ങൾ സ്വദേശി ജനസംഖ്യയുടെ നല്ലൊരു പങ്കിനെ തുടച്ചുമാറ്റി. പറങ്കിപ്പുണ്ണ് മുതലായ രോഗങ്ങളും ഇങ്ങനെ പടർന്നു.

ഏഷ്യയിൽ യൂറോപ്യന്മാരുടെ പ്രഥമലക്ഷ്യം വ്യാപാരകുത്തകയായിരുന്നു. ഇതിനായി അവർ രാഷ്ട്രീയാധികാരം കയ്യടക്കുവാനും സൈനിക

ശക്തി ഉപയോഗിച്ച് സ്ഥലങ്ങൾ പിടിച്ചെടുക്കുവാനും തുടങ്ങി. ഇതോടെ ഏഷ്യയിലും ആഫ്രിക്കയിലും വൻതോതിൽ കോളനീകരണത്തിനുതുടക്കമായി. കോളനികളിലെ സമ്പന്നമായ പ്രകൃതിവിഭവങ്ങൾ ക്രമേണ യൂറോപ്യൻ സാമ്രാജ്യങ്ങൾക്കധീനമായി. കോളനികളെ കൊള്ളയടിച്ച് യൂറോപ്യർ സമ്പന്നരായി.

പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളായ സ്പെയിൻ, പോർച്ചുഗൽ, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ലോകവ്യാപാരത്തിന്റെ കുത്തക കൈയടക്കി. ഇതോടെ മധ്യധരണ്യാഴി കേന്ദ്രമായി ഉണ്ടായിരുന്ന വ്യാപാരം ക്ഷയിച്ചു.

കോളനീകരണത്തിന്റെ ഫലമായി സാംസ്കാരികമായി കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വിടവ് വർദ്ധിച്ചു. കോളനികളിലെ സംസ്കാരത്തെ തകർക്കാനുള്ള ശ്രമങ്ങളും ഉണ്ടായി.

കോളനികളുമായുള്ള വ്യാപാരബന്ധം യൂറോപ്യൻ രാജ്യങ്ങളിൽ സമ്പന്നരായ മധ്യവർഗ്ഗത്തിന്റെ ഉദയത്തിന് കാരണമായി. കോളനിവൽക്കരണത്തിന്റെ ഫലമായി പഴയ കൈവായ്പാ സമ്പ്രദായം ബാങ്കിംഗ് സമ്പ്രദായത്തിന് വഴിമാറി. കച്ചവടക്കാരുടെ നേതൃത്വത്തിൽ കൂട്ടുടമക്കമ്പനികൾ (Joint Stock Companies) നിലവിൽ വന്നു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി അതിനൊരുദാഹരണമാണ്.



'ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളും സമുദ്രസഞ്ചാരത്തിൽ കൈവരിച്ച പുരോഗതിയും യൂറോപ്പിന്റെ രാഷ്ട്രീയഘടനയിലും സാമ്പത്തിക മേഖലയിലും മാറ്റങ്ങൾക്ക് കാരണമായി'-ഈ നിരീക്ഷണം ചർച്ച ചെയ്യുക.

## ശാസ്ത്രപുരോഗതി

ഒരു പുതുയുഗത്തിന്റെ ആരംഭം കുറിച്ചുകൊണ്ട് ശാസ്ത്രചിന്തയിൽ വമ്പിച്ച പുരോഗതി ഉണ്ടായി. തത്ത്വചിന്തകർ ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും പ്രപഞ്ചപ്രതിഭാസങ്ങളെ വിശദീകരിക്കുവാനും നവീനമാർഗ്ഗങ്ങൾ പരീക്ഷിച്ചു. ലിയനാർഡോ ഡാവിഞ്ചി എന്ന ബഹുമുഖ പ്രതിഭ ശരീരശാസ്ത്രത്തേയും പ്രകൃതിയേയും സൂക്ഷ്മമായി നിരീക്ഷിച്ച് ചിത്രങ്ങൾ വരച്ചു.

പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്ന് വിശ്വസിച്ചിരുന്ന കാലത്ത് സൂര്യനാണ് കേന്ദ്രം എന്ന് സൗരയൂഥസിദ്ധാന്തത്തിലൂടെ സമർത്ഥിച്ചതു കോപ്പർനിക്കസ്സാണ് (1473–1543). എന്നാൽ അദ്ദേഹത്തിന്റെ ആശയങ്ങൾ അക്കാലത്ത് സ്വീകരിക്കപ്പെട്ടില്ല. പിന്നീട് ഗലീലിയോ ഗലീലി (1564–1642) ദൂരദർശിനിയുടെ സഹായത്തോടെ കോപ്പർ നിക്കസ്സിന്റെ സിദ്ധാന്തം സ്ഥിരീകരിച്ചു. ഇങ്ങനെ ഭൗമകേന്ദ്രിതമായ സങ്കല്പത്തെ നിരാകരിച്ചതുവഴി മനുഷ്യന്റെ ലോകവീക്ഷണം പാടെ മാറി.

കോപ്പർ നിക്കസ്



ഗലീലിയോയുടെ ടെലിസ്കോപ്പ് (ഇൻസെറ്റിൽ ഗലീലിയോ)





സർ ഐസക് ന്യൂട്ടൺ



കാൾ ലിനയസ്

"പ്രിൻസിപ്പിയ മാത്തമാറ്റിക്ക" എന്ന വിശ്രുതഗ്രന്ഥത്തിൽ ഐസക് ന്യൂട്ടൻ (1643-1727) ആകർഷണ സിദ്ധാന്തവും ചലനനിയമങ്ങളും ആവിഷ്ക്കരിച്ചു. വൈദ്യശാസ്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം, ഊർജ്ജതന്ത്രം, ജീവികളുടെ ശാസ്ത്രീയവർഗ്ഗീകരണം, കാന്തശക്തിയേയും വൈദ്യുതിയെയും പറ്റിയുള്ള പുതിയ അറിവ് എന്നിവ ഈ കാലഘട്ടത്തിൽ വലിയ മുന്നേറ്റം കൈവരിച്ചു.

കണ്ടുപിടുത്തങ്ങൾക്കും ശാസ്ത്രാന്വേഷണങ്ങൾക്കും ഒരു പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് ഗലീലിയോ ശാസ്ത്രവിപ്ലവത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. ഈ പദ്ധതികൾ പിൻതുടർന്ന ആദ്യകാല ശാസ്ത്രജ്ഞന്മാരായിരുന്നു ഫ്രാൻസിസ് ബേക്കണും, ദെക്കാർത്തും (Descartes). ജ്യോതിശ്ശാസ്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, ശരീരശാസ്ത്രം എന്നിവയിൽ വമ്പിച്ച നേട്ടങ്ങൾക്ക് വഴിയൊരുക്കി. കാൾ ലിനയസ് (Carl Linneaus) എന്ന സ്വീഡിഷ് ശാസ്ത്രജ്ഞൻ സസ്യശാസ്ത്രം, ജന്തുശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി. ജീവികളുടെ ശാസ്ത്രീയ വർഗ്ഗീകരണത്തിന്റേയും ആധുനിക പരിസ്ഥിതിശാസ്ത്രത്തിന്റെയും പിതാവായി ഇദ്ദേഹം അറിയപ്പെടുന്നു. സസ്യങ്ങളുടേയും മൃഗങ്ങളുടേയും വർഗ്ഗീകരണത്തിനായി രണ്ടു ഭാഗങ്ങളുള്ള നാമകരണപദ്ധതി (Binomial nomenclature) ഇദ്ദേഹം ആവിഷ്കരിച്ചു.

നവോത്ഥാനത്തിനുശേഷം ശാസ്ത്രത്തിലുണ്ടായ പുരോഗതി ചരിത്രത്തിൽ ഒരു പുതുയുഗം സൃഷ്ടിച്ചു.



നവോത്ഥാനകാലത്തെ ചിന്തകളും ആശയങ്ങളും മനുഷ്യജീവിതത്തെ മാറ്റി മറിക്കുന്നതിന് പ്രേരകമായ നിരവധി പുതിയ കണ്ടുപിടുത്തങ്ങൾക്ക് വഴിവെച്ചു. ഓരോ കണ്ടുപിടുത്തവും ഉണ്ടാക്കിയ മാറ്റങ്ങൾ കണ്ടെത്താമോ?

## ജ്ഞാനോദയം (Enlightenment)

നവോത്ഥാനകാലത്തിന്റെ മുഖ്യപ്രവണതകളായ യുക്തിബോധവും മാനവികതയും ജ്ഞാനോദയകാലത്തും ആവർത്തിക്കപ്പെട്ടു. യുക്തിയുടെ മാത്രം അടിസ്ഥാനത്തിൽ ഭൗതികലോകത്തെയും അതിൽ മനുഷ്യന്റെ സ്ഥാനത്തെയും വീക്ഷിക്കാൻ ശ്രമിക്കുന്ന ധൈഷണികമുന്നേറ്റമായിരുന്നു ജ്ഞാനോദയം. മതവിശ്വാസവും അന്വേഷണബോധവും തമ്മിലുള്ള സംഘട്ടനം ഇതിന്റെ സവിശേഷതആയിരുന്നു. വസ്തുതകളിലും തെളിവുകളിലും ഊന്നിയ യുക്തിയിലൂടെ കാര്യങ്ങൾ അറിയുവാനും അപഗ്രഥിക്കുവാനും ജ്ഞാനോദയയുഗത്തിലെ ചിന്തകന്മാർ ശ്രമിച്ചു. ഇക്കാലത്ത് മുന്നിട്ടുനിന്ന പ്രധാനപ്പെട്ട ആശയങ്ങളെ താഴെപ്പറയുന്ന രീതിയിൽ ചുരുക്കാവുന്നതാണ്:

- സമകാലികാവസ്ഥ പുരോഗതിയുടേതാണ്.
- യുക്തിയാണ് ജ്ഞാനത്തിലേക്കു നയിക്കുന്ന തെറ്റുപറ്റാത്ത വഴികാട്ടി.
- മനുഷ്യനു മാറ്റുവാൻ കഴിയാത്ത കർശനനിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു യന്ത്രമാണ് പ്രപഞ്ചം.
- ഏറ്റവും ലളിതവും സ്വാഭാവികവുമായ സമൂഹമാണ് ഉത്തമം.
- ജന്മപാപം എന്നൊന്നില്ല.

ഇംഗ്ലണ്ടിൽ നിന്നാണ് തുടങ്ങിയതെങ്കിലും ജ്ഞാനോദയത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ആവിഷ്ക്കാരങ്ങൾ നടന്നത് ഫ്രാൻസിൽ ആയിരുന്നു. ദെക്കാർത്ത്, സ്പിനോസാ എന്നിവരുടെ ഹേതുവാദമാണ് ജ്ഞാനോദയത്തിനു പ്രേരകമായതെങ്കിലും ഈ മുന്നേറ്റത്തിന്റെ യഥാർത്ഥ സ്രഷ്ടാക്കൾ സർ ഐസക് ന്യൂട്ടനും (1642-1727), ജോൺ ലോക്കും (1632-1704) ആയിരുന്നു. പ്രപഞ്ചത്തെക്കുറിച്ച് ഒരു യന്ത്രനിഷ്ഠമായ വിശദീകരണം നൽകാൻ കഴിഞ്ഞു എന്നതാണ് ന്യൂട്ടന്റെ നേട്ടം. വിജ്ഞാനസിദ്ധാന്തത്തിന്റെ പിതാവായി അറിയപ്പെടുന്ന ലോക്ക് അറിവിന്റെ ഉറവിടം ഇന്ദ്രിയജ്ഞാനമാണെന്നും വാദിച്ചു.

| ജ്ഞാനോദയകാല ചിന്തകർ | |
|---|---|
| ദെനി ദിദറോ (Denis Diderot) | 1713 - 1784 |
| മൊന്തസ്ക്യൂ (Montesquieu) | 1689-1755 |
| വോൾത്തെയർ (Voltaire) | 1694 - 1778 |
| റൂസ്സോ (Rousseau) | 1712-1778 |
| ഇമ്മാനുവേൽ കാന്ത് (Immanuel Kant) | 1724-1804 |
| തോമസ് പെയ്ൻ (Thomas Paine) | 1737-1809 |
| തോമസ് ജഫേഴ്സൺ (Thomas Jefferson) | 1743-1826 |

ഭാഷ, സാഹിത്യം, നാടകം, നിയമം, തത്ത്വശാസ്ത്രം, ഗണിതശാസ്ത്രം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ തല്പരനായിരുന്നു ദിദറോ. മതം വെച്ചുപുലർത്തിയിരുന്ന വിശ്വാസത്തെ അദ്ദേഹം ശക്തിയുക്തം എതിർത്തു. 18-ാം നൂറ്റാണ്ടിലെ ഒരു കൂട്ടം ഫ്രഞ്ച് എഴുത്തുകാരുടെ ലേഖനസമാഹാരമായ 'എൻസൈക്ലോപീഡീ' (Encyclopaedie) എന്ന ഗ്രന്ഥപരമ്പരയുടെ എഡിറ്ററായിരുന്നു ഇദ്ദേഹം.

വോൾത്തയർ





റൂസ്സോ

ഇതിലൂടെ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും ഒരു പരിധിവരെ ശാസ്ത്രത്തിന്റേയും മതേതരചിന്തയുടെയും പ്രചാരത്തിനു കാരണമായി.

രാഷ്ട്രീയസമൂഹങ്ങളുടെ മാറിവരുന്ന ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ ജ്ഞാനോദയയുഗത്തിൽ ഉരുത്തിരിഞ്ഞുവന്നു. നീതിന്യായം, കാര്യനിർവ്വഹണം, നിയമനിർമ്മാണം എന്നീ മൂന്ന് ശാഖകളിലായി അധികാരം വേർതിരിച്ചു നിർത്തിയാൽ കൂടുതൽ രാഷ്ട്രീയ സ്വാതന്ത്ര്യം ഉണ്ടാകുമെന്ന് മൊന്തസ്ക്യൂ വിശ്വസിച്ചു. അതോടൊപ്പംതന്നെ നിയന്ത്രണങ്ങളും സന്തുലിതാവസ്ഥയും എന്ന രാഷ്ട്രീയതത്ത്വശാസ്ത്രവും അദ്ദേഹം വികസിപ്പിച്ചെടുത്തു.

മതസ്വാതന്ത്ര്യത്തിനും സ്വതന്ത്രവാണിജ്യം ഉൾപ്പെടെയുള്ള പൗരസ്വാതന്ത്ര്യങ്ങൾക്കും വേണ്ടി വോൾത്തയർ വാദിച്ചു. അദ്ദേഹം സാമൂഹിക പരിഷ്കാരങ്ങളെ ശക്തമായി പിന്തുണച്ചു. അസഹിഷ്ണുത, മതപരമായ കടുംപിടുത്തങ്ങൾ എന്നിവയുടേയും സമകാലിക വ്യവസ്ഥയുടേയും നിശിത വിമർശകനായിരുന്നു വോൾത്തയർ. അടിസ്ഥാനപരമായി മനുഷ്യൻ നല്ലവനാണെന്ന് റൂസ്സോ വിശ്വസിച്ചു; നൈസർഗികാവസ്ഥയിൽ "നല്ലവനായ കാട്ടാളൻ" (Noble Savage). നല്ല മനുഷ്യരെ അസന്തുഷ്ടരും അഴിമതിക്കാരും ആക്കിത്തീർക്കുന്നത് സമൂഹത്തിലെ അനുഭവങ്ങളാണ്. ഉടമ്പടികളുടെ അടിസ്ഥാനത്തിൽ ആണ് മനുഷ്യനും സമൂഹവുമായി ഉള്ള ബന്ധം ഉണ്ടായിവന്നത് എന്ന് അദ്ദേഹം തന്റെ 'സോഷ്യൽ കോൺട്രാക്ട്' (Social Contract) എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു.

സാക്ഷരരായ ജനങ്ങളിൽ ജ്ഞാനോദയത്തിന്റെ വക്താക്കളായ ഫിലസോഫുകൾ (Philosophes) ശാസ്ത്രം പ്രചരിപ്പിച്ചു. ശാസ്ത്ര സംഘടനകളുടെ ഉദയത്തിന് ശാസ്ത്രീയ വിപ്ളവം കാരണമായി. മുൻപ് പറഞ്ഞ എൻസൈക്ലോപ്പീഡീക്കുപുറമേ മറ്റു

ചില വൈജ്ഞാനികപത്രികകളും പുതിയ പഠനങ്ങൾക്ക് പ്രചാരമേകി.

ജ്ഞാനോദയമാണ് അന്വേഷണത്തിനും കണ്ടുപിടുത്തത്തിനും വേണ്ടിയുള്ള ശാസ്ത്രീയരീതി സാർവ്വത്രികമാക്കിയത്. 'സത്യത്തെക്കുറിച്ചും' 'പ്രപഞ്ചപ്രതിഭാസങ്ങളെക്കുറിച്ചും' ആളുകൾ ജിജ്ഞാസ കാണിക്കുവാൻ ആരംഭിച്ചു. ഭരണം, രാഷ്ട്രീയം, അവകാശങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് തത്ത്വചിന്തകന്മാർ എഴുതുവാൻ തുടങ്ങി. ഇതെല്ലാം തന്നെ പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ യൂറോപ്പിലും മറ്റിടങ്ങളിലും ഉണ്ടായ രാഷ്ട്രീയവിപ്ലവങ്ങളെ ഗണ്യമായി സ്വാധീനിച്ചു. യുക്തിയിലൂന്നിയ കണ്ടെത്തലുകൾക്കായുള്ള ത്വര കാലഘട്ടത്തിന്റെ മുഖമുദ്രയായി.

## പ്രവർത്തനങ്ങൾ



- നാടുവാഴിത്തത്തിന്റെ തകർച്ചയും വാണിജ്യപുരോഗതിയും യൂറോപ്യൻ നവോത്ഥാനത്തിന് വഴിയൊരുക്കി. ഇറ്റലിയുടെ സാമൂഹ്യസാഹചര്യങ്ങൾ പരിശോധിച്ച് ഈ പ്രസ്താവന വിലയിരുത്തുക.
- അച്ചടിയന്ത്രത്തിന്റെ വരവോടെ യൂറോപ്പിൽ മതത്തിന്റെയും വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും രംഗങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായത്?
- നവോത്ഥാനാശയങ്ങൾ യൂറോപ്പിലെ മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും ശക്തമായ സ്വാധീനം ചെലുത്തി. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നവോത്ഥാന ആശയങ്ങളേയും അവയുടെ സ്വാധീനത്തേയും കുറിച്ച് ചർച്ച ചെയ്യുക.
- നവോത്ഥാന കാലത്തെ ചിത്രങ്ങളുടെ ആൽബം തയ്യാറാക്കുക.
- ജർമ്മനിയിൽ ആരംഭിച്ച മതനവീകരണം യൂറോപ്പിനെയാകെ സ്വാധീനിച്ചതെങ്ങനെ? ചർച്ച ചെയ്യുക.
- ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ ലോകത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുവാൻ യൂറോപ്പിനെ സഹായിച്ചതെങ്ങനെ? ചർച്ച ചെയ്ത് നിഗമനങ്ങൾ രേഖപ്പെടുത്തുക.
- ജ്ഞാനോദയചിന്തയുടെ അടിസ്ഥാനപരമായ ആശയങ്ങൾ ശാസ്ത്രരംഗത്തെ പുരോഗതിക്ക് എങ്ങനെ സഹായകമായി? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ ഏതെന്നും, അതിന് നേതൃത്വം നൽകിയവർ ആരൊക്കെയെന്നും പട്ടികപ്പെടുത്തുക.

# വിപ്ലവങ്ങളുടെ കാലം

2

ആധുനികയുഗത്തിന്റെ ഉദയത്തിനിടയാക്കിയ ആശയങ്ങളേയും പ്രസ്ഥാനങ്ങളേയും പരിചയപ്പെട്ടല്ലോ. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയ്ക്ക് എതിരായ മുന്നേറ്റങ്ങൾക്ക് അവ പ്രചോദനമേകി. സമൂഹത്തിൽ ഇങ്ങനെ ഉണ്ടാകുന്ന അടിസ്ഥാനപരവും സമഗ്രവുമായ മാറ്റത്തെയാണ് പൊതുവെ വിപ്ലവം എന്നു വിളിക്കുന്നത്. ഒരു സമൂഹത്തിലുണ്ടായ വിപ്ലവം മറ്റു സമൂഹങ്ങളെയും ഒരു കാലഘട്ടത്തിലെ വിപ്ലവം പിൽക്കാലഘട്ടങ്ങളെയും സ്വാധീനിക്കാറുണ്ട്. ആധുനികയുഗത്തിൽ യൂറോപ്യൻ വൻകരയിലുണ്ടായ വിപ്ലവങ്ങൾ രാജാധിപത്യത്തിനെതിരെ ഉള്ളവയായിരുന്നു. അവകാശങ്ങളും അവസരങ്ങളും നിഷേധിക്കപ്പെട്ട മധ്യവർഗ്ഗത്തിന്റെ ഉയർച്ചയായിരുന്നു ഈ വിപ്ലവങ്ങളുടെ അടിസ്ഥാനകാരണം. ഇവ യൂറോപ്പിനേയും ലോകജനതയേയും ശക്തമായി സ്വാധീനിക്കുകയും സാമൂഹികസാമ്പത്തികരാഷ്ട്രീയ രംഗങ്ങളിൽ നിരവധി മാറ്റങ്ങൾക്ക് ഇടയാക്കുകയും ചെയ്തു.

## ഇംഗ്ലണ്ടിലെ ആഭ്യന്തരസമരം

യൂറോപ്പിൽ ഫ്യൂഡലിസത്തിന്റെ തകർച്ചയും മധ്യവർഗ്ഗത്തിന്റെ ഉയർച്ചയും നമ്മൾ ചർച്ച ചെയ്തല്ലോ. ഈ മധ്യവർഗ്ഗം രാജാധിപത്യത്തിനെതിരായി ആദ്യസമരം ചെയ്തത് ഇംഗ്ലണ്ടിലാണ്. പതിനഞ്ചാം നൂറ്റാണ്ടിന്റെ ഒടുക്കം മുതൽ ഇംഗ്ലണ്ടിൽ ഭരണം നടത്തിയിരുന്ന ട്യൂഡർ രാജാക്കന്മാരുടെയും തുടർന്നുവന്ന സ്റ്റുവർട്ട് രാജാക്കന്മാരുടെയും അടിത്തറ പുതുതായി ഉയർന്നുവന്ന വ്യാപാരികളിലായിരുന്നു. എന്നാൽ സ്റ്റുവർട്ട് രാജാക്കന്മാർ ഫ്യൂഡൽ ആശയങ്ങളുടെ വക്താക്കളും പ്രതിനിധികളുമായിരുന്നു. സ്റ്റുവർട്ട് രാജാക്കന്മാരായ ജയിംസ് ഒന്നാമനും ചാൾസ് ഒന്നാമനും രാജാവിന്റെ അധികാരങ്ങൾ ദൈവദത്തമാണെന്ന് ശഠിച്ചു. ഇവർ ഇംഗ്ലീഷ് പാർലമെന്റിനെ വകവയ്ക്കാതെ പാർലമെന്റിന് മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. വ്യാപാരരംഗത്ത് ഇംഗ്ലണ്ട് കൈവരിച്ച മുന്നേറ്റങ്ങളുടെ ഫലമായി അവിടെ ഒരു മധ്യവർഗ്ഗം ഉയർന്നുവരുന്നുണ്ടായിരുന്നു. ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന കമ്പനികൾ വിദൂരദേശങ്ങളുമായി വ്യാപാരബന്ധം സ്ഥാപിച്ചു. ഉത്പാദനത്തേയും വിതരണത്തേയും ഗതാഗതത്തേയും നിയന്ത്രിച്ചിരുന്ന ഈ വ്യാപാരികൾക്കനുകൂലമായ നിയമങ്ങൾ ഇംഗ്ലീഷ് പാർലമെന്റ് പാസ്സാക്കി. സമ്പന്നരായ ഭൂവുടമകളും വ്യാപാരികളും വിദ്യാസമ്പന്നരായ അഭിഭാഷകരും

ഡോക്ടർമാരും ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന മധ്യവർഗ്ഗത്തിന്റെ താത്പര്യങ്ങളാണ് പാർലമെന്റ് സംരക്ഷിച്ചിരുന്നത്.


ഹെൻറി VII

ഹെൻറി ഏഴാമനാണ് ഇംഗ്ലണ്ടിൽ ട്യൂഡർ ഭരണത്തിന് തുടക്കം കുറിച്ചത്. 1485 മുതൽ 1603 വരെയാണ് ട്യൂഡർ രാജവംശത്തിന്റെ ഭരണം. ഫ്യൂഡൽ പ്രഭുക്കന്മാരുടെ അധികാരങ്ങളെ നിയന്ത്രിച്ച ട്യൂഡർ രാജാക്കന്മാർ പാർലമെന്റുമായി സഹകരിച്ച് ഭരണം നടത്തി. ഇംഗ്ലണ്ടിനെ ആധുനിക യുഗത്തിലേക്ക് നയിച്ച ഈ കാലഘട്ടം നവോത്ഥാനത്തിനും മതനവീകരണപ്രസ്ഥാനത്തിനും സാക്ഷ്യം വഹിച്ചു. 1603 മുതൽ 1714 വരെ സ്റ്റുവർട്ട് രാജവംശം ഇംഗ്ലണ്ടിൽ ഭരണം നടത്തി. 1714 മുതൽ ഹാനോവേറിയൻ രാജവംശമാണ് അവിടെ അധികാരത്തിലുള്ളത്.

പാർലമെന്റ് പാസ്സാക്കിയ ഈ പുതിയ നിയമങ്ങൾ രാജാവും പാർലമെന്റും തമ്മിൽ ദീർഘനാൾ നിലനിന്ന ഭരണഘടനാപരമായ തർക്കങ്ങൾക്ക് കാരണമായി. ഫ്യൂഡൽ താത്പര്യങ്ങൾ സംരക്ഷിക്കുന്ന രാജാവാണോ അതോ മധ്യവർഗ്ഗതാത്പര്യങ്ങൾ സംരക്ഷിക്കുന്ന പാർലമെന്റാണോ ഇംഗ്ലണ്ടിലെ പരമാധികാരി എന്നതായിരുന്നു ഈ തർക്കത്തിന്റെ അടിസ്ഥാന പ്രശ്നം.

രാജാവും പാർലമെന്റും തമ്മിലുള്ള തർക്കത്തിൽ ഇംഗ്ലണ്ടിൽ നിലനിന്നിരുന്ന ആംഗ്ലിക്കൻ സഭയും പുതുതായി രൂപംകൊണ്ട പ്യൂരിട്ടൻ സഭയും ഇരുപക്ഷത്തായി നിലയുറപ്പിച്ചു. സ്റ്റുവർട്ട് രാജാക്കന്മാർ പൊതുവെ കത്തോലിക്കാ വിശ്വാസികളായിരുന്നു. എങ്കിലും ആംഗ്ലിക്കൻ സഭ രാജാധികാരത്തോടൊപ്പം ചേർന്നു നിന്നു.

### ആംഗ്ലിക്കൻ സഭയും പ്യൂരിട്ടൻ സഭയും

*മതനവീകരണത്തിന്റെ ഭാഗമായി കത്തോലിക്കാ സഭയെ ചോദ്യം ചെയ്തുകൊണ്ട് ഇംഗ്ലണ്ടിൽ സ്വതന്ത്രമായ ഒരു സഭ രൂപീകരിക്കാൻ നടപടി സ്വീകരിച്ചത് ഹെൻറി എട്ടാമനായിരുന്നു. കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളെ എതിർത്തുകൊണ്ട് പ്രൊട്ടസ്റ്റന്റ് സഭ ഇംഗ്ലണ്ടിൽ സ്ഥാപിതമാകുന്നത് അദ്ദേഹത്തിന്റെ പുത്രനായ എഡ്വേർഡ് ആറാമന്റെ കാലത്താണ്. ഒരു പ്രത്യേക പ്രാർത്ഥനാപുസ്തകം തയ്യാറാക്കുകയും അത് ആരാധനയ്ക്കായി എല്ലാ ദേവാലയങ്ങളിലും നിർബന്ധമായി ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് എലിസബത്ത് രാജ്ഞി വാഴ്ചയേറ്റപ്പോൾ ഈ പ്രാർത്ഥനാപുസ്തകത്തെ അടിസ്ഥാനമാക്കിക്കൊണ്ട് എല്ലാവർക്കും സ്വീകാര്യമാവുന്ന ആംഗ്ലിക്കൻ സഭ സ്ഥാപിക്കുകയും ചെയ്തു. ഇത് ഇംഗ്ലണ്ടിന്റെ ഔദ്യോഗികമതമായി. ആംഗ്ലിക്കൻ സഭയിൽ അംഗമല്ലാത്തവർക്ക് ഇംഗ്ലണ്ടിൽ കിരീടാവകാശം ലഭിക്കുകയില്ല.*

*പ്രൊട്ടസ്റ്റന്റ് പരിഷ്കർത്താവായ ജോൺ കാൽവിന്റെ ഇംഗ്ലണ്ടിലെ അനുയായികളാണ് പ്യൂരിട്ടന്മാർ. പുരോഹിതന്മാരേയും മതാധ്യക്ഷനേയും വിശ്വാസികൾ തെരഞ്ഞെടുക്കണമെന്നാണ് പ്യൂരിട്ടൻ സഭ നിഷ്കർഷിച്ചത്. എലിസബത്ത് രാജ്ഞിക്കുശേഷം ശക്തിയാർജ്ജിച്ച പ്യൂരിട്ടന്മാർ 1640-നും 1650-നും ഇടയിലുള്ള കാലം ബ്രിട്ടീഷ് പാർലമെന്റിനുമേൽ ശക്തമായ സ്വാധീനം ചെലുത്തി.*

പ്യൂരിട്ടൻ സഭ പാർലമെന്റിന്റേയും ഇംഗ്ലണ്ടിലെ മധ്യവർഗ്ഗത്തിന്റേയും സ്വതന്ത്രനിലപാടുകളോട് താത്പര്യം കാണിച്ചു. പാർലമെന്റിന്റെ താത്പര്യത്തിന് വിരുദ്ധമായി രാജാക്കന്മാർ പലതരത്തിലുള്ള നികുതികൾ ഏർപ്പെടുത്തുകയും നികുതി വരുമാനം ധൂർത്തമായ ജീവിതത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്തു. ഇത് രാജാവും പാർലമെന്റും തമ്മിലുള്ള തർക്കങ്ങളെ മൂർച്ഛിപ്പിച്ചു.



ഇംഗ്ലണ്ടിനെ ഭരണഘടനാപരമായ സംഘർഷത്തിലേക്ക് നയിച്ച വിവിധ വിഭാഗങ്ങളെ കണ്ടെത്തി ഈ പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| • രാജാവ് | • |
| • | • മധ്യവർഗ്ഗം |
| • ആംഗ്ലിക്കൻ സഭ | • |

ഇംഗ്ലണ്ടിൽ രാജാവിന്റെ സ്വേച്ഛാധികാരങ്ങളെ നിയന്ത്രിക്കുന്ന 'പെറ്റീഷൻ ഓഫ് റൈറ്റ്' (Petition of Right) എന്ന പ്രമാണത്തിൽ 1628-ൽ ഒപ്പുവെയ്ക്കാൻ ചാൾസ് ഒന്നാമൻ നിർബന്ധിതനായി. അദ്ദേഹം പിന്നീട് ഇത് ലംഘിക്കുകയും പാർലമെന്റ് പിരിച്ചുവിട്ട് പതിനൊന്ന് വർഷം (1629-1640) സ്വേച്ഛാധികാരിയായി ഇംഗ്ലണ്ടിൽ ഭരണം നടത്തുകയും ചെയ്തു. എന്നാൽ സ്കോട്ട്ലൻഡുമായുള്ള യുദ്ധംമൂലം അദ്ദേഹത്തിന് പണത്തിന്റെ ആവശ്യം നേരിട്ടു. പുതിയ നികുതി നിർദ്ദേശങ്ങൾ അംഗീകരിക്കാനായി അദ്ദേഹം 1640-ൽ പാർലമെന്റ് വിളിച്ച് ചേർത്തു. രാജാവിന്റെ ആധിപത്യത്തിനെതിരായി അനേകം നിയമങ്ങൾ നിർമ്മിച്ച ഈ പാർലമെന്റ് 1660 വരെ തുടർന്നു. ഇത് 'നീണ്ട പാർലമെന്റ്' (Long Parliament) എന്നറിയപ്പെട്ടു. കാലക്രമത്തിൽ പാർലമെന്റും രാജാവും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാവുകയും അത് ഇംഗ്ലണ്ടിനെ ഒരു ആഭ്യന്തരയുദ്ധത്തിലേക്ക് നയിക്കുകയും ചെയ്തു. ഈ സമരത്തിൽ



'പെറ്റീഷൻ ഓഫ് റൈറ്റ്' - ആമുഖപേജ്

രാജാവിന്റെ സൈന്യത്തെ പരാജയപ്പെടുത്തിക്കൊണ്ട് പാർലമെന്റ് വിഭാഗം വിജയം നേടി. ഒലിവർ ക്രോംവെൽ അധികാരത്തിൽ വന്നു. തന്നെ എതിർത്ത മെമ്പർമാരെ അദ്ദേഹം പാർലമെന്റിൽ നിന്നു പുറത്താക്കി. ക്രോംവെല്ലിന്റെ അനുയായികൾ മാത്രമാണ് പാർലമെന്റിൽ പിന്നീടുണ്ടായിരുന്നത്. ഇത് റംപ് പാർലമെന്റ് (Rump Parliament) അഥവാ 'അവശിഷ്ട പാർലമെന്റ്' എന്നറിയപ്പെട്ടു. ചാൾസ് ഒന്നാമനെ റംപ് പാർലമെന്റ് വിചാരണ ചെയ്ത് വധശിക്ഷയ്ക്ക് വിധേയനാക്കി.

ഒലിവർ ക്രോംവെല്ലിന്റെ നേതൃത്വത്തിലുള്ള ഭരണം 'കോമൺവെൽത്ത്' കാലഘട്ടം എന്നറിയപ്പെടുന്നു. ഈ കാലഘട്ടം (1649-1658) സൈനികസ്വേച്ഛാധിപത്യത്തിന്റെ കാലഘട്ടമായിരുന്നു. ബ്രിട്ടനിൽ ആഭ്യന്തരയുദ്ധം അവസാനിപ്പിച്ചുവെങ്കിലും പാർല



ഒലിവർ ക്രോംവെൽ

മെന്റിന് മേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടായിരുന്നു അദ്ദേഹം ഭരണം നടത്തിയത്. ശാസ്ത്രനിരീക്ഷണങ്ങളും പരീക്ഷണങ്ങളും ഈ കാലഘട്ടത്തിൽ പ്രോത്സാഹിപ്പിക്കപ്പെട്ടു. ആഗോള വ്യാപാരത്തെ നിയന്ത്രിച്ചിരുന്നത് ബ്രിട്ടീഷ് വ്യാപാരികളായിരുന്നു. എന്നാൽ ഈ സൈനികസ്വേച്ഛാധിപത്യം അംഗീകരിക്കാത്ത ജനങ്ങൾ കിരീടം ധരിച്ച് രാജവാഴ്ച പുനഃസ്ഥാപിക്കാൻ ക്രോംവെല്ലിനോട് ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം അതു നിരാകരിച്ചു.

### കോമൺവെൽത്ത്

*ഒലിവർ ക്രോംവെല്ലിന്റെ കോമൺവെൽത്ത് ഇന്നത്തെ കോമൺവെൽത്തിൽ നിന്നും വ്യത്യസ്തമാണ്. ബ്രിട്ടനും ബ്രിട്ടന്റെ കോളനികളായിരുന്ന രാജ്യങ്ങളും ചേർന്ന് ലണ്ടൻ ആസ്ഥാനമായുള്ള പ്രസ്ഥാനമാണ് ആധുനിക കോമൺവെൽത്ത്.*

ഒലിവർ ക്രോംവെല്ലിനുശേഷം ചാൾസ് രണ്ടാമന്റെ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ രാജവാഴ്ച പുനഃസ്ഥാപിക്കപ്പെട്ടു. അദ്ദേഹത്തെ തുടർന്ന് അധികാരത്തിൽ വന്ന ജയിംസ് രണ്ടാമൻ കൈക്കൊണ്ട സ്വേച്ഛാപരമായ നടപടികൾ രാജാവും പാർലമെന്റുമായി വീണ്ടും തർക്കങ്ങൾക്കിടയാക്കി. 1688-ൽ അദ്ദേഹം ഫ്രാൻസിൽ അഭയം തേടി. തുടർന്ന് ജെയിംസ് രണ്ടാമന്റെ മകളായ മേരിയേയും

ഭർത്താവ് ഓറഞ്ചിലെ വില്ല്യമിനേയും ഇംഗ്ലണ്ടിലെ ഭരണാധികാരികളായി പാർലമെന്റ് പ്രഖ്യാപിച്ചു. ഇംഗ്ലണ്ടിൽ രാജാവിന്റെ സ്വേച്ഛാധിപത്യം അവസാനിപ്പിച്ച് പാർലമെന്റിന്റെ നിയന്ത്രണത്തിലുള്ള രാജവാഴ്ചയ്ക്ക് ഇത് തുടക്കം കുറിച്ചു. ഈ അധികാരക്കൈമാറ്റം രക്തരഹിതവിപ്ലവം (Bloodless Revolution) അഥവാ മഹത്തായ വിപ്ലവം എന്നറിയപ്പെടുന്നു. ഇതോടെ ഇംഗ്ലണ്ടിൽ ഫ്യൂഡൽ വ്യവസ്ഥ ദുർബ്ബലമാവുകയും രാജാധികാരം പാർലമെന്റിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമാവുകയും ചെയ്തു.

രാജഭരണത്തിനുമേൽ പാർലമെന്റിന്റെ നിയന്ത്രണം നടപ്പിലാക്കിയത് പുതുതായി നിർമ്മിച്ച നിയമങ്ങളുടെ ഒരു പരമ്പരയിലൂടെയായിരുന്നു. ഇതിൽ സുപ്രധാനമായത് 1689-ലെ അവകാശനിയമം (Bill of Rights) ആയിരുന്നു. തുടർന്ന് ഇംഗ്ലണ്ടിൽ മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നിവ അനുവദിക്കപ്പെട്ടു. എന്നാൽ ആംഗ്ലിക്കൻ മതവിശ്വാസികൾക്ക് മാത്രമേ കിരീടാവകാശി ആകാൻ കഴിയുമായിരുന്നുള്ളൂ. ഈ നടപടികൾകൊണ്ട് ഇംഗ്ലണ്ടിൽ ജനാധിപത്യഭരണക്രമം നടപ്പിലായില്ലെങ്കിലും ജനങ്ങൾക്ക് സ്വാതന്ത്ര്യവും പാർലമെന്റിന് പരമാധികാരവും ലഭിച്ചു. അതുകൊണ്ടാണ് ഇംഗ്ലണ്ടിൽ രാജഭരണം നിലനിൽക്കുന്നുവെങ്കിലും രാജാവ് ഭരിക്കുന്നില്ല എന്ന് പറയുന്നത്.



പെറ്റീഷൻ ഓഫ് റൈറ്റിൽ നിന്ന് ബിൽ ഓഫ് റൈറ്റ്സ് നിയമത്തിലെത്തുമ്പോഴേയ്ക്കും രാജവാഴ്ചയ്ക്ക് വന്ന മാറ്റങ്ങളെന്ത്? ഇതിൽ കോമൺവെൽത്ത് കാലഘട്ടം എന്തു സ്വാധീനമാണ് ഉണ്ടാക്കിയത്? പരിശോധിക്കുക.

## ഫ്രഞ്ച് വിപ്ലവം

സ്വേച്ഛാധിപത്യരാജവാഴ്ചയ്ക്കും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരെ 1789-ൽ ഫ്രാൻസിൽ നടന്ന വിപ്ലവമായിരുന്നു ഫ്രഞ്ച് വിപ്ലവം. നൂറ്റാണ്ടുകളായി ഫ്രാൻസിൽ നിലനിന്നിരുന്ന ഫ്യൂഡൽ സമ്പ്രദായത്തിന് ഇതോടെ വിരാമമായി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ പുനഃസൃഷ്ടിക്കുക എന്നതായിരുന്നു ഫ്രഞ്ചുവിപ്ലവത്തിന്റെ ലക്ഷ്യം.

### മൂന്ന് എസ്റ്റേറ്റുകൾ

രാജാക്കന്മാരുടെ സ്വേച്ഛാധിപത്യത്തിനെതിരായ സമരം എന്നതുപോലെ ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വത്തിനും എതിരായ വിപ്ലവമായിരുന്നു ഫ്രഞ്ച് വിപ്ലവം. ഭരണം, നീതിന്യായം, സൈന്യം തുടങ്ങി പൊതുജീവിതത്തിന്റെ എല്ലാ മേഖലകളിലും അസമത്വം പ്രകടമായിരുന്നു. ഫ്രഞ്ച് സമൂഹത്തെ മൂന്ന് എസ്റ്റേറ്റുകളായി തിരിച്ചിരുന്നു. ഒന്നാമത്തെ എസ്റ്റേറ്റിൽ പുരോഹിതന്മാരും രണ്ടാമത്തെ എസ്റ്റേറ്റിൽ പ്രഭുക്കന്മാരുമായിരുന്നു ഉണ്ടായിരുന്നത്. കച്ചവടക്കാർ, പണമിടപാടുകാർ, ഉദ്യോഗസ്ഥർ, അഭിഭാഷകർ, ഡോക്ടർമാർ, അധ്യാപകർ മുതലായവർ മൂന്നാമത്തെ എസ്റ്റേറ്റിലായിരുന്നു. ഒന്നും രണ്ടും എസ്റ്റേറ്റുകൾ എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും അനുഭവിച്ചു. എന്നാൽ മൂന്നാമത്തെ എസ്റ്റേറ്റിന് അവകാശങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെന്നതിനുപുറമേ അവർക്ക് വിവിധ തരത്തിലുള്ള ഫ്യൂഡൽ നികുതികളുടെ വൻഭാരം ചുമക്കേണ്ടിവരുകയും ചെയ്തു.

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും ഫ്യൂഡൽ സമ്പ്രദായമായിരുന്നു ഫ്രാൻസിൽ നിലനിന്നിരുന്നത്. ബഹുഭൂരിപക്ഷം പ്രഭുക്കന്മാരും തങ്ങളുടെ ഭൂമിയിൽ കഴിഞ്ഞിരുന്ന കർഷകരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്ത് ജീവിക്കുന്നവരായിരുന്നു. ആഴ്ചയിൽ മൂന്നും നാലും ദിവസത്തേയ്ക്ക് കൂലി കൊടുക്കാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിക്കുന്നതിനുള്ള അവകാശം പ്രഭുക്കന്മാർക്കുണ്ടായിരുന്നു. കർഷകർ സ്വന്തമായി കൃഷി ചെയ്തുണ്ടാക്കുന്ന ധാന്യങ്ങൾ ജന്മിമാരുടെ മില്ലിൽ പൊടിപ്പിക്കണമെന്നും അതിന് നിശ്ചിതകരം പ്രഭുവിന് നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. റോഡുകൾ, പാലങ്ങൾ എന്നിവയിന്മേൽ ചുങ്കം പിരിക്കുന്നതിനും വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്ന് കരം പിരിക്കുന്നതിനുമുള്ള അവകാശം പ്രഭുക്കന്മാർക്കുണ്ടായിരുന്നു. സൈനികസേവനം മാത്രമായിരുന്നു അവർ രാജ്യത്തിനുവേണ്ടി ചെയ്തത്. കൃഷിക്ക് യോഗ്യമായ ഭൂമിയുടെ ഭൂരിഭാഗവും രാജാവും പ്രഭുക്കന്മാരും ക്രൈസ്തവസഭയും ചേർന്ന് സ്വന്തമാക്കി. ഉയർന്ന പദവിയിലുള്ള പുരോഹിതന്മാർ ധൂർത്തും ഉല്ലാസവും നിറഞ്ഞ ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ സാധാരണക്കാരായ പുരോഹിതന്മാരുടെ സ്ഥിതി ഇതിൽ നിന്ന് തികച്ചും ഭിന്നമായിരുന്നു. ദാരിദ്ര്യംമൂലം കഷ്ടപ്പെട്ട അവർ ഒന്നും രണ്ടും എസ്റ്റേറ്റുകൾക്കെതിരായ പോരാട്ടത്തിൽ മൂന്നാമത്തെ എസ്റ്റേറ്റിനോടൊപ്പം ചേർന്നു.



"പ്രഭുക്കന്മാർ പൊരുതും, പുരോഹിതന്മാർ പ്രാർത്ഥിക്കും, ജനങ്ങൾ നികുതിയടയ്ക്കും" (Nobles fight, clergy pray and commons pay) ഫ്രാൻസിൽ നിലനിന്നിരുന്ന അസമത്വത്തെ വെളിവാക്കുന്ന ഒരു പ്രസ്താവനയാണിത്. ഈ പ്രസ്താവനയും ചിത്രവും വിശകലനം ചെയ്ത് ഫ്രാൻസിൽ നിലനിന്ന സാമൂഹ്യാവസ്ഥ വിപ്ലവത്തെ എങ്ങനെ സഹായിച്ചുവെന്ന് കണ്ടെത്തുക.



ഒന്നും രണ്ടും എസ്റ്റേറ്റുകളെ പേറുന്ന മൂന്നാം എസ്റ്റേറ്റിലെ സാധാരണക്കാരൻ

## ഫ്രാൻസിലെ മധ്യവർഗ്ഗം

വാണിജ്യം, വ്യവസായം, പണമിടപാട് എന്നിവയിലുണ്ടായ പുരോഗതി ഫ്രാൻസിൽ നഗരങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുക്കി. ഇവിടെ വ്യാപാരികളും ബാങ്കർമാരും അഭിഭാഷകരും ഡോക്ടർമാരും അടങ്ങുന്ന ധനികരും വിദ്യാസമ്പന്നരുമായ ഒരു മധ്യവർഗ്ഗം ഉയർന്നുവന്നു. നഗരവാസി എന്നർത്ഥമുള്ള ബൂർഷ്വാസി എന്നറിയപ്പെട്ട ഇവർ ഫ്രാൻസിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളിൽ അസംതൃപ്തരായിരുന്നു. സമ്പത്തിന്റെ ഉത്പാദനത്തിലും ഉടമസ്ഥതയിലും നിർണ്ണായകമായ സ്ഥാനം വഹിച്ചിരുന്ന ഇവർക്ക് ഭരണത്തിൽ അർഹിക്കുന്ന പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഭരണഘടനാനുസൃതമായി തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുക അസാധ്യമാണെന്ന് മനസിലാക്കിയ ഈ വിഭാഗം നിലനിൽക്കുന്ന ഭരണവ്യവസ്ഥ മാറ്റിമറിച്ച് ഫ്രാൻസിനെ വിപ്ലവത്തിലേക്ക് നയിക്കാൻ പ്രവർത്തിച്ചു.

### ബൂർഷ്വാസി (Bourgeoisie)

*ഫ്രഞ്ചു ഭാഷയിലെ ബൂർഷ്വാ എന്ന പദത്തിൽ നിന്നാണ് ബൂർഷ്വാസി എന്ന പദം രൂപം കൊണ്ടത്. ബൂർഷ്വാ എന്ന വാക്കിനർഥം 'നഗരവാസി' എന്നാണ്. ഭൂവുടമകളും അടിയാന്മാരും എന്ന രീതിയിൽ സമൂഹം രണ്ടായിത്തിരിഞ്ഞിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ ഇരുവർക്കുമിടയിൽ കച്ചവടക്കാരുടെ ഒരു പുതിയ വർഗ്ഗം ഉയർന്നുവന്നു. ഈ മധ്യവർഗ്ഗത്തെയാണ് ബൂർഷ്വാ എന്നു വിളിച്ചിരുന്നത്. ഇവരുടെ പിൻമുറക്കാർ വ്യാപാരത്തിലൂടെയും കടൽക്കൊള്ളയിലൂടെയും നേടിയ സമ്പത്തുപയോഗിച്ച് വ്യവസായശാലകൾ ആരംഭിച്ചു. ഇവരായിരുന്നു മുതലാളിത്ത വ്യവസ്ഥയുടെ സ്ഥാപകർ.*

## ചിന്തകരുടെ സ്വാധീനം

യുക്തിബോധത്തിലൂന്നിയ ജ്ഞാനോദയത്തിന്റെ ആവിർഭാവത്തെ പരിചയപ്പെട്ടല്ലോ. ഉയർന്നുവരുന്ന ബൂർഷ്വാസിയുടെ പ്രതിനിധികളായിരുന്നു അതിന്റെ വക്താക്കൾ. ഫ്രാൻസിൽ ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരേ പോരാടാൻ കർഷകർക്കും മധ്യവർഗ്ഗത്തിനും പ്രചോദനമേകിയത് ജ്ഞാനോദയ ചിന്തകരായിരുന്നു. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു; എന്നാൽ എല്ലായിടത്തും അവൻ ചങ്ങലക്കെട്ടിലാണ്' എന്ന റൂസ്സോവിന്റെ വാക്കുകൾ ഫ്രാൻസിനെ അതിതീവ്രതയോടെ വിപ്ലവത്തിലേക്കടുപ്പിച്ചു. സമൂഹത്തിന്റെ അഭിവൃദ്ധിക്കായി ജനങ്ങൾ ഏർപ്പെട്ട ഒരു കരാറിന്റെ ഫലമാണ് രാഷ്ട്രം എന്ന് വാദിച്ച റൂസ്സോവിന്റെ 'സാമൂഹിക ഉടമ്പടി' (Social Contract) എന്ന ഗ്രന്ഥം ഫ്രഞ്ച് ജനതയെ ശക്തമായി സ്വാധീനിച്ചു. അതുപോലെ വോൾത്തെയർ, മൊന്തെസ്ക്യൂ തുടങ്ങിയ ചിന്തകരും നിലവിലിരുന്ന വ്യവസ്ഥയെ ചോദ്യം ചെയ്തു. പള്ളിയേയും പുരോഹിതന്മാരേയും നിശിതമായി വിമർശിച്ച വോൾത്തെയർ ജനങ്ങളെ ഏറെ സ്വാധീനിച്ചു. ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളില്ലാത്ത സ്വതന്ത്രമായ സാമ്പത്തികപ്രവർത്തനങ്ങൾക്കായി വാദിച്ച ഫിസിയോക്രാറ്റുകളും (Pshysiocrats) വിപ്ലവത്തിനനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു.

## രാജാക്കന്മാരുടെ സ്വേച്ഛാധിപത്യം

എല്ലാ അധികാരങ്ങളും കൈയടക്കിയ ഫ്രാൻസിലെ ബൂർബൺ രാജാക്കന്മാർ ധൂർത്തന്മാരും സുഖലോലുപരുമായിരുന്നു. രാജാധികാരം ദൈവദത്തമാണെന്ന നിലയ്ക്ക് അവർ പെരുമാറി. സ്വന്തം അധികാരപരിധി വർദ്ധിപ്പിക്കാൻ അവർ നടത്തിയ

യുദ്ധങ്ങൾ ഫ്രാൻസിന്റെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിച്ചു. രാജാധികാരത്തിനെതിരായ എല്ലാ എതിർപ്പുകളേയും അവർ മൃഗീയമായി അമർച്ച ചെയ്തു. ലൂയി പതിനാലാമന്റെ ഭരണകാലഘട്ടത്തിൽ ഫ്രാൻസിലെ സ്വേച്ഛാധിപത്യം അതിന്റെ പാരമ്യത്തിലെത്തി. അദ്ദേഹത്തിന്റെ ഭരണാന്ത്യത്തോടെ ഫ്രാൻസ് വൻ സാമ്പത്തികത്തകർച്ചയെ നേരിടാൻ തുടങ്ങി. എന്നാൽ ഈ സാമ്പത്തികപ്രതിസന്ധി ഫലപ്രദമായി നേരിടാൻ അദ്ദേഹത്തിന്റെ പിൻഗാമികൾക്കായില്ല. ലൂയി പതിനാറാമന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സമർത്ഥനായ മന്ത്രി ട്യൂർഗോ (Turgot) അനേകം ചെലവ് ചുരുക്കൽ പദ്ധതികൾ നടപ്പിലാക്കുകയും കൃഷിക്കും വ്യാപാരത്തിനും പ്രോത്സാഹനം നൽകുകയും ചെയ്തു. ഫ്രാൻസിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞുവെങ്കിലും ട്യൂർഗോ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ അധികാരത്തിൽനിന്ന് പുറത്താക്കപ്പെട്ടു. തുടർന്ന് ഫ്രാൻസിലെ പ്രസിദ്ധ ബാങ്കറായിരുന്ന നെക്കർ (Necker) അധികാരമേറ്റെടുത്തു. പുരോഗമനപരമായ നടപടികളിലൂടെ അദ്ദേഹം ഫ്യൂഡൽ പ്രഭുക്കന്മാരെ ശത്രുക്കളാക്കി. ട്യൂർഗോയും നെക്കറും നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ ഫ്രാൻസിലെ മധ്യവർഗ്ഗത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ചുള്ളതായിരുന്നു. ഇതാണ് പ്രഭുവർഗ്ഗത്തിന്റെ എതിർപ്പിനിടയാക്കിയത്. നെക്കർ പുറത്താക്കപ്പെട്ടതോടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി. അതിനെ മറികടക്കാൻ പുതിയ നികുതിനിർദ്ദേശങ്ങൾ അവതരിപ്പിക്കാനായി 1789-ൽ ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റായ എസ്റ്റേറ്റ്സ് ജനറൽ വിളിച്ച് ചേർത്തു. 1614-ൽ ആണ് ഇതിന് മുമ്പ് എസ്റ്റേറ്റ്സ് ജനറൽ സമ്മേളിച്ചത്.

### ദേശീയ അസംബ്ലി

ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് എന്നതായിരുന്നു എസ്റ്റേറ്റ്സ് ജനറലിൽ നിലനിന്നിരുന്ന വോട്ടിംഗ് രീതി. മൂന്ന് എസ്റ്റേറ്റുകളും ഒന്നിച്ച് സമ്മേളിച്ചില്ലെങ്കിൽ പ്രഭുക്കന്മാരുടെയും പുരോഹിതന്മാരുടെയും ഉപരിസഭകൾ സംയുക്തമായി തങ്ങളെ പരാജയപ്പെടുത്തും എന്ന് മൂന്നാമത്തെ എസ്റ്റേറ്റായ കോമൺസിലെ പ്രതിനിധികൾക്ക് ബോധ്യപ്പെട്ടു. തുടർന്ന് മൂന്ന് സഭകളും ഒന്നിച്ച് ചേരണമെന്നും ഒരു എസ്റ്റേറ്റിന് ഒരു വോട്ട് എന്നതിന് പകരം ഒരാൾക്ക് ഒരു വോട്ട് എന്ന തത്ത്വത്തിൽ സഭാനടപടികൾ നടത്തണമെന്നും അവർ ആവശ്യപ്പെട്ടു. എന്നാൽ ഈ ആവശ്യത്തെ മറ്റ് രണ്ട് എസ്റ്റേറ്റുകൾ എതിർത്തു. തുടർന്ന് കോമൺസ് 'ദേശീയ അസംബ്ലി'യെന്ന് സ്വയം നാമകരണം ചെയ്ത് അടുത്തുള്ള ഒരു ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു. അവർ ഫ്രാൻസിന് ഒരു ഭരണഘടന തയ്യാറാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി.



**ടെന്നീസ് കോർട്ട് പ്രതിജ്ഞ**

*ദേശീയ അസംബ്ലിയെന്ന് സ്വയം നാമകരണം ചെയ്ത മൂന്നാമത്തെ എസ്റ്റേറ്റ് 1789 ജൂൺ 20-ന് എസ്റ്റേറ്റ് ജനറൽ സമ്മേളിക്കാറുള്ള ഹാളിലേക്ക് വന്നപ്പോൾ അത് പൂട്ടിയിട്ടിരിക്കുകയായിരുന്നു. തുടർന്ന് അവർ അടുത്തുള്ള ഒരു ടെന്നിസ് കോർട്ടിൽ സമ്മേളിക്കുകയും ഫ്രാൻസിന് ഒരു ഭരണഘടന തയ്യാറാക്കുന്നതുവരെ തിരികെ പോകില്ല എന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു. 'ടെന്നിസ് കോർട്ട് പ്രതിജ്ഞ' എന്നറിയപ്പെടുന്ന ഈ സംഭവം ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കാം.*

### ബാസ്തീയിന്റെ പതനം

ദേശീയ അസംബ്ലിയിലെ നേതാക്കൾ ഉടൻ തന്നെ അറസ്റ്റ് ചെയ്യപ്പെടും എന്ന തരത്തിലുള്ള ധാരാളം കിംവദന്തികളും തെറ്റായ വാർത്തകളും ഈ സമയത്ത് പാരീസിൽ പ്രചരിച്ചു. വമ്പിച്ച ജനപിന്തുണയോടെ രൂപീകരിക്കപ്പെട്ട ദേശീയ അസംബ്ലിയെ തകർക്കാൻ ശ്രമിക്കുന്നതായുള്ള ഇത്തരം വാർത്തകൾ കഠിനമായ ഭക്ഷ്യദൗർലഭ്യത്താൽ വലഞ്ഞിരുന്ന ജനങ്ങളെ പ്രകോപിപ്പിച്ചു. അവർ 1789 ജൂലൈ 14-ന് പാരീസിൽ സ്ഥിതി ചെയ്തിരുന്ന ബാസ്തിയ് (Bastille) കോട്ട പിടിച്ചെടുത്ത് തകർത്തു. രാജാധിപത്യത്തിന്റെ പ്രതീകമായിരുന്ന ഈ കോട്ടയുടെ



ബാസ്തീയിന്റെ തകർച്ച

പതനം നടന്ന ജൂലൈ 14 ഫ്രാൻസിന്റെ ദേശീയദിനമായി ആചരിക്കപ്പെടുന്നു. തുടർന്ന് ദേശീയ അസംബ്ലി ഭരണഘടനാ നിർമ്മാണസഭ എന്ന് സ്വയം നാമകരണം ചെയ്തുകൊണ്ട് ഫ്രാൻസിന് ഒരു ഭരണഘടന തയ്യാറാക്കി. ഈ ഭരണഘടനയുടെ ആമുഖം റൂസ്സോവിന്റെ ആശയങ്ങളുടെ പ്രതിഫലനമായ 'മനുഷ്യാവകാശ പ്രഖ്യാപനം' എന്ന പ്രമാണമായിരുന്നു. *എല്ലാ മനുഷ്യരും തുല്യരും സ്വതന്ത്രരുമാണ്. ജനങ്ങളാണ് പരമാധികാരികൾ. ജനങ്ങളുടെ താത്പര്യത്തിന്റെ പ്രതിഫലനമാണ് നിയമങ്ങൾ. ജനങ്ങൾ നേരിട്ടോ തങ്ങളുടെ പ്രതിനിധികളിലൂടെയോ അതിൽ പങ്കാളികളാകുന്നു* എന്നൊക്കെ മനുഷ്യാവകാശ പ്രഖ്യാപനം ലോകത്തോട് വിളംബരം ചെയ്തു. ജനാഭിലാഷം ഉൾക്കൊണ്ട് നിരവധി നിയമനിർമ്മാണങ്ങൾ നടത്താനും ഈ കാലഘട്ടത്തിൽ ദേശീയ അസംബ്ലിക്ക് കഴിഞ്ഞു. ഈ നിയമങ്ങൾ വഴി ഫ്രാൻസിൽ ഭരണപരവും സാമ്പത്തികവും മതപരവുമായ രംഗങ്ങളിൽ അനേകം പരിഷ്ക്കാരങ്ങൾ നിലവിൽ വന്നു.



ബാസ്തീയ് കോട്ട ഫ്രഞ്ച് ജനതയുടെ പ്രതിഷേധത്തിന് ഇരയായത് എന്തുകൊണ്ടാണ്? തൊഴിലാളികളും സാധാരണക്കാരും ഈ വിപ്ലവത്തിൽ ആവേശത്തോടെ പങ്കാളികളാകാൻ കാരണമെന്ത്? ചർച്ച ചെയ്യുക.

### ദേശീയ അസംബ്ലിയുടെ പരിഷ്ക്കാരങ്ങൾ

- ഫ്രാൻസിലാകമാനം ഏകരൂപമായ ഒരു ഭരണ വ്യവസ്ഥ ഏർപ്പെടുത്തി.
- ക്രൈസ്തവസഭ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലായി.
- സഭയുടെ ഭൂസ്വത്ത് ദേശസാൽക്കരിച്ചു.
- എല്ലാ വിഭാഗങ്ങൾക്കും തുല്യനികുതി ചുമത്തി.
- പ്രഭുക്കന്മാരുടെ പ്രത്യേക അവകാശങ്ങൾ നിർത്തലാക്കി.
- ഫ്യൂഡലിസം നിർമ്മാർജ്ജനം ചെയ്തു.
- ഭരണഘടനാവിധേയമായ രാജവാഴ്ച നിലവിൽ വന്നു.

പുതിയ ഭരണഘടന പ്രകാരം ഒരു നിയമനിർമ്മാണ സഭ ഉണ്ടായി. അതിവിപ്ലവകരമായ ആശയങ്ങളുടെ വക്താക്കളായിരുന്ന ജാക്കോബിനുകളും മിതവാദികളായ ജിറോണ്ടിസ്റ്റുകളും ആയിരുന്നു ഇതിലെ പ്രധാന കക്ഷികൾ. ഭരണഘടനാവിധേയമായ രാജവാഴ്ച്ചയ്ക്ക് പകരം റിപ്പബ്ലിക്കൻ ഭരണരീതിയോടായിരുന്നു ജാക്കോബിനുകൾ താത്പര്യം പ്രകടിപ്പിച്ചത്. 1792-ൽ ദേശീയ കൺവെൻഷൻ എന്നറിയപ്പെടുന്ന പുതിയ നിയമനിർമ്മാണസഭ സമ്മേളിച്ച് ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. രാജവാഴ്ചയെ ഒഴിവാക്കിക്കൊണ്ടുള്ള ഭരണരീതി എന്നതായിരുന്നു റിപ്പബ്ലിക് എന്നതുകൊണ്ട് അവർ ഉദ്ദേശിച്ചിരുന്നത്. തുടർന്ന് രാജ്യദ്രോഹക്കുറ്റം ചുമത്തി ജാക്കോബിനുകളുടെ നേതൃത്വത്തിൽ ലൂയി പതിനാറാമനേയും പത്നിയേയും വധശിക്ഷയ്ക്ക് വിധേയരാക്കി.

ലൂയി പതിനാറാമന്റെ വധത്തെ തുടർന്ന് പല അയൽരാജ്യങ്ങളും ഫ്രാൻസിനോട് യുദ്ധം പ്രഖ്യാപിച്ചു. തുടർന്ന് ഫ്രാൻസിൽ പലയിടങ്ങളിലും ആഭ്യ



ഫ്രാൻസ് ഒരു റിപ്പബ്ലിക് ആയി മാറുന്നതിന് മധ്യവർഗ്ഗത്തിന്റെ ഉയർച്ച എങ്ങനെ കാരണമായി എന്ന് പരിശോധിക്കുക.



ലൂയി പതിനാറാമന്റെ വധശിക്ഷ



ഗില്ലറ്റിൻ

ന്തരകലാപങ്ങൾ പൊട്ടിപുറപ്പെട്ടു. ഈ സ്ഥിതിവിശേഷത്തെ നേരിടാൻ ഒരു പൊതുരക്ഷാസമിതിക്ക് രൂപം നൽകി. ഇതിന്റെ തലവനായി റോബസ്പിയർ (Robespierre) കടന്നുവന്നതോടെ വിപ്ലവഭരണകൂടത്തിന് അതിന്റെ ജനകീയ സ്വഭാവം നഷ്ടപ്പെട്ടു. ഇത് ഫ്രാൻസിൽ ഭീകരവാഴ്ച്ചയ്ക്ക് തുടക്കം കുറിച്ചു. തന്നെ എതിർത്ത ജനങ്ങളേയും വിപ്ലവകാരികളേയും ഗില്ലറ്റിൻ എന്ന യന്ത്രം ഉപയോഗിച്ച് അദ്ദേഹം നിഷ്ക്കരുണം കൂട്ടക്കൊല ചെയ്തു. രോഷാകുലരായ ജനങ്ങൾ ഒടുവിൽ റോബസ്പിയറെ ഗില്ലറ്റിന് ഇരയാക്കിയതോടെ ഭീകരവാഴ്ച അവസാനിച്ചു. തുടർന്ന് വിദേശ ആക്രമണങ്ങളെ ഫ്രഞ്ച് സൈന്യം പരാജയപ്പെടുത്തി. ദേശീയ കൺവെൻഷൻ പുതിയൊരു ഭരണഘടനക്ക് രൂപം നൽകി. ഈ ഭരണഘടനപ്രകാരം ഒരു ദ്വിമണ്ഡലനിയമനിർമ്മാണസഭ നിലവിൽ വന്നു. ഇതിന്റെ കാര്യനിർവ്വഹണാധികാരം അഞ്ച് ഡയറക്ടർമാർ അടങ്ങുന്ന ഡയറക്ടറി എന്ന സമിതിക്കായിരുന്നു. പരിമിതമായ അധികാരങ്ങൾ മാത്രമുണ്ടായിരുന്ന ഡയറക്ടറിക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 1799-ൽ ഡയറക്ടറിയെ പുറത്താക്കിക്കൊണ്ട് നെപ്പോളിയൻ ബോണപ്പാർട്ട് അധികാരം പിടിച്ചെടുത്തു.

### ടിപ്പു സുൽത്താനും ഫ്രഞ്ച് വിപ്ലവവും



ടിപ്പുസുൽത്താൻ

*ഫ്രഞ്ച് വിപ്ലവം ലോകത്തെ മുഴുവൻ സ്വാധീനിച്ചു. ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം മൈസൂരിലെ ഭരണാധികാരിയായിരുന്ന ടിപ്പുസുൽത്താനിലൂടെയാണ് ഇന്ത്യയിൽ പ്രകടമായത്. ഫ്രഞ്ച് വിപ്ലവാശയങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അദ്ദേഹം തന്റെ തലസ്ഥാനമായ ശ്രീരംഗപട്ടണത്ത് സ്വാതന്ത്ര്യത്തിന്റെ മരം (Tree of Liberty) നട്ടു. വിപ്ലവകാലത്ത് ഫ്രാൻസിൽ രൂപം കൊണ്ട ജാക്കോബിൻ ക്ലബിൽ അംഗമായി.*

## നെപ്പോളിയൻ

ഫ്രഞ്ച്വിപ്ലവം നിർമ്മാർജ്ജനം ചെയ്ത അധികാരവ്യവസ്ഥയേയും സാമൂഹ്യഘടനയേയും ഫ്രാൻസിൽ തിരികെ കൊണ്ടുവരാനും ഈ വിപ്ലവത്തിന്റെ നേട്ടങ്ങളെ ഇല്ലായ്മ ചെയ്യാനും ഇംഗ്ലണ്ടിന്റെ നേതൃത്വത്തിൽ മറ്റ് യൂറോപ്യൻ രാഷ്ട്രങ്ങൾ ശ്രമിച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾക്ക് ഫ്രാൻസിലുണ്ടായ വിജയം അവരെ ഭയപ്പെടുത്തി. ഇംഗ്ലണ്ടിന് പുറമേ ആസ്ട്രിയ, റഷ്യ, പ്രഷ്യ എന്നീ രാജ്യങ്ങളടങ്ങുന്ന സഖ്യശക്തികളെ നെപ്പോളിയൻ പരാജയപ്പെടുത്തി. 1804-ൽ അദ്ദേഹം ഫ്രാൻസിന്റെ ചക്രവർത്തിയായി സ്വയം പ്രഖ്യാപിച്ചു. ഫ്രാൻസിന്റെ നേതൃത്വത്തിൽ ഒരു ഏകീകൃത യൂറോപ്പ് രൂപീകരിക്കുന്നതിനായി 1799-നും 1815-നും ഇടയിൽ യൂറോപ്പിനെയാകെ വിറപ്പിച്ച് ധാരാളം യുദ്ധങ്ങൾ നെപ്പോളിയൻ നടത്തി. സ്പെയിൻ, റഷ്യ, റൈൻ പ്രദേശം, കോർസിക്ക, പോളണ്ട്, നേപ്പിൾസ് തുടങ്ങിയ രാജ്യങ്ങളിൽ അദ്ദേഹം ആധിപത്യം സ്ഥാപിച്ചു.

ബ്രിട്ടനെ സാമ്പത്തികമായി കീഴടക്കിയാൽ യൂറോപ്പിന്റെ മേൽ ആധിപത്യം നേടാം എന്ന് മനസ്സിലാക്കിയ അദ്ദേഹം ബ്രിട്ടനെതിരെ കോണ്ടിനെന്റൽ വ്യവസ്ഥ നടപ്പിലാക്കി. ബർലിൻ ശാസനങ്ങൾ എന്ന പേരിൽ ഈ സാമ്പത്തിക ഉപരോധങ്ങൾ 1806 ലാണ്


നെപ്പോളിയൻ ബോണപ്പാർട്ട്


ലോകത്തെ വെട്ടിമുറിച്ച് യുറോപ്പിനെ നെപ്പോളിയനും സമുദ്രങ്ങളെ ബ്രിട്ടീഷ് പ്രധാനമന്ത്രി വില്യം പിറ്റും കൈയടക്കുന്നതിന്റെ കാർട്ടൂൺ ചിത്രം

അദ്ദേഹം ഔപചാരികമായി പ്രഖ്യാപിച്ചത്. സാമ്പത്തിക രംഗത്ത് ബ്രിട്ടനെതിരായി യൂറോപ്പിലെ മറ്റു രാഷ്ട്രങ്ങളെ അണിനിരത്തുക എന്നതായിരുന്നു ഇതിലൂടെ അദ്ദേഹം ലക്ഷ്യമിട്ടത്. എന്നാൽ യൂറോപ്പിനെ മുഴുവൻ അധീനതയിലാക്കാൻ നെപ്പോളിയന് കഴിയാതിരുന്നതിനാൽ ഇത് പരാജയപ്പെട്ടു. ലോകത്തിന്റെ സമുദ്രാധിപത്യം കൈയ്യടക്കിയിരുന്ന ഇംഗ്ലണ്ട് 'ഓർഡേർസ് ഇൻ കൗൺസിൽ' എന്ന പ്രഖ്യാപനത്തിലൂടെ ഫ്രാൻസിനെ ഉപരോധിച്ചു.

ഫ്രാൻസിൽ ദേശീയഐക്യം ഉണ്ടാക്കാൻ നെപ്പോളിയന്റെ നയങ്ങൾക്ക് കഴിഞ്ഞു. പ്രഭുക്കന്മാരോടും പുരോഹിതന്മാരോടുമൊപ്പം സമൂഹത്തിൽ ഇടപെടാൻ മധ്യവർഗ്ഗത്തിനും അവസരം ലഭിച്ചു. കത്തോലിക്കാസഭയെ സർക്കാർ നിയന്ത്രണത്തിലാ





ഭൂപടത്തിൽ നെപ്പോളിയൻ കീഴടക്കിയ പ്രദേശങ്ങൾ കണ്ടെത്തുക. യൂറോപ്പ് കീഴടക്കുക എന്ന തന്റെ ലക്ഷ്യം പ്രാവർത്തികമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ എന്ന് പരിശോധിക്കുക.

ക്കി. കർഷകരെ ഫ്യൂഡൽ പ്രഭുക്കന്മാരുടെ പിടിയിൽ നിന്നും മോചിപ്പിച്ച് കൃഷിഭൂമിയുടെ ഉടമകളാക്കി. ഫ്രാൻസിന്റെ സാമ്പത്തികഭദ്രതയ്ക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു. പൊതുവിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കടമയാക്കി മാറ്റി. ഫ്രാൻസ് ഈ കാലഘട്ടത്തിൽ ഗതാഗതരംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഫ്രാൻസിൽ നിലവിലുണ്ടായിരുന്ന നിയമങ്ങൾ ക്രോഡീകരിച്ച് നെപ്പോളിയൻ തയ്യാറാക്കിയ നിയമസംഹിതയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ സംഭാവന. ഫ്യൂഡൽ ഭരണരീതിയിൽ നിന്ന് റിപ്പബ്ലിക്കൻ ഭരണരീതിലേക്കുള്ള മാറ്റം നെപ്പോളിയൻ കൊണ്ടുവന്നു.

നെപ്പോളിയന്റെ മുന്നേറ്റം യൂറോപ്യൻ രാജ്യങ്ങളിൽ നിലനിന്നിരുന്ന രാജവാഴ്ചകളെ ഭയപ്പെടുത്തി. അധികാരം നഷ്ടപ്പെടുമെന്ന് ഭയന്ന രാജാക്കന്മാർ ബ്രിട്ടന്റെ നേതൃത്വത്തിൽ നെപ്പോളിയനെതിരെ ഒന്നിച്ചു. 1815-ൽ വാട്ടർലൂ എന്ന സ്ഥലത്ത് നടന്ന യുദ്ധത്തിൽ അദ്ദേഹം ബ്രിട്ടന്റെ നേതൃത്വത്തിലുള്ള സഖ്യശക്തികൾക്ക് കീഴടങ്ങി.

### വിയന്ന സമ്മേളനം

നെപ്പോളിയന്റെ പരാജയം രാജവാഴ്ച്ചയുടേയും പ്രഭുവർഗ്ഗത്തിന്റേയും വിജയമായി മാറി. നെപ്പോളിയൻ മാറ്റിമറിച്ച യൂറോപ്പിന്റെ രാഷ്ട്രീയഭൂപടത്തെ പൂർവ്വസ്ഥിതിയിലേക്ക് മടക്കിക്കൊണ്ടു വരാൻ 1815-ൽ വിയന്നയിൽ ചേർന്ന സമ്മേളനം തീരുമാനമെടുത്തു. ആസ്ട്രിയൻ ചാൻസലറായിരുന്ന മെറ്റേർണിക്ക് നേതൃത്വം നൽകിയ ഈ സമ്മേളനം യൂറോപ്പിന്റെ ദേശീയതയേയും ജനാധിപത്യത്തേയും നിഷേധിക്കുകയും ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങളെ നിരാകരിക്കുകയും ചെയ്തു. ഫ്രഞ്ച് വിപ്ലവത്തിനുശേഷം ഫ്രാൻസിനെതിരെ ഒറ്റക്കെട്ടായി നിന്ന യൂറോപ്യൻ രാഷ്ട്രങ്ങൾ വിയന്ന സമ്മേളനത്തിനുശേഷം ഭിന്നിക്കാൻ തുടങ്ങി.

**മെറ്റേർണിക്ക് വ്യവസ്ഥ**

*ന്യായദീക്ഷ (legitimacy), പുനഃസ്ഥാപനം (restoration), നഷ്ടപരിഹാരം (compensation) എന്നിവയായിരുന്നു മെറ്റേർണിക്ക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനതത്ത്വങ്ങൾ. നെപ്പോളിയന്റെ ആക്രമണങ്ങളിൽ രാജ്യഭരണം നഷ്ടപ്പെട്ട ഭരണാധികാരികളെ പുനഃസ്ഥാപിക്കാനും നെപ്പോളിയന്റെ പതനത്തിനായി പ്രയത്നിച്ചവർക്ക് പ്രതിഫലം നൽകാനും നെപ്പോളിയനെ സഹായിച്ചവരുടെ രാജ്യങ്ങൾ പങ്കിട്ടെടുക്കാനും ഈ സമ്മേളനം തീരുമാനിച്ചു. ഫ്രാൻസല്ല, നെപ്പോളിയനാണ് എല്ലാ യുദ്ധങ്ങൾക്കും കാരണക്കാരൻ എന്ന് വാദിച്ച താലേറാ (Talleyrand) എന്ന ഫ്രഞ്ച് നയതന്ത്രജ്ഞൻ ഫ്രാൻസിനെ വിഭജനശിക്ഷയിൽ നിന്നും രക്ഷിച്ചു.*

### വ്യവസായവിപ്ലവം

ശാസ്ത്രരംഗത്ത് മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ നമ്മൾ ചർച്ച ചെയ്തല്ലോ. ശാസ്ത്രത്തിന്റേയും യന്ത്രങ്ങളുടേയും സഹായത്തോടെ മനുഷ്യൻ തന്റെ ചുറ്റുപാടുകളെ നിയന്ത്രിക്കാൻ തുടങ്ങിയത് സാമ്പത്തികസാമൂഹ്യമേഖലകളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സൃഷ്ടിച്ചു. ഇംഗ്ലണ്ടിൽ 18-ാം നൂറ്റാണ്ട് മുതൽ ആരംഭിച്ച സമൂലമായ ഈ പരിവർത്തനത്തെയാണ് വ്യവസായവിപ്ലവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മനുഷ്യാധ്വാനത്തിന്റെ സ്ഥാനത്ത് യന്ത്രോപകരണങ്ങൾ സ്ഥാനം നേടിയതായിരുന്നു ഇതിന്റെ പ്രധാന സവിശേഷത. ഇതിന്റെ വിശദാംശങ്ങൾ മുൻക്ലാസുകളിൽ ചർച്ചചെയ്തതാണല്ലോ.

ഇംഗ്ലണ്ടിലാണ് ആരംഭിച്ചതെങ്കിലും വ്യവസായവിപ്ലവത്തിന്റെ സ്വാധീനം ആഗോളവ്യാപകമായിരുന്നു. ഫാക്ടറി സമ്പ്രദായത്തിന്റെ ആവിർഭാവമായിരുന്നു ഇതിന്റെ പ്രധാനഫലങ്ങളിലൊന്ന്. വ്യവസായരംഗത്തെ കുതിച്ചുചാട്ടം, യന്ത്രങ്ങൾ, ഗതാഗതം എന്നീ മേഖലകളിൽ വൻതോതിലുള്ള മൂലധനനിക്ഷേപം അനിവാര്യമാക്കി. ഇത് ബാങ്കുകളുടേയും മൂലധനത്തിന്റെ കൂട്ടുസംരംഭമായ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടേയും ആവിർഭാവത്തിനിടയാക്കി. മൂലധനനിക്ഷേപരംഗത്തെ ഓഹരികളുടെ പങ്കാളിത്തം വ്യക്തികൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ സാധ്യതയെ ലഘൂകരിച്ചു. മധ്യകാലത്തെ ഗിൽഡ് സമ്പ്രദായത്തെ നിങ്ങൾക്ക് പരിചയമുണ്ടല്ലോ. അതിൽനിന്ന് ഫാക്ടറി സമ്പ്രദായത്തിലേക്കുള്ള വ്യവസായരംഗത്തെ മാറ്റം മൂലധനത്തിന്റെ ഉടമയായ മുതലാളിയും അധ്വാനിക്കുന്ന തൊഴിലാളിയും തമ്മിലുള്ള ബന്ധത്തിൽ മാറ്റങ്ങളുണ്ടാക്കി. മുതലാളിമാർ തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാനായി തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകുകയും അവരെ കൂടുതൽ സമയം പണിയെടുപ്പിക്കുകയും ചെയ്തു.



ഫാക്ടറി സമ്പ്രദായത്തിലേക്ക് മാറിയ ഒരു തുണിമിൽ



ചാൾസ് ഡിക്കൻസിന്റെ 'ഒലിവർ ട്വിസ്റ്റ്', 'ഡേവിഡ് കോപ്പർഫീൽഡ്' എന്നീ നോവലുകളിൽ വ്യവസായ വിപ്ലവാനന്തര സമൂഹത്തിലെ തൊഴിലാളികളും കുട്ടികളും അനുഭവിക്കുന്ന കഷ്ടപ്പാടുകൾ തന്മയത്വത്തോടെ വിവരിക്കുന്നുണ്ട്. ഈ ഗ്രന്ഥങ്ങളുടേയും മുൻക്ലാസുകളിൽ രൂപപ്പെട്ട ധാരണകളുടേയും അടിസ്ഥാനത്തിൽ വ്യവസായ വിപ്ലവാനന്തരം ഇംഗ്ലണ്ടിലെ നഗരങ്ങളിലും ഫാക്ടറികളിലും ഖനികളിലും തൊഴിലാളികളും സ്ത്രീകളും കുട്ടികളും നേരിടേണ്ടിവന്ന ചൂഷണത്തെ വിലയിരുത്തുക.

ഇംഗ്ലണ്ടിൽ വ്യവസായവിപ്ലവത്തിന്റെ ഫലമായി ഉയർന്നുവന്ന പുതിയ മുതലാളിവർഗ്ഗം സമൂഹത്തിലും രാഷ്ട്രീയത്തിലും പ്രഭുവർഗ്ഗത്തിന് തുല്യമായ സ്ഥാനം ആവശ്യപ്പെട്ടു. എന്നാൽ ഈ ആവശ്യത്തെ പ്രഭുക്കന്മാർ എതിർത്തു. പ്രഭുക്കന്മാരുടേയും രാജാവിന്റേയും എതിർപ്പിനെ മറികടന്ന് 1832-ൽ ഇംഗ്ലീഷ് പാർലമെന്റ് പരിഷ്ക്കരണ നിയമം (Reform Act) പാസ്സാക്കി. ഈ നിയമപ്രകാരം ഇംഗ്ലണ്ടിലെ മുതലാളിമാർക്ക് വോട്ടവകാശം ലഭിച്ചു. തത്ഫലമായി ഇംഗ്ലണ്ടിലെ ഓരോ പ്രദേശത്തും നിലനിന്നിരുന്ന കുടുംബവാഴ്ച അവസാനിച്ചു. ഇംഗ്ലീഷ് പാർലമെന്റിലെ പ്രഭുസഭ (House of Lords) യ്ക്ക് മേൽ സാധാരണക്കാരുടെ സഭ (House of Commons) നേടിയ വിജയം കൂടിയായിരുന്നു ഇത്. എന്നാൽ ഈ നിയമം തൊഴിലാളികൾക്ക് വോട്ടവകാശം നൽകിയില്ല. തുടർന്ന് തൊഴിലാളികൾക്ക് വോട്ടവകാശം നേടുന്നതിനായി ഇംഗ്ലണ്ടിൽ നിലവിൽവന്ന പ്രസ്ഥാനമാണ് ചാർട്ടിസ്റ്റ് പ്രസ്ഥാനം. ശക്തമായ പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിക്കൊണ്ട് ചാർട്ടിസ്റ്റ് പ്രസ്ഥാനം തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുത്തത് മുൻക്ലാസുകളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

മുതലാളിമാരുടെ താത്പര്യങ്ങൾക്കനുസരിച്ച് വ്യവസായങ്ങളിൽ സർക്കാർ ഇടപെടാതിരിക്കുക എന്ന നയമാണ് ലെസേ-ഫെയർ സിദ്ധാന്തം (Laissez-Faire). ഇതാണ് ബ്രിട്ടീഷ് ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. മുതലാളിമാരുടെ വിവിധ ചൂഷണങ്ങൾക്കും സ്വന്തം ജീവിതദുരിതങ്ങൾക്കുമെതിരായ പ്രതിഷേധവും തൊഴിലാളികളിൽ ഐക്യബോധം ഉണ്ടാക്കി. അത് തൊഴിലാളി പ്രസ്ഥാനങ്ങൾക്കും തൊഴിൽ നിയമങ്ങൾക്കും കാരണമായി. തത്ഫലമായി 'ഇടപെടാതിരിക്കൽ നയം' ഉപേക്ഷിച്ച് ഫാക്ടറികളിലെ സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി സർക്കാരിന് ഫാക്ടറി നിയമങ്ങൾ പാസ്സാക്കേണ്ടി വന്നു. ഈ നിയമങ്ങൾ അനേകം മാറ്റങ്ങൾക്ക് കാരണമായി.

- ഫാക്ടറികൾ സന്ദർശിക്കാനും പരിശോധിക്കാനും ഉദ്യോഗസ്ഥരെ നിയമിച്ചു.
- ഒൻപത് വയസിൽ താഴെയുള്ള കുട്ടികളെ ഫാക്ടറികളിൽ പണിയെടുപ്പിക്കുന്നത് നിരോധിച്ചു.
- സ്ത്രീകളുടെ പ്രവൃത്തിസമയം പത്ത് മണിക്കൂറാക്കി കുറച്ചു.



വ്യവസായവിപ്ലവത്തിന്റെ ഭാഗമായി തൊഴിലിടങ്ങളിൽ ഉയർന്നുവന്ന വിവിധതരം ചൂഷണങ്ങൾ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ ഉദയത്തിന് കാരണമായി. ഈ പ്രസ്താവന വിശകലനം ചെയ്യുക.

## മുതലാളിത്തത്തിന്റെ സിദ്ധാന്തങ്ങൾ

വ്യാവസായികവിപ്ലവാനന്തരം വ്യവസായികൾക്കനുകൂലമായ ചില സാമ്പത്തികസിദ്ധാന്തങ്ങൾ രൂപം കൊണ്ടു. ഇവ പിൽക്കാലത്ത് രാഷ്ട്രീയ സിദ്ധാന്തങ്ങളെ സ്വാധീനിച്ചു. സാമ്പത്തിക ശാസ്ത്രജ്ഞന്മാരായ ആഡം സ്മിത്ത്, തോമസ് മാൽത്തൂസ്, ഡേവിഡ് റിക്കാർഡോ, എന്നിവർ രൂപം നൽകിയ സ്വതന്ത്ര സാമ്പത്തികസിദ്ധാന്തങ്ങളനുസരിച്ച് സമ്പത്ത് കൈവശമുള്ളവർക്ക് അത് എങ്ങനെ ചെലവാക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശവും ഉണ്ട്.



ആഡം സ്മിത്ത്

സാമ്പത്തികപ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നതിനെ അവർ ശക്തമായി വിമർശിച്ചു. അവരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ചുമതല ക്രമസമാധാനപാലനം, സ്വകാര്യസ്വത്തിന്റെ സംരക്ഷണം എന്നിവ മാത്രമായിരുന്നു. തൊഴിലാളികളുടെ സേവനവേതനവ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിൽ കൂട്ടായ വിലപേശലോ ബാഹ്യശക്തികളുടെ ഇടപെടലോ പാടില്ല എന്ന് അവർ വാദിച്ചു. ഈ കാലഘട്ടത്തിൽ ഉയർന്നു വന്ന രാഷ്ട്രീയസിദ്ധാന്തമായിരുന്നു പ്രയോജനാവാദം (Utilitarianism). ജെറമൈ ബെൻതാം (Jeremay Bentham) ആയിരുന്നു ഇതിന്റെ പ്രധാന വക്താവ്. രാജ്യത്തിന്റെ താത്പര്യത്തിനുപരിയായി വ്യക്തിപരമായ നേട്ടങ്ങൾക്കാണ് ഈ വാദം പ്രാധാന്യം നൽകിയത്. വാണിജ്യവ്യവസായികരംഗങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടലിനെ എതിർത്തിരുന്ന യൂട്ടിലിറ്റേറിയൻ ചിന്തകന്മാർ പൊതുവെ പിന്തുണച്ചത് ജനാധിപത്യക്രമത്തെയാണ്.



വ്യവസായവിപ്ലവാനന്തരം രൂപംകൊണ്ട സാമ്പത്തികരാഷ്ട്രീയസിദ്ധാന്തങ്ങൾ മുതലാളിത്ത വ്യവസ്ഥയെ പോഷിപ്പിക്കാൻ പ്രേരകമായി-ഈ പ്രസ്താവന വിശകലനം ചെയ്യുക.

## സോഷ്യലിസത്തിന്റെ വരവ്

മുതലാളിത്തസമ്പ്രദായത്തിന്റെ ചൂഷണങ്ങൾക്കെതിരായി ഉയർന്നുവന്ന ആശയമാണ് സോഷ്യലിസം. ഉത്പാദനവും വിതരണവും പൊതുഉടമയിലും നിയന്ത്രണത്തിലും കൊണ്ടുവരുന്ന സാമൂഹ്യവ്യവസ്ഥയാണ് ഇതിന്റെ ലക്ഷ്യം. റോബർട്ട് ഓവൻ (Robert Owen), ചാൾസ് ഫൂറിയർ (Charles Fourier), സെന്റ് സൈമൺ (Saint Saimon) എന്നിവരായിരുന്നു സോഷ്യലിസ്റ്റ് മാതൃകയുടെ ആദ്യകാല വക്താക്കൾ. ഓരോരുത്തരും അവരവരുടെ ജോലി ചെയ്യുകയും അതിന്റെ ഫലമായുണ്ടാകുന്ന കൂട്ടുൽപ്പാദനം പങ്കിടുകയും ചെയ്യുന്ന സഹകരണസംഘങ്ങൾ വഴിയുള്ള ഒരു സാമൂഹ്യസംവിധാനമായിരുന്നു അവർ വിഭാവനം ചെയ്തത്. ആദർശവാദത്തിനപ്പുറം പ്രായോഗികതയും ശാസ്ത്രീയ കാഴ്ചപ്പാടും ഇല്ലാതിരുന്നതിനാൽ ഇത് ഉട്ടോപ്പിയൻ സോഷ്യലിസം എന്നറിയപ്പെട്ടു. ഉത്പാദനവും വിതരണവും ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരിക്കണമെന്നും സാധനങ്ങൾ ഉത്പാദിപ്പിക്കുവാൻ ഗവൺമെന്റ് സ്റ്റേറ്റ് വർക്ക്ഷോപ്പുകൾ നടത്തണമെന്നും തൊഴിലാളികൾക്ക് തുല്യനിലയിൽ വേതനവും ലാഭത്തിൽ ഒരു പങ്കും നൽകണമെന്നും ലൂയി ബ്ലാങ്കിന്റെ (Louis Blanc) നേതൃത്വത്തിലുള്ള സ്റ്റേറ്റ് സോഷ്യലിസം എന്ന പ്രസ്ഥാനം ആവശ്യപ്പെട്ടു. ഇത് കൂട്ടുടമസമ്പ്രദായം (Collectivism) എന്നും അറിയപ്പെട്ടു. പ്രൂധോൻ (Proudhon) നേതൃത്വം നൽകിയിരുന്ന സിൻഡിക്കലിസം സോഷ്യലിസത്തിന്റെ മറ്റൊരു രൂപമായിരുന്നു. ഫാക്ടറികളെ നിയന്ത്രിക്കുന്നതിന് തൊഴിലാളികളുടേയും ഉപഭോക്താക്കളുടേയും സംയുക്ത കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സിൻഡിക്കലിസ്റ്റുകൾ അഭിപ്രായപ്പെട്ടു. സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഒരു സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കണമെന്നാണ് ബർണാഡ് ഷായുടെ നേതൃത്വത്തിലുള്ള ഫാബിയൻ സോഷ്യലിസ്റ്റുകൾ അഭിപ്രായപ്പെട്ടത്.



റോബർട്ട് ഓവൻ



ബർണാഡ് ഷാ



മുതലാളിത്തവ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായി സോഷ്യലിസത്തിന്റെ വക്താക്കൾ മുന്നോട്ടുവെച്ച പ്രവർത്തനപദ്ധതിയുടെ സവിശേഷതകൾ എന്ത്? ഉട്ടോപ്പിയൻ സോഷ്യലിസം എന്ന പേരിന്റെ യുക്തി ചർച്ച ചെയ്യുക.

## ശാസ്ത്രീയ സോഷ്യലിസം

സോഷ്യലിസ്റ്റ് ആശയങ്ങളെ ശാസ്ത്രീയമായ ഒരു ദർശനമായും പുരോഗതിക്കുള്ള പ്രായോഗികപരിപാടിയായും വികസിപ്പിച്ചത് കാറൽ മാർക്സായിരുന്നു (Karl Marx). അദ്ദേഹത്തിന്റെ ആശയങ്ങൾ ശാസ്ത്രീയസോഷ്യലിസം എന്നറിയപ്പെടുന്നു. 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ', 'മൂലധനം', 'മിച്ചമൂല്യസിദ്ധാന്തം' എന്നീ ഗ്രന്ഥങ്ങളിലൂടെ മാർക്സും ഏംഗൽസും ശാസ്ത്രീയസോഷ്യലിസത്തിന്റെ ആശയങ്ങൾ അവതരിപ്പിച്ചു. മനുഷ്യജീവിതത്തിലെ സാമൂഹികവും രാഷ്ട്രീയവും ബുദ്ധിപരവുമായ എല്ലാ പ്രക്രിയകളേയും നിർണ്ണയിക്കുന്നത് ആ സമൂഹത്തിൽ നിലനിൽക്കുന്ന ഉത്പാദന രീതിയാണെന്നും തൊഴിലാളികൾ സൃഷ്ടിക്കുന്ന മിച്ചമൂല്യം ചൂഷണം ചെയ്ത് മുതലാളിമാർ കൈക്കലാക്കുന്നുവെന്നും മാർക്സ് അഭിപ്രായപ്പെട്ടു. ലോകത്തെ വ്യാഖ്യാനിക്കുന്നതിനേക്കാൾ പ്രധാനം ശതിനെ മാറ്റിമറിക്കലാണ് എന്ന് മാർക്സ് ആഹ്വാനം ചെയ്തു.



കാറൽ മാർക്സ്

## കാർഷികവിപ്ലവം

ശാസ്ത്രം കൈവരിച്ച നേട്ടങ്ങൾ വ്യാവസായിക രംഗത്തെന്നപോലെ കാർഷികരംഗത്തും സമൂലമായ മാറ്റങ്ങൾ സൃഷ്ടിച്ചു. ഇംഗ്ലണ്ടിൽ 18-ാം നൂറ്റാണ്ടിൽ വ്യവസായരംഗത്തുണ്ടായ പുരോഗതിയും ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷികോത്പന്നങ്ങളുടെ ആവശ്യം വർദ്ധിപ്പിച്ചു. പഴയ കൃഷിരീതികളും ഉപകരണങ്ങളും കാലഹരണപ്പെട്ടതിനെ തുടർന്ന് കാർഷികരംഗത്ത് യന്ത്രോപകരണങ്ങൾ പ്രയോഗിക്കാൻ തുടങ്ങി. ഇംഗ്ലണ്ടിലെ കർഷകർ ആദ്യകാലങ്ങളിൽ തുണ്ടുഭൂമികളിലാണ് കൃഷി ചെയ്തിരുന്നത്. കൃഷിഭൂമിയിൽ രണ്ടു വർഷം കൃഷി ചെയ്ത് മൂന്നാം വർഷം തരിശിടും. അല്ലെങ്കിൽ കൃഷിയിടത്തിന്റെ മൂന്നിലൊരു ഭാഗം എല്ലാവർഷവും മാറിമാറി തരിശിടും. 'തുറന്ന വയൽ വ്യവസ്ഥ' (Open Field System) എന്നറിയപ്പെട്ടിരുന്ന ഈ രീതി കർഷകർക്ക് സാമ്പത്തിക നേട്ടം നൽകിയില്ല. എന്നാൽ തരിശിടുന്ന സമയത്ത് മുള്ളങ്കി (Turnip) പോലുള്ള കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്താൽ ഭൂമിയുടെ ഫലപുഷ്ടി വർദ്ധിക്കുമെന്ന് മനസ്സിലാക്കിയ ടൗൺഷെൻഡ് പ്രഭു ഒരു 'ചതുർവർഷ കൃഷി പദ്ധതി' (Four year rotation of crops) ആവിഷ്ക്കരിച്ചു.

ഒരു കൃഷിയിടത്തിൽ ഗോതമ്പ്, ബാർലി, മുള്ളങ്കി, കാലിത്തീറ്റപയർ (Clover) എന്നിവ വർഷംതോറും മാറിമാറി കൃഷിചെയ്താൽ ഭൂമിയുടെ ഫലപുഷ്ടി വർദ്ധിക്കുന്നതോടൊപ്പം കന്നുകാലികൾക്ക് വേണ്ടത്ര ഭക്ഷണവും ലഭിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പിൽക്കാലത്ത് രാസവളങ്ങളുടേയും കീടനാശിനികളുടേയും പ്രയോഗം കാർഷികോത്പാദനത്തിൽ വർദ്ധനവുണ്ടാക്കി. കൃഷിരീതികളിൽ വന്ന മാറ്റം മൃഗപരിപാലന രംഗത്തും മാറ്റങ്ങൾ വരുത്തി. സങ്കരഇനം കന്നുകാലികളെ വളർത്തി വർദ്ധിച്ച അളവിൽ പാലും മാംസവും ലഭ്യമാക്കി.

തുണ്ടുഭൂമികളിൽ കൃഷി ചെയ്തിരുന്ന കർഷകർക്ക് പുതിയ കൃഷിരീതികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ കൃഷിയെ ലാഭേച്ഛയോടെ കണ്ട സമ്പന്നർ



ചാൾസ് ടൗൺഷെൻഡ്

വൻതോതിൽ തുണ്ടുഭൂമികൾ വാങ്ങി. ഇംഗ്ലീഷ് പാർലമെന്റിലെ തങ്ങളുടെ സ്വാധീനമുപയോഗിച്ച് ഇവർ നിരവധി വളച്ചുകെട്ടൽ നിയമങ്ങൾ (Enclosure Laws) പാസ്സാക്കി. അതിൻ പ്രകാരം തുറന്ന കൃഷിയിടങ്ങളും തരിശുഭൂമികളും വേലികെട്ടി വളച്ച് അവയെ ശാസ്ത്രീയ കൃഷി രീതികൾക്കനുയോജ്യമായ വൻ കൃഷിയിടങ്ങളാക്കി മാറ്റി. വളച്ചുകെട്ടൽ പ്രസ്ഥാനം (Enclosure Movement) എന്നറിയപ്പെട്ട ഈ സമ്പ്രദായം വഴി കർഷകർ കൃഷിഭൂമിയിൽ നിന്ന് പുറത്താവുകയും സമ്പന്നരായ ഒരു ഭൂവുടമവർഗ്ഗം ഇംഗ്ലണ്ടിൽ രൂപം കൊള്ളുകയും ചെയ്തു.

കാർഷികവ്യാവസായികരംഗങ്ങളിലുണ്ടായ പുരോഗതി ഉത്പാദനം വർദ്ധിപ്പിച്ചു. ഇത് മിച്ചോത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള കമ്പോളങ്ങളും ഫാക്ടറികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ കേന്ദ്രങ്ങളും തേടിയുള്ള അന്വേഷണത്തെ തീവ്രമാക്കി. ഈ അന്വേഷണം കോളനീകരണത്തെയും സാമ്രാജ്യത്വവികസനത്തേയും ത്വരിതപ്പെടുത്തി.



ഇംഗ്ലണ്ടിലെ വ്യവസായവിപ്ലവവും കാർഷികവിപ്ലവവുമായിരുന്നു ഇന്ത്യയെ ബ്രിട്ടന്റെ കോളനിയാക്കി മാറ്റുന്നതിന് ഇടയാക്കിയത്. ഈ പ്രസ്താവന ശരിയാണോ? പരിശോധിക്കുക.

## പ്രവർത്തനങ്ങൾ



- ഇംഗ്ലണ്ടിന്റെ വാണിജ്യപുരോഗതി അവിടത്തെ ഭരണഘടനാപ്രതിസന്ധിക്ക് കാരണമായോ? എന്തുകൊണ്ട്?
- ഫ്രാൻസിൽ നിലനിന്നിരുന്ന മൂന്ന് എസ്റ്റേറ്റുകളിൽ സാമൂഹ്യമാറ്റത്തിന് നേതൃത്വം നൽകിയത് മൂന്നാമത്തെ എസ്റ്റേറ്റാണ്. എന്തുകൊണ്ടായിരിക്കാം ഇത്?
- ഫ്രാൻസിലെ മധ്യവർഗ്ഗത്തിന്റെ വളർച്ച കാണിക്കുന്ന ഒരു ഫ്ളോചാർട്ട് തയ്യാറാക്കുക.
- അനേകം അക്രമങ്ങൾ ഉണ്ടായിട്ടും ബാസ്തീയ് കോട്ടയുടെ പതനം ഫ്രഞ്ച് ജനത ദേശീയദിനമായി ആചരിക്കുന്നതെന്തുകൊണ്ട്?
- "ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിലാകെ ജലദോഷം പിടിപെടും." (When France Sneezes all Europe catches a cold) മെറ്റേർണിക്കിന്റെ ഈ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവം യൂറോപ്പിനെ എങ്ങനെയാണ് സ്വാധീനിച്ചതെന്ന് വിശകലനം ചെയ്യുക.
- നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങളെ ഫ്രഞ്ച് വിപ്ലവാശയങ്ങൾ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്? ചർച്ച ചെയ്യുക.
- ലോകസാമ്പത്തികമേധാവിത്വം നേടിയെടുക്കുന്നതിനുള്ള നെപ്പോളിയന്റെ പരിശ്രമങ്ങളുടെ പരാജയവും ഇംഗ്ലണ്ടിന്റെ വിജയവുമായിരുന്നു വാട്ടർലൂ-ഈ പ്രസ്താവന പരിശോധിക്കുക.
- വാണിജ്യരംഗം, സൈനികശക്തി, ഭരണരംഗം എന്നിവയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ വ്യവസായവിപ്ലവം ഇംഗ്ലണ്ടിനെ എത്രമാത്രം സഹായിച്ചിട്ടുണ്ട്?
- ശാസ്ത്രീയ സോഷ്യലിസം ആദ്യകാല സോഷ്യലിസ്റ്റ് ആശയങ്ങളിൽ നിന്നും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്യുക.
- വ്യവസായരംഗത്ത് മാത്രമല്ല കാർഷികരംഗത്തും സാമ്പത്തികചൂഷണം നിലനിന്നു. എങ്ങനെയായിരിക്കാം കർഷകർ ചൂഷണങ്ങൾക്ക് വിധേയമായത്?
- കാർഷികവിപ്ലവം ഫ്രഞ്ച് വിപ്ലവംപോലെ നേരിട്ട് സമൂഹത്തിലെ അസമത്വത്തെ പ്രതിനിധീകരിക്കുന്ന വിപ്ലവമല്ല. എന്നാൽ സാമൂഹ്യ ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾക്ക് പ്രേരകശക്തിയായ വിപ്ലവമാണിത്. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
- നിലവിലുള്ള വ്യവസ്ഥയെ പാടെ മാറ്റിമറിച്ച് പുതിയൊരു വ്യവസ്ഥ സ്ഥാപിക്കുന്നതാണ് വിപ്ലവം. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ താഴെ പറയുന്ന വിപ്ലവങ്ങളെ പരിശോധിക്കു.
  - രക്തരഹിതവിപ്ലവം
  - ഫ്രഞ്ച് വിപ്ലവം
  - വ്യവസായവിപ്ലവം
  - കാർഷികവിപ്ലവം

# സാമ്രാജ്യത്വത്തിന്റെ വളർച്ച

3

## സാമ്രാജ്യത്വം

പ്രാചീനകാലം മുതൽ തന്നെ സാമ്രാജ്യങ്ങൾ നിലനിന്നിരുന്നു. മൗര്യസാമ്രാജ്യത്തെപ്പറ്റിയും റോമാസാമ്രാജ്യത്തെപ്പറ്റിയും നിങ്ങൾ പഠിച്ചിട്ടുള്ളതാണല്ലോ. എന്നാൽ സാമ്രാജ്യത്വം എന്നത് പുതിയ പ്രതിഭാസമാണ്. വ്യവസായ വിപ്ലവത്തിനുശേഷം യൂറോപ്പിൽ വളർന്നുവന്ന മുതലാളിത്തത്തിന്റെ വികസിതരൂപമാണ് സാമ്രാജ്യത്വം.

യൂറോപ്യൻ രാജ്യങ്ങളിലെ യന്ത്രശാലകളിൽ ഉത്പാദിപ്പിച്ചിരുന്ന ചരക്കുകൾ കപ്പൽ മാർഗ്ഗം വിദൂരങ്ങളായ കോളനികളിലെത്തിച്ച് വിപണനം നടത്തുകയും ഈ ചരക്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കോളനികളിൽ നിന്ന് ശേഖരിക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് മുതലാളിത്തത്തിലുള്ളത്. ആഭ്യന്തരമായ ഉപഭോഗത്തിന് ആവശ്യമുള്ളതിനേക്കാളേറെ ചരക്കുകളാണ് മത്സരബുദ്ധിയോടുകൂടി ഓരോ രാജ്യവും നിർമ്മിച്ചുകൂട്ടിയത്. ഇത് രാജ്യങ്ങൾ തമ്മിൽ കടുത്ത വ്യാപാരമത്സരത്തിന് ഇടയാക്കി. കമ്പോളം തേടിയുള്ള ഈ അന്വേഷണമാണ് ആഫ്രോ-ഏഷ്യൻ, അമേരിക്കൻ ഭൂഖണ്ഡങ്ങളിലെ കോളനീകരണത്തിലേക്ക് നയിച്ചത്.



വ്യവസായവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായ ഉല്പാദന വർദ്ധനവ് ആണോ കോളനീകരണത്തിലേക്ക് നയിച്ച ഘടകം- ചർച്ച ചെയ്യുക.

മുതലാളിത്തത്തിന്റെ വികാസത്തോടെ യൂറോപ്യൻ രാജ്യങ്ങളിൽ തൊഴിലാളിവർഗ്ഗപ്രസ്ഥാനങ്ങൾ രൂപംകൊണ്ട കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. തൊഴിലാളിപ്രസ്ഥാനങ്ങളിലൂടെ തൊഴിലാളികൾ ശക്തമായി സമരം ചെയ്തതിന്റെ ഫലമായി അവരുടെ അവകാശങ്ങൾ അംഗീകരിക്കുവാൻ മുതലാളിമാർ നിർബന്ധിതരായി. വിദൂരമായ കോളനികളിൽ ചരക്കുകൾ എത്തിക്കുന്നതിനുള്ള ചെലവും വർദ്ധിച്ചു. ഇക്കാരണങ്ങളാൽ മുതലാളിമാരുടെ ലാഭത്തിൽ ഇടിവുവന്നു. ഇത് മുതലാളിത്തത്തെ പ്രതിസന്ധിയിലാക്കി. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള ശ്രമത്തിന്റെ ഫലമായിട്ടാണ് സാമ്രാജ്യത്വം ഉദയം ചെയ്തത്. സാമ്രാജ്യങ്ങൾ പണ്ടും ഉണ്ടെങ്കിലും സാമ്രാജ്യത്വം ഒരു പുതിയ അനുഭവം ആകുന്നത് ഇങ്ങനെയാണ്.

അസംസ്കൃതവസ്തുക്കളുടെ കേന്ദ്രവും നിർമ്മിത വസ്തുക്കളുടെ കമ്പോളവും കോളനികളായിരുന്നു. എന്നാൽ പിന്നെ ഉല്പാദനം തന്നെ കോളനികളിലേക്കു മാറ്റിയാലോ? അസംസ്കൃതവസ്തുക്കളുടെയും കുറഞ്ഞ കൂലിക്ക് തൊഴിലാളികളുടെയും ലഭ്യത കോളനികളിൽ ഉണ്ട്. ചരക്കുല്പാദനത്തിനാവശ്യമായ മൂലധനം മാത്രമേ പുറമേനിന്ന് കൊണ്ടുവരേണ്ടതുള്ളൂ. നിർമ്മിതവസ്തുക്കൾക്കുപകരം മൂലധനം കയറ്റുമതി ചെയ്യുന്ന സമ്പ്രദായം ഇതോടെ ആരംഭിച്ചു. മുതലാളിത്തത്തിന്റെ വളർച്ചയിലെ മൂലധനക്കയറ്റുമതിയുടേതായ ഈ ഘട്ടത്തെയാണ് സാമ്രാജ്യത്വം എന്നുപറയുന്നത്.

പണം ചരക്കായി മാറിയപ്പോൾ അതു വിപണനം ചെയ്യുന്നതിനുള്ള സ്ഥാപനങ്ങൾ ആവശ്യമായി വന്നു. ആധുനിക ബാങ്കിംഗ് സമ്പ്രദായം ആരംഭിക്കുന്നതിങ്ങനെയാണ്. ഒരു മുതലാളിക്കോ ഒരു കൂട്ടം മുതലാളിമാർക്കു മാത്രമായിട്ടോ ഒരു വ്യവസായത്തിനാവശ്യമായ മൂലധനം സ്വരൂപിക്കാൻ കഴിയാതെ വന്നു. ഇത് അനേകം പേരിൽ നിന്നും പണം സ്വീകരിച്ച് മൂലധനം സ്വരൂപിക്കുന്ന സമ്പ്രദായത്തിന് തുടക്കം കുറിച്ചു. ഇതാണ് ഓഹരി മൂലധനത്തിന്റെ ആവിർഭാവത്തിന് ഇടയാക്കിയത്.

മുതലാളിത്തം സാമ്രാജ്യത്വമായി വികസിച്ചപ്പോൾ അതിലും പ്രതിസന്ധികൾ പ്രത്യക്ഷപ്പെട്ടു. ഓരോ രാജ്യത്തേയും മുതലാളിമാർ തമ്മിൽ മത്സരം ആരംഭിച്ചു. ഓരോ രാജ്യത്തുമുള്ള മുതലാളി വർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിൽ സംഘർഷങ്ങൾ രൂക്ഷമായി. മുതലാളിത്തരാജ്യങ്ങൾ തമ്മിൽ കമ്പോളം കൈയടക്കുന്നതിനുവേണ്ടിയുള്ള മത്സരം ആരംഭിച്ചു. ഇതിന്റെ ഫലമായി നിരവധി യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടു. മുതലാളിത്തരാജ്യങ്ങളും അവയുടെ കോളനികളിലെ ജനങ്ങളും തമ്മിലും ഏറ്റുമുട്ടലുകളുണ്ടായി. കോളനികളിലെ വിമോചനപ്പോരാട്ടങ്ങളുടെ പശ്ചാത്തലം ഇതാണ്.

മുതലാളിത്തചൂഷണം നിർബാധം തുടർന്നുകൊണ്ടുപോകുന്നതിന് സാമ്രാജ്യത്വം പല തന്ത്രങ്ങളും സ്വീകരിച്ചു. സൈനികശക്തി ഉപയോഗിച്ച് വിമോചനപ്രസ്ഥാനങ്ങളെ അടിച്ചമർത്തി. ഭരണസംവിധാനവും നിയമവ്യവസ്ഥയും ഉപയോഗിച്ച് നികുതിപിരിവു നടത്തി ജനങ്ങളെ ചൂഷണം ചെയ്തു. ഉദ്യോഗസ്ഥവൃന്ദവും നീതിന്യായകോടതികളും പോലീസും ജനങ്ങളിൽ ഭയം ഉളവാക്കി അവരെ അടിച്ചമർത്തി. തദ്ദേശീയമായ സാഹിത്യം, കല, വിദ്യാഭ്യാസം എന്നിവകളെ തകർക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുകയും തൽസ്ഥാനത്ത് പാശ്ചാത്യസമ്പ്രദായങ്ങൾ നടപ്പാക്കുകയും ചെയ്തു. ജന്മം കൊണ്ടും നിറം കൊണ്ടും തദ്ദേശീയരും അഭിരുചി, വേഷവിധാനം എന്നിവ കൊണ്ട് പാശ്ചാത്യരുമായ ഒരു ജനതയെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് മെക്കാളെ പ്രഭു പ്രഖ്യാപിച്ചു. പാശ്ചാത്യസംസ്കാരത്തോട് വിധേയത്വമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക എന്നതായിരുന്നു സാമ്രാജ്യത്വത്തിന്റെ ലക്ഷ്യം.



കോളനീകരണത്തെ ശക്തിപ്പെടുത്താൻ സാമ്രാജ്യത്വം സ്വീകരിച്ച തന്ത്രങ്ങളിൽ ഒന്നാണ് പാശ്ചാത്യവിദ്യാഭ്യാസം-വിശകലനം ചെയ്യുക.

## ഇന്ത്യ

സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിന് വിവിധ കോളനികളുടെ ആഭ്യന്തരസാഹചര്യം അനുകൂലമായിരുന്നു. ഇന്ത്യയിൽ ഭരണത്തിലുണ്ടായിരുന്ന മുഗൾഭരണകൂടം പതിനെട്ടാം നൂറ്റാണ്ടിൽ ദുർബലമായി. അതുപോലെതന്നെ മറ്റു നാട്ടുരാജ്യങ്ങളും ദുർബലമായിരുന്നു. അന്യോന്യം രാഷ്ട്രീയമായി കലഹിച്ചിരുന്ന കൊച്ചുരാജ്യങ്ങൾ, സാമ്പത്തികവും സാമൂഹികവുമായ ജീർണത, പൊതുവെയുള്ള അരക്ഷിതാവസ്ഥ ഇതൊക്കെ അന്നത്തെ ഇന്ത്യയുടെ മുഖമുദ്രയായിരുന്നു. ഈ അവസരം മുതലാക്കി ഇന്ത്യയിൽ കച്ചവടത്തിനായി വന്ന യൂറോപ്യൻമാർ തങ്ങളുടെ



പ്ലാസി യുദ്ധത്തിന്റെ ചിത്രീകരണം

നില കൂടുതൽ ഭദ്രമാക്കാൻ തുടങ്ങി. ഇതിനായി അവർ ഈ ഭരണകൂടങ്ങളുടെ ആഭ്യന്തര രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ടു. ബ്രിട്ടീഷ്, ഫ്രഞ്ച് കമ്പനികളായിരുന്നു ഇതിൽ മുമ്പിൽ. ഇവർ ഓരോരുത്തരും മറ്റേകൂട്ടരെ ഇന്ത്യയിൽ നിന്ന് പുറത്താക്കാൻ ശ്രമിച്ചു. യൂറോപ്പിൽ ഇവർ തമ്മിലുണ്ടായിരുന്ന ശത്രുത അവർ ഇവിടെയും തുടർന്നു. ഇത് ഇന്ത്യയിൽ 1744-നും 1763-നും ഇടയ്ക്ക് നടന്ന കർണ്ണാട്ടിക് യുദ്ധങ്ങളെന്നറിയപ്പെട്ട മൂന്ന് യുദ്ധങ്ങൾക്ക് വഴിവെച്ചു. ഇതിൽ വിജയം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്കായിരുന്നു. 1757-ൽ നടന്ന പ്ലാസിയുദ്ധവും 1764-ൽ നടന്ന ബക്സാർ യുദ്ധവും മുഗൾ ഭരണകൂടത്തിനു കീഴിലായിരുന്ന ബംഗാൾ പ്രവിശ്യയിൽ (ഇന്നത്തെ ബംഗ്ലാദേശും ബീഹാർ, ഒറീസ്സ, പശ്ചിമബംഗാൾ സംസ്ഥാനങ്ങളും) ഇംഗ്ലീഷ് ആധിപത്യം സ്ഥാപിക്കാൻ വഴിയൊരുക്കി. ബക്സാർ യുദ്ധം വിജയിച്ച ഇംഗ്ലീഷുകാർ മുഗൾഭരണകൂടത്തിൽ നിന്ന് ദിവാനി അവകാശം സമ്പാദിച്ചു. കീഴടക്കിയ പ്രദേശത്തുനിന്ന് കരം പിരിക്കാനുള്ള അധികാരമാണ് 'ദിവാനി'. ഇവിടെ നിന്ന് മറ്റു പ്രദേശങ്ങൾ പിടിച്ചടക്കിയും വേറെ ചില പ്രദേശങ്ങൾ സൈനികസഹായവ്യവസ്ഥയിലൂടെ കീഴ്പ്പെടുത്തിയും അവർ തങ്ങളുടെ രാഷ്ട്രീയ നിയന്ത്രണം വ്യാപിപ്പിച്ചു. അങ്ങനെ 1856 ഓടെ ബർമ (ഇന്നത്തെ മ്യാൻമാർ) ഉൾപ്പെടെയുള്ള ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ മിക്കവാറും ഭാഗങ്ങൾ ബ്രിട്ടീഷുകാരുടെ കീഴിലായി.




ബ്രിട്ടീഷ് ഭരണത്തിനുകീഴിലുള്ള ഇന്ത്യ

## ചൈന

16-ാം നൂറ്റാണ്ടു മുതൽ തന്നെ യൂറോപ്യൻ വാണിജ്യ ശക്തികൾ വ്യാപാരബന്ധങ്ങൾക്കായി ചൈനയുടെ വാതിൽക്കൽ മുട്ടാൻ തുടങ്ങിയിരുന്നു. ചൈനയിലെ ഭരണാധികാരികൾ ഇവരെ അകറ്റിനിർത്തുന്നതിൽ വിജയിച്ചു. എന്നാൽ ചൈനയിലെ വ്യാപാരസാധ്യതകൾ തിരിച്ചറിഞ്ഞ യൂറോപ്യൻമാർ ഒഴിവാകാൻ തയ്യാറായില്ല. ഇതിന്റെ ഭാഗമായി അവർ ചൈനയുടെ തൊട്ടുകിടക്കുന്ന ചില അപ്രധാനദ്വീപുകൾ പാട്ടത്തിനെടുത്ത് ചൈനയുമായി നല്ലൊരുബന്ധം ഉണ്ടാക്കാൻ ശ്രമം തുടങ്ങി. എന്നാൽ ബ്രിട്ടീഷുകാരെ വിദേശി ചെകുത്താന്മാരായി കണ്ടിരുന്ന ചൈനക്കാർ അവരിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ വിസമ്മതിച്ചു. ഇതിന്റെ ഫലമായി ചൈനയുമായുള്ള യൂറോപ്യൻ വ്യാപാരം ഏകപക്ഷീയമായി. അപ്പോൾ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ചൈനയുടെ മേൽ



കറുപ്പ് യുദ്ധത്തിന്റെ ചിത്രീകരണം

നിയന്ത്രണം നേടാൻ ചില വളഞ്ഞവഴികൾ സ്വീകരിച്ചു. ചൈനയിലേക്ക് അവർ വൻതോതിൽ കറുപ്പ് (Opium) കള്ളക്കടത്ത് തുടങ്ങി. ഇതിലൂടെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്ക് വൻതോതിൽ സാമ്പത്തികലാഭം കിട്ടിയെന്ന് മാത്രമല്ല ചൈനയെ ഭൗതികമായും ധാർമ്മികമായും തകർക്കാനും കഴിഞ്ഞു. കറുപ്പ് വ്യാപാരം ചൈനയുടെ സമ്പത്ത് വൻതോതിൽ ചോർത്തിക്കളഞ്ഞു. ഇത് ചൈനീസ് ഭരണാധികാരികളെ കറുപ്പ് വ്യാപാരം നിരോധിക്കാൻ പ്രേരിപ്പിച്ചു. ഇംഗ്ലീഷുകാർക്കെതിരെ കർശന നിലപാടെടുത്ത ചൈനയെ യുദ്ധത്തിലൂടെയാണ് ബ്രിട്ടീഷുകാർ നേരിട്ടത്. കറുപ്പുയുദ്ധങ്ങൾ (Opium Wars) എന്നപേരുകേട്ട ഈ യുദ്ധങ്ങളിൽ ചൈന തോറ്റു.

കറുപ്പുയുദ്ധങ്ങൾ ചൈനയുടെ ദൗർബല്യത്തെ തുറന്നുകാട്ടി. ചൈനയിലേക്ക് പാശ്ചാത്യശക്തികൾ കടന്നുകയറാനാരംഭിച്ചു. ചൈനയുടെ പരമാധികാരം ദുർബലപ്പെട്ടു. യൂറോപ്യൻ ശക്തികൾ ചൈനയെ വിവിധ സ്വാധീനമണ്ഡലങ്ങളായി (Spheres of influence) പങ്കിട്ടെടുത്തു. ഫലത്തിൽ ചൈന ഒരന്താരാഷ്ട്ര കോളനിയായി മാറി.



ഇന്ത്യയിൽ കോളനീകരണത്തിനു സ്വീകരിച്ച ഇംഗ്ലീഷ് നയങ്ങൾ തന്നെയാണോ ചൈനയിലും ആവർത്തിച്ചത്? ഏതു കാര്യത്തിലാണ് പ്രകടമായ വ്യത്യാസം.

കോളനീകരണത്തിന് സാമ്രാജ്യത്വം ലോകമെമ്പാടും സ്വീകരിച്ച തന്ത്രങ്ങൾ തന്നെയാണ് ഇന്ത്യയിലും ഇംഗ്ലീഷുകാർ പ്രയോഗിച്ചത്-വിശകലനം ചെയ്യുക.

## അമേരിക്ക

മതപീഡനങ്ങളിൽ നിന്ന് രക്ഷനേടാനും സാമ്പത്തികഭദ്രത ആർജ്ജിക്കാനുമായി യൂറോപ്പിൽ നിന്ന് പല കുടുംബങ്ങളും അമേരിക്ക വൻകരയിലേക്ക് കുടിയേറിയിരുന്നു. ഇവരെ പിന്തുടർന്നെത്തിയ കച്ചവടക്കാർ അവിടെ നിരവധി ആവാസകേന്ദ്രങ്ങൾ സ്ഥാപിച്ചു. ഫ്രഞ്ചുകാരാണ് ആദ്യം കാനഡയിൽ എത്തിച്ചേർന്നത്. തുടർന്ന് ബ്രിട്ടീഷ് കച്ചവടക്കാർ കിഴക്കൻ തീരത്തും ജെയിംസ്ടൌൺ, വിർജീനിയ, പ്ലിമത്ത്, മസ്സാച്ചുസെറ്റ്സ് എന്നിവിടങ്ങളിലും കോളനികൾ സ്ഥാപിച്ചു. ഇങ്ങനെ വടക്കേ അമേരിക്കയിൽ പതിമൂന്ന് ഇംഗ്ലീഷ് കോളനികൾ ഉയർന്നുവന്നു.

അമേരിക്കയിൽ നിന്ന് സ്വർണ്ണവും വെള്ളിയും കണ്ടെത്താൻ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും പോർട്ടുഗീസുകാരും ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. എന്നാൽ അവർ ഇവിടെ വൻതോതിൽ പുകയില, നീലം, നെല്ല് എന്നിവ കൃഷിചെയ്യാനും ഉല്പന്നങ്ങൾ യൂറോപ്പിൽ കൊണ്ടുപോയി വിൽക്കാനും തുടങ്ങി.

അമേരിക്കയിലെ പതിമൂന്ന് ബ്രിട്ടീഷ് കോളനികൾ





IN CONGRESS, JULY 4, 1776.
A DECLARATION
BY THE REPRESENTATIVES OF THE
UNITED STATES OF AMERICA,
IN GENERAL CONGRESS ASSEMBLED.

അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം

ഫ്രാൻസുമായി യൂറോപ്പിൽവെച്ചും അമേരിക്കയിൽവെച്ചും നടന്ന സപ്തവത്സര യുദ്ധത്തിനു ശേഷം അമേരിക്കൻ കോളനികളിൽ നിന്ന് ബ്രിട്ടീഷുകാർ യുദ്ധച്ചെലവിനായി വിഹിതം ആവശ്യപ്പെട്ടു. എന്നാൽ അമേരിക്കൻ കോളനികൾ ഈ ആവശ്യം നിരാകരിച്ചു. ബ്രിട്ടീഷ് പാർലമെന്റ് അമേരിക്കൻ കോളനികൾക്കുമേൽ നിരവധി പുതിയ നികുതികൾ ചുമത്തി. ഇത്തരം നികുതികൾ കോളനിവാസികൾക്കിടയിൽ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം വളർത്തി. തങ്ങൾക്കു പ്രാതിനിധ്യമില്ലാത്ത ബ്രിട്ടീഷ് പാർലമെന്റിന് തങ്ങളുടെമേൽ നികുതികൾ ചുമത്താൻ അവകാശമില്ലെന്ന് അവർ വാദിച്ചു. 'പ്രാതിനിധ്യമില്ലാതെ നികുതി പിരിക്കാൻ പാടില്ല' (No taxation without representation) എന്ന മുദ്രാവാക്യവുമായി അമേരിക്കൻ കോളനികൾ ബ്രിട്ടനെതിരെ കലാപമുയർത്തി. 1774-ൽ പതിമൂന്ന് അമേരിക്കൻ കോളനികളുടെ പ്രതിനിധികൾ ഫിലാഡൽഫിയയിൽ ഒന്നാം കോണ്ടിനന്റൽ കോൺഗ്രസ്സ് ചേർന്നു. ഇത് ഒരു താത്കാലിക ഗവൺമെന്റിന് രൂപം നൽകി. 1776-ൽ അമേരിക്കൻ കോളനികൾ രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്സ് ജോർജ് വാഷി

ങ്ങ്ടനെ പ്രസിഡന്റായി തെരഞ്ഞെടുത്ത് സ്വാതന്ത്ര്യ പ്രഖ്യാപനം (Declaration of Independence) നടത്തി. ഇത് കോളനികളും ഇംഗ്ലണ്ടും തമ്മിലുള്ള യുദ്ധത്തിന് വഴിവെച്ചു. ഫ്രഞ്ചുകാരുടെ സഹായത്തോടെ ഇംഗ്ലണ്ടിനെതിരെ അമേരിക്കൻ കോളനികൾ യുദ്ധത്തിലേർപ്പെട്ടു. ഇതിൽ അമേരിക്കൻ കോളനികൾക്ക്



ജോർജ് വാഷിംഗ്ടൺ

നേതൃത്വം നൽകിയത് ജോർജ് വാഷിംഗ്ടൺ ആയിരുന്നു. 1781-ൽ കോൺവാലിസിന്റെ നേതൃത്വത്തിലുള്ള ഇംഗ്ലീഷ് പട്ടാളം അമേരിക്കൻ കോളനികളുടെയും ഫ്രാൻസിന്റെയും സംയുക്തസൈന്യത്തിന് കീഴടങ്ങി. 1783-ലെ പാരീസ് ഉടമ്പടിയിലൂടെ അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് നിർബന്ധിതമായി. ഇങ്ങനെ അമേരിക്കൻ ഐക്യനാടുകൾ നിലവിൽ വന്നു.

### തെക്കേ അമേരിക്ക

തെക്കേ അമേരിക്കയിലെ സ്പാനിഷ് സാന്നിദ്ധ്യത്തെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇതേത്തുടർന്ന് കൂടുതൽ യൂറോപ്യൻ ശക്തികൾ സ്വർണ്ണവും വെള്ളിയും തേടി അവിടെയെത്തി. പെറുവിലെയും മെക്സിക്കോവിലെയും സ്വർണ്ണ-വെള്ളി



സൈമൺബൊളിവർ



ജോസെ ഡി സാൻമാർട്ടിൻ




തെക്കെ അമേരിക്ക 1825-ൽ

ഖനികളുടെ നിയന്ത്രണം സ്പെയിനിനായിരുന്നു. സ്പെയിൻകാരെ പിന്തുടർന്നെത്തിയ പോർച്ചുഗീസുകാർ മദ്ധ്യകിഴക്കൻ ബ്രസീലിലെ മിനാർ ഗെറായിസ് പ്രവിശ്യയിൽ സ്വർണ്ണം കണ്ടെത്തി. സ്വർണ്ണവും മറ്റു വിഭവങ്ങളും തേടിയുള്ള ഈ അധിനിവേശങ്ങൾ തദ്ദേശീയ ജനതയെ നശിപ്പിച്ചു. പകരം ഒരു സങ്കര ജനവിഭാഗം, 'മെസ്റ്റിസോസ്' (Mestizoes) ഇവിടത്തെ ഭൂരിപക്ഷജനതയായി മാറി. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ തെക്കേ അമേരിക്കൻ ജനത തങ്ങളുടെ യജമാനൻമാരായ സ്പെയിൻകാർക്കും പോർച്ചുഗീസുകാർക്കുമെതിരെ കലാപമുയർത്തി. 1804-ൽ ഫ്രഞ്ചുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടിയ ഹെയ്തി തെക്കേ അമേരിക്കയിലെ ആദ്യ സ്വതന്ത്ര രാജ്യമായി. ഇതേസമയത്ത് യൂറോപ്പിൽ നെപ്പോളിയന്റെ വരവോടെ സ്പാനിഷ്, പോർച്ചുഗീസ് ശക്തികളുടെ പ്രതാപം ക്ഷയിക്കാൻ തുടങ്ങി. ബ്രിട്ടനും ഫ്രാൻസും ഇവരുടെ സ്ഥാനം കൈയടക്കി. അമേരിക്കൻ ഐക്യനാടുകൾ തെക്കെ അമേരിക്കയിലെ മറ്റ് രാജ്യങ്ങളെ പ്രക്ഷോഭത്തിന് പ്രേരിപ്പിച്ചു. സൈമൺ ബൊളിവറുടെ നേതൃത്വത്തിൽ വെനിസ്വേലയും ജോസെ ഡി സാൻമാർട്ടിന്റെ നേതൃത്വത്തിൽ അർജന്റീനയും സ്വാതന്ത്ര്യം നേടി. തുടർന്ന് 1822-ൽ ബ്രസീൽ, മെക്സിക്കോ എന്നിവയും സ്വതന്ത്രമായി. പോർട്ടോറിക്കോയും ക്യൂബയും ഒഴിച്ചുള്ള ഈ മേഖലയിലെ മുഴുവൻ രാജ്യങ്ങളും 1825 ഓടെ സ്വാതന്ത്ര്യം നേടി.

## തൊഴിലാളിവർഗ്ഗമുന്നേറ്റം

വ്യവസായവിപ്ലവത്തെക്കുറിച്ച് നിങ്ങൾക്കറിയാമല്ലോ. സംഘടിതതൊഴിലാളിപ്രസ്ഥാനത്തിന്റെ ഉദയത്തിന് വഴിവെച്ചതാണ് ഇതിന്റെ ഫലങ്ങളിലൊന്ന്. വ്യവസായവിപ്ലവം മുതലാളിക്ക് ഉല്പാദനവർദ്ധനവും അളവറ്റ ലാഭവും പ്രദാനം ചെയ്തപ്പോൾ തൊഴിലാളിയുടെ ജീവിതം കൂടുതൽ ദുഷ്ക്കരമാക്കി. വ്യവസായ കേന്ദ്രങ്ങൾക്കു ചുറ്റുമായി ഏറെ വൃത്തിഹീനമായ ജീവിതസാഹചര്യത്തിൽ ആയിരക്കണക്കിനാളുകൾ ഒരുമിച്ചു താമസിക്കേണ്ട അവസ്ഥ ഉണ്ടായി. മുതലാളിയുടെ ലാഭത്തിന്റെ യഥാർത്ഥാവകാശികളായ ഈ തൊഴിലാളികൾക്ക് ലഭിച്ചത് കഷ്ടപ്പാടും ദുരിതങ്ങളുമായിരുന്നു. കുറഞ്ഞകൂലി, അപകടകരമായ തൊഴിൽസാഹചര്യം, ഏറെ നേരത്തെ കഠിനാദ്ധ്വാനം എന്നിവ തൊഴിലാളികളുടെ അവസ്ഥ ദയനീയമാക്കി. ഇതിനെതിരെ തൊഴിലാളികൾ സംഘടിച്ച് തൊഴിലാളിസംഘടനകൾ രൂപീകരിച്ചു. 1830-ൽ ഇത്തരം തൊഴിലാളി സംഘടനകളുടെ ദേശീയ ഫോറത്തിന്, നാഷണൽ അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ലേബറിന്, ജോൺ ദോഹർത്തി (John Doharty) രൂപം നൽകി. റോബർട്ട് ഓവൻ, വില്യം ലോവറ്റ് എന്നിവർ ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ മറ്റു ചിലരാണ്. തൊഴിലാളികളുടെ തൊഴിൽസാഹചര്യങ്ങളും, ജീവിതാവസ്ഥയും മെച്ചപ്പെടുത്തുന്നതിനാണ് പ്രധാനമായും തൊഴിലാളി സംഘടനകൾ പ്രാമുഖ്യം



വടക്കേ അമേരിക്ക ലൂയിസിയാനയിൽ നിന്നുള്ള ഒരു അടിമ. ചാട്ടവാറടിയേറ്റ പാടുകൾ ശ്രദ്ധിക്കുക

നൽകിയത്. സോഷ്യലിസ്റ്റ് ആശയങ്ങൾ ആയിരുന്നു ഇവരുടെ പ്രവർത്തനങ്ങളുടെ അന്തർധാര. സംഘടിതതൊഴിലാളിവർഗ്ഗത്തിന്റെ പോരാട്ടങ്ങളിലൂടെ തൊഴിലാളികളുടെ പ്രവൃത്തിസമയം, വേതനം, ജീവിത സാഹചര്യങ്ങൾ എന്നിവയിൽ വലിയ മാറ്റം വന്നു.

തൊഴിലാളി പ്രസ്ഥാനങ്ങൾ കൂലിക്കൂടുതൽ ആവശ്യപ്പെട്ടതും തൊഴിൽസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നിർബന്ധിച്ചതും ഉൽപ്പാദനച്ചെലവ് വർദ്ധിക്കുന്നതിനും ലാഭവിഹിതം കുറയുന്നതിനും ഇടയാക്കി. ഇത് മുതലാളിത്തത്തെ പ്രതിസന്ധിയിലാക്കി. ഇതിനെത്തുടർന്ന് ഈ രാജ്യങ്ങളിലെ വ്യവസായികൾ കോളനികളിൽ മുതൽമുടക്കാൻ തുടങ്ങി. കുറഞ്ഞ ചിലവിൽ തൊഴിലാളികളെ ലഭിച്ചതും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും ഉണ്ടാക്കിയ ഉല്പന്നങ്ങൾക്ക് അതാതിടങ്ങളിലും അയൽപ്പക്ക രാജ്യങ്ങളിലും ആവശ്യക്കാർ ഉണ്ടായതും ഇവിടങ്ങളിലെ വ്യവസായത്തെ ലാഭകരമാക്കി. ഇത് വ്യവസായികൾക്ക് ഈ രാജ്യങ്ങളിൽ മുതൽമുടക്കാൻ പ്രേരണയായി. വ്യവസായങ്ങളിൽ മുതൽമുടക്കുന്നതോടൊപ്പം വൻതോതിലുള്ള തോട്ടം കൃഷിക്കും കോളനിക




അടിമകളെ വിൽപ്പനയ്ക്കു വച്ചതിന്റെ പരസ്യം

ളിൽ വ്യവസായികൾ പണം മുടക്കി. ഇവിടെ നിന്ന് കിട്ടിയ ലാഭം തങ്ങളുടെ രാജ്യങ്ങളിലേക്ക് ഒഴുക്കി മറ്റു രാജ്യങ്ങളിൽ നിന്നും പുതിയ ഉപകരണങ്ങൾ വാങ്ങാനായി ഉപയോഗപ്പെടുത്തി. കോളനികളിലെ തോട്ടം കൃഷിയും ഖനിവ്യവസായവും വൻതോതിൽ കുറഞ്ഞ കൂലിക്കുള്ള തൊഴിലാളികളുടെ ആവശ്യകതയുണ്ടാക്കി. ഇതു പരിഹരിക്കാൻ ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽ നിന്നും മനുഷ്യരെ അടിമകളാക്കി ഈ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കാൻ ആരംഭിച്ചു.

പോർച്ചുഗീസുകാരും സ്പെയിൻകാരുമാണ് അടിമക്കച്ചവടം ആരംഭിച്ചതെങ്കിലും പതിനേഴാം നൂറ്റാണ്ടോടെ ഇംഗ്ലീഷുകാർ അതേറ്റെടുത്തു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യം വരെ ഈ അടിമക്കച്ചവടം തുടർന്നു. ദശലക്ഷക്കണക്കിനു മനുഷ്യരെയാണ് ആഫ്രിക്കയിൽ നിന്നും ഏഷ്യയിൽ നിന്നും ഇവർ ബലമായി പിടിച്ചുകൊണ്ടുപോയി അടിമകളാക്കി വിറ്റത്. ലോകത്തെമ്പാടുമുള്ള ഖനി തൊഴിലാളികളായും തോട്ടം തൊഴിലാളികളായും ഇവരെ ഉപയോഗപ്പെടുത്തി. ഈ അടിമകളുടെ ജീവിതം ദുരിതപൂർണമായിരുന്നു. യജമാനന്മാരുടെ കീഴിൽ ഏതു പ്രവൃത്തിയെടുക്കാനും നിർബന്ധിക്കപ്പെട്ട ഇവർ രക്ഷപ്പെടാൻ ശ്രമിച്ചാൽ കൊടിയ മർദ്ദനങ്ങൾക്കും വിധേയരായി. കലാപം ഉണ്ടാക്കാൻ ശ്രമിച്ച അടിമകളെ കൊല്ലാനും ഉടമകൾക്ക് അധികാരമുണ്ടായിരുന്നു. രക്ഷപ്പെടാൻ ശ്രമിച്ച അടിമയെ കൊല്ലുന്ന ആൾക്ക് സമ്മാനം നൽകാനും യജമാനന്മാർ തയ്യാറായി. അങ്ങനെ അടിമത്തം കോളനിവ്യവസ്ഥയുടെ അവിഭാജ്യഘടകമായി.

ഇത്തരത്തിലുള്ള അടിമപ്പണിക്കു പുറമെ വൻതോതിൽ കരാർ തൊഴിലാളികളെയും (Indentured labour) തോട്ടം ഖനി മേഖലകളിൽ ഉപയോഗപ്പെടുത്തി. വെസ്റ്റ് ഇൻഡീസ്, ന്യൂസിലാന്റ്, തെക്കേ ആഫ്രിക്ക, മലയ, സിംഗപ്പൂർ മുതലായ സ്ഥലങ്ങളിലേക്ക് ഇന്ത്യയിൽനിന്നും മറ്റു കോളനികളിൽ നിന്നും കങ്കാണിമാരുടെ സഹായത്തോടെ കൂട്ടത്തോടെ കയറ്റി അയയ്ക്കപ്പെട്ട ഈ തൊഴിലാളികളുടെ സ്ഥിതി അടിമകളുടേതിൽ നിന്നും ഏറെ മെച്ചമൊന്നും ആയിരുന്നില്ല. പലരും അതാതിടങ്ങളിൽ സ്ഥിരതാമസക്കാരായി.

*വെസ്റ്റിൻഡീസിലെ ക്രിക്കറ്റ് താരങ്ങളായ ആൾവിൻ കാളിചരൺ, ശിവനാരായണൻ ചന്ദർപോൾ തുടങ്ങിയവരുടെ പേരുകളിലുള്ള ഇന്ത്യൻ സ്വഭാവം ഈ ബന്ധത്തെ സൂചിപ്പിക്കുന്നതാണ്.*



ഉല്പാദനവ്യവസ്ഥയിൽ ഉപകരണങ്ങളുടെ നവീകരണം മനുഷ്യജീവിതത്തിൽ പുതിയ മാറ്റങ്ങൾക്കും ചേരിതിരിവുകൾക്കും ഇടയാക്കി. (മുതലാളി-തൊഴിലാളി, ഉടമ-അടിമ)-ഈ പ്രസ്താവന വിലയിരുത്തുക.

## കോളനികളിലെ അവസ്ഥ

പതിനെട്ടാം നൂറ്റാണ്ടിലെ കോളനികൾ രാഷ്ട്രീയമായി ഏറെ ദുർബലമായിരുന്നു. ഉദാഹരണത്തിന് ഇന്ത്യയിൽ മറാത്ത, സിക്ക്, ഹൈദരാബാദ്, മൈസൂർ, തിരുവിതാംകൂർ എന്നിങ്ങനെ നിരവധി ചെറു രാജ്യങ്ങളുണ്ടായിരുന്നു. ഇവർ പരസ്പരം കലഹിച്ചു. അധിനിവേശശക്തികൾക്കടിപ്പെടാൻ ഇതവസരമൊരുക്കി. പ്രാദേശികശക്തികളെ തമ്മിൽ തല്ലിച്ചാണ് അവർ ഇവിടെ ആധിപത്യം നേടിയത്. എണ്ണത്തിൽക്കുറഞ്ഞ യൂറോപ്യൻമാർക്ക് ഇത്ര വലിയൊരു ഭൂവിഭാഗം അടിപ്പെടുത്താൻ കഴിഞ്ഞത് ഇങ്ങനെയാണ്. ഭരണാധികാരികളും അവരുടെ ഉദ്യോഗസ്ഥൻമാരും അത്യാഗ്രഹികളായിരുന്നു. അവർ പ്രാദേശിക ജനതയെ അടിച്ചമർത്തി. ജനങ്ങളുടെ ക്ഷേമത്തിന് അവർ തെല്ലും പ്രാധാന്യം നൽകിയില്ല. ജനജീവിതം ദുരിതപൂർണ്ണമായി.

ഇതിനെല്ലാം പുറമെ കോളനിയജമാനൻമാർ ഈ ദൗർബല്യങ്ങളെ പെരുപ്പിച്ചുകാട്ടി. തങ്ങളുടെ അധിനിവേശത്തെ ഒരു 'പരിഷ്കരണദൗത്യ'മായും 'വെള്ളക്കാരന്റെ ഭാര'മായും അവർ നീതികരിച്ചു. അപരിഷ്കൃതരായി കിടന്ന അറബികളെയും ഏഷ്യക്കാരെയും ആഫ്രിക്കൻ വംശജരെയും സംസ്കാരമുള്ള മനുഷ്യരാക്കാനുള്ള 'വിശുദ്ധദൗത്യ'മാണ് കോളനീകരണം വഴി നടത്തുന്നതെന്ന് അവർ അവകാശപ്പെട്ടു. കോളനികളിലെ ജനങ്ങൾക്കുമേൽ നടത്തിയ കടന്നാക്രമണങ്ങളെ തങ്ങളുടെ പാർലമെന്റിലും ലോകമനഃസാക്ഷിക്കുമുന്നിലും ന്യായീകരിക്കാൻ ഈ അവകാശവാദങ്ങൾ കോളനിശക്തികൾക്കാവശ്യമായിരുന്നു. വംശീയ വ്യത്യാസവും

മതപരമായ മഹിമയും തങ്ങളുടെ മേൻമ എടുത്തു കാണിക്കാൻ വേണ്ടി യൂറോപ്യൻമാർ ഉപയോഗിച്ചു.

കോളനി ഭരണാധികാരികൾ തങ്ങളുടെ ലാഭം വർദ്ധിപ്പിക്കുന്നതിനനുകൂലമായ രീതിയിൽ കോളനികളിലെ ഭരണനടപടികൾ ആവിഷ്കരിച്ചു. പൊതുഭരണം (Civil Service), സൈന്യം (Army), പോലീസ് (Police) എന്നീ തൂണുകളിലാണ് കോളനി ഭരണം കെട്ടിപ്പൊക്കിയത്. ഈ മൂന്ന് തൂണുകൾ ക്രമസമാധാനത്തെ താങ്ങി നിർത്തി; കോളനി മേധാവിയുടെ യശസ്സും ശക്തിയും വർദ്ധിപ്പിച്ചു. ക്രമസമാധാനമില്ലെങ്കിൽ വ്യാപാരികൾക്കും മുതലാളിമാർക്കും തങ്ങളുടെ ഉൽപ്പന്നങ്ങൾ കോളനികളിൽ വിറ്റഴിക്കാൻ കഴിയുമായിരുന്നില്ല. ഈ മൂന്ന് തൂണുകൾക്കുപുറമെ വ്യാപാരക്കരാറുകളുടെ പരിശുദ്ധി ഉറപ്പുവരുത്തുന്ന പാശ്ചാത്യ നീതിന്യായവ്യവസ്ഥയും ഇവിടെ ഏർപ്പെടുത്തി. കൊളോണിയൽ ഭരണം നടത്തിക്കൊണ്ടു പോകാനുള്ള ഗുമസ്തൻമാരെ പരിശീലിപ്പിക്കാൻ ആധുനിക പാശ്ചാത്യവിദ്യാഭ്യാസം തുടങ്ങിവെച്ചു. സാമൂഹ്യവും സാംസ്കാരികവുമായ പരിവർത്തനം സാധ്യമാക്കിയ ഫലപ്രദമായ ഒരുപകരണമാണ് പാശ്ചാത്യ വിദ്യാഭ്യാസം.



'കോളനീകരണം സൈനികാധിനിവേശത്തേക്കാൾ അംഗീകരിക്കപ്പെട്ട അടിമത്തമാണ്. കോളനിയജമാനൻമാരെ രക്ഷകരായിക്കണ്ട സമൂഹത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുക ഇതിനാൽ പ്രയാസകരമായി'. കോളനീകരണം വളർത്തിയെടുത്ത സാമൂഹ്യാവസ്ഥ വിശകലനം ചെയ്ത് ഇത് വ്യക്തമാക്കുക.

## ബാൽക്കൺ പ്രതിസന്ധി

കൂടുതൽ രാജ്യങ്ങളുടെ അധികാരവും ഭരണനിയന്ത്രണവും തങ്ങളുടെ കീഴിലാക്കാൻ സാമ്രാജ്യത്വം ആഗ്രഹിച്ചു. തങ്ങളുടെ അധികാരത്തിനുകീഴിൽ പുതിയ രാജ്യങ്ങളെ കൊണ്ടുവരാൻ ലോകത്തിന്റെ വിവിധ ഇടങ്ങളിൽ ഇത്തരം ഇടപെടലുകൾ നമുക്കു കാണാം. 19-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ തുർക്കി സൽത്തനത്ത് (ഓട്ടോമൻ സാമ്രാജ്യം) ക്ഷയോൻമുഖമായി. 'യൂറോപ്പിലെ രോഗി' എന്നാണ് തുർക്കി സൽത്തനത്ത് അറിയപ്പെട്ടത്. ഈ ദുർബലാവസ്ഥ മുതലെടുത്ത് പശ്ചിമയൂറോപ്യൻ ശക്തികൾ തുർക്കി സാമ്രാജ്യത്തിനു കീഴിലുണ്ടായിരുന്ന ഭൂഭാഗങ്ങൾ കൈയടക്കാൻ ശ്രമം തുടങ്ങി. ഈ അധികാര വടംവലിയെത്തുടർന്ന് ഉണ്ടായ പ്രശ്നങ്ങൾ 'പൗരസ്ത്യയൂറോപ്യൻ സമസ്യ' (Eastern Question) എന്ന പേരിലറിയപ്പെട്ടു. അന്നത്തെ തുർക്കി സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു ബാൽക്കൺ ഉപദ്വീപ്.

### ബാൽക്കൻ പ്രദേശങ്ങൾ

*തെക്കുകിഴക്കൻ യൂറോപ്പിൽ മൂന്നുവശവും സമുദ്രത്താൽ ചുറ്റപ്പെട്ടതാണ് ബാൾക്കൻ ഉപദ്വീപ്. തുർക്കിയുടെ ഭരണത്തിന് കീഴിലായിരുന്ന ബൾഗേറിയ, സെർബിയ, മാസിഡോണിയ അൽബേനിയ, ട്രാൻസിൽവാനിയ, ബോസ്നിയ -ഹെർസിഗോവിന തുടങ്ങിയവ ബാൾക്കൻ പ്രദേശങ്ങളെന്നാണ് അറിയപ്പെട്ടത്.*

ബാൽക്കൺ പ്രദേശത്തോട് തൊട്ട് കിടന്ന സ്ലാവ് വംശജർ അധിവസിക്കുന്ന പ്രദേശങ്ങൾ കൈയ്യടക്കാൻ റഷ്യ ശ്രമിച്ചു. ഈ പ്രദേശങ്ങളിൽ റഷ്യ മേൽക്കൈ നേടിയാൽ നിലവിലുള്ള ശാക്തികബലാബലത്തിൽ മാറ്റം വരുമെന്ന് മറ്റു യൂറോപ്യൻ ശക്തികൾ ഭയപ്പെട്ടു. ഇതാണ് പൗരസ്ത്യയൂറോപ്യൻ സമസ്യയിലേക്ക് നയിച്ചത്. ഇത് പലതരത്തിൽ പ്രകടമായി. അതിലൊന്നാണ് ക്രിമിയൻ യുദ്ധം.



*ക്രിമിയൻ യുദ്ധരംഗങ്ങളിലൊന്നായ സ്ക്കൂട്ടാരിയിൽ മുറിവേറ്റയോദ്ധാക്കളെ പരിചരിച്ച ദയാമൂർത്തിയായ നേഴ്സായിരുന്നു ഫ്ളോറൻസ് നെറ്റിംഗേൽ. ഉറക്കം കളഞ്ഞ് വിളക്കുമായി രോഗികളെ സമാശ്വസിപ്പിച്ച ഇവർ വിളക്കേന്തിയ വനിത എന്നറിയപ്പെട്ടു.*

സ്ലാവ് പ്രദേശങ്ങൾ കീഴടക്കി തുർക്കിസാമ്രാജ്യത്തിനുമേൽ ആധിപത്യം നേടാനുള്ള റഷ്യയുടെ പദ്ധതി ഇതോടെ തകർന്നു. തുർക്കിയിലെ ഓർത്തഡോക്സ് ക്രിസ്ത്യൻ പ്രജകളെ രക്ഷിക്കുന്നതിനുള്ള നാട്യങ്ങൾ റഷ്യയ്ക്ക് ഉപേക്ഷിക്കേണ്ടിവന്നു. യൂറോപ്യൻ ശക്തികൾ തമ്മിലുള്ള മൽസരങ്ങൾ വെറും അതിർത്തിത്തർക്കങ്ങൾ ആയിരുന്നില്ലെന്ന് 'പൗരസ്ത്യയൂറോപ്യൻ സമസ്യ' തെളിയിച്ചു. സാമ്രാജ്യത്വപരവും അധിനിവേശപരവുമായ പല പ്രശ്നങ്ങളും ഇതിൽ കൂടിക്കുഴഞ്ഞു കിടന്നിരുന്നു.




ആഫ്രിക്കയുടെ വീതംവയ്പ്പ്

## ആഫ്രിക്കയുടെ വീതംവെയ്പ്പ് (Partition of Africa)

സാമ്രാജ്യത്വാധിനിവേശത്തിന്റെയും കോളനീകരണത്തിന്റെയും അത്യാർത്തിയുടെ മറ്റൊരുദാഹരണമാണ് ആഫ്രിക്കയുടെ വീതംവെയ്പ്പ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അടിമക്കച്ചവടത്തിന്റെ പ്രാധാന്യം കുറഞ്ഞു. ഇതോടെ ആഫ്രിക്കയിലെത്തിയിരുന്ന യൂറോപ്യൻ ശക്തികൾ തങ്ങളുടെ രാജ്യങ്ങളിലെ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ ശേഖരിക്കാനുള്ള പര്യവേഷണങ്ങളിലേർപ്പെട്ടു. ഈ അന്വേഷണത്തിനായി യൂറോപ്യൻ ശക്തികൾ പരസ്പരം മൽസരിക്കുകയും ആഫ്രിക്ക നിരവധി കഷണങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തു. ഈ വീതംവെയ്പ്പിന് രണ്ട് സവിശേഷതകൾ ഉണ്ട്. യുദ്ധങ്ങളൊന്നും കൂടാതെയാണ് ഇത് സാധിച്ചത്. സാവധാനത്തിൽ നടന്നതല്ല, അതിവേഗത്തിൽ സാധിച്ചതാണ് ഈ വീതംവെയ്പ്പ്. ഇത് കൊളോണിയൽ ശക്തികൾ തമ്മിൽ നിരവധി സംഘർഷങ്ങൾക്ക് ഇടയാക്കി. എന്നാൽ ഇവയെല്ലാം തന്നെ ഉഭയകക്ഷി ചർച്ചകളിലൂടെയും സന്ധികളിലൂടെയും വളരെ വേഗം തന്നെ പറഞ്ഞു തീർത്തു. അങ്ങനെ 1914 ആയപ്പോഴേയ്ക്കും അബിസീനിയയും ലൈബീരിയയും ഒഴിച്ചുള്ള ആഫ്രിക്കൻ രാജ്യങ്ങളെല്ലാം യൂറോപ്യൻ രാജ്യങ്ങളുടെ കോളനികളായി.

ആഫ്രിക്കൻ വീതം വെയ്പ്പ് കാണിക്കുന്ന പട്ടിക

| ആഫ്രിക്കൻ രാജ്യങ്ങൾ | കൊളോണിയൽ ശക്തി |
|---|---|
| ഈജിപ്ത്, സുഡാൻ, റൊഡേഷ്യ, ഉഗാണ്ട, ബ്രിട്ടീഷ് ഈസ്റ്റ് ആഫ്രിക്ക, സിയേറ ലിയോൺ, ഗോൾഡ് കോസ്റ്റ്, നൈജീരിയ, തെക്കെ ആഫ്രിക്ക | ബ്രിട്ടൻ |
| അൾജീരിയ, ടുണീഷ്യ, മൊറോക്കോ, സഹാറ, ഫ്രഞ്ച് കോംഗോ, ഫ്രഞ്ച് ഗയാന, സെനഗൽ, മഡഗാസ്കർ | ഫ്രാൻസ് |
| ജർമ്മൻ കിഴക്കനാഫ്രിക്ക, തെക്കു പടിഞ്ഞാറൻ ആഫ്രിക്ക, കാമറൂൺ, ടോഗോലാൻഡ്, താങ്കനിക്ക | ജർമ്മനി |
| ലിബിയ, സോമാലിലാന്റ് | ഇറ്റലി |
| അംഗോള, മൊസാംബിക്ക്, പോർച്ചുഗീസ്ഗിനിയ | പോർച്ചുഗൽ |
| റയോ ഡി ഓറോ, സ്പാനിഷ് ഗിനിയ | സ്പെയിൻ |




'സാമ്രാജ്യത്വം അത്യാർത്തിയും മാനവികതയുടെ നേരെയുള്ള കടന്നാക്രമണവുമാണ്' ആഫ്രിക്കയുടെ വീതംവെയ്പ്പ് മുൻനിർത്തി ഈ പ്രസ്താവന പരിശോധിക്കുക.


ജോസഫ് മസീനി

## യൂറോപ്പിലെ ദേശീയത

ഫ്യൂഡലിസത്തിന്റെ തകർച്ചയോടെ യൂറോപ്പിൽ രാജാവ് പരമാധികാരിയായി നിലവിൽ വന്ന ദേശ രാഷ്ട്രങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ.

ഒരു നിയതമായ ഭൂപ്രദേശത്ത് പാർക്കുന്നവരും ഭാഷ കൊണ്ടും സംസ്കാരം കൊണ്ടും ചരിത്രം കൊണ്ടും സമാനത പുലർത്തുന്നവരുമായ ഒരു ജനതയെയാണ് ആധുനികാർഥത്തിൽ 'ദേശം' (Nation) എന്നു പറയുന്നത്. ഈ സങ്കല്പത്തിൽ അധിഷ്ഠിതമായ പ്രത്യയശാസ്ത്രവും കർമ്മ പരിപാടിയും ചേർന്നതാണ് ദേശീയത (Nationalism). 18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്പിലെ വിവിധപ്രദേശങ്ങളിൽ ദേശീയതാബോധം വളർന്നുവന്നു. നെപ്പോളിയന്റെ കാലത്ത് ഈ വികാരം കൂടുതൽ ശക്തിപ്പെട്ടു. വിയന്നാ ഉടമ്പടിക്കും മെറ്റേർണിക് വ്യവസ്ഥിതിക്കും അന്ത്യം കുറിച്ച 1848-ലെ വിപ്ലവങ്ങളെത്തുടർന്ന് യൂറോപ്പിൽ ദേശീയത ശക്തമായി. ഇതിന്റെ മികച്ച രണ്ടുദാഹരണങ്ങളാണ് ഇറ്റലിയുടെയും ജർമ്മനിയുടെയും ഏകീകരണങ്ങൾ.

ഇറ്റലിയുടെ ഏകീകരണത്തിനായി കാർബൊണാരി, യങ്ങ് ഇറ്റലി എന്നീ പ്രസ്ഥാനങ്ങൾ നേരത്തെ തന്നെ

ഇറ്റലിയുടെ ഏകീകരണം






പ്രവർത്തിച്ചിരുന്നു. എന്നാൽ ജോസഫ് മസീനി, ഗാരിബാൾഡി മുതലായവരാണ് ഇറ്റാലിയൻ ദേശീയതയുടെ നായകർ. സാർദീനിയയിലെ രാജാവായിരുന്ന വിക്ടർ ഇമ്മാനുവൽ രണ്ടാമൻ, അദ്ദേഹത്തിന്റെ മന്ത്രിയായ കവൂർ പ്രഭു (Count Cavour) എന്നിവരുടെ നേതൃത്വത്തിൽ 1870-ൽ ഇറ്റലിയുടെ ഏകീകരണം യാഥാർത്ഥ്യമായി.



ഗാരിബാൾഡി

38-ഓളം കൊച്ചുകൊച്ചു ജർമ്മൻ നാട്ടുരാജ്യങ്ങൾ ഒരുമിച്ച് ചേർന്ന് 'സോൾവെറിൻ' (Zolleverein) എന്ന വ്യാപാരസഖ്യം ഉണ്ടാക്കി. എന്നാൽ ജർമ്മനിയുടെ രാഷ്ട്രീയ ഏകീകരണം സാധിച്ചത് പ്രഷ്യൻ ഭരണാധികാരിയായിരുന്ന ഫ്രെഡറിക് വില്ല്യം നാലാമനും

ഓത്തോ ഫോൺ ബിസ്മാർക്ക്



അദ്ദേഹത്തിന്റെ പ്രധാനമന്ത്രിയായ ഓത്തോ ഫോൺ ബിസ്മാർക്കും (Otto von Bismarck) ചേർന്നാണ്. ഡാനിഷ് യുദ്ധം, ആസ്ട്രോ-പ്രഷ്യൻയുദ്ധം, ഫ്രാങ്കോ-പ്രഷ്യൻ യുദ്ധം എന്നീ മൂന്ന് യുദ്ധങ്ങൾക്കുശേഷം 1871-ൽ പ്രഷ്യൻ രാജാവ് ഏകീകൃത ജർമ്മനിയുടെ




ജർമ്മനി 1871-ൽ

ചക്രവർത്തിയായി (കൈസർ) അധികാരമേറ്റു. പുതുതായി നിലവിൽവന്ന ജർമ്മനിയും ഇറ്റലിയും മറ്റു യൂറോപ്യൻ സാമ്രാജ്യത്വശക്തികളുമായി മൽസരിക്കാൻ തുടങ്ങി.

ദേശീയത ഒരു രാജ്യത്തിനകത്തെ ജനങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും സുസ്ഥാപിതമാക്കാൻ യത്നിച്ചപ്പോൾ അത് മറ്റു ജനവിഭാഗങ്ങളുടെ അവകാശങ്ങളെ ബാധിക്കാൻ തുടങ്ങി. മറ്റുള്ള ജനതയിൽ നിന്ന് തങ്ങൾക്കുള്ള മികവുകളും പാരമ്പര്യങ്ങളും ഉയർത്തിപ്പിടിക്കാനും തന്റെ രാജ്യത്തെ സ്നേഹിക്കാനും അതിനെ സംരക്ഷിക്കാനും ദേശീയതയുടെ വക്താക്കൾ ആഹ്വാനം ചെയ്തു. ജർമ്മനിയും ഇറ്റലിയും വൻശക്തികളാണെന്ന ഭാവത്തോടെയാണ് മറ്റു രാജ്യങ്ങളോടിടപെട്ടത്. തങ്ങളുടെ സംസ്കാരം ഏറ്റവും ഉയർന്നതും കറയറ്റതുമാണെന്ന് ജർമ്മൻകാർ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഇറ്റലിയാകട്ടെ തങ്ങളുടെ പഴയ റോമൻ പാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കാനാണ് ശ്രമിച്ചത്. അതിരുകടന്ന ഈ ദേശീയബോധം വൻതോതിലുള്ള ആയുധീകരണത്തിലേക്കും ദേശീയതകൾ തമ്മിൽ വൈരം വളർത്തുന്നതിലേക്കും നയിച്ചു. ഇതിനെ ആക്രാമക ദേശീയത (Aggressive Nationalism) എന്നു വിശേഷിപ്പിക്കാം.



ദേശീയത ഒരു രാജ്യത്തെ ജനങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും സുസ്ഥാപിതമാകുന്നതിന് സഹായിച്ചെങ്കിലും മറ്റൊരു വിഭാഗം മനുഷ്യരെ ചൂഷണത്തിനും അടിമത്തത്തിനും വിധേയരാക്കി. പ്രസ്താവന പരിശോധിക്കുക.

ഏഷ്യയിലും ആഫ്രിക്കയിലും സാമ്രാജ്യത്വം നടത്തിയ വെട്ടിപ്പിടുത്തങ്ങളും വർദ്ധിച്ചുവന്ന ആക്രാമകദേശീയതയും ആണ് യൂറോപ്യൻ രാഷ്ട്രങ്ങൾക്കിടയിൽ ശത്രുത വളർത്തിയത്. ഇത് രാജ്യങ്ങൾ തമ്മിലുള്ള സംശയങ്ങൾ വർദ്ധിപ്പിച്ചു. പരസ്പരം ആക്രമണഭീഷണി ഭയന്ന് വൻതോതിലുള്ള ആയുധശേഖരണത്തിലേക്ക് നീങ്ങി. ഓരോ രാജ്യവും മറ്റ് രാജ്യങ്ങളെ സംശയദൃഷ്ടിയോടെയും ഭയത്തോടെയും നോക്കിക്കണ്ട് സൈന്യബലവും നാവികസേനയുടെ ശക്തിയും വർദ്ധിപ്പിച്ചു. യൂറോപ്യൻ ശക്തികൾ തമ്മിലുള്ള ഈ പരസ്പരസംശയം വിവിധരീതിയിലുള്ള കരാറുകളിലേക്കും വഴിതെളിയിച്ചു. ഇത് പലതരത്തിലുള്ള ചേരിതിരിവുകൾക്കും കാരണമായി. അന്താരാഷ്ട്ര തലത്തിൽ ഒരു രാജ്യത്തിനും തന്റെ ശത്രു ആരെന്നോ മിത്രം ആരെന്നോ പറയാൻ കഴിഞ്ഞില്ല. ആസ്ട്രിയയുമായി രഹസ്യക്കരാറുണ്ടാക്കിയ റഷ്യ ബോസ്നിയ-ഹെർസിഗോവിന പ്രശ്നം വന്നപ്പോൾ ആസ്ട്രിയക്കെതിരെ ആക്രമണ ഭീഷണി മുഴക്കി. റഷ്യൻ ആക്രമണത്തെ നേരിടാൻ 1882-ൽ ജർമ്മനി, ആസ്ട്രിയ-ഹംഗറി, ഇറ്റലി എന്നീ രാജ്യങ്ങൾ ചേർന്ന് 'ത്രിരാഷ്ട്രസഖ്യം' (Triple Alliance) രൂപീകരിച്ചു. ത്രിരാഷ്ട്രസഖ്യത്തിനെതിരെ ഫ്രാൻസുമായി രഹസ്യക്കരാറുണ്ടാക്കിയാണ് റഷ്യ ഇതിനെ നേരിട്ടത്. റഷ്യ-ഫ്രാൻസ് രഹസ്യക്കരാർ പിന്നീട് ഇംഗ്ലീഷ്-ഫ്രഞ്ച് കരാറിന്, 'ആന്താന്ത് കോർദിയാൽ' (Entente Cordiale) വഴിയൊരുക്കി.



ത്രിരാഷ്ട്രസഖ്യവും ത്രിരാഷ്ട്ര ധാരണയും

ഇതു പിന്നീട് റഷ്യയും ബ്രിട്ടനും തമ്മിലുള്ള ഉടമ്പടിയായി മാറി. റഷ്യയും ബ്രിട്ടനും ഫ്രാൻസും ചേർന്ന് പുതുതായി രൂപീകരിച്ച ഈ 'ത്രിരാഷ്ട്ര ധാരണ' (Triple Entente) ജർമ്മനി, ആസ്ട്രിയ, ഇറ്റലി എന്നിവർ ചേർന്ന് രൂപീകരിച്ച 'ത്രിരാഷ്ട്രസംഖ്യത്തിന്' ബദലായിരുന്നു. ഈ സന്ധികളും ഉടമ്പടികളും രാജ്യങ്ങൾ തമ്മിലുള്ള അവിശ്വാസത്തിന് ശക്തി കൂട്ടുകയും പരസ്പരഭയം വളർത്തുകയും ആണ് ചെയ്തത്. ഇത്തരത്തിലുള്ള സന്ധികൾ മറ്റൊരു കാര്യം ഉറപ്പാക്കി: ഒരു യുദ്ധമുണ്ടായാൽ അത് രണ്ടു രാജ്യങ്ങൾക്കിടയിൽ മാത്രം ഒതുങ്ങി നില്ക്കാതെ ലോകം മുഴുവൻ വ്യാപിക്കുന്ന മഹായുദ്ധമായി പരിണമിക്കും.




സന്ധികളും സഖ്യങ്ങളും യുദ്ധവും സംഘർഷവും ഒഴിവാക്കൻ വേണ്ടിയുള്ളതാണ്. എന്നാൽ ഇവതന്നെ യുദ്ധത്തിനുകാരണമാകുന്ന അനുഭവവും ഉണ്ട്-പ്രസ്താവന വിശകലനം ചെയ്യുക.

## കോളനിവിരുദ്ധ പ്രസ്ഥാനങ്ങൾ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായി ഏഷ്യയിൽ കോളനിവിരുദ്ധ സമരങ്ങൾ ആരംഭിച്ചു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഭരണനടപടികളും, നയവൈകല്യങ്ങളും ഇന്ത്യയിൽ കോളനിവിരുദ്ധദേശീയപ്രസ്ഥാനത്തിന് രൂപം നൽകുന്നതിനുള്ള സാഹചര്യമുണ്ടാക്കി. ഇന്ത്യയുടെ സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ വികസനത്തെ മുരടിപ്പിക്കുന്ന നയങ്ങളാണ് ബ്രിട്ടീഷ്

സർക്കാർ നടപ്പാക്കുന്നതെന്ന യാഥാർത്ഥ്യം ജനങ്ങൾ തിരിച്ചറിയാൻ തുടങ്ങി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച സാംസ്കാരിക അടിമത്തത്തെ പ്രതിരോധിക്കാൻ ഇന്ത്യയിലുയർന്നുവന്ന കോളനിവിരുദ്ധ ദേശീയപ്രസ്ഥാനത്തിന് (പ്രതിരോധ ദേശീയതയ്ക്ക്-Defensive Nationalism) കഴിഞ്ഞത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ.

ഇതുപോലെ ചൈനീസ് ജനതയുടെ ദേശീയബോധത്തെ തട്ടിയുണർത്തി, വിവിധ വിപ്ലവ സംഘടനകളെ ഒരുമിപ്പിച്ച് ചൈനയുടെ വിമോചന പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാൻ ഡോ. സൺയാത് സെന്നിന് കഴിഞ്ഞു. ചൈനയിലെ ഈ മുന്നേറ്റം ഒരേസമയം സാമ്രാജ്യത്വശക്തികൾക്കെതിരെയും ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശത്തിന്റെ ദുർന്ന



ഡോ. സൺയാത് സെൻ

യങ്ങൾക്കെതിരെയുമായിരുന്നു. മഞ്ചുരാജവംശാധികാരം തകർത്ത് ഒരു ജനകീയജനാധിപത്യറിപ്പബ്ലിക് സ്ഥാപിക്കാനായിരുന്നു ചൈനയിലെ ദേശീയ പ്രസ്ഥാന നേതാക്കൾ ശ്രമിച്ചത്. ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ അടിസ്ഥാന ആശയങ്ങളിലൂന്നിയാണ് ഈ പോരാട്ടം നടന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അമേരിക്കക്കാർ കോമഡോർ പെറി (Commodore Perry) യുടെ നേതൃത്വത്തിൽ ജപ്പാനീസ് തുറമുഖങ്ങൾ തങ്ങൾക്കായി തുറക്കുന്നതിൽ വിജയം നേടി. അമേരിക്കൻ ഉല്പന്നങ്ങൾക്ക് നികുതിയിളവുകളും ആഭ്യന്തരവ്യാപാരത്തിൽ പ്രത്യേക വിശേഷാധികാരങ്ങളും നേടിയെടുക്കാനും ഇവർക്ക് കഴിഞ്ഞു. തുടർന്ന് ഇതേ അവകാശങ്ങൾ മറ്റു കൊളോണിയൻ ശക്തികളും നേടിയെടുത്തു. എന്നാൽ ജപ്പാൻ ജനത ഈ വിദേശ ഇടപെടലുകളിൽ ശക്തമായ പ്രതിഷേധം ഉയർത്തി. ജപ്പാനിൽ അധികാരത്തിലിരുന്ന ഫ്യൂഡൽ സ്വഭാവമുള്ള ഷോഗൺ ഭരണത്തിനെതിരെയും വിദേശരാജ്യങ്ങളുമായി വ്യാപാരഉടമ്പടികൾ ഉണ്ടാക്കുന്ന നയത്തിനെതിരെയും പ്രതിഷേധം ശക്തമായി. ഷോഗൺ ഭരണത്തെ സ്ഥാനഭ്രഷ്ടമാക്കുന്നതിനും വിദേശ ശക്തികളുടെ ഇടപെടൽ അവസാനിപ്പിക്കുന്നതിനും ശക്തമായ സമരങ്ങൾ നടന്നു. വൈദേശിക ഇടപെടലിനെതിരായ ഈ സമരത്തിൽ ഒറ്റപ്പെട്ട നിരവധി ആക്രമണങ്ങൾ വിദേശികൾക്കു നേരെയുണ്ടായി. 1868-ൽ ഷോഗൺ ഭരണത്തിന് തിരശ്ശീല വീണു. മെയ്ജി രാജവംശം സ്ഥാനമേറ്റു. നാലു പതിറ്റാണ്ടുകാലത്തെ മെയ്ജി രാജഭരണത്തിനു കീഴിൽ ജപ്പാൻ പൂർവ്വദേശത്തെ വൻശക്തിയായി മാറി. പാശ്ചാത്യ യൂറോപ്യൻ ശക്തികളുമായി മൽസരിക്കുന്നതിന് ശക്തി നേടിയ ജപ്പാന്റെ ഈ വളർച്ച ഏഷ്യയിലെ കോളനി വിരുദ്ധസമരങ്ങൾക്ക് വൻ ആവേശമാണ് നൽകിയത്. റഷ്യയുമായുള്ള യുദ്ധത്തിൽ ജപ്പാനുണ്ടായ വിജയം യൂറോപ്യൻ ശക്തികൾക്കു മേൽ മറ്റാർക്കും ആധിപത്യം നേടാനാവില്ലെന്ന മിഥ്യാധാരണയെ തകർക്കുന്നതിന് ഇടയാക്കി. ഇത് സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് വമ്പിച്ച കരുത്തു പകർന്നു.



സ്വന്തം ഭൂവിഭാഗത്തിന്റെ ശക്തിയും ദൗർബല്യവും തിരിച്ചറിഞ്ഞ് ജനങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും നേടിയെടുക്കാൻ ദേശീയപ്രസ്ഥാനങ്ങൾ അവസരമൊരുക്കി. വിവിധ കോളനിവിരുദ്ധ സമരങ്ങളുടെ ചരിത്രം വിശകലനം ചെയ്ത് ഈ അഭിപ്രായം പരിശോധിക്കുക.

## പ്രവർത്തനങ്ങൾ



- വടക്കേ അമേരിക്കയും തെക്കേ അമേരിക്കയും വ്യത്യസ്ത മുന്നേറ്റങ്ങളിലൂടെയാണ് സ്വതന്ത്രരാജ്യ ങ്ങളായത്-അമേരിക്കയിലെ കോളനികളുടെ സ്വാതന്ത്ര്യസമരം പരിശോധിച്ച് ഈ പ്രസ്താവന വില യിരുത്തുക.
- മുതലാളിത്തം സാമ്രാജ്യത്വമായി വികസിക്കാനുണ്ടായ സാഹചര്യമെന്തായിരുന്നു? സാമ്രാജ്യത്വത്തിന്റെ പ്രതി സന്ധികൾ എന്തൊക്കെയാണ്? ചർച്ച ചെയ്ത് കുറിപ്പു തയ്യാറാക്കുക.
- യൂറോപ്പിന്റെ വ്യവസായപുരോഗതി സാമ്രാജ്യത്വത്തി ലേക്ക് നയിച്ചതെങ്ങനെയെന്ന് വിശകലനം ചെയ്യുക.
- ഇറ്റലിയുടേയും ജർമ്മനിയുടേയും ഏകീകരണ ങ്ങൾക്ക് സഹായിച്ച ഘടകങ്ങൾ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- തൊഴിലാളിവർഗ്ഗമുന്നേറ്റം കോളനിവിരുദ്ധസമരങ്ങൾക്ക് പ്രചോദനമേകിയതെങ്ങനെ യെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- പൗരസ്ത്യ യൂറോപ്യൻ സമസ്യ വെറും അതിർത്തിത്തർക്കങ്ങൾ ആയിരുന്നില്ല. സാമ്രാ ജ്യത്യപരവും അധിനിവേശപരവുമായ കാരണങ്ങൾ ഇതിനുണ്ടായിരുന്നു-കണ്ടെത്തി എഴുതുക.
- ആഫ്രിക്കയുടെ വീതംവെയ്പ്പ് സാമ്രാജ്യത്വത്തിന്റെ അത്യാർത്തിയുടെ ഏറ്റവും നല്ല ഉദാഹരണമാണ്. സമർത്ഥിക്കുക.
- ആക്രാമകദേശീയതയും പ്രതിരോധദേശീയതയും കോളനീകരണത്തിനും കോളനി വിരു ദ്ധസമരങ്ങൾക്കും യഥാക്രമം കാരണമായി-പരിശോധിക്കുക.

# ലോകയുദ്ധവും തുടർച്ചയും

4

## ഒന്നാം ലോകയുദ്ധം

കോളനി വാഴ്ചയും സാമ്രാജ്യത്വത്തിന്റെ വ്യാപനവും മുൻ അധ്യായത്തിൽ ചർച്ച ചെയ്തതാണല്ലോ. സാമ്രാജ്യത്വശക്തികൾ ലോകം കീഴടക്കാനുള്ള മത്സരങ്ങളിൽ ഏർപ്പെട്ടപ്പോൾ സംഘർഷങ്ങൾ വ്യാപകമായി. ഇക്കാലത്ത് അന്താരാഷ്ട്രരംഗത്തുണ്ടായ പ്രതിസന്ധികൾ അവിശ്വാസത്തിന്റെയും പരസ്പരസ്പർദ്ധയുടെയും അന്തരീക്ഷമുണ്ടാക്കി. ഓട്ടോമൻ സാമ്രാജ്യത്തിന്റെ അധീനതയിലായിരുന്നു കിഴക്കൻ യൂറോപ്പിലെ ഭൂപ്രദേശങ്ങൾ. ഇവ കയ്യടക്കുന്നതിനുവേണ്ടി നടന്ന സംഘർഷങ്ങളാണ് പ്രതിസന്ധികൾക്ക് തുടക്കമിട്ടത്. 'പൗരസ്ത്യ യൂറോപ്യൻ സമസ്യ' (Eastern Question) എന്ന പേരിലാണല്ലോ ഇത് അറിയപ്പെട്ടത്. ഒട്ടോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പ്രദേശങ്ങളിൽ റഷ്യ ആധിപത്യം നേടുമെന്ന് ഭയന്ന ബ്രിട്ടൻ, പ്രഷ്യ, ഹോളണ്ട് എന്നീ രാജ്യങ്ങൾ ചേർന്ന് ഒരു സഖ്യമുണ്ടാക്കി. ഇതിന്റെ തുടർച്ചയായിട്ടാണ് ബാൾക്കൻ പ്രതിസന്ധിയുണ്ടാവുന്നത്.

ബാൾക്കൻ പ്രദേശങ്ങൾ 1908-ൽ





ബാൾക്കൻ പ്രദേശങ്ങൾ 1914-ൽ

ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളിൽ ചിലതായി പൗരസ്ത്യയൂറോപ്യൻ സമസ്യയെയും ബാൾക്കൻ പ്രതിസന്ധിയെയും കണക്കാക്കാറുണ്ട്.

ജർമ്മൻ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളും ജനങ്ങളും ഒറ്റരാഷ്ട്രമായിതീരണമെന്ന പ്രചാരണം ജർമ്മനിയിൽ ആരംഭിച്ചിരുന്നു. ബാൾക്കൻ ഉപദ്വീപും അവർ ലക്ഷ്യമിട്ടു. ബാൾക്കൻ പ്രദേശങ്ങൾക്കുവേണ്ടി ആസ്ട്രിയ അവകാശവാദമുന്നയിച്ചപ്പോൾ ജർമ്മനി അതിനെ പിന്തുണച്ചു. എന്നാൽ വംശീയതയുടെ അടിസ്ഥാനത്തിൽ ആ പ്രദേശം തങ്ങൾക്കുവേണമെന്ന് സെർബിയ അവകാശമുന്നയിച്ചു. റഷ്യ അതിനെ പിന്തുണച്ചു. ബാൽക്കൻ പ്രദേശങ്ങളെച്ചൊല്ലി റഷ്യയുടെയും ജർമ്മനിയുടെയും താല്പര്യങ്ങൾ തമ്മിലുണ്ടായ സംഘർഷമാണ് ബാൾക്കൻ പ്രതിസന്ധി എന്നറിയപ്പെടുന്നത്.



ഭൂപടം പരിശോധിച്ച് 'പൗരസ്ത്യയൂറോപ്യൻ സമസ്യ', 'ബാൾക്കൻ പ്രതിസന്ധി' എന്നിവയിലേക്ക് നയിച്ച സാഹചര്യങ്ങൾ ചർച്ച ചെയ്യുക.

## മൊറോക്കൻ പ്രതിസന്ധി

മൊറോക്കൻ പ്രതിസന്ധി എന്താണെന്നു നോക്കാം. 1904-ൽ ബ്രിട്ടനും ഫ്രാൻസും രഹസ്യമായി ഒരു കരാറുണ്ടാക്കി. ഈജിപ്റ്റിൽ സ്വതന്ത്രമായി ഇടപെടാൻ ബ്രിട്ടനെ അനുവദിച്ചാൽ മൊറോക്കോയുടെ മേലുള്ള ഫ്രാൻസിന്റെ അവകാശം അംഗീകരിക്കാം എന്നതായിരുന്നു കരാറിലെ പ്രധാന വ്യവസ്ഥ. മൊറോക്കോയുടെ മേലുള്ള ഫ്രാൻസിന്റെ അവകാശവാദത്തെ ജർമ്മനി എതിർത്തു. തങ്ങളുടെ കോളനിയായിരുന്ന ഫ്രഞ്ച് കോംഗോയുടെ ഒരു ഭാഗം ജർമ്മനിക്കു നൽകാൻ ഫ്രാൻസ് തയ്യാറായി, പകരമായി മൊറോക്കോ ഫ്രാൻസിനു നൽകാൻ ജർമ്മനിയും സമ്മതിച്ചു. അതോടെ തർക്കത്തിനു താൽക്കാലിക പരിഹാരമായി.




### മൊറോക്കോയും ഫ്രഞ്ച് കോംഗോയും

*വടക്കേ ആഫ്രിക്കയിലെ രാജ്യമായ മൊറോക്കോ ആഫ്രിക്കയിലെ ആദ്യ ഇസ്ലാമിക രാജ്യമാണ്. മെഡിറ്ററേനിയൻ സമുദ്രവും അറ്റ്ലാന്റിക് സമുദ്രവും സന്ധിക്കുന്ന ജിബ്രാൾട്ടർ കടലിടുക്ക് ഈ രാജ്യത്തിന്റെ നിയന്ത്രണത്തിലായതാണ് ഇവിടെ പ്രതിസന്ധിയുണ്ടാകാൻ കാരണം.*

*ഇന്നത്തെ മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്, കോംഗോ, ഗാബൺ എന്നീ പ്രദേശങ്ങൾ ഉൾക്കൊണ്ടിരുന്ന ഫ്രഞ്ച് കോളനിയാണ് ഫ്രഞ്ച് കോംഗോ. ഈ കോളനിയിൽ മുപ്പതോളം ഫ്രഞ്ച് കമ്പനികൾ പ്രാദേശികവിഭവങ്ങളെ ചൂഷണം ചെയ്യുകയും തദ്ദേശവാസികളെ അടിമകളെപ്പോലെ പണിയെടുപ്പിക്കുകയും ചെയ്തിരുന്നു.*

## ബാഗ്ദാദ് റെയിൽ

ജർമ്മനിയിലെ ബർലിനെയും ഓട്ടോമൻ സാമ്രാജ്യത്തിന്റെ ഭാഗമായ ബാഗ്ദാദിനെയും ബന്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ബാഗ്ദാദ് റെയിൽവെ നിർമ്മാണം ആരംഭിച്ചത്. എന്നാൽ ഇത് ജർമ്മനിയുടെ വ്യാപാര സാധ്യത വർദ്ധിപ്പിക്കുമെന്ന് ബ്രിട്ടനും റഷ്യയും ഭയപ്പെട്ടു. ജർമ്മനി പേർഷ്യൻ ഗൾഫിലേക്കും ഓട്ടോമൻ സാമ്രാജ്യം ഈജിപ്തിലേക്കും സ്വാധീനം വ്യാപിപ്പിക്കുമെന്ന് ബ്രിട്ടനും ഫ്രാൻസും കരുതി. ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളിലൊന്നായി ഇതു മാറി.



ലോകത്തിന്റെ രാഷ്ട്രീയഭൂപടത്തിൽ ജർമ്മനിയിലെ ബർലിനും ഇറാഖിലെ ബാഗ്ദാദും അടയാളപ്പെടുത്തി പരസ്പരം യോജിപ്പിക്കുക. ബാഗ്ദാദ് റെയിൽ നിർമ്മാണം ഒന്നാം ലോകയുദ്ധത്തിന് കാരണമായതെങ്ങനെ? വിശകലനം ചെയ്യുക.

സാമ്രാജ്യത്വരാഷ്ട്രങ്ങൾ ഇത്തരം പ്രതിസന്ധികൾ വളർത്തിയെടുത്തത് എന്തിനായിരുന്നുവെന്നോ? കോളനി രാജ്യങ്ങളെ കൈയടക്കിവെച്ച് അവരുടെ സമ്പത്ത് ചൂഷണം ചെയ്യുന്നതിനുവേണ്ടിത്തന്നെ. അതിനാൽ ഒന്നാം ലോകയുദ്ധം സാമ്രാജ്യത്വ യുദ്ധമെന്ന പേരിൽ വിശേഷിപ്പിക്കപ്പെടുന്നു.

സാമ്രാജ്യത്വരാഷ്ട്രങ്ങൾക്കിടയിലെ സംഘർഷങ്ങൾ സൈനികസഖ്യങ്ങളുടെ രൂപീകരണത്തിനു വഴിവച്ചതു നാം കണ്ടു. ഈ ചേരിതിരിവുകൾ എതിർ വിഭാഗങ്ങൾക്കിടയിൽ അന്യോന്യം സംശയത്തിനും ഭയത്തിനും കാരണമായി. മാത്രമല്ല ഏതെങ്കിലുമൊരു യുദ്ധമുണ്ടായാൽ അത് പ്രാദേ

സൈനികസഖ്യങ്ങളും താത്പര്യങ്ങളും



ശികമായി ഒതുങ്ങുന്നതാവില്ല എന്ന വ്യക്തമായ സൂചനയും നൽകി.

സാമ്രാജ്യത്വരാഷ്ട്രങ്ങൾ ബോധപൂർവം സൃഷ്ടിച്ച പ്രതിസന്ധികൾ ലോകത്തെ ഒരു യുദ്ധത്തിലേക്കു നയിച്ചു. ആസ്ട്രിയയുടെ സാമ്രാജ്യത്വ പരിപാടി കൾക്കെതിരെ സെർബിയ ശക്തമായി പ്രതികരിച്ചു. ബോസ്നിയൻ തലസ്ഥാനമായ സെരായെവോയിൽ വച്ച് ആസ്ട്രിയൻ കിരീടാവകാശി ആർച്ച്ഡ്യൂക്ക് ഫ്രാൻസ് ഫെർഡിനന്റും ഭാര്യയും 1914 ജൂൺ 28-ന് വെടിയേറ്റു മരിച്ചു. സെർബിയൻ വംശജനായ ഗാവ്രിലൊ പ്രിൻസെപ് ആണ് അവരെ വെടിവച്ചു കൊന്നത്. ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ അതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ആസ്ട്രിയ നൽകിയ അന്ത്യശാസനം സെർബിയ അവഗണിച്ചു. ഇതേത്തുടർന്ന് 1914 ജൂലൈ 28-ന് ആസ്ട്രിയ സെർബിയക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഇതോടെ ഒന്നാം ലോകയുദ്ധം ആരംഭിച്ചു. റഷ്യ സെർബിയയുടെ രക്ഷയ്ക്കെത്തി. ഉടനെ ജർമ്മനി റഷ്യക്കെതിരെയും റഷ്യയുമായി സന്ധിയിലുണ്ടായി രുന്ന ഫ്രാൻസിനെതിരെയും യുദ്ധപ്രഖ്യാപനം നടത്തി. ബ്രിട്ടൻ ജർമ്മനിക്കെതിരെ യുദ്ധത്തിൽ പങ്കു ചേർന്നു. ഇറ്റലി ജർമ്മനിയുടെ സഖ്യം വിട്ട് ബ്രിട്ട നോടൊപ്പം നിന്നു. ജപ്പാൻ, പോർച്ചുഗൽ, ഗ്രീസ്, റൂമാ നിയ എന്നീ രാജ്യങ്ങൾ ബ്രിട്ടീഷ് സഖ്യത്തിൽ ചേർന്നപ്പോൾ തുർക്കിയും ബൾഗേറിയയും ജർമ്മൻ ഭാഗത്തു ചേർന്നു. ഇതോടെ ബ്രിട്ടന്റെ ഭാഗത്തുള്ളവർ സഖ്യശക്തികൾ (Allied Powers) എന്നും ജർമ്മനി യുടെ ഭാഗത്തുള്ളവർ കേന്ദ്രശക്തികൾ (Central Powers) എന്നും അറിയപ്പെട്ടു. ലോകത്തിന്റെ പല ഭാഗത്തും കോളനികളുണ്ടായിരുന്ന ഈ രാജ്യങ്ങൾ തങ്ങളുടെ കോളനികളേയും യുദ്ധത്തിലേക്ക് വലി ച്ചിഴച്ചു.

**യുദ്ധത്തിലേക്കുള്ള വഴി-ചിന്തയും പ്രവൃത്തിയും**





ഒന്നാം ലോകയുദ്ധത്തിന് കാരണമായ അന്തർദേശീയ പ്രശ്നങ്ങളിൽ ഉൾപ്പെട്ട പ്രധാന രാജ്യങ്ങളേതെല്ലാമായിരുന്നു? അവരുടെ നിക്ഷിപ്ത താല്പര്യങ്ങളെന്തെല്ലാമായിരുന്നു? വിശകലനം ചെയ്യുക.









യുദ്ധരംഗത്തുനിന്നുള്ള ചില ചിത്രങ്ങൾ

ജർമ്മനി ആദ്യമൊക്കെ ഫ്രാൻസിൽ വലിയ മുന്നേറ്റമുണ്ടാക്കിയെങ്കിലും അവസാനം പരാജയപ്പെടുകയാണുണ്ടായത്. നാവികയുദ്ധത്തിൽ ആത്യന്തികവിജയം ബ്രിട്ടനായിരുന്നു. ജർമ്മനി അമേരിക്കൻ കപ്പലുകളെ തുടർച്ചയായി കടലിൽ മുക്കിയതോടെ അതുവരെ യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കാതിരുന്ന അമേരിക്ക ജർമ്മനിക്കെതിരെ സഖ്യകക്ഷികളെ സഹായിച്ചു.

ബ്രിട്ടന്റെ നേതൃത്വത്തിലുള്ള സഖ്യശക്തികൾക്ക് അതൊരാശ്വാസമായി. വിപ്ലവത്തെത്തുടർന്ന് റഷ്യ 1918 മാർച്ചിൽ യുദ്ധരംഗത്തുനിന്നു പിൻമാറി. ജർമ്മനിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സഖ്യത്തിന് അടിക്കടി പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. ജർമ്മനി കീഴടങ്ങി.

സാമ്രാജ്യത്വയുദ്ധമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒന്നാം ലോകയുദ്ധത്തിന്റെ തന്ത്രങ്ങൾ നൂതനവും പ്രയോഗിക്കപ്പെട്ട സാങ്കേതികവിദ്യകൾ പലതും വിനാശകരവുമായിരുന്നു. ചരിത്രത്തിൽ ആദ്യമായി ഒരേസമയം കരയിലും കടലിലും ആകാശത്തും

ഒന്നാം ലോകയുദ്ധം-മരണനിരക്ക്



യുദ്ധം നടന്നു. കരയുദ്ധത്തിൽ ആദ്യമായി ടാങ്ക്, ഷെല്ലുകൾ, മൈനുകൾ എന്നിവ ഉപയോഗിച്ചു. ധാർമ്മികതയുടെ പ്രശ്നങ്ങളൊന്നും കണക്കിലെടുക്കാതെ ജർമ്മനി ക്ലോറിൻ ഉൾപ്പെടെയുള്ള വിഷവാതകങ്ങൾ പ്രയോഗിച്ചു. മുങ്ങിക്കപ്പലുകളുപയോഗിച്ച് കപ്പലുകളെ മുക്കി. ബോംബ് വർഷിക്കുന്നതിനു വേണ്ടി വിമാനങ്ങൾ ആദ്യമായി ഉപയോഗിച്ചുവെന്നതും ഈ യുദ്ധത്തിന്റെ പ്രത്യേകതയാണ്. ഒരു കോടിയോളം സൈനികർക്ക് യുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ടു. ലോകസമ്പദ്‌വ്യവസ്ഥ തകർന്നു. ദാരിദ്ര്യവും തൊഴിലില്ലായ്മയും രൂക്ഷമായി. കാർഷികവ്യാവസായികരംഗങ്ങൾ തകർന്നു.



യുദ്ധോപകരണങ്ങളുടെ നവീകരണവും പുതിയവയുടെ കണ്ടെത്തലും മാനവരാശിയെ സ്വാധീനിക്കുന്നു. ഒന്നാം ലോകയുദ്ധാനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക.

## സമാധാനശ്രമങ്ങൾ

ഒന്നാം ലോകയുദ്ധം നടക്കുമ്പോൾതന്നെ സമാധാനത്തിനുള്ള ശ്രമങ്ങളും ആരംഭിച്ചിരുന്നു. അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്രോ വിൽസൻ തയ്യാറാക്കിയ പതിനാലിനപരിപാടി (Fourteen points) അതിന്റെ ഭാഗമായിരുന്നു. യുദ്ധാവസാനം 1919-ൽ പാരീസിൽ വച്ച് ഒരു സമാധാനസമ്മേളനം വിളിച്ചുകൂട്ടി. ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക, ഇറ്റലി എന്നീ രാജ്യങ്ങളാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്. പരാജിതരാഷ്ട്രങ്ങളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിച്ചില്ല. വൻശക്തികളായ ഈ നാലു രാജ്യങ്ങളും ചേർന്ന് അവരുടെ താല്പര്യത്തിനനുസരിച്ചുണ്ടാക്കിയ ഉടമ്പടികളാണ് പിന്നീട് പല രാജ്യങ്ങളുടെമേലും അടിച്ചേൽപ്പിച്ചത്. അതിൽ പ്രധാനപ്പെട്ടവ ഏതൊക്കെയാണെന്നു നോക്കാം.

### വുഡ്രോവിൽസന്റെ 14 ഇനപരിപാടി

1. രഹസ്യക്കരാറുകൾ പാടില്ല.
2. സമുദ്രങ്ങളിൽ യുദ്ധസമയത്തും സമാധാനകാലത്തും സ്വതന്ത്രസഞ്ചാരസ്വാതന്ത്ര്യം.
3. രാജ്യങ്ങൾ തമ്മിൽ സ്വതന്ത്രവ്യാപാരം.
4. എല്ലാ രാജ്യങ്ങളും നിരായുധീകരണത്തിനായി യത്നിക്കണം.
5. കോളനികൾക്ക് അവരുടെ ഭാവിയെപ്പററി തീരുമാനിക്കുന്നതിനുള്ള അധികാരം.
6. ജർമ്മൻ സൈന്യം റഷ്യയിൽനിന്ന് പിന്മാറണം.
7. ബൽജിയത്തിനു സ്വാതന്ത്ര്യം.
8. ഫ്രാൻസിന് അൽസെയ്സ് ലോറൈൻ തിരിച്ചു കിട്ടും.
9. ആസ്ട്രിയയും ഇറ്റലിയും തമ്മിലുള്ള അതിരുകൾ പുനഃക്രമീകരണം.
10. കിഴക്കൻ യൂറോപ്പിലെ ജനങ്ങൾക്ക് സ്വയം നിർണയാവകാശം.
11. സെർബിയയ്ക്ക് സമുദ്രത്തിലേക്കുള്ള പ്രവേശന സ്വാതന്ത്ര്യം.
12. തുർക്കി സാമ്രാജ്യത്തിലെ ജനങ്ങൾക്ക് സ്വയംഭരണാവകാശം.
13. പോളണ്ട് സമുദ്രാതിർത്തിയുള്ള സ്വതന്ത്രരാജ്യമാകും.
14. സർവ്വരാഷ്ട്രസഖ്യം രൂപീകരിക്കും.

## വേഴ്സായ് (Versailles) സന്ധി

പാരീസ് സമാധാനചർച്ചകളെത്തുടർന്ന് ഒപ്പുവച്ചതിൽ ഏറ്റവും പ്രധാനപ്പെട്ട സന്ധിയാണിത്. ജർമ്മനിയുമായാണ് ഇത് ഒപ്പുവെച്ചത്. അങ്ങേയറ്റം അപമാനകരമായ ഈ സന്ധിപ്രകാരം ജർമ്മനിയുടെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങൾ പലതും ഫ്രാൻസ്, ബൽജിയം, ഡെൻമാർക്ക് എന്നീ രാജ്യങ്ങൾക്ക് വിട്ടുകൊടുത്തു. സൈനികശക്തി വൻതോതിൽ വെട്ടിക്കുറച്ചു. യുദ്ധക്കപ്പലുകളെ അടിയറവെച്ചു. യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തി. ഇതിനൊക്കെ പുറമെ ജർമ്മനിയുടെ മേൽ യുദ്ധക്കുറ്റം ചുമത്തി. 6.6 മില്യൺ ഡോളർ യുദ്ധത്തിന്റെ നഷ്ടപരിഹാരമായി നൽകണമെന്ന വ്യവസ്ഥയും ജർമ്മനിയെക്കൊണ്ട് അംഗീകരിപ്പിച്ചു.

## വേഴ്സായ് സന്ധി- പ്രധാന വ്യവസ്ഥകൾ

### യുദ്ധക്കുറ്റം

- യുദ്ധത്തിന്റെ ഉത്തരവാദിത്തം ജർമ്മനിക്ക്. ആയിരുന്നു

### നിരായുധീകരണം

- സൈനികരുടെ എണ്ണം പരമാവധി 1 ലക്ഷം.
- നിർബന്ധിതമായ സൈനികസേവനം പാടില്ല.
- ടാങ്കുകൾ, മുങ്ങിക്കപ്പലുകൾ, സൈനിക വിമാനങ്ങൾ എന്നിവ സംഭരിക്കരുത്.

### നഷ്ടപരിഹാരം

- 1921 വരെ ജർമ്മനി യുദ്ധത്തിലുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം ഫ്രാൻസ്, ബെൽജിയം, ബ്രിട്ടൻ എന്നീ രാജ്യങ്ങൾക്കു ജർമ്മനി നൽകണം.
- ഈ തുക നിസ്സാരമായിരുന്നില്ല (ഏകദേശം 6.6 മില്യൺ ഡോളർ). ഇത് ജർമ്മനിയുടെ വാർഷിക ഉല്പാദനത്തിന്റെ 2% വരും.

### ജർമ്മനി കീഴടക്കിയ പ്രദേശങ്ങൾ തിരിച്ചുകൊടുക്കൽ

- ജർമ്മനിക്കു പുറത്തുണ്ടായിരുന്ന എല്ലാ കോളനികളും ബ്രിട്ടനും ഫ്രാൻസും പങ്കിട്ടെടുത്തു.
- അൽസെയ്സ് ലോറൈൻ, സാർ ഇവ നഷ്ടപ്പെട്ടു.
- ജർമ്മനിയും ആസ്ട്രിയയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു.
- പടിഞ്ഞാറൻ പ്രഷ്യ, അപ്പർ സെലേഷ്യ ഇവ പോളണ്ടിനു നൽകി.
- ഡാൻസിഗ് നഗരം ലീഗ് ഓഫ് നേഷൻസിന്റെ നിയന്ത്രണത്തിലുള്ള സ്വതന്ത്ര പട്ടണമായി.

### ലീഗ് ഓഫ് നേഷൻസ്

- അന്താരാഷ്ട്ര പോലീസ് എന്ന രീതിയിൽ ലീഗ് ഓഫ് നേഷൻസ് സ്ഥാപിച്ചു. എന്നാൽ ഒരു സമാധാന രാഷ്ട്രമായി മാറും വരെ ജർമ്മനിക്ക് അതിൽ അംഗത്വമില്ല.





വേഴ്സായ് സന്ധി സംഭാഷണങ്ങൾ

വേഴ്സായ് സന്ധി മാത്രമല്ല അന്നു നിലവിൽ വന്നത്. 1919-ലെ സെന്റ് ജർമെയ്ൻ സന്ധി ആസ്ട്രിയ-ഹംഗറിയുമായാണ് ഒപ്പുവെച്ചത്. അതുപ്രകാരം ഹംഗറിയെ ആസ്ട്രിയയിൽ നിന്ന് വേർപെടുത്തി. 1920-ലെ തന്നെ സെവ്റ് (Sevres) സന്ധി തുർക്കിയുമായാണ് ഒപ്പുവെച്ചത്. ആഫ്രിക്കയിലും പശ്ചിമേഷ്യയിലുമുള്ള എല്ലാ അവകാശങ്ങളും ഇതിലൂടെ തുർക്കിക്ക് നഷ്ടമായി. ഇതോടെ തുർക്കിയിൽ ഖലീഫാ ഭരണം അവസാനിച്ചു.

വിവിധസന്ധികളിലൂടെ യൂറോപ്പിൽ പുതിയ രാജ്യങ്ങളുടെ ഉദയത്തിന് വഴിയൊരുങ്ങി. പോളണ്ട്, ചെക്കോസ്ലോവാക്യ, യുഗോസ്ലാവിയ, റുമാനിയ, അൽബേനിയ തുടങ്ങിയവ അങ്ങനെ നിലവിൽ വന്ന പുതിയ രാജ്യങ്ങളാണ്.

### യുദ്ധത്തിന്റെ പരിണാമം

ലോകവ്യാപകമായ ഫലങ്ങളാണ് ഒന്നാം ലോകയുദ്ധത്തിന് ഉണ്ടായത്. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള യൂറോപ്പിലെ രാജവംശങ്ങൾ പലതും-ജർമ്മനിയിലെ ഹോഹെൻസോളൻ (Hohenzollern), ആസ്ട്രിയയിലെ ഹോഹെൻസ്റ്റോഫെൻ (Hohen staufen), സ്പെയിനിലെ ഹാപ്സ്ബർഗ് (Hapsburg), മുതലായവ-സ്ഥാനഭ്രഷ്ടരായി. റഷ്യയിലെ റോമനോഫ് (Romanov) ഭരണവും അവസാനിച്ചു. ലോകത്തിൽ ജനാധിപത്യ പ്രക്രിയയ്ക്ക് ഇത് ആക്കം കൂട്ടി. തുർക്കിയിൽ ഖലീഫ ഭരണം അവസാനിച്ച് മുസ്തഫ കമാൽപാഷയുടെ നേതൃത്വത്തിൽ റിപ്പബ്ളിക്കൻ ഭരണം നിലവിൽ വന്നു. 1917-ലെ റഷ്യൻ വിപ്ലവത്തിനുശേഷം ലോകശക്തികളുടെ ബലാബലത്തിൽ സാരമായ മാറ്റങ്ങൾ വന്നു. സാമ്രാജ്യത്വത്തിന്റെ അടിത്തറയ്ക്ക് വിള്ളൽ വീണു.



ഒന്നാം ലോകയുദ്ധാനന്തരം തയ്യാറാക്കിയ സമാധാനസന്ധികൾ നീതിപൂർവമായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?

## റഷ്യൻ വിപ്ലവം

ലോകചരിത്രത്തെ ഏറെ സ്വാധീനിച്ച ഫ്രഞ്ച് വിപ്ലവത്തെക്കുറിച്ച് പഠിച്ചതോർക്കുമല്ലോ. ഒന്നാം ലോകയുദ്ധകാലഘട്ടത്തിൽ നടന്ന റഷ്യൻ വിപ്ലവവും അത്തരത്തിലൊന്നാണ്. റോമനോഫ് വംശജരായ സാർ (Tsar) ചക്രവർത്തിമാരാണ് റഷ്യ ഭരിച്ചിരുന്നത്. അവരുടെ ഭരണത്തിനു കീഴിൽ മറ്റ് യൂറോപ്യൻ രാജ്യങ്ങളെപ്പോലെ സാമ്രാജ്യത്വശക്തിയാകാൻ റഷ്യ ശ്രമിച്ചിരുന്നു. കുലാക്കുകൾ എന്നറിയപ്പെട്ട വൻകിട ഭൂവുടമകൾ കർഷകരെ കഠിനമായിദ്രോഹിച്ചു. പശ്ചാതൃമാതൃകയിലുള്ള വ്യവസായവൽക്കരണത്തിന്റെ വ്യാപനം റഷ്യയിൽ തൊഴിലാളികളെ വൻതോതിൽ ചൂഷണം ചെയ്യാൻ അവസരമൊരുക്കിയിരുന്നു. ഇതിനെയൊക്കെ പിന്തുണച്ചിരുന്ന ഭരണകൂടത്തിന്റെ സ്വേച്ഛാധിപത്യത്തിനെതിരെ കർഷകരും തൊഴിലാളികളും സംഘടിക്കാനാരംഭിച്ചു. 1898-ൽ റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക് ലേബർ പാർട്ടി രൂപീകരിച്ചു. ലെനിൻ എന്ന പേരിൽ



സാർ ഭരണം സൂചിപ്പിക്കുന്ന കാർട്ടൂൺ ചിത്രം

പ്രസിദ്ധനായ വ്ളാഡിമർ ഇല്ല്യച്ച് ഉല്യാനോവ് ആയിരുന്നു അവരുടെ പ്രധാനനേതാവ്. പിന്നീട് ഈ പാർട്ടി ബോൾഷെവിക്കുകൾ (ഭൂരിപക്ഷവിഭാഗം) എന്ന പേരിൽ ഇടതുപക്ഷമെന്നും മെൻഷെവിക്കുകൾ (ന്യൂനപക്ഷവിഭാഗം) എന്ന പേരിൽ വലതുപക്ഷമെന്നും രണ്ടായി പിളർന്നു. ലെനിൻ ബോൾഷെവിക്കുകളുടെ നേതാവായി. സാമ്രാജ്യത്വഭരണത്തിനെതിരെ സുസംഘടിതരായ വിപ്ലവകാരികളായി പാർട്ടിപ്രവർത്തകർ മാറണമെന്നാണ് ബോൾഷെവിക്കുകൾ വാദിച്ചത്. തൊഴിലാളികൾക്കിടയിൽ വിപ്ലവചിന്ത വളർത്തണമെന്നും പണിമുടക്കും വിപ്ലവവും മാർഗ്ഗങ്ങളായി സ്വീകരിക്കണമെന്നും അവർ പറഞ്ഞു. വിപ്ലവത്തിനും പണിമുടക്കിനും പകരം പരിഷ്കരണവും തെരഞ്ഞെടുപ്പും മതിയെന്ന് വാദിച്ചുകൊണ്ടാണ് മെൻഷെവിക്കുകൾ വേർപിരിഞ്ഞത്.

1905-ൽ ജപ്പാനുമായി നടന്ന യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടതിനെത്തുടർന്ന് ചക്രവർത്തിക്കെതിരെ ഒരു വിപ്ലവം നടന്നു. അന്നത്തെ ചക്രവർത്തി നിക്കോളസ് രണ്ടാമൻ 'ദൂമ' (Duma) എന്ന പേരിൽ ഒരു പാർലമെന്റ് രൂപീകരിക്കാമെന്ന് സമ്മതിച്ചു. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും രൂക്ഷമായപ്പോൾ സമരങ്ങൾ നടത്തുന്നതിനുവേണ്ടി 'സോവിയറ്റ്' എന്ന പേരിൽ തൊഴിലാളികളുടെയും കർഷകരുടെയും സമിതികൾ നിലവിൽ വന്നു. എന്നാൽ പോലീസ് അവരെ അടിച്ചമർത്താൻ തുടങ്ങി. ബോൾഷെവിക് പാർട്ടി പ്രവർത്തകർ ഒളിവിൽ പോയി. പല നേതാക്കളും അറസ്റ്റിലായി. ലെനിൻ സ്വിറ്റ്സർലാന്റിലേക്ക് ഒളിവിൽ പോയി. ഒന്നാംലോകയുദ്ധത്തിനിടയിൽ പട്ടിണി വ്യാപകമായതോടെ 1917-ന്റെ തുടക്കം മുതൽ പൊതുപണിമുടക്കുകൾ ആരംഭിച്ചു. ലോകയുദ്ധത്തിൽ നിന്ന് റഷ്യ പിന്മാറണമെന്നും സാർഭരണം അവസാനിപ്പിക്കണമെന്നും സമരക്കാർ ആവശ്യപ്പെട്ടു. മാർച്ച് 12-ന് സൈന്യത്തിന്റെ നിരവധി റജിമെന്റുകൾ പണിമുടക്കുന്ന തൊഴിലാളികളോടൊപ്പം ചേർന്നു. അവർ രാഷ്ട്രീയത്തടവുകാരെ മോചിപ്പിക്കുകയും പെട്രോഗ്രാഡ് എന്ന തലസ്ഥാന നഗരം പിടിച്ചെടുക്കുകയും ചെയ്തു. 1917 മാർച്ചിലെ ഈ സംഭവം ഫെബ്രുവരി വിപ്ലവം എന്ന പേരിലറിയപ്പെടുന്നു (പഴയ റഷ്യൻ കലണ്ടർ പ്രകാരം അത് ഫെബ്രുവരിയിലായിരുന്നു).

ലെനിൻ അനുയായികൾക്കൊപ്പം



### ഇടതുപക്ഷം വലതുപക്ഷം

*ഫ്രഞ്ച് വിപ്ലവസമയത്താണ് ഇടതുപക്ഷം, വലതുപക്ഷം എന്നീപേരുകൾ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയത്. നാഷണൽ അസംബ്ലിയിൽ രാജാവിന്റെ അനുകൂലികൾ പ്രസിഡന്റിന്റെ വലതുവശത്തും വിപ്ലവത്തെ അനുകൂലിച്ചവർ അദ്ദേഹത്തിന്റെ ഇടതുവശത്തും ഇരിക്കാൻ തുടങ്ങി. ബ്രിട്ടീഷ് പാർലമെന്റിൽ രാജാവിന്റെ മന്ത്രിമാർ സ്പീക്കറുടെ വലതുവശത്തും പ്രതിപക്ഷാംഗങ്ങൾ അദ്ദേഹത്തിന്റെ ഇടതുവശത്തും ഇരിക്കുന്ന പാരമ്പര്യമാണവർ സ്വീകരിച്ചത്. പുരോഗമനാശയങ്ങൾ സ്വീകരിക്കുന്നവരെ ഇടതുപക്ഷം എന്ന് തുടർന്നും പറയാറുണ്ട്.*

### ചോരയിൽ കുതിർന്ന ഞായറാഴ്ച (Bloody Sunday)



*തുടർച്ചയായി പത്തും പതിനൊന്നും മണിക്കൂർ പണിയെടുക്കേണ്ടിവന്ന റഷ്യയിലെ ഫാക്ടറി തൊഴിലാളികൾ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ആവശ്യപ്പെട്ട് ഫാദർ ജോർജ് ഗാപോണിന്റെ നേതൃത്വത്തിൽ 1903-ൽ ഒരു സമിതി രൂപീകരിച്ചു. ഒരു ലക്ഷത്തോളം തൊഴിലാളികൾ പണിമുടക്കുകയും 1905 ജനുവരി 22-ാം തീയതി ഫാദർ ഗാപോണിന്റെ നേതൃത്വത്തിൽ ചക്രവർത്തിയുടെ കൊട്ടാരത്തിലേക്ക് മാർച്ച് നടത്തുകയും ചെയ്തു. പോലീസ് അവരെ ക്രൂരമായി ആക്രമിച്ചു. നൂറിലേറെ തൊഴിലാളികൾ മരിച്ചു. കറുത്ത ഞായറാഴ്ച എന്നും അറിയപ്പെടുന്ന ഈ സംഭവത്തോടെ 1905-ലെ റഷ്യൻ വിപ്ലവം ആരംഭിച്ചു.*

ഫെബ്രുവരി വിപ്ലവം റഷ്യയിലുണ്ടാക്കിയ മാറ്റങ്ങളെന്തൊക്കെ?

വിപ്ലവം നടക്കുമ്പോൾ തലസ്ഥാനത്തില്ലാതിരുന്ന സാർ ചക്രവർത്തി 'ദൂമ'യെ പിരിച്ചുവിടാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. 'ദൂമ' അധികാരം ഏറ്റെടുക്കുകയും മാർച്ച് 15-ന് ഒരു താൽക്കാലിക സർക്കാർ രൂപീകരിക്കുകയും ചെയ്തു. ചക്രവർത്തി അധികാരമുപേക്ഷിച്ചു. എന്നാൽ താൽക്കാലിക സർക്കാരിന് നേതൃത്വം നൽകിയ മെൻഷെവിക്കുകളും അവരുടെ നേതാവ് അലക്സാണ്ടർ കെറൻസ്കിയും മുമ്പ് സൂചിപ്പിച്ച ജനകീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടു. യുദ്ധത്തിലെ പങ്കാളിത്തം തുടരുവാൻ അവർ തീരുമാനിച്ചതിനെ ബോൾഷെവിക്കുകൾ എതിർത്തു.

ഫെബ്രുവരി വിപ്ലവം നടക്കുമ്പോൾ സ്വിറ്റ്സർലാന്റിലായിരുന്ന ലെനിൻ രഹസ്യമായി റഷ്യയിൽ തിരിച്ചെത്തി. അദ്ദേഹം പെട്രോഗ്രാഡിൽ വച്ച് താൽക്കാലിക സർക്കാരിനെതിരെ സമരപ്രഖ്യാപനം നടത്തി. വിപ്ലവത്തിൽ മുൻപന്തിയിൽ നിന്ന മറ്റു നേതാക്കളാണ് ലിയോൺ ട്രോട്സ്കിയും ജോസഫ് സ്റ്റാലിനും.

യുദ്ധവും പട്ടിണിയുമല്ല, ആഹാരവും സമാധാനവുമാണ് ജനങ്ങൾക്ക് വേണ്ടതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. നവംബർ ഏഴിന് തൊഴിലാളികളുടെയും സൈനികരുടെയും സോവിയറ്റുകളുടെയും സംയുക്തമുന്നേറ്റത്തിന്റെ ഫലമായി പെട്രോഗ്രാഡ് ഉൾപ്പെടെയുള്ള തന്ത്രപ്രധാനമായ പട്ടണങ്ങളെല്ലാം ബോൾഷെവിക്കുകൾ പിടിച്ചെടുത്തു. താൽക്കാലികസർക്കാരിനെ സ്ഥാനഭ്രഷ്ടമാക്കിയെന്ന് പ്രഖ്യാപിച്ചുകൊണ്ട് ലെനിൻ റേഡിയോയിലൂടെ റഷ്യയിലെ ജനങ്ങളെ അഭിസംബോധന ചെയ്തു. ഭൂവുടമസ്ഥത അവസാനിപ്പിക്കുമെന്നും ഉല്പാദനത്തിൽ തൊഴിലാളികൾക്ക് നിയന്ത്രണം നൽകുമെന്നും സോവിയറ്റുകൾക്ക് അധികാരം നൽകുമെന്നും എല്ലാവർക്കും സമാധാനം ഉറപ്പാക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. സോഷ്യലിസ്റ്റ് ക്രമം നടപ്പിലാക്കുവാനായി മുന്നോട്ടു പോകുമെന്ന് ലെനിൻ പ്രഖ്യാപിച്ചു. വിപ്ലവം നടന്നത് നവംബറിലാണെങ്കിലും പഴയ റഷ്യൻ കലണ്ടർ പ്രകാരം അത് ഒക്ടോബറിലായിരുന്നതിനാൽ ഒക്ടോബർ വിപ്ലവമെന്ന പേരിൽ ഇതറിയപ്പെടുന്നു. പഴയ താൽക്കാലിക സർക്കാരിലെ അംഗങ്ങൾ അറസ്റ്റിലായെങ്കിലും കെറൻസ്കി രക്ഷപ്പെട്ടു. 1918 ഫെബ്രുവരിയോടെ പുതിയ റഷ്യൻ സർക്കാർ രാജ്യത്തെല്ലായിടത്തും അധികാരം സ്ഥാപിച്ചു. ബോൾഷെവിക് പാർട്ടി റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന പേര് സ്വീകരിച്ചു.

സാർ ഭരണകാലത്തെ സാധാരണക്കാരന്റെ ജീവിതാവസ്ഥ


തൊഴിലാളികളുടെ ഒരു ക്യാന്റീൻ


തൊഴിലാളികൾ താമസിക്കുന്ന ഒരു ഡോർമിറ്ററി


ഉത്തര റഷ്യയിലെ ഒരു ഗ്രാമം


ഒരു കർഷകഗൃഹത്തിന്റെ ഉൾഭാഗം






- 1905-ലെ സാർ ചക്രവർത്തിക്കെതിരായ വിപ്ലവം പരാജയപ്പെട്ടപ്പോൾ 1917-ലെ വിപ്ലവം വിജയിക്കാനുള്ള കാരണമെന്ത്?
- 1917-ലെ വിപ്ലവത്തിന്റെ വിജയത്തിലേക്ക് നയിച്ച പ്രധാന സംഭവങ്ങളാണ് ചിത്രത്തിൽ നൽകിയിട്ടുള്ളത്. വിപ്ലവത്തിന്റെ വിജയത്തിന് ഇവയോരോന്നും വഹിച്ച പങ്ക് കണ്ടെത്തുക.

## സാമ്പത്തികപരിഷ്കാരങ്ങൾ

വിപ്ലവാനന്തരറഷ്യ അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങൾ നിരവധിയാണ്. 1917 മുതൽ 1921 വരെ റഷ്യയിലുണ്ടായ ആഭ്യന്തരയുദ്ധം കാര്യങ്ങൾ കൂടുതൽ വഷളാക്കി. റഷ്യയിലെ പഴയ ഭൂവുടമകളും മുതലാളിമാരും കൂടി രൂപീകരിച്ച വെള്ളപ്പടയ്ക്ക് (White army) കമ്മ്യൂണിസ്റ്റ് ഭരണത്തെ ഭയപ്പെട്ട പാശ്ചാത്യ രാജ്യങ്ങളിൽ ചിലർ സഹായം നൽകി. അവർ റഷ്യയെ ആക്രമിച്ചു. ഇടങ്കോലിടൽ യുദ്ധമെന്ന പേരിൽ ഇതറിയപ്പെട്ടു. ഇതിനിടയിൽ പൂർണമായും തകർന്നുപോയ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്താൻ ലെനിൻ അടിയന്തരനടപടികൾ കൈക്കൊണ്ടു. കൃഷിഭൂമി, എസ്റ്റേറ്റുകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്തു. ഉല്പന്നങ്ങളിൽ അധികമുള്ളവ സർക്കാർ ഏറ്റെടുത്ത് മറ്റ് ജനവിഭാഗങ്ങൾക്ക് വിതരണം നടത്തി. വ്യവസായശാലകളിൽ ഉല്പാദിപ്പിക്കുന്നവയെല്ലാം വേതനത്തിന് പകരമായി തൊഴിലാളികൾക്കുതന്നെ നൽകി. ഇത് യുദ്ധകാലകമ്മ്യൂണിസ (War Communism) മെന്ന പേരിൽ അറിയപ്പെട്ടു.

യുദ്ധകാല കമ്മ്യൂണിസവും പുത്തൻ സാമ്പത്തികനയവും തമ്മിലുള്ള വ്യത്യാസം





പുത്തൻ സാമ്പത്തിക നയകാലത്തെ സാമ്പത്തിക വളർച്ച-1921-25

1921-ൽ ലെനിൻ പുത്തൻ സാമ്പത്തിക നയം (New Economic Policy) നടപ്പിലാക്കി. ഇതിൻപ്രകാരം കർഷകർക്ക് ഇഷ്ടമുള്ള ധാന്യം കൃഷിചെയ്യാനും ഉല്പന്നങ്ങൾ പൊതുകമ്പോളത്തിൽ വില്ക്കാനും സ്വാതന്ത്ര്യം നൽകി. തൊഴിലാളികൾക്ക് വേതനം പണമായി കൊടുത്തു. സ്വകാര്യമേഖലയിൽ ചില വ്യവസായങ്ങൾ അനുവദിച്ചു. റഷ്യയുടെ സമ്പദ്വ്യവസ്ഥയെ ശക്തമാക്കുന്നതിന് ഈ നടപടികൾ സഹായിച്ചു.

## സോവിയറ്റ് യൂണിയൻ രൂപംകൊള്ളുന്നു

1924-ൽ ഒരു പുതിയ ഭരണഘടന നിലവിൽ വന്നു. അതുപ്രകാരം സോവിയറ്റ് റിപ്പബ്ലിക്കുകളായ ജോർജിയ, അർമേനിയ, ഉക്രൈൻ, അസർബൈജാൻ തുടങ്ങിയവ ഉൾക്കൊള്ളുന്ന യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്സ് (യു.എസ്.എസ്.ആർ.) രൂപീകരിച്ചു. അതോടെ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയായി. 1936-ൽ പതിനൊന്നു റിപ്പബ്ലിക്കുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഭരണഘടന നിലവിൽ വന്നു. വിഭിന്ന ദേശീയതകളും വംശീയതകളും ഉൾക്കൊണ്ട ഈ റിപ്പബ്ലിക്കുകളിലെ എല്ലാവരും തുല്യരാണെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് സോവിയറ്റ് യൂണിയൻ പ്രവർത്തിച്ചത്.

## പഞ്ചവത്സര പദ്ധതികൾ

1924-ൽ ലെനിന്റെ മരണശേഷം പാർട്ടിയിൽ നേതൃസ്ഥാനത്തെത്തിയ ജോസഫ് സ്റ്റാലിനാണ് റഷ്യയെ പിന്നീട് നയിച്ചത്.

1929-ൽ ലോകത്തിലാദ്യമായി സോവിയറ്റ് യൂണിയനിൽ പഞ്ചവത്സര പദ്ധതി നടപ്പിലാക്കി.

ആഗോള ഉത്പാദനവും ലോകരാജ്യങ്ങളും 1929-38



*പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ നാലു വർഷത്തെ നേട്ടങ്ങൾ:*

- *നമുക്ക് ഇരുമ്പുരുക്ക് വ്യവസായശാലകൾ ഒന്നും ഉണ്ടായിരുന്നില്ല. ഇന്ന് ഒന്നുണ്ട്.*
- *നമുക്ക് മെഷീൻ ടൂൾ ഫാക്ടറികൾ ഇല്ലായിരുന്നു. ഇപ്പോൾ ഒന്നുണ്ട്.*
- *നമുക്ക് ഒരൊറ്റ ആധുനിക രാസവ്യവസായശാല പോലും ഉണ്ടായിരുന്നില്ല. ഇന്ന് ഒന്നുണ്ട്.*
- *കാർഷികയന്ത്രോപകരണങ്ങൾ നിർമ്മിക്കുന്ന ഒരൊറ്റ വൻകിട ഫാക്ടറിപോലും നമുക്കുണ്ടായിരുന്നില്ല. ഇന്ന് ഒന്നുണ്ട്*

(ഒന്നാം പഞ്ചവത്സര പദ്ധതിയെപ്പറ്റി 1932-ൽ സ്റ്റാലിൻ നടത്തിയ പ്രസംഗം)

രണ്ടാം പഞ്ചവത്സരപദ്ധതി തീരുമ്പോഴേയ്ക്കും സോവിയറ്റ് യൂണിയൻ ശക്തമായ ഒരു വ്യാവസായിക സൈനിക ശക്തിയായി മാറി. സ്വന്തം വിഭവങ്ങൾ ഉപയോഗിച്ച് ഭരണകൂടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് അവിടെ വികസനം സാധ്യമാക്കിയത്. സ്വകാര്യ മേഖലയിലുണ്ടായിരുന്ന സംരംഭങ്ങളെല്ലാം ഭരണകൂടം ഏറ്റെടുത്തു. വ്യവസായങ്ങളിലും വാണിജ്യത്തിലും സ്വകാര്യമേഖലയ്ക്ക് പങ്കാളിത്തമില്ലാതായി. 1929-ലെ ലോക സാമ്പത്തിക തകർച്ച ബാധിക്കാതിരുന്ന ഏകരാജ്യം സോവിയറ്റ് യൂണിയനാണ്.




## വ്യത്യസ്തമായൊരു വിദേശനയം

അന്തർദേശീയരംഗത്ത് സോവിയറ്റ് യൂണിയൻ പുതിയ നിലപാടുകൾ സ്വീകരിച്ചു. പാരീസ് സമാധാന ചർച്ചകളിൽ യാതൊരു പങ്കുമില്ലാതിരുന്ന അവർ 1921-ൽ ഇറാൻ, അഫ്ഗാനിസ്ഥാൻ, തുർക്കി എന്നീ രാജ്യങ്ങളുമായി കരാറുകളിലൊപ്പുവച്ചു. ആ രാജ്യങ്ങളുടെ പരമാധികാരം ഉറപ്പുവരുത്താൻ സഹായിക്കുന്നതായിരുന്നു കരാറുകൾ. 1934-ൽ സോവിയറ്റ് യൂണിയൻ ലീഗ് ഓഫ് നേഷൻസിൽ അംഗമായി. കോളനി വാഴ്ചയും സാമ്രാജ്യത്വവും തുടരുന്നതിനെ എതിർത്ത പ്രമുഖശക്തി സോവിയറ്റ് യൂണിയനായിരുന്നു.

സോവിയറ്റ് യൂണിയനിലെ പുതിയ ഭരണകൂടവും നയപരിപാടികളും ലോകചരിത്രത്തെ വൻതോതിൽ സ്വാധീനിച്ചു. കോളനികളിൽ സ്വാതന്ത്ര്യസമരം ശക്തമാകാൻ തുടങ്ങി. ലോകത്തെമ്പാടും തൊഴിലാളിവർഗ്ഗത്തിന് പുതിയൊരു ദിശാബോധമുണ്ടായി. മിക്കരാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടികളും തൊഴിലാളി സംഘടനകളും രൂപീകൃതമായി. സോവിയറ്റ് യൂണിയനിലെ സോഷ്യലിസത്തെ അടിസ്ഥാനമാക്കുന്ന ആസൂത്രണ സാമ്പത്തികനയം പലരാജ്യങ്ങളും മാതൃകയാക്കാൻ തുടങ്ങി. അമേരിക്കയുടെ 'ന്യൂഡീൽ', കെയ്ൻസിന്റെ സാമ്പത്തികസിദ്ധാന്തം എന്നിവയിലൊക്കെ അതിന്റെ സ്വാധീനമുണ്ടായി. ഇന്ത്യ സ്വതന്ത്രമായ ശേഷം ജവഹർലാൽ നെഹ്റു സോവിയറ്റ് യൂണിയന്റെ മാതൃകയിലാണ് പഞ്ചവത്സരപദ്ധതികൾ ആരംഭിച്ചത്.




ലീഗ് ഓഫ് നാഷൻസിൽ അമേരിക്ക പങ്കാളിയാകാതിരിക്കുന്നതിനെ പരിഹസിക്കുന്ന കാർട്ടൂൺ

## ഒന്നാം ലോകയുദ്ധവും അമേരിക്കയും

അമേരിക്കയെന്നു പൊതുവെ അറിയപ്പെടുന്ന അമേരിക്കൻ ഐക്യനാടുകളെ (United States of America) പരിചയപ്പെട്ടല്ലോ. ഒന്നാം ലോകയുദ്ധമാരംഭിച്ചപ്പോൾ യുദ്ധത്തിൽ പങ്കെടുക്കാതെ മാറിനിൽക്കാനാണ് അമേരിക്ക തീരുമാനിച്ചത്. അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്രോ വിൽസൻ തയ്യാറാക്കിയ പതിനാലിന പരിപാടിയുടെ അടിസ്ഥാനത്തിലായിരുന്നു യുദ്ധാനന്തരം നടന്ന സമാധാന ചർച്ചകൾ. ആർക്കും നഷ്ടങ്ങളുണ്ടാകാത്ത, പ്രദേശങ്ങളുടെ കൂട്ടിച്ചേർക്കലുകളുണ്ടാകാത്ത തരത്തിലുള്ള സമാധാനഉടമ്പടി വിൽസൻ വാഗ്ദാനം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായതാണ് സർവ്വരാജ്യസഖ്യം (League of Nations). എന്നാൽ വേഴ്സായ് സന്ധി അമേരിക്കൻ സെനറ്റ് നിരാകരിച്ചു. മാത്രമല്ല ലീഗ് ഓഫ് നേഷൻസിൽ ചേരുകയില്ലെന്ന് അമേരിക്ക പ്രഖ്യാപിക്കുകയും ചെയ്തു.



അമേരിക്ക മുൻകൈയെടുത്ത് രൂപീകരിച്ച ലീഗ് ഓഫ് നേഷൻസിൽ അവർ അംഗമാകാത്തതിനെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു? ചർച്ച ചെയ്യുക.

ഒന്നാം ലോകയുദ്ധത്തോടെ അമേരിക്കയുടെ സമ്പദ്വ്യവസ്ഥ അഭൂതപൂർവമായ വളർച്ച കൈവരിച്ചു. അമേരിക്കയുടെ ഡോളർ അതുവരെയുണ്ടായിരുന്ന ബ്രിട്ടീഷ് പൗണ്ടിനെ പിന്നിലാക്കി, ലോകസാമ്പത്തിക വിനിമയത്തിന്റെ അടിസ്ഥാനമായി.

ലീഗ് ഓഫ് നേഷൻസിൽ ചേരാതെ നിന്ന അമേരിക്ക ഈ കാലത്ത് ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ സാമ്പത്തികസ്വാധീനം വർദ്ധിപ്പിക്കാനാണ് ശ്രമിച്ചത്. യൂറോപ്പിൽ അത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. ജർമ്മനിയുൾപ്പെടെ പല രാജ്യങ്ങൾക്കും അമേരിക്ക വൻതോതിൽ പണം കടം കൊടുത്തു. ജർമ്മനിയെ നിരായുധീകരിച്ചെങ്കിലും പിന്നീട് ആയുധനിർമ്മാണത്തിന് വൻ തോതിൽ പണം നൽകിയത് അമേരിക്കയാണ്. 1922-ൽ അവർ ജപ്പാൻ, ബ്രിട്ടൻ, ഇറ്റലി, ജർമ്മനി എന്നീ രാജ്യങ്ങളുമായി ഉടമ്പടിയുണ്ടാക്കി. ചൈനയിൽ എല്ലാ രാജ്യങ്ങൾക്കും തുറന്ന ഇടപെടലിന് (Open Door Policy) അവസരം നൽകിക്കൊണ്ട് ജപ്പാന്റെ സ്വാധീനം അവിടെ വളരുന്നത് തടയാനാണ് അമേരിക്ക ശ്രമിച്ചത്. എന്നാൽ ജപ്പാൻ, ഇറ്റലി, ജർമ്മനി എന്നിവർ പിന്നീട് മറ്റു രാജ്യങ്ങൾക്കെതിരെ ആക്രമണങ്ങളാരംഭിച്ചപ്പോൾ അമേരിക്ക എതിർക്കാൻ തയ്യാറായില്ല. ഫാസിസത്തിന്റെയും നാസിസത്തിന്റെയും വളർച്ചയ്ക്ക് ഈ നിലപാട് സഹായകരമായി.

## ലോകസാമ്പത്തികമാന്ദ്യം

അമേരിക്കയുടെ സാമ്പത്തിക വളർച്ച നാം കണ്ടതാണല്ലോ. എന്നാൽ 1929-ൽ ലോകം ഒരു സാമ്പത്തിക തകർച്ചയിലേക്ക് എടുത്തെറിയപ്പെട്ടു. മുതലാളിമാർ വൻനേട്ടമുണ്ടാക്കിയിരുന്നുവെങ്കിലും ജനങ്ങൾ ഭൂരിഭാഗവും പട്ടിണിയിലായിരുന്നു. സാങ്കേ




അമേരിക്കൻ സാമ്പത്തിക വളർച്ച 1920-കളിൽ

തികവിദ്യയുടെ സഹായത്തോടെ ഉല്പാദനം വൻതോതിൽ വർദ്ധിച്ചുവെങ്കിലും അവയൊന്നും വാങ്ങാൻ ആളുകൾക്ക് ശേഷിയുണ്ടായിരുന്നില്ല. സാമ്പത്തിക വളർച്ചക്കിടയിലും അമേരിക്കയിലെ പകുതിയോളം കുടുംബങ്ങൾ പട്ടിണിയുടെ അവസ്ഥയിലായിരുന്നു. ഓഹരിക്കമ്പോളത്തിന്റെ തകർച്ചയാണ് സാമ്പത്തികമാന്ദ്യത്തിന് തുടക്കമിട്ടത്. 1929-നും 1932-നും ഇടയിൽ പതിനായിരത്തോളം ബാങ്കുകൾ തകർന്നു. കർഷകർക്ക് ഉല്പന്നങ്ങൾ വിൽക്കാൻ കഴിഞ്ഞില്ല, ഭൂമി നഷ്ടമാകുകയും ചെയ്തു.

അമേരിക്കയിലാരംഭിച്ച സാമ്പത്തിക തകർച്ച ക്രമേണ ലോകരാജ്യങ്ങളെയെല്ലാം ബാധിച്ചു.

## സാമ്പത്തികത്തകർച്ച ഇവിടെയും

*1929-33-ലെ ലോകസാമ്പത്തികത്തകർച്ച നമ്മുടെ നാടിനെയും സാരമായി ബാധിച്ചു. നൂറുകണക്കിന് കൃഷിക്കാർ പാട്ടക്കുടിയാന്മാരും കുടികിടപ്പുകാരുമായി മാറി. തിരുവിതാംകൂർ സർക്കാർ നിയമിച്ച സാമ്പത്തിക മാന്ദ്യാന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇതെല്ലാം പറയുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞത്, പലിശയും കടവും അമിതമായി വർദ്ധിച്ചത്, കൂലി വൻതോതിൽ വെട്ടിക്കുറച്ചത്, തൊഴിലില്ലായ്മ വ്യാപകമായത്, ദാരിദ്ര്യം വർദ്ധിച്ചത്, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടത് എന്നിവയൊക്കെ അതിൽ വ്യക്തമാണ്. ചായ, റബ്ബർ തോട്ടങ്ങളിൽ ഒന്നരലക്ഷം തൊഴിലാളികൾ ഉണ്ടായിരുന്നതിൽ 50 ശതമാനവും പിരിച്ചുവിടപ്പെട്ടു. ആയിരം നാളികേരത്തിന് 1928-ൽ 65 രൂപ വിലയുണ്ടായിരുന്നത് 1931 ആയപ്പോഴേയ്ക്കും 15 രൂപ ആയി കുറഞ്ഞു. അഞ്ചുപറ നെല്ലിന്റെ വില 24 ചക്രത്തിൽ നിന്ന് 15 ചക്രമായും അഞ്ചുപറ കുരുമുളകിന്റെ വില 650 രൂപയിൽ നിന്ന് 140 രൂപയായും കുറഞ്ഞു. ഇതുതന്നെയായിരുന്നു മറ്റെല്ലാ സാധനങ്ങളുടെയും അവസ്ഥ (28 ചക്രം=1 രൂപ).*

1933-ന് ശേഷം അമേരിക്കയിൽ ഇതിനുള്ള പരിഹാര ശ്രമങ്ങൾ തുടങ്ങി. ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽറ്റാണ് അതിന് നേതൃത്വം നൽകിയത്. അദ്ദേഹം 'ന്യൂ ഡീൽ' എന്ന പേരിൽ പുതിയ പരിഷ്കരണപരിപാടി നടപ്പിലാക്കി. ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി ജനങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു. എന്നാൽ കറുത്ത വർഗ്ഗക്കാർക്ക് വലിയ നേട്ടങ്ങളൊന്നും ലഭിക്കുകയുണ്ടായില്ല.

## ന്യൂ ഡീൽ (New Deal)

*ദേശീയമായ ഒരു ആസൂത്രിതസമ്പദ്‌വ്യവസ്ഥ ആവശ്യമാണെന്ന തിരിച്ചറിവു കൂടിയായിരുന്നു ന്യൂ ഡീൽ. തൊഴിലില്ലാത്തവർക്കും ദരിദ്രർക്കും ആശ്വാസം (Relief), സമ്പദ്‌വ്യവസ്ഥയെ സാധാരണ നിലയിലേയ്ക്ക് പുനഃസ്ഥാപിക്കൽ (Recovery), വീണ്ടും സാമ്പത്തികത്തകർച്ചയുണ്ടാവാത്ത രീതിയിൽ പരിഷ്കരണം (Reform) എന്നീ മൂന്ന് ഘടകങ്ങൾ ന്യൂ ഡീലിനുണ്ടായിരുന്നു. ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞനായ ജോൺ മെയ്നാർഡ് കെയ്ൻസിന്റെ (John Maynard Keynes) സാമ്പത്തിക സിദ്ധാന്തങ്ങളാണ് അതിനെ സ്വാധീനിച്ചത്. സ്വകാര്യമേഖലയുടെ തീരുമാനങ്ങൾ പൂർണമായും വിജയിക്കണമെന്നില്ലെന്നും സർക്കാരിനും പൊതുമേഖലയ്ക്കും നിർണായകപങ്കാളിത്തമുള്ള മിശ്രസമ്പദ്‌വ്യവസ്ഥയാണ് ആവശ്യമെന്നുള്ള സിദ്ധാന്തം അദ്ദേഹം മുന്നോട്ടുവച്ചു.*




1930-കൾക്കുശേഷമുള്ള യു.എസ്. സാമ്പത്തിക സ്ഥിതിയും തൊഴിലില്ലായ്മയും

- ന്യൂ ഡീൽ ലക്ഷക്കണക്കിന് തൊഴിൽ നൽകി.
- അമേരിക്കൻ ബാങ്കുകളുടെ നില സ്ഥിരപ്പെടുത്തി.
- ബിസിനസ് സംരംഭങ്ങളുടെ തകർച്ച ഒഴിവാക്കി.
- ടെന്നസിവാലി അതോറിട്ടി (TVA) പോലുള്ള പദ്ധതികൾ അമേരിക്കയിലെ പിന്നോക്ക പ്രദേശങ്ങളിലെ തൊഴിലും ജീവിതനിലവാരവും ഉയർത്തി.
- ന്യൂ ഡീലിന്റെ ഭാഗമായ പദ്ധതികൾ, പുതിയ വിദ്യാലയങ്ങൾ, റോഡുകൾ, ജലവൈദ്യുത പദ്ധതികൾ എന്നീ വിഭവങ്ങൾ വർദ്ധിപ്പിച്ചു.
- ന്യൂ ഡീൽ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിച്ചില്ല.
- അമേരിക്കൻ സാമ്പത്തിക രംഗത്തിന്റെ തിരിച്ചുവരവിന് മറ്റു യൂറോപ്യൻ രാജ്യങ്ങളേക്കാൾ കാലദൈർഘ്യം എടുത്തു.
- ജനങ്ങൾക്ക് സാമ്പത്തിക വളർച്ചയിൽ വിശ്വാസം ഉണ്ടായില്ല. 1930-കളിൽ ജനങ്ങൾ 1929-നു മുമ്പ് നിക്ഷേപിച്ച തുകയുടെ 75% മാത്രമേ ബാങ്കുകളിലും പദ്ധതികളിലും നിക്ഷേപിക്കാൻ തയ്യാറായുള്ളൂ.
- 1937-ൽ പ്രസിഡന്റ് റൂസ്‌വെൽട്ട് ന്യൂ ഡീൽ പദ്ധതിക്കുള്ള ധനസഹായം നിറുത്തിയപ്പോൾ രാജ്യം സാമ്പത്തിക മാന്ദ്യത്തിലേക്ക് തിരിച്ചുപോയി.
- മേയ് 1937-നും മേയ് 1938-നും ഇടയ്ക്ക് പ്രാഥമിക ഉല്പാദനം 67% കുറഞ്ഞു.
- 1941-ൽ 6 ദശലക്ഷം തൊഴിൽരഹിതർ അമേരിക്കയിലുണ്ടായിരുന്നു.
- രണ്ടാം ലോകയുദ്ധത്തിൽ പങ്കാളിയായതിനു ശേഷമാണ് തൊഴിലില്ലായ്മ നിയന്ത്രിക്കാനായത്.

അമിതമായ സ്വകാര്യവൽക്കരണം സാമ്പത്തികതകർച്ചയ്ക്ക് വഴിയൊരുക്കിയിട്ടുണ്ടോ? 1929-ലെ സാമ്പത്തിക മാന്ദ്യത്തിന്റെയടിസ്ഥാനത്തിൽ ചർച്ച ചെയ്യുക.

## കോളനികളിലെ സാമ്രാജ്യത്വ വിരുദ്ധസമരങ്ങൾ

ഒന്നാം ലോകയുദ്ധവും റഷ്യൻ വിപ്ലവവും കോളനികളിൽ സാമ്രാജ്യത്വവിരുദ്ധസമരങ്ങൾക്ക് ശക്തി കൂട്ടി. ഏഷ്യ, ആഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെല്ലാം കോളനിവിരുദ്ധസമരങ്ങൾ നടന്നു. ജപ്പാനെതിരെ കൊറിയയിൽ 1919 മാർച്ചിൽ ആയിരങ്ങൾ പങ്കെടുത്ത സമരം നടന്നു.

പാരീസ് സമാധാനസന്ധി പ്രകാരം ഷാൻതാങ് ജപ്പാന് നൽകാൻ തീരുമാനിച്ചതിനെതിരെ 1919-ൽ ചൈനയിലും സമരം നടന്നു. റഷ്യൻ വിപ്ലവത്തിന്റെ സ്വാധീനഫലമായി 1921-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുകയുണ്ടായി. ഒന്നാം ലോകയുദ്ധാവസാനം ഡോ. സൺയാത് സെൻ നേതൃത്വം നൽകിയിരുന്ന കൂമിന്താങ് കക്ഷിയുടെ നേതൃത്വത്തിൽ കാന്റൺ കേന്ദ്രമാക്കി ഒരു സർക്കാർ ചൈനയിൽ ഉണ്ടായിരുന്നു. 1924-ൽ സോവിയറ്റ് യൂണിയന്റെ സഹായത്തോടെ കുമിന്താങ് കക്ഷിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും സഹകരിച്ചുകൊണ്ട് ഒരു ദേശീയ വിപ്ലവസേന രൂപീകരിച്ചു. അവർ യുദ്ധപ്രഭുക്കന്മാർക്കെതിരെയും ജപ്പാൻ, ബ്രിട്ടൻ എന്നിവിടങ്ങളിൽ നിന്നുള്ള വ്യവസായക്കുത്തകകളുടെ തൊഴിലാളി മർദ്ദനത്തിനെതിരെയും പോരാടാൻ തുടങ്ങി. സൺയാത് സെന്നിന്റെ മരണശേഷം കൂമിന്താങ് കക്ഷിയുടെ നേതൃത്വമേറ്റെടുത്ത ചിയാങ് കൈഷെക്ക് ഇടതുപക്ഷത്തെ അടിച്ചമർത്താൻ ശ്രമിച്ചത് അദ്ദേഹത്തിന്റെ സൈന്യവും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ നീണ്ട ആഭ്യന്തര യുദ്ധത്തിന് കാരണമായി.

ഇന്ത്യയിൽ ഈ കാലഘട്ടത്തിൽ നടന്ന സ്വാതന്ത്ര്യ സമരങ്ങളെക്കുറിച്ച് മുൻപ് പരിചയപ്പെട്ടല്ലോ. ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്കെതിരായ പ്രതിഷേധം, നിസ്സഹകരണ പ്രസ്ഥാനം, സൈമൺ കമ്മീഷൻ വിരുദ്ധസമരങ്ങൾ, നിയമലംഘന പ്രസ്ഥാനം എന്നിവയൊക്കെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിരുന്നു.




1925-ൽ പ്രസിദ്ധീകരിച്ച ഹിറ്റ്ലറുടെ ആത്മകഥയായ 'മെയിൻകാംഫി'ന്റെ പരസ്യബോർഡ്

*1914-ലെ യുദ്ധം ഒരിക്കലും ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചതായിരുന്നില്ല; അതവർ ആഗ്രഹിച്ചതായിരുന്നു. എല്ലാ അനിശ്ചിതത്വങ്ങൾക്കും ഒരവസാനം വേണമെന്ന് അവർ ആഗ്രഹിച്ചു. ഇരുപതുലക്ഷം ജർമ്മൻകാർ രക്തം ചിന്താൻ തയ്യാറായി. സ്വയം പടക്കളത്തിലിറങ്ങിയെങ്കിൽ അതിന്റെ കാരണം വിലയിരുത്തേണ്ടത് ഈ വസ്തുത മനസ്സിൽവെച്ചാവണം.*

*എന്റെ യുവത്വം മുഴുവൻ അനുഭവിച്ച നൈരാശ്യത്തിൽനിന്നുള്ള മോചനമായിരുന്നു എനിക്കാദിനങ്ങൾ. യുദ്ധപ്രഖ്യാപനത്തിന്റെ ആ മുഹൂർത്തത്തിൽ ഞാൻ ആവേശം കൊണ്ടു തുള്ളിപ്പോയെന്നു പറയാൻ എനിക്കിപ്പോഴും മടിയില്ല. കാൽമുട്ടുകളിൽ വീണ് ഹൃദയം നിറഞ്ഞ് ദൈവത്തോടു നന്ദി പറയുകയായിരുന്നു ഞാൻ. എന്നെ ഇങ്ങനെയൊരു പോരാട്ടത്തിന്റെ കാലത്ത് ജീവിക്കാൻ അനുവദിച്ചതിന്.*

*(മെയ്ൻ കാംഫ്-മലയാള പരിഭാഷ-<br>പാപ്പിയോൺ പ്രസിദ്ധീകരണം സെപ്റ്റംബർ-2008-<br>പേജ് നമ്പർ 160)*

## ഫാഷിസവും നാസിസവും

ജർമ്മനിയേയും ഇറ്റലിയേയും യുദ്ധം സാമ്പത്തികമായി തകർത്തു. തൊഴിലില്ലായ്മയും പട്ടിണിയും ജനകീയ പ്രതിഷേധങ്ങൾക്ക് കാരണമായി. ഇരുരാജ്യങ്ങളിലേയും സർക്കാരുകൾക്ക് ജനരോഷത്തെ അഭിമുഖീകരിക്കേണ്ടിവന്നു. വിജയിച്ചവരുടെ കൂട്ടത്തിൽപ്പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല. ഈ സാഹചര്യത്തിലാണ് ബെനിറ്റോ മുസലീനിയുടെ (Benitto Mussolini) ഫാഷിസ്റ്റ് പാർട്ടി ഇറ്റലിയിലും അഡോൾഫ് ഹിറ്റ്ലറുടെ (Adolf Hitler) നാസി പാർട്ടി ജർമ്മനിയിലും സ്വാധീനം നേടുന്നത്. 1919-ൽ ഫാസിയോ

## നാസിസം ജർമ്മനിയിൽ പിന്തുണ വർദ്ധിപ്പിച്ച നടപടികൾ


ഹിറ്റ്ലറെ നാസി അനുയായികൾ അഭിവാദ്യം ചെയ്യുന്നു

- ജോസഫ് ഗീബൽസിന്റെ നേതൃത്വത്തിൽ ശക്തമായ പ്രചാരണ തന്ത്രങ്ങൾ. പ്രത്യേക വിമാനം ഉപയോഗിച്ച് ജർമ്മനി മുഴുവൻ ഹിറ്റ്ലർ 1932-ലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി സഞ്ചരിച്ചു. വീടുവീടാന്തരം പ്രചാരണം നടത്തി. ഹിറ്റ്ലറുടെ ചിത്രങ്ങളും ആശയങ്ങളും ആഹ്വാനങ്ങളും പോസ്റ്ററുകളായി നാടുനീളെ പതിച്ചു.
- കമ്മ്യൂണിസ്റ്റുകളുടെ വെള്ളപ്പടയെ നേരിടുന്നതിനായ 'തവിട്ടുക്കുപ്പായക്കാർ' എന്ന ഒരു വിഭാഗവും 'ഹിറ്റ്ലർ യൂത്തും' വ്യാപകമായി ജനപിന്തുണ നേടി.


ഹംഗറിയിലെ ബുഡാപെസ്റ്റിൽനിന്ന തടവിലാക്കിയ ജൂതസ്ത്രീകൾ

- എണ്ണത്തിൽ കൂടുതലുള്ള തവിട്ടുകുപ്പായക്കാർ തെരുവുകളിൽ രാഷ്ട്രീയ എതിരാളികളെ കായികമായി നേരിട്ടു. രാഷ്ട്രീയ പ്രതിയോഗികളുടെ യോഗങ്ങൾ ആക്രമിച്ചു.
- ഹിറ്റ്ലർ നല്ലൊരു പ്രഭാഷകനായിരുന്നു. ശക്തിയുടെ പ്രതീകമായി അദ്ദേഹം മാറി. പാർട്ടിയിലെ നിരവധിപേരെ പ്രാസംഗികരായി പരിശീലിപ്പിച്ചു.
- ജർമ്മനിയിൽ സാമ്പത്തിക തകർച്ചയുടെ ഭാഗമായി ഏറ്റവും കൂടുതൽ ദുരിതമനുഭവിച്ച മദ്ധ്യവർഗ്ഗം, കർഷകൻ, തൊഴിലില്ലാത്ത ചെറുപ്പക്കാർ എന്നിവരെ മുൻനിർത്തിയായിരുന്നു ഹിറ്റ്ലറുടെ നയങ്ങൾ.
- സാമ്പത്തിക തകർച്ചയുടെ ഫലമായി പട്ടിണിയിലായവർ, വീടു നഷ്ടപ്പെട്ടവർ, തൊഴിൽ നഷ്ടപ്പെട്ടവർ, കച്ചവടം തകർന്നവർ എന്നിവർക്ക് തൊഴിലും സുരക്ഷിതത്വവും നൽകുന്ന സാമ്പത്തിക നയം വാഗ്ദാനം ചെയ്തു. 'അപ്പവും തൊഴിലും' (Bread & Work) ഇതായിരുന്നു ഒരു മുദ്രാവാക്യം.


നാസി കോൺസൻട്രേഷൻ ക്യാമ്പിൽ കൊലചെയ്യപ്പെട്ടവരുടെ വിവാഹമോതിരങ്ങൾ

- ജർമ്മനിയുടെ സൈനിക ബലഹീനതകളിൽ രോഷം പൂണ്ടവർക്ക് 'വേഴ്സായി സന്ധി' യെ നിരാകരിച്ച് പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരുമെന്ന ഹിറ്റ്ലറുടെ പ്രഖ്യാപനം ആവേശമായി.
- ജർമ്മനിയുടെ പ്രശ്നങ്ങൾക്കെല്ലാം ഉത്തരവാദികളെ തേടിയിരുന്നവർക്ക് 'ജൂതന്മാരെയും കമ്മ്യൂണിസ്റ്റുകാരെയും' ഹിറ്റ്ലർ ചൂണ്ടി കാണിച്ചു കൊടുത്തു.

നാസി പട്ടാളത്തിന്റെ മാർച്ച്


- ജർമ്മനിയിലെ പ്രധാന വ്യവസായികൾ കമ്മ്യൂണിസ്റ്റുകാരുടെ വളർച്ചയെ ഭയപ്പെട്ടിരുന്നു. അവർ ഹിറ്റ്ലർ നിർദേശിച്ച ജർമ്മനിയുടെ 'ആയുധീകരണത്തെ' സഹായിച്ചു. ഒരു ശക്തമായ ഭരണകൂടത്തിനായി അവർ ആഗ്രഹിച്ചു. ഇതിനായി നാസികൾക്ക് ധനസഹായം ചെയ്യാനും തയ്യാറായി. ഹിറ്റ്ലർ ഇവർക്ക് ഇതിനു പകരമായി 'ട്രേഡ് യൂണിയനുകളെ' ഇല്ലായ്മ ചെയ്യുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.
- ആൽഫ്രഡ് ഹ്യൂഗൻബർഗ് എന്ന ധനാഢ്യന്റെ സൗഹൃദം ഹിറ്റ്ലറെ ഏറെ സഹായിച്ചു. നിരവധി രാജ്യങ്ങളിലെ പത്രസ്ഥാപനങ്ങളുടെ മുതലാളിയായ ഇയാൾ 'നാസി' ആശയപ്രചാരണത്തിന് മാധ്യമസഹായം നൽകി.

ഡികോംബാറ്റിമെൻറ്റോ എന്ന പേരിൽ മുസലീനി ആരംഭിച്ച പ്രസ്ഥാനം 1921-ൽ നാഷണൽ ഫാഷിസ്റ്റ് പാർട്ടി എന്ന പേരിൽ പുതിയൊരു പാർട്ടിയായി. 1914-ൽ ജർമ്മൻ സൈന്യത്തിൽ ചേർന്ന് ധീരമായി പോരാടിയ ഹിറ്റ്ലർ പരാജയത്തിൽ നിരാശനായിരുന്നു. 1922-ൽ ജർമ്മൻ വർക്കേഴ്സ് പാർട്ടിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിയുക്തനായ അദ്ദേഹം പിന്നീട് സൈന്യത്തിൽ നിന്നുമാറി. നാഷണൽ സോഷ്യലിസ്റ്റ് ജർമ്മൻ പാർട്ടി (നാസി) യുടെ നേതാവായി അദ്ദേഹം.



മുസലീനി

ഫാഷിസവും നാസിസവും മുന്നോട്ടുവച്ച ആശയങ്ങളിൽ സമാനതകളുണ്ടായിരുന്നു-വീരാരാധന, വംശീയത, ഭൂതകാലമഹത്ത്വവൽക്കരണം, യുദ്ധവെറി എന്നിവ. പുരാതന റോമൻ സാമ്രാജ്യത്തിന്റെ മഹത്ത്വത്തെ പ്രചാരണവിഷയമാക്കിയാണ് ഫാഷിസ്റ്റുകൾ പ്രവർത്തിച്ചത്; നാസികൾ ആര്യവംശത്തിന്റെ മഹത്ത്വത്തെയും. ആര്യന്മാരാണ് ജർമ്മനി ഭരിക്കേണ്ടതെന്നും ജർമ്മൻകാരാണ് ലോകം ഭരിക്കേണ്ടതെന്നും ഉള്ള സിദ്ധാന്തമാണ് ഹിറ്റ്ലർ പ്രചരിപ്പിച്ചത്. ഇതനുസരിച്ച് ജൂതന്മാർ ഉന്മൂലനം ചെയ്യപ്പെടേണ്ടവരാണ്. ജർമ്മനിയുടെ സാമ്പത്തികത്തകർച്ചയ്ക്ക് കാരണം ജൂതന്മാരാണെന്ന് നാസികൾ വാദിച്ചു. സോഷ്യലിസ്റ്റുകളെയും കമ്മ്യൂണിസ്റ്റുകളെയും ഡെമോക്രാറ്റുകളെയും ഇരുകൂട്ടരും എതിർത്തു. പത്രസ്വാതന്ത്ര്യം, പാർലമെന്ററി സംവിധാനം, വർഗ്ഗസമരം, സൈനികവൽക്കരണവിരുദ്ധനീക്കങ്ങൾ എന്നിവയെല്ലാം ആര്യന്മാരെ ഇടിച്ചു താഴ്ത്താൻ ജൂതന്മാർ കണ്ടെത്തിയ ഉപകരണങ്ങളാണെന്ന പ്രചാരണവും ഹിറ്റ്ലർ നടത്തിയിരുന്നു. കറുത്ത കുപ്പായക്കാർ (Black shirts) എന്ന പേരിൽ ഒരു ഫാഷിസ്റ്റ് ഗ്രൂപ്പിനെ മുസലീനി സംഘടിപ്പിച്ചപ്പോൾ തവിട്ടു കുപ്പായക്കാർ (Brown shirts) എന്ന പേരിൽ മറ്റൊരു ഗ്രൂപ്പിനെ ഹിറ്റ്ലറും സംഘടിപ്പിച്ചു.

ഇറ്റലിയിൽ 1921-ൽ നടന്ന തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷമില്ലാതിരുന്നിട്ടും അധികാരം പിടിച്ചെടുക്കാനായി ഫാഷിസ്റ്റുകൾ റോമിലേക്ക് മാർച്ച് നടത്തി. ചക്രവർത്തിയെ ഭീഷണിപ്പെടുത്തി മുസലീനി അധികാരം പിടിച്ചെടുത്തു. 1924-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഫാഷിസ്റ്റുകൾ ഭൂരിപക്ഷം നേടി ഭരണമുറപ്പിച്ചു. ഫാഷിസ്റ്റ് ഭരണത്തിന്റെ ഭീകരതയാണ് പിന്നീട് ഇറ്റലി കണ്ടത്. കമ്മ്യൂണിസ്റ്റ് പാർട്ടിയെയും തൊഴിലാളി സംഘടനകളെയും നിരോധിച്ചു. പത്രങ്ങൾക്കും റേഡിയോ, സിനിമ എന്നിവയ്ക്കും വൻനിയന്ത്രണങ്ങൾ കൊണ്ടുവന്നു. ഫാഷിസ്റ്റ് ആശയപ്രചാരണത്തിനുവേണ്ടി മാധ്യമങ്ങളെ വൻതോതിൽ ഉപയോഗിച്ചു. പ്രാദേശികസർക്കാരുകളെ പിരിച്ചുവിട്ടു. നിരവധി സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് നേതാക്കളെ വധിച്ചു. ആയിരങ്ങളെ തടവിലാക്കി. ജനങ്ങളുടെ ദുരിതം വർദ്ധിച്ചു. സമ്പദ്വ്യവസ്ഥ കൂടുതൽ മോശമായി.

റോമിലെ കത്തോലിക്കാസഭയുമായി സന്ധിയുണ്ടാക്കിയ മുസലീനി കത്തോലിക്കാമതത്തെ രാഷ്ട്രത്തിന്റെ മതമാക്കുകയും തന്റെ ഭരണത്തിന് സഭ

### ഗീബൽസിന്റെ സിദ്ധാന്തം



*അഡോൾഫ് ഹിറ്റ്ലറുടെ ഏറ്റവുമടുത്ത വിശ്വസ്തനായിരുന്നു ജോസഫ് ഗീബൽസ്. വംശീയശുദ്ധീകരണമെന്ന നാസി പദ്ധതിയുടെ ഉപജ്ഞാതാവ് അദ്ദേഹമായിരുന്നു. നാസി ആശയങ്ങൾ പ്രചരിപ്പിക്കാൻ ചുമതലയുള്ള മന്ത്രിയായി അദ്ദേഹത്തെ ഹിറ്റ്ലർ നിയമിച്ചു. പത്രങ്ങൾ, റേഡിയോ, സിനിമ, സംഗീതം, സാഹിത്യം എന്നിവ ഉപയോഗിച്ചുകൊണ്ടാണ് ഗീബൽസ് തന്റെ പ്രചാരണങ്ങൾ നടത്തിയത്. ഒരു കള്ളം ആയിരം തവണ ആവർത്തിച്ചാൽ അത് സത്യമായി തീരുമെന്നതായിരുന്നു ഗീബൽസിന്റെ പ്രധാനസിദ്ധാന്തം.*

യുടെ പിന്തുണ നേടുകയും ചെയ്തു. പോപ്പിന് വത്തിക്കാൻ എന്ന സ്വതന്ത്രരാജ്യം അനുവദിച്ചുകൊടുത്തു. യുദ്ധത്തോടുള്ള കൊതി മുസലീനിയെക്കൊണ്ട് അബിസീനിയ (ഇന്നത്തെ എത്യോപ്യ) സ്പെയിൻ, അൽബേനിയ എന്നീ രാജ്യങ്ങളെ ആക്രമിക്കാൻ പ്രേരിപ്പിച്ചു. ഒടുവിൽ ആഭ്യന്തരപ്രശ്നങ്ങൾ കാരണം മുസലീനിയുടെ സ്വേച്ഛാധിപത്യഭരണം അട്ടിമറിക്കപ്പെട്ടു.

ജർമ്മനിയുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം നാസി പാർട്ടിയാണെന്ന് പ്രചരിപ്പിച്ച ഹിറ്റ്ലറെ സഹായിച്ചിരുന്നത് ഗീബൽസ് ആണ്. ആശയപിന്തുണ വർദ്ധിപ്പിക്കുന്നതിന് വൻതോതിൽ പണവും ചെലവഴിക്കുകയുണ്ടായി. ജർമ്മനിയിലെ വെയ്മാർ (Weimar) ഭരണഘടന അനുസരിച്ച് പരമാധികാരി പ്രസിഡന്റ് ആയിരുന്നു. ചാൻസലർ സ്ഥാനത്തേക്ക് നിയമിതനായ ഹിറ്റ്ലർ 1934-ൽ പ്രസിഡന്റ് ഹിൻഡൻബർഗ് മരിച്ചപ്പോൾ ആ സ്ഥാനവും കൈക്കലാക്കി.

ജൂതന്മാരെയും കമ്മ്യൂണിസ്റ്റുകാരെയും ഇല്ലാതാക്കുമെന്ന് ഹിറ്റ്ലർ പ്രതിജ്ഞ ചെയ്തു. ജൂതന്മാർ ജർമ്മനിയിലേക്ക് കുടിയേറുന്നത് നിരോധിച്ചു. എല്ലാ ജൂതന്മാരേയും ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ലക്ഷക്കണക്കിന് ജൂതന്മാരെ കോൺസെൻട്രേഷൻ ക്യാമ്പുകളെന്ന ക്രൂരമായ പീഡനകേന്ദ്രങ്ങളിലും ഗ്യാസ് ചേംബറുകളിലും അടച്ച് വധിച്ചു.

വേഴ്സായ് സന്ധിയിലെ വ്യവസ്ഥകൾ ഒന്നൊന്നായി നിരാകരിച്ചു. യുദ്ധത്തിന്റെ നഷ്ടപരിഹാരം നൽകില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.



ഫാസിസ്റ്റുകൾ അവരുടെ നയപരിപാടികൾ വിജയിപ്പിക്കുന്നതിനു സ്വീകരിച്ചിരുന്ന തന്ത്രങ്ങൾ എന്തൊക്കെ? ചർച്ച ചെയ്യൂ.

### സ്പെയിൻ ഫാഷിസത്തിന്റെ വഴിയിൽ

ഒന്നാം ലോകയുദ്ധാനന്തരം സ്പെയിൻ കമ്മ്യൂണിസ്റ്റുകളുടെയും ഫാഷിസ്റ്റുകളുടെയും ഏറ്റുമുട്ടലിനുള്ള വേദിയായി. രാജവാഴ്ച, റിപ്പബ്ലിക്കൻ ഭരണം, ഫാഷിസ്റ്റ് സാമ്രാജ്യത്വം എന്നിവയെല്ലാം അവിടെ മാറിമാറി പരീക്ഷിക്കപ്പെട്ടു. 1931-ൽ രാജവാഴ്ച അവസാനിച്ച് സ്പെയിൻ ഒരു റിപ്പബ്ലിക് ആയി. റിപ്പബ്ലിക്കൻ-കമ്മ്യൂണിസ്റ്റ് ആശയങ്ങളുള്ള നിരവധി പാർട്ടികൾ സ്പെയിനിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇവർ തമ്മിൽ ഐക്യമുണ്ടായിരുന്നില്ല. ക്രമസമാധാന നില തകർന്നപ്പോൾ ആഭ്യന്തരസംഘർഷം രൂക്ഷമായി. 1936-ലെ തിരഞ്ഞെടുപ്പിൽ ഇടതു-വലതുപക്ഷങ്ങൾ തുല്യമായി സീറ്റുകൾ നേടി. ഒരു ഫാഷിസ്റ്റ് പാർലമെന്റംഗം വധിക്കപ്പെട്ടതിന്റെ പേരിൽ സ്പെയിനിൽ ആഭ്യന്തരയുദ്ധമാരംഭിച്ചു. ആഭ്യന്തര കലാപത്തിൽ ജനറൽ ഫ്രാങ്കോ ഫാഷിസ്റ്റ് വിഭാഗത്തിന്റെ നേതൃത്വം ഏറ്റെടുത്തു. റഷ്യ, മെക്സിക്കോ, ഫ്രാൻസ് എന്നിവർ റിപ്പബ്ലിക്കിനെ പിന്തുണച്ചപ്പോൾ ജർമ്മനിയും ഇറ്റലിയും ഫ്രാങ്കോയെ പിന്തുണച്ചു. ജവഹർലാൽ നെഹ്റു സ്പാനിഷ് റിപ്പബ്ലിക്കിനെ പിന്തുണച്ച് രംഗത്തു വന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. കമ്മ്യൂണി

#### ഗ്വെർണിക്ക



*ഇരുപതാം നൂറ്റാണ്ടിലെ മഹാനായ സ്പാനിഷ് ചിത്രകാരൻ പാബ്ലോ പിക്കാസോ വരച്ച പെയിന്റിംഗ്. ഫാഷിസ്റ്റുകൾ ബോംബിട്ടു തകർത്ത ഒരു സ്പാനിഷ് പട്ടണമായിരുന്നു ഗ്വെർണിക്ക. ആ പേരിൽ വരച്ച പെയിന്റിംഗിലൂടെ ഫാഷിസത്തിന്റെ കിരാത വാഴ്ചയ്ക്കെതിരെ പ്രതിഷേധിക്കുകയായിരുന്നു പിക്കാസോ.*

സത്തിനെതിരായ ഫാഷിസ്റ്റ് യുദ്ധമായാണ് ഫ്രാങ്കോയുടെ കലാപത്തെ അവർ വിശേഷിപ്പിച്ചത്. അവസാനം ഫ്രാങ്കോ വിജയിക്കുകയും 'ഫലാഞ്ജിസം' (Falangism) എന്ന പേരിൽ ഫാഷിസ്റ്റ് സ്വേച്ഛാധിപത്യം സ്പെയിനിൽ നടപ്പിലാകുകയും ചെയ്തു.

## ഫാഷിസം ജപ്പാനിൽ

1905-ൽ റഷ്യയെ തോൽപ്പിച്ചുകൊണ്ട് ജപ്പാൻ ശക്തി തെളിയിച്ച കാര്യം സൂചിപ്പിച്ചതാണല്ലോ. ഒരു സാമ്രാജ്യത്വശക്തിയായി വളർന്ന ജപ്പാൻ ഒന്നാം ലോകയുദ്ധത്തിനുശേഷം വാഷിങ്ടൺ നിരായുധീകരണസമ്മേളനത്തിൽ വച്ച് ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ് എന്നീ രാജ്യങ്ങളുമായി ഉടമ്പടിയുണ്ടാക്കി. അത് ജപ്പാനിൽ വിവാദങ്ങൾക്ക് കാരണമായി. ജപ്പാന്റെ പ്രധാനമന്ത്രിയായ മുൻ സൈനികൻ ബാരൺ തനാക്ക സാമ്രാജ്യ വിപുലീകരണത്തിനു വേണ്ടി വാദിച്ചു. സാമ്രാജ്യത്വം മഹത്തരമാണെന്നും ആക്രമണ നയമാണ് വേണ്ടതെന്നും അദ്ദേഹം ചക്രവർത്തിയെ ബോധ്യപ്പെടുത്തി. ലോകം കീഴടക്കണമെങ്കിൽ ചൈന കീഴടക്കണമെന്നും ചൈന കീഴടക്കണമെങ്കിൽ മഞ്ചൂറിയ കീഴടക്കണമെന്നും മഞ്ചൂറിയ കീഴടക്കണമെങ്കിൽ കൊറിയ കീഴടക്കണമെന്നും തനാക്ക പ്രഖ്യാപിച്ചു. ജപ്പാന്റെ സാമ്രാജ്യത്വവ്യാപനത്തെ ലക്ഷ്യമിട്ട ഈ പദ്ധതി തനാക്ക മെമ്മോറിയൽ എന്നറിയപ്പെടുന്നു. 1931-ലെ മഞ്ചൂറിയ ആക്രമണത്തിൽ നേടിയ വിജയം ജപ്പാനെ കൂടുതൽ അക്രമണകാരിയാക്കി. തനാക്കയെ തുടർന്ന് പ്രധാനമന്ത്രിയായ ടോജോയുടെ നേതൃത്വത്തിൽ ജപ്പാനിൽ ഫാഷിസ്റ്റ് ഭരണം നിലവിൽ വന്നു. 1936-ൽ ജർമ്മനിയുമായി ചേർന്ന് കമ്മ്യൂണിസ്റ്റ് വിരുദ്ധ സഖ്യമുണ്ടാക്കിയതിലൂടെ ജപ്പാനും ഫാഷിസ്റ്റ്വ്യാപനത്തിൽ പങ്കാളിയായി.



ജപ്പാനെ ഒരു സാമ്രാജ്യത്വശക്തിയാക്കി മാറ്റിയതിൽ 'തനാക്ക മെമ്മോറിയൽ' ന്റെ സ്വാധീനം പരിശോധിക്കൂ.

## പ്രവർത്തനങ്ങൾ



- ഒന്നാം ലോക യുദ്ധാനന്തരം വളർന്നുവന്ന ഫാഷിസ്റ്റ് ഭരണക്രമങ്ങൾ ലോകസമാധാനത്തിന് ഭീഷണിയായതിനെക്കുറിച്ചും മറ്റൊരുലോകയുദ്ധത്തിലേക്ക് നയിച്ച സംഭവവികാസങ്ങളെക്കുറിച്ചും ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.
- ഒന്നാം ലോകയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ യുദ്ധങ്ങളിൽ ധ്വംസിക്കപ്പെടുന്ന മനുഷ്യാവകാശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
- റഷ്യൻ വിപ്ലവവും സോവിയറ്റ് യൂണിയന്റെ വളർച്ചയും ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം വിലയിരുത്തി ഒരു പ്രബന്ധം തയ്യാറാക്കുക.
- ഒന്നാം ലോകയുദ്ധത്തിനുകാരണമായ അന്താരാഷ്ട്രതർക്കങ്ങൾ ഏതെല്ലാം? ഇത് ലോകയുദ്ധമായി മാറാനുള്ള പശ്ചാത്തലമെന്ത്?
- വാർ കമ്മ്യൂണിസവും പുത്തൻ സാമ്പത്തികനയവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
- പഞ്ചവത്സരപദ്ധതികൾ റഷ്യയുടെ സാമ്പത്തിക പുരോഗതിയെ സ്വാധീനിച്ചതെങ്ങനെ?
- ഫാഷിസവും നാസിസവും ദേശീയതയുടെ ഏറ്റവും ഭീകരമായ രൂപപരിണാമമാണ്. ഇറ്റലിയുടെയും ജർമ്മനിയുടെയും സാമ്രാജ്യത്വ ശക്തിയായുള്ള മുന്നേറ്റം മുൻനിർത്തി ഇത് പരിശോധിക്കുക.

# രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും

5

ഒന്നാം ലോകയുദ്ധം മാനവരാശിക്ക് വരുത്തിവെച്ച ദുരിതത്തെക്കുറിച്ച് നാം മനസ്സിലാക്കിയല്ലോ. 'എല്ലാ യുദ്ധങ്ങളും അവസാനിപ്പിക്കാൻ വേണ്ടി നടത്തിയ' ആ യുദ്ധത്തിനും പ്രതീക്ഷിച്ചതുപോലെ ലോകത്തു സമാധാനമോ ജനാധിപത്യമോ നിലനിർത്താനായില്ല. യുദ്ധാനന്തരകാലത്ത് രാജ്യങ്ങൾക്കിടയിൽ പകയും സംഘർഷങ്ങളും കൂടുതൽ ശക്തമായി. ഇത് ഭീകരമായ മറ്റൊരു യുദ്ധത്തിലേക്കാണ് ലോകത്തെ കൊണ്ടു ചെന്നെത്തിച്ചത്. 1939 മുതൽ 1945 വരെ നീണ്ടുനിന്ന രണ്ടാം ലോകയുദ്ധം മനുഷ്യരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായി. പുത്തൻ സാങ്കേതികവിദ്യകൾ അങ്ങേയറ്റം ഉപയോഗപ്പെടുത്തിയ യുദ്ധം മുൻയുദ്ധങ്ങളെക്കാൾ വിനാശകരമായിരുന്നു. യൂറോപ്പിലാണ് ആരംഭിച്ചതെങ്കിലും താമസിയാതെ അത് ആഗോളയുദ്ധമായി മാറി.

## യുദ്ധത്തിന്റെ പശ്ചാത്തലം

ഒന്നാം ലോകയുദ്ധാനന്തരം തയ്യാറാക്കിയ പാരിസ് സന്ധികളെക്കുറിച്ച് മുൻ അധ്യായത്തിൽ ചർച്ച ചെയ്തല്ലോ. ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച സഖ്യകക്ഷികൾ പ്രതികാരത്തോടെയാണ് വേഴ്സായ് ഉടമ്പടി ജർമ്മനിയുടെമേൽ അടിച്ചേൽപിച്ചത്. ജർമ്മനിയുടെ കോളനികളും ഭൂപ്രദേശങ്ങളും സഖ്യകക്ഷികൾ പങ്കിട്ടെടുത്തു. യുദ്ധത്തിന്റെ ഉത്തരവാദിത്വവും ഭീമമായ നഷ്ടപരിഹാരത്തുകയും ജർമ്മനിയുടെ മേൽ കെട്ടിവച്ചു. ജർമ്മനിയെ നിരായുധീകരിച്ചു. ഏകപക്ഷീയവും അന്യായവുമായ വേഴ്സായ് ഉടമ്പടിയിലെ അപമാനകരമായ വ്യവസ്ഥകൾ ജർമ്മൻ ജനതയെ അസ്വസ്ഥരാക്കി. ഇത് മുതലെടുത്ത് ജർമ്മൻ ജനതയിൽ പ്രതികാരമനോഭാവവും തീവ്രമായ ദേശീയബോധവും വളർത്തിയെടുക്കാൻ ഹിറ്റ്ലറുടെ നാസിസത്തിന് കഴിഞ്ഞു. ഇറ്റലിയിൽ മുസലീനിയും ജർമ്മനിയിൽ ഹിറ്റ്ലറും അധികാരം പിടിച്ചെടുത്തത് രണ്ടാം ലോകയുദ്ധത്തിന് വഴിയൊരുക്കി.

ഒന്നാം ലോകയുദ്ധാനന്തരം സാമ്രാജ്യത്വരാജ്യങ്ങൾക്കിടയിലെ മത്സരങ്ങൾ രൂക്ഷമായി. ബ്രിട്ടൻ, ഫ്രാൻസ്, ഹോളണ്ട് തുടങ്ങിയ സാമ്രാജ്യത്വശക്തികളാണ് ഏഷ്യയിലെയും ആഫ്രിക്കയിലെയും ഭൂരിഭാഗം കോളനികളും കമ്പോളങ്ങളും കൈവശം വച്ചിരുന്നത്. ജർമ്മനി, ഇറ്റലി, ജപ്പാൻ തുടങ്ങിയ




ഹിറ്റ്ലറുടെ വളർച്ചയെ സഹായിക്കുന്ന ബ്രിട്ടന്റെയും ഫ്രാൻസി ന്റെയും നയങ്ങളെ പരിഹസിക്കുന്ന ഒരു ബ്രിട്ടീഷ് കാർട്ടൂൺ

രാഷ്ട്രങ്ങൾക്ക് കോളനികളോ കമ്പോളങ്ങളോ ഉണ്ടായിരുന്നില്ല. ഇത് അവരുടെ സാമ്പത്തിക വളർച്ചയെ ബാധിച്ചു. അവർക്കിടയിൽ കടുത്ത അസംതൃപ്തി വളർന്നു. കോളനികൾ പിടിച്ചെടുക്കാനും ദുർബല രാഷ്ട്രങ്ങളെ കീഴടക്കാനും ഈ രാജ്യങ്ങൾ പദ്ധതിയിട്ടു. ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചതും ഇറ്റലി, അബിസീനിയ കീഴടക്കിയതും ജർമ്മനി റൈൻ പ്രദേശം തിരിച്ചുപിടിച്ചതും ഇതിന്റെ ഭാഗമായിരുന്നു. ലോകസമാധാനത്തിനായി രൂപം കൊണ്ട സർവ്വരാഷ്ട്രസഖ്യത്തിനും ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞില്ല. ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ യൂറോപ്യൻ ശക്തികൾ റഷ്യൻ വിപ്ലവാനന്തരം നിലവിൽ വന്ന സോവിയറ്റു യൂണിയനെ മുഖ്യശത്രുവായാണ് കണ്ടിരുന്നത്. ഫാഷിസത്തിനെതിരെ ഒന്നിച്ച് പോരാടണമെന്ന സോവിയറ്റ് യൂണിയന്റെ അഭ്യർത്ഥന ബ്രിട്ടനും ഫ്രാൻസും ചെവിക്കൊണ്ടില്ല. അവർ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെട്ടില്ലെന്നു മാത്രമല്ല ഫാഷിസ്റ്റ് രാജ്യങ്ങളോട് പ്രീണനനയം സ്വീകരിക്കുകയും ചെയ്തു.








ജർമ്മനിയോട് പ്രീണനനയം സ്വീകരിക്കാൻ ബ്രിട്ടനെയും ഫ്രാൻസിനേയും പ്രേരിപ്പിച്ച ഘടകങ്ങളേവ?

- സോവിയറ്റ് യൂണിയനോടുള്ള ശത്രുത
- 
- 

## മ്യൂണിക്ക് സമ്മേളനം

*ഒന്നാം ലോകയുദ്ധത്തിനുശേഷം രൂപംകൊണ്ട സ്വതന്ത്ര രാജ്യമാണ് ചെക്കോസ്ലോവാക്യ. അവിടെ ജർമ്മൻ വംശജർക്ക് ഭൂരിപക്ഷമുള്ള പ്രദേശമാണ് സുഡറ്റൻലാന്റ്. വ്യവസായകേന്ദ്രം കൂടിയായ ഈ പ്രദേശം ആക്രമിച്ച് കീഴടക്കാൻ ഹിറ്റ്ലർ തീരുമാനിച്ചു. ജർമ്മൻ സൈന്യം അതിർത്തിയിലെത്തിയപ്പോൾ ചെക്ക് ഗവൺമെന്റ് ബ്രിട്ടനോടും ഫ്രാൻസിനോടും സഹായം അഭ്യർഥിച്ചു. എന്നാൽ ബ്രിട്ടനും ഫ്രാൻസും ഹിറ്റ്ലറെ സഹായിക്കുകയാണ് ചെയ്തത്. 1938 സെപ്റ്റംബറിൽ ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി എന്നിവർ ജർമ്മനിയിലെ മ്യൂണിക്കിൽ സമ്മേളിക്കുകയും സുഡറ്റൻലാന്റിനുമേൽ ജർമ്മനിയുടെ അവകാശവാദം അംഗീകരിക്കുകയും ചെയ്തു. സുഡറ്റൻലാന്റ് ജർമ്മനിക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചു. ചെക്കോസ്ലോവാക്യയോടോ അവരുമായി ഉടമ്പടി ഉണ്ടാക്കിയിരുന്ന സോവിയറ്റ് യൂണിയനോടോ ആലോചിക്കാതെയാണ് മ്യൂണിക്ക് ഉടമ്പടി തയ്യാറാക്കിയത്. എന്നാൽ ഉടമ്പടിയുടെ മറവിൽ ചെക്കോസ്ലോവാക്യയെ പൂർണ്ണമായും ജർമ്മനി കീഴടക്കി. ഇതോടൊപ്പം ബ്രിട്ടനും ഫ്രാൻസും ജർമ്മനിയോടുള്ള പ്രീണനം അവസാനിപ്പിക്കുകയും യുദ്ധത്തിനുള്ള തയ്യാറെടുപ്പ് നടത്തുകയും ചെയ്തു.*

'യുദ്ധത്തിന്റെ വക്കത്ത്' (On the Brink of War) എന്ന ലേഖനത്തിൽ നെഹ്റു അഭിപ്രായപ്പെട്ടത് 'ഇംഗ്ലണ്ടും ഫ്രാൻസും റഷ്യയും ഒന്നിച്ചുനിന്നാൽ നാസികളുടെ ആക്രമണം അവസാനിപ്പിക്കാം' എന്നാണ്. നിങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.



സോവിയറ്റ് യൂണിയനെ മുഖ്യ ശത്രുവായി കണ്ടിരുന്നുവെങ്കിലും ജർമ്മനി 1939-ൽ അവരുമായി ഒരു അനാക്രമണ സന്ധിയിൽ (Non-Aggression Pact) ഒപ്പുവെച്ചു. ഇതുപ്രകാരം പരസ്പരം ആക്രമിക്കില്ലെന്നും പോളണ്ടിനെ പങ്കുവെയ്ക്കാമെന്നും ഇരുവരും സമ്മതിച്ചു. ഇതോടെ സോവിയറ്റ് യൂണിയനിൽ നിന്നും ഉണ്ടാവാനിടയുള്ള എതിർപ്പ് ഒഴിവാക്കാൻ ഹിറ്റ്ലർക്കു കഴിഞ്ഞു. ഏതു സമയവും ജർമ്മനിയുടെ ആക്രമണം പ്രതീക്ഷിച്ച സോവിയറ്റ് യൂണിയന് പ്രതിരോധത്തിന് വേണ്ടത്ര മുൻകരുതലുകളെടുക്കാൻ സമയം ലഭിച്ചു.



അനാക്രമണ സന്ധി - കാർട്ടൂൺ



ഫാഷിസ്റ്റുകൾക്കെതിരായ പോരാട്ടത്തിൽ മുൻനിരയിലുണ്ടായിരുന്ന സോവിയറ്റ് യൂണിയൻ ഫാഷിസ്റ്റ് ജർമ്മനിയോട് സന്ധി ഒപ്പുവെയ്ക്കാനുണ്ടായ സാഹചര്യം പരിശോധിക്കുക.

## യുദ്ധത്തിന്റെ തുടക്കം

സോവിയറ്റ് യൂണിയനുമായുള്ള അനാക്രമണ സന്ധി ഒപ്പുവെച്ചശേഷം ജർമ്മനി പോളണ്ടിനെതിരെ തിരിഞ്ഞു. കിഴക്കൻ പ്രഷ്യയെയും ജർമ്മനിയെയും തമ്മിൽ വേർതിരിക്കുന്ന പോളിഷ് ഇടനാഴിയും ഡാൻസിഗ് നഗരവും വിട്ടുതരണമെന്ന് ഹിറ്റ്ലർ പോളണ്ടിനോടാവശ്യപ്പെട്ടു. പോളണ്ട് തയ്യാറായില്ല. പോളണ്ടുകാർ ജർമ്മനിയുടെ റേഡിയോ സ്റ്റേഷൻ ആക്രമിച്ചെന്ന ന്യായം പറഞ്ഞ് 1939 സെപ്റ്റംബർ 1-ന് ജർമ്മനി പോളണ്ടിനെ ആക്രമിച്ചു. ബ്രിട്ടനും ഫ്രാൻസും പോളണ്ടിന്റെ സഹായത്തിനെത്തി ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഇതോടെ രണ്ടാം ലോകയുദ്ധം തുടങ്ങി.

## യുദ്ധകാലസഖ്യങ്ങൾ

യുദ്ധം ആരംഭിക്കുന്നതിനു മുൻപുതന്നെ ഫാഷിസ്റ്റ് രാജ്യങ്ങളായ ഇറ്റലിയും ജർമ്മനിയും പരസ്പര സഹകരണത്തിനായി ധാരണയിലെത്തിയിരുന്നു. 'റോം-ബെർലിൻ അച്ചുതണ്ട്' എന്ന് ഇതറിയപ്പെട്ടു. 1937-ൽ ജപ്പാനും അവരോടൊപ്പം ചേർന്നതോടെ ഇത് 'റോം-ബെർലിൻ-ടോക്യോ അച്ചുതണ്ട്'ായി മാറി. ഇവരെ അച്ചുതണ്ടുശക്തികൾ (Axis Powers) എന്നാണ് വിളിച്ചിരുന്നത്.

ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങൾ ചേർന്ന് അച്ചുതണ്ടുശക്തികൾക്കെതിരെ രൂപീകരിച്ച ഫാഷിസ്റ്റ് വിരുദ്ധസഖ്യം സഖ്യകക്ഷികൾ (Allied Powers) എന്നറിയപ്പെട്ടു. പിന്നീട് സോവിയറ്റ് യൂണിയനും അമേരിക്കയും ഈ സഖ്യത്തിൽ ചേർന്നു.

### രഹസ്യപദ്ധതി

*അച്ചുതണ്ടുശക്തികൾ ലോകം കീഴടക്കാനുള്ള ഒരു രഹസ്യപദ്ധതി തയ്യാറാക്കിയിരുന്നു. മധ്യയൂറോപ്പും മധ്യേഷ്യയും ആക്രമിച്ച് ജർമ്മനി പൗരസ്ത്യ ദേശത്തിലേക്ക് എത്തും. ആഫ്രിക്കയും പശ്ചിമേഷ്യയും ആക്രമിച്ച് ഇറ്റലിയും പൗരസ്ത്യദേശത്തേക്ക് വരും. വിദൂര പൂർവദേശവും (Far East) തെക്കുകിഴക്കേ ഏഷ്യയും കീഴടക്കി ജപ്പാൻ പടിഞ്ഞാറോട്ട് നീങ്ങും. മൂന്ന് സൈന്യങ്ങളും ഡൽഹിയിൽ വച്ച് കണ്ടുമുട്ടും. എന്നാൽ സോവിയറ്റ് യൂണിയന്റെയും അമേരിക്കയുടെയും യുദ്ധപ്രവേശം ഈ പദ്ധതി വിജയിക്കുന്നതിന് തടസ്സമായി.*

### ഹിറ്റ്ലറുടെ നടപടികൾ

| | |
|---|---|
| 1933 | ജർമ്മനി സർവ്വരാഷ്ട്രസംഘത്തിൽ നിന്നു പിന്മാറുന്നു. ആയുധീകരണം തുടങ്ങുന്നു. |
| 1934 | ആസ്ട്രിയ കീഴടക്കാൻ ശ്രമിക്കുന്നു. എന്നാൽ മുസോലിനി ഇതു തടഞ്ഞു. |
| 1935 | ജർമ്മനിയിൽ വൻ ആയുധീകരണ റാലി നടത്തി. |
| 1936 | ജർമ്മനിയിൽ നിർബന്ധിത സൈനികസേവനം തിരിച്ചുകൊണ്ടുവന്നു. ജർമ്മൻ സൈന്യത്തെ റൈൻലാൻഡ് കീഴടക്കാൻ അയച്ചു. ജപ്പാനുമായി കമ്മ്യൂണിസ്റ്റ് വിരുദ്ധ സഖ്യമുണ്ടാക്കി. |
| 1937 | സ്പാനിഷ് ആഭ്യന്തരയുദ്ധത്തിൽ ജർമ്മനി വികസിപ്പിച്ച പുതിയ ആയുധങ്ങൾ പരീക്ഷിച്ചു. ഇറ്റലിയുമായി കമ്മ്യൂണിസ്റ്റ് വിരുദ്ധ സഖ്യത്തിലേർപ്പെട്ടു. |
| 1938 | ആസ്ട്രിയ കീഴടങ്ങി. ചെക്കോസ്ലോവാക്യയുടെ കീഴിലുള്ള സുഡറ്റൻലാന്റ് കീഴടക്കി. |
| 1939 | ചെക്കോസ്ലോവാക്യയുടെ മറ്റു പ്രദേശങ്ങൾ കീഴടക്കുന്നു. പോളണ്ട് ആക്രമിക്കുന്നു. |

## കപടയുദ്ധം (Phoney War)

ബ്രിട്ടനും ഫ്രാൻസും ജർമ്മനിക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തിയെങ്കിലും നേരിട്ടൊരേറ്റുമുട്ടലിന് തയ്യാറായില്ല. പോളണ്ടിന് സഹായസഹകരണങ്ങൾ നൽകി അവർ വിട്ടുനിന്നു. അതിനാൽ 1939 സെപ്റ്റംബർ മുതൽ 1940 ഏപ്രിൽ വരെയുള്ള ഈ കാലം 'കപടയുദ്ധം' എന്ന പേരിലാണറിയപ്പെടുന്നത്. ഇത് ശക്തമായ യുദ്ധങ്ങൾ നടക്കാത്ത കാലയളവായിരുന്നു. പോളണ്ട് കീഴടക്കിയശേഷം 1940 ഏപ്രിലോടെ നോർവ്വേയ്ക്കും ഡെൻമാർക്കിനുമെതിരെ ജർമ്മനി ആക്രമണം തുടങ്ങി. ഈ രാജ്യങ്ങൾ കീഴടക്കിയശേഷം ബൽജിയം, ഹോളണ്ട്, ലക്സംബർഗ് തുടങ്ങിയ രാജ്യങ്ങളും ജർമ്മനി കീഴടക്കി.

## ഫ്രാൻസ് കീഴടങ്ങുന്നു

1940 ജൂണിൽ ജർമ്മനിയുടെയും ഇറ്റലിയുടെയും സംയുക്തസൈന്യം ഫ്രാൻസിനെ ആക്രമിക്കുകയും

ജർമ്മനി ഫ്രാൻസിനെ ആക്രമിക്കുന്നു



## യുദ്ധത്തിലേക്കുള്ള നാഴികക്കല്ലുകൾ...

### 1929-30

**സാമ്പത്തിക മാന്ദ്യം**

- സാമ്പത്തികമാന്ദ്യം
- തൊഴിലില്ലായ്മ
- പണപ്പെരുപ്പം
- പട്ടിണി, ദാരിദ്ര്യം

സാമ്പത്തികമാന്ദ്യത്തിനുമുമ്പ് പരസ്പരം സഹായിച്ചിരുന്ന രാജ്യങ്ങൾ സ്വന്തം കാര്യം നോക്കാൻ തുടങ്ങുന്നു.

### 1931-33

**മഞ്ചൂറിയൻ പ്രതിസന്ധി**

ജപ്പാൻ തങ്ങളുടെ വ്യാപാരം വർദ്ധിപ്പിക്കാൻ മഞ്ചൂറിയ ആക്രമിക്കുന്നു. ഇതിൽ ഇടപെടാൻ സർവ്വരാജ്യസംഖ്യത്തിന് കഴിയുന്നില്ല. ഇത് മറ്റു രാജ്യങ്ങളെ തങ്ങൾക്കിഷ്ടമുള്ളത് ചെയ്യാൻ പ്രേരിപ്പിക്കുന്നു. ലോക പോലീസായ ലീഗ് നിഷ്ക്രിയമാകുന്നു.

### 1934-36

**അബിസീനിയൻ പ്രതിസന്ധി**

മുസലീനി ആഫ്രിക്കയിൽ ആധിപത്യം നേടാനായി അബിസീനിയ കീഴടക്കുന്നു. സർവ്വരാജ്യസഖ്യത്തിന് അബിസീനിയയെ സഹായിക്കാനാകുന്നില്ല. മുസലീനി അതുമായി മുന്നോട്ട് പോകുന്നു. സർവ്വരാജ്യസഖ്യം തകരുന്നു.

### 1936-38

**ഹിറ്റ്ലർ വേഴ്സായ് ഉടമ്പടി നിരാകരിക്കുന്നു.**

ഹിറ്റ്ലർ റൈൻലാൻഡിലേക്ക് സൈനിക നീക്കം നടത്തുന്നു. ആസ്ട്രിയയെ ജർമ്മനിയോട് കൂട്ടിചേർക്കുന്നു. ഫ്രാൻസും ബ്രിട്ടനും ഈ നടപടിയെ തടയാൻ ശ്രമിക്കുന്നുവെങ്കിലും വിജയിക്കുന്നില്ല.

### 1938

**മ്യൂണിക്ക് ഉടമ്പടി**

ഹിറ്റ്ലർ ചെക്കോസ്ലോവാക്യയുടെ ഭാഗമായ സുഡറ്റൻലാൻഡ് കീഴടക്കുന്നു. കൂടുതൽ ഭാഗങ്ങൾ കീഴടക്കരുതെന്ന നിബന്ധനയോടെ ഫ്രാൻസും ബ്രിട്ടനും ഇതംഗീകരിക്കുന്നു. ഹിറ്റ്ലർ ഉടമ്പടി അംഗീകരിക്കുന്നു.

### 1939

**ഹിറ്റ്ലർ**

ചെക്കോസ്ലോവാക്യ കീഴടക്കുന്നു. മ്യൂണിക്ക് ഉടമ്പടി ലംഘിച്ച് ഹിറ്റ്ലർ ചെക്കോസ്ലോവാക്യ കീഴടക്കുന്നു. ഇനി ഏതെങ്കിലും രാജ്യം ആക്രമിച്ചാൽ ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിക്കുമെന്ന് ഫ്രാൻസും ബ്രിട്ടനും മുന്നറിയിപ്പ് നൽകുന്നു.

### 1939

**നാസി-സോവിയറ്റ് അനാക്രമണ സന്ധി**

പോളണ്ട് കീഴടക്കാനാഗ്രഹിച്ച ഹിറ്റ്ലർ അതിനെ തടയുമെന്ന് ഭയന്ന് സ്റ്റാലിനുമായി അനാക്രമണ സന്ധി ഒപ്പിടുന്നു. പോളണ്ട് വിഭജിക്കപ്പെടുന്നു.

### 1939

**ഹിറ്റ്ലർ പോളണ്ട് കീഴടക്കുന്നു**

യുദ്ധം ആരംഭിക്കുന്നു. ബ്രിട്ടനും ഫ്രാൻസും ജർമ്മനിയോട് യുദ്ധം പ്രഖ്യാപിക്കുന്നു.



- ഓരോ സംഭവവും ലോകത്തെ രണ്ടാം ലോകയുദ്ധത്തിലേക്ക് നയിക്കാൻ എത്ര മാത്രം സഹായിച്ചു? ചർച്ച ചെയ്യുക.

പാരിസ് കൈവശപ്പെടുത്തുകയും ചെയ്തു. മറ്റു മാർഗ്ഗങ്ങളില്ലാതെ ഫ്രഞ്ച് സൈന്യം നാസികൾക്കുമുമ്പിൽ കീഴടങ്ങി. ഫ്രാൻസിലെ അൽസൈസ്-ലൊറൈൻ പ്രദേശങ്ങൾ ഹിറ്റ്ലർ ജർമ്മനിയോട് കൂട്ടിച്ചേർത്തു.

## ബ്രിട്ടനിലെ യുദ്ധം (Battle of Britain)

ഫ്രാൻസിനെ കീഴടക്കിയതോടെ ബ്രിട്ടനെ പരാജയപ്പെടുത്തുകയായിരുന്നു ഹിറ്റ്ലറുടെ അടുത്ത ലക്ഷ്യം. ബ്രിട്ടനെ കീഴടക്കാൻ ജർമ്മനി തയ്യാറാക്കിയ രഹസ്യപദ്ധതിക്ക് 'സീ ലയൺ' (Sea Lion) എന്ന നാമമാണ് നൽകിയത്. ജർമ്മൻ വ്യോമസേന ബ്രിട്ടനിൽ മിന്നലാക്രമണങ്ങൾ (Blitzkreig) നടത്തി. വിൻസ്റ്റൺ ചർച്ചിലിന്റെ നേതൃത്വത്തിൽ ബ്രിട്ടൻ തിരിച്ചടിച്ചു. യുദ്ധത്തിൽ നേരിട്ട് പങ്കാളിയാവാതെ അമേരിക്ക ബ്രിട്ടന്റെ സഹായത്തിനെത്തി. 'ബ്രിട്ടനിലെ യുദ്ധം' എന്നറിയപ്പെട്ട ഈ യുദ്ധത്തിൽ ജർമ്മനിക്ക് അപ്രതീക്ഷിതമായ തിരിച്ചടി ഏറ്റുവാങ്ങേണ്ടി വന്നു.

ഈ കാലത്ത് ആഫ്രിക്കൻ രാജ്യങ്ങളിൽ ഇറ്റലി മുന്നേറ്റം നടത്തി. സോമാലിലാന്റ്, എറിത്രിയ, സുഡാൻ തുടങ്ങിയ ഉത്തരാഫ്രിക്കൻ രാജ്യങ്ങൾ ഇറ്റലി കീഴടക്കി. ഇതിനിടെ ഗ്രീസ്, യൂഗോസ്ലാവ്യ, ബൾഗേറിയ തുടങ്ങിയ രാജ്യങ്ങളെയും ഉത്തരാഫ്രിക്കയുടെ ഒരു വലിയ ഭാഗവും ജർമ്മനി കൈക്കലാക്കി. ഇതോടെ സോവിയറ്റ് യൂണിയനും ബ്രിട്ടനും ഒഴികെയുള്ള യൂറോപ്പ് ഏതാണ്ട് മുഴുവനായും അച്ചുതണ്ടുശക്തികൾ ആക്രമിച്ചു കീഴടക്കി.

## സോവിയറ്റ് യൂണിയൻ യുദ്ധത്തിലേക്ക്

വിജയങ്ങളിൽ പ്രചോദിതനായ ഹിറ്റ്ലർ സോവിയറ്റ് യൂണിയനുമായി നേരത്തെ ഒപ്പുവെച്ച അനാക്രമണ സന്ധി അവഗണിച്ച് 1941 ജൂണിൽ സോവിയറ്റ് യൂണിയനെ ആക്രമിച്ചു. സോവിയറ്റ് പ്രദേശങ്ങൾ പിടിച്ചെടുത്തുകൊണ്ട് മുന്നേറിയ ജർമ്മൻ സൈന്യം മോസ്കോ വരെ എത്തിച്ചേർന്നു.

ജർമ്മൻ ആക്രമണങ്ങൾ




ജർമ്മനിയുടെ റഷ്യൻ ആക്രമണമാണ് രണ്ടാം ലോകയുദ്ധത്തിന്റെ ഗതിമാറ്റിയതെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ചർച്ച ചെയ്യുക.

സോവിയറ്റ് യൂണിയൻ ശക്തമായി തിരിച്ചടിച്ചു. റഷ്യയിലെ അതിശൈത്യം ജർമ്മൻ സൈന്യത്തിന് പ്രതികൂലമായി. സ്റ്റാലിൻഗ്രാഡിൽ വച്ചുണ്ടായ ഐതിഹാസിക പോരാട്ടത്തിൽ സോവിയറ്റ് യൂണിയൻ ജർമ്മനിയെ പരാജയപ്പെടുത്തി. ദശലക്ഷക്കണക്കിന് ജനങ്ങളെയാണ് സോവിയറ്റ് യൂണിയന് ഈ യുദ്ധത്തിൽ കുരുതികൊടുക്കേണ്ടി വന്നത്. സോവിയറ്റ് യൂണിയനിലെ അനേകം കൃഷിയിടങ്ങളും വ്യവസായശാലകളും ഈ യുദ്ധത്തിൽ തകർക്കപ്പെട്ടു. കനത്ത നഷ്ടം സഹിച്ച് സോവിയറ്റ് ജനത ഒറ്റക്കെട്ടായാണ് ജർമ്മൻ അക്രമങ്ങളെ പ്രതിരോധിച്ചത്.

### ഓപ്പറേഷൻ ബാർബറോസ

*സോവിയറ്റ് യൂണിയനെ ആക്രമിക്കാൻ ജർമ്മനി തയ്യാറാക്കിയ പദ്ധതിയുടെ രഹസ്യനാമമാണ് ഓപ്പറേഷൻ ബാർബറോസ. കമ്മ്യൂണിസത്തെ ചെറുക്കുക, സോവിയറ്റ് യൂണിയനെ തകർത്ത് ജർമ്മൻകാരെ അവിടെ പാർപ്പിക്കുക, യഹൂദന്മാരെ ഇല്ലാതാക്കുക, സ്ലാവ് വംശജരെ അടിമകളാക്കുക എന്നീ ലക്ഷ്യങ്ങളായിരുന്നു ഹിറ്റ്ലറുടെ സോവിയറ്റ് യൂണിയന്റെ ആക്രമണത്തിനു പിന്നിലുണ്ടായിരുന്നത്.*

## അമേരിക്കയുടെ പ്രവേശം

ഫാഷിസ്റ്റ് സഖ്യകക്ഷിയായ ജപ്പാനാണ് യുദ്ധത്തെ ഏഷ്യയിലേക്കും അമേരിക്കയിലേക്കും വൻതോതിൽ വ്യാപിപ്പിച്ചത്. 1941 ഡിസംബർ 7 ന് അമേരിക്കൻ നാവികസങ്കേതമായ പേൾ ഹാർബറിൽ ജപ്പാൻ

പസഫിക് സമുദ്രത്തിലെ യുദ്ധഭൂമി




ബോംബാക്രമണം നടത്തി. ഇതോടെ അമേരിക്ക യുദ്ധത്തിൽ പൂർണമായും പങ്കാളിയായി. പേൾ ഹാർബർ ആക്രമണത്തിന്റെ തൊട്ടടുത്ത ദിവസം അമേരിക്ക ജപ്പാനെതിരെ യുദ്ധം തുടങ്ങി. ജപ്പാനെ സഹായിക്കാൻ വന്ന ഇറ്റലി, ജർമ്മനി എന്നിവർക്കെതിരെയും അമേരിക്ക യുദ്ധത്തിന് തയ്യാറായി. ഇങ്ങനെ യുദ്ധം ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും വ്യാപിച്ചു.

### പേൾ ഹാർബർ

*ശാന്തസമുദ്രത്തിൽ ഹവായ് ദ്വീപിലുള്ള അമേരിക്കൻ സൈനികത്താവളമാണ് പേൾ ഹാർബർ. ജപ്പാൻ, ഫിലിപ്പൈൻസ്, സിങ്കപ്പൂർ തുടങ്ങിയ രാജ്യങ്ങൾ ഉൾക്കൊള്ളുന്ന പസഫിക് പ്രദേശം നിയന്ത്രിക്കാൻ ഈ നാവികത്താവളമാണ് അമേരിക്ക ഉപയോഗപ്പെടുത്തിയിരുന്നത്. ഏഷ്യയിലേക്കുള്ള അമേരിക്കയുടെ വരവ് തടയാനും പസഫിക്കിലെ അമേരിക്കൻ മേൽക്കൈ തകർക്കാനുമാണ് ജപ്പാൻ പേൾ ഹാർബറിൽ ബോംബിട്ടത്.*

## യുദ്ധത്തിന്റെ അന്ത്യം

1944 ജൂണിൽ ഫ്രാൻസിനെ മോചിപ്പിക്കാൻ ബ്രിട്ടീഷ്-അമേരിക്കൻ സംയുക്ത സൈന്യം പശ്ചിമ യൂറോപ്പിൽ പുതിയ യുദ്ധമുഖം തുറന്നു. ഫ്രാൻസിലെ നോർമണ്ടി തീരത്ത് എത്തിയ ബ്രിട്ടീഷ്-അമേരിക്കൻ സൈന്യം ഫ്രാൻസിനെ മോചിപ്പിക്കുകയും ഹോളണ്ടിൽ നിന്നും ബൽജിയത്തിൽ നിന്നും നാസിപ്പടയെ തുരത്തുകയും ചെയ്തു. തുടർന്ന് അവർ പടിഞ്ഞാറുഭാഗത്തുകൂടി ജർമ്മനിയിൽ പ്രവേശിച്ചു. ഇതേ അവസരത്തിൽ നാസികളിൽ നിന്നും കിഴക്കൻ യൂറോപ്പിനെ രക്ഷിക്കാൻ സോവിയറ്റ് സൈന്യം കിഴക്കൻ ഭാഗത്തുകൂടി ജർമ്മനിയിലെത്തി. 1945 മേയ് 2-ന് സോവിയറ്റ് സൈന്യം ജർമ്മൻ തലസ്ഥാനമായ ബെർലിനിൽ പ്രവേശിച്ചു. പരാജയം ഉറപ്പായ ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. 1945 മേയ് 7-ന് ജർമ്മനി നിരുപാധികം കീഴടങ്ങി.

1945 ഏപ്രിലിൽ ഉത്തര ഇറ്റലിയിലെ ചില പ്രദേശങ്ങൾ സഖ്യകക്ഷികൾ പിടിച്ചെടുത്തു. കീഴടങ്ങിയ മുസലീനിയെ നാട്ടുകാർ വധിച്ചതോടെ ഇറ്റലിയിൽ ഫാഷിസത്തിന്റെ അന്ത്യം കുറിച്ചു.

യൂറോപ്പിലെ യുദ്ധാവസാനത്തോടെ സഖ്യകക്ഷികൾ ജപ്പാനോട് കീഴടങ്ങാൻ ആവശ്യപ്പെട്ടു. ജപ്പാൻ വിസമ്മതിച്ചു. ട്രാൻസ്-സൈബീരിയൻ പ്രദേശം വഴി

സോവിയറ്റ് സൈന്യം ജപ്പാനിലേക്ക് നീങ്ങി. സോവിയറ്റ് സൈന്യം ജപ്പാനിലെത്തുന്നതിനുമുൻപേ ആഗസ്റ്റ് 6-ന് ഹിരോഷിമയിലും ആഗസ്റ്റ് 9-ന് നാഗസാക്കിയിലും അമേരിക്ക അണുബോംബിട്ടു. 1945 ആഗസ്റ്റ് 15-ന് ജപ്പാൻ കീഴടങ്ങിയതോടെ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു.

### ഹിരോഷിമയും നാഗസാക്കിയും



*ചരിത്രത്തിലാദ്യമായി ഒരു യുദ്ധത്തിൽ അണുബോംബ് പ്രയോഗിച്ചത് 1945 ആഗസ്റ്റ് 6-ന് തിങ്കളാഴ്ച രാവിലെ 8.15-ന് ജപ്പാനിലെ ഹിരോഷിമയിലാണ്. ഒരു ലക്ഷത്തിലേറെ പേരാണ് ഹിരോഷിമയിൽ മാത്രം കൊല്ലപ്പെട്ടത്. ആഗസ്റ്റ് 9-ന് വ്യാഴാഴ്ച 11.02-ന് നാഗസാക്കിയിലുണ്ടായ ബോംബാക്രമണത്തിൽ 74000 പേർ മരണമടഞ്ഞു. യുദ്ധാനന്തരം അണുബാധയുടെ ദുരിതം പേറി മരിച്ചവർക്കും അംഗഭംഗം വന്നവർക്കും കണക്കില്ല. ലിറ്റിൽ ബോയ്, ഫാറ്റ് മാൻ എന്നിവയായിരുന്നു ഈ അണുബോംബുകൾ.*



അണുബോംബ് പ്രയോഗിക്കാതെ തന്നെ ജപ്പാനെ പരാജയപ്പെടുത്താൻ സഖ്യകക്ഷികൾക്കു കഴിയുമായിരുന്നോ? എന്തെല്ലാം കാരണങ്ങളാണ് അണുബോംബ് പ്രയോഗത്തിലേക്ക് നയിച്ചത്? ചർച്ച ചെയ്യുക.

### യുദ്ധത്തിനുശേഷം

പരാജയപ്പെട്ട രാഷ്ട്രങ്ങളുമായി ഉണ്ടാക്കേണ്ട കരാറുകൾ ചർച്ച ചെയ്യാൻ സഖ്യകക്ഷികൾ പോട്സ്ഡാമിൽ സമ്മേളനം വിളിച്ചു ചേർത്തു. സമ്മേളനതീരുമാനം അനുസരിച്ച് ജർമ്മനി നാലു മേഖലകളായി വിഭജിക്കപ്പെട്ടു. ഓരോ മേഖലയും യുദ്ധത്തിൽ വിജയിച്ച രാജ്യങ്ങളായ ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, സോവിയറ്റ് യൂണിയൻ എന്നിവരുടെ കീഴിലായി. സോവിയറ്റ് യൂണിയൻ കിഴക്കൻ ജർമ്മനിയെ കമ്മ്യൂണിസ്റ്റ്വത്കരിക്കാൻ ശ്രമിക്കുകയാണ് എന്നാരോപിച്ച് ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ് എന്നീ രാജ്യങ്ങൾ അവരുടെ കീഴിലുള്ള പടിഞ്ഞാറൻ ജർമ്മനിയിൽ ഒരു ജനാധിപത്യ ഗവൺമെന്റിന് രൂപം കൊടുത്തു. ഇത് ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനി എന്നറിയപ്പെട്ടു. സോവിയറ്റ് യൂണിയൻ നിയന്ത്രിച്ച കിഴക്കൻ ജർമ്മനി ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക് ആയി.

ബർലിൻ മതിൽ



### യുദ്ധംകൊണ്ടും ലാഭം!

*രണ്ടാം ലോകയുദ്ധത്തിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയ രാജ്യം അമേരിക്കയാണ്. ഒന്നാം ലോകയുദ്ധത്തിലെന്നപോലെ രണ്ടാം ലോകയുദ്ധത്തിലും അമേരിക്കയിൽ യുദ്ധം നടന്നിരുന്നില്ല. എന്നാൽ അമേരിക്കൻ ആയുധക്കമ്പനികൾ നിർമ്മിച്ച യുദ്ധോപകരണങ്ങളാണ് മിക്ക രാഷ്ട്രങ്ങളും യുദ്ധത്തിൽ ഉപയോഗിച്ചിരുന്നത്. മരുന്നുകച്ചവടം വഴിയും വൻലാഭമുണ്ടാക്കാൻ അമേരിക്കൻ കമ്പനികൾ ശ്രമിച്ചു. അങ്ങനെ രണ്ടാം ലോകയുദ്ധം അമേരിക്കയ്ക്ക് അനുഗ്രഹമായി. ആയുധക്കച്ചവടത്തിലൂടെ അമേരിക്ക സമ്പന്നമായി. മിക്ക രാഷ്ട്രങ്ങളും അമേരിക്കയുടെ കടക്കാരായി. അമേരിക്ക 'ജനാധിപത്യത്തിന്റെ ആയുധപ്പുര'യായി മാറി.*

## യുദ്ധത്തിന്റെ ഭീകരത

നാലുകോടിയിലേറെ പേരുടെ ജീവനാണ് രണ്ടാം ലോകയുദ്ധം അപഹരിച്ചത്. നാസികളെ തോൽപ്പിക്കാൻ കഠിനാധ്വാനം ചെയ്ത സോവിയറ്റ് യൂണിയനായിരുന്നു കൂടുതൽ ആളുകൾ നഷ്ടമായത്. പല രാജ്യങ്ങളിലും പകർച്ചവ്യാധികൾ പടർന്നുപിടിച്ചു. നഗരങ്ങളും വീടുകളും പാടെ തകർന്നു. വ്യവസായശാലകൾ, കൃഷിയിടങ്ങൾ, റോഡുകൾ, റെയിൽപാളങ്ങൾ, വാർത്താവിനിമയ സംവിധാനം എന്നിവയും തകർക്കപ്പെട്ടു. ഓരോ രാജ്യത്തിനും നാണയപ്പെരുപ്പം, വിലക്കയറ്റം, ക്ഷാമം, തൊഴിലില്ലായ്മ, ആരോഗ്യപ്രശ്നങ്ങൾ, ദാരിദ്ര്യം തുടങ്ങിയ ഗുരുതരമായ സമസ്യകൾ നേരിടേണ്ടി വന്നു. എല്ലാം നഷ്ടപ്പെട്ട ദശലക്ഷക്കണക്കിനാളുകൾ അഭയാർഥികളായി. അത്രയേറെ ഭീകരമായിരുന്നു രണ്ടാം ലോകയുദ്ധം.



"നിർമ്മിക്കപ്പെട്ട ഓരോ തോക്കും കടലിലിറക്കിയ ഓരോ യുദ്ധക്കപ്പലും തൊടുത്തുവിട്ട ഓരോ റോക്കറ്റും അവസാന വിശകലനത്തിൽ ഭക്ഷണം കഴിച്ചിട്ടില്ലാത്ത വിശക്കുന്നവനിൽ നിന്നും വസ്ത്രം ധരിച്ചിട്ടില്ലാത്ത കുളിരുന്നവനിൽ നിന്നും കൊള്ളയടിച്ചതാണ്. ആയുധവൽക്കരിക്കപ്പെട്ട ലോകം പണം ധൂർത്തടിക്കുക മാത്രമല്ല ചെയ്യുന്നത്. അദ്ധ്വാനിക്കുന്നവന്റെ അന്നവും ശാസ്ത്രജ്ഞന്റെ ബുദ്ധിയും കുട്ടികളുടെ പ്രത്യാശയുമാണ് അത് ചെലവിടുന്നത്". അമേരിക്കൻ പ്രസിഡന്റായിരുന്ന ഐസൻഹോവറിന്റെ ഈ പ്രസ്താവന പരിശോധിക്കുക.

## കോളനികൾ സ്വതന്ത്രമാവുന്നു

യുദ്ധം അവസാനിച്ചതോടെ ഏഷ്യയിലും ആഫ്രിക്കയിലും കോളനി ഭരണത്തിനെതിരായ സമരങ്ങൾ കൂടുതൽ ശക്തിയാർജ്ജിച്ചു. സ്വാതന്ത്ര്യസമരങ്ങളെ പ്രതിരോധിക്കാൻ സാമ്രാജ്യത്വശക്തികൾക്കു കഴിഞ്ഞില്ല. സാമ്രാജ്യത്വശക്തികളിൽ നിന്ന് കോളനികൾ മോചിതരാവാൻ തുടങ്ങി. എന്തെല്ലാം ഘടകങ്ങളായിരിക്കും ഈ അപകോളനീകരണത്തിന് (decolonisation)വഴിയൊരുക്കിയത്.

ബ്രിട്ടീഷ് കോളനിയായിരുന്ന ഇന്ത്യയിൽ നടന്ന സ്വാതന്ത്ര്യസമരത്തെക്കുറിച്ച് മുൻ ക്ലാസ്സുകളിൽ വിശദമായി ചർച്ച ചെയ്തല്ലോ. ഇന്ത്യയെ രണ്ടായി വിഭജിച്ച് 1947-ൽ ബ്രിട്ടീഷുകാർ പിൻവാങ്ങി. 1948-ൽ ബർമയും (മ്യാൻമാർ) സിലോണും (ശ്രീലങ്ക) സ്വതന്ത്രരായി. ഗോൾഡ് കോസ്റ്റിൽ (ഘാന) ക്വാമി എൻക്രൂമയുടെ നേതൃത്വത്തിലുണ്ടായ ദേശീയസമരം 1957-ൽ വിജയം കണ്ടു. 1980-ൽ 'ദക്ഷിണ റൊഡെഷ്യ' 'സിംബാബ്‌വെ' എന്ന പേരിൽ സ്വതന്ത്രരാജ്യമായി തീർന്നു. അങ്ങനെ 'സൂര്യനസ്തമിക്കാത്ത സാമ്രാജ്യം' ഇല്ലാതായി. ശക്തമായ സ്വാതന്ത്ര്യസമരങ്ങളെ തുടർന്ന് സ്പെയിൻ, പോർട്ടുഗൽ, ഇറ്റലി, ബൽജിയം, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങളുടെ കോളനികൾക്കും സ്വാതന്ത്ര്യം നൽകേണ്ടിവന്നു. 1990-ൽ നമീബിയ സ്വാതന്ത്ര്യം നേടിയതോടെ ആഫ്രിക്കയിലെ യൂറോപ്യൻ കോളനിവാഴ്ച്ച അവസാനിച്ചു.



രണ്ടാം ലോക യുദ്ധാനന്തരം സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം തകരാനിടയാക്കിയ സാഹചര്യങ്ങൾ ചർച്ച ചെയ്യുക. ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ പട്ടിക തയ്യാറാക്കുക.

## വിയറ്റ്നാം സമരം

കോളനികളിൽ സാമ്രാജ്യത്വശക്തികൾക്കെതിരെ നടന്ന സമരങ്ങളിൽ വ്യത്യസ്തമായ ഒന്നായിരുന്നു വിയറ്റ്നാം സമരം. ലാവോസ്, കമ്പൂച്ചിയ (Cambodia), വിയറ്റ്നാം തുടങ്ങിയ പ്രദേശങ്ങൾ ഇന്തോ-ചൈന എന്നാണറിയപ്പെട്ടിരുന്നത്. ഇത് ഒരിക്കൽ ഫ്രഞ്ചുകാരുടെ കോളനിയായിരുന്നു. രണ്ടാം ലോകയുദ്ധത്തിൽ ജപ്പാൻ ഇന്തോ-ചൈന ആക്രമിച്ച് കീഴടക്കി. ജപ്പാനെതിരായ ഇന്തോ-ചൈനയുടെ വിമോചനസമരത്തിന്റെ നേതൃത്വം വിയറ്റ്നാമിലെ വിപ്ലവകാരികളുടെ നേതാവായിരുന്ന ഹോചിമിനായിരുന്നു. 'വിയറ്റ്മിൻ' എന്ന



1972-ൽ അമേരിക്കയുടെ നാപാം ബോംബാക്രമണത്തിൽ ഗ്രാമംവിട്ടോടുന്ന കുട്ടികൾ

പേരിൽ ജനകീയസൈന്യം രൂപീകരിച്ച് വിയറ്റ്നാമീസ് ജനത ജപ്പാനെ ചെറുത്തു. രണ്ടാം ലോകയുദ്ധം അവസാനിച്ചതോടെ 1945-ൽ ഹോചിമിൻ പ്രസിഡന്റായി ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് വിയറ്റ്നാം നിലവിൽ വന്നു. നഷ്ടപ്പെട്ട അധികാരം തിരിച്ചുപിടിക്കാൻ 1946-ൽ ഫ്രഞ്ചുസൈന്യം വിയറ്റ്നാമിലെത്തി. ഫ്രഞ്ചുകാർക്ക് അമേരിക്കയുടെ സഹായവും ലഭിച്ചു. വിയറ്റ്നാം ജനത ധീരമായ ചെറുത്തുനിൽപ്പ് സംഘടിപ്പിച്ചു. 1954-ൽ വിയറ്റ്നാം സൈന്യം ദീൻ ബീൻ ഫു (Dien-Bien-Phu) എന്ന സ്ഥലത്ത് വച്ച് ഫ്രഞ്ചുകാരെ പരാജയപ്പെടുത്തി. ഫ്രഞ്ചുകാർ ഒത്തുതീർപ്പിന് തയ്യാറായി.

1954-ൽ ജനീവയിൽ ചേർന്ന അന്താരാഷ്ട്ര സമ്മേളനം വിയറ്റ്നാമിനെ 17-ാം അക്ഷാംശരേഖയിൽവെച്ച് ഉത്തര ദക്ഷിണ വിയറ്റ്നാമുകളായി വിഭജിക്കാനും രണ്ടു വർഷത്തിനകം രണ്ടിടത്തും തെരഞ്ഞെടുപ്പ് നടത്താനും തീരുമാനിച്ചു. എന്നാൽ അമേരിക്കൻ പിന്തുണയോടെ ദക്ഷിണ വിയറ്റ്നാമിൽ അധികാരത്തിൽ വന്ന ഗവൺമെന്റ് ജനീവാതീർപ്പുകൾ

ഹോചിമിൻ



അംഗീകരിക്കാൻ തയ്യാറായില്ല. കമ്മ്യൂണിസ്റ്റ് ഭരണം വിയറ്റ്നാമിൽ സ്ഥാപിക്കപ്പെടുമോ എന്ന ഭയമായിരുന്നു ഇതിനു കാരണം. 1960-ൽ ജനകീയകലാപങ്ങൾ ആരംഭിച്ചു. കലാപത്തിനു പിന്നിൽ ഉത്തരവിയറ്റ്നാമാണെന്ന് ആരോപിച്ച് അമേരിക്ക ഉത്തരവിയറ്റ്നാമിനു നേരെ ആക്രമണം അഴിച്ചുവിട്ടു. നാപ്പാം ബോംബ് പോലുള്ള (സസ്യജാലങ്ങളെപ്പോലും നശിപ്പിക്കുന്ന) മാരകായുധങ്ങൾ അമേരിക്ക പ്രയോഗിച്ചു. പിഞ്ചുകുഞ്ഞുങ്ങളടക്കം നിരവധിപേർ കൊലചെയ്യപ്പെട്ടു. ഉത്തര വിയറ്റ്നാമിലെ നിരവധി

## കൊറിയൻ യുദ്ധം

*രണ്ടാം ലോകയുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടതോടെ അവരുടെ കീഴിലായിരുന്ന കൊറിയ 38-ാമത്തെ അക്ഷാംശരേഖയിൽ വച്ച് രണ്ടായി വിഭജിക്കപ്പെട്ടു. ഉത്തര കൊറിയയിൽ സോവിയറ്റ്*




*യൂണിയന്റെയും ദക്ഷിണ കൊറിയയിൽ അമേരിക്കയുടെയും നിയന്ത്രണത്തിലുള്ള ഗവൺമെന്റുകൾ രൂപീകരിക്കപ്പെട്ടു. സോവിയറ്റ് യൂണിയനും അമേരിക്കയും കൊറിയയിൽ നിന്നു പിൻവാങ്ങിയെങ്കിലും കൊറിയ ഏകീകരിക്കപ്പെട്ടില്ല. ഇരുരാജ്യങ്ങൾ തമ്മിലുള്ള സംഘർഷം ശക്തമായി. 1950-ൽ ഇരുകൊറിയകളും തമ്മിൽ യുദ്ധമാരംഭിച്ചു. ചൈന ഉത്തരകൊറിയയുടെ സഹായത്തിനെത്തിയപ്പോൾ അമേരിക്ക ദക്ഷിണ കൊറിയയുടെ പക്ഷം പിടിച്ചു. ഐക്യരാഷ്ട്ര സംഘടന ഉത്തരകൊറിയയെ അപലപിക്കുകയും ദക്ഷിണ കൊറിയയെ സഹായിക്കണമെന്നാവശ്യപ്പെട്ട് പ്രമേയം പാസ്സാക്കുകയും ചെയ്തു. മൂന്ന് വർഷക്കാലം നീണ്ടുനിന്ന യുദ്ധം 1953-ൽ അവസാനിച്ചു. ഉത്തര-ദക്ഷിണ കൊറിയകൾ ഇന്നും ഏകീകരിക്കപ്പെട്ടിട്ടില്ല.*

ഗ്രാമങ്ങൾ ചുട്ടെരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അമേരിക്കൻ ഭീകരതയ്ക്കെതിരെ രൂക്ഷമായ പ്രതികരണങ്ങളുണ്ടായി. ലോകമെമ്പാടും വിയറ്റ്നാം ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രകടനങ്ങൾ നടന്നു. അമേരിക്കൻ വിരുദ്ധമനോഭാവം ശക്തമായി.

ഗത്യന്തരമില്ലാതെ 1975 ഏപ്രിൽ 30-ന് അമേരിക്ക ദക്ഷിണ വിയറ്റ്നാം തലസ്ഥാനമായ സൈഗോണിൽ നിന്നും പിൻവാങ്ങി. 1976-ൽ വിയറ്റ്നാം ഏകീകരിക്കപ്പെട്ടു. യുദ്ധം നടന്നുകൊണ്ടിരിക്കെ മരണപ്പെട്ട ഹോചിമിന്റെ സ്മരണാർഥം സൈഗോൺ നഗരം ഹോചിമിൻ സിറ്റി എന്ന പേരിൽ പുനർനാമകരണം ചെയ്തു. അമേരിക്കയ്ക്കേറ്റ വൻ തിരിച്ചടിയായിരുന്നു വിയറ്റ്നാം യുദ്ധം.

## ദക്ഷിണാഫ്രിക്കയിലെ ദേശീയസമരം

ദക്ഷിണാഫ്രിക്കയിൽ വർണവിവേചനത്തിനെതിരായ പോരാട്ടമായാണ് ദേശീയസമരം നടന്നത്. വെള്ളക്കാരുടെ ന്യൂനപക്ഷ ഗവൺമെന്റ് ഭൂരിപക്ഷം വരുന്ന കറുത്ത വർഗ്ഗക്കാരോട് വിവേചനപരമായാണ് പെരുമാറിയിരുന്നത്. 'അപ്പാർത്തീഡ്' (Apartheid) എന്ന ഈ വർണവിവേചനത്തിനെതിരെ ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ശക്തമായ പോരാട്ടത്തിലൂടെ ദക്ഷിണാഫ്രിക്ക സ്വാതന്ത്ര്യം നേടി. 1994-ൽ നടന്ന തെരഞ്ഞെടുപ്പിൽ നെൽസൻ മണ്ടേലയുടെ നേതൃത്വത്തിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് അധികാരത്തിലെത്തി. വെള്ളക്കാരിൽ നിന്നും കറുത്ത വർഗ്ഗക്കാരിലേക്കുള്ള ഈ അധികാരക്കൈമാറ്റം ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രത്തിലെ നാഴികക്കല്ലാണ്.

### നെൽസൻ മണ്ടേല

*ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന വെള്ളക്കാരുടെ ഭരണത്തിനും അവർ നടപ്പിലാക്കിയ വർണവിവേചനത്തിനും എതിരെ പ്രക്ഷോഭം നയിച്ച കറുത്ത വർഗ്ഗക്കാരുടെ ധീരനായകനായിരുന്നു നെൽസൻ മണ്ടേല. കറുത്തവർക്ക് ഭൂരിപക്ഷമുള്ള രാഷ്ട്രീയ സംഘടനയായ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാവായിരുന്നു അദ്ദേഹം. വർണവിവേചനത്തിനെതിരെ പ്രക്ഷോഭം നയിച്ചതിനാൽ രാജ്യദ്രോഹകുറ്റം ചുമത്തി 1962-ൽ അറസ്റ്റ് ചെയ്ത് തടവുശിക്ഷയ്ക്ക് വിധിച്ചു. നീണ്ട 28 വർഷക്കാലത്തെ ഏകാന്ത തടവിനുശേഷം 1990-ൽ അദ്ദേഹം ജയിൽ മോചിതനായി. വർണവിവേചനം അവസാനിപ്പിക്കാനും മണ്ടേലയെ മോചിപ്പിക്കാനുമായി ലോകമാസകലം മനുഷ്യസ്നേഹികൾ ശബ്ദമുയർത്തി. വർണവിവേചനനയം തുടർന്നതിനാൽ ഐക്യരാഷ്ട്രസംഘടന ദക്ഷിണാഫ്രിക്കയ്ക്കെതിരെ വിലക്കുകൾ ഏർപ്പെടുത്തിരുന്നു. ഇത്തരം ആഗോള സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് മണ്ടേല മോചിപ്പിക്കപ്പെട്ടത്. ജയിൽ മോചിതനായശേഷം പ്രസിഡന്റായിരുന്ന എഫ്.ഡബ്ല്യു.ഡിക്ലർക്കുമായി ചർച്ച നടത്തി. വർണവിവേചനനയം അവസാനിപ്പിക്കുന്നതിൽ വിജയിച്ചു. നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് നേതാവെന്ന നിലയ്ക്ക് 1994-ൽ മണ്ടേല ദക്ഷിണാഫ്രിക്കയുടെ പ്രസിഡന്റായി. 1993-ൽ അദ്ദേഹത്തിന് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.*

നെൽസൻ മണ്ടേല



## ചൈനീസ് വിപ്ലവം

1921-ൽ ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചതിനെക്കുറിച്ച് നേരത്തെ മനസ്സിലാക്കിയല്ലോ. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ മൗ സെ ദോങ്ങ് (Mou Ze Dong)-ന്റെ നേതൃത്വത്തിലാണ് ചൈനയിൽ വിപ്ലവം നടന്നത്. കുമിന്താങ്ങ് ഗവൺമെന്റിന്റെ ഭരണം അങ്ങേയറ്റം ജനദ്രോഹപരമായിരുന്നു. ഏകാധിപതിയെപ്പോലെയാണ് ചിയാങ്ങ് കൈഷക് ഭരണം നടത്തിയിരുന്നത്. വ്യവസായികളുടെയും വൻകിട ഭൂവുടമകളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് ഗവൺമെന്റ് മുന്തിയ പരിഗണന നൽകിയത്.



മൗ സെ ദോങ് ജനങ്ങളെ അഭിവാദ്യം ചെയ്യുന്നു

കർഷകരും തൊഴിലാളികളും ഈ ദുർഭരണം കൊണ്ട് പൊറുതിമുട്ടി. ജപ്പാന്റെ മഞ്ചൂറിയ ആക്രമണം തടയാൻപോലും കുമിന്താങ് ഗവൺമെന്റിനായില്ല.

കർഷകരാണ് ചൈനയിലെ മുഖ്യവിപ്ലവശക്തിയെന്ന് വിശ്വസിച്ച മാവോ അവരെ സംഘടിപ്പിച്ച് കുമിന്താങ് ദുർഭരണത്തിനെതിരെ പോരാട്ടം നടത്തി. ഇതിനായി 'ചുവപ്പുസേന' എന്ന പേരിൽ ഒരു വൻ സൈന്യം രൂപീകരിച്ചു. ചിയാങ് കൈഷക്കിന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷനേടാൻ കമ്മ്യൂണിസ്റ്റുകാർ മാവോയുടെ നേതൃത്വത്തിൽ ചരിത്രപ്രസിദ്ധമായ 'ലോംഗ് മാർച്ച്' സംഘടിപ്പിച്ചു. 1934 ഒക്ടോബർ 16-ന് കിയാങ്ഷിയിൽ നിന്ന് യാത്ര തിരിച്ച അവർ ഒരു വർഷം കൊണ്ട് 6000 മൈലുകൾ താണ്ടി ഷെനൻസിയിലെത്തി. 18 മലനിരകളും 24 നദികളും 12 പ്രവിശ്യകളും മുറിച്ചുകടന്ന മാർച്ചിനിടയിൽ ചുവപ്പു സേന 62 നഗരങ്ങൾ പിടിച്ചെടുത്തു. വൻകിട ഭൂവുടമകളുടെ ഭൂമി പിടിച്ചെടുത്ത് ഭൂരഹിതരായ കർഷകർക്ക് വിതരണം ചെയ്തു.

എന്നാൽ 1937-ൽ ജപ്പാൻ ചൈനയെ ആക്രമിച്ചപ്പോൾ കമ്മ്യൂണിസ്റ്റുകാരും കുമിന്താങ്ങുകളും ഭിന്നത മറന്ന് പൊതുശത്രുവിനെതിരെ പോരാടി. 1945-ൽ ജപ്പാൻ പരാജയപ്പെട്ടതോടെ കമ്മ്യൂണിസ്റ്റുകാരും കുമിന്താങ്ങുകളും തമ്മിലുള്ള ആഭ്യന്തര യുദ്ധം വീണ്ടും ആരംഭിച്ചു. കമ്മ്യൂണിസ്റ്റുകാർക്കെതിരെ ആളും പണവും ആയുധങ്ങളും നൽകി അമേരിക്ക കുമിന്താങ്ങുകളെ സഹായിച്ചു. എന്നാൽ ചുവപ്പുസേനയുടെ നേതൃത്വത്തിലുള്ള ജനകീയ സൈന്യം ഗറില്ലാ യുദ്ധതന്ത്രങ്ങളിലൂടെ കുമിന്താങ്ങുകൾക്കെതിരെ ആഞ്ഞടിച്ചു. 1949 ഏപ്രിൽ 23-ന് കുമിന്താങ്ങ് ഗവൺമെന്റിന്റെ ആസ്ഥാനമായ നാങ്കിങ്ങ് ജനകീയസൈന്യം പിടിച്ചെടുത്തു. ചിയാങ്ങും സൈന്യവും തായ്‌വാനിലെ ഫോർമോസയിലേക്ക് രക്ഷപ്പെട്ടു. 1949 ഒക്ടോബർ 1-ന് മൗസെദോങ്ങ് ചെയർമാനും ഷൂ എൻ ലായ് (Shu En Lai) പ്രധാനമന്ത്രിയുമായുള്ള ചൈന ജനകീയ റിപ്പബ്ലിക് നിലവിൽ വന്നു.

## സോഷ്യലിസത്തിന്റെ വ്യാപനം

രണ്ടാം ലോകയുദ്ധം വരുത്തിയ മാറ്റങ്ങൾ സോഷ്യലിസത്തിന്റെ വ്യാപനത്തിനു സഹായകമായി. പോളണ്ട്, ചെക്കോസ്ലോവാക്കിയ, ഹംഗറി, റുമാനിയ, ബൾഗേറിയ, യൂഗോസ്ലാവിയ എന്നീ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് ഭരണം സ്ഥാപിക്കപ്പെട്ടു. ഫ്രാൻസ്, ഇറ്റലി തുടങ്ങിയ പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിലും സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് സ്വാധീനം ലഭിച്ചു. ചൈന, വിയറ്റ്നാം മുതലായ ഏഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കയിലും സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് പ്രചാരം കിട്ടി. ലോകമാകെ സോഷ്യലിസ്റ്റ് ആശയങ്ങൾക്കുണ്ടായ മേൽക്കൈ മുതലാളിത്ത രാജ്യങ്ങളെ ഭയപ്പെടുത്തി. തങ്ങളുടെ രാജ്യങ്ങളിലേക്ക് സോഷ്യലിസം വ്യാപിക്കുമെന്ന് ഭയപ്പെട്ട അമേരിക്ക ഉൾപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങൾ അതിനെ തകർക്കാനുള്ള ശ്രമങ്ങളാരംഭിച്ചു.

സോഷ്യലിസത്തിന്റെ വ്യാപനം





'ഇരുമ്പുമറ'യ്ക്കുള്ളിലൂടെ നോക്കുന്ന വിൻസ്റ്റൺ ചർച്ചിൽ
ബ്രിട്ടീഷ് കാർട്ടൂൺ

## ഇരുമ്പുമറ പ്രസംഗം


വിൻസ്റ്റൺ ചർച്ചിൽ ഫുൾട്ടൺ
പ്രസംഗത്തിനായി ഒരുങ്ങുന്നു

ഒരു ഇരുമ്പുമറ യൂറോപ്യൻ ഉപഭൂഖണ്ഡത്തിനു കുറുകെയായി വീണിരിക്കുന്നു. മാത്രമല്ല എല്ലാവരും തന്നെ ഏതെങ്കിലും തരത്തിൽ... ഒരൊറ്റ നിയന്ത്രണത്തിനു കീഴിൽ, മോസ്കോയുടെ നിരീക്ഷണത്തിനു കീഴിൽ വന്നിരിക്കുകയാണ്. *(ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിൽ 1946 മാർച്ച് 5-ന് അമേരിക്കൻ പട്ടണമായ ഫുൾട്ടണിൽ നടത്തിയ പ്രസംഗം)*

## ശീതസമരം

രണ്ടാം ലോകയുദ്ധത്തോടെ അമേരിക്കയും സോവിയറ്റ് യൂണിയനും ലോകത്തിലെ വൻശക്തികളായി മാറിയല്ലോ. അവർ തമ്മിൽ യുദ്ധകാലത്തുണ്ടായിരുന്ന സഖ്യവും സൗഹാർദ്ദവും യുദ്ധത്തോടൊപ്പം തന്നെ അവസാനിച്ചു. ആശയപരമായുള്ള വ്യത്യസ്തതകളാൽ ലോകം രണ്ട് ചേരികളായി-സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചേരിയും അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരിയും. പരസ്പരം ശത്രുത പ്രകടിപ്പിച്ചിരുന്ന ഈ രണ്ട് ചേരികളും തമ്മിലുള്ള സംഘർഷങ്ങൾക്ക് തുറന്ന യുദ്ധങ്ങളുടെ രൂപം കൈവന്നില്ല. അതുകൊണ്ട് ഇത് ശീതസമരം എന്നറിയപ്പെടുന്നു. കോളനിവിരുദ്ധ സമരങ്ങളിൽ ഇരുചേരികളും ഓരോ പക്ഷത്തായിരുന്നു.



ശീതയുദ്ധം-'ഡെയ്‌ലി മെയിൽ' എന്ന ഇംഗ്ലീഷ് പത്രത്തിൽ വന്ന
കാർട്ടൂൺ

## ഒതുക്കൽ നയം

*കമ്മ്യൂണിസത്തെ സോവിയറ്റ് യൂണിയന്റെ അതിർത്തിക്കുള്ളിൽ ഒതുക്കി നിർത്താൻ അമേരിക്ക മുന്നോട്ടുവെച്ച നയം അവരുടെ വിദേശനയത്തിന്റെ മുഖ്യഭാഗമായിരുന്നു. സ്വതന്ത്രരാജ്യങ്ങളെ തങ്ങളോടൊപ്പം നിർത്താനുള്ള എല്ലാ സഹായങ്ങളും നൽകാൻ അമേരിക്ക തയ്യാറായി.*

ശീതസമരം എന്ന പദം ആദ്യമായി ഉപയോഗിച്ചത് അമേരിക്കൻ രാഷ്ട്രതന്ത്രജ്ഞനായ ബർനാഡ് ബറൂച്ച് ആണ്. വാൾട്ടർ ലിപ്മെൻ രചിച്ച 'ശീതസമരം' എന്ന ഗ്രന്ഥമാണ് ഈ ആശയത്തിന് പ്രചാരം നൽകിയത്.

ശീതസമരം യുദ്ധത്തിന്റെയോ സമാധാനത്തിന്റെയോ അവസ്ഥയായിരുന്നില്ല. ഇത് നയതന്ത്ര യുദ്ധമായിരുന്നു. ആശയപരമായ വെറുപ്പും രാഷ്ട്രീയ അവിശ്വാസവുമായിരുന്നു ഇതിനടിസ്ഥാനം.

### സൈനികഉടമ്പടികൾ

ശീതസമരം സൃഷ്ടിച്ച പരസ്പരഭയവും സംശയവും സൈനിക ചേരികളുടെയും സഖ്യങ്ങളുടെയും രൂപീകരണത്തിന് കാരണമായി. സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് രാഷ്ട്ര




നാറ്റോ സഖ്യരാഷ്ട്രങ്ങളും യു.എസ്.എസ്.ആറും സഖ്യകക്ഷികളും

ങ്ങൾക്കെതിരെ അമേരിക്കയുടെ നേതൃത്വത്തിൽ സൈനികസഖ്യങ്ങൾ രൂപീകരിക്കപ്പെട്ടു. അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരിക്കെതിരെ സോവിയറ്റ് യൂണിയനും പ്രതിരോധ ഉടമ്പടികൾ ഉണ്ടാക്കി. നാറ്റോ (North Atlantic Treaty Organisation NATO), സിയാറ്റോ (South East Asian Treaty Organisation-SEATO), സെന്റോ (Central Treaty Organisation) തുടങ്ങിയ സൈനികസഖ്യങ്ങളും വാഴ്സോ എന്ന പ്രതിരോധ ഉടമ്പടിയും അവയിൽ പ്രധാനപ്പെട്ടവയാണ്.



ലോകഭൂപടത്തിന്റെ സഹായത്തോടെ ഓരോ സൈനിക ഉടമ്പടിയിലെയും അംഗരാജ്യങ്ങളെ കണ്ടെത്തി പട്ടിക പൂർത്തിയാക്കു.

| നാറ്റോ | സിയാറ്റോ | സെന്റോ | വാഴ്സോ |
|---|---|---|---|
| • | • | • | • |
| • | • | • | • |
| • | • | • | • |
| • | • | • | • |

## ഐക്യരാഷ്ട്രസംഘടനയും ലോകസമാധാനവും

ലോകസമാധാനവും സുരക്ഷിതത്വവും സംരക്ഷിക്കുന്നതിന് സാർവദേശീയമായൊരു സംഘടന അനിവാര്യമാണെന്ന് രണ്ടാം ലോകയുദ്ധത്തിന്റെ കെടുതികൾ മാനവരാശിയെ ബോധ്യപ്പെടുത്തി. യുദ്ധകാലത്തുതന്നെ ലോകനേതാക്കൾ അതിനുവേണ്ടിയുള്ള ആലോചനകൾ നടത്തിയിരുന്നു. യുദ്ധകാലസമ്മേളനങ്ങൾ വിളിച്ചുചേർത്തത് ഈ ഉദ്ദേശ്യത്തോടെയായിരുന്നു. ഇതിന്റെ തുടർച്ചയായി 1945 ഒക്ടോബർ 24-ന് ഐക്യരാഷ്ട്രസംഘടന ഔദ്യോഗികമായി നിലവിൽ വന്നു. ഐക്യരാഷ്ട്രസഭയെ കുറിച്ച് മറ്റൊരിടത്ത് വിശദമായി ചർച്ച ചെയ്യും.

സമാധാനപരമായി അന്തർദേശീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഐക്യരാഷ്ട്രസംഘടന ഇടപെടലുകൾ നടത്തിവരുന്നു. എന്നാൽ ഐക്യരാഷ്ട്രസംഘടന വൻശക്തികളുടെ കളിപ്പാവയാണെന്ന വിമർശനം നിലനിൽക്കുന്നു. തെക്കെ അമേരിക്കയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾക്ക് സുരക്ഷാസമിതിയിൽ അംഗത്വമില്ലെന്ന് അറിയാമല്ലോ. സോവിയറ്റ് യൂണിയന്റെ പതനശേഷം അമേരിക്കൻ അജണ്ട നടപ്പാക്കുന്ന ഏജൻസിയായി ഐക്യരാഷ്ട്ര സംഘടന മാറിയെന്ന അഭിപ്രായം ശക്തമാണ്. അമേരിക്കൻ മൂലധനത്തിന്റെ പിൻബലത്തിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര നാണ്യനിധിയും ലോകബാങ്കും അമേരിക്കൻ ഇംഗിതമാണ് നടപ്പാക്കി വരുന്നത്.



മാറിയ ലോകസാഹചര്യത്തിൽ ഐക്യരാഷ്ട്രസംഘടന നേരിടുന്ന പ്രധാന വെല്ലുവിളികൾ ചർച്ച ചെയ്യുക.

### യു.എസ്.എ.




- അമേരിക്കൻ സമൂഹം രണ്ട് അടിസ്ഥാന ആശയങ്ങൾ മുൻനിർത്തി: ജനാധിപത്യം, മുതലാളിത്തം.
- ജനാധിപത്യം എന്നാൽ അമേരിക്കൻ പ്രസിഡന്റും കോൺഗ്രസ്സും (പാർലമെന്റ്) സ്വതന്ത്രമായ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്നു.
- മുതലാളിത്തം എന്നാൽ സ്വത്തുക്കളിലും വസ്തുക്കളിലും കച്ചവടത്തിലും വ്യക്തിക്കോ, കമ്പനികൾക്കോ ഉടമസ്ഥാവകാശം ഉള്ള അവസ്ഥ.
- യു.എസ്.എ. ഏറ്റവും വലിയ ധനികരാജ്യം. എന്നാൽ സമ്പത്തിന്റെ തുരുത്തുകളും പട്ടിണിയുടെ തുരുത്തുകളും ഒരേസമയം നിലനിൽക്കുന്നു.
- അമേരിക്കക്കാരനെ സംബന്ധിച്ച് വ്യക്തി സ്വാതന്ത്ര്യം (ഉദാ: സ്വതന്ത്രമായ ആശയപ്രകടനം ബിസിനസ് ആരംഭിക്കാനുള്ള സ്വാതന്ത്ര്യം) ആണ് എല്ലാവരും തുല്യരായിരിക്കുക എന്നതിനേക്കാൾ പ്രധാനം.
- അമേരിക്കൻ ജനതയുടെ ഭൂരിപക്ഷവും അവരുടെ ജീവിതരീതിയിൽ അഭിമാനം കൊള്ളുന്നു. മറ്റെല്ലാരാജ്യങ്ങളും അത് പിന്തുടരണമെന്ന് അവർ ആഗ്രഹിക്കുന്നു. കമ്മ്യൂണിസം അവരുടെ ജീവിത സ്വാതന്ത്ര്യത്തെ ഹനിക്കുമെന്ന് അവർ ഭയപ്പെടുന്നു. കമ്മ്യൂണിസ്റ്റ് വിപ്ലവത്തിൽ അവർ അസ്വസ്ഥരാണ്.
- അമേരിക്കക്കാർ രാജ്യത്തിന്റെ നയങ്ങൾ രാജ്യത്തിന്റെ പൊതുതാല്പര്യത്തേക്കാൾ തങ്ങൾക്കനുകൂലമാകണമെന്ന് കരുതുന്നു.

### യു.എസ്.എസ്.ആർ.




- സോവിയറ്റ് സമൂഹം കമ്മ്യൂണിസ്റ്റ് ആശയങ്ങൾ
- അവിടെ ഒരൊറ്റ പാർട്ടി ഭരണമാണ്. തെരഞ്ഞെടുപ്പ് നിലവിലുണ്ട്. പക്ഷെ എല്ലാ സ്ഥാനാർഥികളും കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളാകും.
- വ്യവസായം പൊതുമേഖലയിലാണ്. ഉടമസ്ഥാവകാശം സർക്കാരിന്.
- തൊഴിലില്ലായ്മയും ദാരിദ്ര്യവും തീരെ കുറവാണ്. എന്നാൽ ഒരു റഷ്യക്കാരന്റെ ജീവിതനിലവാരം ശരാശരി അമേരിക്കക്കാരനേക്കാൾ താഴെയാണ്.
- കമ്മ്യൂണിസത്തിൽ, വ്യക്തിയുടെ അവകാശങ്ങളേക്കാൾ മൊത്തം സമൂഹത്തിന്റെ നന്മയെയാണ് പ്രധാനമായിക്കാണുന്നത്. അതിനാൽ വ്യക്തികളുടെ ജീവിതത്തിൽ നിരവധി നിയന്ത്രണങ്ങളുണ്ട്. ഉദാ: സ്വതന്ത്രമായ സഞ്ചാരം, സ്വന്തമായി കച്ചവടം ആരംഭിക്കൽ തുടങ്ങിയവയാണ്.
- കമ്മ്യൂണിസ്റ്റ് എഴുത്തുകാർ മറ്റു രാജ്യങ്ങളിലും ലോകത്തെമ്പാടും കമ്മ്യൂണിസ്റ്റ് വിപ്ലവങ്ങൾ നടക്കണമെന്ന് ആഗ്രഹിക്കുന്നു.
- കൂടുതൽ പേരും മുതലാളിത്തത്തെ ശക്തമായി എതിർക്കുന്നു.



രണ്ട് വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥിതികൾ തമ്മിലുള്ള സംഘർഷമാണ് ശീതസമരത്തിലേക്ക് നയിച്ചത്. ചർച്ച ചെയ്യുക.

## മൂന്നാം ലോകവും ചേരിചേരായ്മയും

ലോകം രണ്ട് ചേരികളായി പിരിഞ്ഞപ്പോൾ പുതുതായി സ്വാതന്ത്ര്യം ലഭിച്ച ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾ ഒരു ചേരിയിലും ചേരാതെ സ്വതന്ത്രരായി നിൽക്കാനാണ് ആഗ്രഹിച്ചത്. ദീർഘനാളത്തെ കൊളോണിയൽ പീഡനം ഏറ്റുവാങ്ങിയ ഈ രാജ്യങ്ങൾ മൂന്നാം ലോകരാജ്യങ്ങൾ എന്നറിയപ്പെട്ടു. സാമ്പത്തികമായും രാഷ്ട്രീയമായും തകർന്ന അവസ്ഥയിലായിരുന്നു ഈ രാജ്യങ്ങൾ.

1955-ൽ ഇന്തോനേഷ്യയിലെ ബാന്ദുങ്ങിൽ (Bandung) ചേർന്ന ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെ സമ്മേളനമാണ് ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകിയത്.

### ചേരിചേരാപ്രസ്ഥാനത്തിന്റെ ശില്പികൾ

- നെഹ്റു (ഇന്ത്യ)
- ടിറ്റോ (യുഗോസ്ലാവിയ)
- നാസർ (ഈജിപ്ത്)
- സുക്കാർണോ (ഇന്തോനേഷ്യ)

1956-ൽ യുഗോസ്ലാവിയയിലെ ബ്രിയോണിൽ ചേർന്ന സമ്മേളനം ചേരിചേരാപ്രസ്ഥാനത്തിന്റെ രൂപരേഖ തയ്യാറാക്കി. എന്നാൽ 1961-ലെ ബൽഗ്രേഡ് സമ്മേളനത്തിൽവെച്ചാണ് ചേരിചേരാ പ്രസ്ഥാനം ഔപചാരികമായി നിലവിൽ വന്നത്. ചേരിചേരാനയം നിഷ്പക്ഷതാനയമോ ഇടപെടാതിരിക്കൽ നയമോ ആയിരുന്നില്ല. അന്താരാഷ്ട്രപ്രശ്നങ്ങളിൽ സജീവമായി ഇടപെടാനാണ് ചേരിചേരായ്മ ആവശ്യപ്പെടുന്നത്.

## നവസാമ്രാജ്യത്വവും പിൽക്കാലമുതലാളിത്തവും

യുദ്ധാനന്തരം പുതിയ ഒരു സാമ്രാജ്യത്വ വ്യവസ്ഥിതി വളർന്നുവന്നു. ഇതിൽ തുറന്ന ആക്രമണമോ രാഷ്ട്രീയമായ അധീശത്വമോ ഇല്ല. മറ്റു രാജ്യങ്ങളുടെ സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ മുതലാളിത്തരാഷ്ട്രങ്ങൾ ഇടപെട്ടുകൊണ്ടാണ് ഇത് വിജയിച്ചത്. ചില ബഹുരാഷ്ട്ര സ്ഥാപനങ്ങളാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്. ഇത് നവസാമ്രാജ്യത്വം എന്നറിയപ്പെടുന്നു. ലോകത്തുള്ള വിഭവങ്ങൾ മുഴുവൻ കുത്തകയാക്കാൻ ആഗ്രഹിക്കുന്ന അമേരിക്കയിലെയും യൂറോപ്യൻ രാജ്യങ്ങളിലെയും



മുംബൈയിൽ നടന്ന ലോക സോഷ്യൽഫോറം

ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ താൽപ്പര്യങ്ങൾ അനുസരിച്ച് മുതലാളിത്ത രാഷ്ട്രങ്ങൾ മുന്നോട്ടുവെച്ച പ്രത്യയശാസ്ത്രമാണ് പിൽക്കാല മുതലാളിത്തം. ഇതിനെ ആഗോളവത്ക്കരണം എന്നും വിശേഷിപ്പിക്കാറുണ്ട്.

ആഗോളവൽക്കരണത്തിനെതിരെ 'മറ്റൊരു ലോകം സാധ്യമാണ്' എന്ന ആശയമുയർത്തി ലോകത്തെമ്പാടും പ്രതിഷേധങ്ങൾ ഉയർന്നുവരുന്നുണ്ട്. അത്തരം പ്രതിഷേധങ്ങളുടെ കൂട്ടായ്മയാണ് ലോക സോഷ്യൽ ഫോറം. മനുഷ്യാവകാശലംഘനങ്ങൾക്കെതിരെ പോരാടുന്ന മനുഷ്യാവകാശപ്രവർത്തകർ, പരിസ്ഥിതിപ്രവർത്തകർ, തൊഴിലാളി സംഘടനകൾ, കർഷകർ, യുവാക്കൾ, വനിതാ പ്രവർത്തകർ എന്നിവരുടെ വിശാല കൂട്ടായ്മയാണ് ലോക സോഷ്യൽ ഫോറം.

## സോവിയറ്റ്‌യൂണിയന്റെ തകർച്ച

സോവിയറ്റ് യൂണിയന്റെ തകർച്ച ലോകത്തെ അമ്പരിപ്പിക്കുന്നതായിരുന്നു. മുതലാളിത്തത്തിനെതിരായ സോഷ്യലിസ്റ്റ് ബദലിന് നേതൃത്വം നൽകിയ സോവിയറ്റ് യൂണിയൻ 1991-ൽ ശിഥിലമായി. സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നു

ഗോർബച്ചേവ്



വ്യതിചലിച്ചത് സോവിയറ്റ് യൂണിയന്റെ തകർച്ചക്കിടയാക്കി. ആഗോളവൽക്കരണത്തിന്റെ ഭാഗമായുള്ള ബാഹ്യഇടപെടലുകൾ സോവിയറ്റ് യൂണിയനെ തളർത്തി. 1985-ൽ അധികാരത്തിലെത്തിയ മിഖായേൽ ഗോർബച്ചേവ് തുടങ്ങിവച്ച പരിഷ്കാരങ്ങൾ സോവിയറ്റ് യൂണിയനെ മുതലാളിത്ത പാതയിലേക്കടുപ്പിച്ചു. ഇത് പാർട്ടിയിലും ഗവൺമെന്റിലും ആഭ്യന്തര പ്രശ്നങ്ങളും ഭരണത്തിൽ അഴിമതിയും വളർന്നുവരുവാൻ കാരണമായി.

1991 ഡിസംബർ 25-ന് ഗോർബച്ചേവ് പ്രസിഡന്റ് സ്ഥാനം രാജിവെച്ചതോടെ സോവിയറ്റ് യൂണിയൻ ഔപചാരികമായി ഇല്ലാതായി. ഇതിന്റെ സ്ഥാനത്ത് 15 സ്വതന്ത്രരാഷ്ട്രങ്ങൾ നിലവിൽ വന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ സാമ്രാജ്യത്വത്തിന്റെ ലോകനാട്യങ്ങൾ ചോദ്യം ചെയ്യാൻ എതിരാളി ഇല്ലാതായി. ഇത് അന്തർദേശീയരംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. ഇരുധ്രുവലോകം തകരുകയും ഒരു ഏകധ്രുവലോകം ഉയർന്നുവരികയും ചെയ്തു.

## പ്രവർത്തനങ്ങൾ



രണ്ട് ലോകയുദ്ധങ്ങൾ തമ്മിൽ തന്ത്രങ്ങളിലും സാങ്കേതികതയിലും ഫലങ്ങളിലും അന്തരം കാണാൻ കഴിയുമോ? താഴെ പറയുന്ന സൂചനകളെ അടിസ്ഥാനമാക്കി ചർച്ച ചെയ്യൂ.

- ആയുധങ്ങളുടെ ആധുനികത
- യുദ്ധതന്ത്രങ്ങളിലെ മാറ്റങ്ങൾ
- ശാസ്ത്രസാങ്കേതികതയുടെ വിനാശകരമായ പരിണാമം
- യുദ്ധഭീകരത
- ശാക്തികചേരിയിലെ വ്യത്യാസം
- യുദ്ധത്തിന്റെ ഫലം

- "ഹിറ്റ്ലർ, മുസലീനി, ടോജോ എന്നിവരാണ് രണ്ടാം ലോകയുദ്ധത്തിന് കാരണക്കാർ"-നിങ്ങളുടെ നിലപാടുകൾ ചർച്ചയിൽ വിശദീകരിക്കുക.
- നിരായുധീകരണത്തിന്റെ ആവശ്യകത രണ്ടാം ലോകയുദ്ധം മുന്നോട്ടു വയ്ക്കുന്നുണ്ടോ. ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- നിഷ്പക്ഷരാജ്യങ്ങളുടെ കൂട്ടായ്മ സൃഷ്ടിച്ചതുവഴി ശീതസമരത്തിന്റെ തീവ്രത കുറയ്ക്കാൻ ചേരിചേരാ പ്രസ്ഥാനത്തിനു കഴിഞ്ഞോ: ചർച്ച ചെയ്യുക.
- ഇനിയൊരു ലോക യുദ്ധമുണ്ടായാൽ-എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുക.
- യുദ്ധവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ഒരു യുദ്ധവിരുദ്ധ എക്സിബിഷൻ സംഘടിപ്പിക്കുക.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും തെക്കെ അമേരിക്കയിലെയും രാജ്യങ്ങളെ നവസാമ്രാജ്യത്വവും പിൽക്കാല മുതലാളിത്തവും എങ്ങനെയാണ് ബാധിക്കുന്നത്? സമകാലിക ലോകസാഹചര്യങ്ങൾ പരിശോധിച്ച് ചർച്ച ചെയ്യുക.
- ഗാന്ധിജിയുടെ ആത്മകഥയും ജീവചരിത്രവും പരിശോധിച്ച് വർണവിവേചനത്തിന്റെ പേരിൽ ഗാന്ധിജിക്ക് ദക്ഷിണാഫ്രിക്കയിൽ നേരിടേണ്ടിവന്ന പീഡനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
- ലോകസമാധാനത്തിന് ശീതസമരം ഉയർത്തിയ വെല്ലുവിളികൾ എന്ന വിഷയത്തിൽ ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.
- സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ലോകരാഷ്ട്രീയത്തിൽ വന്ന മാറ്റങ്ങൾ സമകാലിക ലോക സംഭവങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയത്തിൽ ഒരു സംവാദം സംഘടിപ്പിക്കുക.

# പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണികപ്രവണതകൾ

6

ആധുനിക യുഗത്തിന്റെ ആരംഭത്തിൽ മനുഷ്യന്റെ സാമ്പത്തിക-സാമൂഹ്യ ജീവിതത്തിലുണ്ടായ മാറ്റങ്ങളും അത് മനുഷ്യചിന്തയുടെ നാനാമേഖലകളിൽ ചെലുത്തിയ സ്വാധീനവും മുൻ അധ്യായത്തിൽ മനസ്സിലാക്കിയിട്ടുണ്ടല്ലോ. മനുഷ്യന്റെ ചിന്താപ്രക്രിയയിലെ പുതിയ രീതികൾ 18-ാം നൂറ്റാണ്ടിൽ ഉദയം ചെയ്തു. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ കാലത്തും മനുഷ്യന്റെ ആശയങ്ങളിലും സങ്കല്പനത്തിലും ഉണ്ടായ ധൈഷണികമായ വികാസത്തിന്റെ വേരുകൾ യൂറോപ്പിലാണെന്നു കാണാവുന്നതാണ്.

തത്ത്വശാസ്ത്രം, സാഹിത്യം, കല, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ മണ്ഡലങ്ങളിലുണ്ടായ പ്രധാനപ്പെട്ട സംഭവവികാസങ്ങളെയാണ് ഈ അധ്യായത്തിൽ പരിചയപ്പെടുത്തുന്നത്. ഇവയാകട്ടെ പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പ്രസ്ഥാനങ്ങളെ സ്വാധീനിക്കുകയും ചെയ്തു.

## ജ്ഞാനോദയത്തിന്റെ അപചയം

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേയ്ക്കും ജ്ഞാനോദയം ഉണർത്തിവിട്ട ആശയങ്ങൾ യൂറോപ്പിലെ ദാർശനികരുടെ ഭാവനയെ പ്രചോദിപ്പിക്കാതായി. സാഹിത്യകാരന്മാരും കലാകാരന്മാരും ജ്ഞാനോദയത്തിന്റെ അടിസ്ഥാന തത്ത്വങ്ങളോടുള്ള വിപ്രതിപത്തി പ്രകടമാക്കിത്തുടങ്ങി. ജ്ഞാനോദയകാലത്തെ ആശയങ്ങളായ ദേശീയത, ശാസ്ത്രീയവീക്ഷണം, യുക്തിചിന്ത എന്നിവ മാനവരാശിക്ക് യഥാർത്ഥത്തിൽ എന്തെങ്കിലും നന്മചെയ്യുമോ എന്ന കാര്യത്തിൽ ദാർശനികർ സംശയം പ്രകടിപ്പിക്കുവാൻ തുടങ്ങിയിരുന്നു.

ജ്ഞാനോദയസിദ്ധാന്തങ്ങളോടുള്ള അപ്രിയത്തിൽ നിന്ന് യൂറോപ്പിൽ രണ്ട് ചിന്താധാരകൾ രൂപം കൊണ്ടു: കാല്പനികതയും ആശയവാദവും. വാസ്തവത്തിൽ ഈ രണ്ട് ചിന്താധാരകളുടേയും അടിത്തറ ജ്ഞാനോദയദർശനത്തിലാണ്. കലയും സാഹിത്യവുമടക്കമുള്ള സാംസ്കാരികജീവിതത്തെയും രാഷ്ട്രീയജീവിതത്തെയും സ്വാധീനിക്കുന്ന പ്രസ്ഥാനങ്ങളായി കാലാന്തരത്തിൽ ഇവ വികസിക്കുകയും ചെയ്തു. ജർമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലാണ് ഈ നവീന ചിന്തയുടെ സ്വാധീനം ആദ്യം അനുഭവപ്പെട്ടത്.



ജ്ഞാനോദയകാലഘട്ടത്തിൽ നിന്ന് ലഭിച്ച ആശയങ്ങളാണ് കാല്പനികതയ്ക്കും ആശയവാദത്തിനും അടിസ്ഥാനം - വിശകലനാത്മകമായി പരിശോധിക്കുക.

## പത്തൊൻപതാം നൂറ്റാണ്ടിലെ കാല്പനികപ്രസ്ഥാനം (Romanticism)

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ദർശനത്തിലും സാഹിത്യത്തിലും കലയിലും ഉണ്ടായ ശ്രദ്ധേയമായ സംഭവവികാസമാണ് കാല്പനിക പ്രസ്ഥാനം. പതിനെട്ടാം നൂറ്റാണ്ടിലെ ജ്ഞാനോദയത്തിന്റെ തുടർച്ചയെന്ന നിലയിലും പിന്നീട് അതിനെതിരെയുള്ള പ്രതിഷേധമെന്ന നിലയിലുമാണ് ഇത് തുടങ്ങിയത്.

ജ്ഞാനോദയത്തിൽ അധിഷ്ഠിതമായിരുന്ന സിദ്ധാന്തങ്ങളിൽ നിന്നും വഴിപിരിഞ്ഞ ഒന്നാണ് കാല്പനികപ്രസ്ഥാനം. സാഹിത്യത്തിലും കലയിലുമുണ്ടായിരുന്ന ക്ലാസിക്കൽ പ്രവണതയ്ക്കെതിരെയുള്ള കലാപമായിരുന്നു അത്. യുക്തിയുടെയും വ്യവസ്ഥയുടെയും ശാസ്ത്രത്തിന്റേയും പ്രാമാണികതയെ കാല്പനികപ്രസ്ഥാനം ചോദ്യം ചെയ്തു. ഇതിനെതിരെ ആത്മനിഷ്ഠതയ്ക്കും ഭാവുകത്വത്തിനും വൈകാരികതയ്ക്കും നൈസർഗികതയ്ക്കും അത് മുൻഗണന നൽകി. വസ്തുക്കളെ നിരീക്ഷിക്കുമ്പോൾ നിരീക്ഷകന്റെ താത്പര്യങ്ങൾ അവയെ സ്വാധീനിക്കും. വ്യക്തികളുടെ അഭിരുചി വ്യത്യാസങ്ങൾക്ക് ഈ നിരീക്ഷണത്തിൽ സ്ഥാനമുണ്ട്. നിരീക്ഷിക്കപ്പെടുന്ന വസ്തു ജനിപ്പിക്കുന്ന വികാരങ്ങൾ നിരീക്ഷകർക്ക് വ്യത്യസ്തമായാണ് അനുഭവപ്പെടുക. ഏതിനും പ്രകൃതിയുടെ സൗന്ദര്യത്തെ പ്രമാണമായി എടുക്കണം.



വില്ല്യം വേർഡ്സ്വർത്ത്

പ്രപഞ്ചസൗന്ദര്യം, പ്രേമം, ചിന്താസ്വാതന്ത്ര്യം എന്നീ പ്രമേയങ്ങളാണ് കാല്പനികസാഹിത്യകാരന്മാർ കൈകാര്യം ചെയ്തത്. യൂറോപ്യൻ ഭാഷകളിലെല്ലാം തന്നെ ഈ പ്രമേയങ്ങൾ സാഹിത്യകാരന്മാരുടെ ഇഷ്ടവിഷയങ്ങളായി. നോവൽ എന്ന സാഹിത്യരൂപം പ്രചാരം നേടുന്നതും ഇക്കാലത്താണ്. ചേരികളിലെ സാധാരണക്കാരുടെയും ഖനികളിലും യന്ത്രശാലകളിലും പണിയെടുക്കുന്ന കുട്ടികളുടേയും ദുരിതപൂർണ്ണമായ ജീവിതത്തെ അവതരിപ്പിക്കുന്നവയാണ് ഇംഗ്ലീഷ് സാഹിത്യകാരനായ ചാൾസ് ഡിക്കൻസിന്റെ നോവലുകൾ. ആദ്യസന്ദർശനം കഴിഞ്ഞ് അഞ്ചുവർഷത്തിനു ശേഷം വീണ്ടും ഒരു നദിക്കരയിലെത്തുന്ന കവിയുടെ മനസ്സ് പ്രകൃതിപ്രതിഭാസങ്ങൾക്കൊപ്പം താളം

ചാൾസ് ഡിക്കൻസ്




വിക്തോർ യൂഗോ





യൂജിൻ ദെലക്രോ



ജോൺ കോൺസ്റ്റബിൾ

തുള്ളുമ്പോഴുണ്ടാകുന്ന 'മധുരിക്കുന്ന വേദനകളും മത്തുപിടിപ്പിക്കുന്ന ആനന്ദങ്ങളും' വിവരിക്കുന്നതാണ് ആംഗലകവിയായ വില്ല്യം വേഡ്സ് വർത്തിന്റെ 'ടിന്റേൺ ആബി' (Tintern Abbey). മുറ്റി നിൽക്കുന്ന ധാന്യക്കതിരുകൾ മാടിവിളിക്കുന്ന 'ഏകാകിയായ കൊയ്ത്ത്കാരിയും' (Solitary Reaper) പ്രകൃതിരമണീയമായ താഴ്വരയുടെ ഏകാന്തതയിൽ ഒറ്റപ്പെട്ടുപോകുന്ന പെൺകുട്ടിയുടെ കഥ പറയുന്ന 'ലൂസി ഗ്രേ' (Lucy Gray) യും വേഡ്സ് വർത്തിന്റെ കൃതികൾ തന്നെ. പ്രകൃതിപ്രതിഭാസങ്ങളിലെല്ലാം ഈശ്വരചൈതന്യം കാണാൻ കഴിയുന്ന മനുഷ്യന്റെ പ്രകൃത്യാരാധനാസ്വാതന്ത്ര്യം കാല്പനികകവികളുടെ മുഖ്യവിഷയമാണ്.

കവി, നാടകകൃത്ത്, നോവലിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തനായ വിക്തോർ യൂഗോ (Victor Hugo) ആയിരുന്നു ഫ്രഞ്ച് കാല്പനികതയിലെ പ്രമുഖൻ. ഇദ്ദേഹത്തിന്റെ 'പാവങ്ങൾ' എന്ന നോവൽ ലോകജനതയെ ശക്തമായി സ്വാധീനിച്ചു.

ക്ലാസിക്കൽ ശൈലിയിലുള്ള ഗ്രെക്കോ-റോമൻ പാരമ്പര്യത്തിൽ നിന്ന് പ്രകൃതിദൃശ്യങ്ങളെ ചിത്രീകരിക്കുന്നതിലാണ് കാല്പനിക പ്രസ്ഥാനത്തിലെ കലാകാരന്മാർ മുൻഗണന നൽകിയത്. ഫ്രഞ്ച് കലാകാരൻ യൂജിൻ ദെലക്രോയും (Eugene Delacroix), ബ്രിട്ടീഷ്കലാകാരനായ ജോൺ കോൺസ്റ്റബിലുമാണ് (John Constable) ഈ മാറ്റത്തിന് തുടക്കം കുറിച്ചത്.

വാസ്തുശില്പത്തിലാകട്ടെ മധ്യകാല ഗോഥിക് ശൈലിയിലേക്ക് തിരിച്ചുപോകാൻ ഒരു ബോധപൂർവമായ ശ്രമം നടന്നതായി കാണാം. ബ്രിട്ടീഷ് പാർലമെന്റ് മന്ദിര നിർമ്മാണത്തിൽ ഈ ശൈലി പ്രതിഫലിക്കുന്നു.

കാല്പനിക കാലത്തെ സംഗീതം ജർമ്മൻ പിയാനിസ്റ്റും സംഗീതജ്ഞനുമായ ലുദ്വിഗ് ഫോൺ ബേഥോവനിൽ (Ludwig Von Beethoven) അതിന്റെ ഉച്ചസ്ഥായിലെത്തി.

കാല്പനികപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി വ്യക്തിനിഷ്ഠവാദത്തിനും മനുഷ്യാവകാശങ്ങൾക്കും മാനുഷികവികാരങ്ങളുടേയും ഭാവനയുടേയും മൂല്യങ്ങൾക്കും പ്രാധാന്യം കല്പിക്കപ്പെട്ടു. സാഹിത്യത്തിലും കലയിലുമുണ്ടായ സ്വാധീനത്തെക്കൂടാതെ പത്തൊമ്പതാം നൂറ്റാണ്ടിലെ രാഷ്ട്രീയ സാമ്പത്തിക വീക്ഷണങ്ങളേയും അത് സ്വാധീനിച്ചു. എന്നു മാത്രമല്ല മധ്യകാലഘട്ടത്തെക്കുറിച്ചറിയുന്നതിനുള്ള

ദെലക്രോ വരച്ച ചിത്രം



ജോൺ കോൺസ്റ്റബിൾ വരച്ച ചിത്രം




ബ്രിട്ടീഷ് പാർലമെന്റ്


ലുദ്വിഗ് ഫോൺ ബേഥോവൻ


ഫ്രഡറിക് ഹേഗൽ

താത്പര്യം ജനിക്കുകയും ഭൂതകാലസംസ്കാരങ്ങളേയും സംഭവങ്ങളേയും കണ്ടെത്തുന്നതിനുള്ള ജിജ്ഞാസ വർദ്ധിക്കുകയും ചെയ്തു.

ദേശീയതയെ ഉത്തേജിപ്പിക്കുക എന്നതായിരുന്നു രാഷ്ട്രീയത്തിൽ കാല്പനികത ചെയ്തത്. രാഷ്ട്രങ്ങളുടെ പരമാധികാരത്തിനും ജനങ്ങളുടെ സ്വയം നിർണ്ണയാവകാശത്തിനും മുൻഗണന നൽകുന്ന ഒരു പ്രസ്ഥാനമായി അത് വളർന്നു. രാഷ്ട്രത്തെ സംബന്ധിച്ച ദർശനമവതരിപ്പിച്ച ജർമ്മൻ ചിന്തകൻ ഗയോർഗ് വിൽഹെം ഫ്രഡറിക് ഹേഗൽ (Georg Wilhelm Frederic Hegel) ഈ ഭാവനയുടെ ആത്യന്തികവക്താവാണ്.



യുക്തിക്കുമേൽ വികാരവും ബുദ്ധിക്കുമേൽ ഭാവനയും നേടിയ വിജയമായിരുന്നു കാല്പനികത - പരിശോധിക്കുക.

## ഉദാരതാവാദം (Liberalism)

ദേശീയതയുമായി അടുത്ത ബന്ധം പുലർത്തിയ ദർശനമായിരുന്നു ഉദാരതാവാദം (Liberalism). അത് പ്രധാനമായും മധ്യവർഗ്ഗത്തിന്റെ രാഷ്ട്രീയ സങ്കല്പങ്ങളുടെ പ്രകടനമായിരുന്നു. വ്യാവസായികവിപ്ലവത്തിന്റെ ആവിർഭാവത്തോടുകൂടി പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ബ്രിട്ടനിൽ മധ്യവർഗ്ഗം ശക്തിപ്രാപിച്ചു. ഇവർക്കിടയിൽ പാർലമെന്ററി ഭരണവ്യവസ്ഥയോടുള്ള താത്പര്യം വർദ്ധിച്ചുവന്നു. നിയമവാഴ്ച, മനുഷ്യാവകാശ നിയമങ്ങൾ, പ്രായപൂർത്തിവോട്ടവകാശം എന്നീ ആവശ്യങ്ങൾ ഇതിന്റെ വക്താക്കൾ മുന്നോട്ടുവച്ചു.

## യഥാതഥ പ്രസ്ഥാനം (Realism)

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സാഹിത്യത്തിലും കലയിലും ഒരു പുതിയ പ്രവണത ഉടലെടുത്തു. വസ്തുക്കളേയും വസ്തുതകളേയും അതേ രൂപത്തിൽ അവതരിപ്പിക്കണമെന്നുള്ള അഭിലാഷത്തിനാണ് അവർ ഊന്നൽ നൽകിയത്. കലാകാരന്മാരും സാഹിത്യകാരന്മാരും അവരുടെ പ്രശ്നങ്ങളേയും പ്രമേയങ്ങളേയും സമീപിച്ചത് വികാരപരമായിട്ടല്ല. വസ്തുനിഷ്ഠവും യഥാർത്ഥവുമായ രീതിയിലായിരുന്നു അവർ അതു ചെയ്തത്. അതിനാൽ സാഹിത്യത്തിലേയും കലയിലേയും ഈ ശൈലിയെ യഥാതഥ പ്രസ്ഥാനം (Realism) എന്നു വിളിച്ചു.

പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിലെ കാല്പനികപ്രസ്ഥാനങ്ങളോടുള്ള പ്രതിഷേധമാണ് യഥാതഥപ്രസ്ഥാനം. ഈ ശൈലീമാറ്റത്തിന് രണ്ടു കാരണങ്ങൾ കാണാവുന്നതാണ്. ഒന്ന്, മനുഷ്യചിന്തയുടെ ഒരു രൂപമായി ആധുനികശാസ്ത്രം ഉദയം ചെയ്തത്. രണ്ട്, യൂറോപ്പിലെ വിവിധഭാഗങ്ങളിൽ 1848-ൽ നടന്ന വിപ്ലവങ്ങൾ പരാജയപ്പെട്ടതിലുള്ള മോഹഭംഗം.

ലോർഡ് ടെന്നിസൺ





റോബർട്ട് ബ്രൗണിംഗ്



ഇമ്മാനുവൽ കാന്റ്

പത്തൊമ്പതാം നൂറ്റാണ്ടിലെ ശാസ്ത്രപുരോഗതി കാല്പനിക പ്രസ്ഥാനത്തിന് മങ്ങലേൽപ്പിച്ചു. മനുഷ്യാദ്ധ്വാനത്തിന് പകരം വയ്ക്കാവുന്നതാണ് യന്ത്രം എന്ന വാദം മനുഷ്യന്റെ കഴിവിനെ അപ്രധാനമാക്കി. ജന്തുജാലങ്ങൾ പിറവിയെടുത്തത് പരിണാമത്തിലൂടെയാണ് എന്ന സിദ്ധാന്തം സൃഷ്ടിയിൽ ഈശ്വരന്റെ പങ്കിനെക്കുറിച്ചുള്ള ധാരണയിൽ മാറ്റം വരുത്തി. ഇത് സാഹിത്യകാരൻമാരുടെ കാല്പനിക ഭാവനയ്ക്ക് വെല്ലുവിളി ഉയർത്തി. ഭാവനയുടെ നിറം ചേർക്കാതെ വസ്തുക്കളെ തനതു രൂപത്തിൽ അവതരിപ്പിക്കണമെന്നാണ് യഥാതഥപ്രസ്ഥാനക്കാർ വാദിച്ചത്. ഇംഗ്ലീഷ് സാഹിത്യത്തിൽ ആൽഫ്രഡ് ലോഡ് ടെന്നിസണും മാത്യൂ ആർനോൾഡും റോബർട്ട് ബ്രൗണിംഗും ഈ പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന കവികളാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ശാസ്ത്രപുരോഗതിയുടെയും രാഷ്ട്രീയ സംഭവങ്ങളുടെയും ഫലമാണ് യഥാതഥപ്രസ്ഥാനം.

## ജർമ്മൻ ആശയവാദം (German Idealism)

ആശയവാദത്തിന് ഒരു പുനരുജ്ജീവനമുണ്ടാകുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. തത്ത്വചിന്തയുടെ ഒരു ശാഖയാണ് ആശയ വാദം (Idealism). ആശയമാണ് പ്രഥമവും പ്രധാനവുമെന്നും ഭൗതികപദാർത്ഥങ്ങൾക്ക് ദ്വിതീയ സ്ഥാനമേയുള്ളൂവെന്നും ആശയവാദം പറയുന്നു.

ആശയവാദത്തിന്റെ പുതിയ വക്താക്കൾ ജർമ്മൻ ചിന്തകരായിരുന്നു. ഇമ്മാനുവേൽ കാന്റ് (Immanuel Kant), ഹെഗൽ എന്നിവരാണ് ആശയവാദത്തിന് പുതുജീവൻ നൽകിയത്. ഒരു ആശയത്തിന് സാമൂഹിക ജീവിതത്തെ മാറ്റി മറിക്കാൻ കഴിയുമെന്നാണ് ജർമ്മൻ ആശയവാദികൾ വിശ്വസിച്ചിരുന്നത്. സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തിന്റെ പ്രാധാന്യം നിഷേധിക്കുന്നതും ആത്മീയതയ്ക്ക് ഊന്നൽ നൽകുന്നതുമായ മുൻകാല ആശയവാദത്തിൽ നിന്നും വ്യത്യസ്തമായിരുന്നു ഇവരുടെ കാഴ്ചപ്പാട്. മതനിഷ്ഠമോ, ആത്മീയമോ ആയ ആശയവാദം സാമൂഹ്യജീവിതത്തെ മാറ്റിമറിക്കാൻ കഴിയുന്നതാണ് എന്ന് ഇവർ വാദിച്ചു.

## പ്രത്യക്ഷാനുഭവവാദം (Positivism)

മനുഷ്യമനസ്സിൽ നിന്നുമാണ് ആശയം പിറവിയെടുക്കുന്നതെന്ന കാന്റിന്റേയും ഹേഗലിന്റേയും വാദത്തിനു ബദലായി മറ്റൊരുകൂട്ടം ചിന്തകർ പറയുന്നത് ഭൗതിക സാഹചര്യങ്ങളാണ് ആശയത്തെ രൂപപ്പെടുത്തുന്നത് എന്നാണ്. ഇതിനെയാണ് പ്രത്യക്ഷാനുഭവവാദം എന്നു പറയുന്നത്. ആത്മീയതയ്ക്ക് മുൻഗണന നൽകിയ മുൻകാല ചിന്താഗതിയിൽ നിന്നുമുള്ള വ്യതിയാനമായിരുന്നു ഇത്.

## ഭൗതികവാദം (Materialism)

പ്രത്യക്ഷാനുഭവവാദത്തെ അടിസ്ഥാനമാക്കി ജർമ്മൻ ചിന്തകനായ കാൾ മാർക്സ് ഒരു നൂതന സിദ്ധാന്തത്തിന് രൂപം നല്കി. മനുഷ്യനു ചുറ്റുമുള്ള സകല പ്രതിഭാസങ്ങളും മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ആശയമാണ് മാറ്റത്തിനടിസ്ഥാനമെന്നാണ് ഹെഗൽ വാദിച്ചപ്പോൾ ഭൗതിക ശക്തികളാണ് മാറ്റമുണ്ടാക്കുന്നത് എന്ന് മാർക്സ് വിശദീകരിച്ചു. ദാർശനികർ ഇന്നേവരെ ലോകത്തെ വ്യാഖ്യാനിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ, ലോകത്തെ മാറ്റിമറിക്കുകയാണ് കൂടുതൽ പ്രധാനം എന്ന് അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തങ്ങൾ മുമ്പൊരദ്ധ്യായത്തിൽ പഠിച്ചിട്ടുണ്ടല്ലോ.

## ശാസ്ത്രം 19-ാം നൂറ്റാണ്ടിൽ

ശാസ്ത്രസാങ്കേതികരംഗങ്ങളിൽ സുപ്രധാനമായ കണ്ടുപിടുത്തങ്ങൾ 19-ാം നൂറ്റാണ്ടിലുണ്ടായി. ഭൗതികശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും


ചാൾസ് ഡാർവിൻ


ഗോർഡൻ ചൈൽഡ്

വലിയ പുരോഗതിയുണ്ടായി. വ്യാവസായിക വിപ്ലവത്തിന്റെ വ്യാപനത്തോടുകൂടി സാങ്കേതികവിദ്യയിലും വികാസമുണ്ടായി.

പത്തൊമ്പതാം നൂറ്റാണ്ടിൽ മനുഷ്യന്റെ വീക്ഷണത്തെയാകെ മാറ്റിമറിച്ച കണ്ടുപിടുത്തമായിരുന്നു പരിണാമസിദ്ധാന്തം. ലഘുവായ പൂർവ്വരൂപങ്ങളിൽ നിന്ന് പരിണമിച്ചിട്ടുണ്ടായതാണ് ഓരോ ജീവിയുമെന്നാണ് പരിണാമസിദ്ധാന്തം (Theory of evolution) പറയുന്നത്. മാറ്റത്തിനു വിധേയമാവാത്ത ഒരു ജീവിയുമില്ല എന്ന് ഈ സിദ്ധാന്തം വിശദീകരിക്കുന്നു.

ഇംഗ്ലീഷ് പ്രകൃതിശാസ്ത്രജ്ഞനായ ചാൾസ് ഡാർവിൻ ആണ് ഈ സിദ്ധാന്തം ആവിഷ്ക്കരിച്ചത്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ 1859-ൽ പ്രസിദ്ധീകരിച്ച 'ജീവജാലങ്ങളുടെ ഉല്പത്തി', 1871-ൽ പ്രസിദ്ധീകരിച്ച 'മനുഷ്യന്റെ അവതാരം' എന്നീ കൃതികളിൽ കാണാം.

ആസ്ട്രിയൻ പുരോഹിതനായിരുന്ന റവറന്റ് ഗ്രിഗോർ മെൻഡൽ ജനിതകശാസ്ത്രത്തിൽ സുപ്രധാനമായ സംഭാവന നൽകി.

ജീവശാസ്ത്രത്തെ മാത്രമല്ല മാനവിക വിജ്ഞാനം, സാമൂഹിക ശാസ്ത്രം തുടങ്ങി വിജ്ഞാനത്തിന്റെ നാനാമേഖലകളേയും പരിണാമസിദ്ധാന്തം സ്വാധീനിച്ചു. ലോകം സൃഷ്ടിക്കപ്പെട്ടതാണെന്ന സിദ്ധാന്തത്തെ അത് നിരാകരിക്കുകയും പരിണമിച്ചുണ്ടായതാണെന്ന സിദ്ധാന്തം മുന്നോട്ട് വയ്ക്കുകയും ചെയ്തു.

ഹെർബർട്ട് സ്പെൻസർ



ചരിത്രം, സാമൂഹികശാസ്ത്രം, നരവംശ ശാസ്ത്രം തുടങ്ങിയ വിജ്ഞാനമേഖലകളിൽ പരിണാമ സിദ്ധാന്തം വലിയ മാറ്റങ്ങൾക്കിടയാക്കി. സാമൂഹ്യശാസ്ത്ര വിഷയങ്ങളിലേക്കുള്ള ഈ സിദ്ധാന്തത്തിന്റെ പ്രയോഗത്തെ 'സോഷ്യൽ ഡാർവിനിസം' എന്നു വിളിക്കുന്നു. ഉത്തമമായതേ അതിജീവിക്കൂ (Survival of the fittest) എന്ന സിദ്ധാന്തം സാമ്രാജ്യത്വത്തെയും ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെ പാശ്ചാത്യാധിനിവേശത്തെയും ന്യായീകരിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തി. വംശമഹിമ ഉയർത്തിപിടിക്കുന്നതിനായി ജർമ്മനിയിൽ നാസികൾ ഈ സിദ്ധാന്തത്തെ ഉപയോഗിച്ചു.

സാമൂഹ്യശാസ്ത്ര പഠനത്തിന് ഈ സിദ്ധാന്തം ഫലപ്രദമായി ഉപയോഗപ്പെടുത്താമെന്ന് ബ്രിട്ടീഷ് സാമൂഹ്യ ശാസ്ത്രകാരനായ ഹെർബർട്ട് സ്പെൻസർ അഭിപ്രായപ്പെട്ടു.

അതിപ്രാചീനകാലത്തെ ചരിത്രത്തെയും സംസ്കാരത്തെയും വ്യാഖ്യാനിക്കുന്നതിന് പരിണാമ സിദ്ധാന്തം ഉപയോഗപ്രദമാണെന്ന് ആസ്ട്രേലിയൻ പുരാതത്ത്വശാസ്ത്രജ്ഞനായ ഗോർഡൻ ചൈൽഡ് കണ്ടെത്തി.



ശാസ്ത്രരംഗത്തുണ്ടായ കണ്ടുപിടിത്തങ്ങൾ സാമൂഹ്യ ചരിത്രമേഖലകളിലെ മാറ്റങ്ങൾ വിശദീകരിക്കാൻ സഹായകമായി. ജ്ഞാനോദയ കാലഘട്ടം, ആധുനിക ശാസ്ത്ര വിപ്ലവം ഇവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിശകലനം ചെയ്യുക.

## ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രവും പുതിയ ചിന്താപദ്ധതികളും

വ്യക്തിയിലും സമൂഹത്തിലും ശാസ്ത്രത്തിന്റെ സ്വാധീനം ഇരുപതാം നൂറ്റാണ്ടിൽ വളരെ പ്രകടമായി. ശാസ്ത്രജ്ഞർ പരീക്ഷണശാലകളിൽ നടത്തുന്ന ഏകാന്തമായ ഒരന്വേഷണമായിരുന്നില്ല ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രം. അത് അനേകം ജനങ്ങളുമായും വിജ്ഞാനശാഖകളുമായും ബന്ധപ്പെട്ടതാണ്.



മാക്സ് പ്ലാങ്ക്, ആൽബർട്ട് ഐൻസ്റ്റിൻ

ഭൗതികശാസ്ത്രത്തിലാണ് ഗണ്യമായ പുരോഗതിയുണ്ടായത്. മാക്സ് പ്ലാങ്കിന്റെ (Max Planck) ക്വാണ്ടം ബലതന്ത്രവും ആൽബർട്ട് ഐൻസ്റ്റീന്റെ (Albert Einstein)ആപേക്ഷിക സിദ്ധാന്തവും ഇതിനുദാഹരണങ്ങളാണ്. ദ്രവ്യത്തിന്റെ ഏറ്റവും ചെറിയ ഘടകമായ അണുവിനെ വിഭജിക്കാമെന്നും അപ്പോൾ ഊർജ്ജം ഉൽപ്പാദിപ്പിക്കപ്പെടുമെന്നും ഏണസ്റ്റ് റതർഫോർഡ് കണ്ടുപിടിച്ചു. അണുവിന്റെ വിഭജനം പോലെത്തന്നെ അതിന്റെ സംയോജനവും ഊർജ്ജോല്പാദനം സാദ്ധ്യമാക്കുമെന്നും പിന്നീട് കണ്ടെത്തി. ഹിരോഷിമയിലും നാഗസാക്കിയിലും വീണ ബോംബുകൾ ഇതിന്റെ വിനാശകരമായ പ്രയോഗമാണ്. എന്നാൽ സമാധാനപരമായ ആവശ്യങ്ങൾക്കും ആണവശക്തി പ്രയോഗിക്കാം.

ഇത്തരം കണ്ടുപിടുത്തങ്ങൾ ശാസ്ത്രലോകത്തെ മാത്രമല്ല സാമൂഹ്യദർശനങ്ങളേയും ബഹുദൂരം മുന്നോട്ട് നയിച്ചു.

ശാസ്ത്രരംഗത്തെ കണ്ടുപിടുത്തങ്ങളെ സൈനികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താമെന്നുള്ള തിരിച്ചറിവ് ഈ മേഖലയിൽ രാഷ്ട്രങ്ങളുടെ ഇടപെടലിന് കളമൊരുക്കി.

## സാഹിത്യവിമർശനത്തിലും തത്ത്വചിന്തയിലും പുതുപ്രവണതകൾ

വ്യവസായം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ ഇരുപതാം നൂറ്റാണ്ടിലുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ ജനജീവിതത്തെ പത്തൊൻപതാം നൂറ്റാണ്ടിൽ നിന്നും വ്യത്യസ്തമാക്കി. തൽഫലമായി സാഹിത്യത്തിൽ പുതുസമീപനങ്ങളും ശൈലികളും ഉദയം ചെയ്തു.

തത്ത്വചിന്തയിലും സാഹിത്യവിമർശനത്തിലും ഇരുപതാം നൂറ്റാണ്ടിൽ ഉടലെടുത്ത രണ്ട് പ്രസ്ഥാനങ്ങളാണ് ആധുനികതയും ഉത്തരാധുനികതയും.

ജ്ഞാനോദയ കാലഘട്ടം മുതൽ അഭ്യസ്തവിദ്യരായ മദ്ധ്യവർഗ്ഗമനുഷ്യരുടെ ചിന്താഗതിയിലുണ്ടായ ആത്മവിശ്വാസമാണ് പ്രകൃതിയേയും പ്രപഞ്ചത്തേയും കീഴടക്കാമെന്നുള്ളത്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി വ്യാവസായിക വിപ്ലവത്തിന്റെ ദുരന്തഫലങ്ങൾ യൂറോപ്പിലും വടക്കേ അമേരിക്കയിലും നഗരജീവിതം ദുരിതമയമാക്കി. ഇതിനെതിരെയുള്ള പ്രതിഷേധത്തിന്റെ പ്രതിഫലനം കലയിലും സാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടു. ഈ പ്രതിഭാസമാണ് ആധുനികത (Modernism) എന്ന പേരിൽ അറിയപ്പെടുന്നത്. സാഹിത്യത്തിലും കലയിലും സ്വാധീനം ചെലുത്തിയിരുന്ന ക്ലാസ്സിക്കൽ സങ്കല്പങ്ങളോട് ആധുനികതാവാദികൾ കലഹിക്കുകയും അമൂർത്തങ്ങളായ

ഏണസ്റ്റ് റതർഫോർഡ്



നോം ചോംസ്കി



രീതികളും ശൈലികളും ആവിഷ്ക്കരിക്കുകയും ചെയ്തു.

ഒരു പുതിയ രീതിയിൽ ലോകത്തിന്റെ അർത്ഥമെന്ത് എന്നന്വേഷിക്കാൻ തത്ത്വചിന്തകരും ഭാഷാശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രകാരൻമാരും 1960-കൾ മുതൽ അന്വേഷണം ആരംഭിച്ചു. സാഹിത്യരചനകളുടേയും കലാസൃഷ്ടികളുടേയും മൂർത്തരൂപങ്ങളുടെ പരമ്പരാഗതമായ അർത്ഥതലങ്ങളെ ഇക്കൂട്ടർ ചോദ്യം ചെയ്തു. ഒരു കൃതിക്ക് പല അർത്ഥതലങ്ങൾ ഉണ്ടാകുമെന്നും അതിനാൽ ആ കൃതിയെ പല തരത്തിൽ വായിക്കാമെന്നും ഇവർ വാദിച്ചു. ഇത്തരം വാദഗതികളാണ് ഉത്തരാധുനികത(Post Modernism) എന്ന പേരിലറിയപ്പെടുന്നത്. ഇതിന്റെ വക്താക്കളായ പല ചിന്തകരും അഭിപ്രായപ്പെടുന്നത് ഉത്തരാധുനികത എന്നത് സിദ്ധാന്തങ്ങൾക്കതീതമായ ഒരു ജീവിതസാഹചര്യമാണെന്നാണ്. ഈ സിദ്ധാന്തത്തിന്റെ ചില പ്രമുഖ വക്താക്കളാണ് ഫ്രഞ്ച് ചിന്തകനും ചരിത്രകാരനുമായ മിഷേൽ ഫൂക്കോ (Michel Foucault), ഫ്രഞ്ചുകാരൻതന്നെയായ ഴാക്ക് ദെറീദ (Jacques Derrida), അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനും രാഷ്ട്രീയ ചിന്തകനുമായ നോം ചോംസ്കി (Noam Chomsky) തുടങ്ങിയവർ.

രണ്ടാം ലോകയുദ്ധത്തിനുശേഷം ശാസ്ത്രരംഗത്ത് ഉണ്ടായ ശ്രദ്ധേയമായ ഒരു നേട്ടമാണ് ബഹിരാകാശഗവേഷണം. ഭൂമിയുടെ ആകർഷണവലയത്തെ ഭേദിച്ചുകൊണ്ട് ബഹിരാകാശത്തേക്ക് സഞ്ചരിക്കാനുതകുന്ന വാഹനങ്ങളുടെ നിർമ്മാണമാണ് ഇത് സാദ്ധ്യമാക്കിയത്. ചന്ദ്രനിൽ കാലുകുത്താനും മറ്റു ഗ്രഹങ്ങളിലേക്ക് പര്യവേഷണ പേടകങ്ങളയയ്ക്കാനും ആധുനിക ശാസ്ത്രത്തിന് കഴിഞ്ഞു. കൃത്രിമോപഗ്രഹങ്ങൾ വിക്ഷേപിച്ച് കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും പ്രകൃതിവിഭവങ്ങളെക്കുറിച്ചും പഠിക്കാൻ ഇന്ന് സാധിക്കുന്നുണ്ട്. വാർത്താവിനിമയത്തിൽ വന്ന സ്ഫോടനാത്മകമായ വികാസത്തിനു പിന്നിലും ഇതാണ്.

ജനിതകസാങ്കേതികവിദ്യയിൽ വിസ്മയകരമായ പുരോഗതിയാണ് ശാസ്ത്രം കൈവരിച്ചിരിക്കുന്നത്. ക്ലോണിംഗിലൂടെ ജീവൻ സൃഷ്ടിക്കാമെന്ന് തെളിയിച്ചിരിക്കുന്നു.

വിവരവിനിമയ സാങ്കേതികവിദ്യയിലുണ്ടായ പുരോഗതിമൂലം വിജ്ഞാനം അക്ഷരാർത്ഥത്തിൽ വിരൽത്തുമ്പിലായി. വിദ്യാഭ്യാസരംഗത്ത് ഈ ശാസ്ത്രശാഖയുടെ പ്രയോഗം വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.



പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിലെ വിവിധ ധൈഷണിക പ്രവണതകൾ, അതിന്റെ വക്താക്കൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കുക.

ഉത്പാദനോപകരണങ്ങളുടെ അനുസ്യൂതമായ നവീകരണം മനുഷ്യന്റെ സാമ്പത്തിക-സാമൂഹിക ജീവിതത്തിലും ചിന്താമണ്ഡലത്തിലും മാറ്റം വരുത്തുമെന്ന് കണ്ടല്ലോ. ശാസ്ത്രരംഗത്തെ പുരോഗതിയും മനുഷ്യചിന്തയെ സ്വാധീനിക്കുന്നു. മനുഷ്യചിന്ത സാമൂഹ്യമാറ്റത്തിനുള്ള പ്രേരകശക്തിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. മനുഷ്യ സമൂഹത്തിന്റെ ഇന്നേവരെയുള്ള ജീവിതത്തിൽ ഇത് കാണാവുന്നതാണ്.

## പ്രവർത്തനങ്ങൾ



- വ്യാവസായികവിപ്ലവത്തിന്റെ ഫലമായി ഉല്പാദനവ്യവസ്ഥയിൽ ഉണ്ടായ മാറ്റം വഴി ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട് എന്നീ രാഷ്ട്രങ്ങളിലെ സാംസ്കാരിക-രാഷ്ട്രീയ ചിന്തകളിൽ ഉണ്ടായ പരിവർത്തനം സംബന്ധിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.
- പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ശാസ്ത്ര-സാങ്കേതിക മേഖലകളിലെ വികാസം മനുഷ്യചിന്തകളിൽ വരുത്തിയ മാറ്റം എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

# 7

# ഇന്നത്തെ ഇന്ത്യ

രണ്ടു നൂറ്റാണ്ടോളംകാലം നീണ്ടുനിന്ന ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് ഇന്ത്യ മോചനം നേടിയതിനെപ്പറ്റിയും സ്വാതന്ത്ര്യസമരങ്ങളുടെ വിവിധ ധാരകളെപ്പറ്റിയും മുൻ ക്ലാസുകളിൽ പരിചയപ്പെട്ടിട്ടുണ്ടല്ലോ. ഇന്ത്യൻ സ്വാതന്ത്ര്യസമരം മറ്റു രാജ്യങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ ഒന്നായിരുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ ബഹുജനപ്രസ്ഥാനമായിരുന്നു അത്. ബ്രിട്ടീഷ് ഭരണം അടിച്ചേല്പിച്ച ഭയാനകതകൾക്കെതിരെ നിർഭയരായി സമരം ചെയ്ത ഒരു ജനതയുടെ ചരിത്രമാണത്. 1947 ആഗസ്റ്റ് 15-ന് ബ്രിട്ടന്റെ പതാകയായ യൂണിയൻ ജാക്ക് ഇറക്കി തൽസ്ഥാനത്ത് ത്രിവർണപതാക ഉയർത്തിയത് ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ചരമവും ഒരു പുതിയ രാഷ്ട്രത്തിന്റെ ജനനവും വിളംബരം ചെയ്തു.



പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിൽ ചേർന്ന ഭരണഘടനാ നിർമ്മാണസഭയുടെ യോഗത്തിൽ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ജവഹർലാൽ നെഹ്റു ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: "ലോകം മുഴുവൻ ഉറങ്ങിക്കിടക്കുമ്പോൾ ഒരു രാജ്യം സ്വാതന്ത്ര്യത്തിലേക്ക് ഉണർന്നെണീക്കുന്നു."

*"ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ഇന്ത്യയിൽ ആധിപത്യം ചെലുത്തിയ വികാരം ഭയമായിരുന്നു, എല്ലായിടത്തും വ്യാപിക്കുന്ന, പീഡിപ്പിക്കുന്ന, വരിഞ്ഞുമുറുക്കുന്ന ഭയം: പട്ടാളത്തെ, പോലീസിനെ, ചാരന്മാരെ, ഉദ്യോഗസ്ഥവർഗ്ഗത്തെ, മർദ്ദിച്ചൊതുക്കുകയും തുറങ്കിലടയ്ക്കുകയും ചെയ്യുന്ന നിയമവ്യവസ്ഥയെ, ജന്മിയുടെ കിങ്കരന്മാരെ, കൊള്ളപലിശയ്ക്ക് പണം കടംകൊടുക്കുന്നവനെ, എപ്പോഴും പടിവാതിൽക്കൽ നിൽക്കുന്ന തൊഴിലില്ലായ്മയേയും പട്ടിണിയേയും എല്ലാറ്റിനേയും ഭയമായിരുന്നു. സർവ്വവ്യാപിയായ ഈ ഭയത്തിനെതിരെയാണ് ശാന്തമായി എന്നാൽ നിശ്ചയദാർഢ്യത്തോടെ ഗാന്ധിജി ശബ്ദമുയർത്തിയത് നിർഭയരായിരിക്കുക എന്ന്." (ജവഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ')*

## വിഭജനം, ലഹള

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി ഒരേസമയം സന്തോഷവും സന്താപവും നൽകുന്നതായിരുന്നു. ദീർഘനാളത്തെ വിദേശഭരണം അവസാനിച്ചതിൽ സന്തോഷമുണ്ടായി. എന്നാൽ വിഭജനവും അഭയാർത്ഥി പ്രവാഹവും രക്തച്ചൊരിച്ചിലും സന്താപവും ഉണ്ടാക്കി.

സ്വാതന്ത്ര്യത്തോടെ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ഇന്ത്യയെന്നും പാകിസ്ഥാനെന്നും. എന്തായിരുന്നു വിഭജനത്തിന്റെ കാരണം?

സ്വാതന്ത്ര്യസമരകാലത്തുതന്നെ ഇന്ത്യൻ ദേശീയതയെ നിർവ്വചിക്കുന്നതിൽ അഭിപ്രായവ്യത്യാസം ഉയർന്നുവന്നു. ഇന്ത്യയുടേത് ഹിന്ദുദേശീയതയാണെന്ന് ഹിന്ദുമഹാസഭ വാദിച്ചു. ഇന്ത്യയിൽ മുസ്ലീം ദേശീയതയും ഉണ്ടെന്ന് സർവേന്ത്യാ മുസ്ലീം ലീഗും (All India Muslim League) വാദിച്ചു. ഇവർ രണ്ടു കൂട്ടരും മതാടിസ്ഥാനത്തിൽ ദേശീയതയെ



ജിന്നയും ഗാന്ധിജിയും

നിർവ്വചിക്കുകയായിരുന്നു. ഇങ്ങനെ ഉയർന്നുവന്ന ദ്വിരാഷ്ട്രവാദത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ വിഭജിക്കണമെന്നായിരുന്നു മുസ്ലീംലീഗിന്റെ ആവശ്യം. ഇന്ത്യയെ വിഭജിച്ച് പാകിസ്ഥാൻ എന്ന പേരിൽ ഒരു രാഷ്ട്രം രൂപീകരിക്കണം എന്നാണ് മുസ്ലീം ലീഗ് നേതാവായ മുഹമ്മദലി ജിന്ന ആവശ്യപ്പെട്ടത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭിന്നിപ്പിച്ച് ഭരിക്കൽ നയത്തിന് ഇതിൽ അനല്പമായ ഒരു പങ്കുണ്ടായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് ദ്വിരാഷ്ട്രവാദത്തെ എതിർത്തു. അഖണ്ഡഭാരതം എന്നതായിരുന്നു കോൺഗ്രസ്സിന്റെ നിലപാട്.

ഇന്ത്യൻ ജനതയ്ക്ക് അധികാരം കൈമാറാമെന്നും അതിന് മുന്നോടിയായി താൽക്കാലികമന്ത്രിസഭയും ഭരണഘടനാനിർമ്മാണസഭയും രൂപീകരിക്കാമെന്നും ക്യാബിനറ്റ് മിഷൻ പദ്ധതിയിൽ ബ്രിട്ടൻ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് 1946-ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല മന്ത്രിസഭ രൂപീകരിച്ചു. മുസ്ലീംലീഗ് അതിൽ അംഗമാകാൻ വിസമ്മതിക്കുകയും പ്രത്യക്ഷസമരത്തിന് ആഹ്വാനം ചെയ്യുകയും ചെയ്തു. തുടർന്ന് ഇന്ത്യയിൽ പലയിടത്തും വർഗ്ഗീയ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു.

ലീഗ് പിന്നീട് മന്ത്രിസഭയിൽ ചേർന്നെങ്കിലും പാകിസ്ഥാൻ വാദം ഉപേക്ഷിച്ചില്ല. അഖണ്ഡഭാരതവാദത്തിൽ കോൺഗ്രസ്സും ഉറച്ചുനിന്നു. മുസ്ലീങ്ങൾക്ക് പാകിസ്ഥാൻ നൽകി ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കണമെന്ന് ഹിന്ദുമഹാസഭ ആവശ്യപ്പെട്ടു. ഈ വാദപ്രതിവാദങ്ങൾ വർഗ്ഗീയലഹളകളെ ആളിക്കത്തിച്ചു. പടിവാതിൽക്കലെത്തി നിൽക്കുന്ന സ്വാതന്ത്ര്യം ഈ തർക്കങ്ങളാൽ നഷ്ടപ്പെടുമോയെന്ന് കോൺഗ്രസ്

ഭയപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്ക് പാകിസ്ഥാൻ രൂപീകരണം തടസ്സമാവരുതെന്ന് കോൺഗ്രസ് കരുതുകയും ഇന്ത്യാവിഭജനത്തെ അനുകൂലിക്കുകയും ചെയ്തു. എന്നാൽ മഹാത്മാഗാന്ധി ഇതംഗീകരിച്ചില്ല. പക്ഷേ അദ്ദേഹത്തിന്റേത് ഒറ്റപ്പെട്ട ശബ്ദമായിരുന്നു.

പുതിയ വൈസ്രോയിയായി മൗണ്ട്ബാറ്റൺ പ്രഭു 1947 ഫെബ്രുവരിയിൽ ഇന്ത്യയിലെത്തി. ഇന്ത്യയിലെ വിവിധ കക്ഷിനേതാക്കളുമായി ചർച്ച നടത്തി. ഇന്ത്യാവിഭജനത്തിന് അദ്ദേഹം അന്തിമരൂപം നൽകി. ഇതാണ് മൗണ്ട്ബാറ്റൺപദ്ധതി. ഇത് അദ്ദേഹം ബ്രിട്ടീഷ് സർക്കാരിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബിൽ ജൂൺ മാസത്തിൽ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തു. ഇതാണ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം (Indian Independence Act). ബ്രിട്ടനും ഇന്ത്യയും തമ്മിൽ നിലനിന്ന രണ്ടുനൂറ്റാണ്ടോളം കാലം പഴക്കമുള്ള കൊളോണിയൽ ബന്ധം ഇതോടെ അവസാനിച്ചു.

ലണ്ടനിലെ പ്രസിദ്ധ അഭിഭാഷകനായിരുന്ന സിറിൽ റാഡ്ക്ലിഫിനെയായിരുന്നു വിഭജനത്തിന്റെ വിശദമായ ഭൂപടം തയ്യാറാക്കാൻ ചുമതലപ്പെടുത്തിയത്. പ്രവിശ്യകളും ജില്ലകളും ഗ്രാമങ്ങളും വിഭജിക്കപ്പെട്ടു. ഇന്ത്യയിലെ സമ്പത്സമൃദ്ധമായിരുന്ന പഞ്ചാബും ബംഗാളും വിഭജിക്കപ്പെട്ടു. കിഴക്കൻ ബംഗാളും പടിഞ്ഞാറൻ പഞ്ചാബും പാകിസ്ഥാനിലായി.



ഇന്ത്യയുടെ കിഴക്കും പടിഞ്ഞാറുമായി രണ്ട് കഷ്ണങ്ങളായിട്ടാണ് പാകിസ്ഥാൻ രൂപീകരിക്കപ്പെട്ടത്. വിഭജനകാലത്തെ ഇന്ത്യയുടെ ഭൂപടം നോക്കി പാകിസ്ഥാന്റെ സ്ഥാനം കണ്ടെത്തു. പാകിസ്ഥാനിലുൾപ്പെട്ട പ്രവിശ്യകളേതൊക്കെ? പട്ടികപ്പെടുത്തു.

അധികാരക്കൈമാറ്റവും വിഭജനവും ഒരുമിച്ചാണ് നടന്നത്. പുതിയതായി രൂപീകരിച്ച പാകിസ്ഥാന്റെ രാഷ്ട്രത്തലവനായി മുഹമ്മദലി ജിന്ന 1947 ആഗസ്റ്റ് 14ന് ലാഹോറിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഒന്നായിരുന്ന ഒരു രാഷ്ട്രത്തെ രണ്ടായി വിഭജിച്ച് പുതിയൊരു രാഷ്ട്രം രൂപീകരിക്കുമ്പോൾ എന്തൊക്കെയാണ് പങ്കുവയ്ക്കേണ്ടതായി വരുന്നത്?

- സൈന്യം
-
-

### പുഴുക്കുത്തേറ്റ പാകിസ്ഥാൻ

*പഞ്ചാബ്, സിന്ധ്, ബലൂചിസ്ഥാൻ, അഫ്ഗാൻ പ്രവിശ്യ, കശ്മീർ, ബംഗാൾ എന്നീ പ്രവിശ്യകൾ പാകിസ്ഥാനിൽ ഉൾപ്പെടുത്തണം എന്നാണ് ജിന്നയും മുസ്ലീംലീഗും ആവശ്യപ്പെട്ടത്. എന്നാൽ കിട്ടിയതോ? പടിഞ്ഞാറൻ പഞ്ചാബും കിഴക്കൻ ബംഗാളും, കശ്മീർ കിട്ടിയതുമില്ല. അസംതൃപ്തനായ ജിന്ന പറഞ്ഞു തങ്ങൾക്കു കിട്ടിയത് "പുഴുക്കുത്തേറ്റ പാകിസ്ഥാൻ" ആണെന്ന്.*

### ആഗസ്റ്റ് 15

*രണ്ടാം ലോകയുദ്ധാവസാനം കിഴക്കനേഷ്യയിൽ ജപ്പാനെതിരെ ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക എന്നീ രാജ്യങ്ങൾ ചേർന്നു രൂപീകരിച്ച സഖ്യസേനയുടെ സർവ്വസൈന്യാധിപനായിരുന്നു ബ്രിട്ടീഷ് രാജകുടുംബാംഗവും നാവികസേനയിൽ അഡ്മിറലുമായിരുന്ന ലൂയി മൗണ്ട് ബാറ്റൺ. പസഫിക്കിലെ ഹവായ് ദ്വീപസമൂഹം മുതൽ ബംഗാൾ ഉൾക്കടൽവരെയുള്ള പ്രദേശത്തെ രാജ്യങ്ങളെയൊക്കെ അടക്കിവാണിരുന്ന ജപ്പാൻ മൗണ്ട്ബാറ്റന്റെ മുമ്പിൽ ആയുധം വച്ച് കീഴടങ്ങിയത് 1945 ആഗസ്റ്റ് 15 നായിരുന്നു. തന്റെ ജീവിതത്തിലെ ആ അവിസ്മരണീയ ദിനത്തെ ഇന്ത്യയുടെ സ്വാതന്ത്ര്യദിനമായി അദ്ദേഹം തിരഞ്ഞെടുത്തു.*

ഇന്ത്യാക്കാരാണെന്ന ഐക്യബോധത്തോടുകൂടി സമാധാനജീവിതം നയിച്ചിരുന്ന ജനങ്ങളിൽ ഇന്ത്യാവിഭജനം ഹിന്ദുവെന്നും മുസ്ലീമെന്നുമുള്ള വേർതിരിവ് സൃഷ്ടിച്ചു. ഹിന്ദു-മുസ്ലീം നേതാക്കൾ മതവികാരം ആളിക്കത്തിച്ച് വർഗ്ഗീയലഹളകളുണ്ടാക്കി. പതിനായിരക്കണക്കിനാളുകൾ കൊലചെയ്യപ്പെട്ടു. ഹിന്ദുക്കളും സിക്കുകാരും പാകിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്കും മുസ്ലീങ്ങൾ പാകിസ്ഥാ



വിഭജനകാലത്തെ അഭയാർഥി പ്രവാഹം

നിലേക്കും പലായനം ചെയ്തു. ലക്ഷക്കണക്കിന് അഭയാർത്ഥികളാണ് ഇരുരാജ്യങ്ങളിലേക്കും പ്രവഹിച്ചത്. ചരിത്രത്തിലെ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹം. ലാഹോറും ഡൽഹിയും കൽക്കത്തയും വർഗ്ഗീയലഹളയിലമർന്നു. അരക്ഷിതാവസ്ഥയും അരാജകത്വവും എങ്ങും നടമാടി. അഹിംസാത്മകമാർഗ്ഗത്തിലൂടെ, സഹനസമരത്തിലൂടെ, നേടിയെടുത്ത സ്വാതന്ത്ര്യം ഹിംസയിലും അക്രമത്തിലും കലാശിച്ചു.

അക്രമികൾക്ക് മാനസാന്തരമുണ്ടാകാനും ജനങ്ങൾക്ക് ശാന്തിയേകാനും അഭയമന്ത്രവുമുരുവിട്ട് ശാന്തിയാത്ര നടത്തിയ മഹാത്മാഗാന്ധിയുടെ കഥ നിങ്ങൾക്കറിയാമല്ലോ. ഇന്ത്യയ്ക്കകത്ത് ഒരു മുസൽമാനും കൊല്ലപ്പെടാൻ പാടില്ലെന്ന് ഗാന്ധിജി ലഹളക്കാരോട് അഭ്യർത്ഥിച്ചു. വിഭജനവ്യവസ്ഥകൾ പാലിക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹം ഉപവസിച്ചു. പാകിസ്ഥാനിൽ ഹിന്ദുക്കൾ കൊല്ലപ്പെടുമ്പോൾ ഇന്ത്യയിലെ മുസ്ലീങ്ങളുടെ സംരക്ഷകനായി പ്രവർത്തിക്കുന്ന ഗാന്ധിജിയെ ഹിന്ദുതീവ്രവാദികൾ ശത്രുവായിക്കണ്ടു. ഇതൊക്കെയാണ് അവർ അദ്ദേഹത്തെ കൊലചെയ്യാൻ കാരണം.

## നാട്ടുരാജ്യസംയോജനം

ബ്രിട്ടൻ ഇന്ത്യ വിടുമ്പോൾ അറുന്നൂറിൽപ്പരം നാട്ടുരാജ്യങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. മുൻകാലത്ത് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയുമായും ബ്രിട്ടീഷ് ഇന്ത്യൻ സർക്കാരുമായും ഉണ്ടാക്കിയ വിവിധ കരാറുകൾ പ്രകാരം ഈ നാട്ടുരാജ്യങ്ങൾ തങ്ങളുടെ പരമാധികാരം ബ്രിട്ടന് അടിയറവെച്ചിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യനിയമപ്രകാരം ഈ കരാറുകളെല്ലാം റദ്ദാവുകയും നാട്ടുരാജ്യങ്ങൾക്ക് പരമാധികാരം തിരിച്ചുകിട്ടുകയും ചെയ്തു. ഈ നാട്ടുരാജ്യങ്ങൾക്ക് രണ്ട് മാർഗ്ഗങ്ങളാണ് പ്രസ്തുതനിയമം നിർദേശിച്ചത്. ഇന്ത്യയിലോ പാകിസ്ഥാനിലോ ലയിക്കുക അല്ലെങ്കിൽ സ്വതന്ത്രമായി നിൽക്കുക.

വിഭജനത്തിനുശേഷം ഇന്ത്യയ്ക്കകത്ത് 555 നാട്ടുരാജ്യങ്ങളാണുണ്ടായിരുന്നത്. ഈ നാട്ടുരാജ്യങ്ങളിലെല്ലാം തന്നെ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനുവേണ്ടി ജനങ്ങൾ സമരം ചെയ്തുവരികയായിരുന്നു. സ്വാതന്ത്ര്യലബ്ധിയോടുകൂടി ഈ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കേണ്ടത് അനിവാര്യമായി. ഇതിലേക്കായി പുതിയതായി രൂപീകരിച്ചതാണ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ്. ഉപപ്രധാനമന്ത്രി


സർദാർ വല്ലഭഭായ് പട്ടേൽ

യായിരുന്ന സർദാർ വല്ലഭഭായ് പട്ടേലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഈ വകുപ്പിന്റെ സെക്രട്ടറിയായിരുന്നു മലയാളിയായ വി. പി. മേനോൻ. നാട്ടുരാജ്യസംയോജനത്തിനായി അദ്ദേഹം തയാറാക്കിയ പരിപാടി 'വി. പി. മേനോൻ പദ്ധതി' എന്ന പേരിൽ അറിയപ്പെടുന്നു.

ഇതനുസരിച്ച് ഭൂമിശാസ്ത്രപരമായ സാമീപ്യമുള്ള നാട്ടുരാജ്യങ്ങളെ മുൻ ബ്രിട്ടീഷ് പ്രവിശ്യകളോടുകൂട്ടിച്ചേർത്തു. ഭൂമിശാസ്ത്രപരമായി തൊട്ടുകിടന്നാലും ഏറെ വിസ്തൃതിയുള്ള നാട്ടുരാജ്യങ്ങളെ അങ്ങനെത്തന്നെ സംസ്ഥാനങ്ങളായി അംഗീകരിച്ചു. ഉദാഹരണം: മൈസൂർ, ഹൈദരാബാദ്, കശ്മീർ. നന്നേ വലിപ്പം കുറഞ്ഞവയും ഒരേഭാഷ സംസാരിക്കുകയും ചെയ്യുന്ന നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ഐക്യസംസ്ഥാനങ്ങളാക്കി. അഞ്ചുസംസ്ഥാനങ്ങളാണ് അങ്ങനെ രൂപീകരിക്കപ്പെട്ടത്. മധ്യഭാരത്, രാജസ്ഥാൻ, സൗരാഷ്ട്ര, പെപ്സു (പാട്യാല ആൻഡ് ഈസ്റ്റ് പഞ്ചാബ് സ്റ്റേറ്റ്സ് യൂണിയൻ – PEPSU), തിരുവിതാംകൂർ-കൊച്ചി എന്നിവയാണവ. ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട തന്ത്രപ്രധാനമായ സംസ്ഥാനങ്ങൾ കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കി.


ഭൂപടം നോക്കി ഇവ ഓരോന്നിന്റെയും സ്ഥാനം കണ്ടെത്തു.

1947-ലെ ഇന്ത്യ




ജനകീയസമരങ്ങളുടെ സമ്മർദ്ദത്താലും ഇന്ത്യാഗവൺമെന്റിന്റെ പ്രേരണയാലും നാട്ടുരാജ്യങ്ങളിൽ മൂന്നെണ്ണമൊഴികെ എല്ലാം സ്വാതന്ത്ര്യലബ്ധിക്കു മുമ്പും പിമ്പുമായി ഇന്ത്യൻ യൂണിയനിൽ ലയിച്ചു. ഓരോ രാജാവും ഇന്ത്യാഗവൺമെന്റുമായി ഒരു ലയനക്കരാർ ഒപ്പിടണമായിരുന്നു (Instrument of Accession). വിദേശകാര്യം, പ്രതിരോധം, വാർത്താവിനിമയം എന്നീ മൂന്ന് വകുപ്പുകൾ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാക്കാമെന്നായിരുന്നു കരാറിലെ മുഖ്യ വ്യവസ്ഥ.

എന്നാൽ ജുനഗഡ്, ഹൈദരാബാദ്, കശ്മീർ എന്നീ മൂന്ന് നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ വിസമ്മതിക്കുകയും അത് സൈനിക നടപടിക്ക് ഇടയാക്കുകയും ചെയ്തു.

സൗരാഷ്ട്രത്തിൽ കടൽത്തീരത്തു കിടക്കുന്ന നന്നേ ചെറിയ ഒരു നാട്ടുരാജ്യമായിരുന്നു ജുനഗഢ്. അവിടുത്തെ നവാബ് രാജ്യത്തെ പാകിസ്ഥാനിൽ ലയിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. പാകിസ്ഥാൻ അതിർത്തിയിൽ നിന്നും വളരെയകലെ ഇന്ത്യയ്ക്കകത്തായിരുന്നു ജുനഗഢിന്റെ സ്ഥാനം. നവാബിന്റെ പ്രഖ്യാപനം ജനരോഷത്തിനിടയാക്കി. ജുനഗഢിനെ ഇന്ത്യയിൽ ലയിപ്പിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടു. ജുനഗഢിനെ ലയിപ്പിക്കാൻ സമ്മതമാണെന്ന് പാകിസ്ഥാൻ പ്രഖ്യാപിച്ചു. ഇത് പ്രക്ഷുബ്ധമായ അവസ്ഥയുണ്ടാക്കി. ജനകീയപ്രക്ഷോഭത്തെ നേരിടാനാവാതെ നവാബ് നാടുവിട്ടോടി. ജനങ്ങൾ ഒരു താൽക്കാലിക സർക്കാർ രൂപീകരിച്ചു. ദിവാനായിരുന്ന ഷാനവാസ് ഭൂട്ടോ ഇന്ത്യാ ഗവൺമെന്റിനോട് സഹായമഭ്യർത്ഥിച്ചു. ഇന്ത്യൻ സൈന്യം ജുനഗഢിലേക്കു നീങ്ങി. 1948 ഫെബ്രുവരിയിൽ നടത്തിയ ജനഹിതപരിശോധനയിലൂടെ ജുനഗഢ് ഇന്ത്യൻ യൂണിയനിൽ ലയിച്ചു. ഈ ഷാനവാസ് ഭൂട്ടോയുടെ മകനാണ് പിന്നീട് പാകിസ്ഥാൻ പ്രധാനമന്ത്രിയായ സുൽഫിക്കർ അലി ഭൂട്ടോ.

ഭൂവിസ്തൃതിയിൽ ബ്രിട്ടനേക്കാൾ വലിപ്പമുള്ള സമ്പന്നമായ നാട്ടുരാജ്യമായിരുന്നു ഹൈദരാബാദ്. ഭരണാധികാരിയായ നൈസാം ഹൈദരാബാദിനെ സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ചു. ഇതിനെതിരെ ജനങ്ങൾ ഉത്തരവാദഭരണത്തിനായി പ്രക്ഷോഭമാരംഭിച്ചു. 1946 മുതൽ തന്നെ തെലുങ്കാനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ജന്മിമാരിൽ നിന്ന് ഭൂമി പിടിച്ചെടുക്കുന്നതിനുള്ള കർഷകസമരം ആരംഭിച്ചിരുന്നു. ഭൂവുടമകളായ ജന്മിമാരും മുസ്ലീം പ്രമാണിമാരും അവരുടെ സായുധസേനയായ റസാക്കർമാരും ചേർന്നാണ് നൈസാമിന്റെ ഭരണത്തെ നിലനിറുത്തിയിരുന്നത്. നൈസാം സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടുകൂടി റസാക്കർമാർ ജനകീയസമരത്തെ ക്രൂരമായി അടിച്ചമർത്താൻ തുടങ്ങി. ഈ ഘട്ടത്തിൽ ഇന്ത്യൻ സൈന്യം ഹൈദരാബാദിലേക്കു നീങ്ങുകയും ഭയപ്പെട്ട നൈസാം ലയനക്കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തു.

പാകിസ്ഥാനിൽ ചേർക്കണമെന്ന് മുഹമ്മദലി ജിന്ന ആഗ്രഹിച്ചിരുന്ന നാട്ടുരാജ്യമായിരുന്നു കശ്മീർ. അവിടത്തെ രാജാവ് ഹരിസിംഗ് ബഹദൂർ കശ്മീർ സ്വതന്ത്രമായി നിൽക്കുമെന്ന് പ്രഖ്യാപിച്ചു. അവിടെ ഉത്തരവാദഭരണം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭം നടത്തി വന്നിരുന്ന സംഘടനയായിരുന്നു ഷെയ്ക് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള നാഷണൽ കോൺഫറൻസ്. കശ്മീർ പാകിസ്ഥാന് കിട്ടാതെ വരികയും രാജാവ് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്തതിന്റെ ഫലമായി പാകിസ്ഥാന്റെ ഒത്താശയോടുകൂടി പത്താൻ ഗോത്രവർഗ്ഗക്കാർ ജമ്മു -കശ്മീരിനുനേരെ സൈനികാക്രമണം തുടങ്ങി. തലസ്ഥാനമായ ശ്രീനഗർ ആക്രമിക്കപ്പെട്ടു. ഗത്യന്തരമില്ലാതെ രാജാവ് ഇന്ത്യയോടു സഹായമഭ്യർത്ഥിക്കുകയും ഇന്ത്യയിൽ ലയിക്കാൻ തയ്യാറാണെന്നറിയിക്കുകയും ചെയ്തു. ഉടനെ ഇന്ത്യൻ സൈന്യം ശ്രീനഗറിലെത്തി പത്താൻ വർഗ്ഗക്കാരെ തുരത്തിയോടിച്ചു. കശ്മീരിന്റെ ഒരു ഭാഗം അപ്പോഴേയ്ക്കും പാക് അധീനതയിലായി കഴിഞ്ഞിരുന്നു. കശ്മീർ ഇന്ത്യയിൽ ലയിക്കുകയും നാഷണൽ കോൺഫറൻസ് നേതാവ് ഷെയ്ക് അബ്ദുള്ളയുടെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിക്കുകയും ചെയ്തു. കശ്മീർ പ്രശ്നം ഇന്ത്യ ഐക്യരാഷ്ട്രസംഘടനയിൽ ഉന്നയിക്കുകയും രക്ഷാസമിതിയുടെ തീരുമാനപ്രകാരം വെടിനിർത്തൽ പ്രഖ്യാപിക്കുകയും ചെയ്തു. പാകിസ്ഥാൻ കയ്യടക്കിയ പ്രദേശമാണ് അധിനിവേശ കശ്മീർ.

അമേരിക്കൻ ഭരണഘടനയുടെ മാതൃകയിൽ സ്വതന്ത്രരാജ്യമായി നിൽക്കുമെന്ന് പ്രഖ്യാപിച്ച തിരുവിതാംകൂറിനെ കുറിച്ച് കേരളചരിത്രത്തിൽ നിന്നും മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യാ ഗവൺമെന്റിന്റെ ഇടപെടലില്ലാതെത്തന്നെ ജനകീയസമരത്തിന്റെ ഫലമായി തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കുകയായിരുന്നു.



"പാടുപെട്ട് നാം നേടിയ സ്വാതന്ത്ര്യം നാട്ടുരാജ്യങ്ങളാവുന്ന വാതായനങ്ങളിലൂടെ നമുക്ക് നഷ്ടമാവാൻ പാടില്ല." സർദാർ പട്ടേലിന്റെ ഈ വാക്കുകളുടെ വെളിച്ചത്തിൽ നാട്ടുരാജ്യസംയോജനത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.

## പോണ്ടിച്ചേരിയും ഗോവയും

ബ്രിട്ടൻ, ഫ്രാൻസ്, പോർച്ചുഗൽ, ഹോളണ്ട് എന്നീ യൂറോപ്യൻ രാജ്യങ്ങൾക്കാണല്ലോ ഇന്ത്യയിൽ കോളനികൾ ഉണ്ടായിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഡച്ചുകാർ അവരുടെ അധീനതയിലുണ്ടായിരുന്ന ഇന്ത്യൻ പ്രദേശങ്ങൾ ബ്രിട്ടന് കൈമാറിയിരുന്നു. 1947-ൽ ബ്രിട്ടൻ ഇന്ത്യ വിട്ടു. ഫ്രഞ്ചുകാരുടെ അധീനതയിലായിരുന്ന പോണ്ടിച്ചേരി, മാഹി എന്നീ പ്രദേശങ്ങളും, പോർച്ചുഗീസ് ഉടമസ്ഥതയിലായിരുന്ന ഗോവ, ദാദ്രാ, നാഗർഹവേലി എന്നീ പ്രദേശങ്ങളും 1947-നുശേഷവും ആ രാജ്യങ്ങൾ തന്നെ കൈവശം വച്ചനുഭവിച്ചു പോന്നു. ഫ്രഞ്ച്-പോർച്ചുഗീസ് ഭരണത്തിനെതിരെ അതാതു പ്രദേശങ്ങളിൽ ശക്തമായ ജനകീയ സമരങ്ങൾ നടന്നുവരികയായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നൽകിയതിനുശേഷവും ഫ്രാൻസും പോർച്ചുഗലും ഇന്ത്യൻ മണ്ണിൽ തുടരുന്നതിൽ ജനങ്ങൾക്ക് അതിശക്തമായ പ്രതിഷേധമുണ്ടായിരുന്നു. അതിനാൽ 1947-നുശേഷം സമരം ശക്തമായി. ഈ ഘട്ടത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇടപെടുകയും ഫ്രാൻസും പോർച്ചുഗലും ഇന്ത്യ വിട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഫ്രാൻസ് ആ അഭ്യർത്ഥന മാനിച്ചു. 1954-ൽ അവർ ഇന്ത്യ വിട്ടു. പോണ്ടിച്ചേരി, മാഹി, യാനം, കാരയ്ക്കൽ എന്നീ പ്രദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി.

എന്നാൽ പോർച്ചുഗൽ അങ്ങനെ പോകാൻ തയ്യാറായിരുന്നില്ല. സൗമ്യമായ അഭ്യർത്ഥനകൾകൊണ്ട് പ്രയോജനമില്ലാതെ വന്നപ്പോൾ ഇന്ത്യൻ സൈന്യം ഗോവയിലേക്കു നീങ്ങി. പോർച്ചുഗൽ ഈ പ്രശ്നം ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിൽ ഉന്നയിച്ചു. ബ്രിട്ടനും അമേരിക്കയും പോർച്ചുഗലിനെ പിന്താങ്ങി. രക്ഷാസമിതിയിൽ സോവിയറ്റ് റഷ്യ ഇന്ത്യയ്ക്കനുകൂലമായി വീറ്റോ പ്രയോഗിച്ചു. പോർച്ചുഗൽ ഇന്ത്യയിലേക്ക് സൈന്യത്തെ അയച്ചു. എന്നാൽ ഇന്ത്യയുടെ സുഹൃദ് രാജ്യമായ ഈജിപ്റ്റ് സൂയസ് തോടുവഴിയുള്ള പോർച്ചുഗീസ് കപ്പലുകളുടെ പ്രവേശനം തടഞ്ഞു. ഗത്യന്തരമില്ലാതെ 1961-ൽ പോർച്ചുഗൽ ഇന്ത്യ വിട്ടു. ഗോവയും മറ്റു പ്രദേശങ്ങളും ഇന്ത്യാ സർക്കാരിന്റെ കീഴിലായി.

## ഭരണഘടനയും റിപ്പബ്ലിക്കും

ഇന്ത്യൻ ഭരണഘടന, നിയമനിർമ്മാണസഭ എന്നിവയെക്കുറിച്ച് നിങ്ങൾ മുൻ ക്ലാസുകളിൽ



ഭരണഘടന നിർമ്മാണസഭ

പഠിച്ചുവല്ലോ. 1949 നവംബർ മാസം 26-ാം തീയതി ഭരണഘടനാ നിർമ്മാണസഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ് ഇന്ത്യൻ ഭരണഘടന. അതിന്റെ അടിസ്ഥാനത്തിൽ 1950 ജനുവരി 26-ാം തീയതി ഇന്ത്യ സ്വയം ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

*ഇന്ത്യൻ സ്വാതന്ത്ര്യ നിയമപ്രകാരം 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രമായ ശേഷം ആദ്യത്തെ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു സത്യപ്രതിജ്ഞ ചെയ്തു. നെഹ്റുവിന്റെ അഭ്യർത്ഥനയനുസരിച്ച് മൗണ്ട്ബാറ്റൺ പ്രഭു സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറലായി സ്ഥാനമേറ്റു. പുതിയ ഭരണഘടന നിലവിൽ വന്നപ്പോൾ ഗവർണർ ജനറൽ പദവി ഇല്ലാതാവുകയും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രഥമ പ്രസിഡന്റ് രാഷ്ട്രത്തലവനാകുകയും ചെയ്തു.*

അധികാരക്കൈമാറ്റ സമയത്ത് മൗണ്ട്ബാറ്റൺ പ്രഭുവായിരുന്നു ഗവർണർ ജനറൽ. അദ്ദേഹത്തിനു ശേഷം സി. രാജഗോപാലാചാരി ഗവർണർ ജനറലായി ചുമതലയേറ്റു. ഭരണഘടന നിലവിൽ വരികയും ഇന്ത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തപ്പോൾ രാഷ്ട്രത്തലവനായ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിസഭാംഗങ്ങൾ, പാർലമെന്റ് എന്നിവയെല്ലാം തിരഞ്ഞെടുക്കപ്പെടേണ്ടതായി വന്നു. അതിലേക്കായി നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി. 1952-ൽ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പു നടന്നു. ഭരണഘടനപ്രകാരം ഭൂരിപക്ഷ കക്ഷിയുടെ നേതാവാകണം പ്രധാനമന്ത്രി. അതനുസരിച്ച് കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ നേതാവായ ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. പ്രതിപക്ഷത്തെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് എ. കെ. ഗോപാലൻ പ്രതിപക്ഷ ഗ്രൂപ്പ് നേതാവായും തിരഞ്ഞെടുക്കപ്പെട്ടു.


ഡോ. രാജേന്ദ്രപ്രസാദ്


ജവഹർലാൽ നെഹ്റു

രാഷ്ട്രപതിയായി ഡോ. രാജേന്ദ്രപ്രസാദും ഉപരാഷ്ട്രപതിയായി ഡോ. എസ്. രാധാകൃഷ്ണനും തിരഞ്ഞെടുക്കപ്പെട്ടു.

## സംസ്ഥാന പുനഃസംഘടന

സ്വതന്ത്ര രാഷ്ട്രമായ ഇന്ത്യയ്ക്ക് തുടക്കം മുതൽ തന്നെ നിരവധി പ്രശ്നങ്ങളാണ് നേരിടാനുണ്ടായിരുന്നത്. കശ്മീരിനെച്ചൊല്ലി പാകിസ്ഥാനുമായുള്ള യുദ്ധം, ഹിന്ദു മുസ്ലീം വർഗ്ഗീയലഹളകൾ, അഭയാർത്ഥിപ്രശ്നം, നാട്ടുരാജ്യസംയോജനം, ഭക്ഷ്യദൗർലഭ്യം തുടങ്ങിയ നാനാവിധങ്ങളായ വിഷമതകളെയാണ് നേരിടേണ്ടിയിരുന്നത്. നെഹ്റുവിന്റെ നേതൃത്വത്തിൽ 1946-ൽ രൂപീകൃതമായ ഇടക്കാലമന്ത്രിസഭ ശുഷ്കാന്തിയോടുകൂടി ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്തു.

ചെറുതും വലുതുമായ നിരവധി നാട്ടുരാജ്യങ്ങളെ ഇന്ത്യയിൽ ലയിപ്പിച്ചത് നിങ്ങൾ കണ്ടതാണല്ലോ. ഇന്ത്യയിലെ സംസ്ഥാനങ്ങളായിത്തീർന്ന ഈ നാട്ടുരാജ്യങ്ങളിലെ ജനങ്ങളുടെ പ്രശ്നങ്ങളെന്തായിരുന്നു? ഒരേഭാഷ സംസാരിക്കുകയും ഒരേ ജീവിതശൈലി അവലംബിക്കുകയും ചെയ്യുന്ന ജനങ്ങൾ ഭരണപരമായി വ്യത്യസ്ത സംസ്ഥാനങ്ങളിലായി. മലയാളികളുടെ അവസ്ഥ നോക്കൂ. തിരു-കൊച്ചിയിലെ മലയാളികൾ ഒരു ഭരണത്തിൻകീഴിൽ, മലബാറിലെ മലയാളികൾ മദിരാശി സർക്കാരിന്റെ കീഴിൽ.

ഈ പ്രശ്നത്തിനൊരു പരിഹാരം കാണേണ്ടത് നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ മന്ത്രിസഭയുടെ ഉത്തരവാദിത്വമായിരുന്നു. സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്ക് എന്തായിരിക്കണം മാനദണ്ഡം? ഭൂവിസ്തൃതി, ജനസംഖ്യ എന്നിങ്ങനെ പലഘടകങ്ങളെയും പരിഗണിച്ചു. സ്വാതന്ത്ര്യലബ്ധിക്കു മുൻപുതന്നെ ഈ പ്രശ്നം ചർച്ചാവിഷയമായിരുന്നു. മതാടിസ്ഥാനത്തിൽ ദേശീയതയെ നിർവചിക്കുന്ന സന്ദർഭത്തിൽ അതിനെതിരെ ഉന്നയിക്കപ്പെട്ട ശക്തമായ വാദമായിരുന്നു ഭാഷാടിസ്ഥാനത്തിൽ ദേശീയതയെ നിർണയിക്കണമെന്നുള്ളത്. ഒരേ മതവിശ്വാസികൾ തന്നെ പല ഭാഷ സംസാരിക്കുന്നവരാണ്. ഒരേഭാഷ സംസാരിക്കുന്നവർ തന്നെ പല മതങ്ങളിലും വിശ്വസിക്കുന്നവരാണ്. ആശയവിനിമയത്തിനും സംസ്കാരരൂപീകരണത്തിലും ഭാഷയ്ക്ക് ശക്തമായ സ്വാധീനമുള്ളതിനാൽ ഭാഷാടിസ്ഥാനത്തിലാവണം ദേശീയത നിർണയിക്കപ്പെടേണ്ടത് എന്ന ശക്തമായ വാദം സ്വാതന്ത്ര്യലബ്ധിക്ക് മുൻപു തന്നെ ഉയർന്നുവന്നിരുന്നു. എന്നാൽ ജിന്നയെപ്പോലുള്ള രാഷ്ട്രീയ നേതാക്കളുടെ മുന്നിൽ അത് അംഗീകരിക്കപ്പെട്ടില്ല.

ഇന്ത്യ - സംസ്ഥാനങ്ങളും ഭാഷയും



സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കണമെന്ന വാദം ശക്തമായി. തെലുങ്കുഭാഷ സംസാരിക്കുന്നവർക്കു വേണ്ടി ആന്ധ്രാ സംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് സ്വാതന്ത്ര്യസമരസേനാനിയായ പോട്ടി ശ്രീരാമലു നിരാഹാരസത്യാഗ്രഹമനുഷ്ഠിച്ച് രക്തസാക്ഷിയായി. അങ്ങനെ ആന്ധ്ര സംസ്ഥാനം രൂപീകരിക്കാൻ കേന്ദ്ര സർക്കാർ നിർബന്ധിതമായി. ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി സംസ്ഥാന പുനഃസംഘടനാ കമ്മീഷനെ കേന്ദ്ര സർക്കാർ നിയോഗിച്ചു. ജസ്റ്റീസ് ഫസൽ അലി, സർദാർ കെ. എം. പണിക്കർ, ഹൃദയനാഥ് കുൺസ്രു എന്നിവരായിരുന്നു കമ്മീഷനിലെ അംഗങ്ങൾ. 1953-ൽ നിലവിൽ വന്ന കമ്മീഷൻ വിശദമായ തെളിവെടുപ്പിനും ചർച്ചകൾക്കും ശേഷം 1955-ൽ കേന്ദ്രസർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബിൽ 1956-ൽ പാർലമെന്റ് പാസ്സാക്കുകയും നവംബർ 1-ന് പ്രാബല്യത്തിൽ വരികയും ചെയ്തു. പതിന്നാല് ഭാഷാ സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് അതിൻപ്രകാരം രൂപീകൃതമായത്.

മറാത്തി, ഗുജറാത്തി എന്നീ ഭാഷകൾ സംസാരിക്കുന്ന ബോംബെ സംസ്ഥാനത്തേയും, പഞ്ചാബിയും ഹരിയാൺവിയും സംസാരിക്കുന്ന പഞ്ചാബിനേയും വിഭജിക്കേണ്ട എന്നായിരുന്നു കമ്മീഷന്റെ ശുപാർശ. ജനകീയപ്രക്ഷോഭം ശക്തമായതിനാൽ 1961- ൽ ബോംബെ സംസ്ഥാനത്തെ വിഭജിച്ച് മഹാരാഷ്ട്രയും ഗുജറാത്തുമെന്ന പേരിൽ രണ്ട് സംസ്ഥാനങ്ങളുണ്ടാക്കി. പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ 1969-ലും രൂപീകരിക്കപ്പെട്ടു.

ഇന്ത്യയുടെ വടക്കുകിഴക്ക് ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന പല നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നു. ചൈനയുമായും മ്യാൻമാറുമായും അതിർത്തി പങ്കിടുന്ന പ്രദേശമായതിനാൽ ഇവ വടക്കു കിഴക്കൻ അതിർത്തി പ്രദേശം (North Eastern Frontier Agency - NEFA) എന്ന കേന്ദ്ര ഭരണ പ്രദേശമായി നിലനിർത്തി. അതേപോലെ മണിപ്പൂരും നാഗാലാന്റും കേന്ദ്രഭരണപ്രദേശങ്ങളാക്കി. ഈ പ്രദേശത്ത് ആസാമിനുമാത്രമായിരുന്നു സംസ്ഥാന പദവി. സംസ്ഥാന പദവിക്കുവേണ്ടി മറ്റു ജനതകൾ പ്രക്ഷോഭം നയിച്ചു.

ഭാഷാടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾ രൂപീകരിക്കേണ്ടത് എന്ന തത്വം നിലനിൽക്കുമ്പോൾ തന്നെ പ്രാദേശിക വാദത്തിന്റെ സമ്മർദ്ദത്താൽ ഉത്തരാഞ്ചൽ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങൾ പിന്നീട് രൂപീകരിക്കപ്പെട്ടു.



ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങളും അവിടങ്ങളിലെ ഭാഷകളും കാണിക്കുന്ന പട്ടിക തയ്യാറാക്കുക.

ഇന്ത്യയുടെ വടക്ക് ഹിമാലയസാനുക്കളിൽ മൂന്ന് സ്വതന്ത്രരാഷ്ട്രങ്ങളാണുണ്ടായിരുന്നത്. നേപ്പാൾ, ഭൂട്ടാൻ, സിക്കിം എന്നിവ. മൂന്നിന്റേയും വിദേശനയം നിയന്ത്രിച്ചിരുന്നത് ഇന്ത്യയായിരുന്നു. സിക്കിം ജനതയുടെ അഭിലാഷമനുസരിച്ച് അവിടത്തെ പാർലമെന്റ് നിയമം പാസ്സാക്കി സ്വതന്ത്രരാഷ്ട്രമെന്ന

*മതാടിസ്ഥാനത്തിൽ ദേശീയതയെ നിർണയിക്കണമെന്ന വാദം ശക്തിയായി ഉന്നയിക്കപ്പെട്ട 1940 കളിൽ അതിൽ നിന്ന് വ്യത്യസ്തമായി ഭാഷയുടേയും സംസ്കാരത്തിന്റേയും അടിസ്ഥാനത്തിലായിരിക്കണം ദേശീയതയെ നിർണയിക്കേണ്ടത് എന്ന് സമർത്ഥിക്കുന്ന മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകൃതമായി. ബംഗാളി, ബിഹാറി, ഒറിയ, അസമിയ തുടങ്ങിയ പലഭാഷകൾ സംസാരിക്കുന്ന ബംഗാൾ പ്രവിശ്യയെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണമെന്ന ആവശ്യമാണ് ഭവാനിസെന്നിന്റെ 'നൂതൻ ബംഗാൾ' എന്ന കൃതിയുടെ ഉള്ളടക്കം. മദിരാശി, ബോംബെ, ഹൈദരാബാദ്, ഒറീസ എന്നീ സംസ്ഥാനങ്ങളിലായി അധിവസിക്കുന്ന തെലുങ്കർക്ക് പ്രത്യേക സംസ്ഥാനം വേണമെന്ന ആവശ്യമാണ് പി. സുന്ദരയ്യയുടെ 'വിശാലാന്ധ്ര' എന്ന പുസ്തകത്തിലുള്ളത്. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലും മദിരാശി പ്രവിശ്യയുടെ ഭാഗമായ മലബാറിലുമായി അധിവസിക്കുന്ന മലയാളികൾക്ക് പ്രത്യേക സംസ്ഥാനം വേണമെന്ന ആവശ്യമാണ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ 'ഒന്നേകാൽ കോടി മലയാളികൾ' എന്ന കൃതിയിലുള്ളത്.*

പദവി ഉപേക്ഷിക്കുകയും 1976-ൽ ഇന്ത്യൻ യൂണിയനിൽ ലയിക്കുകയും ചെയ്തു.

## സമ്പദ്ഘടന

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ഇന്ത്യയുടെ ഭാവിസമ്പദ്ഘടന രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള സജീവമായ ചർച്ചകൾ നടക്കുന്നുണ്ടായിരുന്നു. ആസൂത്രിതസമ്പദ്ഘടനയുടെയും പഞ്ചവത്സരപദ്ധതികളുടേയും ഫലമായി സോവിയറ്റ് യൂണിയൻ കൈവരിച്ച അത്ഭുതപൂർവ്വമായ നേട്ടങ്ങൾ നെഹ്റുവിനെ ആകർഷിച്ചിരുന്നു. സോഷ്യലിസത്തിൽ ആകൃഷ്ടനായ അദ്ദേഹവും സുഹൃത്തുക്കളും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ച് പ്രവർത്തിച്ചിരുന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. സോവിയറ്റ് മാതൃകയിൽ ആസൂത്രിത സമ്പദ്ഘടന വേണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. 1931-ൽ കറാച്ചിയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം അത്തരത്തിലുള്ള ഒരു പ്രമേയം അംഗീകരിക്കുകയും ചെയ്തിരുന്നു. വ്യാവസായിക കാർഷിക വികസനങ്ങൾക്കായിരുന്നു അത് മുൻതൂക്കം നൽകിയത്. ഗ്രാമീണസമ്പദ്ഘടനയുടെ വികാസത്തിന് ഗാന്ധിജി മുൻഗണന നൽകി.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ സ്വകാര്യസംരംഭകർ വ്യവസായശാലകൾ ആരംഭിച്ചിരുന്നു. വിദേശവസ്തുക്കൾ ബഹിഷ്കരിക്കാനുള്ള സ്വദേശിപ്രസ്ഥാനത്തിന്റെ ആഹ്വാനത്തെത്തുടർന്നാണ് ഇത്തരം വ്യവസായികൾ രംഗത്തുവന്നത്. ഇരുമ്പുരുക്ക് നിർമ്മാണം, വസ്ത്രനിർമ്മാണം, കൽക്കരി ഖനനം, വ്യാപാരം, ബാങ്കിംഗ് തുടങ്ങിയ മേഖലകളാണ് ഇങ്ങനെ വികസിക്കാൻ തുടങ്ങിയത്. ടാറ്റ, ബിർള, സിംഘാനിയ, ഡാൽമിയ തുടങ്ങിയ വ്യവസായികൾ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ സാമ്പത്തികമായി ശക്തി പ്രാപിച്ചിരുന്നു. വിദേശകുത്തകകളുമായി മത്സരിക്കാൻ വേണ്ട ശക്തി അവർ ആർജ്ജിച്ചിരുന്നു. സ്വതന്ത്രവ്യാപാരത്തിനുവേണ്ടി വാദിച്ചിരുന്ന ഇവർ 1929-ലെ സാമ്പത്തിക മാന്ദ്യത്തിന്റെ അനുഭവത്തിൽ നിന്നും ഉൾക്കൊണ്ട പാഠം പൊതുമേഖലയെ ശക്തിപ്പെടുത്തണമെന്നുള്ളതായിരുന്നു. സ്വതന്ത്രമുതലാളിത്തത്തിന്റെ കാലം കഴിഞ്ഞുവെന്ന് അവർ പ്രഖ്യാപിച്ചു. ഇന്ത്യയുടെ ഭാവി സമ്പദ്ഘടനയെപ്പറ്റിയുള്ള അവരുടെ കാഴ്ചപ്പാടാണ് 1940-കളിൽ പ്രസിദ്ധീകരിച്ച 'ബോംബെ പദ്ധതി (Bombay Plan).' റാഡിക്കൽ ഹ്യൂമനിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന എം. എൻ. റോയി അവതരിപ്പിച്ച ജനകീയ പദ്ധതി (Peoples plan) ഇന്ത്യയുടെ ഭാവി സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചു.

വ്യത്യസ്തങ്ങളായ ഈ വികസനപദ്ധതികളെല്ലാം പരിഗണിച്ചുകൊണ്ടായിരുന്നു സ്വതന്ത്രഭാരത സർക്കാർ സാമ്പത്തികനയം രൂപപ്പെടുത്തിയത്. പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആസൂത്രണക്കമ്മീഷൻ നിലവിൽ വന്നു. വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുകയായിരുന്ന ശാസ്ത്രജ്ഞന്മാരെയും സാമ്പത്തിക വിദഗ്ദ്ധന്മാരേയും ഇന്ത്യയിലേക്ക് ക്ഷണിച്ചുകൊണ്ടുവന്ന് രാഷ്ട്രത്തിന്റെ വികസനത്തിൽ പങ്കാളികളാക്കി.

മിശ്രസമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ സ്വീകരിച്ചത്. മുതലാളിത്തത്തിന്റേയും സോഷ്യലിസത്തിന്റേയും സമന്വയമായിരുന്നു അത്. പൊതുമേഖലയുടെ വികസനത്തിന് മുൻതൂക്കം നൽകി. ഘനവ്യവസായം, ധാതുഖനനം, എണ്ണഖനനം, റയിൽ-വ്യോമഗതാഗതം, സൈനികക്കോപ്പുകളുടെ നിർമ്മാണം എന്നിവ പൊതുമേഖലയിലാക്കി. ഘനവ്യവസായരംഗത്ത് വിദേശസഹായം സ്വീകരിച്ചു. സോവിയറ്റ് യൂണിയന്റെ സഹായത്തോടുകൂടി ഭിലായിയിലും, ബ്രിട്ടന്റെ സഹായത്തോടുകൂടി റൂർക്കേലയിലും ജർമ്മൻ സഹായത്തോടെ ബൊക്കാറോയിലും ഇരുമ്പുരുക്കു വ്യവസായശാലകൾ ആരംഭിച്ചു.

സ്വകാര്യസംരംഭകർക്ക് എല്ലാവിധ സഹകരണങ്ങളും സർക്കാർ നൽകി. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് വിരലിലെണ്ണാവുന്ന സ്വകാര്യസംരംഭകർ മാത്രമാണ് ഇന്ത്യയിലുണ്ടായിരുന്നത്. അവർക്ക് ബ്രിട്ടീഷ് വ്യവസായികളുമായി കടുത്ത മത്സരത്തിലേർപ്പെടേണ്ടതായും വന്നു. എന്നാൽ സ്വതന്ത്ര ഭാരതം അവർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകി. സ്വകാര്യസംരംഭകരുടെ എണ്ണം വർദ്ധിച്ചു. കൂടുതൽ മേഖലകളിലേക്ക് അവരുടെ പ്രവർത്തനം വ്യാപിച്ചു.



സ്വതന്ത്രഇന്ത്യയിലെ വ്യാവസായിക പുരോഗതി തൃപ്തികരമാണോ? ചർച്ച ചെയ്യുക. നിങ്ങളുടെ നിർദ്ദേശങ്ങൾ തയ്യാറാക്കുക.

## പഞ്ചവത്സരപദ്ധതികൾ

ഇന്ത്യയിൽ പഞ്ചവത്സരപദ്ധതികൾക്ക് തുടക്കം കുറിക്കുന്നത് 1951-ലാണ്. ഒന്നാം പദ്ധതിയിൽ കൃഷിക്കും 1956 ലാരംഭിച്ച രണ്ടാം പദ്ധതിയിൽ വ്യവസായത്തിനുമാണ് മുൻഗണന നൽകിയത്. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് കാർഷികവികസനം അനിവാര്യമായിരുന്നു. അതിലേക്കായി കൂടുതൽ ഭൂമി കൃഷിക്കുപയുക്തമാക്കേണ്ടതുണ്ടായിരുന്നു. അതിന്റെ ആദ്യപടിയായി നിലവിലുള്ള ഭൂവുടമസ്ഥതയിൽ സമഗ്രമായ മാറ്റം വരുത്തി കൃഷിഭൂമി കർഷകന് ലഭ്യമാക്കണമായിരുന്നു. സെമിന്ദാരി, ജാഗീർദാരി, ജോത്തേദാരി, മഹൽവാരി എന്നിങ്ങനെ വ്യത്യസ്തരീതിയിലുള്ള ജന്മിസമ്പ്രദായം പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നുണ്ടായിരുന്നു. സെമീന്ദാരി സമ്പ്രദായം നിറുത്തലാക്കിക്കൊണ്ട് 1948-ൽ തന്നെ കേന്ദ്ര സർക്കാർ നിയമം പാസ്സാക്കിയെങ്കിലും അത് ഫലപ്രദമായി നടപ്പാക്കാൻ സംസ്ഥാന സർക്കാരുകൾ തയ്യാറായില്ല. കൃഷിയിൽ താത്പര്യമില്ലാതിരുന്ന ഭൂവുടമകൾ പല സംസ്ഥാനങ്ങളിലും പതിനായിരക്കണക്കിനേക്കർ ഭൂമി തരിശിട്ടു. സമഗ്രമായ ഭൂപരിഷ്കാരം നടപ്പാക്കാത്തതിനാൽ ഭക്ഷ്യോൽപ്പാദനം വേണ്ടത്ര വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല.

ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാനായി സ്വീകരിച്ച മറ്റു നടപടികളാണ് കാർഷികമേഖലയുടെ യന്ത്രവൽക്കരണം, അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വിത്തുകൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ഉൽപ്പാദനം തുടങ്ങിയവ. നിലം ഉഴുന്നതിനും കൊയ്ത്തിനും മെതിക്കും യന്ത്രങ്ങൾ നിലവിൽ വന്നു. വിത്തുല്പാദനത്തിനായി കാർഷികഗവേഷണകേന്ദ്രങ്ങളും കൃഷി ശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കുന്നതിനായി കാർഷിക കോളേജുകളും സ്ഥാപിച്ചു.



ഇന്ത്യയിലെ പഞ്ചവൽസര പദ്ധതികളും നടപ്പിലാക്കിയ വർഷവും ഊന്നൽ നൽകിയ മേഖലയും കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പു തന്നെ ഇന്ത്യാ ഗവൺമെന്റിന്റേയും ചില നാട്ടുരാജ്യങ്ങളുടെയും ഉടമസ്ഥതയിൽ കൃത്രിമവളം നിർമ്മിക്കുന്നതിനുള്ള വ്യവസായശാലകൾ ആരംഭിച്ചിരുന്നു.

### ഭൂദാനം

*പതിനായിരക്കണക്കിനേക്കർ കൃഷിഭൂമി കൈവശമുണ്ടായിരുന്ന ഭൂവുടമകൾ അത് കൃഷിക്കാർക്ക് നൽകാൻ തയ്യാറായില്ല. ഇത് പല സംസ്ഥാനങ്ങളിലും കർഷകസമരങ്ങൾക്കിടയാക്കി. ഹൈദരാബാദിലെ തെലുങ്കാനയിൽ കർഷകർ സായുധകലാപത്തിലൂടെ മൂവായിരത്തോളം കാർഷിക ഗ്രാമങ്ങൾ പിടിച്ചെടുത്ത് ഭൂരഹിതകർഷകർക്ക് വിതരണം ചെയ്തു. സായുധസമരത്തിന്റെ ആവശ്യമില്ലെന്നും ഭൂവുടമകൾ സ്വമേധയാ ഭൂമി ദാനം ചെയ്യണമെന്നും ഗാന്ധിജിയുടെ സഹപ്രവർത്തകനായിരുന്ന ആചാര്യ വിനോബാഭാവേ അഭ്യർത്ഥിച്ചു. അദ്ദേഹം ആന്ധ്രപ്രദേശിലെ ഭൂവുടമകളെക്കണ്ട് ഭൂമി ദാനമായി സമ്പാദിച്ചു. ഇതാണ് ഭൂദാന പ്രസ്ഥാനം. മറ്റു സംസ്ഥാനങ്ങളിലും ഭൂദാനം വഴി ഭൂമി ലഭിച്ചു.*

തിരുവിതാംകൂറിൽ അമോണിയം സൾഫേറ്റ് എന്ന രാസവളം നിർമ്മിക്കുന്നതിനായി സ്ഥാപിച്ച ഫാക്ട് (FACT) എന്ന സ്ഥാപനത്തെപ്പറ്റി നിങ്ങൾക്കറിയാമല്ലോ. ബീഹാറിലെ സിന്ദ്രിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിൽ രാസവളനിർമ്മാണശാല സ്ഥാപിച്ചു.

മഴയെ ആശ്രയിച്ചായിരുന്നു ഇന്ത്യയിൽ കൃഷി ചെയ്തിരുന്നത്. അതിനാൽ മഴ കുറവുള്ള കൊല്ലങ്ങളിൽ കൃഷിഭൂമി തരിശിടേണ്ടതായി വന്നു. നദികളിൽ അണകെട്ടി ജലസേചനസൗകര്യം വികസിപ്പിച്ചെങ്കിൽ മാത്രമേ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. അതിലേക്കായി വലിയ പല അണക്കെട്ടുകളും നിർമ്മിച്ചു. പഞ്ചാബിൽ സത്‌ലജ് നദിയിൽ ഭക്റാനംഗൽ, ഒറീസയിൽ മഹാനദിയിൽ ഹിരാക്കുഡ്, അവിടെത്തന്നെ ദാമോദർ നദീതട പദ്ധതി എന്നിവ ഇങ്ങനെ നിർമ്മിച്ചവയാണ്.

ജലസേചനം, കൃഷിയന്ത്രങ്ങൾ, രാസവളം, കീടനാശിനികൾ, അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ എന്നിവയുടെ നിർമ്മാണത്തിന് വൻതോതിൽ മൂലധനനിക്ഷേപം നടത്തിയതിന്റെ ഫലമായി കാർഷികോൽപ്പാദനം ഗണ്യമായി വർദ്ധിച്ചു. ഇതാണ് ഹരിതവിപ്ലവം എന്ന പേരിൽ അറിയപ്പെട്ടത്.

ഇതുപോലെ കന്നുകാലിപരിപാലനത്തിലും പാലു ല്പാദനത്തിലും വർദ്ധനവുണ്ടാക്കിയ ധവളവിപ്ലവ ത്തെപ്പറ്റി മുൻ ക്ലാസുകളിൽ നിങ്ങൾ മനസ്സിലാക്കി യിട്ടുണ്ടല്ലോ.



ഹരിതവിപ്ലവം, ധവളവിപ്ലവം എന്നിവ ഇന്ത്യയിലെ കാർഷികരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ ചർച്ച ചെയ്യുക.

## ശാസ്ത്രഗവേഷണം

കാർഷിക-വ്യാവസായിക രംഗങ്ങളിലെ സമഗ്ര വിക സനത്തിന്റെ മുന്നുപാധിയാണ് ശാസ്ത്രഗവേ ഷണരംഗത്തെ പുരോഗതി. ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച സ്ഥാപനങ്ങളെ കൂടുതൽ വിപുലീകരി ക്കുകയും നിരവധി പുതിയ സ്ഥാപനങ്ങൾ തുടങ്ങു കയും ചെയ്തു. അടിസ്ഥാനശാസ്ത്ര വിഷയ ങ്ങളിലെ ഗവേഷണത്തിനായി 1945-ൽ ബോംബെ യിൽ സ്ഥാപിച്ചതായിരുന്നു ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്. കൂടുതൽ ഗവേഷണ സൗക ര്യങ്ങളൊരുക്കി പിന്നീടിത് വികസിപ്പിച്ചു.

ശാസ്ത്രഗവേഷണത്തിന് മാർഗ്ഗനിർദേശം നൽകു ന്നതിനായി പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ശാസ്ത്ര-വ്യാവസായിക ഗവേഷണസമിതി (Council of Scientific and Industrial Research) രൂപീകരിച്ചു. 1947-ൽ ആദ്യത്തെ നാഷ ണൽ ഫിസിക്കൽ ലബോറട്ടറി സ്ഥാപിതമായി. തുടർന്ന് വിവിധ ശാസ്ത്രവിഷയങ്ങളിലെ ഗവേഷ ണത്തിനായി മറ്റു പതിനേഴു ലബോറട്ടറികൾ കൂടി സ്ഥാപിതമായി.

ആണവോർജ്ജത്തെ വികസനാവശ്യത്തിനായി ഉപ യോഗപ്പെടുത്തുക എന്ന ദൗത്യവുമായിട്ടാണ് 1948-ൽ അറ്റോമിക് എനർജി കമ്മീഷൻ സ്ഥാപിച്ചത്. പ്രസിദ്ധ ആണവശാസ്ത്രജ്ഞനായ ഹോമി ജെ. ഭാഭയെ അതിന്റെ അദ്ധ്യക്ഷനായി നിയമിച്ചു. ഏഷ്യ യിലെത്തന്നെ ആദ്യത്തെ ആണവ വൈദ്യുതി ഉൽപ്പാദനകേന്ദ്രം 1956-ൽ ട്രോംബേയിൽ സ്ഥാപിത മായി. തുടർന്ന് പല സ്ഥലങ്ങളിലും ആണവ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നിലയങ്ങൾ സ്ഥാപിക്കപ്പെട്ടു. സമാധാനപരമായ ആവശ്യ ങ്ങൾക്കു മാത്രമായിരുന്നു നെഹ്റുവിന്റെ കാലത്ത് ആണവോർജ്ജം ഉപയോഗപ്പെടുത്തിയിരുന്നത്. എന്നാൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കു



ചാന്ദ്രയാൻ ദൗത്യം

മ്പോൾ 1974-ൽ രാജസ്ഥാനിലെ പൊക്രാനിൽ ആദ്യത്തെ ആണവായുധ പരീക്ഷണം നടത്തി. ഇന്ന് അണുബോംബ് നിർമ്മിക്കുന്നതിനുള്ള ശേഷി ഇന്ത്യ നേടിക്കഴിഞ്ഞു.

ബഹിരാകാശഗവേഷണരംഗത്ത് ഇന്ത്യ പര്യവേഷ ണങ്ങൾ ആരംഭിക്കുന്നത് നെഹ്റു പ്രധാനമന്ത്രിയാ യിരിക്കുമ്പോഴാണ്. ബഹിരാകാശഗവേഷണ സമിതി 1962-ൽ സ്ഥാപിതമായി. ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിലായിരുന്നു. (Thumba Equatorial Rocket Launching Station-TERLS) ബഹിരാകാശ ഗവേ ഷണപേടകങ്ങളും ഉപഗ്രഹങ്ങളും വിക്ഷേപിക്കാൻ ശേഷിയുള്ള രാഷ്ട്രമായി ഇന്ന് ഇന്ത്യ മാറിയിരി ക്കുന്നു. ബഹിരാകാശഗവേഷണത്തിനായി ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) ശ്രദ്ധേയമായ പ്രവർത്തനം നടത്തിവരുന്നു. ചാന്ദ്ര യാൻ ദൗത്യത്തെപ്പറ്റി നിങ്ങൾക്കറിവുള്ളതാണല്ലോ. കാലാവസ്ഥാനിരീക്ഷണത്തിനും എണ്ണ-ധാതു പര്യവേഷണത്തിനും വാർത്താവിനിമയത്തിനും സഹായിക്കാൻ കഴിയുന്നതരത്തിൽ ബഹിരാകാശ ഗവേഷണം വികസിപ്പിച്ചിട്ടുണ്ട്.



ഇന്ത്യ വിക്ഷേപിച്ച പ്രധാനപ്പെട്ട ഉപഗ്രഹങ്ങളെ പട്ടികപ്പെടുത്തുക.

### വിദ്യാഭ്യാസ പുരോഗതി

ബ്രിട്ടീഷ് ഭരണകാലത്തുതന്നെ പ്രൈമറിതലം മുതൽ സർവ്വകലാശാലാതലം വരെയുള്ള വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചിരുന്നുവെങ്കിലും അത് വ്യാപകമാക്കുന്നതിനുള്ള ഒരു നടപടിയും അന്ന് സ്വീകരിച്ചിരുന്നില്ല. വിവിധ വിദ്യാഭ്യാസഘട്ടങ്ങളെ പറ്റിയും ഓരോ ഘട്ടത്തിലും പഠിപ്പിക്കേണ്ട വിഷയങ്ങളെപ്പറ്റിയും പഠിക്കുന്നതിനായി പല വിദ്യാഭ്യാസ കമ്മീഷനുകളേയും അന്ന് നിയമിച്ചിട്ടുണ്ടായിരുന്നു. അതിൽ ഏറ്റവും ശ്രദ്ധേയമായതായിരുന്നു 1945 ലെ സാർജന്റ് കമ്മീഷൻ. ഇന്ത്യാ ഗവൺമെന്റിന്റെ വിദ്യാഭ്യാസ ഉപദേശക സമിതിയുടെ അദ്ധ്യക്ഷനായിരുന്ന ജോൺ സാർജന്റിന്റെ നേതൃത്വത്തിലുണ്ടായിരുന്ന പ്രസ്തുത സമിതിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളെല്ലാം തന്നെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം കേന്ദ്ര സർക്കാർ സ്വീകരിക്കുകയുണ്ടായി.

സ്വതന്ത്രഭാരത സർക്കാർ ആദ്യമായി നിയമിച്ചത് ഉന്നത വിദ്യാഭ്യാസ കമ്മീഷനെയായിരുന്നു (1948). ഡോ. എസ്. രാധാകൃഷ്ണനായിരുന്നു അതിന്റെ അദ്ധ്യക്ഷൻ. ഈ കമ്മീഷന്റെ ശുപാർശപ്രകാരമാണ് പിൽക്കാലത്ത് സർവ്വകലാശാലാ ധനസഹായ സമിതി (യു.ജി.സി.) രൂപീകൃതമായത്.

സെക്കന്ററി വിദ്യാഭ്യാസത്തെപ്പറ്റി പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി 1952-ൽ ലക്ഷ്മണ സ്വാമി മുതലിയാരുടെ നേതൃത്വത്തിൽ മറ്റൊരു കമ്മീഷനും നിയമിതമായി. എന്നാൽ സമഗ്രമായ ശുപാർശകൾ സമർപ്പിച്ചത് 1964-ൽ നിയമിതമായ കോത്താരി കമ്മീഷനായിരുന്നു.

വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും സർവ്വകലാശാലകളുടെയും എണ്ണത്തിൽ വൻവർദ്ധനവാണ് ഇന്നുണ്ടായിരിക്കുന്നത്. എങ്കിലും നിശ്ചിത പ്രായപരിധിയിലുള്ള എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ആറും പതിന്നാലും വയസ്സിനിടയിലുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിനുള്ള വിദ്യാഭ്യാസ അവകാശ നിയമത്തെപ്പറ്റി നിങ്ങൾക്കറിവുള്ളതാണല്ലോ. ഇത് മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രൈമറിതലത്തിലെ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട പ്രത്യേക പദ്ധതിയാണ് സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) സെക്കന്ററി-ഹയർസെക്കന്ററി തലത്തിലെ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട പ്രത്യേക പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ).



എൻ.സി.ഇ.ആർ.ടി, എൻ.സി.ടി.ഇ, യു.ജി.സി. എന്നിങ്ങനെ വിദ്യാഭ്യാസ കാര്യങ്ങളുടെ മേൽനോട്ടത്തിനും കാര്യനിർവ്വഹണത്തിനുമായി അഖിലേന്ത്യാതലത്തിൽ നിരവധി സമിതികൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സമിതികൾ ഏതൊക്കെയാണ്? ഓരോന്നിന്റേയും പ്രവർത്തനമേഖലയെ കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കു.

### വിദേശനയം

ഇന്ത്യയുടെ വിദേശനയത്തെപ്പറ്റിയും ചേരിചേരാ പ്രസ്ഥാനത്തെപ്പറ്റിയും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യയുടെ വിദേശനയം രൂപീകരിക്കുന്നതിൽ ജവഹർലാൽ നെഹ്റുവിന്റെ പങ്ക് നിർണായകമായിരുന്നു. ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളിലൊരാൾ അദ്ദേഹമായിരുന്നല്ലോ.

ഇന്ത്യയും ചൈനയുമായുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ അടിത്തറയായിട്ടായിരുന്നു പഞ്ചശീലതത്ത്വങ്ങൾ അംഗീകരിക്കപ്പെട്ടത്. എന്നാൽ പിന്നീടത് ലോകരാജ്യങ്ങളാകെ അംഗീകരിച്ച സിദ്ധാന്തമായി തീർന്നു.

ഇന്ത്യാവിഭജനത്തിലൂടെ നിലവിൽവന്ന പാകിസ്ഥാനുമായി കശ്മീരിനെച്ചൊല്ലി 1948-ൽ നടന്ന യുദ്ധത്തെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. എന്നാൽ ആ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിർത്തിത്തർക്കത്തിന്റെ പേരിൽ 1965-ൽ പാകിസ്ഥാനുമായി ഇന്ത്യയ്ക്ക് യുദ്ധത്തിലേർപ്പെടേണ്ടതായി വന്നു. സോവിയറ്റ് യൂണിയന്റെ മദ്ധ്യസ്ഥതയിൽ ഇരുരാജ്യങ്ങളും ഒപ്പിട്ട താഷ്കെന്റ് കരാർ പ്രകാരം ആ യുദ്ധം അവസാനിച്ചു.

പട്ടാളഭരണത്തിനുകീഴിലമർന്ന പാകിസ്ഥാനിൽ ജനാധിപത്യസംരക്ഷണത്തിനുവേണ്ടി കലാപം നടന്നു. ഇതെത്തുടർന്ന് ആ രാജ്യത്തിന്റെ ഭാഗമായി




ചേരിചേരാപ്രസ്ഥാനത്തിന്റെ ശില്പികൾ
ഒരു പോസ്റ്റർ

രുന്ന കിഴക്കൻ പാകിസ്ഥാൻ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ബംഗ്ലാദേശ് എന്ന പുതിയ രാഷ്ട്രമായി മാറി. ഇത് ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള മറ്റൊരു യുദ്ധത്തിൽ കലാശിച്ചു. 1971 ഡിസംബറിൽ നടന്ന ഈ യുദ്ധത്തെ തുടർന്ന് 1972-ൽ സിംലയിൽ വച്ച് ഇരുരാജ്യങ്ങളും തമ്മിൽ ഒരു കരാർ ഒപ്പിട്ടു. ബംഗ്ലാദേശിനെ സ്വതന്ത്രരാഷ്ട്രമായി അംഗീകരിക്കാൻ പാകിസ്ഥാൻ നിർബന്ധിതമായി.

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള നയതന്ത്ര ബന്ധത്തെ ബാധിക്കുന്ന ഒരു തർക്കവിഷയമാണ് ഇപ്പോഴും കശ്മീർ. കാർഗിലിൽ 1998-ൽ വീണ്ടും ഇരുരാജ്യങ്ങളുടേയും സൈന്യം ഏറ്റുമുട്ടുകയുണ്ടായി. ഇപ്പോഴും കശ്മീർ ഒരു നീറുന്ന പ്രശ്നമായി അവശേഷിക്കുന്നു.

പഞ്ചശീലതത്ത്വം അംഗീകരിച്ചെങ്കിലും ഇന്ത്യയും ചൈനയും തമ്മിൽ അതിർത്തിത്തർക്കമുണ്ടായി. വളരെക്കാലമായി രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളായിത്തുടരുകയായിരുന്നു. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള യുദ്ധത്തിലേക്ക് നയിച്ചു (1962). എന്നാൽ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി നല്ല ബന്ധം സ്ഥാപിക്കാൻ ഇരുരാജ്യങ്ങൾക്കും സാധിച്ചിട്ടുണ്ട്.

അയൽരാജ്യങ്ങളുമായി നല്ല ബന്ധം പുലർത്താൻ ഇന്ത്യ എപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്. ശ്രീലങ്കയിലെ തമിഴ് വംശീയപ്രശ്നം പരിഹരിക്കുന്നതിന് ഇന്ത്യ മുൻകയ്യെടുത്തു. ശ്രീലങ്കയുടെ ഭരണഘടനാചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് തമിഴ് വംശജരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ഇന്ത്യ ശ്രമിച്ചത്.



സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി ഇന്ന് ഇന്ത്യയുടെ വിദേശനയത്തിൽ എന്തെല്ലാം മാറ്റങ്ങൾ കാണാൻ കഴിയുന്നുണ്ട്. ചർച്ച ചെയ്യുക.

## ജനാധിപത്യം വെല്ലുവിളി നേരിട്ടപ്പോൾ

സ്വതന്ത്രഭാരതത്തെ രണ്ടു ദശകങ്ങളോളം നയിക്കുകയും ഇന്ത്യയുടെ വികസനത്തിന് അടിത്തറയിടുകയും ചെയ്ത ജവഹർലാൽ നെഹ്റു 1964 മേയ് 27-ന് അന്തരിച്ചു. തുടർന്ന് ലാൽ ബഹദൂർ ശാസ്ത്രിയും ശേഷം ഇന്ദിരാഗാന്ധിയും പ്രധാനമന്ത്രിമാരായി. ഭരണകക്ഷിയായ കോൺഗ്രസിനുള്ളിൽ അഭിപ്രായവ്യത്യാസങ്ങൾ പൊട്ടിപ്പുറപ്പെട്ടു. 1967-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ലോകസഭയിൽ നേരിയ ഭൂരിപക്ഷം മാത്രമേ നേടാനായുള്ളൂ എന്നു മാത്രമല്ല ഒൻപതു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിതര മന്ത്രിസഭകൾ നിലവിൽ വരികയും ചെയ്തു. ഇങ്ങനെ കോൺഗ്രസ് ദുർബലമായ അവസ്ഥയിലെത്തി.

ഈ സന്ദർഭത്തിലാണ് 1969-ൽ രണ്ട് സുപ്രധാന ബില്ലുകൾ ഇന്ദിരാഗാന്ധി പാർലമെന്റിൽ അവതരിപ്പിച്ചത്. ഇന്ത്യൻ യൂണിയനിൽ ലയിച്ച നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾക്ക് നൽകിവന്നിരുന്ന പ്രിവി പഴ്സ് എന്ന പെൻഷൻ നിറുത്തലാക്കുന്നതായിരുന്നു ആദ്യത്തെ ബിൽ. സ്വകാര്യമേഖലയിലുണ്ടായിരുന്ന പതിന്നാലു ബാങ്കുകളെ ദേശസാൽക്കരിക്കുന്നതായിരുന്നു രണ്ടാമത്തേത്. ഇവ രണ്ടിനേയും കോൺഗ്രസ്സിനകത്തെ ഒരു വിഭാഗം എതിർത്തു. ഇടതുപക്ഷം ഒഴികെയുള്ള പ്രതിപക്ഷ കക്ഷികളും ബില്ലിനെ എതിർത്ത് വോട്ടു ചെയ്തു. ബില്ലുകൾ പാസ്സാക്കാൻ ഇന്ദിരാഗാന്ധിക്കു കഴിഞ്ഞില്ല.

കോൺഗ്രസിനുള്ളിൽ അഭിപ്രായവ്യത്യാസം മൂർച്ഛിക്കുകയും അത് രണ്ടായി പിളരുകയും ചെയ്തു. ഇന്ദിരാഗാന്ധിയോടു തെറ്റിപ്പിരിഞ്ഞുപോയ വിഭാഗം സംഘടനാ കോൺഗ്രസ് എന്ന പേരിൽ അറിയപ്പെട്ടു. കാലാവധികഴിയുന്നതിനു മുൻപു തന്നെ പാർലമെന്റ് പിരിച്ചുവിടുകയും 1971 ഫെബ്രുവരിയിൽ

തിരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് വൻ ഭൂരിപക്ഷം നേടി. പ്രിവി പഴ്സ് നിറുത്തലാക്കൽ ബില്ലും ബാങ്ക് ദേശസാൽക്കരണ ബില്ലും വീണ്ടും അവതരിപ്പിച്ച് പാസ്സാക്കി. ഇൻഷുറൻസ്, ഖനികൾ എന്നിവ ദേശസാൽക്കരിച്ചു. ഭരണഘടന ഭേദഗതി ചെയ്ത് മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന സ്വത്തവകാശം എടുത്തു കളഞ്ഞു. ഇതെല്ലാം സാധാരണ ജനങ്ങൾക്കിടയിൽ സർക്കാരിന്റെ പ്രതിച്ഛായ വർദ്ധിപ്പിച്ചു. ചില സംസ്ഥാന നിയമസഭകളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ഭൂരിപക്ഷം നേടി. അങ്ങനെ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഒരേ കക്ഷിതന്നെ അധികാരത്തിലെത്തി.

എന്നാൽ പെട്ടെന്നുതന്നെ ജനങ്ങളുടെ പ്രതീക്ഷകൾക്കു മങ്ങലേറ്റു. രൂക്ഷമായ വിലക്കയറ്റവും ഭക്ഷ്യക്ഷാമവുമുണ്ടായി. ഇന്ധന വില വർദ്ധിച്ചു. പണിമുടക്കുകളും തൊഴിൽ സമരങ്ങളും വ്യാപകമായി. റയിൽവേ തൊഴിലാളികൾ വേതനവർദ്ധനവിനായി 1974-ൽ ദീർഘമായ പണിമുടക്കു നടത്തി. ഉത്തർപ്രദേശിൽ പോലീസുകാർ പണിമുടക്കി. അടിച്ചമർത്താൻ ചെന്ന പട്ടാളവുമായുള്ള ഏറ്റുമുട്ടലിൽ നിരവധി പേർ മരണമടഞ്ഞു. ഗുജറാത്തിലും ബീഹാറിലും കോൺഗ്രസ് നേതൃത്വത്തിലുണ്ടായിരുന്ന മന്ത്രിസഭകൾക്കെതിരെ വ്യാപകമായ പണിമുടക്കു നടന്നു. ജവഹർലാൽ നെഹ്റുവിന്റെ സഹപ്രവർത്തകനും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന ജയപ്രകാശ് നാരായൺ ഈ സമരങ്ങൾക്ക് നേതൃത്വം നൽകി. നിലവിലുള്ള വ്യവസ്ഥിതിക്കെതിരെ സമരം ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഇത് സമ്പൂർണ വിപ്ലവം (Total Revolution) എന്ന പേരിൽ അറിയപ്പെട്ടു.

ഈ സന്ദർഭത്തിലാണ് ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പിനെ അസാധുവാക്കിക്കൊണ്ട് അലഹബാദ് ഹൈക്കോടതി വിധി പ്രസ്താവിച്ചത്. ഇന്ദിരാഗാന്ധി രാജിവയ്ക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. വിദ്യാർത്ഥികളും തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. ഇതിനെ നേരിടുന്നതിനുവേണ്ടി 1975 ജൂൺ 26-ന് രാഷ്ട്രപതി ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു.


ജയപ്രകാശ് നാരായൺ

സംഘടിക്കാനും പൊതുയോഗം നടത്താനുമുള്ള സ്വാതന്ത്ര്യം ഇല്ലാതായി. പത്രങ്ങളുടെ മേൽ കർശനനിയന്ത്രണമേർപ്പെടുത്തി. പ്രതിപക്ഷ നേതാക്കളേയും രാഷ്ട്രീയ പ്രവർത്തകരേയും തടങ്കലിലാക്കി. അതിലേക്കായി ഒരു പുതിയ നിയമം കൊണ്ടുവന്നു. അതാണ് ആഭ്യന്തര സുരക്ഷാ നിയമം (Maintenance of Internal Security Act- MISA). പത്രസ്വാതന്ത്ര്യമടക്കമുള്ള ജനാധിപത്യാവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ടു. കാലാവധി കഴിഞ്ഞിട്ടും ലോകസഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും തിരഞ്ഞെടുപ്പു നടത്തിയില്ല. ഇന്ത്യൻ ജനാധിപത്യം കടുത്ത വെല്ലുവിളി നേരിട്ട കാലമായിരുന്നു അത്.

1977 മാർച്ചിൽ അടിയന്തിരാവസ്ഥയ്ക്ക് ഇളവു വരുത്തുകയും പ്രതിപക്ഷ നേതാക്കളേയും മറ്റ് രാഷ്ട്രീയ തടവുകാരേയും മോചിപ്പിക്കുകയും ചെയ്തു. തുടർന്ന് പാർലമെന്റിലേക്കും ചില സംസ്ഥാന നിയമസഭകളിലേക്കും തിരഞ്ഞെടുപ്പു നടന്നു. ചില പ്രതിപക്ഷ കക്ഷികൾ ഒരുമിച്ചു ചേർന്ന് ജനതാപാർട്ടി എന്ന ഒരു പുതിയ കക്ഷി രൂപീകരിച്ചാണ് കോൺഗ്രസിനെ നേരിട്ടത്. തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടു. ഭൂരിപക്ഷം നേടിയ ജനതാപാർട്ടി നേതാവ് മൊറാർജി ദേശായി പ്രധാനമന്ത്രിയായി മന്ത്രിസഭ രൂപീകരിച്ചു. അങ്ങനെ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടു. കൂട്ടുകക്ഷി മന്ത്രിസഭയുടെ തുടക്കം അങ്ങനെയായിരുന്നു. അധികം താമസിയാതെ ആ മന്ത്രിസഭ തകർന്നു. ജനതാപാർട്ടിയിലെ ഘടകകക്ഷികൾ വേറിട്ടു പോയി.



സ്വതന്ത്ര ഇന്ത്യയിൽ കൂട്ടുകക്ഷി മന്ത്രിസഭകൾ നിലവിൽ വരാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു? ചർച്ച ചെയ്യുക.

## നയവ്യതിയാനം

ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് സമ്പദ്ഘടന നയെ ശക്തിപ്പെടുത്താനായി സ്വീകരിച്ച വിവിധ പദ്ധതികളെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയതാണല്ലോ. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, ഖനികൾ തുടങ്ങിയ മേഖലകളിലും ദേശസാൽക്കരണപരിപാടികൾ നടപ്പിലാക്കിയിരുന്നു. എന്നാൽ 1991 നു ശേഷം ഈ നയപരിപാടികളിൽ മാറ്റം വന്നു തുടങ്ങി.

സാർവ്വദേശീയരംഗത്ത് സോവിയറ്റ് യൂണിയന്റെ തകർച്ചയും സോഷ്യലിസ്റ്റ് ചേരിയുടെ തിരോധാനവും ഇന്ത്യയുടെ ആഭ്യന്തരവിദേശനയങ്ങളെ സ്വാധീനിച്ചു. ചേരികളില്ലാതായതോടെ ചേരിചേരാപ്രസ്ഥാനം തന്നെ ദുർബലമായി. അമേരിക്ക നേതൃത്വം നൽകുന്ന സാമ്രാജ്യത്വചേരിയോട് ഇന്ത്യ സഹകരിക്കാൻ തുടങ്ങി. മുമ്പത്തേതുപോലെ റഷ്യയുടെ സഹായം കിട്ടാതേയുമായി.

രാജ്യത്തിനകത്തുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ സ്വകാര്യ മൂലധനനിക്ഷേപം വർദ്ധിപ്പിച്ചു. പലതിനെയും സ്വകാര്യമേഖലയ്ക്ക് വിറ്റു. വിദേശമൂലധനത്തെ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്യുകയും അതിനുമുമ്പുണ്ടായിരുന്ന നിയന്ത്രണങ്ങൾ നീക്കുകയും ചെയ്തു.

ഇത്തരം നയങ്ങൾ ഉദാരവൽക്കരണം എന്ന പേരിൽ അറിയപ്പെട്ടു. ആഗോളമൂലധനത്തിന്റേയും ചരക്കുകളുടേയും സേവനങ്ങളുടേയും സ്വതന്ത്രമായ വിനിമയം സാദ്ധ്യമാക്കുന്ന ആഗോളവൽക്കരണനയത്തിന്റെ ഭാഗമാണ് ഇത്.



സ്വാതന്ത്ര്യലബ്ധിയുടെ ആദ്യപതിറ്റാണ്ടുകളിലെ സാമ്പത്തികവികസനനയങ്ങളിൽ നിന്നും എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു ഉദാരവൽക്കരണ നടപടികൾ എന്ന് ചർച്ച ചെയ്യുക.

### പ്രവർത്തനങ്ങൾ



- സ്വതന്ത്രഇന്ത്യ ആദ്യകാലത്ത് നേരിട്ട വെല്ലുവിളികൾ തരണം ചെയ്യാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ടോ? ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.
- സ്വാതന്ത്ര്യസമരത്തിൽ മുഴങ്ങിക്കേട്ട ആശയങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കാൻ സ്വതന്ത്ര ഇന്ത്യക്കായിട്ടുണ്ട്? പരിശോധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.
- പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് ഇപ്പോഴും സമരങ്ങൾ നടന്നുവരുന്നു. അതുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് സംസ്ഥാന പുനഃസംഘടന അനിവാര്യമാണോ എന്നതിനെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.
- ഇന്ത്യയുടെ 1956-ലെയും ഇന്നത്തെയും രാഷ്ട്രീയ ഭൂപടങ്ങൾ പരിശോധിച്ച് ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങൾ 1956-ൽ ഏതേത് പ്രദേശങ്ങളിലായിരുന്നു ഉൾപ്പെട്ടിരുന്നത് എന്ന് പട്ടികപ്പെടുത്തുക. അവിടങ്ങളിലെ ഭാഷയും രേഖപ്പെടുത്തുക.
- താഴെപ്പറയുന്ന മേഖലകളിൽ സ്വതന്ത്ര ഇന്ത്യ നേടിയ നേട്ടങ്ങളെ കാണിക്കുന്ന സചിത്ര വിവരണം തയ്യാറാക്കുക.
  - കൃഷി
  - വ്യവസായം
  - ശാസ്ത്രസാങ്കേതികം
  - വിദ്യാഭ്യാസം
- ജനുവരി 26 റിപ്പബ്ലിക് ദിനമായി അംഗീകരിക്കാനുള്ള കാരണമെന്തെന്ന് അന്വേഷിച്ച് കുറിപ്പു തയ്യാറാക്കുക.
- തമിഴർ, തെലുങ്കർ, കന്നടക്കാർ തുടങ്ങിയവർ ഏതൊക്കെ സംസ്ഥാനസർക്കാരുകളുടെ കീഴിലായിരുന്നുവെന്ന് അന്വേഷിച്ച് ഒരു പട്ടിക തയ്യാറാക്കു.
- കേന്ദ്രസർക്കാരിന്റേയും കേരള സർക്കാരിന്റേയും ഉടമസ്ഥതയിൽ കേരളത്തിലുള്ള കാർഷിക ഗവേഷണസ്ഥാപനങ്ങളെപ്പറ്റി ഒരു പട്ടിക തയ്യാറാക്കു.
- 1974-നുശേഷം ഇന്ത്യ ആണവായുധ പരീക്ഷണം നടത്തിയോ? അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുക.

# കേരളപ്പുതുമ

# 8

നെടുനാൾ ബ്രിട്ടീഷ് ആധിപത്യത്തിൻകീഴിൽ കഴിയേണ്ടിവന്നവരാണ് ഇന്ത്യക്കാർ. വൈദേശികഭരണം അടിച്ചേൽപ്പിച്ച ക്രൂരതകൾ നേരിട്ടനുഭവിച്ചവരാണ് നമ്മുടെ പൂർവികർ. യാതനകളും ദുരിതങ്ങളും പേറി അവർ നാടിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതി. ചെറുതും വലുതുമായ ഒട്ടേറെ പ്രതിഷേധങ്ങൾ, ചെറുത്തുനിൽപ്പുകൾ. ഒടുവിൽ സ്വതന്ത്രഭാരതത്തിന്റെ പിറവി.

വടക്ക് കശ്മീർ മുതൽ തെക്ക് കേരളംവരെ നീണ്ടുകിടക്കുന്ന ഭൂപ്രദേശങ്ങളിൽ ജീവിച്ചിരുന്നവരൊക്കെ ഈ ത്യാഗോജ്ജ്വലമായ സംഭവങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കാളികളായിട്ടുണ്ട്.

## ഈസ്റ്റിന്ത്യാ കമ്പനി കേരളത്തിൽ

എപ്പോഴാണ് ബ്രിട്ടീഷുകാർ കേരളത്തിന്റെ ഭൂഭാഗത്ത് പിടിമുറുക്കിയത്? അതിനവർക്ക് സൗകര്യങ്ങൾ ലഭിച്ചതെങ്ങനെ? ബ്രിട്ടീഷ് ഭരണം കേരളീയരെ എങ്ങനെയെല്ലാം പ്രയാസപ്പെടുത്തി? ഇത്തരത്തിലുള്ള ഒട്ടേറെ കാര്യങ്ങൾ അന്വേഷിച്ചറിയേണ്ടതുണ്ട്.

നാടുവാഴികളും രാജാക്കന്മാരും തങ്ങളുടെ കീഴിലുള്ള പ്രദേശങ്ങളിൽ ഭരണം നടത്തിപ്പോന്നകാലത്താണല്ലോ മൈസൂർ നിന്ന് ഹൈദരാലിയും ടിപ്പുവും കേരളത്തിലേക്ക് കടന്നുവന്നത്. പ്രാദേശികരാജാക്കന്മാരുടെയും നാടുവാഴികളുടെയും അധീനതയിലായിരുന്ന മലബാറിന്റെ നിയന്ത്രണം ടിപ്പു സുൽത്താൻ ഏറ്റെടുത്തു. കൊച്ചിയിലെയും തിരുവിതാംകൂറിലെയും രാജാക്കന്മാർ തങ്ങളുടെ പ്രദേശങ്ങളെ ടിപ്പുവിന്റെ പടയോട്ടത്തിൽനിന്ന് കാത്തുസംരക്ഷിക്കാൻ ബ്രിട്ടീഷുകാരുടെ സഹായം തേടി. പിന്നെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിലായി നാട്ടുരാജാക്കന്മാരുടെ പ്രതീക്ഷ. കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാരും ഈസ്റ്റിന്ത്യാകമ്പനിയെ രക്ഷകരായി കണ്ടു. വെല്ലസ്ലി പ്രഭു ആവിഷ്കരിച്ച സൈനികസഹായവ്യവസ്ഥ പ്രകാരം ബ്രിട്ടീഷുകാർക്ക് നാട്ടുരാജ്യങ്ങളെ എളുപ്പത്തിൽ തങ്ങളുടെ ആശ്രിതരാക്കാൻ കഴിഞ്ഞു. ടിപ്പുവുമായി ഉണ്ടാക്കിയ ശ്രീരംഗപട്ടണം ഒത്തുതീർപ്പിനെത്തുടർന്ന് മലബാറിൽ ഈസ്റ്റിന്ത്യാ കമ്പനി നേരിട്ടുഭരണം തുടങ്ങി. ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച കൊച്ചിയും തിരുവിതാംകൂറും കമ്പനിഭരണത്തിലാവുകയും ചെയ്തു.

### സൈനിക സഹായവ്യവസ്ഥ

*ഇന്ത്യൻ നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് അധീനതയിൽ കൊണ്ടുവരാനുള്ള സമർത്ഥമായ ഒരു നയമായിരുന്നു ഇത്. ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന വെല്ലസ്ലിയാണ് ഇതിന്റെ ഉപജ്ഞാതാവ്. ഈ വ്യവസ്ഥയിൽ ഉൾപ്പെട്ട നാട്ടുരാജ്യങ്ങളുടെ സംരക്ഷണച്ചുമതല ബ്രിട്ടീഷ് സൈന്യത്തിനായിരുന്നു. സൈനികച്ചെലവ് നിർവ്വഹിക്കേണ്ടത് അതതു നാട്ടുരാജ്യങ്ങളും. മാത്രമല്ല നാട്ടുരാജ്യങ്ങൾക്ക് സ്വന്തം സൈന്യത്തെ നിലനിർത്താനുള്ള അവകാശം ഇല്ലാതായി. നാട്ടുരാജ്യങ്ങളുടെ വിദേശനയം തീരുമാനിക്കാനുള്ള അധികാരം ബ്രിട്ടീഷ് സർക്കാരിനുമാത്രമായി. കരാറുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ നാട്ടുരാജ്യങ്ങളിൽ റസിഡണ്ട് എന്ന പേരിൽ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനെയും നിയമിച്ചു. പരസ്പരം പോരടിച്ചുകൊണ്ടിരുന്ന ഇന്ത്യൻ നാട്ടുരാജാക്കന്മാർക്ക് ഈ വ്യവസ്ഥകൾ ഏറെ ആകർഷകമായി തോന്നി.*

ടിപ്പുവിൽനിന്ന് സ്വന്തം പ്രദേശങ്ങൾ സംരക്ഷിച്ചുകിട്ടിയാൽ പഴയ പ്രതാപത്തിൽ അധികാരത്തിൽ തുടരാനാവുമെന്ന് നാടുവാഴികളും നാട്ടുരാജാക്കന്മാരും മോഹിച്ചു. എന്നാൽ എല്ലാവരെയും വരുതിയിലാക്കി ബ്രിട്ടീഷുകാർ സർവാധികാരികളായി. മലയാളക്കരയാകെ ഈസ്റ്റിന്ത്യാകമ്പനിക്ക് കീഴിലുമായി.

രാഷ്ട്രീയമായ തലത്തിൽ മാത്രമല്ല കോളോണിയൽ മേൽക്കോയ്മ നിലനിന്നത്. സാമ്പത്തിക ചൂഷണവും ബുദ്ധിപരമായ ആധിപത്യവും ഇതിന്റെ ഭാഗമായിരുന്നു. ഇതിനൊക്കെപുറമെ സാധാരണക്കാരന്റെ ഉപജീവനരംഗത്തും വലിയ തോതിൽ ചൂഷണം നിലനിന്നു.



സൈനികസഹായവ്യവസ്ഥയും ശ്രീരംഗപട്ടണം സന്ധിയും കേരളക്കരയെയാകെ ബ്രിട്ടീഷ് ഭരണത്തിൻകീഴിലാക്കി. ഈ പ്രസ്താവന വിശകലനം ചെയ്യുക.

### ഭരണത്തിനെതിരെ

ഇന്ത്യൻ പ്രദേശങ്ങളെ പ്രവിശ്യകളാക്കിത്തിരിച്ചാണ് ഈസ്റ്റിന്ത്യാ കമ്പനി ഭരണം നടത്തിയിരുന്നത്. ക്രിസ്തു 1800 വരെ ബോംബെ പ്രസിഡൻസിയുടെ കീഴിലായിരുന്ന മലബാർ പിന്നീട് മദ്രാസ് പ്രവിശ്യയിലായി.

മലബാറിൽ ബ്രിട്ടീഷ് ഭരണാധികാരികൾ ജനവിരുദ്ധ നടപടികൾ കൈക്കൊള്ളാൻ തുടങ്ങി. രാജാക്കന്മാരും പ്രജകളുമെല്ലാം കമ്പനിയുടെ അധീനതയിലായിരിക്കുമെന്ന് കമ്പനി പ്രഖ്യാപനം നടത്തി. വർദ്ധിച്ച തോതിലുള്ള നികുതി നൽകാൻ എല്ലാവരും ബാധ്യസ്ഥരാണെന്നും നൽകാത്തവർക്കെതിരെ കർശനനടപടികൾ ഉണ്ടാകുമെന്നും മുന്നറിയിപ്പു നൽകി. മലബാറിലാകമാനം ബ്രിട്ടീഷ് വിരുദ്ധ മനോഭാവം എളുപ്പം വളരാൻ ഇതുകാരണമായി. നികുതിപിരിവിന് പുതിയ ഉദ്യോഗസ്ഥരെ നിയമിച്ചതോടെ നിരന്തരം തർക്കങ്ങൾ ഉണ്ടായി.

രാജാധികാരം വെട്ടിക്കുറച്ചതിനെയും നികുതിപിരിവധികാരം എടുത്തുമാറ്റിയതിനെയും ചോദ്യംചെയ്ത രാജാവായിരുന്നു പഴശ്ശിയിലെ കേരളവർമ്മ. പഴശ്ശിയുടെ നേതൃത്വത്തിൽ മലബാറിൽ നടന്ന കലാപം കമ്പനി മേധാവികളെ കണക്കിലേറെ കുഴക്കി. ആദ്യകാലത്ത് കമ്പനി പിരിവിലും മറ്റും പിന്തുണയേകിയിരുന്നവരിൽ ഒരാളായിരുന്നു കേരളവർമ്മ. എന്നാൽ ബ്രിട്ടീഷുകാരുടെ യഥാർത്ഥതാൽപര്യം തിരിച്ചറിയാൻ തുടങ്ങിയതോടെ അവർക്കെതിരെയുള്ള കലാപങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. കമ്പനിയോട് പോരടിച്ചുനിൽക്കാൻ തങ്ങൾക്ക് കഴിയില്ലെന്നു കേരളവർമ്മയ്ക്ക് അറിയാമായിരുന്നു. രാജകുടുംബത്തിലെ അന്തഃഛിദ്രങ്ങളിൽ കമ്പനി തന്നോടൊപ്പം നിൽക്കുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു. എന്നാൽ അതുണ്ടായില്ല. ഈ ഘട്ടത്തിലാണ് അദ്ദേഹം കമ്പനിക്കെതിരെ പട കൂടിയത്.

### എതിർപ്പുകൾ കൂടുന്നു

ബ്രിട്ടീഷ് സൗഹൃദവും തുടർന്നുള്ള ഉടമ്പടികളും വഴി കൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങൾ ഈസ്റ്റിന്ത്യാ കമ്പനിയുടെ മേധാവിത്വം അംഗീകരിച്ചു. തിരുവിതാംകൂറിലെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ തുടങ്ങിയ കമ്പനിക്കെതിരെ ദിവാൻ വേലുത്തമ്പിദളവ സ്വതന്ത്രമായ ചില നിലപാടുകൾ സ്വീകരിച്ചു. ഭണ്ഡാരത്തിൽനിന്ന് വൻതുക കൈപ്പറ്റാനുള്ള ബ്രിട്ടീഷ് പദ്ധതികളെയാണ് ദിവാൻ എതിർത്തത്. ദിവാൻ പദവി നഷ്ടപ്പെടുന്നതിന് പോലും ഇത് കാരണമായി. ബ്രിട്ടീഷ് വിരുദ്ധമനോഭാവം ശക്തമാക്കി ചെറുത്തു

നിൽപ്പുനടത്താൻ പിന്നീട് അദ്ദേഹം ശ്രമിച്ചു. 1809ലെ 'കുണ്ടറ വിളംബരം' അതിന്റെ ഭാഗമായിരുന്നു. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ കൊച്ചി രാജ്യത്ത് ദിവാനായിരുന്ന പാലിയത്തച്ചനും കലാപമുയർത്തി. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതിപരിഷ്കാരങ്ങൾക്കെതിരെയുള്ള പ്രതികരണമായിരുന്നു വയനാട്ടിലെ കുറിച്യക്കലാപം. നികുതിയായി സാധനങ്ങൾ കൊടുത്തുകൊണ്ടിരുന്നവരായിരുന്നു കുറിച്യർ. എന്നാൽ സാധനങ്ങൾക്കുപകരം വർദ്ധിപ്പിച്ച നികുതി പണമായി മാത്രമേ സ്വീകരിക്കൂ എന്ന പ്രഖ്യാപനം ഉണ്ടായി. ഇത് വലിയ എതിർപ്പിന് കാരണമായി. നികുതി കുടിശ്ശിക വരുത്തിയവരുടെ സ്വത്ത് പിടിച്ചെടുക്കുക, കുടിലുകൾ ആക്രമിക്കുക, വീട്ടുപകരണങ്ങൾ എടുത്തുകൊണ്ടുപോകുക, കുടിയൊഴിപ്പിക്കുക എന്നിവ നടപ്പിലാക്കി. ഇതോടെ ബ്രിട്ടീഷുകാർക്കെതിരെ സ്വാഭാവികമായ എതിർപ്പ് രൂപപ്പെട്ടു. അതൊരു തുറന്ന കലാപമായി മാറി. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ സാധാരണ ജനങ്ങളുടെ നേതൃത്വത്തിൽ നടന്ന ഒരു ജനകീയ മുന്നേറ്റമായിരുന്നു കുറിച്യക്കലാപം.



ബ്രിട്ടീഷ് വിരുദ്ധകലാപങ്ങൾക്ക് അടിത്തറയായത് പ്രധാനമായും അവരുടെ നികുതി പിരിവിലെ മാറ്റങ്ങളും നാടിനെ സാമ്പത്തികമായി ചൂഷണം ചെയ്യാനുള്ള ശ്രമങ്ങളുമാണ്. വേലുത്തമ്പി, കേരളവർമ്മ എന്നിവരുടെ ചെറുത്തു നില്പുകളും കുറിച്യക്കലാപവും വിലയിരുത്തി ഈ പ്രസ്താവന പരിശോധിക്കുക.

ബ്രിട്ടീഷ് ഭരണം വരുന്നതിനുമുമ്പ് ഗ്രാമങ്ങൾ ഏതാണ്ട് സ്വയം പര്യാപ്തങ്ങളായിരുന്നു. നിത്യവൃത്തിക്കുള്ള വകകളും ഉടുതുണിയും മറ്റാവശ്യങ്ങളൊക്കെയും അതതുഗ്രാമത്തിൽതന്നെ ലഭ്യമായിരുന്നു. അതതു ദേശത്തു കിട്ടാത്തതുമാത്രം പുറമെനിന്നു വരുത്തി. കമ്പനി ഭരണം വന്നതോടെ നാടൻ ചരക്കുകളുടെ ഉത്പാദനം ക്ഷീണിച്ചു. അതിനുപകരം ഇംഗ്ലണ്ടിലെ ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്തു.

ഇംഗ്ലണ്ടിലെ ഫാക്ടറികൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ ചുരുങ്ങിയ വിലയ്ക്ക് അവർ ഇവിടെനിന്നും കടത്തിക്കൊണ്ടുപോയി. ഇംഗ്ലണ്ടിലുണ്ടാക്കിയ വ്യാവസായിക ഉത്പന്നങ്ങൾ കൂടിയ വിലയ്ക്ക് ഇവിടത്തുകാരിൽ അടിച്ചേല്പിച്ചു. ചരക്കുകളുടേയും സൈന്യത്തിന്റെയും നീക്കത്തിന് വേഗത കൂട്ടാൻ റോഡുകളും പാലങ്ങളും റെയിൽപാളങ്ങളും പണിതു. ഏതുകുഗ്രാമത്തിലും ബ്രിട്ടീഷുത്പന്നങ്ങൾ ലഭ്യമാകാൻ തുടങ്ങി. ഫലമോ? ഗ്രാമീണതൊഴിൽ മേഖല തകർന്നു. കുടുംബങ്ങൾ പട്ടിണിയിലായി. ഇംഗ്ലണ്ടിലെ മുതലാളിമാർക്ക് വൻതോതിൽ ലാഭമുണ്ടാക്കാൻ നമ്മുടെ നാട് നല്ലൊരു കളമായി.

ജനജീവിതത്തെ ദുസ്സഹമാക്കുന്ന നടപടിയായിരുന്നു വിഭവങ്ങളുടെ വ്യാപാരകുത്തക കൈയടക്കുന്നതിലൂടെ ഈസ്റ്റിന്ത്യാകമ്പനി സ്വീകരിച്ചത്. ഉപ്പ്, പുകയില, തടി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വ്യാപാരം കമ്പനിയുടെ അധീനതയിൽ വന്നു. ഇതോടെ ഈ വസ്തുക്കൾക്ക് വിലക്കയറ്റം ഉണ്ടായി. പാവപ്പെട്ടവർ ഇതുമൂലം വളരെ കഷ്ടത്തിലായി.

മലബാറിലെ തേക്കുവ്യവസായം കമ്പനി കുത്തകയാക്കിയതോടെ ഈർച്ചപ്പണിക്കാരും മരക്കച്ചവടക്കാരും ദുരിതത്തിലായി. ഗുണമേന്മയോ വലിപ്പച്ചെറുപ്പമോ കണക്കാക്കാതെ പാവപ്പെട്ടവരടക്കമുള്ള എല്ലാവരുടെയും വീടുകൾക്ക് നികുതി ചുമത്തി കമ്പനി വരുമാനം കൂട്ടാൻ ശ്രമിച്ചു.

### അധികനികുതികൾ

*ഭൂനികുതിക്കും ഉപ്പ്, പുകയിലാദികൾക്കും ഈടാക്കിയ നികുതിക്കുപുറമെ ഈസ്റ്റിന്ത്യ കമ്പനിയുടെ നികുതിവ്യവസ്ഥയുടെ കരാളഹസ്തങ്ങൾ മറ്റു നിത്യോപയോഗ വസ്തുക്കളുടെ മേലും പിടിമുറുക്കി. മറ്റ് അമ്പതോളം വ്യത്യസ്തങ്ങളായ നികുതികൾ കൂടി ജനങ്ങളിൽ നിന്നും ഈടാക്കാൻ തുടങ്ങി. വീട്, കടകൾ, കന്നുകാലി, കടത്ത്, മീൻവല, തറികൾ, കള്ള്, ചാരായം, വെട്ടുകത്തികൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയായിരുന്നു. ഫലത്തിൽ ഒന്നും സർക്കാരിന്റെ പിടിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല.*

ഉപ്പിന്റെയും പുകയിലയുടെയും കുത്തക യിൽനിന്നുള്ള വരുമാനം കാർഷികാദായ നികുതിയുമായി താരതമ്യം ചെയ്ത പട്ടിക.

| വർഷം | ഉപ്പ് | പുകയില | ആകെ | ഭൂനികുതി |
|---|---|---|---|---|
| 1809–13 | 1,30,756 | 21,426 | 1,52,182 | 17,18,782 |
| 1819–23 | 1,84,517 | 2,21,267 | 3,04,784 | 17,45,587 |
| 1829–33 | 2,44,363 | 4,14,125 | 6,58,488 | 15,48,839 |
| 1839–43 | 3,40,121 | 5,34,006 | 8,74,127 | 16,40,098 |
| 1849–53 | 3,35,870 | 4,88,270 | 8,24,140 | 16,35,574 |

(അവലംബം; പേജ് 31, *മലബാർ കലാപം പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കുമെതിരെ കെ.എൻ. പണിക്കർ*)

## നികുതി ഇങ്ങനെയും

*ചെറുകിട നികുതികൾ വഴി സർക്കാർ ഖജനാവിലേക്ക് വമ്പിച്ച തുക സമാഹരിക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചു. ഇതിനാൽ ജനങ്ങൾ അനുഭവിച്ച പ്രയാസങ്ങളുടെ ഉദാഹരണങ്ങൾ നോക്കൂ.*

*വനങ്ങളിൽ നിന്ന് വിറകുകൊള്ളികൾ ശേഖരിച്ച് ഉപജീവനം നടത്തിയ സ്ത്രീകൾക്ക് നികുതി കൊടുക്കാതെ വിറകുകെട്ടുകൾ കൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ല.*

*പുഴകടന്നു പോകേണ്ടിയിരുന്നവർക്കും നികുതി കൊടുക്കേണ്ടിയിരുന്നു. കടത്തുനികുതിയിൽ നിന്ന് ഒഴിവായിക്കിട്ടാൻ പലരും പുഴനീന്തിക്കടക്കാൻ ശ്രമിക്കവെ മുങ്ങിമരിക്കുകയുമുണ്ടായി.*

### ചൂഷണം എളുപ്പത്തിൽ

ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനിയമങ്ങൾ ഒട്ടേറെ ദുരിതങ്ങൾ സൃഷ്ടിച്ചതായി കാണാം.

- ഭൂനികുതി പണമായി ചുമത്താൻ തുടങ്ങി.
- ഭൂനികുതി ഏറിയതോതിൽ വർദ്ധിപ്പിച്ചു.
- യഥാർത്ഥ കൃഷിക്കാർക്ക് ഭൂമിയിലുള്ള അവകാശം നിഷേധിച്ചു.
- എല്ലാ ഭൂമിയുടെയും അവകാശം ജന്മിമാർക്കു മാത്രമായി.
- ജന്മിമാർക്ക് കൂടുതൽ അധികാരങ്ങളും അവകാശങ്ങളും അനുവദിച്ചുകൊടുത്തു.
- ജന്മിമാരുടെ ചൂഷണവും ക്രൂരതയും മുമ്പെന്നത്തേക്കാളും വർദ്ധിച്ചു.

ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ തങ്ങൾക്കിഷ്ടമില്ലാത്ത പഴയ കുടിയാന്മാരെ ഒഴിപ്പിക്കും. കൂടുതൽ പാട്ടം നൽകാൻ തയ്യാറായ കുടിയാന്മാർക്ക് ആ ഭൂമി ഏൽപ്പിച്ചുകൊടുക്കും. ഓരോ ജന്മിയും പാട്ടത്തിനുപുറമേ കുടിയാന്മാരിൽ നിന്നും പലരീതിയിലുള്ള മാമൂലുകളും പിരിച്ചെടുത്തു. പൊളിച്ചെഴുത്തു പോലുള്ള ഏർപ്പാടുകൾ കുടിയാന്മാരുടെ നില ദയനീയമാക്കി.

## പൊളിച്ചെഴുത്തും മേൽച്ചാർത്തും

*പന്തീരാണ്ടുകൂടുമ്പോൾ കുടിയാൻ ജന്മിയുമായുള്ള കരാർ പുതുക്കണം. ഇതാണ് പൊളിച്ചെഴുത്ത്. ഈ സമയത്ത് ജന്മി പലതരത്തിലുള്ള പിരിവുകളും കുടിയാനിൽനിന്ന് ഈടാക്കും. കൂടുതൽ പാട്ടം നൽകാൻ തയ്യാറുള്ള കുടിയാന് പഴയ കുടിയാനെ ഒഴിവാക്കി ഭൂമി ചാർത്തികൊടുക്കുന്ന ഏർപ്പാടിന് മേൽച്ചാർത്ത് എന്നു പറയും. ഇതു രണ്ടും കുടിയാന്മാരെ ഏറെ വലച്ചു.*

ജന്മിയും അയാളുടെ കാര്യസ്ഥനും എന്തു പറഞ്ഞാലും കർഷകർ അനുസരിക്കുകയേ നിവൃത്തിയുള്ളൂ എന്ന നിലവന്നു. ഇല്ലെങ്കിൽ ഏറെ ഭവിഷ്യത്തുകൾ നേരിടേണ്ടി വരും. ജന്മിയെപേടിച്ചു കഴിഞ്ഞുകൂടേണ്ടിവന്നരാണ് പാട്ടക്കുടിയാന്മാരും പാട്ടക്കാരും.

ബ്രിട്ടീഷ് സർക്കാരും ജന്മിമാരും പോലീസും കോടതിയും ഒത്തുചേർന്ന് കൃഷിക്കാരെ പരമാവധി ദ്രോഹിക്കാൻ തുടങ്ങി. അസംതൃപ്തരായ കൃഷിക്കാർ പ്രതിഷേധിച്ചു. അവരുടെ വിദ്വേഷവും അതൃപ്തിയും ജന്മിമാർക്കെതിരെയും അവരെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും തിരിഞ്ഞു. ഇത് സംഘടിതസമരങ്ങളായി മാറി. എതിർത്തവരെ മാത്രമല്ല, അവർ താമസിച്ചിരുന്ന പ്രദേശത്തെ ജനങ്ങളെ മുഴുവൻ കൂട്ടപ്പിഴ ചുമത്തി ശിക്ഷിച്ചു. ഇത് കൂടുതൽ വിദ്വേഷം വളർത്തി.



നമ്മുടെ നാടിന്റെ പൈതൃകസമ്പത്ത് കൊള്ളയടിക്കാൻ വേണ്ടി ഉണ്ടാക്കിയ ബ്രിട്ടീഷ്-ജന്മി കൂട്ടുകെട്ടും അവരുടെ നയപരിപാടികളും ഗ്രാമീണജീവിതത്തിന് എന്തെല്ലാം പ്രയാസങ്ങൾ വരുത്തിവച്ചു. ചർച്ച ചെയ്യൂ.

## മലബാറിലെ കർഷകകലാപങ്ങൾ

മാപ്പിളമാരായ ചെറുകിടകർഷകർ, കർഷകത്തൊഴിലാളികൾ, കൈത്തൊഴിലുകാർ, ചെറുകിടകച്ചവടക്കാർ തുടങ്ങിയവരുടെ വ്യത്യസ്തകാലങ്ങളിലെ പ്രതിഷേധമാണ് മലബാറിൽ ബ്രിട്ടീഷുകാർക്കെതിരെയുള്ള കലാപങ്ങളായി രൂപംകൊണ്ടത്. സ്വാതന്ത്ര്യസമരചരിത്രത്തിന്റെ ഭാഗമായി നടന്ന ഈ കലാപങ്ങളിലെ സാധാരണക്കാരുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. മലബാറിൽ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലുള്ള കർഷകരിൽ വലിയൊരു പങ്ക് മുസ്ലീം വിഭാഗത്തിൽപ്പെട്ട മാപ്പിളമാരായിരുന്നു. ഇവരായിരുന്നു കർഷകസമരങ്ങളിൽ ഉൾപ്പെട്ടിരുന്നത്. അതിനാൽ 'മാപ്പിളമാരുടെ' ലഹളകൾ എന്നാണ് ബ്രിട്ടീഷുകാർ ഇതിനെ പരിഹസിച്ച് വിളിച്ചത്.

മൈസൂർ രാജാക്കന്മാർ മലബാറിൽ നടത്തിയ അക്രമങ്ങളെത്തുടർന്ന് ജന്മിമാരും നാടുവാഴികളും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്നു. അവരുടെ അധീനതയിലായിരുന്ന ഭൂമി മാപ്പിളകുടിയാന്മാർക്കു ലഭിക്കുകയുണ്ടായി. അവർ നികുതിയടച്ച് ഭൂമി സ്വന്തമായി ഉപയോഗിച്ചുവന്നു. മലബാർ ബ്രിട്ടീഷ് ആധിപത്യത്തിലായതോടെ തിരുവിതാംകൂറിൽ അഭയംപ്രാപിച്ച ജന്മിമാർ തിരിച്ചുവന്നു. ബ്രിട്ടീഷുകാർ മാപ്പിളമാരിൽ നിന്ന് ഭൂമി ജന്മിമാർക്ക് തിരിച്ചുനൽകി. കർഷകരിൽ നിന്ന് നികുതി പിരിച്ചെടുക്കാനുള്ള ചുമതലയും അവർക്കായി.

ജന്മിമാരുടെയും നാടുവാഴികളുടെയും സഹകരണത്തോടെ മാത്രമേ തങ്ങളുടെ സാമ്രാജ്യത്വ ചൂഷണ ഭരണം നടത്താനാവൂ എന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി. കേരളവർമ്മ എന്ന ഒരൊറ്റ നാടുവാഴിയെ ഒതുക്കാൻ ഏറെ വർഷം ചെലവിടേണ്ടി വന്നത് അവർ മറന്നില്ല. മറ്റു നാടുവാഴികളെല്ലാം ചേർന്ന് ലഹളയ്ക്കൊരുങ്ങിയാൽ തങ്ങളുടെ താൽപ്പര്യങ്ങൾ തടസ്സപ്പെടുമെന്ന് അവർ മനസ്സിലാക്കി. ജന്മി-നാടുവാഴി വിഭാഗത്തെ കയ്യിലെടുത്ത്, അവർ മുഖേന നാട്ടുകാരുടെ പിന്തുണ നേടിയാൽ ഏറെക്കാലം ഭരണം തുടരാം എന്ന് ബ്രിട്ടീഷുകാർ കണക്കാക്കി. കമ്പനിയുടെ അധികാരത്തെ ചോദ്യം ചെയ്യാതെ കഴിയുമ്പോൾ തോന്നിയതുപോലെ പാട്ടം പിരിച്ച് നാട്ടിൽ ഏറെ സ്വാധീനമുള്ളവരായി കഴിയാമെന്ന് ജന്മിമാരും കരുതി. ബ്രിട്ടീഷുകാരുടെ രാഷ്ട്രീയാധികാരത്തിനു കീഴിൽ തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ജന്മിമാരും നാടുവാഴികളും മനസ്സിലാക്കി. അവർക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനവും സാമ്പത്തികമായ അധികാരാവകാശങ്ങളും കൊടുത്ത് ബ്രിട്ടീഷുകാർ നിലകൊണ്ടു. എല്ലാ രംഗത്തും തങ്ങളെ ആശ്രയിച്ചുനിൽക്കുന്ന ഒട്ടേറെ നാട്ടുപ്രമാണിമാരെ സൃഷ്ടിച്ച് അവരിലൂടെ നാട്ടുകാരുടെ മേൽ സർവ്വാധികാരവും നിലനിർത്താൻ ശ്രമിച്ച ബ്രിട്ടീഷ് തന്ത്രത്തിന്റെ ഫലമായിട്ടായിരുന്നു സാമ്രാജ്യത്വ ഭരണത്തിലും കേരളത്തിൽ ജന്മിസമ്പ്രദായം നിലനിന്നത്.

### ജന്മവും കാണവും

*ഭൂമിയുടെ മേൽ പലർക്കും പല അവകാശങ്ങളും ഉണ്ടായിരുന്നു. ഇതിൽ ഏറ്റവും ഉയർന്ന അവകാശത്തിനു ജന്മം എന്നു പറയും. ജന്മാവകാശമുള്ള ആൾ ജന്മി. ജന്മിക്കു ഒരു നിശ്ചിത തുക ഈടായി നൽകി ഭൂമി കൃഷിക്ക് ഏറ്റെടുത്തു വാങ്ങുന്നതിന് കാണം എന്നുപറയും. ഇങ്ങനെ ഏറ്റെടുക്കുന്ന ആൾ കാണക്കുടിയാൻ. കാണക്കുടിയാൻ നിശ്ചിത സംഖ്യ നെല്ലായോ പണമായോ ജന്മിക്കു കൊടുക്കണം ഇതു പാട്ടം. ഇതിൽനിന്ന് കാണസംഖ്യയുടെ പലിശ കിഴിക്കും. കാണാവകാശത്തിന്റെ കാലാവധി പന്ത്രണ്ടുവർഷം. ഈടൊന്നും കൊടുക്കാതെ ജന്മിയോട് ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്തവരെ വെറുമ്പാട്ട കുടിയാന്മാർ എന്നു പറയും.*

ജന്മിമാർ അമിതമായ പാട്ടം ചുമത്തി കർഷകരെ ദ്രോഹിച്ചു. ബ്രിട്ടീഷ്-ജന്മി കൂട്ടുകെട്ടിന്റെ ഫലമായിരുന്നു ഇത്. മാപ്പിളമാരായ കർഷകരിലേറെയും ചെറുകിടകുടിയാന്മാരും കർഷകത്തൊഴിലാളികളുമായിരുന്നു. കനത്ത പാട്ടം ഈടാക്കാൻ തുടങ്ങിയത് അവരിൽ അമർഷത്തിന്റെ വിത്തുപാകി. ടിപ്പുവിന്റെ സഹായികളായിരുന്നു എന്നു മുദ്രകുത്തി ബ്രിട്ടീഷുകാരും ജന്മിമാരും മാപ്പിളമാരായ കുടിയാന്മാരോടും കർഷകത്തൊഴിലാളികളോടും പ്രത്യേകം ശത്രുത വച്ചുപുലർത്തി. ഇത് കലാപങ്ങളിലാണ് കലാശിച്ചത്. കലാപകാരികൾ മാപ്പിളമാരും കലാപത്തിനിരയായവർ ഹിന്ദുജന്മിമാരും അവരുടെ സഹായികളായ ഉദ്യോഗസ്ഥന്മാരുമായതിനാൽ ഈ കർഷകസമരങ്ങളെ വർഗ്ഗീയകലാപങ്ങളായി ബ്രിട്ടീഷുകാർ പ്രചരിപ്പിച്ചു. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം ബ്രിട്ടീഷുകാർ ഇവിടെയും പ്രയോഗിച്ചു. വർഗീയ വേർതിരിവുണ്ടാക്കി സമൂഹത്തിൽ വിദ്വേഷം വളർത്തി ലഹളക്കാരെ ഒതുക്കാനുള്ള നികൃഷ്ടമായ പ്രവർത്തനങ്ങൾ നടത്താൻ ജന്മിമാരും മറ്റും ബ്രിട്ടീഷുകാർക്ക് കൂട്ടുനിന്നു.

### പണ്ടാരപ്പാട്ടവിളംബരം

ബ്രിട്ടീഷ് ഭരണം വന്നതോടെ തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിലും ജന്മിനാടുവാഴി വിഭാഗത്തെ നിലനിർത്തുന്ന സാഹചര്യം ഉണ്ടായി. തിരുവിതാംകൂറിൽ ഭൂവുടമാബന്ധങ്ങളിൽ മാറ്റം വരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. മാർത്താണ്ഡവർമ്മയുടെ കാലത്ത് കൃഷിയാവശ്യങ്ങൾക്കായി പണ്ടാരവക (സർക്കാർ) ഭൂമി ക്രിസ്ത്യാനികൾക്കും മുസ്ലീംങ്ങൾക്കും പാട്ടത്തിനു കൊടുത്തിരുന്നു. പിന്നീട് ഈഴവർക്കും മറ്റു പിന്നാക്കക്കാർക്കും ഭൂമി നൽകാൻ തുടങ്ങി. കൃഷി വർദ്ധിപ്പിച്ച് നികുതിപിരിവ് നടത്തി ഖജനാവിലേക്ക് വരുമാനം കൂട്ടുക എന്നതായിരുന്നു ലക്ഷ്യം. ബ്രിട്ടീഷുകാർക്ക് കപ്പം കൊടുക്കാനും പട്ടാളത്തെ തീറ്റിപ്പോറ്റാനും പണം കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഇതാണ് വിളംബരത്തിനു പ്രേരണയായത്.

കൃഷിയിലൂടെയും കുരുമുളക്, ഏലം തുടങ്ങിയവയുടെ കച്ചവടത്തിലൂടെയും സമ്പന്നരായ ഒരു വിഭാഗം തിരുവിതാംകൂറിൽ വളർന്നുവരാൻ തുടങ്ങി. ക്രമേണ ഭൂമിയുടെ കൈവശാവകാശം ഉടമാവകാശമാക്കിയെടുക്കാൻ ഇക്കൂട്ടർ ശ്രമിച്ചു. ഇതിനായി പ്രക്ഷോഭങ്ങൾ നടത്തി. ഒടുവിൽ തിരുവിതാംകൂർ സർക്കാർ ഈ ആവശ്യം അനുവദിച്ചു. പണ്ടാരപ്പാട്ടവിളംബരത്തിലൂടെ പണ്ടാരവക ഭൂമി കൈവശം വെച്ചനുഭവിക്കുന്നവർക്ക് ഉടമസ്ഥാവകാശവും പിന്തുടർച്ചാവകാശവും കൈമാറ്റാവകാശവും നൽകുന്നതായിരുന്നു ഈ വിളംബരം.

പണ്ടാരപ്പാട്ടവിളംബരവും തുടർന്നുവന്ന ജന്മി-കുടിയാൻ വിളംബരവും പ്രകാരം യഥാർത്ഥകൃഷിക്കാരന് ഉടമസ്ഥാവകാശം ലഭിക്കുകയുണ്ടായില്ല. പണ്ടാരവകയോ ദേവസ്വം വകയോ ബ്രഹ്മസ്വം വകയോ ഉള്ളഭൂമി കൈവശം വച്ചിരുന്നവർക്ക് മാത്രമാണ് ഉടമസ്ഥാവകാശം ലഭിച്ചത്. യഥാർത്ഥകർഷകർ ഇതിൽ നിന്ന് പുറത്തായി. അവർ കൊടിയ പീഡനങ്ങൾക്ക് വിധേയരാവുകയും ചെയ്തു. കുടിയാന്മാരിൽ നിന്ന് കൂടുതൽ പാട്ടം ഈടാക്കി. ഇതു നൽകാൻ കഴിയാത്ത കുടിയാനെ ഒഴിവാക്കി പുതിയ ആൾക്ക് കൃഷി നടത്താനുള്ള അവകാശം ജന്മിമാർ നൽകി. യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവനെ കൃഷിഭൂമിയിൽ നിന്നും ഒഴിവാക്കാൻ ജന്മിമാർ നടപടികൾ തുടങ്ങി. തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലുണ്ടായിരുന്ന ജന്മിമാരുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥരും പോലീസും കോടതിയും നിലകൊണ്ടു.

പാട്ടക്കുടിയാന്മാരുടെ പ്രശ്നങ്ങൾ ഗുരുതരമായി തുടർന്നു. അവരുടെ പ്രതിഷേധം പ്രക്ഷോഭമായി വളർന്നു. സ്വാതന്ത്ര്യസമരകാലഘട്ടത്തിലും പിന്നീടും ഇവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ സംഘടിത കർഷക പ്രസ്ഥാനങ്ങൾ തയ്യാറായി.

പണ്ടാരപ്പാട്ടവിളംബരവും ജന്മി-കുടിയാൻ വിളമ്പരവും കർഷകരുടെ ദുരിതങ്ങൾ പെരുപ്പിച്ചെങ്കിലും ഭൂമിയുടെ ക്രയവിക്രയത്തിന് അനുകൂലമായ സാഹചര്യം ഒരുക്കി. ഇതോടെ കൃഷിഭൂമിയുടെ ഉപയോഗത്തിൽ വമ്പിച്ച മാറ്റങ്ങൾ വരാൻ തുടങ്ങി.



പണ്ടാരപ്പാട്ടവിളംബരവും ജന്മി-കുടിയാൻ വിളംബരവും ഭൂവുടമസ്ഥതയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെ? കർഷകർക്ക് ഈ മാറ്റങ്ങൾ എത്രമാത്രം സഹായകമായി? ചർച്ച ചെയ്യുക.

### തോട്ടവിള

നെൽക്കൃഷിയുടെ സ്ഥാനത്ത് നാണ്യവിളകളുടെ കൃഷി പലയിടത്തും വ്യാപകമായി. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട വിളകൾക്ക് ഏറെ പ്രചാരം കിട്ടി. അതുവരെ വനമേഖലയായിരുന്ന ഹൈറേഞ്ചുപ്രദേശങ്ങൾ തോട്ടവിളകൾക്കും നാണ്യവിളകൾക്കും ഉപയോഗിച്ചു തുടങ്ങി. ആദ്യമൊക്കെ ഇംഗ്ലീഷുകാരുടെ ഉടമയിലുള്ള വലിയതോട്ടങ്ങൾ ഉണ്ടായി. പിന്നെപ്പിന്നെ സമതലങ്ങളിൽ നിന്നു കുടിയേറ്റം ആരംഭിച്ചു. മധ്യതിരുവിതാംകൂറിൽ നിന്ന് ആദ്യം ഹൈറേഞ്ചിലേക്കും പിന്നീട് മലബാറിലെ വനമേഖലയിലേക്കും കുടിയേറ്റം വ്യാപിച്ചു. കുടിയേറ്റക്കാരിലേറെയും വിസ്തൃതമായ തോട്ടങ്ങൾക്കുടമകളായി. അങ്ങനെ കേരളത്തിന്റെ മലയോരം നാണ്യവിളകളുടെ ഉല്പാദനഭൂമിയായി.

*'... കുറേക്കാലമായി മലബാറിൽ കുറെ സ്ഥലം വാങ്ങാൻ ദേവസ്യച്ചൻ ആലോചിച്ചു നടക്കുകയായിരുന്നു. തന്റെ കരയിൽ നിന്നുതന്നെ പത്തോ അമ്പതോ വീട്ടുകാർ ഇതിനകം വണ്ടി കേറി മലബാറിനു പോയിക്കഴിഞ്ഞിരുന്നു. തിരുവിതാംകൂറിലാണെങ്കിൽ യാതൊന്നും വളരാത്ത ഊഷരഭൂമിക്കു കൂടി ഏക്കറിനു നൂറും ഇരുനൂറും ഉറുപ്പിക വിലയായിക്കഴിഞ്ഞു. മലബാറിലാണെങ്കിൽ നല്ല കാടിന് ഏക്കറിന് നാലോ അഞ്ചോ ഉറുപ്പിക കൊടുത്താൽ മതിയാകുമെന്നാണ് കേൾക്കുന്നത്. ജന്മമായിരിക്കില്ല. അമ്പതോ അറുപതോ കൊല്ലക്കാലത്തേക്കുള്ള പാട്ടം. അതു പുതുക്കിക്കിട്ടാനുള്ള സാധ്യതയും പാട്ടസംഖ്യയും തുച്ഛമായിരിക്കും. അതുപോലെ തന്നെ നികുതിയും. വസ്തുവിൽ നിന്നു പറഞ്ഞയയ്ക്കുന്ന കാലത്തു നല്ല ദേഹണ്ഡവിലയും കിട്ടും...' (കാട് ഇ. എം. കോവൂർ)*



ഭൂവുടമസ്ഥതയിൽ വന്ന മാറ്റം കാർഷികരംഗത്ത് വരുത്തിയ മാറ്റങ്ങൾ ചർച്ച ചെയ്യുക. ഇവ കാർഷിക പുരോഗതിക്ക് അനുഗുണമായിരുന്നോ?

### മൂലധനനിക്ഷേപം

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ബ്രിട്ടീഷുകാർ കേരളത്തിൽ മൂലധനനിക്ഷേപമാരംഭിച്ചിരുന്നു. ആദ്യം മലനാട്ടിലെ തോട്ടം മേഖലയിലാണ് ഇതുണ്ടായത്. കാപ്പി, തേയില മുതലായ തോട്ടങ്ങൾക്കായിരുന്നു അവർ പണം മുടക്കിയത്. മർഡോക്ക് ബ്രൗൺ, കണ്ണൻ ദേവൻ കമ്പനി, ഈ ആൻഡ് എസ് കമ്പനി, മലയാളം പ്ലാന്റേഷൻസ് എന്നിവ ഇതിനുദാഹരണങ്ങളാണ്. തിരുവിതാംകൂറിൽ ഒന്നരലക്ഷം ഹെക്ടറും മലബാറിൽ അമ്പതിനായിരം ഹെക്ടറും കൊച്ചിയിൽ ഇരുപത്തി അയ്യായിരം ഹെക്ടറും തോട്ടഭൂമി ബ്രിട്ടീഷുകാർക്കുണ്ടായിരുന്നു. ആയിരക്കണക്കിനു തൊഴിലാളികൾ ഇവയിൽ പണിയെടുത്തിരുന്നു. തമിഴ്നാട്ടിൽനിന്നും കേരളത്തിൽ നിന്നുള്ളവരുമായിരുന്നു അവർ. തോട്ടം മേഖലയ്ക്കു പുറമെ കച്ചവടം, ബാങ്കിങ്ങ് എന്നീ മേഖലകളിലും ബ്രിട്ടീഷുകാർ മൂലധനം മുടക്കി. തോട്ടം, വ്യാപാര സ്ഥാപനങ്ങൾ, ബാങ്ക് തുടങ്ങിയ അമ്പതിൽപ്പരം സ്ഥാപനങ്ങളിൽ മുതൽമുടക്കിയ ഹാരിസൺ ആൻഡ് ക്രോസ്ഫീൽസ് കമ്പനി ഉദാഹരണം.

പിയേഴ്സ് ലസ്ലി, ആസ്പിൻവാൾ എന്നീ കമ്പനികളും കേരളത്തിൽ മൂലധനമിറക്കി. ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽ ബാങ്ക്, ചാർട്ടേഡ് ബാങ്ക് എന്നിവയായിരുന്നു പ്രധാന പണമിടപാടു സ്ഥാപനങ്ങൾ. എല്ലാ കമ്പനികളും കൂടിച്ചേർന്ന് 1857-ൽ കൊച്ചിയിൽ ചേമ്പർ ഓഫ് കോമേഴ്സ് സ്ഥാപിച്ചു. ഇത് കേരളവും ലോകകമ്പോളവുമായി ബന്ധം സ്ഥാപിക്കാൻ ഇടയേകി. ബ്രിട്ടീഷ് മൂലധനം അതിനെ ബന്ധിപ്പിക്കുന്ന കണ്ണിയായി.

ഇതോടെ തൊഴിലാളികളും കൃഷിക്കാരും പരമ്പരാഗത തൊഴിൽമേഖലവിട്ട് ഓട്, കയർ തുടങ്ങിയ വ്യവസായമേഖലകളിലേക്ക് നീങ്ങി. പൊതുമരാമത്ത്, പോലീസ്, പട്ടാളം തുടങ്ങിയ സേവന രംഗങ്ങളിലേക്കും കുറേപ്പേരെ നിയമിച്ചു. സാമൂഹ്യബന്ധങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാവാൻ ഇതുകാരണമായി. കേരളത്തിലെ വിദ്യാഭ്യാസവ്യാപനത്തിന് പ്രേരണയായതും ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റമാണ്.



സാമ്രാജ്യത്വവികസനത്തിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള കോളനികളിൽ മുതലാളിത്ത രാജ്യങ്ങൾ മൂലധനനിക്ഷേപം നടത്തിയത് നാം കണ്ടു. ബ്രിട്ടീഷ് കമ്പനികൾ കേരളത്തിൽ നടത്തിയ മൂലധനനിക്ഷേപം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ ഏതെല്ലാം തരത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്? ചർച്ച ചെയ്യൂ.

### കർഷകസംഘം

കർഷകരുടെ കഷ്ടപ്പാടുകൾക്ക് അറുതിവരുത്താൻ കർഷകർ സംഘടനകൾ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. കർഷകരുടെ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താനും അവരുടെ ദീനമായ ജീവിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനും ദീർഘകാലം പൊരുതേണ്ടിവന്നു. അഖിലമലബാർ കർഷക സംഘം കേരളത്തിലെ ആദ്യകാലത്തെ കർഷക കൂട്ടായ്മയാണ്.

ഉല്പാദനപ്രക്രിയയിൽ ഇടപെട്ട് സമൂഹത്തിന്റെ പുരോഗതിയിൽ നിർണായകമായ സ്വാധീനം ചെലുത്തിയ കർഷകർക്കെതിരെ ഉണ്ടായ വിലക്കുകൾ

ക്കെതിരെ രൂപപ്പെട്ട പ്രതിഷേധത്തിന്റെ ഫലമായാണ് കേരളത്തിൽ കർഷകപ്രസ്ഥാനം മുളപൊട്ടിയത്.

കർഷകരുടെ അന്നത്തെ അവസ്ഥയെ സ്വതന്ത്ര ഇന്ത്യയിലെ മലബാറിൽനിന്നുള്ള ആദ്യ ജനപ്രതിനിധിയായ എ കെ ഗോപാലൻ തന്റെ ആത്മകഥയിൽ വിവരിച്ചതു നോക്കൂ:

*"കർഷകരുടെ അവസ്ഥ ...ദയനീയമാണ്; താങ്ങാനാവാത്ത കരം, കടം, പാട്ടം. ജന്മിയുടെ ഇഷ്ടക്കേടിനനുസരിച്ചും ദുഃഖം, തിടുക്കം തുടങ്ങിയ മനോഭാവവ്യത്യാസങ്ങളനുസരിച്ചും അവൻ നഷ്ടം സംഭവിക്കുന്നു. ജന്മിയുടെ വീട്ടിലെ ഓരോ ജനനവും മരണവും കുടിയാന്റെ ഭാരം കൂട്ടുന്നു. ഓരോ അവസരത്തിലും അവൻ കൂലിയില്ലാതെ കുറേ പണിയെടുക്കണം. അവൻ ജന്മിയുടെ കന്നുകാലികളെ കൂലിയില്ലാതെ നോക്കണം. വാതിൽ കാക്കണം. തലകുനിച്ചുകൊണ്ടു വഴിമാറണം. അവൻ നല്ല വസ്ത്രങ്ങൾ ധരിക്കാൻ പാടില്ല. അവൻ ഉടുക്കുന്ന മുണ്ടു മുട്ടുവരെ എത്തരുത്. അവൻ വണ്ണം വയ്ക്കാൻ പാടില്ല. അവന്റെ സ്ത്രീകൾ സുന്ദരികളാകരുത്. വിജ്ഞാനദീപം കർഷകന്റെ മനസ്സിനെ പ്രകാശിപ്പിക്കരുത്. കർഷകൻ അടുത്തു വരികയോ സ്പർശിക്കയോ ചെയ്യരുത്.*

*നടൽ, വളമിടൽ, കായികാധ്വാനം, മഴ, കാവൽകിടക്കൽ ഇതൊന്നും ജന്മി സ്വയം സഹിക്കുകയില്ല. ഭൂമി അവന്റേതാണെന്നുള്ള സർക്കാരിന്റെ അധികാരമുദ്രമാത്രമാണ് ജന്മിയുടെ അവകാശം. കൊടുങ്കാറ്റോ, വെള്ളപ്പൊക്കമോ, മഴയില്ലായ്മയോ മറ്റു കെടുതികളോമൂലം കൃഷിപ്പിഴ വന്നാൽ അതു ജന്മിയെ ബാധിക്കുകയില്ല. വിലക്കുറവിനെയും അയാൾ കണക്കാക്കുകയില്ല. 'നേരത്തെ സമ്മതിച്ചത് എനിക്കു കിട്ടണം' അല്ലെങ്കിൽ അയാൾക്കതുവാങ്ങികൊടുക്കാൻ സർക്കാരും നിയമവുമുണ്ട്. പക്ഷേ കർഷകനു ശത്രുമിത്രങ്ങളെ തിരിച്ചറിയുക വിഷമമാണ്. ലോകം മുഴുവൻ അവനെതിരാണെന്ന് അവൻ കരുതുന്നു. ജന്മിത്വവ്യവസ്ഥിതിയുടെ അജ്ഞതകളും അന്ധവിശ്വാസങ്ങളും അവൻ മുറുകെപ്പിടിക്കുന്നു. ഈ ജീവിതത്തിൽ അതിനപ്പുറം ഒരടിവയ്ക്കാൻ പോലും അവനു ധൈര്യമില്ല. 'ഒരു തുള്ളിക്കഞ്ഞിക്കായെരിയുന്ന കർഷകർ ഇരുകാലിമാടുകളായിരുന്നു' എന്നു കവി പാടിയതു കർഷകരെ സംബന്ധിച്ചിടത്തോളം പൂർണസത്യമാണ്." (എന്റെ ജീവിത കഥ, പേജ്-63)*

## വിദ്യാഭ്യാസം കേരളത്തിൽ

എഴുത്തുപള്ളികൾ, ശാലകൾ, ഗുരുകുലങ്ങൾ, സഭാമഠങ്ങൾ, കളരികൾ തുടങ്ങിയവയായിരുന്നു പഴയകാലത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ. സമൂഹത്തിലെ ഭൂരിഭാഗം വരുന്ന ജനങ്ങൾക്കും ഈ ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളുമായി യാതൊരു ബന്ധവുമില്ലായിരുന്നു പ്രത്യേകിച്ച് കീഴ്ജാതിക്കാരായി വേർതിരിക്കപ്പെട്ട ജനവിഭാഗത്തിനും സ്ത്രീകൾക്കും. സങ്കീർണമായ ജാതിവ്യവസ്ഥയും വിദ്യാഭ്യാസം സംബന്ധിച്ച കാഴ്ചപ്പാടും ഈ അവസ്ഥ തുടരാൻ പറ്റിയ സാഹചര്യമൊരുക്കി.

## മിഷനറിമാർ

ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ മതപ്രചാരണം മുഖ്യലക്ഷ്യമായി കേരളത്തിൽ വന്ന മിഷനറിമാരാണ് കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിക്കുന്നത്. ജാതി അടിസ്ഥാനത്തിലല്ലാതെ പൊതുവിദ്യാഭ്യാസത്തിനുള്ള കേന്ദ്രങ്ങളാണ് ഇവർ സ്ഥാപിച്ചത്. വിദ്യാഭ്യാസരംഗത്തു നിലനിന്ന പിന്നോക്കസാഹചര്യങ്ങളിൽ തെല്ലെങ്കിലും മാറ്റം ഉണ്ടാക്കാൻ ഇത് ഇടയാക്കി.

മിഷനറിമാരുടെ വരവും തുടർന്ന് അവർ സ്ഥാപിച്ച പൊതുവിദ്യാലയങ്ങളും ബ്രിട്ടീഷ് ഭരണകൂടത്തിന് ഏറെ സഹായകമായി. തങ്ങളുടെ ഭരണനയത്തിന് അനുകൂലമായ പ്രചാരണവും ഇംഗ്ലീഷ് ജീവിതശൈലിയുടെ വ്യാപനവും സുഗമമായി നടന്നു. നാട്ടുരാജാക്കന്മാർ വഴി മിഷനറിമാർക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്താൻ ഈസ്റ്റിന്ത്യാകമ്പനി ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിച്ചു.

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് തങ്ങളുടെ കാര്യം നടത്താൻ എഴുത്തും വായനയും അറിയുന്നവരെ ആവശ്യമായി വന്നു. ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ച മലബാറിലും രാജാക്കന്മാരുടെ മേൽ റസിഡണ്ടിന് സ്വാധീനമുള്ള തിരുവിതാംകൂറിലും കൊച്ചിയിലും വിദ്യാഭ്യാസം വ്യാപിപ്പിക്കാൻ അവർ നടപടികൾ സ്വീകരിച്ചു.

ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്.), ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.), ബാസൽ ഇവാഞ്ജലിക്കൽ മിഷൻ (ബി.ഇ.എം.) എന്നിവയായിരുന്നു കേരളത്തിൽ വിദ്യാഭ്യാസവ്യാപനത്തിന് തുടക്കം കുറിച്ചത്.

ലണ്ടൻ മിഷൻ സൊസൈറ്റി മുഖ്യമായും പ്രവർത്തിച്ചത് തിരുവിതാംകൂറിലായിരുന്നു. അവിടത്തെ തമിഴ്

### സ്ഥാപനങ്ങൾ

*ചർച്ച് മിഷൻ സൊസൈറ്റി 1813-ൽ കോട്ടയത്ത് ഒരു കോളേജും സെമിനാരിയും ആരംഭിച്ചു. റവ. മീഡിന്റെ നേതൃത്വത്തിലാണ് ഇത് സ്ഥാപിച്ചത്. തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന റാണി ഗൗരി പാർവ്വതിഭായി 1817-ൽ ഇറക്കിയ ഉത്തരവുപ്രകാരം നാട്ടുഭാഷാവിദ്യാലയങ്ങൾ (വെർണാക്കുലർ സ്കൂളുകൾ) ആരംഭിച്ചു. വിദ്യാഭ്യാസത്തിന്റെ ചെലവു മുഴുവൻ സർക്കാർ വഹിക്കാൻ തുടങ്ങിയത് അക്കാലം തൊട്ടാണ്. 1836-ൽ സ്വാതി തിരുനാൾ തിരുവനന്തപുരത്ത് 'രാജാസ് ഫ്രീ സ്കൂൾ' ആരംഭിച്ചു. അതേ വർഷംതന്നെ ഒരു സർക്കാർ അച്ചുകൂടവും തിരുവനന്തപുരത്ത് സ്ഥാപിച്ചു.*

മേഖലയിലും മലയാളം സംസാരിക്കുന്നവരിൽ ഒരു വിഭാഗത്തിനിടയിലുമാണ് അവർ പ്രവർത്തനം നടത്തിയത്.

കൊച്ചിയും തിരുവിതാംകൂറുമായിരുന്നു ചർച്ച് മിഷൻ സൊസൈറ്റിയുടെ പ്രവർത്തനമേഖല. ബാസൽ ഇവാഞ്ജലിക്കൽ മിഷന്റെ പ്രവർത്തനരംഗം മലബാറും. ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപകമാക്കുന്നതിന് ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. മതപ്രചാരണത്തിനുള്ള ഉപാധി കൂടിയായാണ് മിഷനറി സംഘങ്ങൾ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്.

അധഃകൃതവിഭാഗങ്ങൾക്കിടയിലായിരുന്നു മിഷനറിമാർ പൊതുവെ തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിയത്. പാശ്ചാത്യമാതൃകയിലുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ അവർ കൂടുതൽ താല്പര്യമെടുത്തു. പെൺകുട്ടികൾക്കു മാത്രമായി പ്രത്യേകം വിദ്യാലയങ്ങൾ സ്ഥാപിച്ചു. ജാതിമതഭേദമന്യേ കുട്ടികൾക്ക് പ്രവേശനം നൽകുന്ന സ്കൂളുകളും കോളേജുകളും പലയിടങ്ങളിലായി നിലവിൽവന്നു. നിഘണ്ടുവും വ്യാകരണവും തയ്യാറാക്കി. ബഞ്ചമിൻ ബെയ്‌ലി, റവ. ജോർജ്ജ് മാത്തൻ, ഹെർമൻ ഗുണ്ടർട്ട് എന്നിവരുടെ പ്രവർത്തനങ്ങൾ ഈ ദിശയിലുള്ളതായിരുന്നു.

മിഷനറി സംഘങ്ങൾ സ്വീകരിച്ച പൊതുവിദ്യാഭ്യാസപ്രവർത്തനങ്ങളെ തുടർന്നാണ് ഗവൺമെന്റ് ഈ രംഗത്ത് പ്രവേശിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെട്ട സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചത് സവർണവിഭാഗക്കാർക്കുമാത്രമാണ്. അവർണരൊക്കെയും സ്വകാര്യസ്കൂളുകളിലാണ് പഠിച്ചത്. ആദ്യകാലത്ത് അവിടത്തെ സർക്കാർ സർവ്വീസിൽ സവർണരെ മാത്രമാണ് നിയമിച്ചിരുന്നത്. യൂറോപ്യൻ മിഷനറിമാർ സ്ഥാപിച്ച അച്ചുകൂടങ്ങൾ വഴി ധാരാളം പുസ്തകങ്ങൾ അച്ചടിച്ചു പ്രചരിപ്പിച്ചു. അച്ചടിയും പുസ്തകപ്രചാരണവും വ്യാപിച്ചതോടെ സവർണരല്ലാത്ത ജനവിഭാഗങ്ങളിൽ നിന്നു ആധുനിക വിദ്യാഭ്യാസത്തിനുള്ള ആവശ്യമുയർന്നു. സർക്കാർ സ്കൂളുകളേക്കാൾ ഏറെ മിഷനറി ഉടമസ്ഥതയിലുള്ള സ്കൂളുകളാണ് അന്ന് ഉണ്ടായിരുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കാർഷികരംഗത്തും വാണിജ്യരംഗത്തുണ്ടായ പുരോഗതി ഈഴവരുൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് സാമ്പത്തിക വളർച്ച ഉണ്ടാകാനിടയാക്കി. ഇത് അവർക്കിടയിൽ വിദ്യാഭ്യാസം വളർത്താൻ സഹായകമായി. പിന്നാക്കവിഭാഗങ്ങളുടെ ഇടയിൽനിന്ന് വിദ്യാഭ്യാസത്തിനുവേണ്ടി നടന്ന മുന്നേറ്റങ്ങൾ സർക്കാർ നയങ്ങളിൽ മാറ്റം വരുത്താൻ പ്രേരണയായി. അതോടെ പല സർക്കാർ സ്കൂളുകളും എല്ലാ വിഭാഗക്കാർക്കുമായി തുറന്നു കൊടുത്തു. എല്ലാ വിഭാഗങ്ങളിലുംപെട്ട കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം സൗജന്യമായി നൽകാനുള്ള ഉത്തരവാദിത്തം 1904-ൽ സർക്കാർ ഏറ്റെടുത്തു.

### വിദ്യാഭ്യാസം മലബാറിൽ

മലബാറിൽ ആധുനിക വിദ്യാഭ്യാസരംഗത്ത് മിഷനറിമാരുടെ സാന്നിധ്യം പ്രകടമായിരുന്നു. സ്കൂൾ ഇൻസ്പെക്ടറായും പുസ്തകരചയിതാവായും ഡോക്ടർ ഹെർമൻഗുണ്ടർട്ടിനെപ്പോലുള്ളവർ പ്രവർത്തിച്ചു. 1839-ൽ അദ്ദേഹം തലശ്ശേരിയിൽ ഒരു സ്കൂൾ സ്ഥാപിക്കുകയുണ്ടായി. 1848-ൽ കല്ലായിയിൽ (കോഴിക്കോട്) ബാസൽ ഇവാഞ്ജലിക്കൽ മിഷൻ സ്ഥാപിച്ച ഇംഗ്ലീഷ് പ്രൈമറി സ്കൂൾ കാലാന്തരത്തിൽ മലബാർ ക്രിസ്ത്യൻ കോളേജായി മാറി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ നേതൃത്വത്തിൽ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടതോടെയാണ് പ്രാഥമിക വിദ്യാഭ്യാസത്തിൽ പുരോഗതി കൈവന്നത്. എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശനം നൽകിയിരുന്നു. വ്യക്തികളുടെ ഉടമസ്ഥതയിൽ സ്കൂളുകൾ ആരംഭിച്ചതിന് ഉദാഹരണമാണ് കോഴിക്കോട് ഭാഗത്ത് സ്ഥാപിച്ച

ഗണപത് സ്കൂളുകൾ. നീലേശ്വരം, ചിറയ്ക്കൽ, കടത്തനാട് എന്നിവിടങ്ങളിൽ അതാതിടത്തെ രാജാക്കന്മാരും കോഴിക്കോട്ടും കോട്ടയ്ക്കലും സാമുതിരിയും സ്കൂളുകൾ സ്ഥാപിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ തുടർച്ച എന്ന നിലയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി കോളേജുകളും സ്ഥാപിതമായി. തിരുവനന്തപുരത്ത് സ്ഥാപിച്ച രാജാസ് ഫ്രീ സ്കൂൾ ആണ് പിന്നീട് വികസിപ്പിച്ച് മഹാരാജാസ് കോളേജായി ഉയർത്തപ്പെട്ടത് (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്). എറണാകുളത്തെ മഹാരാജാസ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് എന്നിവ തുടർന്നുള്ള വർഷങ്ങളിൽ ഉണ്ടായി. ഇവയെല്ലാം മദിരാശി സർവ്വകലാശാലയുടെ കീഴിലായിരുന്നു. കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയായ തിരുവിതാംകൂർ സർവകലാശാല 1937-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായി. നാട്ടറിവുകളെ താഴ്ത്തികെട്ടി പാശ്ചാത്യ വിജ്ഞാനത്തിന്റെ മേന്മ പ്രചരിപ്പിക്കലായിരുന്നു ബ്രിട്ടീഷ് ഭരണകാലത്ത് നടപ്പിലാക്കിയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ആധുനിക വിജ്ഞാനം ഇങ്ങോട്ടെത്തിയത് ഈ പുതിയരീതിയുടെ ഫലമായിട്ടാണ്.



സാമ്രാജ്യത്വ വികസനത്തിന്റെ ഭാഗമായുണ്ടായ പുതിയ തൊഴിൽമേഖലകളും സാമ്പത്തികരംഗത്തുണ്ടായ വളർച്ചയും ആധുനികവിദ്യാഭ്യാസ വ്യാപനത്തിന് പ്രേരകമായി. കേരളത്തിന്റെ വിദ്യാഭ്യാസവളർച്ചയുടെ ചരിത്രം വിശകലനം ചെയ്ത് ഈ പ്രസ്താവന പരിശോധിക്കുക.

## ആരോഗ്യരംഗം

പാശ്ചാത്യചികിത്സാരീതി പ്രചരിക്കുന്നതിനുമുമ്പ് ആയുർവേദം, യൂനാനി, സിദ്ധവൈദ്യം തുടങ്ങിയ നാട്ടുചികിത്സാരീതികളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. പിന്നീട് അലോപ്പതിയുടെ വരവോടെ പാരമ്പര്യചികിത്സാരീതികൾ അവഗണിക്കപ്പെട്ടു. നാട്ടുവൈദ്യം നിരുത്സാഹപ്പെടുത്തുന്ന നിയമങ്ങളുമുണ്ടായി. അവയുടെ പ്രാധാന്യം മനസ്സിലാക്കാനോ പോഷിപ്പിക്കാനോ വേണ്ടത്ര താല്പര്യം ബ്രിട്ടീഷ് സർക്കാർ സ്വീകരിച്ചില്ല.

ഈസ്റ്റിന്ത്യാകമ്പനിയുടെ ഉദ്യോഗസ്ഥർ, സൈനികർ എന്നിവരുടെ ചികിത്സക്കായാണ് പാശ്ചാത്യ ചികിത്സാരീതി ഇന്ത്യയിലെത്തിയത്. കേരളത്തിൽ ഈ ചികിത്സാരീതിക്ക് ഏറെ പ്രാധാന്യം കിട്ടാനിടയാക്കിയത് സാംക്രമികരോഗങ്ങളുടെ വ്യാപനമാണ്. അനേകായിരങ്ങളുടെ ജീവൻ കവർന്ന വസൂരി, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് ഏറെ ഫലപ്രദമായിരുന്നു "ഇംഗ്ലീഷ് വൈദ്യം". ഇതിന് ഏറെ പ്രാധാന്യം നൽകി. വസൂരിക്കെതിരെയുള്ള കുത്തിവെയ്പ്പ് ജനങ്ങളിൽ ഭീതിപടർത്തിയ കാലമുണ്ടായിരുന്നു. അന്ന് വസൂരിക്കെതിരെയുള്ള കുത്തിവെയ്പ്പ് സ്വീകരിച്ചുകൊണ്ട് ജനങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ തിരുവിതാംകൂർ രാജ കുടുംബം മുന്നിട്ടിറങ്ങി. ബ്രിട്ടീഷുകാരുടെ ചൊൽപ്പടിക്കുകീഴിലായിരുന്നെങ്കിലും തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാർ രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് സൗകര്യം നൽകിക്കൊണ്ട് ബ്രിട്ടീഷ് ഭരണം നിലനിന്ന മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായ നിലപാട് സ്വീകരിക്കുകയുണ്ടായി. ആതുരാലയങ്ങൾ സ്ഥാപിച്ചും ചികിത്സാ

### ആര്യവൈദ്യസമാജം

*കൊല്ലം 1078 കന്നിയിൽ [കോട്ടയ്ക്കൽ] ആര്യവൈദ്യശാല സ്ഥാപിച്ചതിന്നുശേഷം ബ്രഹ്മശ്രീ വെള്ളാനശ്ശേരി വാസുദേവൻ മൂസ്സ് അവർകൾ ആരോഗ്യചിന്താമണി എന്നു പേരായ ഒരു വൈദ്യശാല സ്ഥാപിക്കുവാനും അന്ന് വൈദ്യന്മാരെ ക്ഷണിച്ചു ഒരു സഭകൂടുവാനും തീർച്ചപ്പെടുത്തി. ഇങ്ങിനെ ഒരു വൈദ്യസഭ സ്ഥിരമായി കൊല്ലംതോറും കൂടേണമെന്ന് ആലോചിക്കുകയും 'ആര്യവൈദ്യസമാജം' എന്ന പേരിൽ അങ്ങനെ നടത്തിക്കൊണ്ടുപോകുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ഒന്നാമത്തെ യോഗം 1078 മകരം 12, 13 തീയതികളിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ കൂടി. അന്ന് മേലിൽ നടക്കേണ്ടുന്ന സമ്പ്രദായത്തെപ്പറ്റി ആലോചിച്ചു തീർച്ചപ്പെടുത്തുകയും കൊല്ലംതോറും ഓരോ വൈദ്യപരീക്ഷ നടത്തിക്കൊണ്ടുപോകാൻ ഏർപ്പാട് ചെയ്യുകയും ചെയ്തു. 1079-ൽ രണ്ടാമത്തെ യോഗം ചേർന്നത് കോഴിക്കോട് വിദ്വാൻ ഏട്ടൻ തമ്പുരാന്റെ ശ്രമത്തിലും അദ്ദേഹത്തിന്റെ സ്ഥലത്തും വെച്ചായിരുന്നു. കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ സ്ഥലങ്ങളിൽ നിന്ന് പല വൈദ്യന്മാരും ഹാജരുണ്ടായിരുന്നു.*

(ഇ.പി. കൃഷ്ണവാര്യർ ഷഷ്ഠി വാർഷിക ചരിത്രം- കോട്ടയ്ക്കൽ, 1929-പുറം 81)

സൗകര്യങ്ങൾ വ്യാപിപ്പിച്ചും ജനോപകാരപ്രദമായ പ്രവർത്തനം നടത്തി. ശാസ്ത്രീയമായ പൊതുജനാരോഗ്യനയം രൂപീകരിക്കുക, കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണം നടത്തുക, വിദ്യാഭ്യാസസൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികളിലൂടെ തിരുവിതാംകൂർ ഈ രംഗത്ത് വളരെ മുന്നേറി. മെച്ചപ്പെട്ട പൊതുജനാരോഗ്യമേഖല രൂപപ്പെടാൻ ഇതു കാരണമായി.

തിരുവിതാംകൂറിലെ ആദ്യത്തെ ആധുനികചികിത്സാലയമായിരുന്നു തിരുവനന്തപുരം ജനറൽ ആസ്പത്രി. ഇത് സിവിൽ ആശുപത്രിയായി ഉയർത്തപ്പെട്ടു. ഏറെക്കുറെ എല്ലാ ആധുനിക സംവിധാനങ്ങളും അവിടെ ഒരുക്കിയിരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരാശുപത്രി തിരുവനന്തപുരത്തു സ്ഥാപിക്കപ്പെട്ടു. 1888-ൽ വസൂരി വാക്സിൻ നിർമ്മാണശാല തിരുവിതാംകൂറിൽ ആരംഭിച്ചത് അക്കാലത്തെ ചികിത്സാരംഗത്തെ മുന്നേറ്റമായിരുന്നു. ടൈഫോയിഡ്, പേവിഷബാധ എന്നിവയ്ക്കെതിരെയുള്ള വാക്സിനുകളും തിരുവിതാംകൂറിൽ ലഭ്യമാക്കി. തിരുവിതാംകൂറിനു പുറത്തുപോയി മെഡിക്കൽ വിദ്യാഭ്യാസം നേടുന്നതിന് പ്രോത്സാഹനമായി സ്ത്രീകൾക്ക് സ്കോളർഷിപ്പുകൾ നൽകിയത് ആരോഗ്യമേഖലയുടെ ഉണർവിന് കാരണമായി. ആരോഗ്യം, രോഗം എന്നിവയോടുള്ള ജനങ്ങളുടെ കാഴ്ചപ്പാടിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ നടത്തിയ പ്രവർത്തനങ്ങളാണ് തിരുവിതാംകൂറിലെ ആരോഗ്യമേഖലയിൽ കുതിച്ചുചാട്ടം ഉണ്ടാക്കിയത്. പിൽക്കാലത്ത് ആരോഗ്യമേഖലയിൽ തിരുവിതാംകൂർ മോഡൽ എന്ന വിശേഷണം പോലും പ്രചരിച്ചു.

എന്നാൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരിച്ചിരുന്ന മലബാർ പ്രദേശത്ത് ആരോഗ്യരംഗം പാടെ അവഗണിക്കപ്പെട്ട അവസ്ഥയിലായിരുന്നു.



ബ്രിട്ടീഷ് ഭരണകാലത്ത് മലബാറിൽ നിന്ന് വ്യത്യസ്തമായി തിരുവിതാംകൂർ രാജ്യത്ത് ആരോഗ്യമേഖല ഉയർന്ന നിലവാരം പുലർത്തി എന്നു പറയുന്നു. എന്തായിരിക്കാം ഇതിന് ഇടയാക്കിയത്. ചർച്ച ചെയ്യു.

## സാമൂഹ്യപരിവർത്തനം

ജാതിവ്യവസ്ഥിതിയിൽ അധിഷ്ഠിതമായ സമൂഹമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എല്ലാ ജാതികൾക്കുള്ളിലും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. അതേപോലെതന്നെ അവർണജാതിയിൽപ്പെട്ടവർക്ക് വഴിനടക്കാനും ആരാധിക്കാനും സർക്കാരുദ്യോഗം വഹിക്കുന്നതിനും വിലക്കുകളുണ്ടായിരുന്നു. ഇത്തരം അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി ഉയർന്നുവന്നതാണ് സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ. അവശതകൾക്കെതിരെ സൈദ്ധാന്തികമായും പ്രായോഗികമായും പോരാടിയവരായിരുന്നു നവോത്ഥാന നായകന്മാർ. തിരുവിതാംകൂർ പ്രദേശത്തെ ചാന്നാർ ജനവിഭാഗത്തിന്റെ അവശതകൾക്ക് അറുതി വരുത്താൻ നേതൃത്വം നൽകിയ വൈകുണ്ഠസ്വാമിയുടെ പ്രവർത്തനം ഇതിൽ എടുത്തുപറയേണ്ടതാണ്. മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഫലമായി തങ്ങളുടെ സാമൂഹ്യാവസ്ഥ തിരിച്ചറിഞ്ഞ ചാന്നാർ വിഭാഗത്തെ പൊരുതാൻ കെൽപ്പുള്ള മനസ്സിനുടമകളാക്കിയത് അദ്ദേഹമാണ്. മാറുമറയ്ക്കുന്നതിനുള്ള അവകാശത്തിനായി സമരം നടത്തി ചാന്നാർ സ്ത്രീകൾ ചരിത്രം കുറിച്ചു. 1822 മുതൽ ഇതിനായി നടത്തിയ ചാന്നാർ കലാപം 1859-ൽ വിജയത്തിൽ കലാശിച്ചു. ചാന്നാർ സ്ത്രീകൾക്ക് മാറിൽ മേൽമുണ്ട് ധരിക്കാമെന്ന് മഹാരാജാവിന് ഉത്തരവിറക്കേണ്ടിവന്നത് നീണ്ടകാലത്തെ ചെറുത്തുനിൽപ്പിനെത്തുടർന്നാണ്.

അബ്രാഹ്മണജാതികളുടെ ഉയർത്തെഴുന്നേൽപ്പിന് ആശയത്തിന്റെ പടച്ചട്ട നൽകുന്നതിനു ശ്രമിച്ചവരിൽ പ്രമുഖനാണ് ചട്ടമ്പിസ്വാമികൾ. വേദപഠനത്തിനും ഈശ്വരാരാധനയ്ക്കും അബ്രാഹ്മണവിഭാഗങ്ങൾക്കൊക്കെയും അവകാശമുണ്ടെന്ന് തന്റെ കൃതികളിലൂടെ അദ്ദേഹം പ്രചരിപ്പിച്ചു.

ചട്ടമ്പിസ്വാമികളുടെ നിലപാടുകൾക്ക് പ്രായോഗിക രൂപം നൽകിയത് ശ്രീനാരായണഗുരുവാണ്. വൈകുണ്ഠസ്വാമികളുടെ ആശയങ്ങളും ഗുരുവിനെ ഏറെ സ്വാധീനിച്ചിരുന്നു. കേരളീയനവോത്ഥാനത്തിന്റെ മുഖ്യശില്പികളിലൊരാളാണ് ശ്രീനാരായണഗുരു. സങ്കീർണമായ ജാതിവ്യവസ്ഥയുടെയും അന്ധവിശ്വാസത്തിലധിഷ്ഠിതമായ ആരാധനാക്രമങ്ങളുടെയും തടവറയിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കാനായിരുന്നു അദ്ദേഹം ശ്രമിച്ചത്. സംഘടിച്ച് ശക്തരാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും ഗുരു ഉപദേശിച്ചു. ഇരുപതാം നൂറ്റാണ്ടിൽ കേരളം കൈവരിച്ച സാമൂഹ്യ-സാംസ്കാരിക-സാഹിത്യ-രാഷ്ട്രീയ മേഖലകളിലൊക്കെയും ഉണ്ടായ നേട്ട

ങ്ങളുടെ വേരുകൾ ചെന്നെത്തുക ശ്രീനാരായണഗുരുവിലാണ്. അയ്യങ്കാളി, വക്കം അബ്ദുൽഖാദർ മൗലവി, കുമാരഗുരുദേവൻ തുടങ്ങി ഒട്ടേറെ നവോത്ഥാനനായകരുടെ ആശയങ്ങളും പ്രവർത്തനങ്ങളും ആധുനിക കേരള സമൂഹത്തിന്റെ പിറവിക്ക് കാരണമായി.

ഓരോ ജനവിഭാഗങ്ങളിലും വളർന്നുവന്ന ചെറുത്തുനില്പുപ്രസ്ഥാനങ്ങൾ ഒരു തരത്തിൽ സാമ്രാജ്യത്വത്തിനെതിരായ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗം തന്നെയായിരുന്നു. ജാതിയുടെ ചങ്ങലക്കെട്ടുകൾ തകർക്കുന്നതിലൂടെ മനുഷ്യന്റെ സ്വാതന്ത്ര്യപ്രഖ്യാപനമാണ് നവോത്ഥാന നായകർ നടത്തിയത്. ഇത്തരം സമരങ്ങളിലൂടെ ഉണ്ടായ തിരിച്ചറിവുകളാണ് കേരളത്തിൽ ദേശീയസ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ നയിച്ചത്. സമുദായത്തിലെ അനാചാരങ്ങൾക്കും അനീതികൾക്കും എതിരായ ചെറുത്തുനില്പുകളെ സാമ്രാജ്യത്വഭരണത്തിനെതിരായി നടന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുകയുണ്ടായി. ഇല്ലെങ്കിൽ ബ്രിട്ടീഷ് അധികാരികൾക്ക് വളരെ എളുപ്പം ഇവിടത്തെ ചെറുത്തുനിൽപ്പുകളെ ഒതുക്കിതീർക്കാമായിരുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നായിരുന്നു സാമൂഹിക അസമത്വം പരിഹരിക്കുക എന്നത്. 1923-ലെ കാക്കിനാഡ കോൺഗ്രസ് സമ്മേളനം ഇങ്ങനെ ഒരു തീരുമാനം എടുത്തിരുന്നു. അയിത്താചരണം ശക്തമായിരുന്ന നമ്മുടെ നാട്ടിൽ അതിനെതിരെ സംഘടിതമായ നീക്കം ഉണ്ടാകേണ്ടതിന്റെയും മനുഷ്യരുടെ ഐക്യം ഉറപ്പുവരുത്തേണ്ടതിന്റെയും പ്രാധാന്യം നവോത്ഥാന നായകർ ബോധ്യപ്പെടുത്തി. സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗം തന്നെയാണ് അനാചാരങ്ങൾക്കെതിരെയുള്ള പ്രവർത്തനവും എന്ന തിരിച്ചറിവ് വ്യാപകമായി. ഇതിന്റെ ഭാഗമായിരുന്നു വൈക്കം സത്യഗ്രഹവും ഗുരുവായൂർ സത്യഗ്രഹവും.

### വഴിനടക്കാനും വിലക്ക്

തിരുവിതാംകൂറിലെ വൈക്കം മഹാദേവക്ഷേത്രത്തിനുചുറ്റുമുള്ള നിരത്തിലൂടെ സഞ്ചരിക്കാൻ സവർണർക്കുമാത്രമേ അനുമതിയുണ്ടായിരുന്നുള്ളു. എല്ലാവർക്കുമായി വഴി തുറന്നുകിട്ടണമെന്ന ആവശ്യം ശക്തമായി. 1924 മാർച്ചിൽ ഇതിനായി ക്ഷേത്രപരിസരത്ത് സത്യഗ്രഹസമരമാരംഭിച്ചു. ടി.കെ. മാധവൻ, കെ.പി. കേശവമേനോൻ, ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, എ.കെ. പിള്ള, സി.വി. കുഞ്ഞുരാമൻ തുടങ്ങി സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലും പരിഷ്കരണപ്രവർത്തനങ്ങളിലും നേതൃത്വം വഹിച്ചവരായിരുന്നു ഇതിന്റെ മുൻനിരയിൽ. സമരത്തിന് വളരെയേറെ പ്രചാരവും പിന്തുണയും ലഭിച്ചു. പഞ്ചാബിൽനിന്ന് അകാലിദൾ പ്രതിനിധികളും തമിഴ്നാട്ടിൽനിന്ന് ഇ.വി. രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ ഒട്ടേറെപ്പേരും അതുപോലെ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും വിവിധ ജനവിഭാഗങ്ങളും വൈക്കത്തേയ്ക്ക് പ്രവഹിച്ചു.



വൈക്കം സത്യഗ്രഹികൾക്ക് നൽകിയ സ്വീകരണം

മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും സമരത്തെ പിന്തുണച്ചു. സവർണഹിന്ദുക്കളുടെ സമ്മതപത്രവുമായി മന്നത്തുപദ്മനാഭന്റെ നേതൃത്വത്തിൽ കാൽനടജാഥ വൈക്കത്തുനിന്ന് തിരുവനന്തപുരത്തു ചെന്നു. തിരുവിതാംകൂർ ഭരണാധികാരിക്ക് സമ്മതപത്രം സമർപ്പിച്ചു. മഹാത്മാഗാന്ധിയും തിരുവിതാംകൂർ ഗവൺമെന്റുമായി നടന്ന ഒത്തുതീർപ്പിനെത്തുടർന്ന് പ്രശ്നപരിഹാരമുണ്ടായി. ക്ഷേത്രത്തിലേക്കുള്ള ചെറിയൊരു പ്രവേശനഭാഗമൊഴികെ മറ്റെല്ലാ നിരത്തുകളും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ രാജാവ് ഉത്തരവ് പുറപ്പെടുവിച്ചു. ഒരു വർഷത്തോളം നീണ്ടുനിന്ന സത്യഗ്രഹസമരത്തിന് അതോടെ വിരാമമായി.

### ആരാധനാസ്വാതന്ത്ര്യം

വഴിനടക്കാനുള്ള സ്വാതന്ത്ര്യത്തിനായി നടന്ന സമരം സാമൂഹ്യരംഗത്ത് ഒട്ടേറെ ചലനങ്ങളുണ്ടാക്കി. ഹിന്ദുക്കളിൽ കീഴ്ജാതിക്കാരായി മാറ്റിനിർത്തപ്പെട്ട ജനവിഭാഗത്തിന് ക്ഷേത്രങ്ങളിൽ പ്രവേശിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശിക്കാൻ അനുവാദം കിട്ടണമെന്ന ആവശ്യമുയർത്തിയാണ് ഗുരുവായൂർ സത്യഗ്രഹം ആരംഭിച്ചത്. 1931

ആഗസ്റ്റിൽ ചേർന്ന കേരള സംസ്ഥാന കോൺഗ്രസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചായിരുന്നു അതേ വർഷം നവംബർ 1-ന് സത്യഗ്രഹം ആരംഭിച്ചത്. ഈ സമരത്തിനും ദേശവ്യാപകമായ പിന്തുണ കിട്ടി. സമരക്കാർ ഉന്നയിച്ച ആവശ്യം നിറവേറ്റികൊടുക്കാനാവശ്യപ്പെട്ട് നാനാഭാഗങ്ങളിൽ നിന്ന് പ്രമേയങ്ങൾ ക്ഷേത്രട്രസ്റ്റിയായ സാമൂതിരിപ്പാടിന് അയച്ചുകൊടുത്തു. ജാഥകളും പൊതുയോഗങ്ങളും നടന്നു. കെ. കേളപ്പൻ, ടി. സുബ്രഹ്മണ്യൻ തിരുമുമ്പ്, എ.കെ. ഗോപാലൻ, പി. കൃഷ്ണപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു സത്യഗ്രഹം. വളണ്ടിയർ ക്യാപ്റ്റനായിരുന്ന എ.കെ. ഗോപാലനെ യാഥാസ്ഥിതികർ ഭീകരമായി മർദ്ദിച്ചു. ഇതോടെ ക്ഷേത്രപരിസരം സംഘർഷഭരിതമായി. സമരാവശ്യങ്ങളോട് നിഷേധാത്മകമായ സമീപനം തുടർന്ന ക്ഷേത്രഭാരവാഹികൾ ക്ഷേത്രം അടച്ചിട്ടു.


ഗുരുവായൂർ ക്ഷേത്രം

വിവിധ ഘട്ടങ്ങളിൽ നെടുനാൾ നീണ്ട സത്യഗ്രഹ സമരം മഹാത്മജി ആവശ്യപ്പെട്ടതിനെത്തുടർന്ന് നിർത്തിവയ്ക്കുകയാണുണ്ടായത്. ക്ഷേത്രപ്രവേശന വിളംബരത്തിന് ഏറെ താമസിച്ചാണെങ്കിലും അവസരമൊരുക്കാൻ സത്യഗ്രഹസമരം സഹായകമായി. ക്ഷേത്രം നിലനിന്നിരുന്ന അന്നത്തെ പൊന്നാനി താലൂക്കിൽ ജാതിഹിന്ദുക്കളിൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ എഴുപത്തിയേഴു ശതമാനം പേർ ക്ഷേത്രപ്രവേശനത്തെ അനുകൂലിച്ചു. സാമൂഹ്യമാറ്റങ്ങൾക്കുമുമ്പിൽ മുഖം തിരിക്കുന്നവർക്കെതിരെയുള്ള താക്കീതായിരുന്നു ഇത്തരം സത്യഗ്രഹങ്ങൾക്കനുകൂലമായി ഉയർന്ന ജനവികാരം. ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന പ്രക്ഷോഭങ്ങളുടെ സ്വാധീനത്തിന്റെ ഫലമായിട്ടാണ് 1936-ൽ തിരുവിതാംകൂർ സർക്കാർ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത്.



നവോത്ഥാന നായകരുടെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന സാമുദായിക നവീകരണ പ്രവർത്തനങ്ങളും ജാതി വിവേചനങ്ങൾക്കെതിരായ സമരങ്ങളും സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് അടിത്തറപാകി ചർച്ച ചെയ്യുക.

## ദേശീയപ്രസ്ഥാനം കേരളത്തിൽ

മഹാത്മാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വസ്ഥാനത്ത് വന്നതോടെ രാജ്യത്താകമാനം ദേശീയപ്രസ്ഥാനത്തിന് ഉണർവും ഉന്മേഷവും കൈവന്നു. അക്രമരഹിതനിസ്സഹകരണ മാർഗ്ഗത്തിലൂടെ സകലജനവിഭാഗങ്ങളെയും ബ്രിട്ടീഷുകാർക്കെതിരെ അണിനിരത്താൻ മഹാത്മാഗാന്ധിക്ക് സാധിച്ചു. ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഒരേ കൊടിക്കീഴിൽ അണിനിരത്താൻ ഖിലാഫത്ത് പ്രസ്ഥാനംവഴി അദ്ദേഹം ശ്രമിച്ചു. കേരളത്തിൽ മലബാറിൽ മാത്രമായിരുന്നു ആദ്യഘട്ടത്തിൽ കോൺഗ്രസ് പ്രവർത്തനം സജീവമായിരുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനത്തിൽവച്ച് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാനും നാട്ടുരാജ്യങ്ങളെക്കൂടി സംസ്ഥാനപരിധിയിലുൾപ്പെടുത്താനും എടുത്ത തീരുമാനം മുഴുവൻ പ്രദേശങ്ങളെയും ഏകോപിപ്പിക്കുന്നതിന് സഹായകമായി.

1921 ഏപ്രിലിൽ ഒറ്റപ്പാലത്ത് അഖിലകേരള കോൺഗ്രസ് സമ്മേളനം ചേർന്നു. മലബാർ-കൊച്ചി-തിരുവിതാംകൂർ പ്രദേശക്കാർ കേരളീയരെന്ന നിലയ്ക്ക് ഒന്നിച്ചുകൂടിയത് സമ്മേളനത്തിന്റെ പ്രത്യേകതയാണ്. കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനത്തിന്റെ തീരുമാനങ്ങളെ കേരളത്തിലെ പ്രവർത്തകർ സ്വാഗതം ചെയ്തു. ബ്രിട്ടീഷ് ഗവൺമെന്റ് നടത്തുന്ന വിദ്യാലയങ്ങളിലോ ഗവൺമെന്റ് ഗ്രാന്റ് സ്വീകരിക്കുന്ന വിദ്യാലയങ്ങളിലോ കുട്ടികളെ ചേർക്കരുതെന്ന് രക്ഷിതാക്കളോടഭ്യർത്ഥിക്കുന്നതായിരുന്നു നാഗ്പൂർ സമ്മേളനത്തിലെ ഒരു തീരുമാനം.

- വക്കീലന്മാർ പ്രാക്ടീസ് നിർത്തുക.
- വിദേശവസ്ത്രം ഉപേക്ഷിക്കുക.
- സ്വദേശി വസ്തുക്കൾ മാത്രം ഉപയോഗിക്കുക.
- മദ്യവർജ്ജനത്തിനും അയിത്തോച്ചാടനത്തിനും പ്രാധാന്യം നൽകുക.

തുടങ്ങിയവയായിരുന്നു മറ്റു തീരുമാനങ്ങൾ.

1928-ഫെബ്രുവരിയിൽ സൈമൺ കമ്മീഷനിലെ അംഗങ്ങൾ ബോംബെയിൽ കപ്പലിറങ്ങിയപ്പോൾ കമ്മീഷൻ ബഹിഷ്കരിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് തീരുമാനിച്ചിരുന്നു. കേരളത്തിന്റെ മുക്കിലും മൂലയിലും പ്രതിഷേധയോഗങ്ങളും ഹർത്താലുകളും നടത്തിക്കൊണ്ട് ജനങ്ങൾ സൈമൺ കമ്മീഷൻ വിരുദ്ധപ്രചാരണം നടത്തി.

1928-മേയ് മാസം പയ്യന്നൂരിൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ നടന്ന നാലാം കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനം ജനങ്ങളെ ഏറെ ആവേശഭരിതരാക്കി.

1929-ലെ ലോകസാമ്പത്തികമാന്ദ്യം നമ്മുടെ നാടിനെയും ബാധിച്ചിരുന്നു. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞു. എന്നാൽ പാട്ടവും നികുതിയുമായി കൃഷിക്കാരിൽ നിന്നും മറ്റും നികുതിയീടാക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ബ്രിട്ടീഷുകാർ വരുത്തിയതുമില്ല. കൃഷിക്കാരും ചെറുകിടജന്മിമാരും സാമ്പത്തികപ്രയാസത്താൽ വലഞ്ഞു. പട്ടിണിയും തൊഴിലില്ലായ്മയും നാടിനെ വല്ലാതെ ഭീതിയിലാഴ്ത്തി. നാട്ടിൽ അസംതൃപ്തി പടർന്നു.

### നിയമലംഘനം

ബ്രിട്ടീഷ് വിരുദ്ധവികാരം വളർത്തി ജനതയെ ഒരുമിച്ചുനിർത്തി അതിസാഹസികമായ സാമ്രാജ്യത്വ വിരുദ്ധപ്രവർത്തനങ്ങളിലേർപ്പെട്ടവരായിരുന്നു ദേശീയനേതാക്കൾ. 1930-ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുസത്യഗ്രഹം ഇന്ത്യൻ മനസ്സുകളെ ഒരു ചരടിൽ കോർത്തുകെട്ടി. കേരളത്തിലും അതിശക്തമായ പ്രചാരണപരിപാടികൾ ഉപ്പുസത്യഗ്രഹത്തിന്റെ ഭാഗമായി നടന്നു. കെ. കേളപ്പന്റെ നേതൃത്വത്തിൽ വളണ്ടിയർ സംഘം 1930 ഏപ്രിൽ മാസം ഉപ്പുനിയമം ലംഘിക്കാൻ കോഴിക്കോട്ടുനിന്ന് പയ്യന്നൂരിലേക്ക് കാൽനടയായി പുറപ്പെട്ടു. ടി.ആർ. കൃഷ്ണസ്വാമിഅയ്യരുടെ നേതൃത്വത്തിൽ മറ്റൊരു സംഘവും പുറപ്പെട്ടു. വഴിനീളെ



അബ്ദുറഹ്മാൻ സാഹിബ്

സ്വീകരണങ്ങൾ ഏറ്റുവാങ്ങി ജാഥകൾ നീങ്ങി. മേയ് 5-ന് മഹാത്മജി അറസ്റ്റ് ചെയ്യപ്പെട്ടതോടെ സമരത്തിന്റെ രീതിയിൽ മാറ്റം വന്നു. മേയ് 12-ന് കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമം ലംഘിക്കാനെത്തിയ സത്യഗ്രഹികളെ പോലീസ് മൃഗീയമായി മർദ്ദിച്ചൊതുക്കി. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്,



പി. കൃഷ്ണപിള്ള

പി. കൃഷ്ണപിള്ള, ആർ.വി. ശർമ്മ, ടി.ആർ. കൃഷ്ണസ്വാമിഅയ്യർ, കെ. മാധവൻനായർ തുടങ്ങിയവർ കഠിനതടവിന് ശിക്ഷിക്കപ്പെട്ടു.

മലബാറിലെങ്ങും നിയമലംഘനം തുടർന്നു. ഉപ്പുകുറുക്കൽ, ഘോഷയാത്ര, പൊതുയോഗങ്ങൾ, പിക്കറ്റിംഗ് എന്നിവയിലൂടെ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ശക്തമായി.

പ്രാദേശികമായി രൂപപ്പെടുന്ന പ്രശ്നങ്ങളും ദേശീയ സ്വാതന്ത്ര്യസമരവും തമ്മിൽ ബന്ധപ്പെടുത്താൻ 1930 കളോടെ ശ്രമം തുടങ്ങിയിരുന്നു. ഗ്രാമങ്ങൾ തോറും കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ മലബാറിൽ മിക്കസ്ഥലങ്ങളിലും കർഷകസംഘങ്ങൾ രൂപപ്പെട്ടിരുന്നു. തൊഴിൽ മേഖലകളിലൊക്കെയും തൊഴിലാളികൾ സംഘടിക്കപ്പെട്ടു. അവകാശബോധവും



പയ്യന്നൂർ ഉപ്പുസത്യാഗ്രഹ സ്മാരകം

സ്വാതന്ത്ര്യബോധവും ഒരുപോലെ വളർന്നുവരാൻ ഇതുകാരണമായി.

1928 ജൂലൈയിൽ നടന്ന റെയിൽവേ പണിമുടക്കിനു കേരളത്തിലും നല്ല പ്രതികരണമുണ്ടായി.

*'ഈ പ്രവൃത്തി മുടക്കങ്ങൾ തൊഴിലാളികളുടെ ഇടയിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള ഉണർവുകളുടെയും ആത്മബോധത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത പ്രതിഫലനമാണ്'*

*(1928 ജൂലൈ 31-ലെ മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗത്തിൽ നിന്ന്)*

ഇത്തരം സമരങ്ങൾ ചെറുകിടവ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ആവേശം പകർന്നു. 1930-32-ലെ നിയമലംഘന പ്രസ്ഥാനം തൊഴിലാളികൾക്കിടയിൽ ഉണർവുണ്ടാക്കി. കൂലി വെട്ടിക്കുറച്ചതിനെത്തുടർന്ന് കോഴിക്കോട് കോമൺ വെൽത്ത് നെയ്ത്ത് കമ്പനി തൊഴിലാളികൾ 1931 മാർച്ച് 5-ന് പണിമുടക്കാരംഭിച്ചു. 1935 ഫെബ്രുവരിയിൽ കോഴിക്കോട് ഫറോക്കിലെ ടൈൽ ഫാക്ടറി തൊഴിലാളികൾ സമരം ചെയ്തു. 1935 നവംബർ 11 ന് കോഴിക്കോട് കോട്ടൺമിൽ തൊഴിലാളികൾ പണിമുടക്ക് നടത്തി.

അവകാശസമരങ്ങൾ ശക്തിയാർജ്ജിച്ചു. സംഘടിതസമരങ്ങൾ വ്യാപകമായി. ബ്രിട്ടീഷ് വിരുദ്ധവികാരം ആളിപ്പടർന്നു. 1942 ആഗസ്റ്റ് 9. ഇന്ത്യവിടുക എന്ന മുദ്രാവാക്യമുയർത്തി നാടെങ്ങും പ്രതിഷേധപരിപാടികൾ. മുമ്പെങ്ങുമില്ലാത്തവിധം തെരുവോരങ്ങളിൽ ജാഥകൾ, പൊതുയോഗങ്ങൾ. നിരോധിച്ച ലഘുലേഖകളുടെ വിതരണം, കോടതികളെയും വിദ്യാലയങ്ങളെയും ബഹിഷ്കരിക്കൽ. മലബാറിൽ ചിലയിടങ്ങളിൽ പ്രതിഷേധം അക്രമാസക്തമായി. ചേമഞ്ചേരി രജിസ്റ്റർ കച്ചേരിയും റെയിൽവേസ്റ്റേഷനും തീയിട്ടു. ബോംബുണ്ടാക്കിയെന്ന കുറ്റം ചുമത്തി കീഴരിയൂർ ബോംബ് കേസുമായി ബന്ധപ്പെടുത്തി ഒട്ടേറെപേർ ശിക്ഷിക്കപ്പെട്ടു.

1941-ൽ കയ്യൂരിലും 1946-ൽ കരിവള്ളൂരിലും നടന്ന കർഷകകലാപങ്ങൾ ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനും എതിരെ നടന്ന ജനകീയ സമരരൂപങ്ങളായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ സാമ്രാജ്യത്വത്തിനെതിരെ ശക്തമായ ജനാധിപത്യവൽക്കരണപ്രക്രിയ വളരുന്നതിന്റെ സൂചനയായിരുന്നു 1946-ൽ ആലപ്പുഴയിലെ പുന്നപ്ര-വയലാറിൽ നടന്ന സമരം.



തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ നടന്ന പണിമുടക്കുസമരങ്ങൾ ദേശീയ പ്രസ്ഥാനത്തിന്റെ സാമ്രാജ്യത്വവിരുദ്ധ സമരവുമായി എങ്ങനെ ബന്ധപ്പെടുന്നു? പരിശോധിക്കുക.

### ഐക്യകേരളം

ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെയാണ് ഐക്യകേരളമെന്ന സങ്കല്പത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തുന്നത്. ഒരേഭാഷ സംസാരിക്കുന്നവർ ഭരണകൂടങ്ങൾക്ക് കീഴിൽ ശിഥിലീകരിക്കപ്പെട്ട് കഴിഞ്ഞതിന്റെ അനുഭവമാണ് കേരളീയർക്കുണ്ടായിരുന്നത്. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ വേറിട്ടുനിന്നത് മലയാളിയുടെ ഐക്യബോധത്തിന് വിഘാതമായിരുന്നു.

മലയാളികൾക്കൊരു കൂട്ടായ്മ എന്ന ചിന്ത എപ്പോഴാണാവിർഭവിച്ചത്? ഐക്യകേരളത്തിനായുള്ള മുറവിളി തുടങ്ങുന്നതിന് എത്രയോ മുമ്പ് കേരളമെന്ന ആശയം രൂപപ്പെട്ടിരുന്നു. കേരളോൽപ്പത്തി പോലുള്ള ഗ്രന്ഥങ്ങളിലും ഈ വിധം ഒരു ആശയം കാണാം. ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ രാജ്യത്തിന്റെ വിവിധ കോണുകളിൽനിന്നുയർന്നപ്പോൾ മലയാളികൾ വസിക്കുന്ന ദേശത്തും ഐക്യത്തിന്റെ ആവശ്യകത എല്ലാവർക്കും

ബോധ്യപ്പെട്ടു. 1920-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നാഗപ്പൂർ സമ്മേളന തീരുമാനപ്രകാരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ കോൺഗ്രസിന് കമ്മിറ്റികൾ രൂപീകരിക്കാൻ തുടങ്ങിയതോടെ ഈ ആശയത്തിന് പ്രായോഗിക രൂപം കൈവരുകയുണ്ടായി. 1921-ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു. അതേവർഷം ഒറ്റപ്പാലത്തു നടന്ന കോൺഗ്രസ് സമ്മേളനത്തിൽ മൂന്ന് പ്രദേശത്തുനിന്നുമുള്ള പ്രവർത്തകർ പങ്കെടുത്തു.

വിവിധ സംഘടനകളുടെ യോഗസന്ദർഭങ്ങളിൽ ഐക്യകേരള പ്രമേയങ്ങൾ പാസ്സാക്കി. സ്വതന്ത്രഭാരതത്തിന്റെ ഭരണഘടനയ്ക്ക് രൂപം നൽകുമ്പോൾ കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനഃസംഘടിപ്പിക്കണമെന്ന് 1928-ൽ പയ്യന്നൂരിൽ നടന്ന കോൺഗ്രസ് സമ്മേളനം ആവശ്യപ്പെട്ടു.

പ്രമേയങ്ങൾക്കപ്പുറത്ത് ഐക്യകേരളപ്രസ്ഥാനം എന്ന ആവശ്യം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രൂപപ്പെട്ടു. 1924-ലെ വൈക്കം സത്യാഗ്രഹത്തിലും 1931-32 കാലത്ത് ഗുരുവായൂർ സത്യാഗ്രഹത്തിലും കേരളത്തിന്റെ എല്ലാഭാഗങ്ങളിൽ നിന്നുമുള്ള ആളുകൾ പങ്കാളികളായിരുന്നുവല്ലോ. 1945-ൽ ഐക്യകേരള രൂപീകരണകാര്യം ചർച്ച ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1947-ൽ തൃശ്ശൂരിൽ വച്ച് ഐക്യകേരള കൺവെൻഷൻ നടന്നു. അദ്ധ്യക്ഷൻ കെ. കേളപ്പൻ. ഉദ്ഘാടകൻ അന്നത്തെ കൊച്ചി രാജാവ്. ഭരണഘടനാ നിർമ്മാണസഭ നിയമിച്ച ധാർ കമ്മീഷൻ കേരളത്തിലെത്തി തെളിവെടുപ്പുനടത്തി. 1949 ജൂലൈ 1-ന് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കപ്പെട്ടതോടെ ഐക്യകേരളപ്രസ്ഥാനത്തിന് ശക്തിയാർജ്ജിച്ചു. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ 'ഒന്നേക്കാൽകോടി മലയാളികൾ' എന്ന ഗ്രന്ഥം ഐക്യകേരളത്തിന്റെ സാധുത ബോധ്യപ്പെടുത്തി. ആന്ധ്രയിൽ പോട്ടി ശ്രീരാമലുവിന്റെ ആത്മത്യാഗം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണത്തിന് വേഗത കൂട്ടാനിടയാക്കി. മലയാളം സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്ത് 1956 നവംബർ ഒന്നിന് കേരളസംസ്ഥാനം രൂപീകൃതമായപ്പോൾ തിരുവനന്തപുരം ജില്ലയിലെ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ നാല് താലൂക്കുകൾ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി. തെക്കൻ കർണാടക ജില്ലയുടെ ഭാഗമായിരുന്ന കാസറഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു. അങ്ങനെ മലബാറും കൊച്ചിയും തിരുവിതാംകൂറും ഉൾപ്പെട്ട കേരള സംസ്ഥാനം നിലവിൽവന്നു.



ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കപ്പെടുന്നതിന്റെ ഫലമായി ഒരു പ്രദേശത്ത് എന്തു മാറ്റമാണ് ഉണ്ടാവുക? കേരള സംസ്ഥാന രൂപീകരണത്തിന്റെ ചരിത്രം വിശകലനം ചെയ്യുക.

## മന്ത്രിസഭകൾ

സംസ്ഥാനരൂപീകരണത്തെത്തുടർന്ന് 1957-ൽ പൊതുതെരഞ്ഞെടുപ്പ് നടന്നു. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മന്ത്രിസഭ രൂപീകരിച്ചു. കുടിഒഴിപ്പിക്കൽ നിരോധനനിയമവും പാട്ടകുടിയാന് ഭൂമിയിൽ സ്ഥിരാവകാശം നൽകുന്ന കാർഷികബന്ധബില്ലും വിദ്യാലയനടത്തിപ്പിൽ സ്വകാര്യമാനേജ്മെന്റിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ ബില്ലും നിയമസഭ പാസ്സാക്കി. ഭൂമി നഷ്ടപ്പെട്ട ജന്മിമാരും അധ്യാപകനിയമനാധികാരം നഷ്ടപ്പെട്ട മാനേജർമാരും സർക്കാരിനെതിരെ ശബ്ദമുയർത്തി. വിമോചനസമരം എന്ന പേരിൽ നാടിന്റെ നാനാഭാഗത്തും ഇത് ആവിഷ്കൃതമായി. ഈ സന്ദർഭത്തിൽ സംസ്ഥാനത്തെ ക്രമസമാധാനം തകർന്നു എന്ന കാരണം പറഞ്ഞ് ഭരണഘടനയുടെ 356-ാം വകുപ്പു പയോഗിച്ച് രാഷ്ട്രപതി 1959-ൽ ഈ മന്ത്രിസഭ പിരിച്ചുവിട്ടു. ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഒരു ഗവൺമെന്റിനെ പുറത്താക്കിയ ആദ്യാനുഭവമായിരുന്നു ഇത്.

1960-ൽ ഇടക്കാല തെരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള കൂട്ടുമന്ത്രിസഭ അധികാരത്തിൽ വന്നു. പട്ടം താണുപിള്ള മുഖ്യമന്ത്രിയായി. കക്ഷികൾക്കിടയിലെ അഭിപ്രായഭിന്നത കാരണം മന്ത്രിസഭ രാജിവെച്ചു. പിന്നെ പാതിവഴിയിൽ വച്ച് പാർട്ടികൾ മുന്നണിവിടുന്നതും മന്ത്രിസഭകൾ നിലംപൊത്തുന്നതും സാധാരണമായി.

**കേരളം മുന്നോട്ട്**

സാമൂഹ്യനവോത്ഥാനപ്രസ്ഥാനവും തൊഴിലാളി കർഷകപ്രസ്ഥാനങ്ങളും ദേശീയപ്രസ്ഥാനവും ഒരുക്കിയ വളക്കൂറുള്ള മണ്ണിലാണ് കേരളസംസ്ഥാനം നാമ്പെടുത്തത്. സംസ്ഥാനരൂപീകരണത്തെത്തുടർന്ന് നടപ്പിലാക്കിയ ഭൂപരിഷ്കരണം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തികമണ്ഡലങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സഹായിച്ചു. ജന്മിസമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം കേരളമാണ്.

1969-ൽ പാസ്സാക്കിയ ഭൂപരിഷ്കരണനിയമത്തോടെ കേരളത്തിൽ ജന്മിസമ്പ്രദായം അവസാനിച്ചു. കൈവശഭൂമിക്ക് പരിധി ഏർപ്പെടുത്തിയതും കുടികിടപ്പുകാർക്ക് ഭൂമി നൽകിയതും ഈ നിയമത്തിന്റെ സവിശേഷതകളാണ്. കൃഷിഭൂമി കൃഷിക്കാരന് എന്ന കർഷകരുടെ ആവശ്യം നേടിയെടുക്കാൻ ഈ നിയമത്തിലൂടെ കഴിഞ്ഞു. കൃഷിയിൽ നിന്നുള്ള വരുമാനം കർഷകർ വിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനും വിനിയോഗിച്ചു. ഇത് സാമൂഹ്യബോധവും പൊതുജനാരോഗ്യ സംരക്ഷണത്തിനുള്ള അവബോധവും ഉണ്ടാക്കി. വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും വർധനവിനു ഇതു കാരണമായി. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിന് അവസരമുണ്ടായി. സ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കി. അർഹതയുള്ളവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. ഉന്നതവിദ്യാഭ്യാസം നേടുന്നതിനുള്ള സ്ഥാപനങ്ങൾ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വർദ്ധിച്ചു.

പൊതുജനാരോഗ്യസംവിധാനങ്ങൾ വിപുലീകരിച്ചു. വസൂരി, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. ശിശുമരണ നിരക്ക് കുറഞ്ഞു. ശരാശരി ആയുർദൈർഘ്യം വർദ്ധിച്ചു. ക്ഷേമപ്രവർത്തനങ്ങൾ വിപുലമായി. സാമൂഹ്യസുരക്ഷാ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചു. ക്ഷേമപെൻഷനുകൾ, വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ ഇവ ആരംഭിച്ചു. പൊതുവിതരണശൃംഖല ശക്തിയാർജ്ജിച്ചു. ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങൾക്കു മാതൃകയായി കേരളം സമ്പൂർണസാക്ഷരത നേടി. ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി 1995-ൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. അധികാരവികേന്ദ്രീകരണം ജനാധിപത്യപ്രക്രിയയ്ക്ക് വേഗത കൂട്ടി. പൊതുവിതരണരംഗത്തും സാമൂഹ്യവികസനപദ്ധതികളിലും ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വിഭവങ്ങൾ ലഭിച്ചത് അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് ശക്തി നൽകി. മറ്റു സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ സാമൂഹ്യവികസനത്തിന് ഇത് ആക്കം കൂട്ടി. കുറഞ്ഞ ആളോഹരി വരുമാനവും ഉയർന്ന സാമൂഹ്യവികസന സൂചികയുമുള്ള 'കേരള വികസനമാതൃക' വിശ്വവിഖ്യാതമാണ്.

## പ്രവർത്തനങ്ങൾ



- കേരളത്തിന്റെ കഴിഞ്ഞകാലം വിലയിരുത്തി പുതിയ ഒരു കേരളസ മൂഹസൃഷ്ടിക്കുള്ള നിർദ്ദേശങ്ങൾ തയാറാക്കൂ.
- ജന്മി-കുടിയാൻ വ്യവസ്ഥയെക്കറിച്ചും അക്കാലത്തെ കർഷകരുടെ ജീവിതാവസ്ഥയെക്കുറിച്ചും പ്രദേശത്തെ പ്രായം ചെന്നവരിൽ നിന്നും വായനസാമഗ്രികളിൽ നിന്നും കൂടുതൽ വിവരങ്ങൾ ശേഖരിക്കൂ. 'കേരളത്തിലെ കാർഷികമേഖല ബ്രിട്ടീഷ് കാലഘട്ടത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രബന്ധം തയാറാക്കൂ.
- ദേശീയ സ്വാതന്ത്ര്യം മാത്രമല്ല അനാചാരങ്ങളിൽ നിന്നുള്ള മോചനവും കേരളത്തിലെ ദേശീയപ്രസ്ഥാനത്തിൽ ഉൾച്ചേർന്നിരുന്നു. ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.
- സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി കേരളത്തിലെ സാമൂഹ്യഘടനയിൽ വന്ന മാറ്റങ്ങൾ അപഗ്രഥിക്കുക.
- ആധുനികകേരളം രൂപപ്പെടുന്നതിനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുക.
- കാർഷിക-വ്യാവസായിക മേഖലകളിൽ പ്രതീക്ഷിച്ചത്ര പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. ഉയർന്നപ്രതിശീർഷ വരുമാനം എന്ന അവസ്ഥ ഇല്ല. എന്നിട്ടും മികവുറ്റ തരത്തിൽ ആരോഗ്യരംഗം വളർത്തിയെടുക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്താവന വിശകലനം ചെയ്യുക.
- ആരോഗ്യരംഗത്തെ പുരോഗതിക്ക് സ്ത്രീസാക്ഷരത കൂടിയേ കഴിയൂ. സ്ത്രീസാക്ഷരത വർധിക്കുന്നതും വിദ്യാഭ്യാസപുരോഗതി കൈവരിക്കുന്നതും ആരോഗ്യമേഖലയുടെ വളർച്ചയുടെ സൂചകമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.
- 'കോളനീകരണവും ദേശീയവിമോചനവും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ചർച്ച നടത്തുക.

# ദേശീയോദ്ഗ്രഥനം

9



മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഒറ്റക്കൊരു നിലനിൽപ്പിനെക്കുറിച്ച് മനുഷ്യന് ചിന്തിക്കുവാൻ പോലും കഴിയില്ല. അരിസ്റ്റോട്ടിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞതും ഇതുതന്നെ "മനുഷ്യൻ കുടുംബത്തിലും ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജീവിക്കുന്നു. ഒറ്റപ്പെട്ടവനായല്ല". മനുഷ്യന്റെ സാമൂഹിക ജീവിതത്തെക്കുറിച്ച് നമ്മൾ പഠിച്ചിട്ടുണ്ടല്ലോ.

എല്ലാ മനുഷ്യരും ഏതെങ്കിലും ഒരു കൂട്ടായ്മയിലെ അംഗമാണ്. നിങ്ങൾ ഏതൊക്കെ കൂട്ടായ്മയിൽ ഉൾപ്പെടുന്നു എന്നു ചിന്തിച്ച് നോക്കു. ചിലത് ഇവയാകാം:

- കുടുംബം (Family)
- സമപ്രായക്കാർ (Peer group)
- സമൂഹം (Society)
- സമുദായം (Community)
-

- കുടുംബമാണ് ഒരുവന്റെ ഏറ്റവും ചെറുതും പ്രാഥമികവുമായ കൂട്ടായ്മ. കുടുംബം നമ്മൾക്ക് സംരക്ഷണം നൽകുന്നു, സാമൂഹ്യവൽക്കരണത്തിനു സഹായിക്കുന്നു. അംഗങ്ങൾക്കിടയിൽ വൈകാരിക ബന്ധം നിലനിർത്തുന്നു.
- സമൂഹം സാമൂഹ്യബന്ധങ്ങളാണെന്ന് നമ്മൾ കണ്ടിട്ടുണ്ട്. നാം നമ്മുടെ ചുറ്റുപാടുമുള്ളവരുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ടിരിക്കുന്നു.
- സമുദായം

  നമ്മൾ സാധാരണയായി ഹിന്ദു സമുദായം, മുസ്ലീം സമുദായം, ക്രിസ്ത്യൻ സമുദായം എന്നൊക്കെ പ്രയോഗിച്ചുവരാറുണ്ടല്ലോ. എന്നാൽ, സമൂഹശാസ്ത്രം (സോഷ്യോളജി) സമുദായം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ഒരു നിശ്ചിത ഭൂപ്രദേശത്ത് പരസ്പരം ഇടപഴകി കഴിയുന്ന ഒരു കൂട്ടം ജനങ്ങളെയാണ്. സമൂഹമെന്നതിൽ ഭൂപ്രദേശത്തിന് അതിർത്തി നിർണ്ണയിക്കുന്നില്ല എന്നതാണ് സമുദായവും സമൂഹവും തമ്മിലുള്ള പ്രധാന വ്യത്യാസം.

  നിരവധി കുടുംബങ്ങൾ ചേർന്നാണല്ലോ ഒരു ഗ്രാമം/നഗരം രൂപീകൃതമാകുന്നത്. ഗ്രാമങ്ങൾക്ക്/നഗരങ്ങൾക്ക് നിശ്ചിത അതിർത്തിയുണ്ട്. അതിനാൽ ഗ്രാമത്തെ/നഗരത്തെ ഒരു സമുദായമായി (ഗ്രാമസമുദായം/നഗരസമുദായം) പരിഗണിക്കാം.

- രാഷ്ട്രം (State), ദേശം (Nation)

  ഒരു പ്രദേശത്തെ ജനത ഐക്യബോധത്തോടെ രാഷ്ട്രീയരൂപം സൃഷ്ടിച്ച് തങ്ങളുടെ രാഷ്ട്രീയഭാഗധേയം നിർണ്ണയിക്കുമ്പോൾ ഒരു രാഷ്ട്രം പിറക്കുന്നു. ഉദാഹരണമായി ഇന്ത്യയിൽ ജനാധിപത്യത്തെ അടിസ്ഥാനമാക്കിയ ഒരു രാഷ്ട്രീയരൂപമാണ് ഉള്ളത്. ഇന്ത്യയിലെ ജനങ്ങൾ തെരഞ്ഞെടുപ്പുകളിലൂടെ തങ്ങളുടെ രാഷ്ട്രീയഭാഗധേയം നിർണ്ണയിക്കുന്നു. വ്യക്തികൾക്ക് ദേശീയ ബോധം ഉണ്ടാവുമ്പോൾ ഒരു ദേശം എന്ന ചിന്ത ഉടലെടുക്കുന്നു. ദേശരാഷ്ട്രം ഒരു രാഷ്ട്രീയ സമാജമാണ് (Political association). അതിന് ചില സവിശേഷതകളുണ്ട്.

  - നിശ്ചിത അതിർത്തി
  - അംഗത്വം
  - നിയമാവലി
  - പൗരത്വം
  -

ജനങ്ങളും ഭരണഭൂമേഖലയും ഭരണകൂടവും ഉൾക്കൊള്ളുന്നതാണ് രാഷ്ട്രം.

- ദേശത്തെ സമുദായമായി കാണുമ്പോൾ (Nation as a community)

  ഏതൊരു ദേശത്തിനും അതിന്റേതായ അതിർത്തിയും നിയമങ്ങളുമുണ്ട്. ആയതിനാൽ തന്നെ ദേശത്തെ ഒരു സമുദായം എന്ന് കണക്കാക്കാം. ദേശം എന്നത് മനുഷ്യന്റെ കൂട്ടായ്മകളിലെ ഏറ്റവും വലുപ്പമേറിയ സമുദായമാണ്.

### ഇന്ത്യ എന്ന ദേശം

1947 ആഗസ്റ്റ് 15-ന് ഇന്ത്യ ഒരു സ്വതന്ത്രദേശമായി രൂപാന്തരപ്പെട്ടു.



വാഗാ അതിർത്തി

നിരവധി ഭാഷകൾ, മതങ്ങൾ, വംശങ്ങൾ, ജാതികൾ എന്നിവ കൂടിക്കലർന്ന ഒരു ബഹുസ്വരസമൂഹമായി ഇന്ത്യ നിലകൊള്ളുന്നു. ഇത് ഇന്ത്യയ്ക്കകത്തു തന്നെ പല സംസ്കാരങ്ങൾ ഉടലെടുക്കാൻ കാരണമായി.

### സംസ്കാരം

ഓരോ മനുഷ്യസമൂഹവും അവരവരുടേതായ സംസ്കാരങ്ങൾ പിൻതുടരുന്നു. സംസ്കാരം



എന്നത് ഒരു സമൂഹത്തിൽ നിലനിൽക്കുന്ന വേഷം, ഭാഷ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ എന്നിവയുടെ ആകെത്തുകയാണ്. ഇന്ത്യയിൽ നിലനിൽക്കുന്ന സംസ്കാരം വൈവിദ്ധ്യപൂർണ്ണമാണ്. എന്നാൽ ഇന്ത്യയെ ഒന്നിപ്പിച്ച് നിർത്തുന്നതും ഈ സംസ്കാരത്തിന്റെ ഘടകങ്ങളാണ്. അതുകൊണ്ടാണ് 'നാനാത്വത്തിൽ ഏകത്വം' എന്ന തത്ത്വം ഇന്ത്യൻ സമൂഹത്തിനും ഇന്ത്യൻ സംസ്കാരത്തിനും യോജിക്കുന്നത്.

> നെഹ്റുവിന്റെ വാക്കുകളിൽ, ഇന്ത്യയുടെ സ്വഭാവം നാനാത്വത്തിൽ ഏകത്വമാണ്. ഇന്ത്യൻ ദേശീയത നാനാത്വത്തിൽ ഏകത്വമെന്ന ആശയത്തിൽ അധിഷ്ഠിതമാകുന്നു.

### ഭാഷ

ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഇരുപത്തിരണ്ട് ഭാഷകളാണ് ഉൾപ്പെടുത്തി അംഗീകരിച്ചിരിക്കുന്നത്. ഇന്ത്യയിൽ മറ്റു നിരവധി ഭാഷകളും രണ്ടായിരത്തോളം ഭാഷാഭേദങ്ങളും ആണുള്ളത്. ഭരണഘടന അംഗീകരിച്ച ഭാഷകളെയും ഇന്ത്യയിലെ മറ്റു ഭാഷകളെയും ഭാഷാ ഭേദങ്ങളെയും ഇൻഡോ

ആര്യൻ ഭാഷകളെന്നും ദ്രാവിഡ ഭാഷകളെന്നും മുണ്ടഭാഷകളെന്നും തരം തിരിക്കാം.

| ഇൻഡോ ആര്യൻ ഭാഷകൾ | ദ്രാവിഡ ഭാഷകൾ | മുണ്ട ഭാഷകൾ |
|---|---|---|
| സംസ്കൃതം | മലയാളം | ഛത്തീസ്ഗഡ് |
| ആസാമീസ് | തമിഴ് | സന്താളി |
| ഹിന്ദി | ................ | ................ |
| ................ | ................ | ................ |
| ................ | ................ | ................ |



കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക




വിസ്തൃതമായ ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ നടപ്പിലിരുന്നത് പ്രാദേശികഭേദങ്ങളോടുകൂടിയ പ്രാകൃതമായിരുന്നു. തെക്കെ ഇന്ത്യയിൽ ദ്രാവിഡഗോത്രത്തിൽപെട്ട പ്രാദേശിക ഭാഷകളും. പശ്ചിമേഷ്യൻ പ്രദേശങ്ങളുമായുള്ള ഇന്ത്യയുടെ നിരന്തരബന്ധത്തിലൂടെ അറബി, പേർഷ്യൻ ഭാഷകളും പിൽക്കാലത്ത് ഇങ്ങോട്ട് എത്തി. ഈ സമ്പർക്കത്തിന്റെ ഫലമായി ഉറുദു എന്നൊരു ഭാഷയും പിൽക്കാലത്തുണ്ടായി.

### ജാതികൾ

ഇന്ത്യൻ സമൂഹത്തിന്റെ മുഖമുദ്രയാണ് ജാതികൾ. ജാതിയുടെ ഉൽപ്പത്തിയെക്കുറിച്ച് മുൻപ് നമ്മൾ പഠിച്ചിട്ടുണ്ടല്ലോ? ഹിന്ദുക്കൾക്കിടയിൽ ഏതാണ്ട് മൂവായിരത്തിലധികം ജാതികളും ഉപജാതികളുമുണ്ട്. ഹിന്ദുക്കൾക്കിടയിലെ ജാതി വിഭജനത്തിനു സമാനമായ വേർതിരിവുകൾ മറ്റു മതങ്ങളിലും കാണപ്പെടുന്നുണ്ട്. ലക്ഷദ്വീപിലെ മുസ്ലീങ്ങൾക്കിടയിലെ ജാതിസമാനമായ മൂന്ന് വിഭാഗങ്ങളാണ് കോയ, മേലാച്ചേരി, മാൽമി എന്നിവർ.

### വംശങ്ങൾ

ഇന്ത്യയൊരു വംശമ്യൂസിയമാണെന്നാണ് ശാസ്ത്രജ്ഞർ കണക്കാക്കുന്നത്. നെഗ്രിറ്റോ, മംഗൊളോയിഡ്, മെഡിറ്ററേനിയൻ തുടങ്ങി നിരവധി വംശജർ ഇന്ത്യയിൽ പാർത്തിരുന്നു. വിദൂരപൂർവേഷ്യയിലും ദക്ഷിണപൂർവേഷ്യയിലും അധിവസിക്കുന്ന മംഗൊളോയിഡ് വംശത്തിന്റെ കുടിയേറ്റത്തിന്റെ പശ്ചിമാതിർത്തി ഇന്ത്യയാണ്. പടിഞ്ഞാറുനിന്നു കുടിയേറിയവരിൽ ആര്യൻഭാഷ സംസാരിക്കുന്നവരും മെഡിറ്ററേനിയൻ വംശങ്ങളും ഉൾപ്പെടുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നു കുടിയേറിയവരുടെയും ഇന്ത്യയിലെ ആദിവാസികളുടെയും പിൻമുറക്കാരാണ് ഇന്നത്തെ ഇന്ത്യക്കാർ. അവർ ആര്, ഏത് നരവംശത്തിൽ ഉൾപ്പെടുന്നു എന്നുതിരിച്ചറിയുക ദുഷ്കരമാണ്. ഇരുളർ, കാടർ, മലപ്പണ്ടാരങ്ങൾ തുടങ്ങിയ പ്രോട്ടോ-ആസ്ട്രലോയിഡ് വംശജർ കേരളത്തിൽ ഉണ്ട്. വംശശുദ്ധി അവകാശപ്പെടാൻ കഴിയുന്നതിനപ്പുറം മനുഷ്യസമൂഹങ്ങൾ തമ്മിൽ ഇടപഴകിക്കഴിഞ്ഞു.



ഇന്ത്യയുടെ ഐക്യത്തിനുകാരണമായ ഘടകങ്ങൾ എന്തെല്ലാമെന്നു നോക്കാം.

### ദേശീയത

ദേശത്തോടുള്ള ഒരു വൈകാരികതാത്പര്യം മാത്രമാണോ ദേശീയത? ദേശീയതയ്ക്ക് നിരവധി വിശദീകരണങ്ങൾ കാണാൻ കഴിയും. ചിലതു പരിശോധിക്കാം.



- ഒരു പ്രത്യേക രാഷ്ട്രത്തിലുള്ള അംഗത്വവും അതിനെ തിരിച്ചറിയുന്നതുമാണ് (identification) ദേശീയത.
- വർഗ്ഗം, ഭാഷ, മതം, സംസ്കാരം തുടങ്ങിയ ചില ഘടകങ്ങൾ ജനങ്ങളെ ഒന്നിപ്പിച്ചു നിർത്തുന്ന ദേശീയതയാണ്.
- പൊതുവായ ചില സാരൂപ്യങ്ങളുള്ള (identity) ജനങ്ങൾക്കിടയിലെ ആശയപരമായ വികാരമാണ് ദേശീയത.

ദേശീയതയെ ആക്രാമകദേശീയത (Aggressive Nationalism) യെന്നും പ്രതിരോധദേശീയത (Defensive Nationalism) യെന്നും തരംതിരിക്കാമെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. സാമ്രാജ്യത്വരാജ്യങ്ങളിൽ ആക്രാമകദേശീയതയാണ് ഉണ്ടായിരുന്നത്. പ്രതിരോധദേശീയതയിലൂന്നിയാണ് ഇന്ത്യൻ ദേശീയത രൂപം കൊണ്ടത്.

ഇന്ത്യൻ ദേശീയത മറ്റു രാജ്യങ്ങളിലെ ദേശീയതയിൽ നിന്ന് ചില കാര്യങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇന്ത്യൻ ദേശീയത മതത്തിന്റേയും ജാതിയുടേയും പ്രാദേശികതയുടേയും വംശത്തിന്റേയും അടിസ്ഥാനത്തിൽ രൂപപ്പെട്ടതല്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ ചില സവിശേഷസാഹചര്യത്തിലാണ് ഇന്ത്യൻ ദേശീയത രൂപപ്പെട്ടത്. അത് രൂപപ്പെടുന്നതിൽ നിരവധി ഘടകങ്ങൾ സഹായിച്ചിട്ടുണ്ട്. അവ നമുക്ക് പരിശോധിക്കാം.

### മതങ്ങൾ

| ഇന്ത്യയിലെ മതങ്ങളുടെ അടിസ്ഥാനത്തിലുള്ള ജനസംഖ്യാ കണക്ക് | |
|---|---|
| 80.5% | - ഹിന്ദുക്കൾ |
| 13.4% | - മുസ്ലീങ്ങൾ |
| 2.3% | - ക്രിസ്ത്യാനികൾ |
| 3.8% | - മറ്റുള്ളവ |

*(2001 സെൻസസ്സ് റിപ്പോർട്ട്)*



മേൽക്കൊടുത്തവയിൽ പെടാത്ത വിവിധ മതവിഭാഗങ്ങളിലെ ജനങ്ങൾ ഇന്ത്യയിൽ ജീവിക്കുന്നു. അവയുടെ പേരുകൾ പട്ടികപ്പെടുത്തുക.

- 
- 
- 

ഇങ്ങനെ ജാതി, വംശം, ഭാഷ, മതം തുടങ്ങിയവയാൽ വൈവിദ്ധ്യപൂർണ്ണമായ ഒരു രാജ്യമായാണ് സ്വതന്ത്ര ഇന്ത്യ നിലവിൽ വന്നത്. എന്നിരുന്നാൽത്തന്നെയും ഇന്ത്യ എങ്ങനെ ഐക്യത്തോടെ നിലനിൽക്കുന്നു?

### ചരിത്രപരമായ ഘടകങ്ങൾ

യൂറോപ്യന്മാരുടെ വരവിന് മുമ്പ് ചെറുതും വലുതുമായ നാട്ടുരാജ്യങ്ങളുടെ ഒരു സമുച്ചയമായിരുന്നു ഇന്ത്യ. സാംസ്കാരികമായി ചില മേഖലകളിൽ സാമ്യമുണ്ടായിരുന്നെങ്കിലും ഒരു ദേശരാഷ്ട്രമായി രൂപപ്പെടാൻ യൂറോപ്പ്യന്മാരുടെ, പ്രത്യേകിച്ച് ബ്രിട്ടീഷുകാരുടെ വരവ് സഹായിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാരോടെതിരിട്ട് 19-ാം നൂറ്റാണ്ടിലാണ് ഇന്ത്യൻ ദേശീയത രൂപപ്പെട്ടത്. എ.ആർ.ദേശായി എന്ന സാമൂഹ്യശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ ഇന്ത്യൻ ദേശീയത രൂപപ്പെടാൻ രണ്ടു ഘടകങ്ങൾ സഹായിച്ചിട്ടുണ്ട്.



ദേശീയ സമരം

(1) ബ്രിട്ടീഷുകാരുടെ ഭരണം

(2) സാംസ്കാരികമായ ഒരുമ

### ഭൂമിശാസ്ത്രപരം

ഇന്ത്യൻ ദേശീയത ഉരുത്തിരിഞ്ഞുവരാൻ ഭൂമിശാസ്ത്രപരമായ ഘടകങ്ങളുടെ പങ്ക് വളരെ വലുതാണ്. വടക്ക് ഹിമാലയവും കിഴക്ക് ബംഗാൾ ഉൾക്കടലും പടിഞ്ഞാറ് അറബിക്കടലും തെക്ക് ഇന്ത്യൻ മഹാസമുദ്രവും അതിരുകളായ ഭൂവിഭാഗത്തിന്റെ പേരാണ് ഭാരതം.

അനിയന്ത്രിതമായ കടന്നുകയറ്റങ്ങളിൽനിന്നുള്ള രക്ഷയ്ക്കും ഒപ്പം തന്നെ മറ്റു സംസ്കാരങ്ങളുമായുണ്ടായ നിയന്ത്രിതമായ ഇടപെടലിനും ഇന്ത്യൻ ഭൂപ്രകൃതിയുടെ പ്രത്യേകത സഹായിച്ചു. സംതൃപ്തമായ ജീവിതം നയിക്കുന്നതിനാവശ്യമായ വിഭവങ്ങൾ പ്രകൃതി ഒരുക്കി. വ്യത്യസ്തതയാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയും വൈവിദ്ധ്യങ്ങളെ അംഗീകരിക്കുവാനും ബഹുമാനിക്കുവാനും കഴിവുള്ള മനസ്സുകളെ സൃഷ്ടിച്ചു.

### സാംസ്കാരികം

വൈവിദ്ധ്യങ്ങൾക്കിടയിലും ജീവിതാവശ്യങ്ങൾക്കായി ഇന്ത്യൻ ജനത അന്യോന്യം സഹവർത്തിത്വത്തോടെ ജീവിക്കാൻ ശീലിച്ചു. ആത്മീയതയ്ക്കൊപ്പം ഭൗതികതയും ഇന്ത്യൻ ചിന്തകളിൽ വളർന്നുവന്നു. ഇന്ത്യയിൽ ഉത്ഭവിച്ച മതങ്ങളേയും വന്നുചേർന്ന മതങ്ങളെയും ഉൾക്കൊള്ളാൻ കഴിഞ്ഞത് മേൽപ്പറഞ്ഞ പ്രത്യേകതകൾ മൂലമാണ്. ഇന്ത്യയിൽ എത്തിപ്പെട്ട എല്ലാ സംസ്കാരങ്ങളും അതിന്റേതായ സംഭാവനകൾ ഇന്ത്യൻ സമൂഹത്തിനു നൽകി. ലോകത്തിലുള്ള വിവിധ സംസ്കാരങ്ങളുടെ സത്ത ഉൾക്കൊണ്ടതാണ് ഇന്ത്യൻ സംസ്കാരം.

### സാമൂഹ്യഘടകങ്ങൾ

പരസ്പരാശ്രയത്തിലൂടെ വളർന്നുവന്ന ഒരു സമൂഹമാണ് ഇന്ത്യയുടേത്. ജാതിയുടെ തുടക്കം തൊഴിൽ വിഭജനത്തിലൂടെയായിരുന്നു. തൊഴിൽ വിഭജനം സമൂഹത്തിന്റെ മുന്നേറ്റത്തിനു ഏറെ സഹായിച്ചു. ജജ്മാനി വ്യവസ്ഥ അതിനൊരുദാഹരണമായിരുന്നു.

ജാതികൾ തമ്മിൽ തൊഴിൽപരമായ പരസ്പര സഹകരണമാണ് 'ജജ്മാനി' വ്യവസ്ഥ. ഇതിൽ സേവനം നൽകുന്നവരെ കമീൻ എന്നും സേവനം സ്വീകരിക്കുന്നവരെ ജാജ്മൻ എന്നും പറയുന്നു.

### അടിയായ്മ

കേരളത്തിൽ ജാജ്മാനി വ്യവസ്ഥയ്ക്ക് സമാനമായി നിലനിന്ന ഒന്നാണ് അടിയായ്മ. കൃഷിക്കു മേൽനോട്ടം വഹിച്ചുകൊണ്ട് ജന്മികുടുംബത്തിന്റെ അവിഭാജ്യാംശമായി വർത്തിക്കുന്ന ദാസപ്രവൃത്തിയാണ് അടിയായ്മ. അടിയാൻ അടിമയല്ലെങ്കിലും അടിമയെപ്പോലെ പെരുമാറും. അയാൾ സകുടുംബം ജന്മിഭവനത്തെ പരിചരിക്കുന്നു. അടിയായ്മ പാരമ്പര്യവഴിക്കായിരുന്നു.



കേരളത്തിൽ നിലനിന്നിരുന്ന അടിയായ്മയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു കുറിപ്പു തയ്യാറാക്കുക.

### മതനിരപേക്ഷത

സ്വതന്ത്ര ഇന്ത്യ മതനിരപേക്ഷതയിൽ അടിയുറച്ചു നിൽക്കുന്നു. മറ്റു പല രാജ്യങ്ങളിലും ഉള്ളതുപോലെ ഇന്ത്യയ്ക്ക് ദേശീയമതമില്ല. ഏതൊരുമതത്തിനും അവരവരുടെ ആചാരാനുഷ്ഠാനങ്ങൾ അനുവർത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അവകാശമുണ്ട്. എല്ലാ മതങ്ങളേയും തുല്യമായി പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

**മതനിരപേക്ഷത**

- മാനവികമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
- മതങ്ങളുടെ മൂല്യങ്ങൾക്കോ ധാർമ്മികതയ്ക്കോ എതിരല്ല.
- ആധുനികതയുടെ ഒരു ഘടകമാണ് മതനിരപേക്ഷത.



മതനിരപേക്ഷത വളർത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിക്കാമെന്ന് ചർച്ച ചെയ്യുക.

### ഇന്ത്യൻ ഭരണഘടന

മതനിരപേക്ഷ സങ്കൽപ്പമാണ് ഇന്ത്യൻ ഭരണഘടനയുടെ ആശയപരമായഅടിത്തറ. നിയമത്തിന്റെ മുമ്പിൽ എല്ലാ പൗരന്മാരും തുല്യരാണ്. ജന്മത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക പരിഗണനകൾ നിർത്തലാക്കി. മതം, ഭാഷ, ജാതി, വംശം, പ്രദേശം എന്നിവ പരിഗണിക്കില്ല. ഇന്ത്യയിലെ വൈവിദ്ധ്യം നിലനിർത്തേണ്ടതാണെന്നും അതിലേക്കായി വികേന്ദ്രീകരണം ആവശ്യമാണെന്നും ഭരണഘടന തിരിച്ചറിയുന്നു.

ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും പ്രദേശത്തിന്റെയും അപ്പുറത്ത് നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിലടിയുറച്ചതാണ് ഇന്ത്യൻ ദേശീയത.



അശോകസ്തംഭം



മതനിരപേക്ഷസങ്കല്പം നിലനിർത്തിക്കൊണ്ട് ദേശീയദിനങ്ങൾ എങ്ങനെ അർത്ഥപൂർണ്ണമായി ആചരിക്കാമെന്ന് ചർച്ച ചെയ്യുക.



### ദേശീയതയുടെ പ്രതിഫലനം

സ്വാതന്ത്ര്യസമരസേനാനികളുടെയും നാടിനായി രക്തസാക്ഷിത്വം വരിച്ച ധീരരുടെയും ഓർമ്മ പുതുക്കുന്നതിലൂടെ നമ്മൾ ദേശസ്നേഹവും ദേശീയതയും പ്രതിഫലിപ്പിക്കുന്നു.

ഇതുപോലെ മറ്റേതെല്ലാം അവസരങ്ങളിലാണ് നമ്മൾ ദേശീയത പ്രതിഫലിപ്പിക്കാറുള്ളത്. ആലോചിക്കുക. സന്ദർഭങ്ങൾ കണ്ടെത്തുക.

### ദേശീയചിഹ്നങ്ങൾ

ദേശീയബോധം ഉണർത്തുന്നവയും ഐക്യത്തിന്റെ ആവേശമുണർത്തുന്നവയുമാണ് ഇന്ത്യയുടെ

ദേശീയചിഹ്നങ്ങൾ. ദേശീയചിഹ്നങ്ങളെ ആദരിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. അവയോടുള്ള അനാദരവ് ശിക്ഷാർഹമാണ്.

### അതിരുകടന്ന ദേശീയത

ഒരു രാഷ്ട്രത്തിനും ഒരു ജനതയ്ക്കും ഒറ്റയ്ക്കൊരു നിലനിൽപ്പില്ലെന്ന് ലോകചരിത്രം പഠിപ്പിക്കുന്നു. അതിരുകടന്ന ദേശീയത മറ്റു രാഷ്ട്രങ്ങളോടുള്ള വെറുപ്പിലേക്കും സംഘർഷത്തിലേക്കും നയിക്കും. ഹിറ്റ്ലറും മുസലീനിയും ഈ വികാരം ഉപയോഗപ്പെടുത്തിയത് ചരിത്രത്തിൽ നമ്മൾ കണ്ടതാണ്. വികസനത്തിന് ഉതകേണ്ട പണം യുദ്ധത്തിനുവേണ്ടി വിനിയോഗിക്കുന്നതു ശരിയല്ല. ലോകയുദ്ധങ്ങൾ ഉണ്ടാക്കിയ വിപത്ത് പിന്നീട് വന്ന തലമുറകൾപോലും അനുഭവിക്കുന്നത് കണ്ടില്ലെന്നു നടിക്കാനാവില്ല.

## ദേശീയോദ്ഗ്രഥനം

വൈവിദ്ധ്യങ്ങൾ നിറഞ്ഞ ഇന്ത്യൻ സമൂഹത്തെ ചില വൈകാരികശക്തികൾ ഏകീകരിക്കുകയും ഒരു ഏകാത്മകസമൂഹമായി നിലനിർത്തുകയും ചെയ്യുന്നു. ഇതാണ് ദേശീയോദ്ഗ്രഥന പ്രക്രിയ. നമ്മുടെ രാജ്യത്തെ ശിഥിലീകരിക്കുന്ന എല്ലാ ശക്തികളെയും പ്രതിരോധിക്കുക എന്നതാണ് ദേശീയോദ്ഗ്രഥനത്തിന്റെ മുഖ്യധർമ്മം.

ദേശീയോദ്ഗ്രഥനം ഒരു സമ്മിശ്രസങ്കൽപ്പമാണ്. സാമൂഹികവും രാഷ്ട്രീയവും മതപരവും പ്രാദേശികവും സാമ്പത്തികവുമായ പല മാനങ്ങളും അതിനുണ്ട്.

### ദേശീയോദ്ഗ്രഥനത്തിന്റെ മൂന്ന് അടിസ്ഥാന ഘടകങ്ങൾ

1. ഘടനാപരമായ സമത്വം
2. സാംസ്കാരികമായ ഐക്യം
3. ആശയപരമായ ഒരുമ

### ഘടനാപരമായ സമത്വം

രാജ്യത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകിച്ച് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വർഗ്ഗങ്ങൾക്കും വിഭാഗങ്ങൾക്കും തുല്യ അവസരം ഒരുക്കുക.

### സാംസ്കാരികമായ ഐക്യം

തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ (untouchability) തുടങ്ങിയ ജാതീയവിവേചനങ്ങൾ ഒഴിവാക്കുക.

### ആശയപരമായ ഒരുമ

രാഷ്ട്രീയമായും മതപരമായും ഉള്ളതുപോലെ മറ്റു പല തലത്തിലും വ്യത്യസ്ത കാഴ്ചപ്പാടുള്ളവരാണെങ്കിലും 'ദേശീയ ലക്ഷ്യങ്ങളെ' കുറിച്ച് ജനങ്ങൾക്കിടയിൽ വ്യക്തമായ തിരിച്ചറിവ് വളർത്തിയെടുക്കണം.

## ദേശീയോദ്ഗ്രഥനത്തിലേക്ക്

വൈവിദ്ധ്യങ്ങളെ അംഗീകരിച്ച് അവയെ ബഹുമാനിച്ച് ഇന്ത്യ ഒരു ദേശമാണെന്ന വികാരമുൾക്കൊണ്ട് ഒന്നായി മാറുന്നതാണ് ദേശീയോദ്ഗ്രഥനം.

ദേശീയോദ്ഗ്രഥനത്തെപ്പറ്റി ചിന്തിക്കുമ്പോൾ ചില ചോദ്യങ്ങൾ ഉയർന്നുവന്നേക്കാം.

സാമ്പത്തികസമത്വം നേടിയാൽ ഉദ്ഗ്രഥനമാകുമോ? ഉയർന്ന സാമ്പത്തികസ്ഥിതിയുള്ള വിഭാഗങ്ങൾക്കിടയിലും ദേശീയോദ്ഗ്രഥനത്തിനെതിരായ നീക്കങ്ങളില്ലേ?

ശരിയായ ആസൂത്രണത്തിലൂടെ മാത്രം സാമൂഹികസാമ്പത്തികമാറ്റങ്ങളും ദേശീയോദ്ഗ്രഥനവും സാധ്യമാകുമോ?

മതപരമായ സഹവർത്തിത്വത്തിന്റെയും സൗഹാർദ്ദത്തിന്റെയും ആശയങ്ങൾ പ്രചരിപ്പിച്ചതുകൊണ്ടു മാത്രം ഉദ്ഗ്രഥനം സാധ്യമാക്കുവാൻ കഴിയുമോ? ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ ദേശീയോദ്ഗ്രഥനം ഒരു സങ്കീർണപ്രശ്നമാണെന്നും അതിൽ ദേശത്തിന്റെ രാഷ്ട്രീയമായ ഉദ്ഗ്രഥനം ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ എന്നും കാണാം. അതോടൊപ്പംതന്നെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക ഭിന്നതകൾ വിവേചനങ്ങൾ ഇവ ഒഴിവാക്കപ്പെടുകയും വേണം.

## ഇന്ത്യൻ ദേശീയോദ്ഗ്രഥനത്തിനുള്ള വെല്ലുവിളികൾ

ഇന്ത്യയുടെ എല്ലാതലത്തിലുമുള്ള ഉദ്ഗ്രഥനത്തിന് തടസ്സമായി ചില ഘടകങ്ങൾ വർത്തിക്കുന്നുണ്ട്.

### പ്രാദേശികവാദം (Regionalism)

'പ്രാദേശികവാദം' സ്വന്തം രാജ്യത്തെക്കാൾ സ്വന്തം പ്രദേശത്തിന് പ്രാധാന്യം നൽകുന്നു. പ്രാദേശികവാദത്തിനൊപ്പം ഭാഷയും മതവും ചേരുമ്പോൾ അത് ഒറ്റദേശം എന്നതിന് പകരം പ്രാദേശിക താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നു എന്നതാണ്. ഇത് സമൂഹത്തിൽ വിഭാഗീയതയ്ക്ക് ഇടയാക്കുന്നു.

### ജാതീയത (Casteism)

ജാതീയത ഒരു ഛിദ്രശക്തിയാണ്. ഒരു വിഭാഗം മറ്റു ജാതിക്കാരെ താഴ്ന്നവരായി പരിഗണിക്കുന്നു. അവരെ ചൂഷണം ചെയ്യുന്നു. സ്ഥാനമാനങ്ങളും അവസരങ്ങളും ചില ജാതിക്കാർ മാത്രം കൈയടക്കിവയ്ക്കുന്നു. ഇത് ഇതര ജാതിക്കാർക്കിടയിൽ ശത്രുതാമനോഭാവം ഉണർത്തുന്നു. ജാതിസംഘടനകൾ രാഷ്ട്രീയത്തിൽ ഇടപെടുന്നു. സമ്മർദ്ദസംഘങ്ങളായി പ്രവർത്തിച്ച് പലപ്പോഴും ആവശ്യങ്ങൾ അനർഹമായി നേടിയെടുക്കുന്നതിനായി ജാതിസംഘടനകൾ രൂപീകരിക്കുന്നു. ഇവയൊക്കെ ഉദ്ഗ്രഥനത്തിന് തടസ്സമായി തീരുന്നു.

### വർഗ്ഗീയത (Communalism)

ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്നതോ മതപരമായ ചടങ്ങുകൾ അനുഷ്ഠിക്കുന്നതോ അല്ല വർഗ്ഗീയത. സ്വന്തം മതത്തോടുള്ള അതിരുകവിഞ്ഞ അഭിനിവേശം മറ്റു മതങ്ങളോടുള്ള വിരോധമായി മാറുമ്പോൾ മതതീവ്രവാദം ഉടലെടുക്കുന്നു. മതം, ജാതി, വംശം എന്നിവ രാഷ്ട്രീയ സാമൂഹികനേട്ടങ്ങൾക്കായി ഉപയോഗിക്കുമ്പോൾ അത് വർഗ്ഗീയതയാകുന്നു.

വർഗ്ഗീയതയുടെ യഥാർത്ഥ ഉറവിടം രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളാണ്. ഇന്ത്യയുടെ വിഭജനംതന്നെ മതം രാഷ്ട്രീയത്തിൽ ഇടപെട്ടതിന്റെ ഉദാഹരണമാണ്.



സമൂഹപുരോഗതിക്ക് വിഘാതമായ വർഗ്ഗീയതയെ നേരിടാനുള്ള മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് ചർച്ച ചെയ്യാം.

- മതേതരത്വം
- പുരോഗമന വിദ്യാഭ്യാസം
- 
- 



വിഭജനകാലത്തെ പലായനം

### ഭാഷാവാദം

ഇന്ത്യൻ ഭരണഘടന 22 ഭാഷകളെ അംഗീകരിച്ചിട്ടുണ്ടെന്ന് നമ്മൾ കണ്ടു. ഔദ്യോഗിക ഭാഷ ഹിന്ദിയും അനുബന്ധ ഭാഷ ഇംഗ്ലീഷുമാണ്.

രണ്ടായിരത്തോളം ഭാഷകളാണ് ഇന്ത്യയിൽ വിവിധ ജനവിഭാഗങ്ങൾ ഉപയോഗിക്കുന്നത്. ഇന്ത്യ സ്വതന്ത്രമായപ്പോൾ ഹിന്ദി ദേശീയഭാഷയാകുന്നതിനെ മറ്റുപലഭാഷക്കാരും എതിർത്തു. തമിഴ്നാട്ടിൽ ഹിന്ദിവിരുദ്ധപ്രക്ഷോഭംതന്നെ ഉണ്ടായി. സ്വതന്ത്ര ഇന്ത്യ നേരിട്ട മറ്റൊരു പ്രശ്നം ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുനഃസംഘടനയാണ്. 1956-ൽ ഇന്ത്യാ ഗവൺമെന്റ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിച്ചത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്നും സംസ്ഥാനപുനഃസംഘടനയാവശ്യപ്പെട്ടു ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ പ്രക്ഷോഭങ്ങൾ നടക്കുന്നു. ദേശീയോദ്ഗ്രഥനത്തിനു പ്രതിബന്ധമാകുന്ന പ്രധാനകാരണങ്ങളിലൊന്നായ സങ്കുചിതഭാഷാവാദം മാറിയിരിക്കുന്നു.

#### ത്രിഭാഷാ പദ്ധതി

*ദേശീയോദ്ഗ്രഥനത്തേയും അന്തഃസംസ്ഥാന വിനിമയത്തേയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ത്രിഭാഷാ പദ്ധതി കൊണ്ടുവന്നു.*

*ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ ഇംഗ്ലീഷും ഹിന്ദിയും ഏതെങ്കിലുമൊരു മാതൃഭാഷയും. അഹിന്ദി സംസ്ഥാനങ്ങളിൽ ഇംഗ്ലീഷും ഹിന്ദിയും മാതൃഭാഷയും സ്കൂൾ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുന്ന പദ്ധതിയായിരുന്നു അത്.*

## ഭീകരവാദം

ഒരു രാജ്യത്ത് നിലനിൽക്കുന്ന സാമൂഹ്യക്രമത്തിനു യോജിക്കാത്ത മാർഗ്ഗങ്ങളുപയോഗിച്ച് സ്വന്തം താല്പര്യങ്ങൾ നേടിയെടുക്കാനായി ജനങ്ങൾക്കുള്ളിൽ ഭീതിപരത്തി പ്രവർത്തിക്കുന്നതാണ് ഭീകരവാദം. ഭീകരവാദം മാനുഷികമൂല്യങ്ങളെ അവഗണിക്കുന്നു. തങ്ങൾക്കർഹമായത് ലഭിക്കുന്നില്ല എന്ന തോന്നൽ, തൊഴിലില്ലായ്മ, ശരിയായ വിദ്യാഭ്യാസത്തിന്റ അഭാവം, ജീവിതസാഹചര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ ഭീകരവാദത്തിന് വഴിയൊരുക്കുന്നു.

ദേശീയോദ്ഗ്രഥനം ദേശീയതയെ വളർത്തുന്നു. അത് വർഗ്ഗീയതയ്ക്കും ഭാഷാഭ്രാന്തിനും പ്രാദേശികവാദത്തിനും മറ്റു ശിഥിലീകരണശക്തികൾക്കും എതിരാണ്.

### ദേശീയോദ്ഗ്രഥന ദിനം



*ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ ജന്മദിനമായ നവംബർ 19 ദേശീയോദ്ഗ്രഥനദിനമായി ആചരിക്കുന്നു. ഇന്ത്യൻ ജനതയ്ക്കിടയിൽ ഐക്യവും സമാധാനവും സ്നേഹവും സാഹോദര്യവും വളർത്തിയെടുക്കുക എന്നുള്ളതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. 1984 ഒക്ടോബർ 31-ന് സ്വന്തം അംഗരക്ഷകരുടെ വെടിയുണ്ടയ്ക്ക് മുമ്പിൽ രക്തസാക്ഷിത്വം വരിക്കുകയായിരുന്നു ആ മഹതി. ശ്രീമതി ഇന്ദിരാഗാന്ധി ഖാലിസ്ഥാൻ വാദത്തിന്റെ ഇരയായിരുന്നു.*

### പ്രവർത്തനങ്ങൾ



- ഇന്ത്യൻ മതനിരപേക്ഷത കൂടുതൽ ഫലപ്രദമാക്കാൻ നിങ്ങളുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?
- നമ്മുടെ ദൈനംദിന ജീവിതത്തിൽ ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തുക. ഉദാ: വേഷം, ഭാഷ തുടങ്ങിയവ.
- ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ ചർച്ചചെയ്ത് ഒരു സെമിനാർ സംഘടിപ്പിക്കുക.
- ദേശീയോദ്ഗ്രഥനത്തിന് സഹായിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- 'ദേശീയപതാക', 'അശോകചക്രം' എന്നിവ പ്രധാന ദേശീയ ചിഹ്നങ്ങളാണ്. ദേശീയ ചിഹ്നങ്ങൾ കണ്ടെത്തി ഒരു ആൽബം തയ്യാറാക്കാം.
- 'വർഗ്ഗീയത ഫാഷിസത്തിന്റെ ഇന്ത്യൻ പതിപ്പാണ്' എന്ന ജവ ഹർലാൽ നെഹ്റുവിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വർഗ്ഗീയതയേയും ഫാഷിസത്തെയും താരതമ്യം ചെയ്യുക.
- ദേശസ്നേഹം പ്രമേയമാക്കി നിരവധി സാഹിത്യകൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. അവ ശേഖരിച്ച് ഒരു പതിപ്പാക്കുക.
- നമ്മുടെ രാജ്യം നേരിട്ട ചില ഭീകരവാദപ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ ചർച്ചചെയ്ത് രേഖപ്പെടുത്തുക:

  ഉദാ:
  - കാശ്മീർ പ്രശ്നങ്ങൾ
  - ബോഡോ പ്രശ്നങ്ങൾ
  - ഖാലിസ്ഥാൻ വാദം
  -

# ജനാധിപത്യം

10



ഇന്ത്യൻ പാർലമെന്റ് മന്ദിരം

*"ജനാധിപത്യം സഹിഷ്ണുതയാണ്. നമ്മോട് യോജിക്കുന്നവരോട് മാത്രമല്ല, വിയോജിക്കുന്നവരോടുമുള്ള സഹിഷ്ണുത"*-ജവഹർലാൽ നെഹ്റു. അക്രമത്തിന്റെയും അസഹിഷ്ണുതയുടെയും മാർഗ്ഗം സ്വീകരിക്കുന്നത് ജനാധിപത്യത്തിൽ വിശ്വാസമില്ലാത്തവരാണ്. പക്ഷേ പല സന്ദർഭങ്ങളിലും നാം അസഹിഷ്ണുത കാണിക്കുന്നു. ജനാധിപത്യത്തെക്കുറിച്ച് കൂടുതൽ അറിയേണ്ടതും, ജനാധിപത്യമാർഗ്ഗങ്ങൾ പരിശീലിച്ച് അത് ഒരു ജീവിത രീതിയായി മാറ്റേണ്ടതും ആവശ്യമാണ്.

## ജനാധിപത്യത്തിന്റെ ആവിർഭാവം

ഇന്ന് നമ്മുടെ രാജ്യത്തുൾപ്പെടെ മിക്ക ലോകരാഷ്ട്രങ്ങളിലും നിലനിൽക്കുന്ന ജനാധിപത്യം പാശ്ചാത്യമാതൃകയിലുള്ളതാണ്. പാശ്ചാത്യമാതൃകയിലുള്ള ജനാധിപത്യത്തിന്റെ ചരിത്രം തുടങ്ങുന്നത് പുരാതന ഗ്രീസിൽ നിന്നാണ്. ജനാധിപത്യം അതിന്റെ വിശാലമായ അർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടുന്നതിനും വികസിക്കുന്നതിനും മുമ്പു തന്നെ ഒരു ഭരണരീതി എന്ന നില

യിൽ പുരാതന ഗ്രീസിൽ നിലനിന്നിരുന്നു. ഗ്രീസിൽ നിലനിന്നിരുന്ന നഗരരാഷ്ട്ര (city states) ജനാധിപത്യസംവിധാനം പാശ്ചാത്യ തത്വചിന്തകരേയും രാഷ്ട്രമീമാംസകരേയും പണ്ഡിതന്മാരെയും സംബന്ധിച്ചിടത്തോളം മഹനീയ മാതൃകയായിരുന്നു (422 ബി.സി. മുതൽ 322 ബി.സി. കാലഘട്ടം). ജനങ്ങൾ എന്നർത്ഥം വരുന്ന 'ഡമോസ്' (Demos) 'അധികാരം' എന്നർത്ഥം വരുന്ന 'ക്രാത്തോസ്' (kratos) എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഡമോക്രസി എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉല്പത്തി. അതുകൊണ്ട് ജനാധിപത്യമെന്നാൽ (Democracy) ജനങ്ങളുടെ അധികാരമെന്നാണർത്ഥം.

പുരാതനഗ്രീസിൽ നിന്ന് ഇന്നത്തെ ആധുനിക ലോകത്തേയ്ക്ക് എത്തിയപ്പോഴേയ്ക്കും ജനാധിപത്യത്തിനും കാലാനുസൃതമായ മാറ്റം ഉണ്ടായി. അവിടെ നിലനിന്നിരുന്ന ജനാധിപത്യസമ്പ്രദായത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പുതിയ രൂപം ജനാധിപത്യത്തിനുണ്ടായി.

## ജനാധിപത്യത്തിന്റെ വകഭേദങ്ങൾ (Forms of Democracy)

പുരാതനഗ്രീസിൽ നിലനിന്നിരുന്ന നഗരരാഷ്ട്ര ജനാധിപത്യമാതൃക വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്. അവിടെ ജനാധിപത്യം ഒരിക്കലും മുഴുവൻ ജനങ്ങളുടേയും ഭരണസംവിധാനമായിരുന്നില്ല. അങ്ങനെ ആകണമെന്ന് ഉദ്ദേശിക്കപ്പെട്ടിരുന്നുമില്ല. പൗരന്മാരാകാൻ വിശേഷാൽ യോഗ്യതനേടിയവരുടെ പൊതുവേദിയായിരുന്നു നഗരരാഷ്ട്രഭരണകൂടം. ജനാധിപത്യം പൗരന്മാരുടെ ആധിപത്യമായിട്ടാണ് സങ്കൽപ്പിച്ചിരിക്കുന്നത്. സ്ത്രീകളേയും അടിമകളേയും വിദേശികളേയും അവർ പൗരന്മാരായി പരിഗണിച്ചിരുന്നില്ല.

### പ്രത്യക്ഷജനാധിപത്യം (Direct Democracy)

പുരാതനഗ്രീസിൽ നിലനിന്നിരുന്ന ഭരണരീതിയെ പ്രത്യക്ഷജനാധിപത്യമെന്നാണ് പൊതുവിൽ വിശേഷിപ്പിക്കുന്നത്. പ്രത്യക്ഷ ജനാധിപത്യത്തിൽ എല്ലാ പൗരന്മാരും ഒരു സ്ഥലത്ത് സമ്മേളിച്ച് തങ്ങൾക്കാവശ്യമുള്ള നിയമങ്ങൾ അംഗീകരിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തിരുന്നു. നീതിയും ന്യായവും അവർ തന്നെ നടപ്പാക്കിയിരുന്നു. ഇന്നത്തെപ്പോലെ ഒരു ഉദ്യോഗസ്ഥവൃന്ദമോ നീതിപീഠസംവിധാനമോ അന്ന് ഉണ്ടായിരുന്നില്ല. സാധാരണ പൗരന്മാർ തന്നെയാണ് ഹ്രസ്വകാലയളവിലേക്ക് ഈ ജോലികൾ നിർവ്വഹിച്ചിരുന്നത്. നറുക്കിട്ട് ചെറിയ കാലയളവിലേക്കാണ് ഭരണകർത്താക്കളെ കണ്ടെത്തിയിരുന്നത്. ചുരുക്കത്തിൽ പൗരന്മാർ നേരിട്ട് ഭരണത്തിൽ പങ്കാളികളാകുന്ന ഒരു ഭരണസമ്പ്രദായമാണ് പ്രത്യക്ഷ ജനാധിപത്യം. ജനാധിപത്യത്തിന്റെ ഏറ്റവും പൂർണവും ശുദ്ധവുമായ മാതൃകയായി ഇന്നും പ്രത്യക്ഷജനാധിപത്യത്തെക്കാണുന്നു.

### പരോക്ഷജനാധിപത്യം (Indirect Democracy)

പ്രത്യക്ഷജനാധിപത്യം ഇന്ന് ലോകത്തിന്റെ ഒരു ഭാഗത്തും നിലനിൽക്കുന്നില്ല. ഇന്ന് നിലനിൽക്കുന്നത് പരോക്ഷജനാധിപത്യമാണ്. എന്തായിരിക്കും ഈ മാറ്റത്തിന് കാരണം.

ദേശരാഷ്ട്രങ്ങളുടെ ആവിർഭാവവും, സ്ത്രീകൾ ഉൾപ്പെടെ എല്ലാവർക്കും ഭരണത്തിൽ തുല്യപങ്കാളിത്തവും, പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കിയതും അടിമ സമ്പ്രദായം നിർത്തലാക്കിയതും പരോക്ഷ ജനാധിപത്യത്തിന്റെ ആവിർഭാവത്തിന് കാരണമായി. ജനസംഖ്യയിലുണ്ടായ വർദ്ധനവും മറ്റൊരു കാരണമാണ്. ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും അവർ ജനങ്ങൾക്കുവേണ്ടി ഭരിക്കുകയും ചെയ്യുന്നതിനാലാണ് ഇതിനെ പരോക്ഷ ജനാധിപത്യമെന്ന് പറയുന്നത്. പ്രതിനിധികളിലൂടെ പ്രവർത്തിക്കുന്നതിനാൽ ഇത് പ്രാതിനിധ്യ ജനാധിപത്യമെന്നും അറിയപ്പെടുന്നു. ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ നിലനിൽക്കുന്നത് പരോക്ഷ ജനാധിപത്യമാണ്. ഇന്ത്യയിൽ കേന്ദ്ര-സംസ്ഥാന പ്രാദേശികതലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുണ്ട്.

1. ചെറിയ നഗര രാഷ്ട്രങ്ങൾ വലിയ ദേശരാഷ്ട്രങ്ങൾക്കു വഴിമാറി.



താഴെ കൊടുത്തിരിക്കുന്നവ പരോക്ഷജനാധിപത്യത്തിലേക്കുള്ള മാറ്റത്തിന് കാരണമായ വസ്തുതകൾ ആണ്. ഇവ ഓരോന്നും ഈ മാറ്റത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് പരിശോധിക്കൂ.

2. ആധുനിക രാഷ്ട്രങ്ങൾ സ്ത്രീകൾക്ക് വോട്ടവകാശവും പൗരത്വവും നൽകുന്നു.
3. സമത്വം, എല്ലാവർക്കും പങ്കാളിത്തം എന്നീ ആശയങ്ങളുടെ വളർച്ച.
4. പ്രായപൂർത്തി വോട്ടവകാശത്തിന് വ്യാപകമായ അംഗീകാരം ലഭിച്ചു.
5. നഗരരാഷ്ട്രങ്ങളെ അപേക്ഷിച്ച് ദേശരാഷ്ട്രങ്ങളിൽ ജനസംഖ്യ വർദ്ധിച്ചു.



തെരഞ്ഞെടുത്ത ജനപ്രതിനിധികളുണ്ടെന്നതുമാത്രമല്ല, മറ്റ് ധാരാളം സവിശേഷതകളും പരോക്ഷ ജനാധിപത്യത്തിന് ഉണ്ട്. താഴെ തന്നിട്ടുള്ള പട്ടികയിൽ നിന്നും അതിന്റെ സവിശേഷതകൾ കണ്ടെത്തുക.

| | |
|---|---|
| • കൃത്യമായ കാലയളവിലുള്ള തെരഞ്ഞെടുപ്പ് ☐ | • നിയമവാഴ്ച ☐ |
| • വ്യക്തിവാഴ്ച ☐ | • ക്രമം തെറ്റിയ തെരഞ്ഞെടുപ്പ് ☐ |
| • പ്രായപൂർത്തി വോട്ടവകാശം ☐ | • ഭരണഘടനയെ അംഗീകരിക്കുന്നു ☐ |
| • സ്വതന്ത്രമായി പ്രവർത്തിക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷൻ ☐ | • സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വോട്ടവകാശം ☐ |
| • ഭരണഘടനയെ അംഗീകരിക്കുന്നില്ല ☐ | • പക്ഷപാതപരമായി പ്രവർത്തിക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷൻ ☐ |
| • ജനങ്ങൾക്ക് അവകാശങ്ങൾ ഉണ്ടായിരിക്കില്ല ☐ | • ഗവൺമെന്റിന് അനിയന്ത്രിതമായ അധികാരങ്ങൾ ഇല്ല ☐ |
| • ജനങ്ങൾക്ക് അടിസ്ഥാന അവകാശങ്ങൾ ഉണ്ടായിരിക്കും ☐ | • ഗവൺമെന്റിന് അനിയന്ത്രിതമായ അധികാരങ്ങൾ ഉണ്ടായിരിക്കും ☐ |
| • സ്വതന്ത്രമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ☐ | |

പ്രത്യക്ഷ ജനാധിപത്യം ഇന്നത്തെ മാറിയ ദേശരാഷ്ട്ര സംവിധാനത്തിൽ സാധ്യമല്ല. അതേസമയം പ്രാതിനിധ്യ ജനാധിപത്യം നമ്മുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് പര്യാപ്തമാകുന്നുമില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള ജനാധിപത്യ സമ്പ്രദായത്തിന്റെ മേന്മകളും പോരായ്മകളും പരിഹാരമാർഗങ്ങളും എന്തെല്ലാമാണെന്നു നോക്കാം.

## ജനാധിപത്യത്തിന്റെ മേന്മകൾ (Merits of Democracy)

- പൊതു തെരഞ്ഞെടുപ്പും അതിലൂടെ ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഭരണകൂടവും കൂടുതൽ കാര്യക്ഷമതയുള്ള ഭരണകൂടം ഉണ്ടാക്കാൻ സഹായിക്കുന്നു. കൂടാതെ പങ്കാളിത്ത ഭരണം, ജനങ്ങളിൽ ഉത്തരവാദിത്വബോധം വർദ്ധിപ്പിക്കുന്നു. ജനങ്ങൾ അച്ചടക്കമുള്ളവരും ദേശസ്നേഹമുള്ളവരും രാജ്യത്തോട് കൂറുള്ളവരുമായിത്തീരുന്നു.
- വ്യക്തിയുടെ മഹത്വവും സ്വാതന്ത്ര്യവും അംഗീകരിക്കുന്നു. വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിന് ജനാധിപത്യം അവസരമൊരുക്കുന്നു.
- സമത്വം എന്ന ആശയത്തിന് പ്രാധാന്യം ഉണ്ടാകുന്നു. ജനാധിപത്യത്തിൽ എല്ലാവരും തുല്യരായി പരിഗണിക്കപ്പെടുന്നു.
- ജനങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും അതിലൂടെ അവരുടെ ഉന്നമനത്തെ സഹായി

ക്കുകയും ചെയ്യുന്നു. പൊതുവിഷയങ്ങളിൽ താല്പര്യവും, രാജ്യസ്നേഹവും വളർത്തുന്നു.

- ജനങ്ങളുടെ അഭിലാഷങ്ങളേയും ആവശ്യങ്ങളേയും നിറവേറ്റുന്നു. ജനങ്ങളോടുള്ള ഭരണകർത്താക്കളുടെ ഉത്തരവാദിത്വം പൂർണ്ണമായും പ്രയോഗത്തിൽ വരുത്തുന്ന ഭരണ സമ്പ്രദായമാണ് ജനാധിപത്യം.
- നിയമവാഴ്ച നിലനിൽക്കുന്നു. ഭരണാധികാരികളുൾപ്പെടെ ആരും നിയമത്തിന് അതീതരല്ല.
- ഭരണം കൂടുതൽ സുതാര്യമാണ്. ഭരണരംഗത്ത് നടക്കുന്ന കാര്യങ്ങൾ ജനങ്ങൾ അറിയുന്നു. രഹസ്യ സ്വഭാവം ഇല്ല.
- ഭരണകൂടം തങ്ങളുടെതാണെന്നും ഭരണകർത്താക്കൾ തങ്ങളുടെ സേവകരാണെന്നുമുള്ള ബോധം പൗരന്മാരിൽ ഉളവാക്കുന്നു.
- ജനാധിപത്യം പുരോഗതിയും സാമൂഹിക സുസ്ഥിരതയും നിലനിർത്തുന്നു. ചർച്ചകൾക്കും അഭിപ്രായ സമന്വയത്തിനും അവസരം നല്കുന്നു.
- ജനങ്ങൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നതിൽ ജനാധിപത്യത്തിന്റെ പങ്ക് വളരെ വലുതാണ്. അവരിൽ സംഘബോധവും അവകാശബോധവും സുരക്ഷിതത്വബോധവും വളർത്തുന്നു.

### ജനാധിപത്യത്തിന്റെ പോരായ്മകൾ (Demerits of Democracy)

ജനാധിപത്യത്തിന്റെ പോരായ്മകളായി പൊതുവെ പറയപ്പെടുന്നവ താഴെ കൊടുക്കുന്നു.

- ജനാധിപത്യത്തിൽ കൂടുതൽ പ്രാധാന്യം എണ്ണത്തിനാണ് അല്ലാതെ കഴിവിനല്ല. സമ്മതിദായകരുടെ എണ്ണം നോക്കിയാണ് പലപ്പോഴും തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഏതൊരു വ്യക്തിക്കും ഭരിക്കാൻ പ്രാപ്തിയുണ്ട് എന്ന തത്വത്തിലാണ് ജനാധിപത്യം അധിഷ്ഠിതമായിട്ടുള്ളത്. എന്നാൽ നല്ല ഗവൺമെന്റ് ഉണ്ടാവണമെങ്കിൽ കഴിവുള്ള വ്യക്തികൾ ആവശ്യമാണ്.
- ജനാധിപത്യത്തിനെതിരായ മറ്റൊരു വിമർശനം ഇത് പ്രാഗൽഭ്യം കുറഞ്ഞവരുടെ ഭരണക്രമമാണെന്നതാണ്. പ്രഗൽഭരായ പല വ്യക്തികളും തെരഞ്ഞെടുപ്പിൽ മത്സരിക്കാനും, മറ്റു രാഷ്ട്രീയ നടപടികളിൽ പങ്കെടുക്കാനും മിക്കപ്പോഴും താല്പര്യം കാണിക്കാറില്ല. അതുമൂലം പ്രഗൽഭരുടെ സേവനം രാഷ്ട്രത്തിന് നഷ്ടപ്പെടുന്നു.
- ജനാധിപത്യത്തിലെ തുടർച്ചയായ തെരഞ്ഞെടുപ്പുകളും അതിന്റെ ഫലമായ ഭരണ മാറ്റവും രാഷ്ട്രീയ അനിശ്ചിതത്വം സൃഷ്ടിക്കുന്നു. ഇതുമൂലം കാര്യക്ഷമതയിൽ കുറവുണ്ടാവുന്നു.
- പലപ്പോഴും ഭൂരിപക്ഷത്തിന്റെ അഭിപ്രായം ന്യൂനപക്ഷത്തിന്റെ മേൽ അടിച്ചേൽപ്പിക്കുന്നു.
- ജനാധിപത്യത്തിൽ ഭരണസംവിധാനത്തോട് ജനങ്ങൾ പലപ്പോഴും വിമുഖത കാണിക്കുന്നു. അത് വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കാൻ പോലും അവരെ പ്രേരിപ്പിക്കുന്നു.
- ദിശാബോധമില്ലാത്ത കക്ഷിരാഷ്ട്രീയം ജനാധിപത്യത്തിന്റെ മറ്റൊരു പോരായ്മയാണ്.
- ജനാധിപത്യം പൊതുവേ പണച്ചെലവുള്ള സംവിധാനമാണ്. തുടരെത്തുടരെയുള്ള തെരഞ്ഞെടുപ്പുകളും, ഭരണമാറ്റങ്ങളും ജനാധിപത്യത്തെ ചിലവേറിയതാക്കുന്നു.
- ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രം (Mob Psychology) പ്രവചിക്കുവാൻ കഴിയില്ല. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ മാറിക്കൊണ്ടിരിക്കും. ഇത് ജനാധിപത്യത്തിൽ അസ്ഥിരതയ്ക്ക് കാരണമാകുന്നു.



ജനാധിപത്യത്തിന്റെ ചിലപോരായ്മകൾ നൽകിയിട്ടുള്ളത് ശ്രദ്ധിച്ചല്ലോ. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? ജനാധിപത്യത്തിന്റെ വിജയത്തിന് പോരായ്മകൾ പരിഹരിക്കേണ്ടതല്ലേ? ഇതിനുവേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കാനുള്ളത്?

## ജനാധിപത്യത്തിന്റെ മുന്നൊരുക്കങ്ങൾ (Pre-conditions of Democracy)

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. അവ ഏതെല്ലാമാണെന്ന് നോക്കാം.

### രാഷ്ട്രീയസ്വാതന്ത്ര്യം

രാഷ്ട്രീയമായി സംഘടിക്കുവാനും ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്ന രാഷ്ട്രീയാധികാരങ്ങൾ സ്വന്തം ഇഷ്ടപ്രകാരം പ്രയോഗിക്കാനുമുള്ള പൂർണ്ണമായ സ്വാതന്ത്ര്യമാണ് രാഷ്ട്രീയ സ്വാതന്ത്ര്യം. തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്നതിനും അധികാരസ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നതിനും അധികാരം കൈയാളുന്നതിനുമുള്ള രാഷ്ട്രീയാവകാശങ്ങൾ ജനാധിപത്യത്തിൽ പൗരർക്ക് ലഭിക്കുന്നു. ഇതോടൊപ്പം അഭിപ്രായം രൂപീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, ഗവൺമെന്റിനെ വിമർശിക്കുവാനുള്ള സ്വാതന്ത്ര്യം എന്നീ പൗരാവകാശങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യത്തെ ബലപ്പെടുത്തുന്നു.

### രാഷ്ട്രീയ അവബോധം

രാഷ്ട്രത്തെയും രാഷ്ട്രീയത്തെയും കുറിച്ചുള്ള അറിവായി ഇതിനെ കണക്കാക്കാം. ആരോഗ്യകരമായ മത്സരം, സഹകരണം, സഹിഷ്ണുത, വ്യക്തമായ രാഷ്ട്രീയ വീക്ഷണം, അനുരഞ്ജനം തുടങ്ങിയവ രാഷ്ട്രീയാവബോധത്തിന്റെ ലക്ഷണങ്ങളാണ്. ഇത് ജനാധിപത്യത്തിന്റെ വിജയത്തിനാവശ്യമാണ്.

### വിദ്യാഭ്യാസം

ഒരു ജനതയുടെ രാഷ്ട്രീയാവബോധത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകം വിദ്യാഭ്യാസമാണ്. ജനാധിപത്യാശയങ്ങളെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും ശരിയായ വിദ്യാഭ്യാസം ജനങ്ങൾക്ക് ലഭിക്കണം. വിദ്യാഭ്യാസം പൗരന്മാരുടെ ചിന്താശീലത്തേയും സൃഷ്ടിപരമായ വിമർശനശേഷിയേയും വർദ്ധിപ്പിക്കും. എങ്കിലേ ശരിയായ തീരുമാനം എടുക്കാനും അതിനുവേണ്ടി പ്രവർത്തിക്കാനും അവർക്ക് കഴിയൂ.

### സ്വതന്ത്രമാധ്യമങ്ങൾ

ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളും ജനാധിപത്യ ആശയങ്ങളും ജനങ്ങളിൽ എത്തിക്കാനും, അഴിമതി, സ്വജനപക്ഷപാതം, തീവ്രവാദം തുടങ്ങിയ ജനാധിപത്യവിരുദ്ധപ്രവർത്തനങ്ങൾ തുറന്നു കാട്ടുവാനും മാധ്യമങ്ങൾ അത്യാവശ്യമാണ്. സ്വതന്ത്രവും നിഷ്പക്ഷവുമായ മാധ്യമങ്ങൾ അഭിപ്രായപ്രകടനത്തെയും അഭിപ്രായ രൂപീകരണത്തെയും സഹായിക്കുന്നു.



ഇന്നത്തെ മാധ്യമങ്ങൾ ജനാധിപത്യത്തിൽ അവരുടെ ചുമതലകൾ സ്വതന്ത്രവും നിഷ്പക്ഷവുമായി നിറവേറ്റുന്നുണ്ടോ? ക്ലാസിലൊരു സംവാദം നടത്തൂ.

### സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹിക സുരക്ഷിതത്വ പദ്ധതികളും

സ്വതന്ത്രവും നിർഭയവുമായി വോട്ടവകാശമുൾപ്പെടെയുള്ള രാഷ്ട്രീയ അവകാശങ്ങൾ വിനിയോഗിക്കണമെങ്കിൽ സാമ്പത്തികസ്വാതന്ത്ര്യം അനിവാര്യമാണ്. ദാരിദ്ര്യത്തിൽ നിന്നും അരക്ഷിതാവസ്ഥയിൽ നിന്നുമുള്ള മോചനവും ഉത്പാദന പ്രക്രിയയിൽ പങ്കെടുക്കാനുള്ള സ്വാതന്ത്ര്യവും ഉല്പന്നങ്ങളുടെ ന്യായമായ വിതരണവുമാണ് സാമ്പത്തിക സ്വാതന്ത്ര്യം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എല്ലാവർക്കും സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തണമെങ്കിൽ ധനം ഏതാനും പേരുടെ കൈകളിൽ കേന്ദ്രീകരിക്കുന്ന പ്രവണത തടയുകയും സാമ്പത്തികാസമത്വവും ദാരിദ്ര്യവും ഇല്ലാതാക്കുകയും വേണം. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സാമ്പത്തികാസമത്വത്തിന്റെ ഫലമായി ഒരു വിഭാഗം ജനത ഇന്നും ദാരിദ്ര്യത്തിലാണ്. ഇവരുടെ ഉന്നമനത്തിനായി വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ജനാധിപത്യഗവണ്മെന്റുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, സമ്പൂർണ ആരോഗ്യ ഇൻഷുറൻസ് പദ്ധതി മുതലായവ ഉദാഹരണമാണ്.



ജനാധിപത്യത്തിനുള്ള മുന്നൊരുക്കമാണ് സാമ്പത്തികസമത്വം. ഗവൺമെന്റ് നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ സുരക്ഷാപദ്ധതികൾക്ക് ഇതിന് കഴിയുന്നുണ്ടോ? ചർച്ചചെയ്യുക.

**പാർട്ടികളും നേതാക്കന്മാരും**

ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികൾ അനിവാര്യമാണ്. പൊതുജനാഭിപ്രായം രൂപീകരിക്കുകയും നയരൂപീകരണത്തിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നത് രാഷ്ട്രീയ പാർട്ടികളാണ്. തിരഞ്ഞെടുപ്പുകൾ അർത്ഥവത്താക്കുന്നതും ഇവർ തന്നെ. ദേശീയ കാഴ്ചപ്പാടും ജനാധിപത്യ മൂല്യബോധവും ഉൾക്കൊള്ളുന്ന നേതാക്കൾ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വം വഹിക്കേണ്ടതും ജനാധിപത്യവ്യവസ്ഥയിൽ ഒഴിച്ചുകൂടാനാവാത്തതാണ്.



ജനാധിപത്യം സംരക്ഷിക്കുവാനും നിലനിർത്തുവാനും രാഷ്ട്രീയ പാർട്ടികൾ അനിവാര്യമാണോ? ചർച്ച ചെയ്യൂ.

**ചർച്ചാ സൂചകങ്ങൾ**

- ജനങ്ങളെ സംഘടിപ്പിക്കുന്നു.
- ജനപങ്കാളിത്തം ഉറപ്പാക്കുന്നു.
- ജനാധിപത്യം സ്വയം അനുഷ്ഠിക്കുന്നു.
- രാഷ്ട്രീയ വിദ്യാഭ്യാസം നല്കുന്നു.
- അഭിപ്രായ രൂപീകരണം നടത്തുന്നു.
- 

**അധികാര വികേന്ദ്രീകരണം**

ജനാധിപത്യഭരണക്രമം കൂടുതൽ സാർത്ഥകമാകുന്നതിന് അധികാരവികേന്ദ്രീകരണം എന്ന പ്രക്രിയ സഹായകരമാണ്. ഭരണതലത്തിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ജനഹിതവും നിയന്ത്രണവും സാധ്യമാക്കാനുള്ള മാർഗ്ഗമാണ് അധികാരവികേന്ദ്രീകരണം. അതിനായി താഴെ തലത്തിലേക്ക് അധികാരവും ഭരണവും കൈമാറുന്നു. ഇതിലൂടെ ഭരണത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്നു.

**സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പുകൾ**

ജനങ്ങൾക്ക് നിർഭയമായും സ്വതന്ത്രമായും വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ഭരണഘടനാസ്ഥാപനമായ തെരഞ്ഞെടുപ്പു കമ്മീഷനുരൂപം നൽകിയിരിക്കുന്നു.



നമ്മുടെ രാജ്യത്ത് തെരഞ്ഞെടുപ്പ് എത്രമാത്രം സ്വതന്ത്രവും നിക്ഷ്പക്ഷവുമായി നടക്കുന്നുണ്ടെന്ന് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു ചർച്ച ചെയ്യുക. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പിനെ ഹനിക്കുന്നവ കണ്ടെത്തുക.

1. സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വോട്ടവകാശം ☐
2. വോട്ട് ചെയ്യാൻ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കണം. ☐
3. പക്ഷപാതപരമായി പ്രവർത്തിക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷൻ ☐
4. സമ്മതിദായകനെ തിരിച്ചറിയാൻ തിരിച്ചറിയൽ കാർഡ് വേണം ☐
5. പട്ടിണി ☐
6. തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ സ്വാധീനം ☐
7. കാലാകാലങ്ങളിൽ വരുന്ന ഗവണ്മെന്റിന്റെ ഇഷ്ടപ്രകാരം തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നത്. ☐
8. തെരഞ്ഞെടുപ്പിലെ ക്രമക്കേടുകൾ ☐



ജനാധിപത്യം കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ടതെന്ന് നിങ്ങൾക്ക് തോന്നുന്ന മറ്റു മുൻഉപാധികൾ എന്തെങ്കിലും ഉണ്ടോ? ചർച്ച ചെയ്യൂ.

## ജനാധിപത്യത്തിന്റെ വ്യത്യസ്ത തലങ്ങൾ (Different Dimensions of Democracy)

രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ ജനാധിപത്യത്തിന്റെ അന്തസത്ത കൈവരിക്കുമ്പോഴാണ് ജനാധിപത്യം പൂർണ്ണമാകുക.

### രാഷ്ട്രീയതലം

ഭരണതലത്തിൽ ജനാധിപത്യ തത്വങ്ങൾ നിലനില്ക്കുന്ന രീതിയാണിത്. ജനാധിപത്യ തത്വങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിലധിഷ്ഠിതമാണിത്. കൂടാതെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതും, ജനഹിതം മാനിച്ച് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും ഇതിന്റെ സവിശേഷതയാണ്. നിയമവാഴ്ചയ്ക്ക് വിധേയമാണ് രാഷ്ട്രീയ ജനാധിപത്യം.

### സാമൂഹ്യതലം

മതം, ജാതി, ലിംഗം, പ്രദേശം, വർഗ്ഗം, വർണം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനമില്ലാത്ത അവസ്ഥാവിശേഷമാണിത്. വിവേചനരാഹിത്യവും തുല്യപരിഗണനയും സാമൂഹ്യജനാധിപത്യം വിഭാവനം ചെയ്യുന്നു. സാമൂഹ്യതുല്യത, അവസരസമത്വം, തുല്യസംരക്ഷണം എന്നിവ ഇതിന്റെ പ്രത്യേകതകളാണ്.

### സാമ്പത്തികതലം

രാഷ്ട്രീയ സാമൂഹ്യതലങ്ങളിൽ ജനാധിപത്യം അർത്ഥവത്താകണമെങ്കിൽ സാമ്പത്തികതലത്തിലും ജനാധിപത്യതത്വങ്ങൾ നിലനിൽക്കേണ്ടതുണ്ട്. സമൂഹത്തിൽ സമ്പത്തിന്റെ വിനിയോഗം, നിയന്ത്രണം, ഉൽപ്പാദനം എന്നിവ സാമൂഹ്യനിയന്ത്രണത്തിന് വിധേയമാകണം. മാത്രമല്ല സമ്പത്ത് ഏതാനും പേരുടെ കൈകളിൽ കുമിഞ്ഞുകൂടുന്നത് ഒഴിവാക്കുന്നതും വിതരണത്തിലും ഉപയോഗത്തിലും തുല്യത കൈവരിക്കുന്നതുമാണ് ജനാധിപത്യത്തിന്റെ സാമ്പത്തികതലം. ഇത്തരം അവസ്ഥയിൽ എല്ലാവർക്കും ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ കഴിയും.



ജനാധിപത്യത്തിന്റെ ഈ വിവിധതലങ്ങൾ ഭരണഘടനയിലെ മൗലികാവകാശങ്ങൾ, നിർദ്ദേശകതത്ത്വങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുമോ? ചർച്ച ചെയ്യൂ.

## പ്രത്യക്ഷജനാധിപത്യമാർഗ്ഗങ്ങൾ (Direct Democratic Devices)

പ്രത്യക്ഷ ജനാധിപത്യത്തിൽ നിന്നും ആധുനിക ജനാധിപത്യത്തിലേയ്ക്ക് (പരോക്ഷ ജനാധിപത്യം) എത്തിയപ്പോഴേയ്ക്കും ജനാധിപത്യം സാർവ്വത്രികമായി. എന്നാൽ ജനപങ്കാളിത്തം കേവലം സമ്മതിദാനഅവകാശത്തിൽ മാത്രമാകുന്ന പ്രവണതയുമുണ്ടായി. അഴിമതിയും സ്വജനപക്ഷപാതവും ജനാധിപത്യത്തിൽ അപചയമുണ്ടാക്കി. ഇവിടെയാണ് പ്രത്യക്ഷജനാധിപത്യ മാർഗ്ഗങ്ങൾ പ്രസക്തമാകുന്നത്.

ഈ മാർഗ്ഗങ്ങൾക്ക് ഏറ്റവും പേരുകേട്ട രാജ്യം സ്വിറ്റ്സർലന്റാണ്. അമേരിക്കയിൽ ഈ മാർഗ്ഗങ്ങൾ സാർവ്വത്രികമല്ലെങ്കിലും ചില സംസ്ഥാനങ്ങളിൽ ഈ മാർഗ്ഗങ്ങളിൽ ചിലത് പ്രയോഗത്തിലുണ്ട്.

കെനിയയിൽ അവരുടെ പുതിയ ഭരണഘടനയ്ക്ക് ജനങ്ങളുടെ അംഗീകാരം തേടിക്കൊണ്ട് നടത്തിയ ഒരു ഹിത പരിശോധനയുടെ (Referendum) പത്രവാർത്ത ശ്രദ്ധിക്കൂ. ഇത് പ്രത്യക്ഷജനാധിപത്യ മാർഗ്ഗങ്ങൾക്കൊരുദാഹരണമാണ്.



*Overwhelming approval for Kenya's new Constitution*

**The Constitution curtails the powers of an imperial-style presidency and paves the way for much-needed land reform.**

Jeffrey Gettleman

Kenya's new Constitution, written to alleviate longstanding problems that have undermined good governance here for decades, received overwhelming approval from voters in a referendum on Wednesday, according to provisional results released by election officials on Thursday morning.

Sixty-seven percent of voters approved the Constitution, compared with 33 per cent who voted no, and the turnout was as high as 80 per cent in some areas, the results showed.

"YES IT IS" was the giant headline in *The Standard*, one of Kenya's leading newspapers.

The new Constitution is expected to be a crucial turning point in this country's post-colonial history by finally addressing many of the political

**പ്രത്യക്ഷജനാധിപത്യമാർഗ്ഗങ്ങൾ**

### ഹിതപരിശോധന (Referendum)

നിയമനിർമ്മാണസഭ പാസ്സാക്കിയ ഒരു നിയമത്തിന്മേൽ ജനാഭിപ്രായം വോട്ടെടുപ്പിലൂടെ പ്രകടമാക്കുന്നതാണ് ഹിതപരിശോധന. ഇതിലൂടെ പ്രസ്തുത നിയമത്തെ അംഗീകരിക്കാനും നിരാകരിക്കാനുമുള്ള അവകാശം ജനങ്ങൾക്ക് ലഭിക്കുന്നു. ഹിതപരിശോധനയിലൂടെ നിയമനിർമ്മാണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തവും താല്പര്യവും ഉണ്ടാകുന്നു. നിയമങ്ങളെക്കുറിച്ച് അവർ ബോധവാന്മാരുമാകുന്നു. സ്വിറ്റ്സർലാന്റിൽ ഭരണഘടനാഭേദഗതികൾക്കും സാധാരണ നിയമനിർമ്മാണങ്ങൾക്കും ഈ രീതി വ്യാപകമായി ഉപയോഗിയ്ക്കുന്നു. യു.എസ്.എ.യിലെ ചില സ്റ്റേറ്റുകളിലും ഇത് പ്രയോഗത്തിലുണ്ട്.

### തിരിച്ചുവിളിക്കൽ (Recall)

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അവരുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടാൽ കാലാവധി തീരുന്നതിനു മുമ്പേ വോട്ടെടുപ്പിലൂടെ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്ന രീതിയാണിത്.

### ജനഹിതപരിശോധന (Plebiscite)

ജനഹിതപരിശോധന നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്നതല്ല. വളരെ പ്രധാനപ്പെട്ട പൊതുപ്രശ്നങ്ങളിൽ ജനങ്ങളുടെ തീരുമാനം അറിയുന്നതിനുള്ള സംവിധാനത്തെയാണ് ജനഹിതപരിശോധന എന്ന് പറയുന്നത്. ന്യൂനപക്ഷത്തിന്റെ അഭിപ്രായം ഭൂരിപക്ഷത്തിനെ അടിച്ചേൽപ്പിക്കുന്നത് തടയാൻ ഒരു പരിധിവരെ ഇതു സഹായകമാകും.

### അഭിക്രമം (Initiative)

നിയമനിർമ്മാണസഭ നിയമനിർമ്മാണത്തിൽ വീഴ്ചവരുത്തിയാൽ അതിന് ജനങ്ങൾ മുൻകൈ എടുക്കുന്നതാണ് അഭിക്രമമെന്ന് അറിയപ്പെടുന്നത്. ഒരു നിശ്ചിത എണ്ണം സമ്മതിദായകർ ആവശ്യപ്പെടുന്നപക്ഷമാണ് ഇത് ചെയ്യേണ്ടത്. ജനങ്ങൾക്ക് ആവശ്യമായി തോന്നുന്ന നിയമത്തിന്റെ പൂർണ്ണരൂപമോ സംക്ഷിപ്തരൂപമോ നിയമനിർമ്മാണസഭയിൽ സമർപ്പിക്കാം. ഇത് പാസ്സാക്കാൻ നിയമനിർമ്മാണ സഭയ്ക്ക് ബാധ്യതയുണ്ട്. ഇങ്ങനെ ജനങ്ങൾ താൽപ്പര്യമെടുത്ത് കൊണ്ടുവരുന്ന ഒരു നിയമം നിയമസഭ പാസ്സാക്കിയില്ലെങ്കിൽ അന്തിമതീരുമാനത്തിനായി സമ്മതിദായകർക്ക് സമർപ്പിക്കുന്നു. സ്വിറ്റ്സർലാന്റിലും അമേരിക്കയിലെ (USA) ചില സംസ്ഥാനങ്ങളിലും ഈ മാർഗ്ഗം പ്രയോഗത്തിലിരിക്കുന്നു.



ജനാധിപത്യത്തിന്റെ അപചയത്തെ പ്രതിരോധിക്കാൻ പ്രത്യക്ഷജനാധിപത്യമാർഗ്ഗങ്ങൾ ഫലപ്രദമാണോ? ഇന്ത്യയിലെ ജനാധിപത്യ അനുഭവത്തിന്റെ വിവരങ്ങൾ ശേഖരിച്ച് ചർച്ച ചെയ്യു. ഇവയിൽ ഏതൊക്കെ നമ്മുടെ രാജ്യത്തിന് അനുയോജ്യമാണ്?

### ജനാധിപത്യം ഒരു ജീവിതരീതി എന്ന നിലയിൽ

ജനാധിപത്യമെന്നാൽ വോട്ടാണെന്നും ഭരണക്രമമാണെന്നും അതിന്റെ പരാജയത്തിന് ഉത്തരവാദി മറ്റുള്ളവരാണെന്നുമുള്ള ഒരു ധാരണ ചിലർക്ക് ഉണ്ട്. ജനങ്ങളുടെ ശാക്തീകരണവും വിമോചനവുമാണ് യഥാർത്ഥ ജനാധിപത്യം എന്ന തിരിച്ചറിവിലാണ് ഇന്ന് നാം എത്തി നിൽക്കുന്നത്.

താഴെ തന്നിരിക്കുന്ന പ്രസ്താവനകൾക്ക് നേരെ 'ഉണ്ട്' അല്ലെങ്കിൽ 'ഇല്ല' എന്ന് രേഖപ്പെടുത്തുക.

| പ്രസ്താവന | ഉത്തരം | |
|---|---|---|
| | ഉണ്ട് | ഇല്ല |
| 1.എന്റെ വിശ്വാസങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ കാര്യങ്ങൾ കേൾക്കുമ്പോൾ എനിക്ക് ദേഷ്യം വരാറുണ്ട്. | | |
| 2.ഞാൻ ആഗ്രഹിക്കുന്ന സംഗതികൾ നേടാൻ ഞാൻ ഏത് വഴിയും സ്വീകരിയ്ക്കും. | | |
| 3.എന്റെ എതിർരാഷ്ട്രീയവിശ്വാസമുള്ളവരെ ഞാൻ ബഹുമാനിക്കാറില്ല. | | |
| 4.എന്നെ വിമർശിക്കുവാൻ ആർക്കും അവകാശമില്ല. | | |
| 5.മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് ഞാൻ ഒരു വിലയും കൊടുക്കാറില്ല. | | |
| 6. എന്നെ തല്ലിയാൽ ഞാനും തല്ലും. | | |
| 7.എന്റെ പാർട്ടിക്കാരുടെ വീട്ടിൽ മറ്റ് രാഷ്ട്രീയ പാർട്ടിക്കാർ വോട്ട് ചോദിക്കാൻ വരുന്നത് എനിക്കിഷ്ടമല്ല. | | |

എല്ലാ പ്രസ്താവനകൾക്കും ഇല്ല എന്നാണ് ഉത്തരമെങ്കിൽ നിങ്ങൾ ജനാധിപത്യം ഒരു ജീവിതരീതിയായി ശീലിച്ചിരിക്കുന്നു എന്നു പറയാം.

ജനാധിപത്യത്തെ എങ്ങിനെയാണ് ഒരു ജീവിതരീതിയായി മാറ്റുക?

- മറ്റുള്ളവരുടെ വിശ്വാസങ്ങളോടും ആചാരങ്ങളോടും സഹിഷ്ണുത പുലർത്തുക
- ആഗ്രഹനിവർത്തിക്കായി ജനാധിപത്യ മാർഗ്ഗങ്ങൾ (ശരിയായ മാർഗ്ഗങ്ങൾ) മാത്രം സ്വീകരിക്കുക
- രാഷ്ട്രീയ പ്രവർത്തനത്തിലും ജീവിതത്തിലും മറ്റുള്ളവരോട് ബഹുമാനം പുലർത്തുക
- താൻ ഉൾപ്പെടെ എല്ലാവരും വിമർശനവിധേയരാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക
- മറ്റുള്ളവരുടെ അഭിപ്രായത്തെ ബഹുമാനിക്കുക
- നിയമവാഴ്ച അംഗീകരിക്കുക. ഒരു സാഹചര്യത്തിലും നിയമം കൈയിലെടുക്കാതിരിക്കുക
- എല്ലാവരുടേയും അഭിപ്രായത്തെയും, രാഷ്ട്രീയ സ്വാതന്ത്ര്യത്തെയും അംഗീകരിച്ച് പ്രവർത്തിക്കുക
- എല്ലാ വ്യക്തികളേയും തുല്യരായി കാണുക.

ചുരുക്കത്തിൽ മറ്റുള്ളവരോട് സംസാരിക്കുമ്പോഴും സ്വന്തം കർമ്മങ്ങൾ നിർവ്വഹിക്കുമ്പോഴും ആഹാരം കഴിക്കുമ്പോഴും വഴിയിലൂടെ സഞ്ചരിക്കുമ്പോഴും പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുമ്പോഴും മറ്റാരുടേയും സ്വാതന്ത്ര്യമോ ജനാധിപത്യ അവകാശങ്ങളോ ഹനിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക. പൗരരുടെ ഈ ഒരു ശീലത്തിലൂടെ മാത്രമേ സുസ്ഥിരമായ ജനാധിപത്യം പുലരുകയുള്ളൂ. നമ്മുടെ വാക്കിലും ചിന്തയിലും പ്രവൃത്തിയിലും ജനാധിപത്യം സ്ഫുരിക്കണം.



ജനാധിപത്യം ഒരു ജീവിതരീതിയാകുവാൻ നിങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തൂ.

## ജനാധിപത്യം ഇന്ത്യയിൽ

ഇന്ത്യയിൽ 1950 ജനുവരി 26ന് നിലവിൽ വന്ന ഭരണഘടന ഇന്ത്യയെ ഒരു ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നു. ഒരു ജനാധിപത്യ ഭരണക്രമം നിലനിർത്തുവാനുള്ള വ്യവസ്ഥ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നമ്മുടെ ഭരണഘടന താഴെപറയുന്ന ജനാധിപത്യാശയങ്ങൾ ഉൾക്കൊള്ളുന്നു:

- ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു രാഷ്ട്രത്തലവനും ജനങ്ങളെ പരമാധികാരത്തിന്റെ സ്രോതസ്സായി കണക്കാക്കുന്ന ഭരണക്രമവും



- പൂർണ്ണമായും സംരക്ഷിക്കപ്പെട്ട മൗലികാവകാശങ്ങൾ
- സാമൂഹ്യ സാമ്പത്തിക സമത്വം ഉറപ്പുനല്കുന്ന നിർദ്ദേശകതത്ത്വങ്ങൾ
- സാമൂഹികവും വിദ്യാഭ്യാസപരവുമായി പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള പ്രത്യേക സംരക്ഷണങ്ങൾ
- സുതാര്യവും സ്വതന്ത്രവുമായ തെരഞ്ഞെടുപ്പുകൾ
- നിയമവാഴ്ചയിൽ അധിഷ്ഠിതമായ ഭരണപ്രക്രിയ. ഇവ ഇന്ത്യൻ ജനാധിപത്യത്തിന്റെ ജീവവായുവായി കരുതപ്പെടുന്നു.

## ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ (Challenges of Indian Democracy)

ജനാധിപത്യാശയങ്ങൾ നമ്മുടെ രാജ്യത്ത് പ്രാവർത്തികമാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിന് വിഘാതമായി നമ്മുടെ ജനാധിപത്യവ്യവസ്ഥ പല വെല്ലുവിളികളും നേരിടുന്നുണ്ട്.

നിരക്ഷരതയും ദാരിദ്ര്യവും കൊടികുത്തി വാഴുന്ന ഒരു രാജ്യത്ത് ജനാധിപത്യം ഒരിക്കലും വിജയിക്കില്ലെന്നും ലോകചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ചൂതുകളിയായിരിക്കും ഇന്ത്യയിലെ തിരഞ്ഞെടുപ്പെന്നും പല പാശ്ചാത്യ നിരീക്ഷകരും കരുതി. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാണ് ഇന്ത്യ. നമ്മുടെ ജനാധിപത്യ പ്രക്രിയയിൽ പലവിധ ഉയർച്ച താഴ്ച്ചകളും ഉണ്ടായിട്ടുണ്ട്. ഇന്ത്യയുടെ പല അയൽരാജ്യങ്ങളിലും ജനാധിപത്യം വേരുറയ്ക്കാതെ നിന്നപ്പോൾ സ്വാതന്ത്ര്യാനന്തരം ഇന്നേവരെ ജനാധിപത്യം ഒരു ഭരണ വ്യവസ്ഥയായി നിലനിർത്താൻ നമുക്ക് കഴിഞ്ഞു. എങ്കിലും ഈ രംഗത്ത് നാം നിരവധി വെല്ലുവിളികൾ നേരിടുന്നു. അവ എന്തൊക്കെയെന്ന് പരിശോധിക്കാം.

### സാമൂഹ്യവും സാമ്പത്തികവുമായ അസമത്വം

ജനാധിപത്യത്തിന്റെ വിജയത്തിന് സാമൂഹ്യ സാമ്പത്തികസമത്വം ആവശ്യമാണ്. സാമൂഹ്യ അസമത്വത്തിന് കാരണം മതം, ജാതി, വർഗ്ഗം, ലിംഗം, വംശം എന്നിവയുടെ പേരിലുള്ള വിവേചനങ്ങളാണ്. ജാതിയസമൂഹമാണ് ഇന്നും ഇന്ത്യയിലുള്ളത്. സാമൂഹ്യനീതി നിലനിർത്താൻ പല നടപടികൾ ഭരണകൂടം സ്വീകരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായിട്ടും സമത്വം നേടിയിട്ടില്ല. ഇന്നും ജാതിയുടേയും മതത്തിന്റേയും പേരിൽ ഭിന്നതകൾ നിലനിൽക്കുന്നു. പെൺഭ്രൂണഹത്യയ്ക്കും സ്ത്രീധനത്തെ ചൊല്ലിയുള്ള കലഹങ്ങൾക്കും ഇന്നും പരിഹാരമായിട്ടില്ല.

സാമ്പത്തിക രംഗത്തെ അസമത്വം പൂർണ്ണമായും മാറ്റുവാൻ സാധിച്ചിട്ടില്ല. രാഷ്ട്രസമ്പത്തിന്റെ ഭൂരിഭാഗവും ഏതാനും പേരുടെ കൈകളിലാണ്. ജനസംഖ്യയുടെ ഭൂരിഭാഗവും ഗ്രാമങ്ങളിൽ വസിക്കുന്നവരും ദരിദ്രരുമാണ്. പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം കുറഞ്ഞിട്ടില്ല; കൂടിയിട്ടേയുള്ളൂ. ദാരിദ്ര്യം നിലനിൽക്കുന്നിടത്തോളം രാഷ്ട്രീയ അവകാശങ്ങൾ സ്വതന്ത്രമായി പ്രയോഗിക്കാൻ സാധിക്കുകയില്ല.

### നിരക്ഷരത (Illiteracy)

അടിസ്ഥാനവിദ്യാഭ്യാസം ജനാധിപത്യത്തിന്റെ ശക്തിയാണ്. ഇന്ത്യയിലെ ജനങ്ങളിൽ വലിയൊരു വിഭാഗം നിരക്ഷരരാണ്. ഇതുമൂലം ഭരണത്തിൽ ക്രിയാത്മകമായി പങ്കുചേരാൻ ജനങ്ങൾക്ക് സാധിക്കാതെ വരുന്നു. സാമൂഹ്യ രാഷ്ട്രീയ അസമത്വത്തിന് ഇത് കാരണമാകുന്നു. നിയമങ്ങൾ പാസ്സാക്കിയാൽ അത് നടപ്പിലാക്കാൻ ജനങ്ങളുടെ സഹായവും സഹകരണവും ആവശ്യമാണ്. അതിന് അവർക്ക് വിദ്യാഭ്യാസം നൽകണം.



നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി ഗവൺമെന്റും സന്നദ്ധ സംഘടനകളും നമ്മുടെ നാട്ടിൽ നിരവധി പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാറുണ്ട്. അവ ജനാധിപത്യത്തെ എങ്ങനെ ശക്തിപ്പെടുത്തുന്നു? ചർച്ച ചെയ്യൂ.

### വർദ്ധിച്ചുവരുന്ന ജനസംഖ്യ

1950 ൽ ഇന്ത്യയുടെ ജനസംഖ്യ 36 കോടിയായിരുന്നു. ഇന്നത് നൂറ്റിയിരുപത് കോടിയായി വർദ്ധിച്ചു. ജനപ്പെരുപ്പം ഇന്ത്യൻ സമ്പദ്ഘടനയെ തകിടം മറിക്കുന്നു. ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും ആരോഗ്യരക്ഷാസംബന്ധിയായ പല പ്രശ്നങ്ങൾക്കും ഒരു

കാരണം ജനസംഖ്യാ വർദ്ധനവാണ്. വർദ്ധിച്ചു വരുന്ന ജനസംഖ്യ, ക്ഷേമ പ്രവർത്തനങ്ങളുടെ ലക്ഷ്യംനേടാൻ തടസ്സമാകുന്നു. ഇത് സാമ്പത്തിക അസമത്വം തുടരാൻ കാരണമാകുന്നു. ജനസംഖ്യ നിയന്ത്രിക്കാൻ കുടുംബക്ഷേമ പരിപാടികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ലക്ഷ്യമിട്ട നേട്ടം ഈ രംഗത്ത് കൈവരിക്കാൻ സാധിച്ചിട്ടില്ല.

### പ്രാദേശിക അസമത്വം (Regional Imbalance)

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സമതുലിത വികസനം ആവശ്യമാണ്. ചില സംസ്ഥാനങ്ങൾ ഇപ്പോഴും വളരെ പിന്നാക്കാവസ്ഥയിലാണ്. ഒറീസ്സ, ബീഹാർ, ത്സാർഖണ്ഡ്, ഛത്തിസ്ഘട്ട് എന്നിവ ഉദാഹരണം. അതേ സമയം മഹാരാഷ്ട്ര, ഗോവ, പഞ്ചാബ്, തമിഴ്നാട്, കേരളം എന്നിവ വികസനപുരോഗതി കൈവരിച്ച സംസ്ഥാനങ്ങളായാണ് കണക്കാക്കുന്നത്. ഈ പ്രാദേശിക അസമത്വം പല പ്രശ്നങ്ങൾക്കും കാരണമാകുന്നു.

### ഭാഷാവാദം

ഇന്ത്യ ഒരു ബഹുഭാഷാരാഷ്ട്രമാണ്. ഇന്ത്യയിൽ ഭാഷയുടെ പേരിലുള്ള ഭിന്നത നിലനിൽക്കുന്നു. പല പ്രാദേശികരാഷ്ട്രീയ കക്ഷികളും നിലനിൽക്കുന്നത് ഭാഷയുടെ അടിസ്ഥാനത്തിലാണ്. പലപ്പോഴും ഇത് രാഷ്ട്രീയസംഘർഷത്തിലേക്ക് നയിക്കുന്നു. ജനങ്ങൾ തമ്മിലുള്ള വിഭജനത്തിനും അഭിപ്രായവ്യത്യാസത്തിനും ഇത് ഇടയാക്കുന്നു. പല കാര്യങ്ങളിലും രാഷ്ട്രത്തിന് പൊതുവായ നടപടികൾ സ്വീകരിക്കാൻ ഇതു മൂലം സാധിക്കാതെ വരുന്നു.

### വർഗ്ഗീയത (Communalism)

ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മറ്റൊരു വെല്ലുവിളി വർഗ്ഗീയതയാണ്. പല സംസ്ഥാനങ്ങളിലും പലപ്പോഴും വർഗ്ഗീയസംഘർഷങ്ങൾ നടന്നിട്ടുണ്ട്. മതപരമായ ഭിന്നിപ്പ് ജനങ്ങൾ തമ്മിലുള്ള സൗഹാർദം നശിപ്പിക്കുന്നു. കൂട്ടായ പ്രവർത്തനത്തിന് ഇത് തടസ്സമാകുന്നു. മതസംഘടനകൾ രാഷ്ട്രീയപാർട്ടികളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. വർഗ്ഗീയ ലഹളകൾ രാജ്യത്തിന്റെ അഖണ്ഡതയ്ക്കും നിലനിൽപ്പിനും ഭീഷണിയാവുന്നു.

### ജാതീയത

ജാതിയുടെ അടിസ്ഥാനത്തിലുള്ള ചേരിതിരിവും ഇന്ത്യയിൽ കാണാവുന്നതാണ്. രാജ്യത്തെ പലഭാഗങ്ങളിലും ജാതിയുടെ അടിസ്ഥാനത്തിൽ തരംതിരിവും അസ്വസ്ഥതകളും നിലനിൽക്കുന്നു. രാഷ്ട്രീയ പാർട്ടികൾ ജാതിയെ താല്ക്കാലിക നേട്ടങ്ങൾക്കായി ഉപയോഗിക്കുന്നു. ജാതി ഗ്രൂപ്പുകൾ രാഷ്ട്രീയ പാർട്ടികളെയും സ്വാധീനിക്കാറുണ്ട്. നമ്മൾ ഇതുവരെ നേടിയെടുത്ത സാമൂഹ്യ നന്മകളും, മൂല്യങ്ങളും നഷ്ടപ്പെടുവാൻ ഇത് ഇടയാക്കും. ദേശീയതാല്പര്യങ്ങൾ മാറ്റിനിർത്തി ജനങ്ങൾ തമ്മിലുള്ള കലഹത്തിന് ജാതീയത കാരണമാവുന്നു.

### തീവ്രവാദം

അടുത്തകാലത്തായി തീവ്രവാദം ജനാധിപത്യത്തിന് കടുത്ത വെല്ലുവിളി ഉയർത്തുന്നു. തീവ്രവാദം പല തരത്തിലുണ്ട്. രാഷ്ട്രീയവും മതപരവും അന്താരാഷ്ട്രീയവുമായ കാരണങ്ങൾ ഇതിനുണ്ട്. തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിഷ്കളങ്കരായ ജനങ്ങളുടെ ജീവൻ അപകടപ്പെടുത്തുന്നു.




ദാരിദ്ര്യവും തൊഴിലില്ലായ്മയും മതാന്ധതയും യുവാക്കളെ ഇതിലേക്ക് നയിക്കുന്നതിന് കാരണമാണ്. ഈ സംഘടനകൾ തുറന്ന ചർച്ചയ്ക്കോ ഒത്തുതീർപ്പിനോ വരാത്തതുകൊണ്ട് സമൂഹത്തിലെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നു. ഭീകരാവസ്ഥ സൃഷ്ടിക്കുന്നതിലുപരി ജനങ്ങളുടെ സ്വൈര ജീവിതംതകർക്കപ്പെടുന്നു. ഭരണകൂടത്തിന്റെ പ്രവർത്തനത്തിനും നിലനിൽപ്പിനും ഇത് പ്രശ്നങ്ങൾ ഉണ്ടാക്കുകയും ജനാധിപത്യ സംവിധാനത്തെ തന്നെ ചോദ്യം ചെയ്യുന്ന അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു.

### 9. വിഘടനവാദം

വിഘടനവാദം പ്രചരിപ്പിക്കുന്ന സംഘടനകൾ രാജ്യത്തിന്റെ പലഭാഗത്തും പ്രവർത്തിക്കുന്നു. സമീപകാലത്ത് ഇവയുടെ പ്രവർത്തനങ്ങൾ ഏറിവരുന്നതായി കാണാം. ഇത് രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ഭദ്രതയ്ക്കും ജനാധിപത്യ സംവിധാനത്തിനും ഹാനികരമാണ്. ഇന്ത്യയിൽ മണിപ്പൂർ, ജമ്മു-കാശ്മീർ, നാഗാലാന്റ്, മിസ്സോറാം, ത്രിപുര എന്നീ സ്ഥലങ്ങളിൽ വിഘടനവാദ ആശയങ്ങൾ വളരുന്നതായി കാണാം.



ഇന്ത്യൻ ജനാധിപത്യം വെല്ലുവിളി നേരിടുന്നത് ജനാധിപത്യം വേണ്ട വിധത്തിൽ ശക്തിപ്പെടാത്തതുമൂലമല്ലേ? മുകളിൽ പറഞ്ഞ ഓരോ വെല്ലുവിളിയും ഈ അടിസ്ഥാനത്തിൽ ചർച്ച ചെയ്യൂ.

## പ്രവർത്തനങ്ങൾ



1. 'A' യുടേയും 'B' യുടേയും അഭിപ്രായങ്ങൾ താഴെ കൊടുക്കുന്നു. ഈ രണ്ടഭിപ്രായങ്ങളേയും മുൻനിർത്തി നിങ്ങളുടെ വാദഗതികൾ സമർത്ഥിക്കുക.
   A. ആശയപരമായും ഘടനാപരമായും ഇന്ത്യയിൽ ജനാധിപത്യം പൂർണ്ണമാണ്.
   B. ജനാധിപത്യാശയങ്ങൾ മിക്കതും പൂർണ്ണമായും പ്രായോഗികമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

2. താഴെ പറയുന്നവ ഒരേസമയം ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും വെല്ലുവിളിയുമാണ്-സമർത്ഥിയ്ക്കുക.

| ശക്തി | വെല്ലുവിളികൾ |
|---|---|
| - നിയമവാഴ്ച | → ക്രിമിനൽ സംഘങ്ങളും ഭീകരസംഘങ്ങളും |
| - തിരഞ്ഞെടുപ്പ് | → പണത്തിന്റേയും മാധ്യമങ്ങളുടേയും ദുസ്വാധീനം |
| - വോട്ടവകാശം | → നിരക്ഷരത, സാമ്പത്തിക പരാധീനത |
| - മൗലികാവകാശം | → അവകാശനിഷേധം, സാമ്പത്തികാസമത്വങ്ങൾ |
| - സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ | → ചെലവേറിയതും, നീതി വൈകുന്നതുമായ നീതിന്യായവ്യവസ്ഥ |
| - മനുഷ്യാവകാശങ്ങൾ | → മനുഷ്യാവകാശ ലംഘനങ്ങൾ |

3. രാഷ്ട്രീയ പ്രവർത്തകരല്ലാത്തവരും എന്നാൽ അവരവരുടെ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവരുമായ വിദഗ്ധരെ തിരഞ്ഞെടുപ്പിൽ മൽസരിക്കാതെ തന്നെ പാർലമെന്റിൽ അംഗമാക്കുവാൻ നമ്മുടെ രാജ്യത്ത് സംവിധാനമുണ്ട്. എന്താണ് ഈ സംവിധാനം? പാർലമെന്റിന്റെ ഏത് സഭയിലേയ്ക്കാണ് ഇങ്ങനെ അംഗങ്ങളെ നിർദ്ദേശിക്കുന്നത്. ആരാണ് ഇവരെ നിയമിക്കുന്നത്? എത്രപേരെ ഇങ്ങനെ നിയമിക്കാം? ഇങ്ങനെ നിർദ്ദേശിക്കപ്പെട്ട അംഗങ്ങളുടെ പട്ടിക തയാറാക്കൂ.

4. ജനാധിപത്യം ലളിതമാണ്. പക്ഷെ നിസ്സാരമല്ല. വളരെയധികം ആളും അർത്ഥവും വേണ്ടുന്ന ഒരു പ്രക്രിയയാണിത്. താഴെ പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക.
   - തിരഞ്ഞെടുപ്പ് ചെലവ് - സ്ഥാനാർത്ഥികൾ, ഗവൺമെന്റ്
   - ഗ്രാമപഞ്ചായത്തുകൾ മുതൽ എം.പി. മാർ വരെയുള്ള ജനപ്രതിനിധികളുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും

5. അധികാരവികേന്ദ്രീകരണം ജനാധിപത്യത്തിൽ ജനപങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ അനുഭവങ്ങൾ ശേഖരിച്ച് ഈ അഭിപ്രായം പരിശോധിക്കുക.

6. സാമൂഹിക സാമ്പത്തിക അസമത്വം കുറയ്ക്കുന്നതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് വിവിധ നയങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള വിവിധ പദ്ധതികൾ കണ്ടെത്തൂ.

# മനുഷ്യാവകാശങ്ങൾ

11

ഇതു ശരിയാണോ? പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളെയും ജീവികളായ എല്ലാ ജീവികളെയും സൃഷ്ടിച്ച ഈശ്വരൻ മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചതുപോലെ പാമ്പു വർഗ്ഗത്തെയും സൃഷ്ടിച്ചു. പാമ്പ് ഭൂമിയുടെ അവകാശികളിൽ ഒരാളാണ്. ഇവിടെ സഹവർത്തിത്വമാണ് ആവശ്യം. ഈ തത്വം അംഗീകരിക്കേണ്ടതല്ലേ? പക്ഷെ കൂട്ടായി ജീവിക്കാൻ ഒക്കുമോ? വിഷം! കടിച്ചാൽ മരിക്കും! ഹേ സർപ്പമേ! നിനക്കിവിടെ അവകാശമില്ല. എന്റെ സ്വന്തമായ രണ്ടേക്കർ പറമ്പിൽ നിന്നു നീ ക്ഷണത്തിൽ പോകുക!

പക്ഷെ എങ്ങോട്ടുപോകും? അടുത്ത പറമ്പുകളിൽ ചെന്നാൽ ഉടമകൾ ഉപദ്രവിക്കില്ലേ? ഭൂഗോളം തന്നെ ഒട്ടധികഭാഗവും കഷണം കഷണമായി ഓരോരുത്തർ, അതായത് മനുഷ്യർ, തീറുവാങ്ങി കഴിഞ്ഞു. അപ്പോൾ പക്ഷിമൃഗാദികൾ എന്തു ചെയ്യും? എവിടെപോകും?

(ഭൂമിയുടെ അവകാശികൾ,
വൈക്കം മുഹമ്മദ്ബഷീർ)

എല്ലാ ജീവജാലങ്ങൾക്കും ഭൂമുഖത്ത് ജീവിക്കുവാനുള്ള അവകാശമുണ്ടെന്നല്ലേ മുകളിൽ കൊടുത്ത കുറിപ്പ് സൂചിപ്പിക്കുന്നത്? മനുഷ്യരുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും പ്രകൃതിദത്തമായ അവകാശങ്ങളുണ്ട്.

### എന്താണ് അവകാശങ്ങൾ?

ഓരോരുത്തർക്കും അവരവരുടെ വ്യക്തിത്വ വികാസത്തിനും വളർച്ചയ്ക്കും ലഭിക്കുന്ന അവസരങ്ങളായി അവകാശങ്ങളെ കണക്കാക്കാം. എല്ലാ ജീവജാല




ങ്ങളെയും പോലെ മനുഷ്യർക്കും ഭൂമുഖത്ത് ചില അവകാശങ്ങളുണ്ട്. ജീവിക്കുവാനും വളരുവാനുമുള്ള അവകാശം.

ലോകത്ത് പരിസ്ഥിതിയുടെയും വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളുടെയും സംരക്ഷണത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കുന്നതായി കാണാം. ഇതുപോലെ മനുഷ്യരുടെ ജീവനും സ്വത്തിനും വലിയ വെല്ലുവിളികൾ ഉയരുന്നത് എപ്പോഴാണ്? യുദ്ധങ്ങളിലും മറ്റും സൈനികർ മാത്രമല്ല സ്ത്രീകളും കുട്ടികളും ഉൾപ്പെടെ സാധാരണ ജനങ്ങൾ നേരിടുന്ന ദുരിതങ്ങൾ മുൻ അധ്യായങ്ങളിൽ കണ്ടില്ലേ. യുദ്ധംപോലെ മനുഷ്യരെ ദുരിതത്തിലാഴ്ത്തുന്ന മറ്റ് സാഹചര്യങ്ങൾ ഉണ്ടോ? തന്നിരിക്കുന്ന ചില വാർത്താ ചിത്രങ്ങൾ ശ്രദ്ധിക്കൂ.



- വാർത്തകളിൽ പരാമർശിച്ചിരിക്കുന്ന ജനങ്ങൾക്കും സ്വസ്ഥമായി ജീവിക്കുവാൻ അവകാശമില്ലേ?
- ഇവർക്ക് ജീവിക്കുവാനുള്ള അവകാശം ഉറപ്പുവരുത്തേണ്ടതാരാണ്?
- ഇവർക്ക് സ്വസ്ഥമായ ജീവിതം നയിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്? ചർച്ച ചെയ്യൂ.

## മനുഷ്യാവകാശങ്ങൾ

ഭൂമുഖത്ത് വിവിധ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, ജാതി, മത പശ്ചാത്തലമുള്ളവരുണ്ട്. അവർ തമ്മിൽ നിരവധി വൈരുദ്ധ്യങ്ങളും. ഓരോ വ്യക്തിക്കും തന്റേതായ സാഹചര്യങ്ങളിൽ അന്തസ്സുറ്റജീവിതം നയിക്കുന്നതിനും അർഹതയുണ്ട്. അതിനാവശ്യമായ ജീവിതസാഹചര്യങ്ങളും അവസരങ്ങളും ലഭ്യമാക്കുന്നതിലൂടെ മാത്രമേ അവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളു. ഓരോ വ്യക്തിക്കും അന്തസുറ്റ ജീവിതം നയിക്കുന്നതിനുള്ള മൗലികവും അനർഘവും ആരാലും അന്യാധീനപ്പെടുത്താനാകാത്തതുമായ ജന്മസിദ്ധമായ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ.

വ്യക്തികൾക്ക് സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കുന്നതിനുതകുന്ന അവകാശങ്ങളായി മനുഷ്യാവകാശങ്ങളെ കണക്കാക്കാം. ഉദാഹരണമായി സ്വന്തം അഭിപ്രായം നിർഭയമായി പ്രകടിപ്പിക്കുന്നതിനും ശുദ്ധവായു, ശുദ്ധജലം എന്നിവ ലഭിക്കുവാനുമുള്ള അവകാശം.

## മനുഷ്യാവകാശം : നാൾവഴികൾ

മാനവസംസ്കാരത്തോളം പഴക്കമുണ്ട് അവകാശങ്ങൾ എന്ന ആശയത്തിന്. മനുഷ്യൻ സാമൂഹ്യജീവിതം ആരംഭിച്ച കാലംതൊട്ട് സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുകയും പ്രകൃതിവിഭവങ്ങളിൽ തുല്യാവകാശം ഉന്നയിക്കുകയും ചെയ്തിരുന്നിരിക്കാം. അവ നിഷേധിക്കുന്ന സാഹചര്യങ്ങളിൽ അതിനെതിരായ പോരാട്ടങ്ങൾ നടന്നിരിക്കാം. ഇതിൽ വിജയം കൈവരിച്ച ഓരോ സന്ദർഭവും മനുഷ്യാവകാശങ്ങളുടെ വളർച്ചയിലെ പടവുകളാണ്. അവകാശങ്ങളും സ്വാതന്ത്ര്യവും സംബന്ധിച്ച് അമേരിക്കൻ സ്വാതന്ത്ര്യസമരകാലത്ത് ഉയർന്നുവന്ന ചിന്തകരുടെ വാക്കുകൾ നോക്കു. "ഭരണകൂടത്തിനും രാഷ്ട്രത്തിനും അവയെ സൃഷ്ടിക്കുകയും അവയ്ക്ക് കീഴിൽ ജീവിക്കുകയും ചെയ്യുന്ന മനുഷ്യരുടെ താൽപ്പര്യങ്ങൾക്കപ്പുറം ഒരു ലക്ഷ്യവുമില്ല."

സ്വാതന്ത്ര്യത്തിനും സ്വൈര്യജീവിതത്തിനും വേണ്ടി അമേരിക്കയിലേക്ക് കുടിയേറിയവരെ കോളനിഭരണത്തിലൂടെ നിയന്ത്രിക്കാൻ ബ്രിട്ടൺ ശ്രമിച്ചു. ഇത് കോളനിവാഴ്ചയിൽ നിന്നു സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ അമേരിക്കയിലെ കോളനിവാസികളെ പ്രേരിപ്പിച്ചു. അവരുടെ പ്രതിനിധികൾ ഫിലഡൽഫിയയിൽ സമ്മേളിച്ച് 1776 ജൂലായിൽ കോളനികളുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അമേരിക്കൻ കോളനിവാസികളുടെ സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടെയും സ്ഥാപിച്ചെടുക്കൽ കൂടിയാണ് ഈ സ്വാതന്ത്ര്യ പ്രഖ്യാപനം. ഇതോടനുബന്ധിച്ച് അമേരിക്കൻ ഐക്യനാടുകളിൽ നിലവിൽവന്ന ഭരണഘടന യൂറോപ്പിൽ നിന്നും കുടിയേറിയ അമേരിക്കക്കാരുടെ മനുഷ്യാവകാശങ്ങൾക്ക് പരിരക്ഷ നൽകി.

അതേ നൂറ്റാണ്ടിൽ തന്നെയാണ് ഫ്രഞ്ച് വിപ്ലവവും അതിന്റെ ഭാഗമായുള്ള മനുഷ്യാവകാശപ്രഖ്യാപനവും നടന്നത്. ഏകാധിപതിയായ ഫ്രഞ്ച് ഭരണാധികാരി ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റ് പിരിച്ചുവിടുകയും ജനങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്തു. അതേത്തുടർന്ന് 1789-ൽ സാധാരണ ജനങ്ങളുടെ നേതൃത്വത്തിൽ ഫ്രാൻസിലെ ദേശീയ അസംബ്ലി ചേർന്ന് മനുഷ്യാവകാശ പ്രഖ്യാപനത്തിന് രൂപം നൽകി. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിത്തറയായി വർത്തിച്ച സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ മനുഷ്യസ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഭരണഘടനകൾക്ക് രൂപം നല്കാൻ ലോകരാഷ്ട്രങ്ങൾക്ക് പ്രചോദനമായി.



തുല്യത ഉറപ്പുവരുത്തുന്നതിന് ഫ്രഞ്ച് വിപ്ളവാശയങ്ങളും അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനവും പങ്കുവഹിച്ചതായി കാണാം. അവ എന്തൊക്കെയാണെന്ന് പരിശോധിക്കു?

ഏകാധിപത്യവും സ്വേച്ഛാധിപത്യവും അടിച്ചേൽപ്പിച്ച ഭരണാധികാരികൾക്കെതിരായി ജനങ്ങൾ നടത്തിയ പോരാട്ടങ്ങൾ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സഹായകമായി. ഇതിന് മറ്റൊരുദാഹരണമാണ് റഷ്യൻ വിപ്ലവം. വിശക്കുന്നവന് ആഹാരം, കൃഷിഭൂമി കർഷകന് തുടങ്ങിയ മുദ്രാവാക്യങ്ങൾ വിപ്ലവാനന്തരം അധികാരത്തിൽവന്ന സോഷ്യലിസ്റ്റ് ഭരണകൂടം നടപ്പിൽ വരുത്താൻ തയ്യാറായിരുന്നു. സാർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണത്തിന് പകരം ജനങ്ങൾക്ക് പങ്കാളിത്തമുള്ള സോഷ്യലിസ്റ്റ് ഭരണക്രമത്തിലേക്ക് റഷ്യ മാറി. തൊഴിലാളികളുടെയും കർഷകരുടെയും അവകാശങ്ങൾ ഉറപ്പാക്കുകയും ചെയ്തു.

ഭരണാധികാരം ദൈവദത്തമാണെന്ന വാദത്തിനെതിരെ അത് മനുഷ്യേച്ഛയിൽ അധിഷ്ഠിതമാണെന്നു പ്രഖ്യാപിക്കുന്ന ആശയങ്ങൾ ലോകത്ത് പ്രചാരം നേടി. മനുഷ്യാവകാശസങ്കൽപ്പങ്ങൾക്ക് വിത്തുപാകാൻ തോമസ് ഹോബ്സ്, ജോൺ ലോക്ക്, റൂസോ തുടങ്ങിയ ദാർശനികരുടെ ചിന്തകൾ പ്രചോദനവും നൽകി.



- മേൽ പറഞ്ഞ സമരങ്ങളും വിപ്ലവങ്ങളും മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്. ചർച്ച ചെയ്യു.

### സൈറസ്




*2500 വർഷങ്ങൾക്കുമുമ്പ് പേർഷ്യയിലെ ചക്രവർത്തിയായിരുന്ന സൈറസ് തന്റെ ജനതയെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. അടിമത്തവും അടിമക്കച്ചവടവും നിലനിന്നിരുന്ന പേർഷ്യയിൽ അടിമകളെയെല്ലാം മോചിപ്പിക്കുന്നതായും സ്വതന്ത്രരായി ജീവിക്കുവാൻ അനുവദിക്കുന്നതായും പ്രഖ്യാപിച്ചു. ഇതുപോലെ മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾ മദ്ദളത്തിന്റെ ആകൃതിയിലുള്ള ഒരു കളിമൺ സിലിണ്ടറിൽ രേഖപ്പെടുത്തി കുഴിച്ചിട്ടിരുന്നു. ഇത് പുരാവസ്തു ഗവേഷകർ കണ്ടെടുക്കുകയുണ്ടായി. അതിലെ പ്രതിപാദ്യങ്ങൾ സൈറസ്സിന്റെ മനുഷ്യാവകാശങ്ങളോടുള്ള പ്രതിപത്തി തെളിയിക്കുന്നവയാണ്.*



ബ്രിട്ടീഷ് ആധിപത്യകാലത്ത് ജനങ്ങളെ ഭിന്നിപ്പിച്ച് നിർത്തുന്ന ജാതി-മത-പ്രാദേശികചിന്തകൾക്ക് എതിരായി ജനങ്ങളെ ഒന്നിപ്പിച്ച് നിർത്താൻ ദേശീയ പ്രസ്ഥാനത്തിന് കഴിഞ്ഞിരുന്നു. ഇന്ത്യയിലെ ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം ദേശീയപ്രസ്ഥാനം ഉന്നയിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തരം നിലവിൽവന്ന ഭരണഘടനയിൽ ഈ അവകാശങ്ങൾ ഉൾക്കൊണ്ടിരിക്കുന്നതായി കാണാം. ഭരണഘടനയുടെ ആമുഖത്തിൽ ജനാധിപത്യം, മതനിരപേക്ഷത, പരമാധികാരം, സോഷ്യലിസം, റിപ്പബ്ലിക്ക് എന്നീ ആശയങ്ങൾ ഉൾച്ചേർത്തിരിക്കുന്നതും ഇന്ത്യയിലെ ജനങ്ങളുടെ പേരിൽ ഭരണഘടന സമർപ്പിക്കുന്നതും പൗരന്റെ അവകാശങ്ങൾ ഉറപ്പുവരുത്താൻ വേണ്ടിയാണ്.

## സാർവദേശീയമനുഷ്യാവകാശപ്രഖ്യാപനം (Universal Declaration of Human Rights)

കൊടിയ ക്രൂരതകളും മനുഷ്യാവകാശലംഘനങ്ങളും നടന്ന ലോകയുദ്ധങ്ങൾ മനുഷ്യാവകാശങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വഴിത്തിരിവായി. ഇറ്റലിയിലെ ഫാഷിസ്റ്റ്, ജർമ്മനിയിലെ നാസി തുടങ്ങിയ സ്വേച്ഛാധിപത്യഭരണകൂടങ്ങൾ പ്രാകൃതമായ നരഹത്യകളാണ് നടത്തിയത്. അടിച്ചേൽപ്പിക്കപ്പെട്ട യുദ്ധങ്ങളിൽ മനുഷ്യജീവന് യാതൊരു വിലയും കല്പിക്കപ്പെട്ടില്ല. യുദ്ധബാധിതർ നരകയാതന അനുഭവിക്കേണ്ടിവന്ന ചരിത്രവും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. ഈ സാഹചര്യത്തിൽ ലോകസമാധാനവും സുരക്ഷയും ലക്ഷ്യമാക്കിയും ഇനിയൊരു യുദ്ധം ഉണ്ടാവുന്നതു തടയുന്നതിനും വേണ്ടി ഐക്യരാഷ്ട്രസംഘടന രൂപം കൊണ്ടു.

മനുഷ്യാവകാശസങ്കൽപ്പത്തിന് ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം ഉത്തേജനമേകി. യു.എൻ. രൂപീകരണ വേളയിൽത്തന്നെ സമാധാനപൂർണ്ണമായ മനുഷ്യജീവിതസാഹചര്യം ഒരു പ്രധാന വിഷയമായി. രണ്ടാംലോകയുദ്ധത്തിന് ശേഷവും എല്ലാഭരണകൂടങ്ങളും ജനാധിപത്യവത്കരിക്കപ്പെട്ടിരുന്നില്ല. പല രാജ്യങ്ങളിലും മനുഷ്യാവകാശധ്വംസനങ്ങൾ അനുസ്യൂതം തുടർന്നു. ഇതും ഐക്യരാഷ്ട്രസഭയെ മനുഷ്യാവകാശ പ്രഖ്യാപനത്തിലേക്ക് നയിച്ചു.



### ഡിസംബർ 10
### സാർവ്വദേശീയ മനുഷ്യാവകാശ ദിനം

*1948 ഡിസംബർ 10-ന് ഐക്യരാഷ്ട്രസഭ 'സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം' നടത്തി. മനുഷ്യന്റെ മൗലിക സ്വാതന്ത്ര്യവും അവകാശങ്ങളുമടങ്ങിയതാണ് ഈ പ്രഖ്യാപനം. ഇന്നും ഡിസംബർ 10 സാർവ്വദേശീയമനുഷ്യാവകാശ ദിനമായി ആചരിക്കുന്നു.*

ഈ പ്രഖ്യാപനപ്രകാരം ജാതി, മതം, വംശം, ഭാഷ, പൗരത്വം, വിശ്വാസം, സംസ്കാരം, കുടുംബം, സ്ത്രീ-പുരുഷ ഭേദം തുടങ്ങി യാതൊരു തരത്തിലുമുള്ള വിവേചനവും കൂടാതെ ജീവിതം നയിക്കുവാനുള്ള അർഹത മനുഷ്യവർഗ്ഗത്തിലെ എല്ലാവർക്കുമുണ്ട്. അതിനുവേണ്ട നടപടികൾ കൈക്കൊള്ളാൻ ലോകരാജ്യങ്ങളോട് യു.എൻ. നിർദ്ദേശിക്കുന്നു.

സാർവ്വദേശീയമനുഷ്യാവകാശപ്രഖ്യാപനത്തിന്റെ ആമുഖം ശ്രദ്ധിക്കു.

> *"എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുകയും പദവിയിലും അവകാശങ്ങളിലും തുല്യത പുലർത്തുകയും ചെയ്യുന്നു. അവർ ബുദ്ധിയും മനസ്സാക്ഷിയുംകൊണ്ട് അനുഗൃഹീതരും പരസ്പരസാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ്."*



മുമ്പ് നാം പഠിച്ച വിപ്ലവങ്ങളും സമരങ്ങളും നൽകിയ ആശയങ്ങൾ മുകളിൽ കൊടുത്ത സാർവ്വദേശീയമനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ആമുഖ പ്രഖ്യാപനത്തിൽ പ്രതിഫലിക്കുന്നുണ്ടോ? ചർച്ച ചെയ്യു.

സാർവ്വദേശീയ മനുഷ്യാവകാശപ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്ന ചില അവകാശങ്ങൾ:

- സ്വാതന്ത്ര്യത്തോടെ ജീവിക്കാനും വ്യക്തി സുരക്ഷിതത്വം അനുഭവിക്കുവാനുമുള്ള അവകാശം.
- അടിമത്തത്തിൽനിന്നുള്ള മോചനം.
- നിയമത്തിന്റെ മുന്നിൽ തുല്യതയും തുല്യ നിയമപരിരക്ഷയും.
- സ്വേച്ഛാപരമായ അറസ്റ്റിനോ തടങ്കലിനോ നാടുകടത്തലിനോ ആരെയും വിധേയരാക്കരുത്.
- കുറ്റകൃത്യം നിയമപരമായി തെളിയിക്കപ്പെടുന്നതുവരെ നിരപരാധിയായി പരിഗണിക്കപ്പെടാനുള്ള അവകാശം.
- രാജ്യത്തെവിടെയും സഞ്ചരിക്കാനും പാർക്കാനുമുള്ള അവകാശം.
- സ്വന്തം രാജ്യത്തെ ഗവൺമെന്റിൽ നേരിട്ടോ പ്രാതിനിധ്യരൂപത്തിലോ പങ്കാളിത്തത്തിനുള്ള അവകാശം.
- പ്രായപൂർത്തിയായവർക്ക് വിവാഹത്തിലേർപ്പെടാനും കുടുംബം സ്ഥാപിക്കുവാനുമുള്ള അവകാശം.
- തനിച്ചും കൂട്ടായും സ്വത്ത് സമ്പാദിക്കാനുള്ള അവകാശം.
- അഭിപ്രായത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം.
- തുല്യജോലിക്ക് തുല്യവേതനം.
- മാതൃത്വം, ശൈശവം ഇവയ്ക്ക് പ്രത്യേക സംരക്ഷണവും സഹായവും.
- വിദ്യാഭ്യാസത്തിനുള്ള അവകാശം.

സാർവ്വദേശീയമനുഷ്യാവകാശപ്രഖ്യാപനം മനുഷ്യാവകാശങ്ങളുടെ സൈദ്ധാന്തിക അടിത്തറയായാണ് കണക്കാക്കപ്പെടുന്നത്. ഇതിനോടനുബന്ധമായി 1966-ലെ സിവിൽ-രാഷ്ട്രീയവകാശങ്ങളെക്കുറിച്ചും സാമൂഹിക-സാമ്പത്തിക-സാംസ്കാരിക അവകാശങ്ങളെക്കുറിച്ചും ലോകരാജ്യങ്ങൾ ചേർന്നുള്ള ഉടമ്പടികളും മനുഷ്യാവകാശങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളായി സ്വീകരിക്കുന്നു.



മനുഷ്യാവകാശപ്രഖ്യാപനം കൊണ്ടുമാത്രം അനുയോജ്യമായ ജീവിതത്തിനുള്ള അവസരം ജനങ്ങൾക്ക് ഉറപ്പിക്കാൻ കഴിയുമോ? അതിനായി മറ്റെന്തെല്ലാം കാര്യങ്ങളാണ് വേണ്ടി വരിക? വിശകലനം ചെയ്യൂ.

## കുട്ടികളുടെ അവകാശങ്ങൾ



ചിത്രം ശ്രദ്ധിക്കൂ. ഇവർക്കും അവകാശങ്ങളില്ലേ? ഇത്തരം ദൃശ്യങ്ങൾ ചില ചോദ്യങ്ങൾ ഉയർത്തുന്നു.

- കുട്ടികളാണ് മനുഷ്യാവകാശലംഘനങ്ങൾക്ക് കൂടുതൽ വിധേയരാകുന്നത് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- കുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേകമായി അവകാശങ്ങളുണ്ടോ? മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി എന്തിനാണ് ഇവർക്ക് പ്രത്യേക അവകാശങ്ങൾ?
- ദാരിദ്ര്യം മനുഷ്യാവകാശനിഷേധത്തിന് കാരണമാകുന്നുണ്ടോ?

ഇത്തരം നിരവധി ചോദ്യങ്ങളുടെയും ചർച്ചകളുടെയും ഭാഗമായി നിരവധി പുതിയ ചിന്തകൾ ലോകമെമ്പാടും ഉണ്ടായി. ഇതിന്റെയൊക്കെ ഭാഗമായി മനുഷ്യാവകാശപ്രഖ്യാപനത്തിന്റെയും ഉടമ്പടികളുടെയും തുടർച്ചയായി അന്താരാഷ്ട്രതലത്തിൽ കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച കീഴ്വഴക്കങ്ങൾ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ അംഗീകരിക്കുകയുണ്ടായി (Convention on the Right of the Child). 1989 നവംബർ 20-ന് കുട്ടികളുടെ അവകാശപ്രഖ്യാപനത്തിലൂടെ ലോകത്തിലെ ഭരണകൂടങ്ങളോട് കുട്ടികളുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുവാൻ യു.എൻ. നിർദ്ദേശിച്ചു. ശിശുവിന് വാത്സല്യം, സ്വാതന്ത്ര്യം, സമാധാനം, സമഭാവന, സഹാനുഭൂതി എന്നിവയിലൂന്നി വ്യക്തിത്വവികാസം ഉറപ്പുവരുത്താൻ മാതാപിതാക്കളോടും സമൂഹത്തോടും ഈ പ്രഖ്യാപനം ആഹ്വാനം ചെയ്തു.

### കുട്ടികളുടെ അവകാശങ്ങളിൽ ചിലത്

- കുട്ടികളുടെ വ്യക്തിത്വസംരക്ഷണം
- മാതാപിതാക്കളിൽനിന്നു വേർപെടാതിരിക്കാനുള്ള അവകാശം
- ആരോഗ്യത്തിനുള്ള അവകാശം
- വിവേചനങ്ങളിൽനിന്നുള്ള സംരക്ഷണം
- വിദ്യാഭ്യാസത്തിനുള്ള അവകാശം
- മയക്കുമരുന്ന് പോലുള്ള ഹാനികരമായ വസ്തുക്കളിൽനിന്നുള്ള സംരക്ഷണം



ഇന്ത്യയിലും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നിയമങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ ഭരണഘടന തന്നെ ഇത്തരം അവകാശങ്ങൾ ഉറപ്പു നൽകുന്നില്ലേ? ഇതിന്റെ ഭാഗമായി ഉണ്ടായ ചില നിയമങ്ങളാണ് താഴെ കൊടുക്കുന്നത്. മറ്റുള്ളവ കണ്ടെത്തൂ.

- വിദ്യാഭ്യാസാവകാശനിയമം
- ബാലവേല നിരോധനനിയമം
- 

- മരുന്നും ചികിത്സയും ലഭിക്കാതെ നവജാത ശിശു മരിച്ചു
- പന്ത്രണ്ട് വയസ്സുകാരനെ രക്ഷിതാക്കൾ സ്കൂളിലയയ്ക്കാതെ തീപ്പെട്ടിക്കമ്പനിയിൽ തൊഴിലെടുക്കാനയയ്ക്കുന്നു
- ഹോംവർക്ക് പൂർത്തിയാക്കാത്ത കുട്ടിയെ അധ്യാപിക ക്രൂരമായി ശിക്ഷിച്ചു
- വീട്ടുവേലയ്ക്ക് നിന്ന ബാലനെ മോഷണകുറ്റമാരോപിച്ച് പോലീസ് മർദ്ദിച്ചു
- അമ്മത്തൊട്ടിലിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം കൂടുന്നു

- മുകളിൽ കൊടുത്ത സംഭവങ്ങൾ വായിച്ചുവല്ലോ? ഇവയിൽ മനുഷ്യാവകാശലംഘനങ്ങൾ നടന്നിട്ടുണ്ടോ?
- ഓരോ സന്ദർഭത്തിലും ഏതെല്ലാം അവകാശങ്ങളാണ് ലംഘിക്കപ്പെട്ടത്?
- ആരൊക്കെയാണ് ഈ അവകാശലംഘനങ്ങൾക്ക് ഉത്തരവാദികൾ?
- അവകാശങ്ങൾ ഉറപ്പിക്കാൻ അതത് രംഗത്ത് നടപടികളില്ലേ? അവ എന്തെല്ലാം?
- ഇത്തരം അവകാശലംഘനങ്ങൾ തടയാൻ നമുക്കെന്ത് ചെയ്യാൻ കഴിയും? നിർദ്ദേശങ്ങൾ തയ്യാറാക്കൂ.

## സ്ത്രീകളുടെ അവകാശങ്ങൾ

നമ്മുടെ സമൂഹത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് എങ്ങനെയെല്ലാമാണ്?

സ്ത്രീകളോടുള്ള അവഗണന, വീട്ടിൽ ഭക്ഷണം, വസ്ത്രം, മറ്റ് ജീവിതസാഹചര്യങ്ങൾ എന്നിവ ലഭിക്കുന്നതിലുള്ള വിവേചനം, ജോലിസ്ഥലങ്ങളിൽ നേരിടേണ്ടിവരുന്ന വിവേചനങ്ങൾ, യാത്രക്കിടയിലും പൊതുസ്ഥലങ്ങളിലും അനുഭവിക്കേണ്ടിവരുന്ന ഉപദ്രവങ്ങൾ ഇവയെല്ലാം സ്ത്രീകൾ നേരിടുന്ന അവകാശങ്ങളുടെ ലംഘനമല്ലേ?

ഐക്യരാഷ്ട്രസഭ സ്ത്രീവിവേചനം അവസാനിപ്പിക്കാൻ സ്ത്രീമഹത്വം വിളംബരം ചെയ്യുകയും കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. 1979-ലെ യു.എൻ. ഉടമ്പടിയിൽ താഴെപ്പറയുന്നവ ഭരണകൂടങ്ങളുടെ കടമകളായി പറയുന്നു:

- സ്ത്രീപുരുഷതുല്യത ലഭ്യമാക്കുക
- ഭരണകൂടം സ്ത്രീകളോട് യാതൊരു വിവേചനവും കാണിക്കാതിരിക്കുക
- വ്യക്തിയും സംഘടനകളും സ്ഥാപനവും സ്ത്രീകളോട് യാതൊരു വിവേചനത്തിനും മുതിരില്ലെന്ന് ഉറപ്പാക്കുക.
- വിവേചനപരമായ നിയമങ്ങളും ആചാരങ്ങളും പരിഷ്ക്കരിക്കുകയോ അവസാനിപ്പിക്കാൻ നടപടിയെടുക്കുകയോ ചെയ്യുക.
- സ്ത്രീവിവേചനപരമായ എല്ലാ നിയമങ്ങളും അസാധുവാക്കുക.

ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനത്തിനനുസൃതമായി ഇന്ത്യയിൽ നിയമങ്ങൾ നിർമ്മിക്കുകയും നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലതാണ് താഴെ കൊടുത്തിട്ടുള്ളത്.

- ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം-2005 (Protection of Women from Domestic Violence Act-2005)
- തൊഴിലിടങ്ങളിൽ സംരക്ഷണം



സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ നിലനിൽക്കുന്നതിന് സാമൂഹ്യ കാഴ്ചപ്പാടുകൾ കാരണമാകുന്നുണ്ടോ? ചർച്ച ചെയ്യൂ.



നിങ്ങൾ പലപ്പോഴും ഇതുപോലുള്ള ദൃശ്യങ്ങൾ കാണാറുണ്ടാകാം.

- വാർദ്ധക്യകാലത്ത് ഇവർക്ക് സംരക്ഷണവും ആനുകൂല്യങ്ങളും ആവശ്യമല്ലേ?
- ഇതും മനുഷ്യാവകാശങ്ങളുടെ പരിധിയിൽ വരുന്നതല്ലേ?

വാർദ്ധക്യകാലത്ത് വ്യക്തികൾക്ക് സംരക്ഷണവും പ്രത്യേകആനുകൂല്യങ്ങളും മനുഷ്യാവകാശ

ങ്ങളെന്ന നിലയിൽ വിഭാവനം ചെയ്യുന്നുണ്ട്. നമ്മുടെ നാട്ടിലും ഇതുറപ്പാക്കാൻ നിയമങ്ങളും നടപടികളുമുണ്ട്.

- നമ്മുടെ നാട്ടിൽ ഇതിനായുള്ള നടപടികൾ എന്തൊക്കെയാണ്? കണ്ടെത്തി അവയുടെ ഫലപ്രാപ്തി എത്രയുണ്ടെന്ന് ചർച്ച ചെയ്യു?

*ഒരേ തരത്തിലുള്ള സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലവും ഭൂമിശാസ്ത്രപരമായി സമാനതകളുമുള്ള രാഷ്ട്രങ്ങൾ ചേർന്ന് മനുഷ്യാവകാശസംരക്ഷണത്തിന് മേഖലാതലത്തിലുള്ള ഉടമ്പടികൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ളതാണ് യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങൾ ചേർന്ന് നടത്തിയ യൂറോപ്യൻ മനുഷ്യാവകാശ പ്രഖ്യാപനം (European Convention on Human Rights) വധശിക്ഷ നിർത്തലാക്കുന്ന വ്യവസ്ഥയും യൂറോപ്പിൽ എത്തുന്ന വിദേശീയരുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതും ഈ പ്രഖ്യാപനത്തിന്റെ സവിശേഷതയാണ്. ആഫ്രിക്കയിലും അമേരിക്കയിലും ഇത്തരത്തിൽ മേഖലാതല മനുഷ്യാവകാശ പ്രഖ്യാപനങ്ങളുണ്ട്.*

## അവകാശങ്ങൾ ഇന്ത്യയിൽ

നമ്മുടെ ഭരണഘടന ഉറപ്പുവരുത്തുന്ന അവകാശങ്ങൾ മുൻക്ലാസുകളിൽ ചർച്ച ചെയ്തിരുന്നത് ഓർക്കുന്നുണ്ടോ?

എന്തെല്ലാം അവകാശങ്ങളാണ് ഭരണഘടന വ്യക്തികൾക്കും പൗരർക്കും ഉറപ്പ് നൽകുന്നത്?

വിദേശാധിപത്യത്തിനെതിരെ ദീർഘകാലം നടത്തിയ പോരാട്ടവും കോളനിവാഴ്ചയുടെ ദുരിതവും നേരിട്ടനുഭവിച്ചവരാണല്ലോ ഇന്ത്യക്കാർ. ഐക്യരാഷ്ട്രസഭയിൽ സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിനായി നിലകൊള്ളാൻ ഇന്ത്യയെ പ്രേരിപ്പിച്ചത് നമ്മുടെ സാമ്രാജ്യത്വ അനുഭവങ്ങളാകാം. നമ്മുടെ ഭരണഘടനയിലെ മൗലികാവകാശങ്ങളും നിർദ്ദേശകതത്വങ്ങളും മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ടവയാണ്.



നമ്മുടെ ഭരണഘടനയിൽ ഉള്ള മൗലികാവകാശങ്ങൾ എന്തൊക്കെയാണ്? ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനത്തിലെ മനുഷ്യാവകാശങ്ങളുമായി മൗലികാവകാശങ്ങൾക്കും നിർദ്ദേശകതത്വങ്ങൾക്കും ബന്ധമുണ്ടോ? ചർച്ച ചെയ്ത് കണ്ടെത്തു.

മനുഷ്യാവകാശങ്ങളെല്ലാം മൗലികാവകാശമാണോ?

നമ്മുടെ ഭരണഘടനയിലെ പൗരത്വത്തിനുള്ള അവകാശം, വോട്ടവകാശം എന്നിവ മൗലികാവകാശത്തിൽപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവ അവകാശങ്ങളായി ഭരണഘടന ഉറപ്പ് നൽകുന്നു. എല്ലാ മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങൾ തന്നെയാണ്. എന്നാൽ എല്ലാ മനുഷ്യാവകാശങ്ങളെയും മൗലികാവകാശങ്ങളുടെ പട്ടികയിൽ പെടുത്തിയിട്ടില്ല. മനുഷ്യാവകാശങ്ങൾക്ക് മൗലികാവകാശങ്ങളെക്കാൾ വ്യാപ്തിയുണ്ട്. ഉദാഹരണമായി ശുദ്ധജലലഭ്യത, ശുദ്ധവായു, മലിനമാകാത്ത ചുറ്റുപാട് എന്നിവ മനുഷ്യാവകാശങ്ങളായാണ് കണക്കാക്കപ്പെടുന്നത്. ഇവയും ഭരണഘടനയിലെ മൗലികാവകാശത്തിൽ പ്രത്യേകമായി പറയുന്നില്ല.

**ആങ്ങ്സാങ്ങ് സൂചി**



*മ്യാൻമാറിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യഅവകാശങ്ങൾക്കും വേണ്ടി നടക്കുന്ന സമരങ്ങൾക്ക് നേതൃത്വം നൽകുന്ന ജനകീയ നേതാവാണ് ആങ്ങ് സാങ്ങ് സൂചി. ഇവരെ പട്ടാള ഭരണകൂടം വർഷങ്ങളോളം വീട്ടുതടങ്കലിലാക്കിയിരുന്നു. 2010-ൽ ഇവരെ താൽക്കാലികമായി മോചിപ്പിച്ചു.*

## മനുഷ്യാവകാശങ്ങൾ-ഇന്നത്തെ അവസ്ഥ

വിവിധതലങ്ങളിൽ ചർച്ച ചെയ്യപ്പെട്ട ചില വാർത്തകളുടെ ചുരുക്കം നോക്കൂ.

## കിർഖിസ്ഥാനിൽ വംശീയകലാപം



*പഴയ സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ ഉടലെടുത്ത പുതിയ രാഷ്ട്ര മാണ് കിർഖിസ്ഥാൻ. അവിടത്തെ ഗവൺമെന്റിന്റെ ദുർഭരണത്തിനെതിരെ ജനങ്ങൾ പ്രക്ഷോഭം നടത്തുകയും ഭരണാധികാരിയെ പുറത്താക്കുകയും ചെയ്തു (2010). എന്നാൽ ഭൂരിപക്ഷ ജനവിഭാഗമായ കിർഗുകൾ ന്യൂനപക്ഷ മായ ഉസ്ബെക്കുകൾക്ക് നേരെ അക്രമം അഴിച്ചുവിടുകയും വംശഹത്യ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.*

## നർമ്മദ ബച്ചാവോ ആന്തോളൻ



*നർമ്മദാ നദിയിൽ സർദാർ സരോവർ പദ്ധതി നടപ്പാക്കുമ്പോൾ പരമ്പരാഗതത്തൊഴിലിലേർപ്പെട്ടിരിക്കുന്ന ആദിവാസികളുൾപ്പെടെയുള്ള ജനവിഭാഗങ്ങൾ പിഴുതെറിയപ്പെടുന്നു. ജനങ്ങളുടെ വാസസ്ഥലം, തൊഴിൽ, കൃഷിഭൂമി, വനം, ജലം എന്നിവ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് മേധാപട്കറുടെ നേതൃത്വത്തിൽ അവിടത്തെ ജനങ്ങൾ പ്രക്ഷോഭം നടത്തുകയാണ്.*

## ഇറോം ഷാനു ഷർമിള



*മണിപ്പൂരിൽ വിഘടനവാദികളുടെ പ്രവർത്തനം വർദ്ധിച്ചതുകൊണ്ട് പട്ടാളത്തിന്റെ പ്രത്യേകാധികാര നിയമം (AFSPA) പ്രകാരം ആരെയും വെടിവച്ചുകൊല്ലാനും വാറന്റ് ഇല്ലാതെ അറസ്റ്റ് ചെയ്യാനും ഏത് കെട്ടിടവും ഇടിച്ചുനിരത്താനും അധികാരമുണ്ട്. ഈ നിയമം വിവേചനരഹിതമായി പ്രയോഗിക്കുന്നതിനെതിരെ പ്രശസ്ത മനുഷ്യാവകാശപ്രവർത്തകയായ ഇറോം ഷാനു ഷർമ്മിള പത്തു വർഷക്കാലമായി നിരാഹാര സമരത്തിലാണ്.*

- സമകാലികലോകം ഏറെ ചർച്ച ചെയ്ത ചില വാർത്തകളാണ് മുകളിൽ കൊടുത്തത്.



ഈ വാർത്തകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ കാണാനാകുമോ? ഏതൊക്കെ അവകാശങ്ങളാണ് നിഷേധിക്കപ്പെട്ടത്? ആരാണ് ഈ അവകാശങ്ങൾ നിഷേധിച്ചത്? പരിശോധിക്കൂ.

വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ലഭിക്കേണ്ടുന്ന ചില അവകാശങ്ങളില്ലേ? സമൂഹത്തിന്റെ പൊതുനന്മയ്ക്കായി ഇത്തരത്തിൽ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ എന്തെല്ലാം അവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത്? നർമ്മദാ സംരക്ഷണ സമരത്തിന്റെ വാർത്തയുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യൂ.

വികസനം പലപ്പോഴും സമൂഹത്തിൽ ഒരു വിഭാഗത്തിന്റെ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടാറുണ്ട്. ഭൂരിപക്ഷത്തിന്റെ നേട്ടം മുൻനിർത്തി ഇങ്ങനെ ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ നിഷേധിക്കുന്നതിന്റെ അനുഭവങ്ങൾ നിങ്ങളുടെ പ്രദേശത്തുമുണ്ടോ? എന്തൊക്കെയാണവ? അത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നവയെല്ലാം മനുഷ്യാവകാശ പ്രശ്നങ്ങൾ തന്നെയാണോ? പരിശോധിക്കൂ.

സേവനസംവിധാനങ്ങൾ, പട്ടാളം, പോലീസ്, പ്രാദേശികഭരണകൂടം, വിദ്യാലയം തുടങ്ങി പല ഇടത്തും മനുഷ്യന്റെ അവകാശനിഷേധങ്ങൾ നടക്കുന്നതായി കണ്ടെത്താൻ കഴിയും. മൗലികാവകാശങ്ങളാണ് നിഷേധിക്കപ്പെട്ടതെങ്കിൽ പൗരന്മാർക്ക് കോടതിയെ സമീപിക്കാനുള്ള അവസരമുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെട്ടാലോ? അവ എങ്ങനെയാണ് സംരക്ഷിക്കപ്പെടുക? ചർച്ച ചെയ്യൂ.

### മനുഷ്യാവകാശക്കമ്മീഷൻ

1993-ൽ മനുഷ്യാവകാശ സംരക്ഷണം ഉറപ്പുവരുത്താൻ ഇന്ത്യയിൽ 'മനുഷ്യാവകാശസംരക്ഷണ നിയമം' നിലവിൽ വന്നു. ഇതനുസരിച്ച് മനുഷ്യാവകാശങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കാൻ

ദേശീയ-സംസ്ഥാനതല മനുഷ്യാവകാശക്കമ്മീഷനുകൾക്ക് രൂപം നൽകി.

### ദേശീയ മനുഷ്യാവകാശക്കമ്മീഷൻ



ജസ്റ്റീസ്
കെ.ജി. ബാലകൃഷ്ണൻ

*ദേശീയമനുഷ്യാവകാശ കമ്മീഷനിൽ ഒരദ്ധ്യക്ഷനും നാലംഗങ്ങളുമാണുള്ളത്. ഇവരെ കൂടാതെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ, ദേശീയ പട്ടികജാതി കമ്മീഷൻ, പട്ടികവർഗ്ഗ കമ്മീഷൻ, ദേശീയ വനിതാ കമ്മീഷൻ എന്നിവയുടെ ചെയർപേഴ്സൺമാരും ഇതിൽ അനൗദ്യോഗിക അംഗങ്ങളായിരിക്കും. സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസായിരുന്ന വ്യക്തിയായിരിക്കും കമ്മീഷന്റെ ചെയർപേഴ്സൺ.*

ഏത് മേഖലയിലെ പ്രശ്നങ്ങളിലാണ് നമുക്ക് മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുവാൻ കഴിയുക?

കമ്മീഷന്റെ അധികാരങ്ങളിൽ ചിലത് നോക്കു:

- പൗരാവകാശസംരക്ഷണം.
- മനുഷ്യാവകാശങ്ങൾക്ക് വിരുദ്ധമായ നിയമങ്ങളുടെ പുനരവലോകനം.
- ഭരണനിർവ്വഹണരംഗത്തെ പരിഷ്ക്കരണങ്ങൾ.
- തടവറകളിലെ അതിക്രമങ്ങൾ തടയൽ.
- പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മനുഷ്യാവകാശ നിഷേധങ്ങൾ ഇല്ലാതാക്കൽ.
- വനിതകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണം.

### സംസ്ഥാന മനുഷ്യാവകാശക്കമ്മീഷൻ

*ദേശീയതലത്തിലേതുപോലെ സംസ്ഥാനത്തും മനുഷ്യാവകാശ സംരക്ഷണത്തിനായി കമ്മീഷൻ പ്രവർത്തിക്കുന്നു. ചെയർപേഴ്സനും രണ്ടംഗങ്ങളു മടങ്ങിയതാണ് സംസ്ഥാന മനുഷ്യാവകാശക്കമ്മീഷൻ. വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റീസായിരിക്കും ഇതിന്റെ ചെയർപേഴ്സൺ.*



സമീപകാലത്ത് മനുഷ്യാവകാശക്കമ്മീഷനുകൾ ഇടപെട്ട ഏതെങ്കിലും പ്രശ്നങ്ങളുടെ വാർത്തകൾ ശേഖരിച്ച് വിശകലനം ചെയ്യു?

## മനുഷ്യാവകാശവും സംഘടനകളും

മനുഷ്യാവകാശസംരക്ഷണത്തിന് സന്നദ്ധസംഘടനകൾക്ക് നിർണ്ണായകപങ്ക് വഹിക്കാൻ കഴിയും. പല മേഖലകളിലുമുള്ള മനുഷ്യാവകാശ ലംഘനങ്ങൾ നിരീക്ഷിക്കുവാനും പുറത്തുകൊണ്ടുവരാനും ഇവർ ശ്രമിക്കുന്നു. മനുഷ്യാവകാശങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള പരിപാടികൾ പോഷിപ്പിക്കുവാൻ ഇത്തരം സംഘടനകൾക്ക് കഴിയും. അവകാശലംഘനങ്ങൾ തടയാൻ ഭരണകൂടങ്ങളെ ഈ സംഘടനകൾ സഹായിക്കുന്നു. വികസനത്തിന്റെ ഭാഗമായി നടക്കുന്ന കുടിയൊഴിപ്പിക്കൽ, മലിനീകരണം തുടങ്ങിയ



പൊതുപ്രശ്നങ്ങളിൽ ഇത്തരം സംഘടനകൾ പ്രക്ഷോഭങ്ങൾ നടത്താറുണ്ട്.

ഹ്യൂമൻ റൈറ്റ്സ് വാച്ച്, ആംനസ്റ്റി ഇന്റർനാഷണൽ, ഗ്ലോബൽ വാച്ച്, അമേരിക്ക വാച്ച്, ഏഷ്യാ വാച്ച്, ആഫ്രിക്ക വാച്ച് തുടങ്ങിയവ അന്തർദ്ദേശീയതലത്തിൽ പ്രശസ്തി നേടിയ മനുഷ്യാവകാശസംഘടനകളാണ്.

- പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (PUCL)
- പീപ്പിൾസ് യൂണിയൻ ഫോർ ഡമോക്രാറ്റിക് റൈറ്റ്സ്
- സിറ്റിസൺ ഫോർ ഡെമോക്രസി
- പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ്

തുടങ്ങിയവ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശസംഘടനകളാണ്. പ്രാദേശിക

തലത്തിലും ഇത്തരം സംഘടനകളോ സംഘടനകളുടെ ശാഖകളോ പ്രവർത്തിക്കുന്നുണ്ട്. ഏതൊക്കെ? അന്വേഷിക്കൂ.






മുകളിൽ നൽകിയിരിക്കുന്ന ചിത്രം ഒരു പ്രക്ഷോഭത്തിന്റേതാണ്. പ്രക്ഷോഭങ്ങൾ നടത്താനുള്ള അവകാശം ഒരു മനുഷ്യാവകാശമായി കണക്കാക്കുന്നത് എന്തുകൊണ്ടായിരിക്കും? ചർച്ച ചെയ്യൂ.

## ഉപഭോക്താവിന്റെ അവകാശം

നിങ്ങളോ കുടുംബാംഗങ്ങളോ കടകളിൽ പോയി സാധനങ്ങൾ വാങ്ങുമ്പോൾ അവയുടെ അളവും തൂക്കവും ശ്രദ്ധിക്കാറുണ്ടോ? സാധനങ്ങളുടെ കവറിനുപുറത്ത് കമ്പനി ഈ വക കാര്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. അതിനനുസൃതമായ വിലയാണ് അവർ ഈടാക്കുന്നത്. അവർ പരസ്യപ്പെടുത്തിയതനുസരിച്ച ഗുണങ്ങൾ വാങ്ങിയ സാധനത്തിനും സേവനത്തിനും ലഭിക്കാത്ത അവസരങ്ങളും ഉണ്ട്. അത്തരം സാഹചര്യത്തിൽ പരാതിപ്പെടാനും നിശ്ചിതഗുണമുള്ള വസ്തുവോ സേവനമോ ഉപഭോക്താവിന് ലഭിക്കുന്നതിന് അവകാശമുണ്ടോ? ഇത് സ്ഥാപിച്ചെടുക്കാൻ എന്താണ് ചെയ്യാൻ കഴിയുക?

ഉപഭോക്താവ് വില കൊടുത്തു വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണം, അളവ്, തൂക്കം എന്നിവ ശരിയായ രീതിയിൽ ലഭിക്കുന്നതിനുള്ള അവകാശമാണ് ഉപഭോക്താവിന്റെ അവകാശം. ജില്ലാതലത്തിൽ ഉപഭോക്തൃ തർക്കപരിഹാര വേദികളും സംസ്ഥാനതലത്തിലും ദേശീയതലത്തിലും ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളും ഈ അവകാശങ്ങൾ സംരക്ഷിച്ചെടുക്കുന്നതിന് സഹായിക്കുന്നുണ്ട്.



ഉപഭോക്തൃ അവകാശങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം കാര്യങ്ങളാണ് ഉപഭോക്തൃതർക്കപരിഹാരഫോറം ഇടപ്പെട്ട് പരിഹരിക്കുക. വിവരങ്ങൾ ശേഖരിച്ചു ചർച്ച ചെയ്യൂ.

## അവകാശങ്ങൾ, കടമകൾ

മൗലികാവകാശങ്ങൾ പരിമിതമാകുന്നിടത്ത് നിന്ന് മനുഷ്യാവകാശങ്ങൾ ആരംഭിക്കുന്നു എന്ന് പറയാം. മനുഷ്യാവകാശങ്ങൾ വ്യക്തികളും സമൂഹവുമായി ബന്ധപ്പെട്ടതാണ്. എല്ലാ അവകാശങ്ങൾക്കും അനുബന്ധമായി കടമകളുമുണ്ട്. ഒരാളുടെ അവകാശം സാധ്യമാക്കുക എന്നത് മറ്റുള്ളവരുടെ ചുമതലയാണ്. ഉദാഹരണത്തിന് ഒരാൾക്ക് ആശയപ്രചരണത്തിനുള്ള അവകാശമുണ്ടെന്ന് പറയുമ്പോൾ മറ്റുള്ളവർ അതിനുള്ള അവസരം തടയരുത് എന്നർത്ഥം.

മനുഷ്യാവകാശങ്ങൾ അലംഘനീയമാണെങ്കിലും അനിയന്ത്രിതമല്ല. അവകാശങ്ങളിൽ വ്യക്തികളും സമൂഹവും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. അത്തരം നിയന്ത്രണങ്ങളെ കടമകളായി പരിഗണിക്കാവുന്നതാണ്. ഇത് സമൂഹത്തിന്റെ മൂല്യബോധത്തിൽ അധിഷ്ഠിതമാണ്. അന്യരുടെ മനുഷ്യാവകാശം അംഗീകരിക്കുമ്പോൾ മാത്രമാണ് മനുഷ്യാവകാശവാദം ഫലവത്താകുന്നത്.

ജനാധിപത്യ സംവിധാനത്തിൽ അവകാശങ്ങളും കടമകളും സൂചിപ്പിക്കുന്ന പട്ടികയാണ് താഴെ കൊടുത്തിട്ടുള്ളത്. പട്ടിക പൂർത്തിയാക്കൂ.

| അവകാശങ്ങൾ | കടമകൾ |
|---|---|
| • സംസാര സ്വാതന്ത്ര്യം | • മറ്റുള്ളവരുടെ സംസാര സ്വാതന്ത്ര്യം അനുവദിക്കുക |
| • വോട്ടു ചെയ്യാനുള്ള അവകാശം | • |
| • പ്രചരണങ്ങൾ നടത്തുക | • |
| • | • മറ്റുള്ളവരുടെ അഭിപ്രായം കൂടി പരിഗണിക്കുക |
| • സംഘടനകൾ രൂപീകരിക്കാനും അംഗമായി പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം | • |

## പ്രവർത്തനങ്ങൾ





ഇവിടെ കൊടുത്ത ചിത്രം ശ്രദ്ധിക്കൂ.

അമ്മയും കുട്ടിയും നിത്യേന വേണ്ട ജലം ദൂരെ ദിക്കിൽ നിന്നും ശേഖരിച്ച് മടങ്ങുകയാണ്.

- ഇതൊരു മനുഷ്യാവകാശ പ്രശ്ന മായി കാണാനാവുമോ?
- എന്താണിതിലെ മനുഷ്യാവകാശലംഘനം? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.
- കുട്ടികളുടെയും സ്ത്രീകളുടെയും അവകാശങ്ങളും അവകാശലംഘന ങ്ങളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളും പാഠഭാഗത്തിൽ കണ്ടുവല്ലോ. എന്തുകൊണ്ടാണ് നമ്മുടെ സമൂഹത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ കൂടുതലായി ഹനിക്കപ്പെടുന്നത്? ഇത് അവകാശങ്ങൾ നിർവ്വചിച്ചതിലെ പരിമിതിയാണോ? എന്തുകൊണ്ട് അവർക്ക് സ്വാഭാവികമായി ഈ അവകാശങ്ങൾ ഉറപ്പാക്കാൻ സമൂഹത്തിന് കഴിയുന്നില്ല. ഇക്കാര്യം ക്ലാസിൽ ചർച്ചചെയ്ത്, ഒരു സെമിനാർ സംഘടിപ്പിക്കൂ.
- സാർവ്വദേശീയ മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് മനുഷ്യാവകാശങ്ങളുടെ പ്രസക്തിയെക്കുറിച്ച് ഒരു പ്രഭാഷണം നടത്താൻ നിങ്ങളെ ക്ഷണിക്കുകയാണ്. എന്തെല്ലാം കാര്യങ്ങളാണ് നിങ്ങളുടെ പ്രഭാഷണത്തിൽ ഉൾക്കൊള്ളിക്കുക? ഒരു പ്രസംഗക്കുറിപ്പ് തയ്യാറാക്കുക.
- ലോകസമൂഹം ഏറെ പുരോഗതി പ്രാപിച്ച ഇന്നത്തെ അവസ്ഥയിലും മനുഷ്യാവകാശലംഘന ങ്ങൾ വ്യാപകമാവുന്നത് എന്തുകൊണ്ട്? അതാതു രാജ്യങ്ങളിൽ നിലനിൽക്കുന്ന നിയമങ്ങളുടെ അപര്യാപ്തത, പൊതു ബോധവൽക്കരണത്തിന്റെ അഭാവം, സമൂഹത്തിലെ കീഴ്വഴക്കങ്ങൾ എന്നിവ ഇതിന് കാരണമാകുന്നുണ്ടോ? മറ്റെന്തെല്ലാം കാരണങ്ങളാണ് കണ്ടെത്താൻ കഴിയുക? കുറിപ്പ് തയ്യാറാക്കുക.
- മനുഷ്യാവകാശസംരക്ഷണത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ഇതിനെ മറയാക്കി മനുഷ്യാവകാശങ്ങ ളുടെ ദുരുപയോഗവും ചിലർ നടത്തുന്നതായി കാണാം. മനുഷ്യാവകാശലംഘനത്തിന്റെ മറവിൽ സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നത് എങ്ങനെ തടയാം? ഒരു സംവാദം സംഘടിപ്പിക്കൂ?
- ഇപ്പോഴത്തെ സംസ്ഥാന മനുഷ്യാവകാശക്കമ്മീഷൻ ചെയർമാൻ ആരാണ്? കമ്മീഷൻ ഇടപെട്ട ഒരു പ്രശ്നം കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

# സമാധാനവും സുരക്ഷിതത്വവും അന്തർദേശീയസംഘടനകളിലൂടെ

# 12

എന്തെല്ലാം ദുരിതങ്ങളും ദുരന്തങ്ങളുമാണ് മനുഷ്യരാശിക്ക് നേരിടേണ്ടി വരുന്നത്! യുദ്ധങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാവ്യതിയാനം, പകർച്ചവ്യാധികൾ, വിഭവശോഷണം തുടങ്ങി എത്ര പ്രശ്നങ്ങൾ. ഇതെല്ലാം ഏതെങ്കിലും ഒരു മനുഷ്യനെയൊ ഒരു സമൂഹത്തെയൊ ഒരു രാജ്യത്തെയോ മാത്രം ബാധിക്കുന്നവയല്ല. പലപ്പോഴുമിതെല്ലാം ലോകത്തെമ്പാടുമുള്ള മനുഷ്യന്റെ സമാധാനപൂർണ്ണമായ ജീവിതത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയാകുന്നില്ലേ? ഒരു രാജ്യത്തിന് മാത്രമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം തേടാനാകില്ല.

ആഗോളതലത്തിലുള്ള തീരുമാനങ്ങളും പരിശ്രമങ്ങളും കൊണ്ടേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. രാജ്യങ്ങൾ ചേർന്നുള്ള ഔദ്യോഗികസംഘടനകളും ഗവൺമെന്റിതര അനൗദ്യോഗികസംഘടനകളും



ഇതിനായി പ്രവർത്തിക്കുന്നു. വിവിധ രാജ്യങ്ങൾ ചേർന്ന് ഔദ്യോഗികമായി അന്തർദേശീയ അന്തർഗവൺമെന്റ് സംഘടനകൾക്ക് (International Inter Government Organisations) രൂപം നൽകുന്നു. ഐക്യരാഷ്ട്രസംഘടന (United Nations Organization), യൂറോപ്യൻ യൂണിയൻ (European Union), തെക്കെ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന (South Asian Association for Regional Corporation-SAARC) തുടങ്ങിയവ അന്താരാഷ്ട്ര അന്തർ ഗവൺമെന്റ് സംഘടനകൾക്ക് ഉദാഹരണങ്ങ ളാണ്. ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ രാഷ്ട്ര ങ്ങൾ തമ്മിലുള്ള സൗഹൃദവും ഐക്യവും പ്രോത്സാ ഹിപ്പിക്കുകയും വ്യത്യസ്ത തരത്തിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും.

മനുഷ്യാവകാശങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ, സുസ്ഥിരവികസനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് ഗവൺമെന്റിതര സംഘടനകൾ രൂപം കൊള്ളുന്നത്. ഇവയ്ക്ക് പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ പ്രവർത്തനമേഖലകൾ ഉണ്ട്. ഈ സംഘടനകളുടെ അന്തർദേശീയ കൂട്ടായ്മകളാണ് അന്തർദേശീയ ഗവൺമെന്റേതര സംഘടനകൾ (International Non-Governmental Organisations). ഈ രണ്ടുതരം സംഘടനകളും ലോകസമാധാന ത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള പ്രവർത്ത നങ്ങൾക്ക് നേതൃത്വം നൽകുന്നു.

ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും വളർച്ച മനുഷ്യരാശിയുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം നിലനിൽപ്പിന് നിരവധി ഭീഷണികൾ ഉയർത്തുകയും ചെയ്യുന്നുണ്ട്. സമാ ധാനത്തിനും സുരക്ഷിതത്വത്തിനും ഉണ്ടാകുന്ന ഭീഷ ണികളും അവ പരിഹരിക്കുവാൻ നടക്കുന്ന ശ്രമ ങ്ങളും പ്രസ്ഥാനങ്ങളും ലോകസമാധാനത്തെ ശക്തിപ്പെടുത്തും.

വിയന്നാകോൺഗ്രസ് (1815) ആണ് അന്താരാഷ്ട്രതല ത്തിൽ ഔദ്യോഗിക സംഘടനകൾക്ക് തുടക്കം കുറിച്ചത്. ഫ്രാൻസ്, ബ്രിട്ടൺ, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്. പൊതുവായി വരുന്ന പ്രശ്നങ്ങളും തർക്കങ്ങളും നയ തന്ത്രചർച്ചകളിലൂടെ പരിഹരിക്കുന്നതിന് വിയന്നാകോൺഗ്രസ് രാഷ്ട്രങ്ങളെ പ്രേരിപ്പിച്ചു. യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ, ഇന്റർനാഷണൽ ടെലഗ്രാഫ് യൂണിയൻ തുടങ്ങിയവ 1860-ൽ തന്നെ രൂപംകൊണ്ട ഔദ്യോഗിക സംഘടന കളാണ്.

## സർവരാഷ്ട്രസഖ്യം (League of Nations)

ഒന്നാം ലോകമഹായുദ്ധം അവസാനിപ്പിക്കുന്നതി നായി 1919-ൽ നടന്ന വേഴ്സായ് സന്ധിയാണ് സർവ്വ രാഷ്ട്രസഖ്യത്തിന്റെ രൂപീകരണത്തിന് വഴിതെളി ച്ചത്. ഈ അന്താരാഷ്ട്രവേദിയിൽ 42 അംഗരാഷ്ട്ര ങ്ങളാണ് ഉണ്ടായിരുന്നത്. രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശം ഉറപ്പുവരുത്തിക്കൊണ്ട് രാഷ്ട്ര ങ്ങൾ തമ്മിൽ സമാധാനവും സുരക്ഷിതത്വവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സഖ്യം നിലവിൽ വന്നത്. എല്ലാ രാജ്യങ്ങളും ഓരോ രാജ്യത്തിനുവേണ്ടിയും ഓരോ രാജ്യവും എല്ലാരാജ്യങ്ങൾക്കുവേണ്ടിയും എന്നതരത്തിൽ കൂട്ടായ്മയിലൂടെ സുരക്ഷിതത്വം രൂപപ്പെടുത്തു വാനുള്ള ശ്രമമാണ് സംഘടന ലക്ഷ്യമാക്കിയത്. ഒരു രാജ്യത്തിന് എതിരായുള്ള യുദ്ധം എല്ലാ രാജ്യ ങ്ങൾക്കും എതിരായുള്ള യുദ്ധമായി കണക്കാക്കണ മെന്ന് സംഘടന ആഹ്വാനം ചെയ്തു. ലോകജനത യുടെ ആരോഗ്യം സംരക്ഷിക്കുക, ലോകത്താകമാ നമുള്ള തൊഴിലാളികളുടെ താല്പര്യങ്ങളെ പരി രക്ഷിക്കുക തുടങ്ങിയവയും സർവ്വരാഷ്ട്ര സംഖ്യ ത്തിന്റെ ലക്ഷ്യങ്ങളായിരുന്നു.



- സർവ്വരാഷ്ട്ര സഖ്യത്തിന്റെ തകർച്ചയ്ക്കിടയാ ക്കിയ സാഹചര്യങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിച്ചു ചർച്ച ചെയ്യു.
- എന്തുകൊണ്ടാകാം ലോക സമാധാനത്തിനായി നിലവിൽ വന്ന സർവ്വരാഷ്ട്ര സഖ്യം ലോക ജനതയുടെ ആരോഗ്യം, തൊഴിലാളികളുടെ താല്പര്യം തുടങ്ങിയ ലക്ഷ്യങ്ങളെക്കൂടി പരിഗ ണിച്ചത്?
- യുദ്ധങ്ങൾ ഒഴിവാക്കിയതുകൊണ്ട് മാത്രം ലോക ജനതയുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനാ കുമോ? ചർച്ച ചെയ്യുക.

യുദ്ധങ്ങളില്ലാതാകുന്നതിനുവേണ്ടി രൂപം കൊണ്ട സഖ്യത്തിന് യുദ്ധത്തെ തടയാനായില്ല എന്നു മാത്ര മല്ല അന്നുവരെ ഉണ്ടായ എല്ലാ യുദ്ധങ്ങളെക്കാളും

വലിയ യുദ്ധത്തിനും-കൊടിയ നാശങ്ങൾക്കും ദുരിതങ്ങൾക്കും സാക്ഷ്യം വഹിക്കേണ്ടിയും വന്നു. കൂട്ടായ സുരക്ഷിതത്വത്തിനും സമാധാനത്തിനും കൂടുതൽ ഫലപ്രദമായ സംഘടനക്കായുള്ള ശ്രമത്തെത്തുടർന്ന് ഐക്യരാഷ്ട്രസംഘടന (United Nations Organisation) രൂപീകരിച്ചു. സർവ്വരാഷ്ട്രസഖ്യം 1946-ൽ പിരിച്ചുവിടുകയും ചെയ്തു. സർവ്വ രാഷ്ട്രസഖ്യത്തിന്റെ ലക്ഷ്യങ്ങളുടെ തുടർച്ച തന്നെയാണ് ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനങ്ങൾ.

### ഐക്യരാഷ്ട്രസംഘടന

ലോകയുദ്ധങ്ങളേൽപ്പിച്ച പേടിപ്പെടുത്തുന്ന ഓർമ്മകളിൽ നിന്ന് സമാധാനത്തിന്റെ സ്വസ്ഥതയിലേക്ക്



യു.എൻ. ആസ്ഥാനമന്ദിരം

മനുഷ്യമനസ്സിനെമാറ്റിയെടുക്കേണ്ട ഒരു ആഗോള സാഹചര്യത്തിലാണ് ഐക്യരാഷ്ട്ര സംഘടന രൂപപ്പെട്ടത്. സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിനായുള്ള മനുഷ്യരാശിയുടെ മുഴുവൻ പൊതുപ്രാതിനിധ്യവേദി എന്ന ലോകത്തിന്റെ പ്രതീക്ഷയാണ് ഐക്യരാഷ്ട്രസംഘടന.

### ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ

- ഭാവി തലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക.
- മനുഷ്യാവകാശങ്ങളും, ചെറുതും വലുതുമെന്ന വ്യത്യാസമില്ലാതെ രാജ്യങ്ങളുടെ അവകാശങ്ങളും ഊട്ടി ഉറപ്പിക്കുക.
- സാമൂഹ്യപുരോഗതിക്കും ഉയർന്ന ജീവിതനിലവാരം ആർജ്ജിക്കുന്നതിനും രൂപപ്പെടുത്തുന്ന കരാറുകളെയും അന്തർദേശീയ നിയമങ്ങളെയും ബഹുമാനിക്കുന്ന സാഹചര്യം സൃഷ്ടിക്കുക.
- അയൽരാജ്യങ്ങൾ തമ്മിൽ സഹിഷ്ണുതയിലും സമാധാനത്തിലും അധിഷ്ഠിതമായ ബന്ധം വളർത്തുക.
- ലോകസമാധാനത്തിനും സുരക്ഷിതത്വത്തിനുമായി ഒരുമിക്കുക.
- ലോകജനതയുടെ പൊതുതാൽപ്പര്യത്തിനായല്ലാതെ സായുധസേനയെ ഉപയോഗിക്കില്ല എന്ന് ഉറപ്പുവരുത്തുക.
- മനുഷ്യരാശിയുടെ മുഴുവൻ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്കായി അന്തർദേശീയ സംവിധാനങ്ങളെ ഉപയോഗിക്കുക.

രണ്ടാം ലോകയുദ്ധം നടന്നുകൊണ്ടിരുന്ന വർഷങ്ങളിൽത്തന്നെ ഈ സംഘടനയ്ക്കുവേണ്ടിയുള്ള ശ്രമവും നടന്നിരുന്നു. ചെറുതെന്നോ വലുതെന്നോ സമ്പന്നമെന്നോ ദരിദ്രമെന്നോ ഭേദമില്ലാതെ എല്ലാ രാജ്യത്തെയും എല്ലാമനുഷ്യരുടേയും ക്ഷേമവും ഐശ്വര്യവും ആയിരുന്നു ഇതിന്റെ ലക്ഷ്യം. യുദ്ധങ്ങളില്ലാത്ത അവസ്ഥയ്ക്കുപുറമെ സമൂഹത്തെ ബാധിക്കുന്ന മനുഷ്യാവകാശങ്ങൾ, ആരോഗ്യം, ദാരിദ്ര്യം, തൊഴിൽ, വിദ്യാഭ്യാസം, ശാസ്ത്രസാങ്കേതികവിദ്യ, പരിസ്ഥിതി തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിക്കുക എന്ന പ്രതീക്ഷയും ഇതിനുണ്ടായിരുന്നു.

- ഏതെല്ലാം രാഷ്ട്രങ്ങളാണ് ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ചത്?
- പ്രധാനമായി പങ്കെടുത്ത രാഷ്ട്രനേതാക്കന്മാർ ആരെല്ലാമായിരുന്നു?

## സംഘടന രൂപം കൊള്ളുന്നു

രാഷ്ട്രങ്ങൾ തമ്മിൽ നടന്ന സുദീർഘമായ ചർച്ചകളുടെയും ആലോചനകളുടെയും ഫലമായിട്ടാണ് ഐക്യരാഷ്ട്രസംഘടന പിറവിയെടുത്തത്. സംഘടനാ രൂപീകരണത്തിന്റെ നാൾവഴികൾ ശ്രദ്ധിക്കൂ.

**1941 ജൂൺ 12** ⇒ ത്രിശക്തി സൗഹാർദ്ദ രാജ്യങ്ങളുടെ (Triple Entente) സമ്മേളനം ലോകത്തെ സ്വതന്ത്രരായ മറ്റ് ജനതയോട് യുദ്ധത്തിലും സമാധാനത്തിലും ഒരുമിച്ചു പ്രവർത്തിക്കുക എന്നു പ്രഖ്യാപിച്ചു.

⇓

**1941 ആഗസ്റ്റ് 14** ⇒ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ ഡി.റൂസ്‌വൽറ്റും ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലും സമാധാനവും സുരക്ഷിതത്വവും നിലനിർത്താൻ അന്താരാഷ്ട്രസഹവർത്തിത്വം എന്ന ലക്ഷ്യം മുൻനിർത്തി 'അറ്റലാന്റിക് ചാർട്ടർ' ഒപ്പുവച്ചു.

⇓

**1942 ജനുവരി 1** ⇒ 26 രാജ്യങ്ങളുടെ പ്രതിനിധികൾ വാഷിംഗ്ടണിൽ സമ്മേളിക്കുകയും അറ്റ്ലാന്റിക് ചാർട്ടറിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. ഈ സമ്മേളനത്തിലാണ് അമേരിക്കൻ പ്രസിഡന്റ് റൂസ്‌വൽറ്റ് ഐക്യരാഷ്ട്രസംഘടന (United Nations) എന്ന പേര് ആദ്യമായി ഉപയോഗിച്ചത്.

⇓

**1943 ഒക്ടോബർ 30** ⇒ സമാധാനത്തിനായി അന്താരാഷ്ട്ര സംഘടന എന്ന ലക്ഷ്യത്തോടെ സോവിയറ്റ് യൂണിയൻ, ബ്രിട്ടൺ, അമേരിക്ക, ചൈന എന്നീ രാജ്യങ്ങളുടെ മോസ്കോ കോൺഫറൻസ്.

⇓

**1943 ഡിസംബർ 1** ⇒ സോവിയറ്റ് യൂണിയൻ, അമേരിക്ക, ബ്രിട്ടൺ എന്നീ രാജ്യങ്ങളുടെ തെഹറാൻ കോൺഫറൻസ്.

⇓

**1944 സെപ്തംബർ 21** ⇒ സോവിയറ്റ് യൂണിയൻ, അമേരിക്ക, ബ്രിട്ടൺ, ചൈന എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ അമേരിക്കയിലെ ഡംബർട്ടൺ ഓക്സിൽ സമ്മേളിച്ച് ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ, ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച രേഖയുടെ കരട് തയ്യാറാക്കി.

⇓

**1945 ഏപ്രിൽ 11** ⇒ അമേരിക്കൻ പ്രസിഡന്റ് റൂസ്‌വൽറ്റ്, ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ, റഷ്യൻ പ്രസിഡന്റ് ജോസഫ് സ്റ്റാലിൻ എന്നിവർ യാൾട്ടയിൽ സമ്മേളിച്ച് സമാധാനത്തിനായുള്ള അന്താരാഷ്ട്ര സംഘടനയേക്കുറിച്ചുള്ള അവരുടെ നിർദേശങ്ങൾ പ്രഖ്യാപിച്ചു.

⇓

**1945 ജൂൺ 25** ⇒ സാൻഫ്രാൻസിസ്കോയിൽ ചേർന്ന 50 രാജ്യങ്ങളുടെ പ്രതിനിധികൾ 111 അനുച്ഛേദങ്ങളുള്ള ഐക്യരാഷ്ട്രസംഘടനയുടെ ചാർട്ടർ അംഗീകരിച്ചു.

⇓

**1945 ഒക്ടോബർ 24** ⇒ ഐക്യരാഷ്ട്രസംഘടന ഔദ്യോഗികമായി നിലവിൽ വന്നു. ഇന്ത്യ അടക്കം 51 സ്ഥാപക അംഗങ്ങൾ ഉണ്ടായിരുന്നു.

**കണ്ടെത്തുക**

- ഐക്യരാഷ്ട്ര സംഘടനയിൽ ഇപ്പോൾ എത്ര അംഗരാജ്യങ്ങളുണ്ട്?
- അവസാനമായി അംഗത്വം നേടിയ രാജ്യം ഏതാണ്?
- ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളല്ലാത്ത രാജ്യങ്ങളുടെ പേര്.



യു.എൻ. ജനറൽ അസംബ്ലി

## ഐക്യരാഷ്ട്ര സംഘടനയുടെ ഘടന

### പൊതുസഭ (The General Assembly)

രാഷ്ട്രങ്ങളുടെ പാർലമെന്റ് എന്നറിയപ്പെടുന്ന പൊതുസഭ വർഷത്തിൽ ഒരിക്കലെങ്കിലും സമ്മേളിക്കേണ്ടതുണ്ട്. അംഗരാഷ്ട്രങ്ങൾക്ക് സഭയിലേക്ക് അഞ്ച് പേരടങ്ങുന്ന പ്രതിനിധി സംഘത്തെ അയയ്ക്കാം. എന്നാൽ ഒരു അംഗരാജ്യത്തിന് ഒരു വോട്ട് മാത്രമേ സഭാനടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന വോട്ടെടുപ്പ് വേളകളിൽ വിനിയോഗിക്കാനാകൂ. എല്ലാ സമ്മേളനങ്ങളിലും സഭ അതിന്റെ അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും തിരഞ്ഞെടുക്കാറുണ്ട്.




ഇന്ത്യക്കാരായ ആരെങ്കിലും പൊതുസഭയുടെ അദ്ധ്യക്ഷപദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ?

### സുരക്ഷാസമിതി (The Security Council)

ലോകസമാധാനവും സുരക്ഷിതത്വവും പരിപാലിക്കാൻ വേണ്ടി വരുന്ന നയപരമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം സുരക്ഷാസമിതിക്കാണ്. ന്യൂയോർക്ക് ആണ് ഇതിന്റെ ആസ്ഥാനം. പതിനഞ്ച് അംഗങ്ങളുള്ള ഈ സമിതിയിൽ 10 താൽക്കാലിക അംഗങ്ങളും 5 സ്ഥിരാംഗങ്ങളുമാണുള്ളത്. ചൈന, ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ, അമേരിക്ക എന്നീ രാഷ്ട്രങ്ങളാണ് സ്ഥിരാംഗങ്ങൾ. രണ്ടുവർഷ കാലാവധിയിലേക്ക് പൊതുസഭയാണ് താൽക്കാലിക അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. അതിന് പൊതുസഭയുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്. 2010 ഒക്ടോബർ മാസം ചേർന്ന യു.എൻ. പൊതുസഭ ഇന്ത്യയെ താത്ക്കാലിക അംഗമായി തെരഞ്ഞെടുത്തിട്ടുണ്ട്. നയപരമായ തീരുമാനങ്ങളിൽ സ്ഥിരാംഗങ്ങൾക്ക് വീറ്റോ അധികാരം ഉപയോഗിക്കുവാൻ കഴിയും.

**വീറ്റോ അധികാരം (Veto Power)**

*സുരക്ഷാസമിതിയുടെ തീരുമാനങ്ങൾക്ക് സ്ഥിരാംഗങ്ങളുടെയെല്ലാം പൂർണ്ണമായ പിന്തുണ ആവശ്യമാണ്. തീരുമാനങ്ങളോട് വിയോജിച്ച് നിഷേധവോട്ട് രേഖപ്പെടുത്തുവാനുള്ള അധികാരത്തെയാണ് 'വീറ്റോ' അധികാരം എന്ന് പറയുന്നത്. ഏതെങ്കിലും സ്ഥിരാംഗം വീറ്റോ അധികാരം ഉപയോഗിച്ചാൽ സമിതിക്ക് തീരുമാനം എടുക്കുവാൻ കഴിയില്ല.*




സെക്യൂരിറ്റി കൗൺസിലെ സ്ഥിരാംഗരാജ്യങ്ങൾ

മുകളിൽ കൊടുത്ത ഭൂപടം പരിശോധിച്ച് തന്നിരിക്കുന്ന ചോദ്യങ്ങളുമായി ബന്ധപ്പെടുത്തി കുറിപ്പു തയ്യാറാക്കു.



ചില രാജ്യങ്ങളെ മാത്രം സ്ഥിരാംഗങ്ങളായി കണക്കാക്കുന്നത് ജനാധിപത്യ സങ്കൽപ്പത്തിനു ചേർന്നതാണോ? എന്തുകൊണ്ട്?

ഏതെല്ലാം ഭൂഖണ്ഡങ്ങളിലെ ജനങ്ങൾക്കാണ് സ്ഥിരാംഗങ്ങളുടെ പട്ടികയിൽ പ്രാതിനിധ്യം നേടാൻ കഴിയാത്തത്?

## സെക്രട്ടേറിയറ്റ് (The Secretariat)

ഐക്യരാഷ്ട്രസംഘടനയുടെ ദൈനംദിന ഭരണം നിർവ്വഹിക്കുക എന്നതാണ് സെക്രട്ടേറിയറ്റിന്റെ ചുമതല. ന്യൂയോർക്കാണ് ഇതിന്റെ ആസ്ഥാനം. പൊതുസഭ, സുരക്ഷാസമിതി, മറ്റ് ഘടകങ്ങൾ എന്നിവയുടെ നിർദ്ദേശങ്ങളും തീരുമാനങ്ങളുമാണ് ദൈനം ദിന ഭരണം എന്ന നിലയ്ക്ക് സെക്രട്ടേറിയറ്റ് നടപ്പിലാക്കുന്നത്. സെക്രട്ടറി ജനറലാണ് സെക്രട്ടേറിയറ്റിന്റെ തലവൻ. രക്ഷാസമിതിയുടെ അംഗീകാരത്തോടെ പൊതുസഭ നാലുവർഷ കാലാവധിയിലേക്കാണ് സെക്രട്ടറി ജനറലിനെ തിരഞ്ഞെടുക്കുന്നത്.

യു.എൻ. സെക്രട്ടറി ജനറൽ ബാൻകി മൂൺ



- ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറൽമാരായി തിരഞ്ഞെടുക്കപ്പെട്ടവർ ആരെല്ലാമാണെന്നന്വേഷിക്കു. അവരുടെ പേര്, രാജ്യം തിരഞ്ഞെടുക്കപ്പെട്ട വർഷം എന്നിവയുടെ ഒരു പട്ടിക തയ്യാറാക്കുക.

## സാമ്പത്തികസാമൂഹികകൗൺസിൽ (Economic and Social Council-ECOSOC)

ഐക്യരാഷ്ട്രസംഘടനയുടെ കീഴിൽവരുന്ന ആരോഗ്യം, തൊഴിൽ, മനുഷ്യാവകാശങ്ങൾ തുടങ്ങിയ സാമ്പത്തിക സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകീകരണമാണ് ഇതിന്റെ മുഖ്യ ചുമതല. പൊതുസഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സാമൂഹിക കൗൺസിലിൽ 54 അംഗങ്ങളാണുള്ളത്. ന്യൂയോർക്കിലാണ് ഇതിന്റെ ആസ്ഥാനം.

## ട്രസ്റ്റീഷിപ്പ് കൗൺസിൽ (Trusteeship Council)

സർവ്വരാഷ്ട്രസഖ്യത്തിന്റെ ചുമതലയിലുണ്ടായിരുന്നതും സഖ്യംപിരിച്ചുവിട്ടതിനുശേഷം ഐക്യരാഷ്ട്രസഭയുടെ നിയന്ത്രണത്തിൽ ആകുകയും ചെയ്ത ട്രസ്റ്റ്പ്രദേശങ്ങളുടെ മേൽനോട്ടവും അവയെ

സ്വയംഭരണത്തിനായി പാകപ്പെടുത്തലുമായിരുന്നു ഇതിന്റെ ചുമതല. രക്ഷാസമിതിയിലെ അഞ്ച് സ്ഥിരാംഗങ്ങളാണ് ട്രസ്റ്റീഷിപ്പ് കൗൺസിലിലെ ഇപ്പോഴത്തെ അംഗങ്ങൾ. പസഫിക്ക് സമുദ്രത്തിലുള്ള 'പലാവ്' എന്ന ദ്വീപിനെയാണ് ട്രസ്റ്റീഷിപ്പ് കൗൺസിലിൽ ഏറ്റവും അവസാനം സ്വയംഭരണത്തിനായി ക്രമപ്പെടുത്തിയത്. ന്യൂയോർക്കാണ് ഇതിന്റെ ആസ്ഥാനം. ട്രസ്റ്റീഷിപ്പ് കൗൺസിൽ 1994-ൽ നവംബർ ഒന്നു മുതൽ സസ്പെന്റ് ചെയ്തിരിക്കുകയാണ്.

## അന്താരാഷ്ട്രനീതിന്യായക്കോടതി (International Court of Justice)

നെതർലന്റിലെ ഹേഗ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്രനീതിന്യായ കോടതിയിൽ 15 ന്യായാധിപന്മാരാണുള്ളത്. പൊതുസഭയും രക്ഷാസമിതിയും ചേർന്ന് ഒൻപത് വർഷത്തേയ്ക്കാണ് ഇവരെ തിരഞ്ഞെടുക്കുന്നത്. ഈ അന്തർദേശീയകോടതിക്കു മുൻപാകെ പരിഗണനയ്ക്കായി വരുന്ന, രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങളിന്മേൽ തീരുമാനമെടുക്കുവാൻ കോടതിക്ക് അധികാരമുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ ഘടകങ്ങളും പ്രത്യേക ഏജൻസികളും ആവശ്യപ്പെടുന്നപക്ഷം അവർക്ക് ഉപദേശങ്ങൾ നൽകുവാനും അധികാരം ഉണ്ട്.

- അംഗരാഷ്ട്രങ്ങൾ തമ്മിലുള്ള ഏതെങ്കിലും ഒരു തർക്കത്തിൽ അന്തർദേശീയ നീതിന്യായ കോടതി ഇടപെട്ടതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

നാം ചർച്ച ചെയ്ത ഘടകങ്ങൾക്കുപുറമെ ലോകക്ഷേമവും സുരക്ഷിതത്വവും മുൻനിർത്തി പ്രവർത്തിക്കുന്ന പതിനെട്ട് ഏജൻസികൾ ഐക്യരാഷ്ട്രസംഘടനയ്ക്കു കീഴിൽ പ്രവർത്തിക്കുന്നു. അവ പ്രത്യേക ഏജൻസികൾ (Specialised Agencies) എന്നാണ് അറിയപ്പെടുന്നത്. അതിൽ പ്രധാനപ്പെട്ട ചില ഏജൻസികളുടെ വിവരങ്ങളാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

**യു.എൻ. പ്രത്യേക ഏജൻസികൾ**

| സംഘടനയുടെ പേര് | സ്ഥാപിതമായ വർഷം | ആസ്ഥാനം | പ്രവർത്തനങ്ങൾ |
|---|---|---|---|
| ഭക്ഷ്യ-കാർഷിക സംഘടന (Food and Agricultural Organisation-FAO) | 1945 | റോം | കാർഷികമേഖലയുടെ പുരോഗതിക്കായി പ്രവർത്തിക്കുക, ദുരന്തസമയങ്ങളിലും മറ്റ് അടിയന്തിരസന്ദർഭങ്ങളിലും അംഗരാജ്യങ്ങൾക്ക് ഭക്ഷ്യസഹായം എത്തിക്കുക. |
| വിദ്യാഭ്യാസം-ശാസ്ത്രം-സാംസ്കാരിക സംഘടന (United Nations Educational Scientific and Cultural Organisation-UNESCO) | 1946 | പാരീസ് | അംഗരാജ്യങ്ങളിൽ വിദ്യാഭ്യാസസാംസ്കാരികശാസ്ത്രമേഖലകളുടെ പുരോഗതിക്കായി നിർദ്ദേശങ്ങൾ നൽകുകയും സഹായം എത്തിക്കുകയും ചെയ്യുക. |
| ലോകാരോഗ്യ സംഘടന (World Health Organisation-WHO) | 1946 | ജനീവ | അംഗരാജ്യങ്ങളിലെ ജനങ്ങളുടെ ആരോഗ്യം ഉറപ്പാക്കുക, പകർച്ചവ്യാധികളും മറ്റ് മാരകരോഗങ്ങളും തടയുക. ഈ മേഖലകളിലെ ഗവേഷണം ശക്തിപ്പെടുത്തുക. |
| അന്താരാഷ്ട്ര നാണയനിധി (International Monitory Fund-IMF) | 1945 | വാഷിങ്ങ്ടൺ ഡി.സി. | ലോകസമ്പദ്‌വ്യവസ്ഥയ്ക്ക് സുസ്ഥിരത കൈവരിക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക. സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്ന സങ്കീർണ്ണതകളിൽ ഇടപെടുക. |
| ലോകബാങ്ക് (World Bank) | 1944 | വാഷിങ്ങ്ടൺ ഡി.സി. | വികസ്വര രാഷ്ട്രങ്ങൾക്ക് സാമ്പത്തിക സാങ്കേതികസഹായം എത്തിക്കുക. |
| അന്തർദേശീയ തൊഴിൽ സംഘടന (International Labour Organisation-ILO) | 1946 | ജനീവ | തൊഴിൽ സംരക്ഷണം, ജോലി നിലവാരം, തൊഴിൽ സമയം എന്നിവയുമായി ബന്ധപ്പെട്ട് അനുസരിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിക്കുക. |
| അന്താരാഷ്ട്ര ആണവ ഊർജ്ജ സംഘടന (International Atomic Energy Agency-IAEA) | 1957 | വിയന്ന | അംഗരാജ്യങ്ങളിലെ ആണവഊർജ്ജ ഉൽപാദനം, ഉപയോഗം, വികസനം എന്നീ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. |

അംഗരാജ്യങ്ങളുടെ സാമ്പത്തികവളർച്ച, പുരോഗതി, ആരോഗ്യമേഖലയിലെ കർമ്മ പദ്ധതികൾ തുടങ്ങിയ മേഖലകളിൽ ഐക്യരാഷ്ട്രസംഘടന ശ്രദ്ധിക്കുകയും ഇടപെടുകയും ചെയ്യാറുണ്ടെന്ന് നാം മനസ്സിലാക്കി. ഇത്തരം കാര്യങ്ങളിൽ സഹായവും സംരക്ഷണവും ആവശ്യമുള്ള രാജ്യങ്ങളെ സംഘടന സഹായിക്കുന്നു. അതിനായി പതിനാലോളം പദ്ധതികളും നിധികളും സംഘടന ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ഐക്യരാഷ്ട്രവികസന പദ്ധതി (United Nations Development Programme UNDP), ഐക്യരാഷ്ട്ര പരിസ്ഥിതി പദ്ധതി (United Nations Environment Programme-UNEP), ഐക്യരാഷ്ട്ര ശിശുനിധി (UNICEF) തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടവയാണ്.



**ചർച്ച ചെയ്യൂ**

- പ്രത്യേക ഏജൻസികൾ, വികസനപദ്ധതികൾ തുടങ്ങിയവയിലൂടെ ഏതെല്ലാം മേഖലകളിലാണ് ഐക്യരാഷ്ട്രസംഘടന പ്രവർത്തിക്കുന്നത്?
- ഐക്യരാഷ്ട്രസംഘടന അംഗരാജ്യങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങളിൽ ഇടപെടുവാനും പരിഹാരം നിർദ്ദേശിക്കുവാനുമുള്ള ശ്രമങ്ങൾ നടത്തുന്നത് എങ്ങനെയാണ്?
- 'സമാധാനം എന്നത് യുദ്ധമില്ലാത്ത അവസ്ഥമാത്രമല്ല മനുഷ്യരാശിയുടെ സ്വസ്ഥതയും പുരോഗതിയും കൂടിയാണ്'. ഈ പ്രസ്താവനയെ യു.എൻ.ഒ. യുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

### കാലാവസ്ഥവ്യതിയാനവുമായി ബന്ധപ്പെട്ട് ഗവൺമെന്റുകളുടെ അന്തർദേശീയ വേദി (Inter Government Panel on Climate Change)

ഐക്യരാഷ്ട്ര സംഘടന കാലവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. കാലാവസ്ഥാവ്യതിയാനവും അത് സമൂഹത്തിലും സമ്പദ്ഘടനയിലുമുണ്ടാക്കുന്ന പ്രത്യാഘാതങ്ങളും പഠിക്കുന്നതിന് 1988-ൽ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഗവൺമെന്റുകളുടെ അന്തർദേശീയവേദി രൂപീകരിച്ചു. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ വ്യാപകമായ പരിസ്ഥിതി നാശത്തിന് ഇടയാക്കുന്നു. അമേരിക്കയെപ്പോലെയുള്ള വികസിത രാഷ്ട്രങ്ങളുടെ സാമ്പത്തിക, വ്യാവസായിക, സൈനിക പ്രവർത്തനങ്ങൾ വൻ തോതിലുള്ള പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ, വ്യാവസായിക-ജൈവ-ആണവ-ഇലക്ട്രോണിക് മാലിന്യങ്ങൾ, ഹരിതഗൃഹ വാതകങ്ങളുടെ അനിയന്ത്രിത ബഹിർഗമനം തുടങ്ങിയവ പരിസ്ഥിതിഹത്യയ്ക്ക് (Ecocide) തന്നെ കാരണമാകുന്നു. ഇതിന്റെ ആഘാതം വൻതോതിൽ ബാധിക്കുന്നത് വികസ്വര രാഷ്ട്രങ്ങളെയാണ്.

**ആഗോള പൊതുസ്വത്ത് (Global commons)**

*ഈ ഭൂമിയിലും അതിന്റെ അന്തരീക്ഷത്തിലും രാജ്യങ്ങളുടെ പരമാധികാര നിയന്ത്രണപരിധിക്ക് അപ്പുറത്തുള്ള ചിലതെല്ലാമുണ്ട്. അതെല്ലാമാണ് ആഗോള പൊതുസ്വത്തായി കണക്കാക്കുന്നത്. അന്താരാഷ്ട്രസമുദ്രമേഖല, സമുദ്രതട്ട്, അന്തരീക്ഷത്തിന്റെ ഉപരിമണ്ഡലം (outer space), അന്റാർട്ടിക്ക തുടങ്ങിയവയാണ് ഇക്കൂട്ടത്തിൽ പ്രധാനമായവ. രാഷ്ട്രങ്ങൾ നടത്തുന്ന മാലിന്യനിക്ഷേപങ്ങൾ ഇതിന് വൻതോതിൽ ഭീഷണി സൃഷ്ടിക്കുന്നു.*

പരിസ്ഥിതി മലിനീകരണം എന്നത് ലോകരാഷ്ട്രങ്ങൾ രാഷ്ട്രീയതീരുമാനങ്ങളിലൂടെ പരിഹരിക്കേണ്ട വിഷയമാണ്. ആ നിലയ്ക്ക് കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഗവൺമെന്റുകളുടെ അന്തർദേശീയവേദിക്കും അതിന്റെ പ്രവർത്തനങ്ങൾക്കും അതീവപ്രാധാന്യമാണുള്ളത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് 2007-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചിട്ടുണ്ട്. ഇന്ത്യക്കാരനായ ഡോ. സുരേഷ് പചൗരി ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പരിസ്ഥിതി ശാസ്ത്രജ്ഞനാണ്.

1987-ൽ നിയമിച്ച 'പരിസ്ഥിതി സംരക്ഷണത്തിനും വികസനത്തിനുമായുള്ള ലോക കമ്മീഷൻ' (Brundtland Commission) അതിന്റെ റിപ്പോർട്ടിൽ ഇങ്ങനെ എഴുതി 'ഭൂമി ഏകമാണ് എന്നാൽ ലോകം

അങ്ങനെയല്ല' (The earth is one but the world is not) ഭൂമിയിലെ മുഴുവൻ ജീവിവർഗ്ഗങ്ങൾക്കും പുലർന്നുപോകുവാൻ കഴിയുന്ന സാഹചര്യം നില നിർത്തേണ്ടതും എല്ലാമനുഷ്യനും വിവേചനങ്ങളി ല്ലാതെ ജീവിക്കുവാൻ കഴിയേണ്ടതുമുണ്ട്. എല്ലാ ജീവിവർഗ്ഗങ്ങളേയും സംരക്ഷിക്കുവാൻ ഐക്യ രാഷ്ട്രസംഘടന 2010 ജൈവ വൈവിദ്ധ്യവർഷമായി (The year of Biodiversity) ആചരിക്കുന്നു. പോയ തലമുറകൾ ഈ ഭൂമിയും അതിലെ വിഭവങ്ങളും നമുക്കായിക്കൂടി കരുതിവച്ചതുകൊണ്ടാണ് നാം ജീവി ക്കുന്നത്. അതുകൊണ്ടുതന്നെ വരുംതലമുറയ്ക്ക് അതെല്ലാം നശിക്കാതെ തിരികെ നൽകുക തന്നെയാണ് നമ്മുടെ കടമ.



പരിസ്ഥിതി നാശത്തിനിടയാക്കുന്ന പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുവാനും ഹരിതഗൃഹ വാതക ബഹിർഗമനം നിയന്ത്രിക്കുവാനും നമുക്കെന്തെല്ലാം ചെയ്യാനാകും?

## ലോകവ്യാപാരസംഘടന (World Trade Organisation)

മറ്റുരാജ്യങ്ങളിൽ നിർമ്മിച്ച എന്തെല്ലാം സാധനങ്ങ ളാണ് നമ്മുടെ കമ്പോളങ്ങളിൽ ലഭ്യമാകുന്നത്? ഇവ നമ്മുടെ രാജ്യത്ത് എങ്ങനെ എത്തുന്നു. ഇതിനായി എന്തെങ്കിലും ക്രമീകരണങ്ങളുണ്ടോ? ലോകവ്യാ പാരസംഘടനയാണ് അംഗരാജ്യങ്ങൾക്കിടയിലെ വാണിജ്യത്തെ ക്രമപ്പെടുത്തുന്നത്. വാണിജ്യവും തീരുവയും സംബന്ധിച്ച പൊതുകരാറിൽ (General Agreement on Trade and Tariff-GATT) നിന്നാണ് ലോകവ്യാപാരസംഘടന രൂപം കൊണ്ടത്. അന്തർദേശീയ വ്യാപാര വാണിജ്യമേഖലകളിൽ നിയന്ത്രിതഅളവ് (Quota), തീരുവ തുടങ്ങിയ രൂപ ത്തിൽ നിലനിൽക്കുന്ന തടസ്സങ്ങളെ ഒഴിവാക്കി സ്വതന്ത്രമായ ഒരവസ്ഥ സൃഷ്ടിക്കുകയായിരുന്നു കരാറിന്റെ ലക്ഷ്യം. ഇതിനായി 1947-ൽ ഗാട്ട് രൂപപ്പെ ട്ടതു മുതൽ 1994 വരെ സുദീർഘമായ ചർച്ചകൾ നടന്നു. ഉറുഗ്വേയിൽ 1994-ൽ നടന്ന ചർച്ചകൾ ഗാട്ട് പ്രക്രിയ അവസാനിപ്പിച്ചു. തുടർന്ന് 1995-ൽ ജനീവ യിൽ വച്ച് ലോകവ്യാപാരസംഘടനയ്ക്ക് രൂപം നൽകി. ലോകവ്യാപാരത്തിന് ഉയർന്ന വളർച്ച കൈവരിക്കുക, അംഗരാജ്യങ്ങൾ തമ്മിലുണ്ടാകുന്ന വാണിജ്യതർക്കങ്ങൾ പരിഹരിക്കുക തുടങ്ങിയ ചുമതലകൾ സംഘടന നിർവ്വഹിക്കുന്നു.



നമ്മുടെ കമ്പോളത്തിൽ ലഭ്യമാകുന്ന ഏതെങ്കിലും അഞ്ച് വിദേശ ഉത്പന്നങ്ങൾ എടുത്ത് അവ ഏതെല്ലാം രാജ്യങ്ങളിലാണ് ഉത്പാദിപ്പിച്ചതെന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്യു.

## ഐക്യരാഷ്ട്രസംഘടനയുടെ സമാധാന പരിശ്രമങ്ങളും ഇടപെടലുകളും

ലോകരാജ്യങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങളിൽ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുക, ആ രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദം പ്രോത്സാഹിപ്പി ക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ഐക്യ രാഷ്ട്രസംഘടന ഇടപെടാറുണ്ട്. സമാധാന സംഘ ങ്ങൾ, നയതന്ത്ര കൂട്ടായ്മകൾ, സമാധാന ദൗത്യസേന എന്നീ നിലകളിലാണ് ഇടപെടലുകൾ നടത്താറുള്ളത്. അംഗരാജ്യങ്ങളുടെ സൈന്യ ങ്ങളാണ് സമാധാനദൗത്യ സേനയിൽ ഉണ്ടാവുക. ഇന്ത്യയടക്കമുള്ള അംഗരാജ്യങ്ങളുടെ സൈന്യം കോംഗോയിൽ ഇപ്പോഴുള്ള സമാധാന ദൗത്യസേ നയിൽ പ്രവർത്തിക്കുന്നു. ഇതുപോലെയുള്ള 64 ഇടപെടലുകൾ യു.എൻ. ദൗത്യസേന ഇതുവരെ നടത്തിയിട്ടുണ്ട്.

ഡബ്ല്യു.ടി.ഒ. ആസ്ഥാനമന്ദിരം



- താഴെ കൊടുത്ത ഭൂപടം ശ്രദ്ധിച്ച് ഐക്യരാഷ്ട്രസമാധാന സേന ഇടപെട്ട പ്രദേശങ്ങൾക്ക് ഉദാഹരണം കണ്ടെത്തുക.




അഭയാർത്ഥിമേഖലകൾ, ദുരിതാശ്വാസപ്രവർത്തനങ്ങൾ, പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഐക്യരാഷ്ട്രസംഘടന ഇടപെടുന്നു.

ആഗോളതലത്തിൽ സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളുടെ സമാധാനം, വികസനം, പുരോഗതി തുടങ്ങിയവ ഉറപ്പാക്കുന്നതിനായി 2005-ൽ സമാധാന സംരക്ഷണ കമ്മീഷൻ (Peace Building Commission) രൂപീകരിച്ചു.

ഭക്ഷണത്തിനായുള്ള കാത്തിരിപ്പ്-അഭയാർത്ഥി ക്യാമ്പ് ദൃശ്യം



വർത്തമാനകാലലോകം ഭയത്തോടെയും ജാഗ്രതയോടെയും അഭിമുഖീകരിക്കുന്ന ഒന്നാണല്ലോ ഭീകരവാദം. ഭീകരവാദവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഐക്യരാഷ്ട്രസംഘടന ഭീകരവാദവിരുദ്ധ പ്രയോഗ സേനയ്ക്ക് (Counter Terrorism Implementation Task Force) 2006-ൽ രൂപം നൽകി. ലോകത്തെമ്പാടുമുള്ള ഭീകരവാദ പ്രതിരോധ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയാണ് ഇതിന്റെ ലക്ഷ്യം.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര സംഘടന നിരവധി ഇടപെടലുകളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഐക്യരാഷ്ട്ര പരിസ്ഥിതി കർമ്മപദ്ധതിയുടെ മേൽനോട്ടത്തിൽ ആസ്ട്രേലിയയിൽ വച്ച് സംഘടിപ്പിച്ച ഗ്രീൻ ഫെസ്റ്റും 2007-ൽ ഓസ്ലോയിൽ വച്ച് ആഗോളതാപനത്തിനെതിരെ സംഘടിപ്പിച്ച കലാപരിപാടികളും 2007-ൽ തന്നെ ബ്രസ്സൽസിൽ നടന്ന 'ആർട്ട്ഫെസ്റ്റും' ഉദാഹരണങ്ങളാണ്. ഐക്യരാഷ്ട്രസംഘടനയുടെ നേട്ടങ്ങളെ വിലയിരുത്തുമ്പോൾ അതൊരു സൈനികസ്ഥാപനമല്ലെന്നും സമാധാനം, സാമൂഹ്യസാമ്പത്തികപുരോഗതി, സുസ്ഥിരവികസനം ഇവയ്ക്ക് ഊന്നൽ നൽകി മാനവസുരക്ഷിതത്വത്തിനായി പ്രവർത്തിക്കുന്ന പൊതുവേദി മാത്രമാണെന്നും ഓർക്കേണ്ടതുണ്ട്.

യു.എൻ. സമാധാന ദൗത്യസേന നടത്തിയ ഇടപെടലുകൾക്ക് ചില ഉദാഹരണങ്ങൾ



ലൈബീരിയയിലെ അഭയാർത്ഥി ക്യാമ്പിൽ യു.എൻ. ആഹാരം എത്തിക്കുന്നു



കോംഗോയിൽ യു.എൻ.-ന്റെ വൈദ്യസഹായം

## ഐക്യരാഷ്ട്രസംഘടന: പരിമിതികൾ പോരായ്മകൾ

മാറുന്ന കാലത്ത് രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾക്കൊപ്പം സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും വഴിയിൽ ഐക്യരാഷ്ട്രസംഘടനയ്ക്ക് പുതിയ വെല്ലുവിളികൾ ഏറ്റെടുക്കേണ്ടിവരുന്നു. വർഗ്ഗീയ വംശീയ കലാപങ്ങൾ, ഭീകരപ്രവർത്തനം, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിരവികസനം തുടങ്ങിയവ പുതിയ കാലത്തിന്റെ സുരക്ഷാവെല്ലുവിളികളാണ്. പരമ്പരാഗതമായി നടപ്പിലാക്കുന്ന സമാധാന പ്രവർത്തനങ്ങൾ കൊണ്ട് പുതിയ വെല്ലുവിളികളെ നേരിടാൻ കഴിയാതെ വരുമ്പോൾ പുതിയ സമാധാനപദ്ധതികൾ ആവശ്യമായിവരുന്നു. അതിനായി അധികസാമ്പത്തിക ചെലവും സൈനിക സാങ്കേതിക പരിജ്ഞാനവും നവീകരണവും ആവശ്യമാണ്.

കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ അഭാവം, ആവശ്യമായ സമ്പത്തിന്റെ ലഭ്യതകുറവ്, ചെലവേറിയ ഉദ്യോഗസ്ഥ-ഭരണരീതി, അംഗരാജ്യങ്ങൾ നൽകേണ്ട സാമ്പത്തിക വിഹിതം കൃത്യമായി നൽകാതിരിക്കൽ മുതലായവ ഐക്യരാഷ്ട്ര സംഘടനയുടെ പരിമിതികളാണ്.

ഐക്യരാഷ്ട്രസംഘടനയ്ക്ക് അതിന്റെ മുഖ്യധന ശ്രോതസ്സുകളായ പാശ്ചാത്യവികസിത രാജ്യങ്ങളുടെ താൽപ്പര്യങ്ങൾക്ക് വഴങ്ങേണ്ടി വരുന്നുണ്ട്. അതുപോലെ പലമേഖലകളിൽ വികസിതരാജ്യങ്ങളും വികസ്വരരാജ്യങ്ങളും തമ്മിൽ തർക്കങ്ങൾ ഉയർന്നുവരുന്നു. അംഗബലത്തിൽ അധികമുള്ള വികസ്വരരാജ്യങ്ങളിൽ നിന്ന് ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനത്തിന് കൂടുതൽ സാമ്പത്തിക സംഭാവനകളുണ്ടാകണമെന്ന് വികസിതരാഷ്ട്രങ്ങൾ ആവശ്യപ്പെടുന്നു. ഇതെല്ലാം ഐക്യരാഷ്ട്ര സംഘടന നേരിടുന്ന വെല്ലുവിളികളാണ്.



**ചർച്ച ചെയ്യുക**

ഐക്യരാഷ്ട്രസംഘടനയുടെ ഘടനയിൽ നിലനിൽക്കുന്ന പോരായ്മകൾ എന്തെല്ലാമാണ്?

ഐക്യരാഷ്ട്ര സംഘടനയെ കൂടുതൽ ജനാധിപത്യപരമാക്കുന്നതിനും പരിമിതികളെ അതിജീവിക്കുവാനുമുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്.

## ചേരിചേരാ പ്രസ്ഥാനം (NAM)

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകത്തിനു സാക്ഷ്യം വഹിക്കേണ്ടിവന്ന ഇരുധ്രുവലോകവും ശീതസമരവും 'രണ്ടാം ലോകമഹായുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും' എന്ന അധ്യായത്തിൽ നാം പരിചയപ്പെട്ടുവല്ലോ. യുദ്ധാനന്തരലോകം അമേരിക്കൻ ഐക്യനാടുകളുടെയും സോവിയറ്റ് യൂണിയന്റെയും നേതൃത്വത്തിൽ രണ്ട് ശത്രുചേരികളായി തിരിഞ്ഞിരുന്നു എന്നും നമുക്കറിയാം. അതാകട്ടെ ആയുധമത്സരത്തോടൊപ്പം രണ്ട് ആശയങ്ങൾ തമ്മിലുള്ള മത്സരം കൂടി ആയിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീതി വിട്ടൊഴിഞ്ഞിട്ടില്ലാത്ത ലോകത്ത് ഈ സാഹര്യങ്ങൾ വീണ്ടും ഒരു യുദ്ധത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചു. യുദ്ധാനന്തരകാലം ഏഷ്യയിലും ആഫ്രിക്കയിലും തെക്കനമേരിക്കയിലുമുള്ള യൂറോപ്യൻ രാജ്യങ്ങളുടെ കോളനികൾ സ്വതന്ത്ര പരമാധികാര രാഷ്ട്രങ്ങളായി മാറുന്ന കാലം കൂടി ആയിരുന്നു. നവ സ്വതന്ത്രരാഷ്ട്രങ്ങൾ അവയുടെ ആഭ്യന്തര വളർച്ചയ്ക്കും ലോകസമാധാനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് അമേരിക്കൻ-സോവിയറ്റ് മത്സരത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക എന്ന ആശയമാണ് സ്വീകരിച്ചത്. ഈ ആശയമാണ് ചേരിചേരാ പ്രസ്ഥാനത്തിലേക്ക് നയിച്ചത്. ഏതെല്ലാം അന്താരാഷ്ട്ര സമ്മേളനങ്ങളാണ് ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചതെന്നും ആരെല്ലാമായിരുന്നു ഇതിന്റെ ശിൽപ്പികളെന്നും നാം മനസ്സിലാക്കിയിട്ടുണ്ട്.

അന്തർദേശീയ ബന്ധങ്ങളിൽ സ്വതന്ത്രമായ നിലപാട് സ്വീകരിക്കുവാനും സമാധാനത്തിലും സഹവർത്തിത്വത്തിലും അധിഷ്ടിതമായ വിദേശ നയം രൂപീകരിക്കുവാനും അംഗരാജ്യങ്ങൾക്ക് ചേരിചേരാപ്രസ്ഥാനം സ്വാതന്ത്ര്യം നൽകുന്നു. എല്ലാത്തരത്തിലുമുള്ള വർണ്ണവംശവിവേചനങ്ങളേയും ഇത് നിരാകരിക്കുന്നു.



**കണ്ടെത്താമോ**

- ഏത് രാജ്യമാണ് ഇപ്പോൾ ചേരിചേരാ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷപദവി വഹിക്കുന്നത്?
- ഇരുചേരി മത്സരങ്ങൾ അവസാനിക്കുകയും ആഗോളീകരണവും ഭീകരവാദവും കാലാവസ്ഥാ വ്യതിയാനവും രാഷ്ട്രാന്തര പ്രശ്നങ്ങളാകുകയും ചെയ്ത പുതിയ കാലത്ത് ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.

## അന്താരാഷ്ട്ര അന്തർ ഗവൺമെന്റ് സംഘടനകൾ (International Inter Government Organisations)

രാഷ്ട്രങ്ങൾ തമ്മിൽ പലതരത്തിലുള്ള ബന്ധങ്ങൾ നിലനിൽക്കുന്നു എന്ന് നമുക്ക് അറിയാം. ശാസ്ത്രം, സാങ്കേതികവിദ്യ, സംസ്കാരം, വാണിജ്യം, വ്യാപാരം, തുടങ്ങിയ പല മേഖലകളിലും രാഷ്ട്രങ്ങൾ പരസ്പരം സഹകരിക്കുന്നു. ഇത്തരം ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി രാഷ്ട്രങ്ങൾ ചേർന്ന് രൂപീകരിക്കുന്ന സംഘടനകളാണ് അന്താരാഷ്ട്ര അന്തർ ഗവൺമെന്റ് സംഘടനകൾ. ഐക്യരാഷ്ട്ര സംഘടന, ചേരിചേരാ പ്രസ്ഥാനം തുടങ്ങിയ സംഘടനകളും അന്താരാഷ്ട്ര അന്തർ ഗവൺമെന്റ് സംഘടനകളാണ്. മറ്റു ചില പ്രധാനപ്പെട്ട സംഘടനകളുടെ വിവരങ്ങൾ പട്ടികയിൽ (പേജ് 178) നൽകിയിരിക്കുന്നു.

## അന്താരാഷ്ട്ര ഗവൺമെന്റ് ഇതര സംഘടനകൾ (International Non Government Organisations)

നമുക്ക് ചുറ്റും ചില വ്യക്തികളും കൂട്ടായ്മകളും മനുഷ്യാവകാശം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ പ്രതികരിക്കുകയും ഇടപെടുകയും ചെയ്യുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലൊ. സൈലന്റ് വാലി സംരക്ഷണ സമിതി, പെരിയാർ സംരക്ഷണ സമിതി, പ്ലാച്ചിമടയിലെ പ്രക്ഷോഭം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇതുപോലെ മനുഷ്യാവകാശസംരക്ഷണം, പരിസ്ഥിതി, സമാധാനം, സാമൂഹ്യസൗഹൃദ വികസനം, പ്രകൃതിവിഭവങ്ങൾക്കുമേൽ പ്രാദേശികജനതയുടെ അവകാശം നിലനിർത്തൽ, ആവാസവ്യവസ്ഥയുടെയും വിഭവങ്ങളുടെയും സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ വ്യക്തികളും കൂട്ടായ്മകളും പ്രാദേശികമായോ ദേശീയമായോ

| സംഘടന | സ്ഥാപിതമായ വർഷം | അംഗരാജ്യങ്ങൾ | ലക്ഷ്യങ്ങൾ |
|---|---|---|---|
| അറബ് ലീഗ് | 1945 | ഈജിപ്ത്, സൗദിഅറേബ്യ, ഇറാക്ക്, കുവൈറ്റ് തുടങ്ങി 22 രാജ്യങ്ങൾ | അറബ് രാജ്യങ്ങളുടെ പരസ്പരസഹകരണവും ഐക്യവും |
| അമേരിക്കൻ രാഷ്ട്രങ്ങളുടെ സംഘടന (Organisation of American States-OAS) | 1948 | പെറു, ചിലി, ഹോണ്ടുറാസ്സ്, ബ്രസീൽ, ഉറുഗ്വേ, പരാഗ്വ തുടങ്ങി 31 രാജ്യങ്ങൾ | തെക്കേ അമേരിക്കൻ രാജ്യങ്ങളിൽ സാമ്പത്തികവികസനം, പരിസ്ഥിതി സംരക്ഷണം മനുഷ്യാവകാശ സംരക്ഷണം തുടങ്ങിയ വിവിധ മേഖലകളിൽ സഹകരണം വളർത്തുക. |
| പെട്രോളിയം കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളുടെ സംഘടന (Organisation of Petroleum Exporting Countries - OPEC) | 1960 | ഇറാൻ, ഇറാക്ക്, വെനിസ്വല, ലിബിയ, യു.എ.ഇ. തുടങ്ങിയവ | പെട്രോളിയം ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുക |
| ആഫ്രിക്കൻ ഐക്യ സംഘടന (Organisation of African Unity-OAU) | 1963 | സിംബാവെ, നമീബിയ, ടാൻസാനിയ, തെക്കേ ആഫ്രിക്ക, സുഡാൻ തുടങ്ങി 32 രാജ്യങ്ങൾ | കോളനി ഭരണം അവസാനിപ്പിച്ച ആഫ്രിക്കൻ രാജ്യങ്ങളുടെ ഐക്യവും അവ തമ്മിലുള്ള ബഹുതല നയതന്ത്ര ബന്ധവും പ്രോത്സാഹിപ്പിക്കുക. |
| തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന (Association of South East Asian Nations-ASEAN) | 1967 | ഇന്തോനേഷ്യ, മലേഷ്യ, ഫിലിപ്പൈൻസ്, തായ്ലാന്റ്, സിംഗപ്പൂർ, ബ്രൂണൈ, വിയറ്റ്നാം | മേഖലയിലെ രാജ്യങ്ങൾ തമ്മിൽ ഉയർന്ന സാമ്പത്തിക വ്യാപാര ബന്ധങ്ങൾ വളർത്തുക, അംഗരാജ്യ പ്രദേശത്തെ സ്വതന്ത്രവ്യാപാര മേഖലയാക്കി പ്രഖ്യാപിക്കുക. |
| മേഖലയിലെ സഹകരണത്തിനായുള്ള തെക്കേ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന (South Asian Association for Regional Co-operation - SAARC) | 1985 | ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, ഭൂട്ടാൻ, നേപ്പാൾ, മാലദ്വീപ്, അഫ്ഘാനിസ്ഥാൻ | തെക്കേ ഏഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദം വളർത്തുക, അംഗരാജ്യങ്ങൾ തമ്മിലുള്ള വ്യാപാര സാംസ്കാരിക ബന്ധങ്ങൾ ഉറപ്പിക്കുക. |
| വടക്കേ അമേരിക്കൻ രാജ്യങ്ങളുടെ സ്വതന്ത്ര വ്യാപാര ഉടമ്പടി (North American Free Trade Agreement-NAFTA) | 1992 | അമേരിക്കൻ ഐക്യനാടുകൾ, കാനഡ, മെക്സിക്കോ | വ്യാപാര പ്രതിസന്ധികൾ ഒഴിവാക്കുക. അംഗരാഷ്ട്രങ്ങൾക്കിടയിൽ ഉത്പന്നങ്ങളുടേയും സേവനങ്ങളുടേയും സ്വതന്ത്രമായ ഒഴുക്ക് സാധ്യമാക്കുക. |
| യൂറോപ്യൻ യൂണിയൻ (European Union) | 1993 | ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, സ്വീഡൻ, സ്പെയിൻ, ബെൽജിയം തുടങ്ങിയവ | പൊതു വിപണി, പൊതു നാണയം, സാമ്പത്തിക വിനിമയ മേഖലകളിൽ പൊതുനിയമം രൂപപ്പെടുത്തുക, മനുഷ്യാവകാശം, വിദേശനയം തുടങ്ങിയ കാര്യങ്ങളിൽ പൊതു സമീപനം |

ആരംഭിക്കുന്ന പ്രസ്ഥാനങ്ങളാണ് ഗവൺമെന്റ് ഇതര സംഘടനകൾ. ഗവൺമെന്റുമായി സഹകരിച്ചോ അല്ലാതെയോ ഇത്തരം സംഘടനകൾ പ്രവർത്തിക്കാറുണ്ട്. ഇവയുടെ പ്രവർത്തനം രാജ്യങ്ങളുടെ അതിർത്തിക്കപ്പുറത്തേക്കു വളരുകയും രാജ്യാന്തര കൂട്ടായ്മകളായിത്തീരുകയും ചെയ്യാറുണ്ട്. അന്തർദേശീയ ഗവൺമെന്റിതര സംഘടനകൾ അനൗപചാരിക സംഘടനകളും അന്തർദേശീയ അന്തർഗവൺമെന്റ് സംഘടനകൾ ഔപചാരിക സംഘടനകളുമാണ്. ചില പ്രധാനപ്പെട്ട അന്താരാഷ്ട്ര ഗവൺമെന്റിതര സംഘടനകളെകുറിച്ച് പരിശോധിക്കാം.

### ഗ്രീൻപീസ്

'പരിസ്ഥിതികമാന്റോസ്' (Environmental Commandos) എന്നുകൂടി അറിയപ്പെടുന്ന ഈ സംഘടന 1960 മുതലാണ് പ്രവർത്തിച്ചു തുടങ്ങിയത്. ആവാസവ്യവസ്ഥയുടെ സംരക്ഷണം, സമുദ്രങ്ങൾ, നദികൾ, ഭൗമാന്തരീക്ഷം എന്നിവയുടെ മലിനീകരണം തടയൽ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഗ്രീൻപീസ് പ്രവർത്തിക്കുന്നത്.

### ലോബയാൻ

വൃക്ഷങ്ങളെയും തരുലതാദികളെയും സംരക്ഷിക്കുന്നതിനായി ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനമാണ് ലോബയാൻ. ഇതിന്റെ പ്രവർത്തനം യൂറോപ്പിലേക്കും വ്യാപിച്ചിട്ടുണ്ട്.

### ചിപ്കോ പ്രസ്ഥാനം (Chipko)

ഹിമാലയൻ പ്രദേശങ്ങളിലെ വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനായാണ് ചിപ്കോ പ്രസ്ഥാനം ആരംഭിച്ചത്. സുന്ദർലാൽ ബഹുഗുണയാണ് ഇതിന് നേതൃത്വം നൽകുന്നത്.

### ആംനസ്റ്റി ഇന്റർനാഷണൽ

യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും നാശം വിതയ്ക്കുകയും അനിയന്ത്രിതമായി പകർച്ചവ്യാധികളുണ്ടാകുകയും ചെയ്യുന്ന പ്രദേശങ്ങളിലേക്ക് ആംനസ്റ്റി ഇന്റർനാഷണൽ അടിയന്തിരസഹായം എത്തിക്കുന്നു. വംശീയകലാപങ്ങളും മനുഷ്യാവകാശലംഘനങ്ങളും നടക്കുന്ന ഇടങ്ങളിൽ ഇവർ പ്രശ്നപരിഹാരത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്.

### ഇന്റർനാഷണൽ കമ്മിറ്റി ഓഫ് റെഡ് ക്രോസ്

ലോകത്താകമാനം 100-ൽ അധികം റെഡ് ക്രോസ് സൊസൈറ്റികൾ നിലവിലുണ്ട്. യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളുമുണ്ടാകുന്ന പ്രദേശങ്ങളിൽ ഈ സംഘടന സഹായവും സാന്ത്വനവും എത്തിക്കുന്നു. സമാധാനത്തിനുള്ള നോബൽസമ്മാനം 1914, 1963 എന്നീ വർഷങ്ങളിൽ ഈ സംഘടനയ്ക്കാണ് ലഭിച്ചത്.

### ഗ്രീൻബൽറ്റ് പ്രസ്ഥാനം

കെനിയയിലെ പ്രകൃതി സംരക്ഷണ പ്രവർത്തകയായ വാങ്കാരി മാത്തായ് എന്ന വനിതയുടെ നേതൃത്വത്തിലാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. ഭൂമിയുടേയും വൃക്ഷങ്ങളുടേയും സംരക്ഷണം മുൻനിർത്തി പ്രവർത്തിക്കുന്ന ഈ സംഘടന സ്ത്രീകളെ സംഘടിപ്പിച്ച് 80 ലക്ഷം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയുണ്ടായി.

ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ (ICC), ഫെഡറേഷൻ ഓഫ് ഫുഡ്ബോൾ അസോസിയേഷൻ (FIFA) എന്നിവയും ഗവൺമെന്റിതരസംഘടനകളാണ്.

- ഈ സംഘടനകളുടെ പ്രവർത്തനം സമാധാനത്തിനും സുരക്ഷിതത്വത്തിനും എത്രമാത്രം സഹായകമാണെന്ന് ചർച്ച ചെയ്യുക.
- ഇതിലേതെങ്കിലും സംഘടനകളോ അനുബന്ധ സംഘടനകളോ നിങ്ങളുടെ പ്രദേശത്തോ വിദ്യാലയത്തിലോ പ്രവർത്തിക്കുന്നുണ്ടോ? അവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെ?

### ലോക സോഷ്യൽ ഫോറം

ആഗോളീകരണം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ ചെറുക്കുവാൻ കഴിയുന്ന ഒരു ലോക ക്രമം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2001-ൽ ബ്രസീലിലാണ് ലോക സോഷ്യൽ ഫോറം ആദ്യമായി സമ്മേളിച്ചത്. വംശ, വർണ്ണ, ലിംഗ വിവേചനങ്ങൾക്കതീതമായ ഒരു നവലോകമാണ് പ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്നത്. സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ തുല്യത ഉറപ്പാക്കുന്നതിലൂടെ ജനാധിപത്യത്തെ പുനർനിർമ്മിക്കുവാനാകും (Reinventing democracy) എന്നാണ് ഈ പ്രസ്ഥാനം കരുതുന്നത്. ബ്രസീലിലെ പോർട്ടോ അലഗ്രെയിൽ 2010 ജനുവരിയിൽ അതിന്റെ പത്താമത് സമ്മേളനം ചേർന്നു.

## ഉച്ചകോടികളും സമ്മേളനങ്ങളും

ഐക്യരാഷ്ട്രസംഘടന സമാധാനത്തിനും സുരക്ഷിതത്വത്തിനുമായി വിവിധമേഖലകളിൽ നയങ്ങളും പരിപാടികളും രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നത് ആഗോളതലത്തിൽ നടത്തുന്ന ഉച്ചകോടികളിലൂടെയും സമ്മേളനങ്ങളിലൂടെയുമാണ്. രാഷ്ട്രത്തലവന്മാർ, ഉന്നത ഉദ്യോഗസ്ഥർ, നയതന്ത്രജ്ഞർ തുടങ്ങിയവരാണ് ഇതിൽ പങ്കെടുക്കുന്നത്. മേൽപട്ടികയിൽ നിന്ന് ചില പ്രധാന ഉച്ചകോടികളെക്കുറിച്ച് ധാരണ നേടാം.



കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് 2010 ആഗസ്റ്റിൽ നടന്ന യു.എൻ. കോൺഫറൻസ്

| ഉച്ചകോടി/സമ്മേളനം | വേദി | നടന്ന വർഷം | പ്രവർത്തനങ്ങൾ |
|---|---|---|---|
| ഭൗമഉച്ചകോടി (Earth-Summit) | റിയോഡി ജനീറോ (ബ്രസീൽ) | 1992 | പരിസ്ഥിതി സംരക്ഷണം, ആഗോളതാപനമൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം എന്നിവ മനുഷ്യരാശിയുടെ പൊതു പ്രശ്നമായി പരിഗണിക്കുക, വ്യാവസായിക, കാർഷിക, വാഹന, ഗാർഹിക ശ്രോതസുകളിൽ നിന്നുണ്ടാകുന്ന ഹരിതഗൃഹവാതകബഹിർഗമനം നിയന്ത്രിക്കുക. |
| ക്യോട്ടോ ഉടമ്പടി (Kyoto protocol) | ക്യോട്ടോ (ജപ്പാൻ) | 1997 | ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം 2012 ആകുമ്പോഴേക്കും 1990-ലെ നിലയിൽ നിന്നും 5% താഴേയ്ക്ക് കൊണ്ടുവരിക. |
| സുസ്ഥിരവികസനത്തിനായുള്ള ഉച്ചകോടി (World summit for sustainable development) | ജോഹനാസ് ബർഗ് (ദക്ഷിണാഫ്രിക്ക) | 2002 | പരിസ്ഥിതി സൗഹൃദവും സാമൂഹ്യസൗഹൃദവുമായ വികസനം - ദാരിദ്ര്യനിർമ്മാർജ്ജനം, ശുദ്ധജലസംരക്ഷണം, ശുചിത്വം, ജൈവകൃഷി. |
| കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ടു കോപ്പൻ ഹേഗൻ ഉടമ്പടി (Copen Hegan Protocol on climate change) | കോപ്പൻ ഹേഗൻ (ഡെൻമാർക്ക്) | 2009 | അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവ് കുറച്ച് ആഗോളതാപനത്തെ തടയുക. ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കുക. |

### പ്രവർത്തനങ്ങൾ



- വർത്തമാനകാലത്ത് സമാധാനത്തിനും സുരക്ഷിതത്വത്തിനും ഭീഷണി ഉയർത്തുന്ന ഘടകങ്ങളെന്തെല്ലാം? സംഘടനകളും കൂട്ടായ്മകളും ഇടപെടലുകളും ഇതിനു പരിഹാരമാകുന്നുണ്ടോ? ചർച്ച ചെയ്ത് ക്ലാസിലൊരു സെമിനാർ അവതരിപ്പിക്കുക.
- അന്തർദേശീയ സമ്മേളനങ്ങളുടെയും ഉച്ചകോടികളുടെയും ചിത്രങ്ങളും വിവരങ്ങളും ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

# സാമൂഹ്യശാസ്ത്രം- I

X



State Council of Educational
Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram, Kerala-695 012
Website: www.scertkerala.gov.in, e-mail: scertkerala@asianetindia.com

Printed by the Managing Director
Kerala Books and Publications Society
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030